# ആത്മീയ ഗാനങ്ങൾ

## 1

1 അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാറ്റിനെയും കടലിനെയും
നിയന്ത്രിപ്പാൻ കഴിവുള്ളോൻ പടകിലുണ്ട്

2 വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത്

3 എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണ് എന്റെ ശാശ്വതനാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട്

4 കുഞ്ഞാടതിൻ വിളക്കാണെ
ഇരുളൊരു ലേശവുമവിടെയില്ല
തരുമെനിക്ക് കിരീടമൊന്ന്
ധരിപ്പിക്കും അവൻ എന്നെ ഉത്സവവസ്ത്രം

## 2

അതാ കേൾക്കുന്നു ഞാൻ
ഗത്സമന തോട്ടത്തിലെ
പാപിയെനിക്കായ് നൊന്തലറിടുന്ന
പ്രിയന്റെ ശബ്ദമതേ

1 ദേഹമെല്ലാം തകർന്നു
ശോകം നിറഞ്ഞവനായ്
ദേവാധിദേവാ! നിൻ
സുതൻ എനിക്കായ്
പാടുകൾ പെട്ടിടുന്നേ - അ

2 പ്രാണവേദനയിലായ്
രക്തം വിയർത്തവനായ്
എൻ പ്രാണനായകൻ
ഉള്ളം തകർന്നിതാ
യാചന ചെയ്തിടുന്നേ - അ

3 ദുസ്സഹ വേദനയാൽ
മന്നവനേശു താനും
മൂന്നുര ഊഴിയിൽവീണു
പ്രാർത്ഥിച്ചല്ലോ
പാപി എൻ രക്ഷയ്ക്കായി - അ

4 സ്നേഹത്തിൻ ഇമ്പവാക്കാൽ
ആശ്വാസമേകുമവൻ - തൻ
കഷ്ടസമയത്തിൽ ആശ്വാസം
കാണാതെ
വിങ്ങി വിലപിക്കുന്നേ - അ

5 അപ്പാ! ഈ പാനപാത്രം
നീക്കുക സാദ്ധ്യമെങ്കിൽ
എന്നിഷ്ടമല്ല നിന്നിഷ്ടമാകട്ടെ
എന്നവൻ തീർത്തുരച്ചു - അ

6 എന്നെയും തന്നെപ്പോലെ മാറ്റും
ഈ മാ സ്നേഹത്തെ
എണ്ണി എണ്ണി ഞാൻ
ഉള്ളം നിറഞ്ഞെല്ലാ
നാളും പുകഴ്ത്തിടുമേ - അ

# 3

1 അതിശയമേ യേശുവിൻ സ്നേഹം
ആനന്ദമേ ആയതിൻ ധ്യാനം
ആഴമുയരം നീളം വീതി
ആർക്കു ഗ്രഹിക്കാം ഈ ഭൂവിൽ ആർ
മമ മണാളാ നിൻ സ്നേഹത്താലെ
നിറയുന്നേ എന്നുള്ളമിന്നേരം

2 മറന്നു സ്വർഗ്ഗസുഖമഖിലവും നീ
അലഞ്ഞ എന്നെ മാർവ്വിലണപ്പാൻ
മഹത്വമെ നിൻ നാമത്തിനു
മഹത്വമെ എന്നും എന്നേക്കും - മഹത്വ

3 കാത്തു കൃപയിൽ കാലം മുഴുവൻ നീ
കൈവിടാതെന്നെ കണ്മണിപോലെ
കലങ്ങിയുള്ളം നീറുന്നേരം
അരികിൽ വന്നേകി - ആശ്വാസം -

4 തളർന്നനേരം തിരുഭൂജമതിനാൽ
താങ്ങിയെടുത്തോ താതനോടിരുത്താൻ
തരുന്നേ നാഥാ സമസ്തവും ഞാൻ
മഹത്വസേവയ്ക്കായ് മൽപ്രിയാ - മഹത്വ

5 മറന്നാലുമൊരമ്മ തൻ കുഞ്ഞിനെ
മറക്കയില്ലൊരുനാളും നീയെന്നെ
വഹിച്ചല്ലോ നിൻ ഉള്ളം കൈയിൽ
വാക്കുമാറാത്ത മഹേശാ - വാക്കു -

6 ഏറിയ വെള്ളങ്ങൾ ക്കെളുതല്ല കെടുപ്പാൻ
ഏഴയെ നിൻ സ്നേഹത്തിൽ നിന്നും
പകരുക നിൻ ആത്മശക്തി
എന്നും വർണ്ണിപ്പാൻ - നിൻ സ്നേഹം - എന്നും

7 ഏതുമല്ലേ ഏകുവാനിഹത്തിൽ
ഏഴമേൽവച്ച സ്നേഹത്തെ ഓർത്താൽ
ഏകുന്നേ സ്തുതി സ്തോത്രവും ഞാൻ
ഏറ്റുകൊൾക നീ എൻ പ്രിയാ - ഏറ്റു -

# 4

1 അതിരാവിലെ തിരുസന്നിധി
അണയുന്നൊരു സമയേ
അതിയായ് നിന്നെ സ്തുതിപ്പാൻ
കൃപയരുൾക - യേശു പരനേ

2 രജനീയതിലടിയാനെ നീ
സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയ! നിൻ തിരുനാമത്തി -
ന്നനന്തം സ്തുതിമഹത്വം -

3 എവിടെല്ലാമീ നിശയിൽ മൃതി
നടന്നിട്ടുണ്ട് പരനെ!
അതിൽ നിന്നെന്നേ പരിപാലിച്ച
കൃപയ്ക്കായ് സ്തുതി നിനക്കേ

4 നെടുവീർപ്പിട്ടു കരഞ്ഞിടുന്നു
പല മർത്യരീ സമയേ
അടിയന്നുള്ളിൽ കുതുകം തന്ന
കൃപയ്ക്കായ് സ്തുതി - നിനക്കേ -

5 കിടക്കയിൽ വച്ചരിയാം
സാത്താനടുക്കാതിരിപ്പതിന്നെൻ
അടുക്കൽ ദൂതഗണത്തെ
കാവലണച്ച കൃപയനല്പം

6 ഉറക്കത്തിനു സുഖവും തന്നെൻ
അരികേ നിന്നു കൃപയാൽ

ഉറങ്ങാതെന്നെ ബലമായ് കാത്ത
തിരുമേനിക്കു മഹത്വം

7 അരുണൻ ഉദിച്ചുയർന്നിക്ഷിതി
ദ്യുതിയാൽ വിളങ്ങിടും പോൽ
പരനേയെന്റെയകമേ വെളി -
വരുൾക തിരുകൃപയാൽ -

# 5

1 അത്യുന്നതനാം ദൈവത്തിൻ മറവിൽ
സർവ്വശക്തൻ നിഴലിൻ കീഴിൽ
കോട്ടയായവൻ സങ്കേതമായവൻ
തൻ സന്നിധിയിൽ വസിക്കുന്നു ഞാൻ

ഞാനാശ്രയിക്കും പാറ
എൻ രക്ഷയിൻ വെളിച്ചം
ഞാനാരെ പേടിക്കും
കർത്തനെന്റെ അഭയം
ഇടയശ്രേഷ്ഠൻ ക്രിസ്തു
വീര്യഭുജം ഉള്ളോൻ
കൈപിടിച്ചു നയിക്കുന്നെന്നെ

2 പാപമൃത്യു ശാപഘോരപീഡയാൽ
മനമുരുകും മർത്യസ്നേഹിതാ
അദ്ധ്വാനിക്കുന്നോൻ, ഭാരം വഹിപ്പോർ
യേശുവിന്റെ പാദേ ചേരുക

3 യുദ്ധം ക്ഷാമരോഗവിപ്ളവാദികൾ
ഭൂലോകത്തെ നടുക്കീടുന്നു
വില്ലൊടിക്കുവാൻ വ്യാധി നീക്കുവാൻ
ജയം വരിച്ചേശു വരുന്നു

4 രക്ഷ നേടുവാൻ മോക്ഷം പ്രാപിപ്പാൻ
സത്യമാർഗ്ഗമന്വേഷിപ്പോനെ
സത്യവഴിയും വാതിലുമായ
യേശുനാഥൻ പാദം ചുംബിക്ക

# 6

അനാദിനാഥനേശുവെൻ ധനം
അന്യനാം ഭൂവിലെന്നൽ
ധന്യനാം ഞാൻ ക്രിസ്തുവിൽ സദാ

1 സ്വർഗ്ഗത്തിലെൻ ധനം ഭദ്രം സുശോഭനം
ഉലകത്തിന്റെ സ്ഥാപനം
അതിനു മുമ്പുമെൻ ധനം
ഉന്നതൻ ക്രിസ്തുവിൽ ദൈവം
മുന്നറിഞ്ഞതാം -

2 പാപത്തിന്നിച്ഛകൾ
പാരിൻ പുകഴ്ചകൾ
കണ്ണമയക്കും കാഴ്ചകൾ
മണ്ണയരിൻ വേഴ്ചകൾ
ഒന്നിലുമെന്മനമേതുമേ മയങ്ങിടാ -

3 ഇന്നുള്ള ശോധന നല്കുന്ന വേദന
വിഷമമുള്ളതെങ്കിലും
വിലയുണ്ടതിനു പൊന്നിലും
വിശ്വസിച്ചാശ്രയിച്ചാനന്ദിക്കും
ഞാൻ സദാ...

4 കാലങ്ങൾ കഴിയുമ്പോൾ
നിത്യത പുലരുമ്പോൾ
ദൈവം ചെയ്തതൊക്കെയും
നന്മയ്ക്കെന്നു തെളിയുമ്പോൾ

യുക്തമായ് വ്യക്തമായ്
കൃപയിൻ കരുതലറിയും നാം

# 7

അനാദി സ്നേഹത്താൽ എന്നെ
സ്നേഹിച്ച ദൈവം
കാരുണ്യത്തിനാലെന്നെ
ചേർത്തുകൊണ്ടിടുന്നു (2)

തൻ സ്നേഹം വലിയത്
തൻ കൃപകൾ നല്ലത്
തൻദയയോ വലിയത്
തൻ കരുണ നല്ലത് (2)

1 അനാഥമായ് അലഞ്ഞ എന്നെ
തേടി വന്നവൻ
കരുണയോടെ മാർവ്വണച്ചു
കാത്തു കൊള്ളുന്നു

2 നടന്നു വന്ന പാതയെല്ലാം
ഓർത്തു നോക്കിയാൽ
കണ്ണീരോടെ നന്ദിചൊല്ലി
സ്തുതിക്കുന്നേ പ്രിയാ -

3 കർത്തൻ ചെയ്യും
കാര്യമൊന്നും മാറിപ്പോകില്ല
സകലത്തെയും നന്മയ്ക്കായി
ചെയ്തു തന്നിടുന്നു -

# 8

അനുഗമിച്ചിടും ഞാനെൻ പരനെ
പരനെ - കുരിശിൽ മരിച്ചുയിർത്ത നാഥനെ
ഇന്നും എന്നും  മാറ്റമില്ലാത്ത വല്ലഭനെ

1 മമ കൊടും പാപം തീർക്കുവാൻ താൻ കനിഞ്ഞെന്നോ!
വിമലജൻ ജീവൻ തരുവതിനും തുനിഞ്ഞെന്നോ!

2 ശോധന പലതും മേദിനിയിലുണ്ടെന്നാലും
വേദനയേകും വേളകളേറെ വന്നാലും

3 ക്ഷീണിതനായി ക്ഷോണിയിൽ ഞാൻ തളർന്നാലും
ആണികളേറ്റ പാണികളാലവൻ താങ്ങും

4 വന്ദിത പാദസേവയതെന്നഭിലാഷം
നിന്ദിതനായിത്തീരുവതാണഭിമാനം -

5 കൂരിരുൾ വഴിയിൽ കൂട്ടിന്നു കൂടെവരും താൻ
വൈരികൾ നടുവിൽ നല്ല വിരുന്നു തരും താൻ -

6 നന്മയും കൃപയും പിന്തുടരുമെന്നെയെന്നും
വിൺമയ വീട്ടിൽ നിത്യത മുഴുവൻ ഞാൻ വാഴും

# 9

1 അനുഗ്രഹത്തിന്നധിപതിയേ
അനന്തകൃപ പെരും നദിയേ
അനുദിനം നിൻ പദം ഗതിയേ
അടിയനു നിൻ കൃപ മതിയേ

2 വൻവിനകൾ വന്നിടുകിൽ
വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം
വന്നിടുമോ പിന്നെ ഭയം?

3 തന്നുയിരെ പാപികൾക്കായ്
തന്നവനാം നീയിനിയും
തള്ളിടുമോ ഏഴയെന്നെ?
തീരുമോ നിൻ സ്നേഹമെന്നിൽ

4 തിരുക്കരങ്ങൾ തരുന്ന നല്ല
ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ
സ്നേഹത്തിൻ പ്രകാശനങ്ങൾ

5 പാരിടമാം പാഴ്മണലിൽ
പാർത്തിടും ഞാൻ നിൻതണലിൽ
മരണദിനം വരുമളവിൽ
മറഞ്ഞിടും നിൻ മാർവ്വിടത്തിൽ

# 10

അനുദിനമെന്നെ പുലർത്തുന്ന ദൈവം
അനവധി നന്മകൾ നൽകിടുന്നു
അനന്തമാം തിരുകൃപ മതിയേ
അനുഗ്രഹ ജീവിതം നയിച്ചിടുവാൻ

1 അവനിയിലെ അനർത്ഥങ്ങളാൽ
അലയുവാനവനെന്നെ കൈവിടില്ല
അകമേ താനരൂപിയായുള്ളതിനാൽ
ആകുലമില്ലെനിക്കാധിയില്ല

2 ജീവിതമാം എൻ പടകിൽ
വൻതിരമാല വന്നാഞ്ഞടിച്ചാൽ
അമരത്തെൻ അഭയമായ് നാഥനുണ്ട്
അമരും വൻകാറ്റും തിരമാലയും

3 ബലഹീനമാം എൻ ശരീരം
ഈ മണ്ണിൽ മണ്ണായ് തീരുമെന്നാൽ
തരും പുതുദേഹസമം
തേജസ്സെഴുന്നൊരു വിൺശരീരം

# 11

അത്ഭുതം യേശുവിൻ നാമം
ഈ ഭൂവിലെങ്ങും ഉയർത്തിടാം

1 എല്ലാരും ഏകമായ് കൂടി
സന്തോഷമായ് ആരാധിക്കാം
നല്ലവനാം കർത്തനവൻ
വല്ലഭനായ് വെളിപ്പെടുമേ

2 നീട്ടിയ തൃക്കരത്താലും
പരിശുദ്ധാത്മശക്തിയാലും
തിരുവചനം അതിധൈര്യമായ്
ഉരച്ചീടുക സഹോദരരെ

3 മിന്നൽപ്പിണരുകൾ വീശും
പിൻമാരിയെ ഊറ്റുമവൻ
ഉണരുകയായ് ജനകോടികൾ
തകരുമപ്പോൾ ദുർശക്തികളും

4 വെള്ളിയും പൊന്നൊന്നുമല്ല
ക്രിസ്തേശുവിൻ നാമത്തിനാൽ
അത്ഭുതങ്ങൾ അടയാളങ്ങൾ
നടന്നീടുമെ തൻഭുജബലത്താൽ

5 കുരുടരിൻ കണ്ണുകൾ തുറക്കും
കാതു കേട്ടീടും ചെകിടർക്കുമെ
മുടന്തുള്ളവർ കുതിച്ചുയരും
ഊമരെല്ലാം സ്തുതിമുഴക്കും

6 ഭൂതങ്ങൾ വിട്ടുടൻ പോകും
സർവ്വബാധയും നീങ്ങീടുമേ
രോഗികളും ആശ്വസിക്കും
ഗീതസ്വരം മുഴങ്ങീടുമേ

7 നിന്ദിതപാത്രരായ് മേവാൻ നമ്മെ
നായകൻ കൈവിടുമോ
എഴുന്നേറ്റു നാം പണിതീടുക
തിരുകരങ്ങൾ നമ്മോടിരിക്കും

# 12

അൻപാർന്നൊരെൻ പരനുലകിൽ
തുൻപങ്ങൾ തീർക്കുവാൻ വരുമേ
എൻപാടുകളകന്നിടുമേ ഞാൻ പാടി
കീർത്തനം ചെയ്യുമേ

1 നീതിയിൻ സൂര്യനാം മനുവേൽ
ശ്രീയേശു ഭൂമിയിൽ വരുമേ
ഭീതിയാം കൂരിരുളകലും
നീതി പ്രഭയെങ്ങും നിറയും

2 മുഴങ്ങും കാഹളധ്വനിയി -
ലുയിർക്കുമേ ഭക്തരഖിലം
നാമുമൊരു നൊടിയിടയിൽ
ചേരും പ്രാണപ്രിയന്നരികിൽ

3 തൻ കൈകൾ കണ്ണുനീർ തുടയ്ക്കും
സന്താപങ്ങൾ പരിഹരിക്കും
ലോകത്തെ നീതിയിൽ ഭരിക്കും
ശോകപ്പെരുമയും നശിക്കും

4 നാടില്ല നമുക്കീയുലകിൽ
വീടില്ല നമുക്കീ മരുവിൽ
സ്വർലോകത്തിൻ തങ്കത്തെരുവിൽ
നാം കാണും വീടൊന്നും വിരവിൽ

5 കുഞ്ഞാട്ടിൻ കാന്തയാം സഭയേ!
നന്നായുയർത്തു നിൻ തലയെ
ശാലേമിൻ രാജനാം പരനേ!
സ്വാഗതം ചെയ്ക നിൻ പതിയെ –

6 പാടുവിൻ ഹാ! ജയഗീതം
പാടുവിൻ സ്തോത്രസംഗീതം
പാടുവിൻ യേശുരക്ഷകന്നു
ഹല്ലേലുയ്യാ! ഹല്ലേലുയ്യാ

# 13

അൻപൂ നിറഞ്ഞപൊന്നേശുവേ!
നിൻ പാദസേവയൊന്നാശയേ

1 ഉന്നതത്തിൽ നിന്നിറങ്ങി
മന്നിതിൽ വന്ന നാഥാ! ഞാൻ
നിന്നടിമ നിൻമഹിമ –
ഒന്നുമാത്രമെനിക്കാശയാം

2 ജീവനറ്റ പാപിയെന്നിൽ
ജീവൻ പകർന്ന യേശുവേ
നിന്നിലേറെ മന്നിൽവേറെ
സ്നേഹിക്കുന്നില്ല ഞാനാരെയും

3 അർദ്ധപ്രാണനായ് കിടന്നോ –
രെന്നെ നീ രക്ഷചെയ്തതാൽ
എന്നിലുള്ള നന്ദിയുള്ളം
താങ്ങുവതെങ്ങനെയെൻ പ്രിയാ!

4 ഇന്നു പാരിൽ കണ്ണുനീരിൽ
നിൻ വചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ
വന്നു കതിരുകൾ കാണും ഞാൻ

5 എന്മനസ്സിൽ വന്നുവാഴും
നിന്മഹത്ത്വപ്രത്യാശയേ
നീ വളർന്നും ഞാൻ കുറഞ്ഞും
നിന്നിൽ മറഞ്ഞു ഞാൻ മായണം

# 14

1 അന്ധകാരത്താലെല്ലാ കണ്ണും മങ്ങുമ്പോൾ
മങ്ങിടാത്ത കണ്ണെനിക്കൊ - ന്നുണ്ടു സ്വർഗ്ഗത്തിൽ

2 എൻമൊഴി കേൾപ്പാൻ ഭൂവിൽ കാതില്ലെങ്കിലും
ചെമ്മയായ് തുറന്ന കാതൊ - ന്നുണ്ടു സ്വർഗ്ഗത്തിൽ

3 മാനുഷികമാം കൈകൾ താണുപോകുമ്പോൾ
ക്ഷീണിക്കാത്ത കൈയെനിക്കൊന്നുണ്ടു സ്വർഗ്ഗത്തിൽ

4 ഭൂമയർക്കുള്ള സ്നേഹം നീങ്ങിപ്പോകുമ്പോൾ
ക്ഷാമമേശിടാത്ത സ്നേഹമുണ്ടു സ്വർഗ്ഗത്തിൽ

5 ഉള്ളിലാകുല ചിന്തയുള്ള മർത്യരേ!
വല്ലഭന്റെ കൺകളുണ്ടിക്കല്ലുപാതയിൽ

6 തൻ കരുണയോപൂർണ്ണമാണു സാന്ത്വനം
ചെയ്‌വതിന്നു നാഥനടുത്തുണ്ടു നിർണ്ണയം

7 പ്രാർത്ഥനയ്ക്കവൻ മുമ്പിൽ സ്തോത്രമോടു നാം
എത്തിയെന്നും തന്റെ വാക്കിലാശ്രയിക്കുവിൻ

8 വിശ്വസിക്കുവാൻ യോഗ്യനായ നാഥനെ
വിശ്വസിച്ചുമനുസരിച്ചും നാൾ കഴിക്കുവിൻ

# 15

1 അടവിത്തരുക്കളിന്നിടയിൽ
ഒരു നാരകം എന്ന വണ്ണം
വിശുദ്ധരിൻ നടുവിൽക്കാണുന്നേ
അതിശ്രേഷ്ഠനാമേശുവിനെ

വാഴ്ത്തുമേ എന്റെ പ്രിയനെ
ജീവകാലമെല്ലാം
ഈ മരുയാത്രയിൽ
നന്ദിയോടെ ഞാൻ പാടിടുമേ

2 പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ -
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ - സൗന്ദര്യ സമ്പൂർണ്ണനെ -

3 പകർന്നതൈലം പോൽ നിൻനാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി ദുഷി നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാറ്റിടണേ

4 മനഃക്ലേശതരംഗങ്ങളാൽ
ദുഃഖസാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടി എടുത്തണച്ച്
ഭയപ്പെടേണ്ട എന്നുരച്ചവനേ

5 തിരുഹിതമിഹെ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നിടുന്നേ
എന്റെ വേലയെ തികച്ചും കൊണ്ടു
നിന്റെ മുമ്പിൽ ഞാൻ നിന്നിടുവാൻ

# 16

1 അടയാളങ്ങൾ കാണുന്നുണ്ടേ ഒരുങ്ങീട്ടുണ്ടോ നീ
മദ്ധ്യവാനിൽ യേശു വെളിപ്പെടുമേ
കാഹളനാദം നീ കേൾക്കും മുമ്പേ
പാത്രങ്ങളിലെണ്ണ വേഗം നിറച്ചുകൊള്ളണമേ
മങ്ങുന്ന വിളക്കുകൾ തെളിയിക്കുക

2 ലക്ഷങ്ങളിൽ സുന്ദരനാം എൻപ്രിയൻ വാഗ്ദത്തം
ഓർക്കുമ്പോൾ എൻ വാഞ്ഛ ഏറീടുന്നു
യാത്രാമദ്ധ്യേ ഉറങ്ങുന്ന സീയോൻ സംഘമെ
യഹോവയ്ക്കായ് കാത്തിരുന്നു ശക്തിയെ പുതുക്കുക
കാത്തിരിക്കുന്നവർക്കായി പ്രിയൻ വരുന്നേ

3 രക്തം കൊണ്ടു വീണ്ടെടുത്ത ശുദ്ധിമാന്മാരെല്ലാം
പാട്ടോടും ആർപ്പോടും വരും സീയോനിൽ
യേശുരാജന്റെതിരേല്പിൽ നീ കാണുമോ
കാട്ടുപ്രാക്കൾ സംഘമെല്ലാം വിരുന്നുശാല
തന്നിൽ നിറയുന്ന കാഴ്ചയിതൊരാനന്ദമല്ലോ

# 17

അല്പകാലം മാത്രം ഈ ഭൂവിലെ വാസം
സ്വർപ്പുരമാണെന്റെ നിത്യമാം വീട്
എന്റെ നിത്യമാം വീട്

1 എൻ പ്രയാണകാലം നാലുവിരൽ നീളം
ആയതിൻ പ്രതാപം കഷ്ടത മാത്രം
ഞാൻ പറന്നു വേഗം പ്രിയനോടു ചേരും
വിൺമഹിമ പ്രാപിച്ചെന്നും വിശ്രമിച്ചിടും എന്നും

2 പാളയത്തിന്നപ്പുറത്ത് കഷ്ടമേല്ക്കുക നാം
പാടുപെട്ട യേശുവിന്റെ നിന്ദ ചുമക്കാം
നില്ക്കും നഗരം ഇല്ലിവിടെ പോർക്കളത്തിലത്രേ നാം
നില്ക്കവേണ്ട പോർപൊരുതു യാത്ര തുടരാം വേഗം

3 മുത്തുമയമായ് വിളങ്ങും പട്ടണമാണത്
പുത്തനെറുശലേംപുരം തത്രശോഭിതം
വീഥി സ്വച്ഛസ്ഫടികതുല്യം തങ്ക നിർമ്മിതമാം
പട്ടണമതിന്റെ ഭംഗി വർണ്ണ്യമല്ലഹോ - ഭംഗി

4 നാടുവിട്ടു വീടുവിട്ടു നാമധേയ കൂട്ടംവിട്ടു
കാഠിന്യമാം ശോധനയിൽ യാനം ചെയ്തോരായ്
കൂടി ഒന്നായ് വാഴാൻ വാഞ്ഛിച്ചെത്ര നാളായ്
കാരുണ്യവാൻ പണികഴിച്ച കൊട്ടാരം തന്നിൽ - ആ

5 പാവനമാം പട്ടണത്തിലാരു കടന്നിടും
പാപമറ്റ ജീവിതം നയിച്ചവരല്ലോ
നീതിയായ് നടന്നു നേർ പറഞ്ഞു മന്നിൽ
പാതിവ്രത്യമുള്ള മണവാട്ടി മാത്രമേ - മണ

# 18

അളവില്ലാ സ്നേഹം യേശുവിൻ
സ്നേഹം മാത്രം!
അതിരില്ലാ സ്നേഹം കുരിശിലെ
നിസ്തുല സ്നേഹം മാത്രം

1 പാപത്തിൻ പാതയിൽ ഞാൻ
പോകുന്ന നേരത്തവൻ
ചാരത്തണഞ്ഞു ചോരചൊരിഞ്ഞു
തൻ സ്വന്തമാക്കിയെന്നെയവൻ -

2 ആഴിയുമാകാശവും ഊഴിയും നിർമ്മിച്ചവൻ
പാപിയാമെന്നെ സ്നേഹിച്ചു ക്രൂശിൽ
പ്രാണനും തന്നു രക്ഷിച്ചല്ലോ!

3 വീഴ്ചകൾ ജീവിതത്തിൽ വന്നാലും
കൈവിടാതെ രക്ഷകൻ
കാത്തു നിത്യവുമെന്നെ
താങ്ങി നടത്തും അത്ഭുതമായ് -

4 തൻ സ്നേഹബന്ധത്തിൽ നിന്നെന്നെ
പിൻതിരിക്കുവാൻ

ആപത്തോ! വാളോ! മൃത്യുവിനാലോ!
സാദ്ധ്യമല്ലൊന്നും നിശ്ചയമായ്

5 നാളുകൾ തീർന്നിടുമ്പോൾ
നാഥനെ കണ്ടിടുമ്പോൾ
തൻ സ്നേഹഭാരം തിങ്ങിയെന്നുള്ളിൽ
തൃപ്പാദേ വീണു ചുംബിക്കും ഞാൻ -

# 19

അഴലേറും ജീവിതമരുവിൽ നീ
തളരുകയോ ഇനി സഹജേ!

1 നിന്നെ വിളിച്ചവൻ ഉണ്മയുള്ളോൻ
കണ്ണിൻമണിപോലെ കാത്തിടുമെ
അന്ത്യംവരെ വഴുതാതെയവൻ
താങ്ങി നടത്തിടും പൊൻകരത്താൽ

2 കാർമുകിൽ ഏറെക്കരേറുകിലും
കാണുന്നില്ലെ മഴവില്ലതിന്മേൽ
കരുതുക വേണ്ടതിൽ ഭീകരങ്ങൾ
കെടുതികൾ തീർത്തവൻ തഴുകിടുമേ

3 മരുഭൂപ്രയാണത്തിൽ ചാരിടുവാൻ
ഒരു നല്ല നായകൻ നിനക്കില്ലയോ
കരുതും നിനക്കവൻ വേണ്ടതെല്ലാം
തളരാതെ യാത്ര തുടർന്നിടുക

4 ചേലൊടു തന്ത്രങ്ങൾ ഓതിടുവാൻ
ചാരന്മാരുണ്ടധികം സഹജേ!
ചുടുചോര ചിന്തേണ്ടി വന്നിടിലും
ചായല്ലേ ഈ ലോകതാങ്ങുകളിൽ

5 കയ്പുള്ള വെള്ളം കുടിച്ചിടിലും
കല്പനപോലെ നടന്നിടണം
ഏല്പിക്കയില്ലവൻ ശത്രുകൈയിൽ
സ്വർപ്പുരം നീ അണയുംവരെയും

# 20

അറിയുന്നല്ലോ ദൈവം അറിയുന്നല്ലോ
എന്റെ ഭാവിയാകെ നാഥൻ അറിയുന്നല്ലോ
എന്തിനായ് ഞാൻ ചിന്തകളാൽ കലങ്ങിടുന്നു

1 നാളെയെന്തു നടക്കും ഞാനറിയുന്നില്ല
നീളെയെന്നെ കരുതുന്നോനറിഞ്ഞിടുന്നു
കാലമതിന്നതീതനാണവനാകയാൽ
ആകുലത്തിന്നവകാശമെനിക്കില്ല - അറി

2 ചുവടോരോന്നെടുത്തു വച്ചിടുവാൻ മുമ്പിൽ
അവനേകും വെളിച്ചമതെനിക്കു മതി
അതിലേറെ കൊതിക്കുന്നില്ലിഹ ലോകേ ഞാൻ
അവനിഷ്ടമടുത്തെന്താണതു ചെയ്യട്ടെ - അറി

3 മനം തകർന്നവർക്കവനടുത്തുണ്ടല്ലോ
ദിനംതോറും അവൻ ഭാരം ചുമക്കുന്നല്ലോ
നിണം ചിന്തി വിടുവിച്ചു നടത്തുന്നവൻ
മനം കനിഞ്ഞുകൊണ്ടെന്നെ കരുതിടുന്നു - അറി

4 അവൻ നന്നായറിഞ്ഞല്ലാതെനിക്കൊന്നുമേ
അനുവദിക്കുകയില്ലെന്നനുഭവത്തിൽ
അഖിലവുമെന്റെ നന്മ കരുതിയല്ലോ
അവൻ ചെയ്യുന്നതുമൂലം ഭയമില്ലെന്നിൽ - അറി

5 ഒരുനാൾ തന്നരികിൽ ഞാൻ അണയുമപ്പോൾ
കരുണയിൻ കരുതലിൻ ധന മാഹാത്മ്യം

തുരുതുരെ കുതുകത്താൽ പുളകിതനായ്
വരും കാലങ്ങളിൽ കാണാൻ കഴിയുമല്ലോ - അറി

# 21

***മണവാട്ടിയുടെ വർണ്ണന.***

അംബയെരുശലേം അമ്പരിൻ കാഴ്ചയിൽ
അംബരേ വരുന്ന നാളെന്തു മനോഹരം!

1 തൻമണവാളനുവേണ്ടിയലങ്കരി -
ച്ചുള്ളൊരു മണവാട്ടി തന്നെയികന്യക

2 നല്ല പ്രവൃത്തികളായ സുചേലയെ
മല്ലമിഴി ധരിച്ചുകൊണ്ടഭിരാമയായ് -

3 ബാബിലോൻ വേശ്യയെപ്പോലിവളെ മരു -
ഭൂമിയിലല്ല കാൺമൂ മാമലമേൽ ദൃഢം

4 നീളവും വീതിയും ഉയരവും സാമ്യമായ്
കാണുവതിവളിലാണന്യയിലല്ലതു -

5 ഇവളുടെ സൂര്യചന്ദ്രൻ ഒരു വിധത്തിലും വാനം
വിടുകയില്ലിവൾ ശോഭ അറുതിയില്ലാത്തതാം -

6 രസമെഴും സംഗീതങ്ങൾ ഇവളുടെ കാതുകളിൽ
സുഖമരുളിടും ഗീതം സ്വയമിവൾ പാടിടും -

7 കനകവും മുത്തു രത്നം ഇവയണികില്ലെങ്കിലും
സുമുഖിയാമിവൾ കണ്ഠം ബഹുരമണീയമാം -

# 22

ആ-ആ-ആ-ആ എന്നു കാണും യേശു രാജനെ
കാലമായ് കാലമായ് പറന്നുപോവാൻ കാലമായ്
രാജാധിരാജൻ വരുന്നു വേഗം പ്രിയരെ

1 കാഹളനാദം കേട്ടിടുന്ന നാളിൽ
ഹല്ലേലുയ്യാ! ഗീതം
പാടിടുമെ അന്നു ഞാൻ –

2 എന്നിനി ഞാൻ ചേർന്നിടും
പൊന്മുഖം കാണുവാൻ
ശോഭയേറും നാട്ടിൽ ഞാൻ
പോയിടുവാൻ കാലമായ് –

3 ലോകത്തിൽ ഞാനൊരു
നിന്ദിതനെങ്കിലും
മേഘത്തിൽ ഞാനൊരു
വധുവായ് വാഴുമെ –

4 യേശുരാജൻ വന്നിടും
ഭക്തന്മാരെ ചേർക്കുവാൻ
സ്വർഗ്ഗാധിസ്വർഗ്ഗങ്ങളിൽ വാസം
ചെയ്‌വാൻ കാലമായ് – ആ –

5 മുൾക്കിരീടധാരിയായ്
കടന്നുപോയ പ്രിയനെ
പൊൻകിരീടധാരിയായ്
അന്നു ഞാൻ കാണുമെ –

# 23

ആകാശമേ കേൾക്ക
ഭൂമിയെ ചെവിതരിക
ഞാൻ മക്കളെ പോറ്റി വളർത്തി
അവരെന്നോടു മത്സരിക്കുന്നു

1 കാള തന്റെ ഉടയവരെ –
കഴുത തന്റെ യജമാനന്റെ

പുൽത്തൊട്ടി അറിയുന്നല്ലോ -
എൻ ജനം അറിയുന്നില്ല

2 അകൃത്യഭാരം ചുമക്കും ജനം -
ദുഷ്പ്രവൃത്തിക്കാരുടെ മക്കൾ
വഷളായി നടക്കുന്നവർ -
ദൈവമാരെന്നറിയുന്നില്ല

3 ആകാശത്തിൽ പെരിഞ്ഞാറയും -
കൊക്കും മീവൽപ്പക്ഷിയും
അവ തന്റെ കാലമറിയും -
എൻ ജനം അറിയുന്നില്ല

# 24

ആകാശലക്ഷണങ്ങൾ കണ്ടോ..കണ്ടോ
ക്ഷാമം ഭൂകമ്പ ശബ്ദം കേട്ടോ...കേട്ടോ
സ്വർഗ്ഗ മണവാളന്റെ വേളിയ്ക്കായ്
മദ്ധ്യാകാശം ഒരുങ്ങുകയായ്

കാണുമോ നീ കർത്തൻ വരവിൽ
കേൾക്കുമോ... കാഹള ശബ്ദത്തെ
പ്രിയ നിൻ വരവേറ്റം ആസന്നമേ
പ്രതിഫലം ലഭിക്കുന്നാൾ നിശ്ചയമേ

1 ബുദ്ധിയുള്ള കന്യകമാർ
വിളക്കിൽ എണ്ണ നിറച്ചോർ
പ്രിയനെ കാത്തിരുന്നതാൽ
ചേർന്നിടും മണിയറയിൽ

മുമ്പന്മാരായ പിമ്പന്മാർ
പിമ്പന്മാരായ മുമ്പന്മാർ
ഏവരും കാണുമാ ദിനം
കർത്താവിൻ കൊയ്ത്തുദിനത്തിൽ

2 പാഴാക്കിക്കളയരുതേ നിൻ
ഓട്ടങ്ങൾ അദ്ധ്വാനമെല്ലാം
ലോക ഇമ്പങ്ങൾ വെടിയാം
കർത്താവിനായ് ഒരുങ്ങീടാം

ലോക ഇമ്പങ്ങൾ വെടിഞ്ഞോർ
ആരെല്ലാം വെറുക്കപ്പെട്ടോർ
വിശുദ്ധി കാത്തു സൂക്ഷിച്ചോർ
ഏവരും കാണും സദസ്സിൽ

ഉണരാം എണ്ണ നിറയ്ക്കാം
നാഥന്റെ വരവിൻ സമയം

# 25

1 ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ - ഇന്നു
ആത്മമാരികൊണ്ടു നിറയ്ക്കണമേ

2 ദൈവത്തിന്റെ തേജസ്സിന്നിവിടെ
പ്രകാശിക്കവേണം വെളിച്ചമായി

3 പാപത്തിന്റെ എല്ലാ അന്ധകാരവും
എല്ലാ ഉള്ളത്തിൽനിന്നും നീങ്ങിപ്പോകട്ടെ

4 സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മശക്തിയാലിന്നു നടത്തേണമേ

5 കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളെയും
ഇന്നു മെഴുകുപോൽ ഉരുക്കേണമേ

6 ആത്മ നിലങ്ങളെ ഒരുക്കിടുവാൻ
സ്വർഗ്ഗസീയോനിലെ വിത്തു വിതപ്പാൻ

7 നല്ലവണ്ണമതു ഫലം കൊടുപ്പാൻ
ആത്മതുള്ളികൊണ്ടു നനയ്ക്കേണമേ

8 വെളിച്ചങ്ങൾ വീശുന്നു അന്ധകാരം മാറുന്നു
ദൈവത്തിന്റെ ആത്മാവുള്ളിലാകുമ്പോൾ

9 മായയായ ലോകത്തിൽ ഞാൻ ചേർന്നു നിൽക്കാതെ
എൻ രക്ഷകനാം യേശുവിൽ ഞാൻ ആശ്രയിച്ചിടും

# 26

1 ആത്മാവാം വഴികാട്ടി
എന്നെ സദാ നടത്തി
കൊണ്ടുപോകും വാനത്തിൽ
കൂടെ സാവധാനത്തിൽ
ക്ഷീണരെ സന്തോഷിപ്പിൻ
തൻ ഇമ്പമൊഴി കേൾപ്പിൻ
സഞ്ചാരി! നീ കൂടെ വാ ചേർക്കാം
നിന്നെ വീട്ടിൽ ഞാൻ

2 ഉള്ളം തളർന്നേറ്റവും ആശയറ്റനേരവും
ക്രൂശിൻ രക്തം കാണിച്ചു
ആശ്വാസം നൽകിടുന്നു
ശുദ്ധാത്മാവിൻ പ്രഭയിൽ
ഞാനൊളിക്കും നേരത്തിൽ
ശത്രുശല്യമൊന്നുമേ
പേടിക്കേണ്ട എങ്ങുമേ

3 സത്യസഖി താൻ തന്നേ
സർവ്വദാ എൻ സമീപേ
തുണയ്ക്കും നിരന്തരം നീക്കും ഭയം സംശയം
കാറ്റുഗ്രമടിക്കിലും ഇരുൾ കനത്തീടിലും
സഞ്ചാരി! നീ കൂടെ വാ
ചേർക്കും നിന്നെ വീട്ടിൽ ഞാൻ

4 ആയുഷ്ക്കാലത്തിന്നന്തം
ചേർന്നാർത്തിപൂണ്ടനേരം
സ്വർഗ്ഗചിന്ത മാത്രമെ ഏകമെന്നാശ്രയമെ
താൻ മാത്രം ആ നേരത്തും
എന്നെ ആഴം കടത്തും
സഞ്ചാരി! നീ കൂടെ വാ -
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ

# 27

ആനന്ദമാനന്ദം ആനന്ദമേ
ആനന്ദം ആനന്ദമേ
ഞാനെന്റെ പ്രിയൻ യേശുവിൻ
കൂടെ വാഴുന്ന ജീവിതമേ

1 മാലിന്യമേശാതെ കാത്തിടുന്ന
സൗഭാഗ്യമാം ജീവിതം
ഞാൻ പിന്നെ വാഴും തേജസ്സു
മോർത്താൽ ഹാ? എത്ര മോദമതേ

2 ഭൂലോകജീവിതകാലമെല്ലാം
വിജയമായ് കാത്തതിനാൽ
ദേവകുമാരൻ യേശുവിൻ പാദേ
നാൾതോറും വിഴുന്നേ ഞാൻ

3 താതന്റെ രാജ്യം പൂകിടുമ്പോൾ
സ്ഥാനമാനമേകുമേ
ഞാനന്നു പാടും പാട്ടുകൾ
കേട്ടാൽ ആരു ഗ്രഹിച്ചീടുമോ

4 ദേവാധിദേവൻ വീണ്ടെടുത്ത
തേജസ്സേറും കാന്തയെ

കാണുന്നനേരം ദൂതഗണങ്ങൾ
ആശ്ചര്യം കൂറിടുമെ

# 28

ആനന്ദമായ് ആത്മനാഥനെ
ആയുസ്സെല്ലാം ഞാൻ പാടിസ്തുതിക്കും

1 അകൃത്യങ്ങൾ നീക്കി പാപങ്ങൾ പോക്കി
അവൻ മകനാക്കി സ്വർഗ്ഗത്തിലിരുത്തി - ആ

2 അനുദിനമിന്ന് അനുഭവിക്കുന്നു
ആത്മസന്തോഷം അനന്ത സൗഭാഗ്യം - ആ

3 അന്ത്യംവരെയും അന്തികേയുള്ള
ആരോമൽസഖി താൻ ആരുമില്ലിതുപോൽ - ആ

4 അത്ഭുതമേശുവിന്നനുപമ സ്നേഹം
ആരാലും വർണ്ണ്യമല്ലവൻ കൃപകൾ - ആ

5 അല്പനാൾ മാത്രം കൂടാരവാസം
അക്കരെ നാട്ടിൽ ചെല്ലുമ്പോൾ വീട്ടിൽ - ആ

# 29

ആപത്തുവേളകളിൽ ആനന്ദവേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നേ ഞാൻ

1 കുശവന്റെ കയ്യിൽ കളിമണ്ണുപോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞീടണമേ വാർത്തെടുക്കണേ
ദിവ്യഹിതം പോലെ ഏഴയാം എന്നെ

2 എനിക്കായ് മുറിവേറ്റ തൃക്കരങ്ങൾ
എൻ ശിരസ്സിൽ വച്ചാശീർവദിക്കണേ

അങ്ങയുടെ ആത്മാവിനാൽ ഏഴയെ
അഭിഷേകം ചെയ്തനുഗ്രഹിക്കണേ

3 കഷ്ടതയുടെ കയ്പുനീരിൻ പാത്രവും
അങ്ങ് എൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരണമേ

4 എന്റെ ഹിതം പോലെ നടത്തരുതേ
തിരുഹിതം പോലെ നയിക്കണമേ
ജീവിത പാതയിൽ പതറീടാതെ
സ്വർഗ്ഗഭവനത്തിലെത്തുവോളവും

# 30

ആണികളേറ്റ പാണികളാലെ
അനുദിനമവനെന്നെ നടത്തിടുന്നു

1 ജീവിതഭാരച്ചുമടുകളാകെ
അവൻ ചുമന്നെന്നെ പുലർത്തിടുന്നു
ആകയാലാകുലമിന്നെനിക്കില്ല
ആനന്ദമായൊരു ജീവിതമാം -

2 അറിഞ്ഞവനെന്നെ കരുതിടുമെന്നും
അരുമയിൽ കാത്തിടും ചിറകടിയിൽ
പാരിലെൻ ജീവിതയാത്രയിൽ എന്നെ
പിരിയാതെ കൂടെ വരുന്നവനാം

3 ഏതൊരു നാളും യേശു എന്നിടയൻ
എനിക്കൊരു കുറവും വരികയില്ല
അനുഗ്രഹമാണെന്റെ ജീവിതമിന്ന്
അനുഭവിച്ചറിയുന്നു ഞാനവനെ

4 ഉലകിലെല്ലാരും പ്രതികൂലമായാലും
ഉലയുകയില്ല ഞാൻ പതറുകയില്ല
ഉയിരുള്ള നാളെല്ലാം ഞാനവന്നായി
ഉണർന്നു വിശ്വാസത്തിൻ വേലചെയ്യും -

# 31

ആയിരങ്ങളിൽ സുന്ദരൻ വന്ദിതൻ
ആരിലുമുന്നതൻ ക്രിസ്തുവാം

1 അവനൊപ്പം പറയാനൊരാളുമില്ല,
അവനെപ്പോലാരാധ്യനാരുമില്ല;
അവനിൽ ശരണപ്പെട്ടാരുമേ-ആരുമേ
ഒരുനാളും അലയാതെ മോദമായ് - മോദമായ്
മരുവും മരുവിലും ശാന്തമായ്

2 അവനിക്കു പൊതുവായ് നിറുത്തി ദൈവം
അവനേക്കൊണ്ടത്രേ നിരപ്പുതന്നു;
അവനെ വിട്ടൊരുനാളും - പോകുമോ പോകുമോ!
അരുതാത്തതൊന്നുമെ ചെയ്യുമോ - ചെയ്യുമോ
അവനെയോർത്തനിശം ഞാൻ പാടിടും

3 വരുവിൻ വണങ്ങി നമസ്കരിപ്പിൻ
ഒരുമിച്ചുണർന്നു പുകഴ്ത്തിടുവിൻ
ബലവും ബഹുമാനമാകവേ - യാകവേ,
തിരുമുമ്പിലർപ്പിച്ചു വീഴുവിൻ - വീഴുവിൻ
തിരുനാമമെന്നേക്കും വാഴ്ത്തുവിൻ -

# 32

ആയിരങ്ങൾ വീണാലും
പതിനായിരങ്ങൾ വീണാലും
വലയമായ് നിന്നെന്നെ കാത്തിടുവാൻ
ദൈവദൂതൻമാരുണ്ടരികിൽ

അസാദ്ധ്യമായെനിക്കൊന്നുമില്ലല്ലോ
സർവ്വശക്തനാം ദൈവമെന്റെ കൂടെയുണ്ടല്ലോ
സകലവും ഇന്നെനിക്കു സാദ്ധ്യമാക്കുവാൻ
എന്റെ യേശുവിന്റെ അത്ഭുതമാം നാമമുണ്ടല്ലോ

ആയുധങ്ങൾ ഫലിക്കയില്ല
ഒരു തോൽവിയും ഇനി വരികയില്ല
എന്നെ ശക്തനായി മാറ്റിടുവാൻ
ആത്മബലമെന്റെ ഉള്ളിലുള്ളതാൽ

തിൻമയതൊന്നും വരികയില്ല
എല്ലാം നൻമയായി തീർന്നിടുമേ
ബാധയതൊന്നും അടുക്കയില്ല
എന്റെ ഭവനത്തിൽ ദൈവമുണ്ടെന്നും

# 33

ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നു
ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു

1 ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഗീതം പാടിടാം
ഹല്ലേലുയ്യാ സ്തോത്രം പാടി ആരാധിച്ചിടാം

2 ആത്മനാഥനെ ഞങ്ങൾ മദ്ധ്യത്തിൽ വന്നു
ആത്മാവാൽ നിറച്ചീടുക ആരാധിക്കുവാൻ

3 ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചിടും

4 സാറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു

5 നിർമ്മല മനസ്സിൽ ഞങ്ങൾ ഇന്നു ആരാധിക്കുന്നു
നീതിമാനെ നിത്യം ശക്തി നല്കിടേണമേ

6 ബന്ധനം അഴിയും കെട്ടുകൾ അഴിയും ആരാധനയിങ്കൽ
ബാധകൾ ഒഴിയും കോട്ടകൾ തകരും ആരാധനയിങ്കൽ

7 രോഗം മാറും ക്ഷീണം മാറും, ആരാധനയിങ്കൽ
മൺകുടം ഉടയും തീ കത്തീടും ആരാധനയിങ്കൽ

8 അപ്പോസ്തലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ

# 34

ആരാധനയ്ക്കു യോഗ്യനെ - നിന്നെ ഞങ്ങൾ
ആരാധിച്ചിടുന്നിതാ - (2)
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിലാരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചിടും ഞാൻ

1 പാപത്താൽ നിറയപ്പെട്ട എന്നെ നിന്റെ
പാണിയാൽ പിടിച്ചെടുത്തു
പാവന നിണം തന്നു പാപത്തിൻ കറപോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും
ആത്മാവിലാരാധിക്കും -

2 വാഗ്ദത്തം പോലെനിന്റെ സന്നിധാനേ
നിൻമക്കൾ കൂടീടുമ്പോൾ
മദ്ധ്യേവന്നനുഗ്രഹം ചെയ്തിടാമെന്നുര
ചെയ്തവൻ നീ മാത്രമേ - നിന്നെ ഞങ്ങൾ
ആത്മാവിലാരാധിക്കും -

3 ഹോരേബിൽ മോശെകണ്ട മുൾപ്പടർപ്പിൽ
കത്തിയതാം അഗ്നി നീ

നിൻമക്കളിൽ പകർന്നത്ഭുതം ചെയ്യുവാൻ
ബന്ധനം അഴിഞ്ഞിട്ടിന്ന് നിൻ ദാസർ
ആത്മാവിലാരാധിക്കും -

4 ആദിമനൂറ്റാണ്ടിൽ നിൻ ദാസർ
മർക്കോസിൻ മാളികയിൽ
നിന്നാവിപകർന്നപോൽ നിൻ ദാസർ മദ്ധ്യത്തിൽ
നിൻശക്തി അയച്ചിടുക നിന്നെ ഞങ്ങൾ
ആത്മാവിലാരാധിക്കും -

5 ചെങ്കടൽ കടന്ന മിര്യാംതൻ കയ്യിൽ
തപ്പെടുത്താർത്തതുപോൽ
പാപത്തിൻ ചങ്ങല പൊട്ടിച്ചെറിഞ്ഞതാൽ
ഞാൻ നിന്നെ ആരാധിക്കും
ആത്മാവിലും സത്യത്തിലും സ്തുതിക്കും -

# 35

ആരാധിക്കുമ്പോൾ വിടുതൽ
ആരാദിക്കുമ്പോൾ സൗഖ്യം (2)
ദേഹം ദേഹി ആത്മാവിൽ
സമാധാനം സന്തോഷം
ദാനമായ് നാഥൻ നല്കിടും (2)

പ്രാർത്ഥിക്കാം ആത്മാവിൽ
ആരാധിക്കാം കർത്തനെ
നല്ലവൻ അവൻ വല്ലഭൻ (2)
വിടുതൽ എന്നും പ്രാപിക്കാം (2)

1 യാചിപ്പീൻ എന്നാൽ ലഭിക്കും
അന്വേഷിപ്പീൻ കണ്ടെത്തും (2)
മുട്ടുവിൻ തുറക്കും സ്വർഗ്ഗത്തിൻ കലവറ
പ്രാപിക്കാം എത്രയോ നന്മകൾ (2)

2 മടുത്തുപോകാതെ പ്രാർത്ഥിക്കാം
വിശ്വാസത്തോടെ പ്രാർത്ഥിക്കാം (2)
നീതിമാന്റെ പ്രാർത്ഥന ശ്രദ്ധയുള്ള പ്രാർത്ഥന
ഫലിക്കും രോഗിക്ക് സൗഖ്യമായ് (2)

# 36

1 ആരാധനാസമയം അത്യന്ത ഭക്തിമയം
ആരാലും വന്ദ്യനാം ക്രിസ്തുവെയോർക്കുകിൽ
തീരുമെന്നാമയം

ശക്തി ധനം സ്തുതി
സ്തോത്രം ബഹുമതി
സകലവും ക്രിസ്തേശുവിന്നു
ജയം ഹല്ലേലുയ്യാ

2 അക്കാൽവറി മലയിൽ കൊടും
പാപിയെൻ നിലയിൽ
കൂരിശിൽ മരിച്ചു പാപച്ചുമടു
വഹിച്ചു താൻ തലയിൽ

3 സന്തോഷശോഭനം
മൂന്നാം മഹൽദിനം
സർവ്വവല്ലഭനുയർത്തു
ഭക്തരെ പാടുവിൻ കീർത്തനം

4 പിതാവിൻ സന്നിധി
തന്നിൽ പ്രതിനിധി
സദാ നമുക്കു ശ്രീയേശുവു -
ണ്ടാകയാലില്ല ശിക്ഷാവിധി

5 സ്വർഗ്ഗീയതേജസ്സിൽ
മേലിൽ വിഹായസ്സിൽ

വന്നു നമുക്കവൻ നല്കും
പ്രതിഫലം ദൂതഗണസദസ്സിൽ

6 ജയം ജയം ജയം
ഹല്ലേലുയ്യാ ജയമേ
ജയകിരീടമണിയും
ക്രിസ്തുരാജനു ഹാ! ജയമേ

# 37

## (We have come into his presence)

1 ആരാധിക്കുന്നു ഞങ്ങൾ
നിൻ സന്നിധിയിൽ സ്തോത്രത്തോടെന്നും
ആരാധിക്കുന്നു ഞങ്ങൾ
നിൻ സന്നിധിയിൽ നന്ദിയോടെന്നും
ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ
നൻമയോർത്തെന്നും
ആരാധിക്കാം യേശുകർത്താവിനെ

2 നമ്മെ സർവ്വം മറന്നു
തൻ സന്നിധിയിൽ മോദമോടെന്നും
നമ്മെ സർവ്വം മറന്നു
തൻ സന്നിധിയിൽ ധ്യാനത്തോടെന്നും
നമ്മെ സർവ്വം മറന്നു
തൻ സന്നിധിയിൽ കീർത്തനത്തിനാൽ
ആരാധിക്കാം യേശു കർത്താവിനെ

3 നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ
ഞാൻ പൂർണ്ണനായ്
നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ
ഞാൻ ഭാഗ്യവാൻ

നീയെൻ സർവ്വനീതിയും ആയി തീർന്നതാൽ
ഞാൻ ധന്യനായ് -
ആരാധിക്കാം യേശു കർത്താവിനെ

# 38

ആരാധിപ്പാൻ നമുക്കു കാരണമുണ്ട്
കൈകൊട്ടിപ്പാടാൻ ഏറെ കാരണമുണ്ട്
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
നമ്മുടേശു ജീവിക്കുന്നു

1 കാലുകൾ ഏറെക്കുറെ വഴുതിപ്പോയി
ഒരിക്കലും ഉയരില്ലാ എന്നു നിനച്ചു
എന്റെ നിനവുകൾ ദൈവം മാറ്റിയെഴുതി
പിന്നെക്കാൽ വഴുതുവാൻ ഇടവന്നില്ല
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
നമ്മുടേശു ജീവിക്കുന്നു (2) ആരാധി...

2 ഉന്നത വിളിയാൽ വിളിച്ചു എന്നെ
ചോദിച്ചതോ ഉള്ളിൽപ്പോലും നിനച്ചതല്ല
ദയതോന്നി എന്റെ മേൽ ചൊരിഞ്ഞതല്ലേ
ആയുസ്സെല്ലാം നിനക്കായ് നൽകിടുന്നു
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
നമ്മുടേശു ജീവിക്കുന്നു (2) ആരാധി...

3 ഉറ്റോരും ഉടയോരും തള്ളിക്കളഞ്ഞു
കുറ്റം മാത്രം പറഞ്ഞു രസിച്ചപ്പോഴും
നീ മാത്രമാണെന്നെ ഉയർത്തിയത്
സന്തോഷത്തോടെ ഞാൻ ആരാധിക്കുന്നു ആരാധി...

# 39

ആരാധ്യൻ യേശുപരാ
വണങ്ങുന്നു ഞാൻ നിന്നെ
തേജസ്സെഴും നിൻമുഖമെൻ
ഹൃദയത്തിനാനന്ദമേ

1 നിൻ കൈകൾ എൻ കണ്ണീർ
തുടയ്ക്കുന്നതറിയുന്നു ഞാൻ

2 നിൻ കരത്തിൻ ആശ്ലേഷം
പകരുന്നു ബലം എന്നിൽ

3 മാധുര്യമാം നിൻ മൊഴികൾ
തണുപ്പിക്കുന്നെൻ ഹൃദയം

4 സന്നിധിയിൽ വസിച്ചോട്ടേ
പാദങ്ങൾ ചുംബിച്ചോട്ടേ

# 40

ആരാധ്യനെ ആരാധ്യനെ
ആരിലുമുന്നതനായവനെ
ആരാധിക്കുന്നിതാ നിന്നെ ഈ ഞങ്ങൾ
ആയുസിൻ  നാൾകളെല്ലാം

1 എന്റെ രോഗക്കിടക്കയിൽ നീ
എന്റെ സൗഖ്യപ്രദായകൻ നീ
എന്റെ രോഗസംഹാരകൻ നീ
എന്റെ സർവ്വവും നീ മാത്രമേ (2)

2 നിന്റെ പ്രത്യക്ഷ ദിനമതിൽ
നിന്റെ വിശ്വസ്ത ദാസനായി
നിന്റെ വിശ്വസ്ത സാക്ഷിയായി
നിന്റെ സന്നിധേ എത്തീടും ഞാൻ (2)

# 41

1 ആരിതാവരുന്നാരിതാവരു
ന്നേശു രക്ഷകനല്ലയോ?
പരമോന്നതൻ സ്നാനമേല്ക്കുവാൻ
യോർദ്ദാനാറ്റിങ്കൽ വരുന്നോ?

2 കണ്ടാലും ലോകത്തിന്റെ പാപത്തെ
ചുമക്കും ദൈവകുഞ്ഞാട്
കണ്ടുവോ ഒരു പാപിയെന്നപോൽ
സ്നാനമേല്ക്കുവാൻ പോകുന്നു!

3 ഇല്ലില്ല നിന്നാൽ സ്നാനമേല്ക്കുവാ -
നുണ്ടെനിക്കേറ്റമാവശ്യം
വല്ലഭാ! നിന്റെ ചെരിപ്പു ചുമന്നിടുവാ -
നില്ല യോഗ്യത

4 ആത്മസ്നാനവും അഗ്നിസ്നാനവും
നിന്റെ കൈക്കീഴിലല്ലയോ!
എന്തിനു പിന്നെ വെള്ളത്തിൽ സ്നാനം
എന്റെ കൈകളാലേല്ക്കുന്നു?

5 സ്നാപകൻ ബഹുഭക്തിയോടേവം
ചൊന്നതാൽ പ്രിയരക്ഷകൻ
ഇപ്രകാരം നാം സർവ്വനീതിയും
പൂർത്തിയാക്കണമെന്നോതി

6 ഉടനെ പ്രിയനിറങ്ങി സ്നാനമേറ്റു -
കൊണ്ടു താൻ കയറി
പെട്ടെന്നാത്മാവു വന്നു തന്റേമേൽ
പ്രാവിനെപ്പോലിങ്ങിറങ്ങി

7 വന്നൊരു ശബ്ദം മേൽ നിന്നക്ഷണം
എന്റെ പ്രിയ കുമാരൻ നീ

നിന്നിലെത്രയും പ്രിയമുണ്ടെന്നും
സ്വർഗ്ഗതാതൻ താനരുളി

8 തുറന്നോർ സ്വർഗ്ഗമവിടുണ്ടൊരു
പ്രിയതാതനുമതുപോൽ
പരിശുദ്ധാവിയതുമെൻ പ്രിയനേശു
നാഥനും കാണുവിൻ

# 42

ആരുമില്ല നീയൊഴികെ
ചാരുവാനൊരാൾ പാരിലെൻ പ്രിയാ
നീറി നീറി ഖേദങ്ങൾ മൂലം
എരിയുന്ന മാനസം
നിന്തിരുമാറിൽ ചാരുമ്പോഴല്ലാ
താശ്വസിക്കുമോ ആശ്വസിക്കുമോ?

1 എളിയവർ നിന്മക്കൾക്കീ ലോകമേതും
അനുകൂലമല്ലല്ലോ നാഥാ!
വലിയവനാം നീയനുകുലമാണെൻ
ബലവും മഹിമയും നീ താൻ

2 പ്രിയരെന്നു കരുതുന്ന സഹജരെന്നാലും
പ്രിയലേശമില്ലാതെയാകും
പ്രിയനേ നിൻ സ്നേഹം കുറയാതെ എന്നിൽ
നിയതം തുടരുന്നു മന്നിൽ

3 ഗിരികളിൽ കൺകളുയർത്തി ഞാനോതും
എവിടെയാണെന്റെ സഹായം?
വരുമെൻ സഹായമുലകമാകാശ -
മിവയുളവാക്കിയ നിന്നാൽ -

# 43

1 ആശിഷമാരിയുണ്ടാകും
ആനന്ദ വാഗ്ദത്തമേ
മേൽനിന്നു രക്ഷകൻ നല്കും
ആശ്വാസ കാലങ്ങളെ
ആശിഷമാരി ആശിഷം പെയ്യണമേ

കൃപകൾ വീഴുന്നു ചാറി
വൻമഴ താ ദൈവമേ!

2 ആശിഷമാരിയുണ്ടാകും
വീണ്ടും നൽ ഉണർവുണ്ടാം
കുന്നുപള്ളങ്ങളിൽമേലും
കേൾ വൻമഴയിൻ സ്വരം

3 ആശിഷമാരിയുണ്ടാകും
ഹാ! കർത്താ! ഞങ്ങൾക്കും താ
ഇപ്പോൾ നിൻ വാഗ്ദത്തം ഓർത്തു
നൽവരം തന്നിടുക

4 ആശിഷമാരിയുണ്ടാകും
എത്ര നന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ! ഇന്നേരത്തിൽ

# 44

ആശ്രയിപ്പാനൊരു നാമമുണ്ടെങ്കിൽ അതു
യാഹല്ലാതാരുമില്ല
പ്രശംസിപ്പാൻ വക ഉണ്ടെങ്കിലോ അത്
താതന്റെ സന്നിധിയിൽ (2)

മാതാപിതാക്കളും സോദരബന്ധുക്കൾ
ആരു വെടിഞ്ഞീടിലും
അനാഥനായ് നിന്നെ കൈവിടുകില്ലെന്ന്
അരുളിയോൻ കൂടെയുണ്ട് (2)

ഭാരങ്ങളേറുമ്പോൾ കഷ്ടങ്ങളേറുമ്പോൾ
ആവശ്യങ്ങൾ ഏതിലും
സഹായിപ്പാനായി സ്വർല്ലോക നാഥന്റെ
കരങ്ങൾ കുറുകീട്ടില്ല (2)

മരുഭൂമി വാസത്തിൽ മന്നയും മാംസവും
എന്നാളും വർഷിപ്പിച്ചോൻ
ശത്രുക്കൾ മുന്നിലായ്
മേശയൊരുക്കുന്നോൻ
ലജ്ജിപ്പിക്കില്ലൊരു നാളും (2)

# 45

ആശ്രയം ചിലർക്കു രഥത്തിൽ
വിശ്രമം അശ്വബലത്തിൽ
എൻ ആശ്രയമെന്നും യേശുവിൻ ഭൂജത്തിൽ
ആരെ ഞാൻ ഭയപ്പെടും
പാരിൽ ആയുസ്സിൽ നാൾകളെല്ലാം

1 ദൈവസ്നേഹത്താൽ സ്നേഹിച്ചുയെന്നെ
ഹൃദ്യമായെന്നോടവൻ അരുളിയതാൽ
പ്രത്യാശയിൻ മനമെനിക്കേകിയവൻ
പുതുഗീതങ്ങൾ പാടിടും ഞാൻ
എന്നും സന്തോഷത്താൽ പാടിടുമേ

2 സ്വന്തമായി സ്നേഹിച്ച ബന്ധുജനങ്ങൾ
നൊമ്പരം തന്നിടുന്ന വേളകളിൽ
ഇമ്പസ്വരത്താൽ സ്വാന്തനമേകി

അന്തികെ വന്നിടും താൻ
ഞാൻ സന്തോഷാൽ പാടിടുമേ -

# 46

ആശ്രയം യേശുവിലെന്നതിനാൽ
ഭാഗ്യവാൻ ഞാൻ! ഭാഗ്യവാൻ ഞാൻ!
ആശ്വാസമെന്നിൽ താൻ തന്നതിനാൽ
ഭാഗ്യവാൻ ഞാൻ! ഭാഗ്യവാൻ ഞാൻ!

1 കൂരിരുൾമൂടും വേളകളിൽ
കർത്താവിൻപാദം ചേർന്നിടും ഞാൻ
കാരിരുമ്പാണിയിൻ പാടുള്ള പാണിയാൽ
കരുണനിറഞ്ഞവൻ കാക്കുമെന്നെ -

2 ഇത്ര സൗഭാഗ്യം ഇക്ഷിതിയിൽ
ഇല്ല മറ്റെങ്ങും നിശ്ചയമായ്
തീരാത്ത സന്തോഷം ക്രിസ്തുവിലുണ്ടെന്നാൽ
തോരാത്ത കണ്ണീരേ മന്നിലുള്ളു -

3 തന്നുയിർ തന്ന ജീവനാഥൻ
എന്നഭയം എൻനാൾ മുഴുവൻ
ഒന്നിനും തന്നിടമെന്നിയേ വേറെങ്ങും
ഓടേണ്ട താങ്ങുവാൻ താൻ മതിയാം -

4 കാൽവറി നാഥനെൻ രക്ഷകൻ
കല്ലറയ്ക്കുള്ളൊതുങ്ങിയില്ല
മൃത്യുവെ വെന്നവൻ അത്യുന്നതൻ വിണ്ണിൽ
കർത്താധികർത്താവായ് വാഴുന്നവൻ

# 47

ആശ്രിത വത്സലനേശു
ആശ്രിതർക്കഭയം നൽകും

ആമയം അകറ്റും നാഥൻ
അനുഗ്രഹമരുളും ദിനവും

1 അഴലേറുമാഴിയിൻ തിരയാൽ - (2)
അലഞ്ഞീടും ജീവിത പടകിൽ
അമരക്കാരനായീടുമീശൻ
അരികിലുണ്ടാശ്വാസമേകാൻ

2 ആടുകൾക്കായ് ജീവൻ വെടിഞ്ഞ
ആ നല്ലിടയനെ മാത്രം (2)
അനുഗമിച്ചിടും ഞാനീധരയിൽ
അണച്ചിടും അവൻ തിരുമാർവ്വിൽ...

3 ആകാശസീമകൾക്കകലെ
ആനന്ദപുരത്തിൻ പ്രഭയിൽ
ആനന്ദിച്ചിടും ഞാൻ ഒരുനാൾ
ആ ദിനമാഗതമായ്

# 48

1 ആശ്വാസമേ എനിക്കേറെ തിങ്ങിടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കിടുമ്പോൾ
സ്നേഹമേറിടുമെൻ രക്ഷകൻ സന്നിധൗ
ആനന്ദക്കൂട്ടരെ കാണുന്നല്ലോ

2 ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുറ്റും നിന്നു സ്തുതി ചെയ്തിടുന്നു
തങ്കത്തിരുമുഖം കാണ്മാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കിടുന്നു

3 തന്മക്കളിൽ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായിത്തുടച്ചിതല്ലോ
പൊൻ വീണകൾ ധരിച്ചാമോദപൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ

4 കുഞ്ഞാടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരവർ
പൂർണ്ണവിശുദ്ധരായ് തീർന്നവർ യേശുവിൻ
തങ്കരുധിരത്തിൽ ശക്തിയാലെ

5 തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിൻമേൽ
വെൺനിലയങ്കി ധരിച്ചോരവർ
കൈയിൽ കുരുത്തോല ഏന്തീട്ടവർ സ്തുതി -
പാടീട്ടാനന്ദമോടാർത്തിടുന്നു

6 ചേർന്നിടുമേ വേഗം ഞാനുമക്കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നും വേണ്ടാ എന്റെ
നാഥന്റെ സന്നിധൗ ചേർന്നാൽ മതി

# 49

ആശ്ചര്യമേയിതു ആരാൽ വർണ്ണിച്ചിടാം
കൃപയെ-കൃപയെ-കൃപയെ-കൃപയെ
ചിന്തിയല്ലോ സ്വന്തരക്തമെനിക്കായ്

1 ചന്തം ചിന്തും തിരുമേനി എൻപേർക്കായ്
സ്വന്തമായ എല്ലാറ്റേയും വെടിഞ്ഞു
ബന്ധമില്ലാത്ത ഈ ഏഴയെ ഓർത്തു
വീണ്ടെടുത്തു എന്നെയും എന്നെയും എന്നെയും

2 ദൂരത്തിരുന്ന ഈ ദ്രോഹിയാമെന്നെ
ചാരത്തണച്ചിടുവാനേറ്റു  കഷ്ടം
കാരുണ്യനായകൻ കാൽവറി ക്രൂശിൽ
കാട്ടിയതാം അൻപിതോ അൻപിതോ അൻപിതോ

3 ഉറ്റവർ വിട്ടീടവെ പ്രാണനാഥൻ
ദുഷ്ടന്മാർ കുത്തിടവെ തൻ വിലാവിൽ

ഉറ്റ സഖിപോലും ഏറ്റുകൊൾവാനായ്
ഇഷ്ടമില്ലാതായല്ലൊ അത്ഭുതം! അത്ഭുതം!

4 കാൽകരങ്ങൾ ഇരുമ്പാണികളാലെ
ചേർത്തടിച്ചു പരനെ മരക്കുരിശിൽ
തൂങ്ങിക്കിടക്കുന്നു സ്നേഹസ്വരൂപൻ
ഹാ! എനിക്കായ് മരിച്ചു മരിച്ചു മരിച്ചു

5 എന്തു ഞാനേകിടും നിന്നുടെപേർക്കായ്
ചിന്തിക്കുകിൽ വെറും ഏഴ ഞാനല്ലോ
ഒന്നുമെനിക്കിനി വേണ്ട ഇപ്പാരിൽ
നിന്നെ മാത്രം സേവിക്കും സേവിക്കും സേവിക്കും

# 50

ഇതുപോൽ നല്ലൊരു രക്ഷകൻ
ശ്രീയേശുവല്ലാതില്ല മന്നിലും വിണ്ണിലുമേ

1 പാപികളാകും മാനവർക്കായ്
പരലോകം വിട്ടു ധരയിൽ വന്നു
പരിശുദ്ധൻ ക്രൂശിൽ നിണം ചൊരിഞ്ഞു
പാപിക്കു മോക്ഷത്തിൻ വഴി തുറന്നു - ഇതു

2 മരണത്തിൻ ഭീതി പൂണ്ടിനിയും
ശരണമറ്റാരും വലഞ്ഞിടാതെ
മരണം സഹിച്ചു ജയംവരിച്ച
പരമരക്ഷകനിലാശ്രയിക്ക - ഇതു

3 സത്യമായ് തന്നിൽ വിശ്വസിച്ചാൽ
നിത്യശിക്ഷാവിധി നീങ്ങിടുമേ
രക്ഷകനെയിന്നു തിരസ്കരിച്ചാൽ
രക്ഷയ്ക്കായ് വേറില്ല വഴിയുലകിൽ - ഇതു

4 മുൾമുടി നൽകി നിന്ദിച്ചയീ മന്നിതിൽ
മന്നനായ് വന്നിടുമേ
പൊന്മുടി ചൂടി വന്ദിതനായ്
മന്നിടം നന്നായ് ഭരിച്ചിടും താൻ - ഇതു

# 51

ഇതുവരെയെന്നെ കരുതിയ നാഥാ!
ഇനിയെനിക്കെന്നും തവ കൃപ മതിയാം

1 ഗുരുവരനാം നീ കരുതുകിൽ പിന്നെ
കുറവൊരു ചെറുതും വരികില്ല പരനേ!
അരികളിൻ നടുവിൽ വിരുന്നൊരുക്കും നീ
പരിമളതൈലം പകരുമെൻ ശിരസ്സിൽ

2 പരിചിതർ പലരും പരിഹസിച്ചെന്നാൽ
പരിചിൽ നീ കൃപയാൽ പരിചരിച്ചെന്നെ
തിരുച്ചിറകടിയിൽ മറച്ചിരുൾ തീരും-
വരെയെനിക്കരുളുമരുമയോടഭയം-

3 കരുണയിൻ കരത്തിൻ കരുതലില്ലാത്ത
ഒരു നിമിഷവുമീ മരുവിലില്ലെനിക്കു
ഇരവിലെന്നൊളിയായ് പകലിലെൻ തണലായ്
ഒരുപൊഴുതും നീ പിരിയുകയില്ല-

4 മരണത്തിൻ നിഴൽ താഴ്വരയതിലും ഞാൻ
ശരണമറ്റവനായ് പരിതപിക്കാതെ
വരുമെനിക്കരികിൽ വഴിപതറാതെ
കരം പിടിച്ചെന്നെ നടത്തിടുവാൻ നീ-

5 തലചരിച്ചിടുവാൻ സ്ഥലമൊരു ലവമീ
യുലകിതിലില്ല മനുജകുമാരാ!
തല ചരിക്കും ഞാൻ തവ തിരുമാറിൽ
നലമൊടു ലയിക്കും തവ മുഖപ്രഭയിൽ-

# 52

ഇതെന്തു ഭാഗ്യമേശുനാഥനോടു ചേർന്നു ഞാനിതാ
ഇത്ര ശ്രേഷ്ഠനാഥനെന്റെ മിത്രമായ് ഭവിച്ചു ഹാ

1 ഒരിക്കലും പിരിഞ്ഞുപോയിടാത്തൊരുറ്റ സ്നേഹിതൻ
ശരിക്കു സൽപ്രബോധങ്ങൾ തന്നു താങ്ങിടുന്നവൻ
തനിക്കു തുല്യനില്ല ഭൂവിലന്യനിത്ര നല്ലവൻ

2 കരുത്തനാമവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചു വേർപിരിക്കുവാൻ കഴിഞ്ഞിടാ -
വിരുദ്ധമായ് വരുന്നതൊന്നുമേതുമേ ഭയന്നിടാ -

3 അനാഥനല്ല ഞാനിനിയനുഗ്രഹാവകാശിയായ്
അനാദി നിർണ്ണയപ്രകാരമെന്നെയും വിളിക്കയായ്
വിനാശമില്ലെനിക്കിനിയനാമയം വസിച്ചിടാം -

4 നശിക്കുമീ ധരയ്ക്കുമീതിലുള്ളതൊക്കെയെങ്കിലും
നശിക്കയില്ല നാഥനാമവന്റെ വാക്കൊരിക്കലും
വസിച്ചിടാമതിൽ രസിച്ചു വിശ്വസിച്ചു നിശ്ചയം -

5 പ്രമോദമെന്നു ഭൂമയർ ഗണിച്ചിടുന്നതൊക്കെയും
പ്രമോദമെന്നറിഞ്ഞു ഞാനവന്നടുത്തണഞ്ഞതാൽ
പ്രസാദമുള്ളതെന്തന്നറിഞ്ഞമർന്നിടാം -

# 53

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനും സ്തോത്രം (2)
ഇനിയും കൃപതോന്നി കരുതീടണേ
ഇനിയും നടത്തെന്നെ തിരുഹിതം പോൽ (2)

നിന്നതല്ല ഞാൻ ദൈവമെന്നെ നിർത്തിയതാം
നേടിയതല്ല ഞാൻ ദൈവമെല്ലാം തന്നതല്ലേ (2)
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതിപാടിടാം (2) ഇത്ര

സാധ്യതകളോ അസ്തമിച്ചു പോയിടുമ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിടുമ്പോൾ (2)
സ്നേഹം തന്നു വീണ്ടെടുത്ത യേശുനാഥൻ
സകലത്തിലും ജയം നൽകുമല്ലോ (2) ഇത്ര

# 54

1 ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു (2)

2 ഹാഗറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെഞാൻ അലഞ്ഞപ്പോൾ
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)

3 ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടും വീടും വിട്ടു ഞാൻ അലഞ്ഞപ്പോൾ
സ്വന്തവീട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ച നാഥനെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)

4 കണ്ണുനീരും ദു:ഖവും നിരാശയും
പൂർണ്ണമായി നീങ്ങിടും ദിനം വരും
അന്നുപാടും ദൂതർ മദ്ധ്യേ ആർത്തുപാടും ശുദ്ധരുമായ്
ഇത്രത്തോളം യഹോവ സഹായിച്ചു (2)

# 55

ഇത്രത്തോളം എന്നെ കൊണ്ടുവന്നീടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ...
ഇത്ര നൻമകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളു യോഗ്യത നിൻ മുമ്പിൽ (2)

1 ഇത്രത്തോളം എന്നെ ആഴമായ് സ്നേഹിപ്പാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്ര ശ്രേഷ്ഠമായതെല്ലാം തന്നീടുവാൻ
എന്തുള്ളൂ യോഗ്യതാ നിൻ മുമ്പിൽ (2)

2 ഇത്രത്തോളം എന്റെ ഭാവിയെ കരുതാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്രത്തോളമെന്നെ അത്ഭുതമാക്കുവാൻ
എന്തുള്ളൂ യോഗ്യതാ നിൻ മുമ്പിൽ (2)

3 ഇത്രത്തോളം എന്നെ ധന്യനായ് തീർക്കുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്രത്തോളം എന്നെ കാത്തുസൂക്ഷിക്കുവാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ (2)

# 56

1 ഇത്ര നല്ലവൻ മമ ശ്രീയേശു ക്രിസ്തു
നാഥനെന്നിയേയാരുള്ളു?
മിത്രമാണെനിക്കവനെന്നാളും
എത്ര താഴ്ചകൾ ഭൂവി വന്നാലും

അതിമോദം നാഥനു പാടിടും
സ്തുതിഗീതം നാവിലുയർന്നിടും
ഇത്രനല്ലവൻ മമ ശ്രീയേശു
ക്രിസ്തുനാഥനെന്നിയേയാരുള്ളു!

2 അവനുന്നതൻ ബഹുവന്ദിതനാം
പതിനായിരങ്ങളിൽ സുന്ദരനാം
ഭുവി വന്നു വൈരിയെവെന്നവനാം
എനിക്കാത്മരക്ഷയെ തന്നവനാം- അതി

3 ഒരുനാളും കൈവിടുകില്ലെന്നെ
തിരുമാർവ്വെനിക്കഭയം തന്നെ

വരുമാകുലങ്ങളിലും നന്നെ തരു -
മാശ്രയം തകരാറെന്യേ - അതി

4 പ്രതികൂലമാണെനിക്കീലോകം
അതിനാലൊരെള്ളളവും ശോകം
കലരേണ്ടനിക്കവനനുകൂലം
ബലമുണ്ടു യാത്രയിലതുമൂലം - അതി

5 സത്യസാക്ഷിയായ പ്രവാചകനും
മഹാശ്രേഷ്ഠനായ പുരോഹിതനും
നിത്യരാജ്യസ്ഥാപകൻ രാജാവും
എന്റെ ക്രിസ്തുനായകൻ ഹല്ലേലൂയ്യാ - അതി

# 57

1 ഇനിമേൽ എനിക്കില്ലോർഭയം
വിശ്വാസക്കപ്പലിൽ കാറ്റുകളടിച്ചാൽ
തിരകൽ മേൽ അലഞ്ഞാൽ
നാശത്തിൻ പാറമേൽ തട്ടിയിട്ടുടയാതെ
യേശു എൻ പ്രിയനെ കാണുമേ ഞാൻ

കാണുമേ ഞാൻ കാണുമേ ഞാൻ
സ്വർഗ്ഗസീയോൻപുരി അവിടെയെത്തി
യേശു എൻ പ്രിയനെ കാണുമേ ഞാൻ

2 ഉണ്ടൊരു തിരശീല എന്റെ മുൻപിൽ
അതിവിശുദ്ധസ്ഥലം അവിടെയത്രേ
എനിക്കു വേണ്ടിവന്നു മരിച്ചപ്രിയൻ
എനിക്കൊരു പാർപ്പിടം ഒരുക്കാൻപോയി

പരിശുദ്ധനേ പരിശുദ്ധനേ
എനിക്കു വേണ്ടിവന്നു മരിച്ചപ്രിയൻ
എനിക്കൊരു പാർപ്പിടം ഒരുക്കാൻപോയി

3 ശോധന വളരെയുണ്ടെനിക്കു നാഥാപരി-
ശോധനനാൾക്കുനാൾ പുതുക്കുന്നപ്പാ
പാർസിദേശപ്രഭു തടസ്സം ചെയ്‌വാൻ ഒരു
നിമിഷം വിടാതെ അങ്ങണയുന്നഹോ!

പോകസാത്താൻ പോകസാത്താൻ
ഇരുട്ടിന്റെ ദേവൻ നീ പൊയ്ക്കൊൾക
സർവ്വശക്തൻ പൈതൽ ഉരച്ചീടുന്നു

# 58

ഇനി താമസമോ നാഥാ വരുവാൻ
കോടാനുകോടി ദൂതസംഘമായ് മേഘത്തിൽ
ഹാ! എത്രനാൾ കാത്തു ഞാൻ പാർക്കണം
എൻ ആത്മസഖേ! നിൻ മുഖം കാണുവാൻ

1 നിലയില്ലലോകെ വൻ തിരകൾ ഹാ
അലച്ചുയരുന്നേ ഭീകരമായ്
പാരിടമാകെ പെരുകിടുന്നയ്യോ
പരിഭ്രമങ്ങൾ മനഃചഞ്ചലങ്ങൾ
വന്നുചേർത്തുകൊള്ളും എന്നെ വേഗമായ്
ഇന്നു നോക്കിടുന്നെ നിന്നെ ഞാനേകയായ് - ഹാ എത്ര

2 ആശയറ്റോരായ് മേവുന്നു മനുജർ
വിശ്രമമെന്യേ ഈ പാർത്തലത്തിൽ
ആകുലചിന്തകളേറുന്നതാലേ
ദീനരായവർ കണ്ണീർ പൊഴിച്ചിടുന്നേ
ഭൂവിൽ അന്ധകാരം മൂടുന്നു നാഥനെ
ഹന്ത ചിന്തിക്കിൽ എന്തു സന്താപമെ - ഹാ! എത്ര

3 ആദ്യവിശ്വാസം തള്ളിയനേകർ
ലോകസുഖങ്ങളെ തേടീടുന്നേ
ത്യാഗികളാകും സോദരർകൂട്ടം

പദവികൾ നേടാൻ ഉഴഞ്ഞീടുന്നേ
അയ്യോ വിശ്വാസജീവിതം നഷ്ടമായ്
മമ വിശ്രാമം നിന്നിലെന്നുമാകയാൽ - ഹാ എത്ര

4 നീതിയിൻ സൂര്യനേശുമഹേശനു -
ദിച്ചീടുവാൻ കാലം വൈകിടുമോ
താവക കാന്തി ഞാനണഞ്ഞിടാൻ
കൊതികൊള്ളുന്നെന്നുള്ളം അനുദിനവും
ദേവ! കാർമുകിലാകവെ നീക്കണെ
മാരിവില്ലിൻ ഒളി ഇന്നും വീശണേ - ഹാ എത്ര

# 59

ഇനിയെങ്ങനെയീഭൂവാസം
തുടർന്നിടുമിതെന്തു പ്രയാസം?

1 ഈ ലോകമാം കടൽ കാറ്റടിച്ച്
കല്ലോലമാലികളാലിളകി
വല്ലാതെയാവുകയാണതിനാൽ
സ്വർലോകനായക! നീ തുണയ്ക്ക- ഇനി

2 ദുഷ്കാലമാകയാൽ നാളുകളെ
തക്കത്തിലായുപയോഗിക്കുവാൻ
സുഗ്രാഹ്യമാക്കണം നിൻ വചനം
സ്വർഗ്ഗീയനായക! നീ തുണയ്ക്ക- ഇനി

3 ദൈവജനങ്ങളിലും ചിലരിൽ
നിർവ്യാജ സ്നേഹമകന്നു ഹൃദി
ദ്രവ്യാഗ്രഹം, പകയെന്നാദി
ദുർവ്യാധി പൂണ്ടവർ പിൻമാറി- ഇനി

4 എന്നേശു നായക! നീ വരണം
ഏകാധികാരിയായ് ഭൂഭരണം
എന്നേക്കുമായ് ഭരമേറ്റിടണം
എല്ലാ വിലാപവും മാറ്റിടണം- ഇനി

# 60

ഇദ്ധരയിലെന്നെ ഇത്രമേൽ സ്നേഹിപ്പാൻ
എന്തുള്ളു ഞാനപ്പനേ! - നിന്റെ ഉദ്ധാരണത്തെ ഞാൻ
ഓർത്തു ദിനംപ്രതി സന്തോഷിക്കുന്നത്യന്തം

1 പുത്രന്റെ സ്നേഹത്തെ ക്രൂശിൻമേൽ കാണുമ്പോൾ
ശത്രുഭയം തീരുന്നു - എന്നെ മിത്രമാക്കിടുവാൻ
കാണിച്ച നിൻകൃപ എത്ര മനോഹരമേ -

2 ശത്രുവാമെന്നെ നിൻപുത്രനാക്കിടുവാൻ
പുത്രനെ തന്നല്ലോ നീ - ദേവാ ഇത്ര മഹാസ്നേഹം
ഇദ്ധരയിലൊരു മർത്യനുമില്ല ദൃഢം -

3 നീചനരനാമീയേഴയെ സ്നേഹിച്ചീ
നീചലോകത്തിൽ വന്നു - യേശു നീചമരണം
മരിപ്പതിന്നായ് തന്നെ നീചന്മാർക്കേല്പിച്ചല്ലോ -

4 കൂട്ടം വെറുത്തു കുലവും വെറുത്തെന്നെ
കൂട്ടുകാരും വെറുത്തു - എന്നാൽ കൂട്ടായിത്തീർന്നെന്റെ
സ്വർഗ്ഗീയ സ്നേഹിതൻ കഷ്ടകാലത്തും വിടാ

5 മാതാപിതാക്കന്മാരെന്നെ വെടിഞ്ഞാലും
സന്താപമില്ലെനിക്കു - എന്റെ മാതാപിതാവെക്കാൾ
അൻപു തിങ്ങിടുന്നോരേശുവുണ്ട് എനിക്ക്

6 മുമ്പിലും പിമ്പിലും കാവലായ് നിന്നു നീ
മുമ്പിൽ നടക്കേണമേ - നിന്റെ ഇമ്പമുള്ള രാജ്യേ
വന്നു ചേരും വരെ അൻപോടു കാക്കണമേ

# 61

ഇന്നയോളം ദൈവമെന്നെ നടത്തി
ഇന്നയോളം ദൈവമെന്നെ പാലിച്ചു
ഇന്നയോളം ധരേ കാത്തു സൂക്ഷിച്ചതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ

1 ഘോരമായ കാറ്റിനാൽ വലഞ്ഞപ്പോൾ
ഭാരത്താലെൻ മാനസം തകർന്നപ്പോൾ
സാരമില്ലെന്നോതി തന്റെ മാറിനോടണച്ചതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ - ഇന്ന

2 കൂരിരുളിലായി ഞാൻ വലഞ്ഞപ്പോൾ
വേദനകളാലെ ഞാൻ കരഞ്ഞപ്പോൾ
തൻകരങ്ങളാലെ എന്നെ ആശ്വസിപ്പിക്കുന്നതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ - ഇന്ന

3 പാരിലെന്റെ വാസം തീർന്നു വേഗത്തിൽ
നേരിലെന്റെ പ്രിയനെ ഞാൻ കണ്ടിടും
തീരുമേയന്നാളിലെന്റെ സർവ്വദുഃഖഭാരവും
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ - ഇന്ന

# 62

ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ
അവൻ എന്നെന്നും മതിയായവൻ

1 എന്റെ പാപഭാരമെല്ലാം
തന്റെ ചുമലിൽ ഏറ്റുകൊണ്ട്
എനിക്കായ് കുരിശിൽ മരിച്ചു
എന്റെ യേശു എത്ര നല്ലവൻ - ഇന്ന

2 എന്റെ ആവശ്യങ്ങളറിഞ്ഞ്
ആകാശത്തിൻ കിളിവാതിൽ തുറന്ന്
എല്ലാം സമൃദ്ധിയായ് നൽകിടുന്ന
എന്റെ യേശു നല്ല ഇടയൻ - ഇന്ന

3 മനോഭാരത്താൽ വലഞ്ഞ്
മനോവേദനയാൽ നിറഞ്ഞ്

മനമുരുകി ഞാൻ കരഞ്ഞിടുമ്പോൾ
എന്റെ യേശു എത്ര നല്ലവൻ - ഇന്ന

4 രോഗ ശയ്യയിലെനിക്കു വൈദ്യൻ
ശോകവേളയിൽ ആശ്വാസകൻ
കൊടും വെയിലതിൽ തണലുമവൻ
എന്റെ യേശു എത്ര വല്ലഭൻ - ഇന്ന

5 ഒരു നാളും കൈവിടില്ല
ഒരുനാളും ഉപേക്ഷിക്കില്ല
ഒരു നാളും മറക്കുകില്ല
എന്റെ യേശു എത്ര വിശ്വസ്തൻ - ഇന്ന

6 എന്റെ യേശു വന്നിടുമ്പോൾ
തിരുമാർവ്വോടണഞ്ഞിടും ഞാൻ
പോയപോൽ താൻ വേഗം വരും
എന്റെ യേശു എത്ര നല്ലവൻ - ഇന്ന

# 63

1 ഇന്നലെകളിൽ എന്റെ കരം പിടിച്ചോൻ
ഇന്നു നടത്തുവാൻ ശക്തനാം ദൈവം
ആവശ്യങ്ങൾ എല്ലാം അറിഞ്ഞിടുന്ന
ആശ്രിത വത്സലൻ എൻ യേശുവേ

2 കടലിന്മേൽ നടകൊണ്ട എന്റെ നാഥാ
അഗ്നിയിൽ എനിക്കായ് നീ വെളിപ്പെട്ടല്ലോ
നീട്ടണേ കൃപയുടെ കരം ഇന്ന്
നിൻ ദാസൻ നിന്നിൽ ആനന്ദിപ്പാൻ

3 വേദനകൾ പാരിൽ ഏറിടുന്നേ
നീറുന്നെൻ മാനസം അനുദിനവും
സ്വാന്തനം ഏകുവാൻ എൻപ്രിയനേ
വാനമേഘത്തിൽ എഴുന്നെള്ളുന്നേ

4 ഉറവകൾ ഓരോന്നായ് അടഞ്ഞിടുമ്പോൾ
വറ്റിപ്പോകാത്ത നദി മുമ്പിൽ കാണുന്നേ
ഇല വാടിപ്പോകാത്ത വൃക്ഷത്തെപോലെ
പരനായ് ഉലകിൽ ഫലം ഏകുവാൻ?

# 64

ഇന്നുമെന്നും എന്നാശ്രയമായ്
ഇങ്ങിനീം യേശുമതിയാം
എന്നാധിയെല്ലാം ഒന്നായകന്നു
പോകുന്നു തൻ ചാരേ വരുമ്പോൾ

1 ഞാനാശ്രയിക്കും എൻ ദൈവമെന്നെ -
അനാഥനായ് കൈവിടുമോ?
കണ്ണീർ തുടച്ചും കൈകൾ പിടിച്ചും
കാത്തിടും കൺമണിപോലെ - ഇന്നു

2 ജീവൻ വെടിഞ്ഞയെൻ ജീവനാഥൻ
ജീവിക്കുന്നത്യുന്നതനായ്
അവനുണ്ടെനിക്കെല്ലാമായെന്നും
അവനിയിൽ കരുതുവാനായ് - ഇന്നു

3 കഷ്ടതകളിൽ മാറാത്ത നല്ല
കർത്താവെനിക്കുള്ളതിനാൽ
കലങ്ങാതെയുലകിൽ പുലരുന്നു ദിനവും
കൃപയാലെ ഹല്ലേലൂയ്യാ! - ഇന്നു

# 65

1 ഇന്നു കണ്ട മിസ്രേമ്യനെ കാണുകയില്ല
ഇന്നു വന്ന കഷ്ടമിനി വരികയില്ല (2)
ബാധ നിന്റെ കൂടാരത്തിൽ അടുക്കയില്ല (2)
നിന്റെ കാലുകൾ ഇടറുകില്ല (2) ഇന്നു

2 ചെങ്കടൽ പിളർന്നു വഴി നടത്തും
യോർദ്ദാൻ രണ്ടായിപിരിഞ്ഞു മാറും (2)
യെരിഹോ നിൻ മുമ്പിൽ ഇടിഞ്ഞു വീഴും
യേശുവിൻ നാമത്തിൽ നീ ആർത്തിടുമ്പോൾ (2) ഇന്നു

3 രോഗങ്ങൾ നിന്നെ ക്ഷീണിപ്പിക്കയില്ല
ശാപങ്ങൾ നിന്നെ തളർത്തുകയില്ല (2)
ആഭിചാരം യാക്കോബിന് ഫലിക്കയില്ല
ലക്ഷണങ്ങൾ യിസ്രായേലിനേൽക്കയില്ല (2) ഇന്നു

4 മലകളെ മെതിച്ചു നുറുക്കുമവൻ
കുന്നുകളെ തവിടുപൊടിയാക്കിടും (2)
സൈന്യത്തിൻ നായകൻ നിന്റെ കൂടിരിക്കുമ്പോൾ
മാനുഷ്യശക്തികൾ നിന്നെ തൊടുകയില്ല (2) ഇന്നു

# 66

ഇന്നീ മംഗലം ശോഭിക്കുവാൻ കരുണ ചെയ്ക
എന്നും കനിവുള്ള ദൈവമേ!
നിന്നടി കാനാവിൽ
മണിപ്പന്തൽ പണ്ടലങ്കരിച്ചു
അന്നു രസവീഞ്ഞുണ്ടാക്കി -
എന്നപോലിന്നേരം വന്നു

1 ആദിമുതൽക്കൻപു ധരിച്ചോൻ നരകുലത്തെ
ആണും പെണ്ണുമായി നിർമ്മിച്ചാൻ
നീതി വരം നാലും ഉരച്ചാൻ പെറ്റുപെരുകി
മന്നിടം വാഴ്കെന്നരുൾ ചെയ്താൽ
ആദമാദികൾക്കും അനുവാദമേകിയൊരു ദേവാ!
നീതിപരിപാലിച്ചേശുനാഥനന്നു മാനിച്ചൊരു -

2 സത്യസഭയ്ക്കനുകൂലനേ! സുന്ദരീസഭ -
യ്ക്കുത്തമനാം മണവാളനേ!

ചിത്തനാഥനന്ത നാഥനേ!
പഴുതണുവും അറ്റദേവനേശുനാഥനെ!
ഒത്തപോൽ ഗുണാധികാരം എത്തി മോദമായ് സുഖിച്ചു
പാപമുക്തിയോടു പുത്രഭാഗ്യവും കൊടുക്കുമാറു

3 ഉത്തമസ്ത്രീയായ ബാലയെ തിരഞ്ഞബ്രാമിൻ
ഭൃത്യവരൻ ചെയ്തവേലയെ
ത്വൽതുണ തുടർന്നപോലെയെ
ഇവിടെയും നീ ചേർത്തരുളിവർ കരങ്ങളെ
നല്ല മണവാളൻ തനിക്കുള്ള മണവാട്ടിയുമായ്
കല്യമോദം ചേർന്നു സുഖിച്ചല്ലൽ വെടിഞ്ഞിടുവാനും

# 67

ഇന്നുപകൽ മുഴുവൻ കരുണ -
യോടെന്നെ സൂക്ഷിച്ചവനേ!
നന്ദിയോടെ തിരുനാമത്തിന്നു
സദാ വന്ദനം ചെയ്തിടുന്നേൻ

1 അന്നവസ്ത്രാദികളും സുഖം ബല -
മെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം പോറ്റിടുന്ന
ഉന്നതൻ നീ പരനേ

2 മന്നിടം തന്നിലിന്നും പലജനം
ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനു സുഖം
തന്ന കൃപ വന്ദനീയം പരനേ

3 തെറ്റു കുറ്റങ്ങളെന്നിൽ വന്ന -
തളവറ്റ നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കണമേ അടിയാനെ
ഉറ്റു സ്നേഹിപ്പവനേ-

4 എൻ കരുണേശനുടെ ബലമെഴും
തങ്കനാമമെനിക്കു
സങ്കേതപട്ടണമാം അതിലഹം
ശങ്കയെന്യേ വസിക്കും -

5 വല്ലഭൻ നീയുറങ്ങാതെ നിന്നെന്നെ
നല്ലപോൽ കാത്തിടുമ്പോൾ
ഇല്ല രിപഗുണങ്ങൾക്കധികാര -
മല്ലൽ പെടുത്തിടുവാൻ -

6 ശാന്തതയോടു-കർത്താ തിരുമുൻപിൽ
ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ തിരു -
കാന്തി കണ്ടുല്ലസിപ്പാൻ

# 68

ഇന്നു നീ ഒരിക്കൽ കൂടി
ദൈവവിളി കേട്ടല്ലോ
രക്ഷിതാവു സ്നേഹത്തോടെ
കാത്തിരിക്കുന്നുണ്ടല്ലോ

ഇന്നു തന്നെ യേശു നിന്നെ
രക്ഷിപ്പാനായ് കാക്കുന്നു
ഭയം വേണ്ടാ, ശങ്കിക്കേണ്ടാ
വാ ഇന്നവങ്കൽ നീ

1 എത്രനാൾ വ്യഥാവായ് ഓടി
മനുഷ്യാ, നിൻ ജീവിതം
ലോകത്തിന്റെ ഇമ്പം തേടി
പാഴിലാക്കി ഈവിധം

2 കൈക്കൊള്ളാതെ തള്ളുമെന്നു
ഒട്ടും വേണ്ടാ സംശയം

രക്ഷിതാവു നിന്നെയിന്നു
സ്വന്തമാക്കി തീർത്തിടും

# 69

1 ഇമ്മാനുവേൽ തൻ ചങ്കതിൽ നിന്നൊഴുകും രക്തം
പാപക്കറ നീങ്ങുമതിൽ മുങ്ങി തീർന്നാൽ ആരും

എൻ പേർക്കേശു മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു
പാപം എന്നിൽ നിന്നു നീക്കാൻ യേശു രക്തം ചിന്തി

2 കള്ളൻ ക്രൂശിൽ പാപശാന്തി കണ്ടീയുറവയിൽ
അവനെപ്പോൽ ഞാനും ദോഷി കണ്ടേൻ പ്രതിശാന്തി

3 കുഞ്ഞാട്ടിൻ വിലയേറിയ രുധിരത്തിൽ ശക്തി
വീണ്ടുകൊള്ളും ദൈവസഭ ആകെ വിശേഷമായ്

4 തൻ മുറിവിൽ രക്തനീർ ഞാൻ കണ്ടന്നുമുതൽ തൻ
വീണ്ടെടുപ്പിൻ സ്നേഹം താനെൻ ചിന്ത ഇന്നുമെന്നും

5 വിക്കുള്ള എന്റെ ഈ നാവു ശവക്കുഴിക്കുള്ളിൽ
മൗനം എന്നാൽ എന്നാത്മാവും പാടും ഉന്നതത്തിൽ

# 70

1 ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം
പരത്തിലേക്കുയരും നാൾ വരുമല്ലോ
വിശുദ്ധന്മാരുയിർക്കും പറന്നുയരും വേഗം
വന്നിടും കാന്തന്റെ മുഖം കാണ്മാൻ

വാനസേനയുമായ് വരും പ്രിയൻ
വാനമേഘേ വരുമല്ലോ
വരവേറ്റം സമീപമായ് ഒരുങ്ങുക സഹജരേ
സ്വർഗ്ഗീയ മണവാളനെ എതിരേല്പാൻ

2 അവർ തന്റെ ജനം താൻ അവരോടു കൂടെ
വസിക്കും കണ്ണീരെല്ലാം കൂടെ തുടച്ചിടും നാൾ
മൃത്യുവും ദുഃഖവും മുറവിളിയും നിന്ദ
കഷ്ടതയുമിനി തീണ്ടുകില്ല -

3 കൊടുങ്കാറ്റലറിവന്നു കടലിളകിടിലും
കടലലകളിലെന്നെ കൈവിടാത്തവൻ
കരംതന്നു കാത്തുസൂക്ഷിച്ചരുമയായി തന്റെ
വരവിൻ പ്രത്യാശയോടെ നടത്തിടുമേ -

4 തൻ കൃപകളെന്നുമോർത്തു പാടിടും
തന്റെ മുഖശോഭ നോക്കി ഞാൻ ഓടിടും ഞാൻ
പെറ്റ തള്ള തൻ കുഞ്ഞിനെ മറന്നിടിലും
എന്നെ മറക്കാത്ത മന്നവൻ മാറാത്തവൻ -

5 രാപ്പകലും ഒന്നായ് വന്നിടുമേ നാം
രാത്രി വരും മുമ്പെ വേല തീർത്തിടുക
രാത്രി നമ്മെ വിഴുങ്ങുവാനടുത്തീടുമ്പോൾ
വാനിൽ നീതിസൂര്യൻ നമുക്കായുദിച്ചീടുമേ

# 71

1 ഈ ഗേഹം വിട്ടുപോകിലും
ഈ ദേഹം കെട്ടുപോകിലും
കർത്തൻ കാഹളനാദത്തിൽ
ഒത്തു ചേർന്നിടും നാമിനി

2 വിൺഗേഹം പൂകിടുമന്നു
വിൺദേഹം ഏകിടുമന്നു
കർത്തൻ കാഹളനാദത്തിൽ
ഒത്തുചേർന്നിടും നാമിനി

3 കൂട്ടുകാർ പിരിഞ്ഞിടും
വീട്ടുകാർ കരഞ്ഞിടും

കർത്തൻ കാഹളനാദത്തിൽ
ഒത്തുചേർന്നിടും നാമിനി

4 വേണ്ട ദു:ഖം തെല്ലുമേ
ഉണ്ടു പ്രത്യാശയിൽ ദിനം
കർത്തൻ കാഹളനാദത്തിൽ
ഒത്തുചേർന്നിടും നാമിനി

5 കഷ്ടം ദു:ഖം മരണവും
മാറിപോയിടുമന്ന്
കർത്തൻ കാഹളനാദത്തിൽ
ഒത്തുചേർന്നിടും നാമിനി

6 കോടാകോടി ശുദ്ധരായി
പ്രിയൻകൂടെ വാഴുവാൻ
കർത്തൻ കാഹളനാദത്തിൽ
ഒത്തുചേർന്നിടും നാമിനി

# 72

ഈ പരിജ്ഞാനം ആശ്ചര്യദായകമേ
അറിയുന്ന ശോധന ചെയ്തെന്നേ നാഥൻ (1)

1 ഇരിക്കുന്നതും ഞാൻ എഴുന്നേൽക്കുവതും
കർത്താവു കാണുന്നു ഗ്രഹിക്കുന്നു
കർത്തനെൻ ഹൃദയനിരൂപണം
ഓ... ദൂരത്തുനിന്നു തന്നേ ഇതത്ഭുതം (2)

2 സ്വർഗ്ഗീയ താതാ നിൻ ആത്മാവേ വിട്ടു ഞാൻ
എവിടെ പൊയ് മറഞ്ഞീടും
പാതാള ദേശവും നിന്മുമ്പിൽ നഗ്നം (2)
ഓ...ഓ... സ്വർഗ്ഗേ ഗമിക്കുകിൽ അവിടുണ്ടു നാഥൻ (2)

3 തിരമാലകളെ തരണം ചെയ്താശു
പറന്നു ഞാൻ സമുദ്രത്തിൽ

അറ്റത്തു പാർക്കുകിൽ അവിടുണ്ടു നാഥൻ (2)
ഓ...ഓ... ഇരുളിലൊളിച്ചു മറവാനസാദ്ധ്യം

4 അന്തരംഗങ്ങൾ അഖിലം നിൻ കൈ താൻ
സൃഷ്ടിച്ചതും നാഥാ
എൻ മാതൃജഡരക്തത്തിൽ എന്നേ മെനഞ്ഞവൻ (2)
അത്ഭുതകരനാം സൃഷ്ടാവേ സ്തോത്രം (2)

5 നിയമിക്കപ്പെട്ട നാളുകൾക്കെല്ലാം
മുന്നമേ നീ നാഥാ
എൻ കാര്യം ഒക്കെയും നിൻ പുസ്തകത്തിൽ (2)
എഴുതിയിരുന്നു ഹാ വിസ്മയം - ഹാ (2)

6 ഇപ്പോൾ യഹോവേ വ്യസനത്തിൻ മാർഗ്ഗങ്ങൾ
അടിയനുണ്ടെന്നാകിൽ അവയൊക്കെ നീക്കി
ശാശ്വതമാർഗ്ഗത്തിൽ (2)
നടത്തേണം നാഥാ നിനക്കു മഹത്വം (2)

# 73

ഈ ധരിത്രിയിൽ എന്നെ പരിപാലിപ്പാൻ-പരൻ
അരികിലുണ്ടെന്നും പിരിഞ്ഞിടാതെ

1 എൻ ബലവും അവലംബവും താൻ
സങ്കേതവുമെന്റെ കോട്ടയുമേ
ആകയാൽ ഞാൻ ധൈര്യമോടെ
ഹാ! എന്നും പാർക്കുന്നവൻ മറവിൽ - ഈ

2 താവക പാലനമീയുലകിൽ
രാവിലും പകലിലും നൽകിയെന്നെ
കാവൽ ചെയ്തു കാക്കും മരു -
പ്രവാസം തീരുന്നതുവരെയും - ഈ

3 തന്നിടുമഖിലവുമെന്നിടയൻ
അന്നന്നു വേണ്ടതെന്തെന്നറിഞ്ഞ്

സാന്ത്വനപ്രദായകമാം
തൻ മൊഴിയെൻ വിനയകറ്റും - ഈ

4 ക്രൂശിലോളമെന്നെ സ്നേഹിച്ചതാൽ
നിത്യതയിൽ ചെന്നു ചേരുവോളം
തന്റെ സ്നേഹമെന്നിലെന്നും
കുറഞ്ഞിടാതെ തുടർന്നിടുമേ - ഈ

5 ദൈവിക ചിന്തകളാലെ ഹൃദി-
മോദമിയന്നു നിരാമയനായ്
ഹല്ലേലൂയ്യാ പാടി നിത്യം
പ്രത്യാശയോടെ വസിച്ചിടും ഞാൻ - ഈ

# 74

ഈ പാരിൽ നാം പരദേശികളാം
നമ്മുടെ പൗരത്വമോ സ്വർഗത്തിലാം
നമ്മൾ സൗഭാഗ്യവാന്മാർ

1 മാനവൻ നേടും മഹിമകളോ
മാഞ്ഞിടുന്നെന്നാൽ മരിച്ചുയിർത്ത
മന്നവനെന്നും മഹാൻ! ഈ

2 ദേശമെങ്ങും പോയിനി നമ്മൾ
യേശുവിൻ നാമം ഉയർത്തിടുക
കുരിശിൽ മരിച്ചു ജയം വരിച്ച
ക്രിസ്തുവിൻ സേനകൾ നാം ഈ

3 അവനിയിൽ നാമവനായിട്ടിന്നു
അപമാനമേല്ക്കിൽ അഭിമാനമാം
ക്രിസ്തുവിലെന്നും നമുക്കു ജയം
ജയം ജയം ഹല്ലേലൂയ്യാ! ഈ

4 തന്നരികിൽ വിൺപുരിയിൽ നാം
ചെന്നിടുമന്നു പ്രതിഫലം താൻ

തന്നിടുമൊന്നും മറന്നിടാതെ
ആ നല്ല നാൾ വരുന്നു! ഈ

# 75

1 ഈ വഴി വളരെ ഇടുക്കം ഞെരുക്കം
ആരിതു കടന്നീടുമോ?
കൂട്ടുകാർ ചുരുക്കം സഹായികൾ ചുരുക്കം
ഹാ! ഇതല്ലോ മോക്ഷ വഴി

കഷ്ടതകൾ തീർക്കുവാൻ
സിദ്ധന്മാരെ ചേർക്കുവാൻ
പെട്ടെന്നേശു വന്നീടുമേ
മുട്ടുകൾ തീർത്തിടും കണ്ണുനീർ
തുടയ്ക്കും ദു:ഖമെല്ലാം തീർത്തിടുമേ

2 ആരുള്ളു ചാരുവാൻ എൻ മണവാളനൊഴികെ
ഞെരുക്കമുള്ളീ മരുവിൽ
ആവശ്യം വളരെ തൻ വാഗ്ദത്തം ഉണ്ടല്ലോ
ആയതെല്ലാം സത്യമല്ലോ

3 മരണം വരെയും തിരുരക്തത്താലും
തിരുവചനം വഴിയും
പരിശുദ്ധാത്മാവിലും പരിശുദ്ധമാകണം
കറ തീരെ ഇല്ലാതെ-

4 ഞാൻ കുറയുന്നെങ്കിലോ
യേശു എന്നിൽ വളരട്ടെ മഹത്വം അവനിരിക്കട്ടെ
ഞാനവനായ് ചാകണം എങ്കിലോ വേണ്ടില്ല
ആയിരങ്ങൾ ജീവിക്കട്ടെ

5 കണ്ണുനീരിൽ താഴ്‌വര നിന്ദകൾ കുറവില്ല
എങ്കിലുമുണ്ടാശ്വാസം

യേശുവിൻ സാക്ഷ്യവും സത്യവചനവും
മാത്രമല്ലൊ വരുത്തുന്നിത് -

6 കൂട്ടുകാർ ദുഷിക്കട്ടെ നാട്ടുകാർ പഴിക്കട്ടെ
യേശു ഇന്നും ജീവിക്കുന്നു
വിട്ടതും വെടിഞ്ഞതും യേശുവിൻ പ്രബോധനം
അനുസരിച്ചാണല്ലോ ഞാൻ

7 കൂലിക്കാരനല്ല ഞാൻ യേശുവിൻ സ്ഥാനാപതി
തെരഞ്ഞെടുക്കപ്പെട്ടവൻ ഞാൻ രാജകീയ പുരോഹിതൻ
വിശുദ്ധവംശക്കാരൻ ഞാൻ
സ്വന്തക്കാരനാണല്ലോ ഞാൻ-

# 76

1 ഉണരുക സഭയെ ഉയർത്തുക ശിരസ്സെ
മണവാളൻ വരവേറ്റം അടുത്തുപോയ് ഒരുങ്ങീടുക
തളരാതെ വാനവിരിവിൽ നാം
ചിറകടിച്ചുയർത്തീടുവാൻ ആത്മപുതുബലം ധരിച്ചീടുക -

2 മരുഭൂവിൽ നിന്നു പ്രിയന്മേൽ ചാരി
മോഹനരൂപിയായ് വരുന്നതാം ഇവളാരോ
പാർത്തലേ കഷ്ടം സഹിച്ച - തന്റെ
പരിശുദ്ധമണവാട്ടിയാം നിത്യസഭയിതെന്നറിഞ്ഞീടുക

3 പറന്നീടുമേ ഞാൻ മറന്നീടുമേ - എന്റെ
മന്നിലെ കഷ്ടങ്ങളഖിലവും ഒരു ദിനത്തിൽ
കണ്ണുനീർ തുടച്ചീടുമേ - പ്രിയൻ
പ്രതിഫലം നൽകീടുമേ ഞാൻ യുഗായുഗം വാണീടുമേ

4 വരങ്ങളാൽ നിറഞ്ഞും ഫലങ്ങളാൽ വളർന്നും
അരുമമണവാളൻ വരവിങ്കൽ ഗമിച്ചീടുവാൻ
ഒരുക്കങ്ങൾ തികച്ചീടുക നിന്റെ
ദീപങ്ങൾ തെളിച്ചീടുക എണ്ണപ്പാത്രങ്ങൾ നിറച്ചീടുക

5 രാത്രി കഴിവാറായ് പകലേറ്റം അടുത്തു
മാത്രനേരത്തിനുള്ളിൽ കർത്തനുമെഴുന്നള്ളറായ്
വീരരേ ഉറങ്ങുകയോ - സീയോൻ
യാത്രയിൽ മയങ്ങുകയോ - നാം ധീരരായ് ഗമിച്ചിടുക

# 77

1 ഉണരുക സോദര നേരമായിതേ
ജീവിത നിദ്രയിൽ മുഴുകിടാതെ
ഇന്നല്ലോ രക്ഷാദിനം സുപ്രസാദത്തിൻ കാലം
ഒരുങ്ങി നിന്നിടുവിൻ ജയവീരരായ്

വാനം മുഴങ്ങിടുമേ ഭൂമി നടുങ്ങിടുമേ
ദൂതർ പാടിടുമെ കർത്തൻ വീണ്ടും വരവിൽ
ദിവ്യതേജസ്സെഴും സ്വർഗ്ഗരാജ്യമതിൽ
നിത്യജീവൻ നൽകി നമ്മെ ചേർത്തിടുമേ

2 കാൽവറി മേട്ടിലെ മരക്കുരിശേ
ദിവ്യമാം ത്യാഗത്തിൻ പ്രതീകമല്ലോ
എന്നും നാം ജീവിപ്പാനായ് തൻ ജീവൻ നൽകിടുമേ
വല്ലഭനാം യേശു വരും വേഗത്തിൽ

3 തിരിച്ചിടുമേ അവൻ ഇരുഭാഗമായ്
വിധിച്ചിടുവാൻ ന്യായപാലകനായ്
നീ അതിജീവിക്കുമോ കുഞ്ഞാട്ടിൻ രക്തത്താലെ
നിന്നീടുമോ നീയും അവൻ ചാരെ

# 78

ഉണർവരുൾക ഇന്നേരം ദേവാ!
ആത്മതേജസ്സിനാലേ മേവാൻ
ഈ യുഗാന്ത്യവേളയിൽ
വാനിൽ നിന്നു ഞങ്ങളിൽ

1 താവക തൂമുഖത്തിൻ ദർശനം
ദാസരിൽ നൽകുക
ദൂതവൃന്ദം സാദരം വാഴ്ത്തിടും
ആശിഷദായകാ!
ഹല്ലേലുയ്യാ പാടുവാൻ
അല്ലൽ പാടെ മാറുവാൻ
ദയ തോന്നേണമേ സ്വർഗ്ഗതാതാ!

2 ആണ്ടുകൾ ആകവെ തീർന്നിടും
ആയതിൻ മുന്നമേ
നാഥാ! നിൻ കൈകളിൽ
വേലയെ ജീവിപ്പിക്കേണമേ
നിന്നാത്മാവിലാകുവാൻ
നിത്യാനന്ദം നേടുവാൻ
കൃപയേകണമേ സ്വർഗ്ഗതാതാ!

3 ആദിമസ്നേഹവും ജീവനും
ത്യാഗവും മാഞ്ഞുപോയ്
ദൈവവിശ്വാസമോ കേവലം
പേരിനു മാത്രമായ്
വന്നാലും നിന്നാലയെ
തന്നാലും ജീവാവിയെ
തവ വാഗ്ദത്തംപോൽ സ്വർഗ്ഗതാതാ!

4 കാഹളനാദവും കേൾക്കുവാൻ
ആസന്ന കാലമായ്
വാനിൽ നീ വേഗത്തിൽ ശോഭിക്കും
ആത്മമണാളനായ്
നിൻ വരവിൻ ലക്ഷ്യങ്ങൾ
എങ്ങുമെ കാണുന്നെഞങ്ങൾ
ഒരുക്കീടേണമേ സ്വർഗ്ഗതാതാ!

# 79

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരുസവിധേ
നാഥാ -നിന്റെ വൻകൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കു

1 ദേശമെല്ലാം ഉണർന്നിടുവാൻ
യേശുവിനെ ഉയർത്തിടുവാൻ
ആശിഷമാരി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

3 തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ശാശ്വത ശാന്തി അയയ്ക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിന്മേൽ

# 80

1 ഉണരുക നീയെന്നാത്മാവേ ചേരുക
യേശുവിന്നരികിൽ നീ
തുണയവനല്ലാതാരുള്ളീ
ഏഴകൾ നമ്മെ പാലിപ്പാൻ

2 പുതിയൊരു നാൾ നമുക്കണഞ്ഞു
വന്നു എങ്ങനെ നാമിന്നു ജീവിച്ചിടും
ഖേദത്തിൻ തിരകളാലലഞ്ഞിടാതെ
യേശുവെ നോക്കി നാം ജീവിക്കണം

3 പോയൊരു ദിവസം അതുപോലെ
ഭൂവിലെ വാസവും നീങ്ങിപ്പോം
നീയതു ധ്യാനിച്ചീശങ്കൽ -
ആശ്രയം പുതുക്കണമീക്ഷണത്തിൽ

4 വീടുമില്ലാരുമില്ലൊന്നുമില്ലി
ലോകത്തിലെനിക്കെന്നോർക്കുക നീ
വിട്ടകലും നീയൊരു നാളിൽ
ഉണ്ടെന്നു തോന്നുന്ന സകലത്തെയും

5 നിത്യസൗഭാഗ്യങ്ങളനുഭവിപ്പാൻ
സ്വർഗ്ഗത്തിൽ നമുക്കുള്ള വീടു മതി
നിത്യജീവാമൃതമോദമണിഞ്ഞപ്പന്റെ
മടിയിൽ വസിക്കരുതോ

6 സ്നേഹിതർ നമുക്കുണ്ട് സ്വർഗ്ഗത്തിൽ
ദൈവത്തിൻ ദൂതരും പരിശുദ്ധരും
സ്നേഹം കൊണ്ടേശുവെ വാഴ്ത്തിപ്പാടാം
അവിടെ നമുക്കെന്നും പാടരുതോ

7 ക്രിസ്തന്റെ കാഹളം ഊതും ധ്വനി
കേൾക്കുമോ ഈ ദിനമാരറിഞ്ഞു
വിശ്രമവാസത്തിലാകുമോ നാം
ഏതിനും ഒരുങ്ങുകെന്നാത്മാവേ

# 81

ഉണ്ടെനിക്കായൊരു മോക്ഷവീട്
ഇണ്ടലകന്നു ഞാൻ വാഴുമങ്ങ്
ദൈവമുണ്ട് അങ്ങു പുത്രനുണ്ട്
ആത്മാവുണ്ട് ദൈവദൂതരുണ്ട്

1 കൂടാരമാകുന്ന എൻ ഭവനം
വിട്ടകന്നാലെനിക്കേറെ ഭാഗ്യം
കൈകളാൽ തീർക്കാത്ത മോക്ഷവീട്ടിൽ
വേഗമായിട്ടങ്ങു ചെന്നുചേരും -

2 കർത്തനേശു തന്റെ പൊൻകരത്താൽ
ചേർത്തിടുമായതിലെന്നെയന്ന്

ഒട്ടുനാൾ കണ്ണുനീർപെട്ടതെല്ലാം
പെട്ടെന്നു നീങ്ങിടുമേ തിട്ടമായ് -

3 പോകാമെനിക്കെന്റെ രക്ഷകന്റെ
രാജ്യമതിനുള്ളിൽ വാസം ചെയ്യാം
രോഗം ദു:ഖം പീഡയൊന്നുമില്ല
ദാഹം വിശപ്പുമങ്ങൊട്ടുമില്ല -

4 ഈവിധമായുള്ള വീട്ടിനുള്ളിൽ
പാർക്കുവാനെന്നുള്ളം വാഞ്ഛിക്കുന്നു
എന്നു ഞാൻ ചെന്നങ്ങു ചേരുമതിൽ
പിന്നീടെനിക്കാപത്തൊന്നുമില്ല -

5 നൊടിനേരത്തേക്കുള്ള ലഘുസങ്കടം
അനവധി തേജസ്സിൻ ഭാഗ്യം തന്നെ
കണ്ണിനു കാണുന്നതൊന്നുമില്ല
കാണപ്പെടാത്തൊരു ഭാഗ്യം തന്നെ

# 82

ഉദയനക്ഷത്രം വാനിൽ ഉദിച്ചിടാറായ്
പ്രഭയേറും പ്രഭാവം ഇങ്ങടുത്തിടാറായ്
തിരുസഭയേ വേഗമുണർന്നിടുക
രാജാധിരാജനെ എതിരേല്ക്കുവാൻ

1 ഇരുളേറും ഈ ലോകയാത്രയിൽ നാം
ഇരുളിന്റെ പ്രവൃത്തികൾ ഉരിഞ്ഞിടുക
ലോകമോഹങ്ങൾ മുറ്റും പരിത്യജിക്കാം
രാക്കാലം തീരാറായ് പകൽ വരുന്നേ

2 ഇഹത്തിലെ ദുരിതങ്ങൾ സാരമാക്കേണ്ട
മഹത്തായ പ്രതിഫലം നമുക്കുണ്ടല്ലോ
ദൈവഭയത്തിൽ വിശുദ്ധരായ് തീരാം
തൻ വേലയിൽ വർദ്ധിച്ചു വന്നിടാം

3 കണ്ണുനീർ നെടുവീർപ്പും നീങ്ങിടുമേ
കർത്താവിനോട് നാം ചേർന്നിടുമ്പോൾ
അണച്ചീടുമേ തൻ പൊൻ തിരുമാർവ്വിൽ
ആമോദപൂർണ്ണരായ് നാം കൂടെ വാണിടും

4 വിശുദ്ധനിനിയും തന്നെ വിശുദ്ധീകരിക്കട്ടെ
നീതി ചെയ്യുന്നോനധികം നീതി ചെയ്യട്ടെ
മാലിന്യം വാട്ടം കറകളേൽക്കാത്ത
മണവാട്ടിയായ് നാമൊരുങ്ങിടാം

# 83

1 ഉന്നതൻ ശ്രീയേശു മാത്രം എന്നും
വന്ദിതൻ സ്തുതിക്കു പാത്രം
എണ്ണമറ്റ മനുഗോത്രം വിണ്ണിൽ
ചേർന്നു പാടും സ്തോത്രം

ഓ - രക്ഷിതരാം ദൈവജനമേ -
നാം രക്ഷയുടെ പാത്രമെടുത്തു
ദിവ്യ രക്ഷകനേശുവിനെ
എക്ഷണവും പാടി സ്തുതിക്കാം

2 ജീവൻ തന്ന സ്നേഹിതനാം
സർവ്വ ശ്രേഷ്ഠനാം പുരോഹിതനാം
ജീവനായകൻ നമുക്കായ് -
ജീവിക്കുന്നത്യുന്നതനായ്

3 നിത്യജീവ ജലപാനം -
യേശുക്രിസ്തുനാഥൻ തന്ന ദാനം
ദിവ്യനാമ സ്തുതി ഗാനം -
നമ്മൾ നാവിൽ നിറയേണം

4 സ്തുതികൾ നടുവിൽ വാഴും
തന്റെയരികളിൽ തല താഴും

പാപികളെല്ലാരും കേഴും
പാദമതിൽ വന്നു വീഴും

# 84

ഉന്നതൻ നീ അത്യുന്നതൻ നീ
നിന്നേപ്പോലൊരു ദൈവമില്ല (2)
അത്ഭുതവാൻ അതിശയവാൻ
നീ മാത്രമെൻ ദൈവമെന്നും (2)

1 നന്മയല്ലാതൊന്നും ചെയ്തിട്ടില്ലല്ലോ
നൻമ മാത്രമേ ഇനി ചെയ്കയുള്ളല്ലോ (2)
തിൻമയ്ക്കായൊന്നും ഭവിച്ചില്ലല്ലോ
നൻമയ്ക്കായ് കൂടി വ്യാപരിച്ചല്ലോ (2)

2 നടത്തിയ വഴികൾ ഓർത്തിടുമ്പോൾ
കരുതിയ കരുതൽ നിനച്ചിടുമ്പോൾ (2)
സ്തുതിക്കുവാനായിരം നാവു പോരായേ
എങ്കിലും ആവോളം ഞാൻ പാടി സ്തുതിക്കും (2)

# 85

1 ഉയിർപ്പിൻ ജീവനാൽ നിത്യജീവൻ നൽകും
കർത്താവിനോടുകൂടെയെൻ നിത്യവാസമാമെ

2 അവൻ ഇടംവിട്ടു ശരീരബദ്ധനായ്
ലോകെ അലഞ്ഞാലും ഞാനെൻ വീടോടടുക്കുമേ

3 എൻ പ്രിയൻ പാർപ്പിടം മനോഹര ഹർമ്മ്യം
മുത്തുകളാൽ നിർമ്മിതമാം പന്ത്രണ്ടു ഗോപുരം

4 കണ്ടാനന്ദിച്ചിടാം നിത്യമായ് വാണിടാം
എൻ ആത്മാവു വാഞ്ചിക്കുന്നേ ഞാൻ എന്നു ചേരുമോ

5 എൻ ആത്മാവാസമൊമൽ പിതൃഗൃഹത്തിൽ
പൊൻവാതിലുകൾ വിശ്വാസ - കൺകൾക്കത്രെ ശോഭിതം

6 ശുദ്ധരിൻ ശോഭനം അവകാശമാം ശാലേം
പ്രാപ്പിപ്പാൻ ആഗ്രഹത്താൽ വാഞ്ഛിക്കുന്നേ എന്നുള്ളം

7 എൻ അല്ലൽ തീർന്നു ഞാൻ ഹല്ലേലുയ്യാ! പാടും
മന്നവനാമേശുവിനോടു - കൂടെ വാണിടും

# 86

ഉയർത്തിടും ഞാൻ എന്റെ കൺകൾ
തുണയരുളും വൻഗിരിയിൽ
എൻ സഹായം വാനം ഭൂമി
അഖിലം വാഴും യഹോവയിൽ

1 യിസ്രായേലിൻ കാവൽക്കാരൻ
നിദ്രാഭാരം തൂങ്ങുന്നില്ല
യഹോവയെൻ പാലകൻ താൻ
ഇല്ലെനിക്കു ഖേദമൊട്ടും

2 ശത്രുഭയം നീക്കിയെന്നെ
മാത്രതോറും കാത്തിടുന്നു
നീതിയിൻ സദ്പാതകളിൽ
നിത്യവും നടത്തിടുന്നു

3 ശോഭയേറും സ്വർപ്പൂരിയിൻ
തീരമതിൽ ചേർത്തിടുന്നു
ശോഭിതപുരത്തിൻ വാതിൽ
എൻ മുമ്പിൽ ഞാൻ കണ്ടിടുന്നു

4 വാനസേന ഗാനം പാടി
വാണിടുന്നു സ്വർഗ്ഗസീയോൻ
ധ്യാനിച്ചിടും നേരമെന്റെ
മാനസം മോദിച്ചിടുന്നു

5 ഹല്ലേലുയ്യാ ഹല്ലേലുയ്യാ
ചേർന്നിടും ഞാൻ സ്വർഗ്ഗദേശേ
ഹല്ലേലുയ്യാ പാടി സർവ്വകാലവും
ഞാൻ വാണിടുവാൻ

# 87

***രീതി : അതിരാവിലെ തിരു***

1 ഉഷഃകാലം നാം എഴുന്നേല്ക്കുക
പരനേശുവെ സ്തുതിപ്പാൻ
ഉഷഃകാലം എന്താനന്ദം നമ്മൾ
പ്രിയനോടടുത്തിടുകിൽ

2 ഇതുപോലൊരു പ്രഭാതം
നമുക്കടുത്തിടുന്നു മനമേ
ഹായെന്താനന്ദം നമ്മൾ
പ്രിയനാശോഭ സൂര്യനായ് വരുന്നാൾ

3 നന്ദിയാലുള്ളം തുടിച്ചിടുന്നു
തള്ളയാമേശു കാരുണ്യം
ഓരോന്നോരോന്നായ് ധ്യാനിപ്പാനിതു
നല്ല സന്ദർഭമാകുന്നു

4 ഇന്നലെ ഭൂവിൽ പാർത്തിരുന്നവരെത്ര
പേർ ലോകം വിട്ടുപോയ്
എന്നാലോ നമുക്കൊരു നാൾകൂടെ
പ്രിയനെ പാടി സ്തുതിക്കാം

5 നഗ്നനായി ഞാൻ ലോകത്തിൽ വന്നു
നഗ്നനായ്ത്തന്നെ പോകുമേ
ലോകത്തിലെനിക്കില്ല യാതൊന്നും
എന്റെ കൂടന്നു പോരുവാൻ

6 ഹാ! എൻ പ്രിയന്റെ  പ്രേമത്തെയോർ
ത്തിട്ടാനന്ദം, പരമാനന്ദം
ഹാ! എൻ പ്രിയനാ പുതുവാന ഭൂദാനം
ചെയ്‌വതെന്താനന്ദം!

7 മരുവിൽ നിന്നു പ്രിയന്മേൽ ചാരി
വരുന്നോരിവളാരുപോൽ
വനത്തിൽ കൂടെ പോകുന്നേ ഞാനും
സ്വന്തരാജ്യത്തിൽ ചെല്ലുവാൻ

8 കൊടുങ്കാറ്റുണ്ടീ വനദേശത്തിൽ
പ്രിയനേ എന്നെ വിടല്ലേ
കൊതിയോടു ഞാൻ വരുന്നേയെന്റെ
സങ്കടമങ്ങു തീർക്കണേ

# 88

എൻ ഭവനം മനോഹരം എന്താനന്ദം വർണ്യാതീതം സമ്മോദകം
ദൂരെ മേഘപ്പാളിയിൽ ദൂരെ താരാപഥ വീചിയിൽ
ദൂതവൃന്ദങ്ങൾ സമ്മോദരായ് പാടീടും സ്വർഗ്ഗവീഥിയിൽ

പൊൺമണിമേടകൾ മിന്നുന്ന ഗോപുരം
പത്തും രണ്ടു രത്നക്കല്ലുകളാൽ തീർത്തതാം മന്ദിരം
കണ്ടെൻ കണ്ണുകൾ തുളുമ്പീടും ആനന്ദാശ്രു പൊഴിച്ചിടും

എൻ പ്രേമകാന്തനും മുൻപോയ ശുദ്ധരും
കരം വീശി വീശി മോദാൽ ചേർന്നു സ്വാഗതം ചെയ്തീടും
മാലാഖ ജാലങ്ങൾ നമിച്ചെന്നെ ആനയിക്കും എൻ
സ്വർഗഭവനമേ

എന്തു പ്രകാശിതം എന്തു പ്രശോഭിതം
ഹല്ലേലൂയ്യ പാടും ശുദ്ധർ ഏവം ആലയം പൂരിതം
ഞാനും പാടിടും ആ കൂട്ടത്തിൽ ലയിച്ചിടും യുഗായുഗേ...

# 89

എല്ലാ വാതിലും അടയുമ്പോൾ
എങ്ങും പാതകൾ ഇരുളുമ്പോൾ
യേശുവേ നിന്റെ വാതിലിൽ
മുട്ടുന്നു നാഥാ തുറക്കണേ
ശാശ്വതാനന്ദ പാതയിൽ
നിത്യവും എന്നെ നയിക്കണേ

1 മുട്ടുവിൻ വാതിൽ തുറന്നീടും
അന്വേഷിക്കുന്നോർ കണ്ടെത്തും
തന്ന വാഗ്ദാനം ഓർക്കണേ (എല്ലാ)

2 എൻ നുകം നിങ്ങൾ വഹിക്കുകിൽ
എന്നിൽ നിന്നെന്നും പഠിക്കുകിൽ
ആശ്വാസം നിങ്ങൾക്കേകിടാം
തന്ന വാഗ്ദാനം ഓർക്കണേ... (എല്ലാ)

# 90

എക്കാലത്തിലും ക്രിസ്തു മാറുകില്ല
എക്കാരണത്താലുമെന്നെ കൈവിടില്ല

1 ആരെ ഞാൻ വിശ്വസിക്കുന്നുവെന്ന
തറിയുവാനെന്നന്ത്യംവരെ
എന്നുപനിധിയെ സൂക്ഷിച്ചിടുവാൻ
തന്നുടെ കരങ്ങൾ കഴിവുള്ളതാം -

2 ഇന്നലേമിന്നുന്നേക്കുമവൻ
അനന്യൻ തൻകൃപ തീരുകില്ല
മന്നിൽ വന്നവൻ വിണ്ണിലുള്ളവൻ
വന്നിടുമിനിയും മന്നവനായ്

3 നിത്യവും കാത്തിടാമെന്ന നല്ല
വാഗ്ദത്തം തന്ന സർവ്വേശ്വരനാം
അത്യുന്നതന്റെ മറവിൽ വസിക്കും
ഭക്തജനങ്ങൾ ഭാഗ്യമുള്ളോർ

4 കളങ്കമെന്നിയെ ഞാനൊരിക്കൽ
പളുങ്കുനദിയിൻ കരെയിരുന്നു
പാടിസ്തുതിക്കും പരമനാമം
കോടികോടി യുഗങ്ങളെല്ലാം -

# 91

എങ്ങും പുകഴ്ത്തുവിൻ സുവിശേഷം
ഹാ മംഗള ജയ ജയ സന്ദേശം

1 നരഭോജികളെ നരസ്നേഹികളാ -
മുത്തമ സോദരരാക്കും
വിമല മനോഹര സുവിശേഷം - ഹാ

2 അജ്ഞാനാന്ധതയാകെയകറ്റും
വിജ്ഞാനക്കതിർ വീശും
വേദാന്തപ്പൊരുൾ സുവിശേഷം - ഹാ

3 ഭീകര സമര സമാകുലമാകും
ഭൂമിയിൽ ഭീതിയെ നീക്കും
ശാന്തി സന്ദായക സുവിശേഷം - ഹാ

4 വിമലജനേശുവിൻ വിശ്വസിച്ചീടുകിൽ
വിടുതലനാമയമരുളും
വിജയധ്വനിയീ സുവിശേഷം - ഹാ

5 കൃപയാലേതൊരു പാതകനെയും
പാവന ശോഭിതനാക്കും
പാപനിവാരണ സുവിശേഷം - ഹാ

6 നശിക്കും ലൗകീക ജനത്തിനുഹീനം
നമുക്കോ ദൈവീകജ്ഞാനം
കുരിശിൻ വചനം സുവിശേഷം - ഹാ

# 92

*രീതി : കണ്ണുനീർ താഴ്‌വരയിൽ*

1 എണ്ണിയാൽ തീർന്നിടുമോ വല്ലഭാ! നിൻകൃപകൾ
വർണ്ണിപ്പാൻ സാദ്ധ്യമല്ല മന്നവാ! നിൻവഴികൾ

എന്നും ഞാൻ സ്തുതിച്ചിടും എന്നും ഞാൻ പുക
ഴ്ത്തിടും
നിന്നുടെ കൃപകളെ ഞാൻ എന്നെന്നും പാടിടുമേ

2 ഏഴയാമെന്നെയും നീ ആഴമായ് സ്നേഹിച്ചതാൽ
ഊഴിയിൽ താണിറങ്ങി ഏഴയെ വീണ്ടെടുത്തു

3 പാപത്തിൻ ചേറ്റിൽ ഞാനും താപത്താൽ വലഞ്ഞ നേരം
വേഗത്തിൽ വന്നു എന്നെ സ്നേഹത്താൽ വീണ്ടെടുത്തു

4 വിശ്വാസ ജീവിതത്തിൽ ആശ്വാസദായകനായ്
വിശ്വത്തിലെന്നുമെന്നും കൂടെയിരിക്കുമവൻ

5 നിന്റെ മുഖം കണ്ടിടുവാൻ നിന്നോടു ചേർന്നിടുവാൻ
എന്നുള്ളം കൊതിച്ചിടുന്നേ എൻ പ്രിയാ! വന്നിടണേ!

# 93

എണ്ണി എണ്ണി സ്തുതിക്കുവാൻ
എണ്ണമില്ലാത്ത കൃപകളിനാൽ
ഇന്നയോളം തൻ ഭുജത്താൽ
നിന്നെ താങ്ങിയ നാമമേ

1 ഉന്നം വച്ച വൈരിയിൻ
കണ്ണിൻ മുൻപിൽ പതറാതെ

കണ്മണിപോൽ കാക്കും കരങ്ങളിൽ
നിന്നെ മൂടി മറച്ചില്ലേ? -

2 യോർദ്ദാൻ കലങ്ങി മറിയും
ജീവിത ഭാരങ്ങൾ
ഏലിയാവിൻ പുതപ്പെവിടെ
നിന്റെ വിശ്വാസശോധനയിൽ? -

3 നിനക്കെതിരായ് വരും
ആയുധം ഫലിക്കയില്ല
നിന്റെ ഉടയവൻ നിന്നവകാശം
തന്റെ ദാസരിൻ നീതിയവൻ -

# 94

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ! അതു
ചിന്തയിലടങ്ങാ - സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

1 ദൈവമേ നിൻ മഹാസ്നേഹമതിൽ വിധം
ആർക്കു ഗ്രഹിച്ചറിയാം - എനി -
ക്കാവതില്ലേയതിൻ ആഴമളന്നിടാൻ
എത്ര ബഹുലമതു!

2 ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിന്നെളുതോ - പതി -
നായിരത്തിങ്കലൊരംശം ചൊല്ലിടുവാൻ
പാരിലസാദ്ധ്യമഹോ!

3 മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന - ഏക -
ജാതനാമേശുവെ - പാതകർക്കായ് തന്ന
സ്നേഹമതിശയമേ

4 പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ് - സ്നേഹവാപിയേ
നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു -

5 ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ - എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും തവ
സ്നേഹമതുല്യമഹോ!

# 95

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം
എന്തുസന്തോഷമാം പുതുജീവിതം
സന്താപമേറുമീലോകെ ഞാനാകിലും
സ്വാന്തനം തരും ശുഭം -

1 ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം
വിശ്വാസ കാൽച്ചുവടിലത്രേ
തന്നീടുന്നെ സ്വർഗ്ഗഭണ്ഡാരത്തിൽ
നിന്നും ഒന്നിനും മുട്ടില്ലാത്തവണ്ണം
ആശയ്ക്കെതിരായ് ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം -

2 ആരു വെറുത്താലും ആരു ചെറുത്താലും
കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ -

3 ആരു സഹായിക്കും ആരു സംരക്ഷിക്കും
എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായ് കിടന്നാലും
ചാരും ഞാനേശുവിന്റെ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം
തൊട്ടു സുഖപ്പെടുത്തും -

4 ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ
ക്രിസ്തനെ വിട്ടു പോയിടുമോ
സുസ്ഥിരമല്ലാത്ത ലോകസ്നേഹത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ
നിത്യാനന്ദം ലഭ്യമേ -

# 96

എന്തു കണ്ടു ഇത്ര സ്നേഹിപ്പാൻ
ഇത്ര മാനിപ്പാൻ യേശുവേ
യോഗ്യനല്ല ഇതു പ്രാപിപ്പാൻ
ഇതു കൃപയതാൽ യേശുവേ...

പാപിയായിരുന്നൊരു കാലത്തും
അഭക്തനായൊരു നാളിലും - 2
ക്രൂശിന് ശത്രുവായ് ജീവിച്ചനാളിലും
നീ എന്നെ സ്നേഹിച്ചല്ലോ - 2 എന്തുകണ്ടു

രക്ഷയിൻ പദവിയാൽ വീണ്ടെന്നെ
ആത്മാവിൻ ദാനത്തെ നൽകി നീ - 2
തൻ മകനാക്കി നീ വൻ ക്ഷമയേകി നീ
സ്വാതന്ത്ര്യം ഏകിയതാൽ - 2 എന്തു കണ്ടു

ദൈവിക തേജസ്സാൽ നിറച്ചെന്നെ
തൻ മണവാട്ടിയായി മാറ്റി നീ - 2

സത്യത്തിൻ ആത്മാവാൽ
പൂർണ്ണമനസ്സിനാൽ അങ്ങയെ ആരാധിക്കും - 2
എന്തു കണ്ടു
സ്വർഗ്ഗീയ നാടവകാശമായ്
നിത്യമാം വീടെനിക്കൊരുക്കി നീ - 2
എന്നേയും ചേർക്കുവാൻ മേഘത്തിൽ വന്നിടും
ഭാഗ്യനാൾ ഓർത്തീടുമ്പോൾ - 2 എന്തു കണ്ടു

# 97

എന്തോരത്ഭുത പുരുഷൻ ക്രിസ്തു! -
തന്റെ മഹിമ നിസ്തുലം
ഇത്ര മഹാനായ് ഉത്തമനാകുമൊരു -
ത്തനെയുലകിൽ കാണുമോ

1 ഉന്നത ദൈവനന്ദനനുലകിൽ
വന്നിതു കന്യാജാതനായ്
ഇന്നോളമൊരാൾ വന്നില്ലിതുപോൽ -
തന്നവതാരം നിസ്തുലം

2 തല ചായ്പാനായ് സ്ഥലമില്ലാത്തോൻ
ഉലകമഹാന്മാർ മുമ്പിലും
തലതാഴ്ത്താതെ, നിലതെറ്റാതെ
നലമൊടു ജീവിച്ചത്ഭുതം

3 കുരുടർ കണ്ടു, തിരൂടർ വിരണ്ടു
ശാന്തത പൂണ്ടു സാഗരം
തെല്ലിരകൊണ്ടു ബഹുജനമുണ്ടു -
മൃതരുയിർപൂണ്ടു ക്രിസ്തനാൽ

4 കലുഷത ലേശം കാണുന്നില്ലീ!
മനുജനിലെന്നുരചെയ്തു ഹാ!

മരണമതിൻ വിധിയെഴുതിയതിവനെ
പ്രതി മാത്രം ഭൂവിയത്ഭുതം

5 പാറ പിളർന്നു പാരിളകുന്നു
പാവനമൃതരുയിരാർന്നു ഹാ!
കീറുകയായ് തിരശ്ശീലയും തൻ മൃതി -
നേരം സൂര്യനിരുണ്ടുപോയ്

6 ഭൂതലനാഥൻ തന്നുടെ മരണം
കാണുക ദുർവ്വഹമായതോ
ഭൂരിഭയം പൂണ്ടിളകുകയോയീ
പ്രകൃതികളഖിലമിതത്ഭുതം!

7 മൃതിയെ വെന്നവനുയിർത്തെഴുന്നേറ്റു
ഇതിനെതിരാരിന്നോതിടും?
ഹൃദിബോധം ലവമുള്ളോരെല്ലാം
അടിപണിയും തൻ സന്നിധൗ

8 ഒലിവെന്നോതും മലയിൽ നിന്നും
തിരുജനമരികിൽ നില്ക്കവേ
ചരണമുയർന്നു ഗഗനേ ഗതനായ്
താതന്നരികിലമർന്നു താൻ

9 ജയ ജയ നിസ്തുല ക്രിസ്തുരാജൻ
ജയ ജയ നിർമ്മലനായകൻ
ജയ ജയ ഘോഷം തുടരുക ജനമേ
ജയം തരും നാഥനു സ്തോത്രമേ

# 98

എന്തൊരൻപിതപ്പനേ! ഇപ്പാപിമേൽ
എന്തൊരൻപിതപ്പനേ!
അണ്ടർകോനേ! നീയി - ചണ്ഡാളദ്രോഹിയിൽ
കൊണ്ടോരൻപു പറയേണ്ടുന്നതെങ്ങനെ!

1 അൻപോലും തമ്പുരാനേ! നിന്റെ മഹാ -
അൻപുള്ളോരു മകനെ
ഇമ്പം നിറഞ്ഞുള്ള നിൻ മടിയിൽ നിന്നു
തുമ്പം നിറഞ്ഞ പാരിങ്കലയച്ചതും -

2 കണ്മണിയാം നിൻ മകൻ പൂങ്കാവിങ്കൽ
മണ്ണിൽ വീണിരന്നതും
പൊന്നിൻ തിരുമേനി തന്നിൽ നിന്നു ചോര
മണ്ണിൽ വീണതും നിൻ കണ്ണെങ്ങനെ കണ്ടു -

3 കരുണയറ്റ യൂദന്മാർ നിൻമകന്റെ
തിരുമേനിയാകെ നാഥാ!
കൊരടാവു കൊണ്ടടിച്ചുഴുത നിലമാക്കി
കുരിശിപ്പതിനായ് കുരിശെടുപ്പിക്കുന്നു

4 ദാഹം വിശപ്പുകൊണ്ടു തളർന്നു കൈ
കാൽകൾ കുഴഞ്ഞിടുന്നു
ദേഹമഴലുന്നു ദേഹിയുഴലുന്നു
സ്നേഹം പെരുകുന്നിപ്പാതകനോടയ്യോ!

5 ആകാശഭൂമിമദ്ധ്യേ - നിന്റെ
മകൻ ഹാ! ഹാ! തൂങ്ങിടുന്നയ്യോ
കാൽകരങ്ങളുടെ - ചോരയൊഴുകുന്നു
വേകുന്നു നിൻ കോപത്തീയിങ്കൽ വീണവൻ

6 ദൈവമേ! എൻ ദൈവമേ! എന്തുകൊണ്ടു
കൈവെടിഞ്ഞതെന്നെ നീ
ഏവമിതാ നിന്റെ ഏകമകൻ തന്റെ
വാവിട്ടലറുന്നു - നീ കേൾക്കിന്നില്ലൊട്ടും

7 ചങ്കുതുറന്നൊഴികിയതാം
രക്തത്തിങ്കലെന്നെ കഴുകി

പൊൻകരംകൊണ്ടു നടത്തിപ്പതുസാലേ
മിങ്കൽ ചേർക്ക യേശു സങ്കേതമേ എന്നെ -

8 ഇപ്പുഴവിനെയിത്ര സ്നേഹിപ്പതി -
ന്നപ്പനേ എന്തുള്ളു ഞാൻ
ഇപ്പുണ്യത്തിനടിയാനെന്തു ചെയ്യേണ്ടു?
അബ്ബാ പിതാവേ - മഹത്വം നിനക്കെന്നും

# 99

1 എന്തൊരു സ്നേഹമിത്!
നിണം ചൊരിഞ്ഞു മരിച്ചിടുവാൻ
ദൈവനന്ദനനീ നരരെക്കരുതി
ജഡമെടുപ്പതിനായ് - മനസ്സായ് -

അവൻ താഴ്ചയിൽ നമ്മളെ ഓർക്കുകയാൽ
തൻ പദവി വെടിഞ്ഞിതു ഹാ!

2 അത്ഭുത സ്നേഹമിത് നമുക്കാ -
ഗ്രഹിക്കാവതിലും
അവനപ്പുറമായ് ചെയ്ത സൽക്രിയയാ
മരക്കുരിശതിൽ കാണുന്നു നാം -

3 നിത്യമാം സ്നേഹമിത്
അവൻ ആദ്യം നമ്മെ സ്നേഹിച്ചു
അവസാനത്തോളമവൻ സ്നേഹിച്ചിടും
ഒരുനാളും കുറഞ്ഞിടുമോ -

4 നിസ്തുല സ്നേഹമിത്
ദൈവം പുത്രനെ കൈവെടിഞ്ഞു
തന്റെ ശത്രുക്കൾക്കായ് തകർക്കാൻ ഹിതമായ്
ഇതുപോലൊരു സ്നേഹമുണ്ടോ?

5 ദൈവത്തിൻ സ്നേഹമിത്
ദൈവം പുത്രനെയാദരിയാ -
തവനെത്തരുവാൻ മടിക്കാഞ്ഞതിനാൽ
തരും സകലമിനീം നമുക്കായ് -

6 ദിവ്യമാം സ്നേഹമിത് നരർ
കാട്ടിടും സ്നേഹമതിൽ
പല മാലിന്യം കലർന്നെന്നുവരാം -
എന്നാൽ കളങ്കമില്ലാത്തതിത് -

# 100

എന്തൊരാനന്ദമീ - ക്രിസ്തീയ ജീവിതം
ദൈവത്തിൽ പൈതലിൻ ജീവിതം

1 ഭീതിയുമില്ലെനിക്കാധിയുമില്ല
ഭൗതിക ചിന്താഭാരവുമില്ല
മമ താതനായ് സ്വർഗ്ഗനാഥനു -
ണ്ടവൻ മതിയെനിക്കേതൊരുവേളയിലും -

2 വ്യസനമില്ല നിരാശയുമില്ല
വരുവതെന്തെന്നാകുലമില്ല
എന്നേശു തൻ തിരുകൈകളി -
ലെന്നെ സന്തതമൻപൊടു കാത്തിടുന്നു -

3 മനുഷ്യനിൽ ഞാനാശ്രയിക്കില്ല
ധനത്തിലെൻ മനം ചായുകയില്ല
ഉയിർ പോംവരെ കുരിശേന്തി ഞാൻ
ഉലകിൽ മനുവേലനെയനുഗമിക്കും -

4 ആരിലെന്നാശ്രയമെന്നെനിക്കറിയാ -
മവനെന്നുപനിധിയൊടുവോളം കാക്കും
തന്നന്തികേ വരുമാരെയും
അവൻ തള്ളുകയില്ലൊരു വേളയിലും -

5 കൂടാരവാസം ഭൂവിലെൻ വാസം
പാരിടമോ പാർത്താൽ പരദേശം
പരൻ ശില്പിയായ് പണിയുന്നൊരു
പൂരമുണ്ടതു കാത്തു ഞാൻ പാർത്തിടുന്നു –

# 101

1 എത്ര നല്ല മിത്രം യേശു ഖേദ ഭാരം വഹിപ്പാൻ!
എത്ര സ്വാതന്ത്ര്യം നമുക്കു സർവ്വം ബോധിപ്പിക്കുവാൻ!
നഷ്ടമാക്കി സമാധാനം, ഭാരം ചുമന്നെത്ര നാം!
യേശുവോടു പറയായ്ക മൂലമത്രേ സർവ്വവും

2 ശോധനകൾ നമുക്കുണ്ടോ ക്ലേശമേതിലെങ്കിലും?
ലേശവും നിരാശ വേണ്ടാ യേശുവോടു പറയാം
കഷ്ടതയിൽ പങ്കുകൊള്ളും ശ്രേഷ്ഠമിത്രം യേശുവാം
നമ്മെ മുറ്റുമറിയുന്ന തന്നെയറിയിക്ക നാം

3 ഭാരം മൂലം ഞെരുങ്ങുന്നൊ? ക്ഷീണം വർദ്ധിക്കുന്നുവോ?
യേശുവല്ലയോ സങ്കേതം തൻമേൽ സർവ്വം വച്ചിടാം
സ്നേഹിതന്മാർ ഹസിക്കുന്നോ? യേശുവോടു പറക
തന്റെയുള്ളം കൈയിൽ നമ്മെ പാലിച്ചാശ്വസിപ്പിക്കും

# 102

1 എത്ര നല്ല സഖി യേശു പപഭാരം ചുമപ്പാൻ
പ്രാർത്ഥനയിൽ കർത്തൻ മുമ്പിൽ എല്ലാം സമർപ്പിച്ചിടാം
എത്ര സമാധാന നഷ്ടം എത്ര ദുഃഖം സഹിപ്പൂ
ദൈവമുമ്പിൽ പ്രാർത്ഥനയിൽ അടുത്തു വരായ്കയാൽ

2 പരിശോധന കഷ്ടങ്ങൾ പ്രശ്നങ്ങൾ നമുക്കുണ്ടോ?
കർത്തൻ സന്നിധിയിൽ ചെല്ലൂ അധൈര്യപ്പെടാതെ നാം
എല്ലാ ദുഃഖങ്ങളും വഹിപ്പാൻ ഇല്ല വേറെ സ്നേഹിതൻ
ചെല്ലൂ കർത്തൻ സന്നിധിയിൽ വല്ലഭൻ സഹായിക്കും

3 ഭാരമേറ്റും അദ്ധ്വാനിച്ചും ക്ഷീണിതനാണെങ്കിൽ നീ
യേശു നൽകും ആശ്വാസം തൻ സന്നിധി താനഭയം
സ്നേഹിതർ കൈവിട്ടാലുറ്റ സ്നേഹിതനാം ക്രിസ്തു താൻ
സ്നേഹകരങ്ങളിൽ കാക്കും സുസ്ഥിരമാം വിശ്രാമം

# 103

എത്രനല്ലവൻ എൻ യേശുനായകൻ
ഏതുനേരത്തും നടത്തിടുന്നവൻ
എണ്ണിയാൽ തീരാത്ത നന്മകൾ  തന്നവൻ
എന്നെ സ്നേഹിച്ചവൻ ഹാലേലുയ്യ...

1 നായകനവൻ നമുക്കു മുൻപിലായ്
നൽവഴികളെ നിരത്തിടുന്നവൻ
നന്ദിയാൽ പാടും ഞാൻ നല്ലവനേശുവെ
നാടെങ്ങും കീർത്തിക്കും നിൻമാഹാസ്നേഹത്തെ
(എത്ര നല്ലവൻ)

2 പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ
പൊന്മുഖം കണ്ടു ഞാൻ യാത്ര ചെയ്തീടുവാൻ
പൊന്നുനാഥൻ കൃപ നൽകണേ ദാസരിൽ
(എത്ര നല്ലവൻ)

# 104

എത്ര നല്ലവനേശുപരൻ
മിത്രമാണെനിക്കെന്നുമവൻ
നിൻ തിരുചിറകിൽ മറവിൽ ഞാനെന്നും
നിർഭയമായ് വസിക്കും
ഏതൊരു ഖേദവും വരികിലും എന്റെ
യേശുവിൽ ചാരിടും ഞാൻ

1 എന്നെ കരങ്ങളിൽ വഹിച്ചിടും താൻ
എന്റെ കണ്ണുനീർ തുടച്ചിടും താൻ
കൂരിരുൾ മൂടുമെൻ ജീവിതവഴിയിൽ
അനുഗ്രഹമായ് നടത്തും

2 എന്നെ വിളിച്ചവൻ വിശ്വസ്തനാം
എന്നും മാറാത്ത വല്ലഭനാം
ഇന്നെനിക്കാകയാലാകുലമില്ല
മന്നവനെൻ തുണയാം

3 ലോകസുഖങ്ങളെ ത്യജിച്ചിടും ഞാൻ
സ്നേഹനാഥനെ അനുഗമിക്കും
നിന്ദകൾ സഹിച്ചും ജീവനെ പകച്ചും
പൊരുതുമെന്നായുസ്സെല്ലാം

# 105

1 എത്ര ശുഭം എത്രമോഹനം സോദര -
രൊത്തുവസിപ്പതോർത്താൽ ഹാ! ഹാ!
സീയോൻ ഗിരിയതിൽ പെയ്യുന്ന മഞ്ഞുപോൽ
എത്ര മനോഹരമേ ഹാ! ഹാ!

2 ഏകപിതാവിന്റെ മക്കൾ നാം യേശുവിൽ
ഏകവകാശികൾ നാം ഹാ! ഹാ!
ഏകാത്മസ്നാനത്താൽ ഏകശരീരത്തി -
ന്നംഗങ്ങളായവർ നാം ഹാ! ഹാ!

3 ക്രിസ്തുവിൻ നിസ്തുല സ്നേഹച്ചരടതിൽ
കോർത്തുള്ള മുത്തുകൾ നാ ഹാ! ഹാ!
മൃത്യുവോ ജീവനോ ഒന്നുമേ നമ്മെ
വേർപെടുത്താവതല്ല ഹാ! ഹാ!

4 നാമിവിടിങ്ങനിരിപ്പതു നന്നാ -
ണെങ്കിലും സോദരരേ ഹാ! ഹാ!

താണിറങ്ങി ദൈവസേവ ചെയ്വാനായ്
പോകാം പിരിഞ്ഞിനി നാം ഹാ! ഹാ!

5 വിട്ടുപിരിയേണ്ട മന്നിൽ നാം കൂടുമ്പോൾ
ഇത്രസന്തോഷമെങ്കിൽ ഹാ! ഹാ!
വിട്ടുപിരിയാത്ത വീട്ടിൽ നാം എത്തുമ്പോൾ
എത്രയത്യാനന്ദമേ! ഹാ! ഹാ!

# 106

എത്രയോ ശ്രേഷ്ഠനായവൻ
ക്രിസ്തുതാനെന്നുറച്ചു പാടുവിൻ
നിത്യനാശം നീക്കിഭാഗ്യം
മർത്ത്യനേകുവാൻ കഴിഞ്ഞ ശക്തനാമവൻ

1 ശ്രേഷ്ഠരാംമനുജരൊക്കെ മൺമറഞ്ഞുപോം
മൃത്യുവെ ജയിച്ചുയിർത്തതേശുമാത്രമാം
നിത്യരാജൻ നിസ്തുലാഢൻ
ക്രിസ്തു നാഥനെത്രയെത്ര ശ്രേഷ്ഠനാം മഹാൻ! എത്ര

2 ഏകനായ് അതിശയങ്ങൾ ചെയ്തിടുന്നവൻ
ഏവനും വണങ്ങിടേണം തന്റെ പാദത്തിൽ
ഏതുനാവും ഏറ്റുചൊല്ലും
യേശുക്രിസ്തു കർത്തനെന്നു ദൈവ മഹിമയ്ക്കായ് എത്ര

3 തുല്യമായ് ഇല്ല മറ്റുനാമമൊന്നുമേ
തെല്ലുമേയലസരായിടാതെ തൻജനം
നല്ലനാമം ക്രിസ്തുനാമം
ചൊല്ലണം തൻവല്ലഭത്വം ഭൂവിലറിയട്ടെ എത്ര

# 107

എത നല്ലോരിടയനെൻ യേശു നസറേശൻ!
നിത്യവുമെൻ മുട്ടുകളെ തീർത്തിടുന്നോരീശൻ!

1 പച്ചമേച്ചിൽ സ്ഥലങ്ങളിൽ ഞാൻ നടന്നു മേയും
ശാന്തമായ വെള്ളം കുടിച്ചാനന്ദിച്ചു തുള്ളും - എത്ര

2 ആകുലമശേഷം നീക്കി പ്രാണനെയെന്നാഥൻ
ആദരവായ് തണുപ്പിക്കുന്നേശു നസറേശൻ - എത്ര

3 നീതിപാതയറിഞ്ഞു ഞാൻ സഞ്ചരിക്കുന്നിപ്പോൾ
ഭീതിയില്ല, കൂരിരുളിൻ താഴ്വരയിൽ പോലും - എത്ര

4 തൻവടിയും കോലുമെന്നെയാശ്വസിപ്പിക്കുന്നു
ശത്രുവിൻ മുൻപെനിക്കവൻ മേശയൊരുക്കുന്നു - എത്ര

5 എന്നുടെ തലയിലെണ്ണ തിങ്ങിയൊഴുകുന്നു
ഞാൻ കുടിക്കും പാത്രമോ നിറഞ്ഞു കവിയുന്നു -എത്ര

# 108

എത്രയും സുന്ദരനായിരമായിരം
മർത്യരിലും മമ നാഥൻ - അ അ അ അ
അവനുടെ നാമം എനിക്കഭിരാമം
അവനിലെൻ പ്രേമം എനിക്കെന്നും ക്ഷേമം

1 ആപാദചൂഡം ആകർഷണീയമാ -
ണവയവമഖിലവും നൂനം - അ അ അ അ
ആത്മമണാളൻ രൂപലാവണ്യം
ആനന്ദമോർത്താലാർക്കുമവർണ്യം - എത്ര

2 സങ്കടത്തിങ്കൽ ശങ്കകൂടാതെയെൻ
സങ്കേതമാം ജീവനാഥൻ - അ അ അ അ
തൻകരം നീട്ടി കണ്ണുനീർ തുടയ്ക്കും
തങ്കമുഖത്താൽ ചുംബനം നൽകും - എത്ര

3 എന്നുമെന്നോടുകൂടെ വസിച്ചിടാ -
മെന്നരുളിച്ചെയ്തെൻ നാഥൻ - അ അ അ അ

അവനുടെ പ്രീതി എന്നുമെൻ വിജയം
എന്തിനു ഭീതി താനെനിക്കഭയം - എത്ര

4 ലോകമഹാന്മാരേവരിലുമവ -
നേകനേ രക്ഷകനോർത്താൽ-അ അ അ അ
ജീവനെ നൽകി സ്നേഹിച്ചതവനാ -
ണേവനും മോക്ഷവാതിലുമവനേ - എത്ര

# 109

എത്രയോ നല്ലവനേശു എത്ര ദയാപരനെന്നും
ഇത്രത്തോളം ചെയ്ത നന്മകളോർക്കുമ്പോൾ
എത്ര സ്തുതിച്ചാലും പോരാ -

1 വീഴാതെ എന്നെയും കാത്തു താഴാതെ എന്നെ പിടിച്ചു
ഏഴയാമെന്നെയും കാത്തുപാലിച്ചതാം
സ്നേഹം ഞാൻ ഓർത്തുപാടും - എത്ര

2 കുപ്പയിൽ നിന്നങ്ങുയർത്തി ഒപ്പമിരുത്തി തൻ കൂടെ
അപ്പാ നിൻ സ്നേഹത്തെ
എപ്പോഴും ഓർത്തു ഞാൻ തൃപ്പാദം കുമ്പിടുന്നേ - എത്ര

3 എന്നു ഞാൻ വന്നങ്ങുചേരും? അന്നെന്റെ ഖിന്നത തീരും
അന്നാളിൽ പ്രിയന്റെ പൊൻമുഖം കണ്ടിടും
എന്നും ഞാൻ ആരാധിക്കും - എത്ര

# 110

എനിക്കല്ലഞാൻ ക്രിസ്തുവിന്നത്രേ
അവന്നായിതാ സമർപ്പിക്കുന്നേ
അവൻ നടത്തിപ്പിൻ കാവൽ
കൊണ്ടോരോ നിമിഷവും
നടത്തുന്നെന്നെ വഴിയെ

1 എല്ലാ പാപങ്ങളുമകറ്റി
നീച പാപിയെന്നെ രക്ഷിപ്പാൻ
തിരുരക്തത്തിൻ ശക്തിയാൽ
തീർത്തിടും വെൺമയായ്
സ്വർഭാഗ്യം ചേരുവോളം

2 കൺകൾ കാണട്ടെ നിൻ മുഖത്തെ
കേൾക്കട്ടെ നിൻ നൽവാക്യത്തെയും
എൻ ചെവികൾ ശ്രവിക്കട്ടെ
ഹൃദയം വഴങ്ങുന്നെൻ
രക്ഷകാ നിൻ വകയായ്

3 ഈ എൻ കൈകളെ സമർപ്പിക്കുന്നേ
സേവയ്ക്കായ് ഈ എൻ ജീവനേയും
കാൽകൾ ഓടട്ടെ നിൻ പാതേ
ചേരട്ടെ എന്റെ ചിന്തയും
തിരുരാജ്യ വ്യാപ്തിക്കായി

# 111

1 എനിക്കായ് കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചിടുമ്പോൾ
എനിക്കായ് കരുതുവാൻ ഇഹത്തിലില്ലേയൊന്നും
ചുമത്തുന്നെൻ ഭാരം എല്ലാം നിന്റെ ചുമലിൽ

2 ഭക്ഷണമില്ലാതെ വാടി കുഴഞ്ഞിടുമ്പോൾ
ഭക്ഷണമായ് കാകൻ എന്റെ അടുക്കൽ വരും
അപ്പവും ഇറച്ചി ഇവ കരത്തിൽ തരും
ജീവ ഉറവയിൽ തോടെനിക്കു ദാഹം തീർത്തിടും

3 ക്ഷാമമേറ്റു സാരാഫാത്തിൽ സഹിച്ചിടാനായ്
മരിക്കുവാനൊരുക്കമായ് ഇരുന്നിടിലും
കലത്തിലെ മാവുലേശം കുറയുന്നില്ലെ
എന്റെ കലശത്തിൽ എണ്ണ കവിഞ്ഞൊഴുകിടുമെ

4 കാക്കകളെ നോക്കിടുവിൻ വിതയ്ക്കുന്നില്ല
കൊയ്ത്തു കളപ്പുരയൊന്നും നിറയ്ക്കുന്നില്ല
വയലിലെ താമരകൾ വളരുന്നല്ലോ നന്നായ്
വാനിലെ പറവകൾ പുലരുന്നല്ലോ

5 ശത്രു ഭീതി കേട്ടു തെല്ലും നടുങ്ങിടിലും
ചൂരച്ചെടി തണലതിൽ ഉറങ്ങിടിലും
വന്നുണർത്തിത്തരും ദൂതർ കനലടകൾ
തിന്നു തൃപ്തനാക്കി നടത്തിടും ദിനം ദിനമായ്

# 112

എനിക്കായ് കരുതുന്നവൻ
ഭാരങ്ങൾ വഹിക്കുന്നവൻ
എന്നെ കൈവിടാത്തവൻ
യേശു എൻ കൂടെയുണ്ട്

പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ
പരിഹാരം എനിക്കായ് കരുതീട്ടുണ്ട്
എന്തിനെന്നു ചോദിക്കില്ല ഞാൻ - എന്റെ
നന്മയ്ക്കായെന്നറിയുന്നു ഞാൻ

1 എരിതീയിൽ വീണാലും
അവിടെ ഞാൻ ഏകനല്ല
വീഴുന്നതോ തീയിലല്ല - എൻ
യേശുവിൻ കരങ്ങളിലാം

2 ഘോരമാം ശോധനയിൻ
ആഴങ്ങൾ കടന്നീടുമ്പോൾ
നടക്കുന്നതേശുവത്രെ
ഞാനവൻ കരങ്ങളിലാം

3 ദൈവം എനിക്കനുകൂലം - അതു
നന്നായ് അറിയുന്നു ഞാൻ

ദൈവം അനുകൂലമെങ്കിൽ
ആർ എനിക്കെതിരായിടും?

# 113

1 എനിക്കായൊരുത്തമ സമ്പത്ത്
സ്വർഗ്ഗരാജ്യത്തിലൊരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചിടുവാൻ
ഒരുകാലത്തും പോകയില്ല ഞാൻ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
നിന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനായകനേശുവേ
നിന്റെ സ്നേഹം നീ എനിക്കേകിടണേ

2 ഏഴയാകുന്ന എന്നെ സ്നേഹിച്ച
നിന്റെ സ്നേഹം എത്രയോ ആശ്ചര്യം
എന്റെ പാപശാപങ്ങൽ നീക്കി നിൻ തിരു
ജീവനാൽ എന്നെ നിറച്ചല്ലോ

3 എന്റെ ദേഹവും തിരു ആലയമായ്
നിന്റെ ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൽ മഹത്വത്തിനാ
യിനി ജീവിപ്പാൻ കൃപ നല്കുക

4 പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൽ മുമ്പിൽ നിൽക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേൻ

# 114

എനിക്കിനി ജീവൻ ക്രിസ്തുവത്രേ
മരിക്കിലുമെനിക്കതു ലാഭമത്രേ

മനമേ യേശുമതി
ദിനവും തൻ ചരണം ഗതി - എനി

1 പലവിധ ശോധന നേരിടുകിൽ ഇന്ന്
മലപോൽ തിരനിരയുയർന്നിടുകിൽ
കലങ്ങുകയില്ല ഞാനവനരികിൽ
അലകളിൽ മീതെ വന്നീടുകിൽ - മനമേ

2 ഇരിക്കുകിൽ തൻ വയലിൽ
പരിശ്രമിക്കും - ഞാൻ
മരിക്കുകിൽ തന്നരികിൽ വിശ്രമിക്കും
ഒരിക്കലുമൊന്നിനും ഭാരമില്ലാ -
തിരക്കുമെൻ ഭാഗ്യത്തിനിണിയില്ല - മനമേ

3 പരത്തിലാണെന്നുടെ പൗരത്വം - ഇനി
വരുമവിടുന്നെൻ പ്രാണപ്രിയൻ
മൺമയമാമെന്നുടലന്നു
വിൺമയമാം, എൻ വിന തീരും - മനമേ

# 115

എനിക്കുണ്ടൊരു പുത്തൻ പാട്ടു പാടാൻ
എനിക്കുണ്ടൊരു മിത്രം കൂട്ടുകൂടാൻ
എനിക്കുണ്ടൊരു സ്വന്ത നാടു പൂകാൻ
എനിക്കുണ്ടൊരു നല്ല വീടു പാർക്കാൻ

1 അല്ലല്ല ഞാനിന്നനാഥനല്ല
അല്ലലിൽ വലയുന്നഗതിയല്ല
വല്ലഭൻ ദൈവം എൻ പിതാവായ്
നല്ലവനായെനിക്കുണ്ടു നിത്യം

2 മന്നവ മന്നൻ മനുസുതനായ്
മന്നിതിൽ പാപിയെത്തേടി വന്നു

ഉന്നത വിണ്ണിന്നനുഗ്രഹങ്ങൾ
ഒന്നും കുറയാതെനിക്കു നിത്യം -

3 ബുദ്ധിമുട്ടിന്നിനി കാര്യമില്ല
നിത്യ പിതാ തൻ കരുണയിനാൽ
ഉത്തമ സമ്പത്തെനിക്കു നല്കി
ക്രിസ്തുവിലെന്നെ ധനികനാക്കി -

# 116

1 എനിക്കെന്റെ യേശുവിനെ കണ്ടാൽ മതി
ഇഹത്തിലെ മായാസുഖം വിട്ടാൽ മതി
പരൻ ശില്പിയായ് പണിത നഗരമതിൽ
പരനോടുകൂടെ വാഴാൻ പോയാൽ മതി

2 ഒരിക്കൽ പാപന്ധകാര കുഴിയതിൽ ഞാൻ
മരിച്ചവനായ് കിടന്നോരിടത്തു നിന്നു
ഉയർത്തി ഇന്നോളമെന്നെ നിർത്തിയവൻ
ഉറപ്പുള്ള പാറയാകും ക്രിസ്തേശുവിൽ

3 ഇവിടെ ഞാൻ വെറുമൊരു പരദേശിപോൽ
ഇവിടത്തെ പാർപ്പിടമോ വഴിയമ്പലം
ഇവിടെനിക്കാരും തുണ ഇല്ലെങ്കിലും
ഇണയാകും യേശുവോടു ചേർന്നാൽ മതി

4 പ്രിയനെനിക്കിനിയേകും ദിനമൊക്കെയും
ഉയർത്തിടാം സുവിശേഷക്കൊടിയീമന്നിൽ
ഇളക്കമില്ലാത്ത നാട്ടിൽ വസിച്ചിടുവാൻ
തിടുക്കമാണെൻ മണാളൻ വന്നാൽ മതി

5 കളങ്കമില്ലാതെ എന്നെ തിരുസന്നിധേ
വിളങ്ങുവാൻ യേശു കഷ്ടം സഹിച്ചെനിക്കായ്
തളർന്നമെയ് കാൽകരങ്ങൾ തുളച്ച മാർവ്വും
നിറഞ്ഞ കണ്ണീരുമാർദ്രഹൃദയവുമായ്

6 നിറഞ്ഞ പ്രത്യാശയാൽ ഞാൻ ദിനമൊക്കെയും
പറഞ്ഞ വാക്കോർത്തുമാത്രം പാർത്തിടുന്നു
നിറുത്തേണമെ വിശുദ്ധ ആത്മാവിനാൽ
പറന്നേറി വാനിലെത്തി വസിച്ചാൽ മതി

# 117

എനിക്കേശുവുണ്ടീ മരുവിൽ
എല്ലാമായെന്നുമെന്നരികിൽ

1 ഞാനാകുലനായിടുവാൻ
മനമേയിനി കാര്യമില്ല
ദിനവും നിനക്കവൻ മതിയാം

2 കടും ശോധന വേളയിലും
പാടിയെന്മനമാശ്വസിക്കും
നേടും ഞാനതിലനുഗ്രഹങ്ങൾ

3 പാരിലെന്നുടെ നാളുകളിൽ
പരനേശുവെ സേവിച്ചു ഞാൻ
കരഞ്ഞിന്നു വിതച്ചിടുന്നു -

4 ഒന്നുമാത്രമെന്നാഗ്രഹമേ എന്നെ
വീണ്ടെടുത്ത നാഥനെ -
മന്നിൽ എവിടെയും കീർത്തിക്കണം

5 നീറുമെന്നുടെ വേദനകൾ
മാറും ഞാനങ്ങു ചെന്നിടുമ്പോൾ
മാറിൽ ചേർത്തു കണ്ണീർ തുടയ്ക്കും -

# 118

എന്നാണുദയം ഇരുളാണുലകിൽ
നീതിസൂര്യാ! എന്നാണുദയം?

ഓമനപ്പുലരി പൊന്നൊളി വിതറാൻ
താമസമിനി വരുമോ? താമസമിനി വരുമോ?

1 കുരിശിന്നൊളിയേ! കൃപകൾ വിതറും
സ്നേഹക്കതിരേ കുരിശിന്നൊളിയേ!
പാരിലെ പാപക്കൂരിരുളകലാൻ
വേറൊളി ഒന്നുമില്ലയെ! വേറൊളി ഒന്നുമില്ലയെ! -
എന്നാ

2 ഉലകജനങ്ങൾ കലഹജലത്തിൽ
മുഴുകി മുഴുവൻ ഉലകജനങ്ങൾ
ദൈവികചിന്താഹീനരായ് ജനത
അന്ധരായ് വലഞ്ഞിടുന്നേ!
അന്ധരായ് വലഞ്ഞിടുന്നേ! എന്നാ

3 ദൈവജനവും നിലകാത്തിടാതെ
വീണുപോയി! ദൈവജനവും
ആദിമസ്നേഹം ആരിലും കുറവായ്
നാണയക്കൊതിയേറെയായ്
നാണയക്കൊതിയേറെയായ് എന്നാ

4 ജീവജലമേ! നിറവായ് ഒഴുകും
ജീവനദിയേ! ജീവജലമേ!
ചുടുവെയിലുലകിൽ നീ അകം കുളിർത്താൽ
ദാഹമിനിയുമില്ലയെ! എന്നാ

# 119

എനിക്കൊത്താശ വരും പർവ്വതം
കർത്താവേ! നീ മാത്രമെന്നാളുമേ

1 ആകാശ ഭൂമികൾക്കെല്ലാം
ആദിഹേതുവതായവൻ നീയേ
ആശ്രയം നിന്നിലായതു മുതലെൻ
ആധികളകന്നു പരാ -

2 എൻ കൺകളുയർത്തി ഞാൻ നോക്കും
എൻ കർത്താവേ നിൻദയക്കായി
എണ്ണിയാൽ തീരാ - നന്മകൾ തന്നു
എന്നെയനുഗ്രഹിക്കും -

3 എൻ കാൽകൾ വഴുതാതനിശം
എന്നെ കാത്തിടുന്നവൻ നീയേ -
കൃപകൾ തന്നും തുണയായ് വന്നും
നടത്തുന്നത്ഭുതമായ് -

4 എൻ ദേഹം മണ്ണിൽ മറഞ്ഞാലും
ഞാൻ ജീവനോടിരുന്നാലും
നീ വരും നാളിൽ നിന്നോടണഞ്ഞ -
ന്നാനന്ദിച്ചാർത്തിടും ഞാൻ -

# 120

1 എനിക്കു വേറില്ലാശ ഒന്നുമെൻ പ്രിയനെ
പൊന്നുമുഖം എന്നു കണ്ടുകൊള്ളും ദാസൻ

2 മനസ്സലിവോടു നിൻ കരുണകളോരോന്നും
എനിക്കു നീ നൽകുന്നതെന്തുമാസ്നേഹമോ

3 പരമപിതാവെ നിന്നരികിൽ വരാനെന്നി
ക്കെത്രനാൾകൂടി നീ ദീർഘമാക്കീടുമോ?

4 എൻ കിരീടം വേറെ ആരും എടുക്കായ്‌വാൻ
നിൻ ഹിതം പോൽ ഞാൻ ഓടുമാറാകണം

5 നല്ലപോർ ചെയ്തെന്റെ വേല തികയ്ക്കുവാൻ
വല്ലഭനേ! എന്നിൽ ശക്തി നീ നൽകണം

6 ഈ വാനലോകത്തിൽ നീ എനിക്കാശ്രയം
ദൈവമേ നീ എനിക്കപ്പനും അമ്മയും

# 121

എന്നാളും സ്തുതിക്കണം നാം - നാഥനെ
എന്നാളും സ്തുതിക്കണം നാം
വന്ദനം പാടി മന്നൻ മുൻ കൂടി
മന്ദതയകന്നു തിരുമുന്നിലഭയമിരുന്നു

1 മോദമായ് കൂടുക നാം - പരന്നു
ബഹുനാദമായ് - പാടുക നാം
ഗീതഗണം തേടി നാഥന്നു നാം പാടി
നാഥനാമവന്റെ തിരുനാമമേ ഗതിയായ് തേടി -

2 ശ്രേഷ്ഠഗുണദായകൻ -
അവൻ നിനയ്ക്കിൽ ശിഷ്ടജനനായകൻ
സ്പഷ്ടം തിരുദാസർക്കിഷ്ടമരുളുവോൻ
കഷ്ടതയിൽ നിന്നവരെ ധൃഷ്ടനായുദ്ധരിപ്പവൻ -

3 തന്നെ സ്തുതിച്ചിടുന്നു -
ജനങ്ങൾ പദം - തന്നിൽ പതിച്ചിടുന്നു
മന്നവമന്നർ പ്രസന്നരായ് വാഴ്ത്തുന്നു
നന്ദിയോടവരേവരു മുന്നതനെ വണങ്ങുന്നു -

4 ജീവികളിൽ നാഥനെ ജയം പെരുകും
ദേവകളിൻ താതനെ
ജീവന്നുറവയാം ജീവലോകേശനേ
ജീവനുലകിന്നുദിപ്പാൻ സൂനുവെ കൊടുത്തവനെ -

5 തൻ നാമകീർത്തനം
നാം തുടർന്നുചെയ്കിലെന്നും ദിവ്യാനന്ദമാം
ഉന്നതൻ തന്നുടെ സന്നിധൗ നിന്നു നാം
മന്നവനെ പുതുഗാനവന്ദനങ്ങളോടനിശം

# 122

1 എന്നാശ എന്നുമെന്റെ രക്ഷിതാവിൽ ആകയാൽ
എന്നാശപോലവൻ വന്നെന്നെ ചേർത്തുകൊള്ളുമെ
എന്റെ വല്ലഭൻ എനിക്കു നല്ലവൻ

2 വെറും മുള്ളുകൾക്കിടയിൽ നല്ല താമരപോലെ
ചെറു കന്യകമാർ തൻ നടുവിൽ
എൻ പ്രിയനിതാ ചന്ദ്രതുല്യമായ് ശോഭിച്ചിടുന്നു

3 കാട്ടുമരങ്ങൾ നടുവിൽ നാരകം പോലെ
കൂട്ടു സഖിമാർ നടുവിലെൻ പ്രിയനിതാ
സന്തോഷത്തോടെ വാസം ചെയ്യുന്നു

4 എൻഗദി മുന്തിരിത്തടങ്ങളിൽ വിലസീടും
മൈലാഞ്ചി പൂങ്കുലയ്ക്കു തുല്യനെന്റെ വല്ലഭൻ
സൗരഭ്യവാസന തൂകിടുന്നിതാ -

5 എന്നോടുകൂടെ പാർത്തിരുന്ന പ്രാണവല്ലഭൻ
എന്നോടു വേർപെട്ടെങ്ങുപോയ് മറഞ്ഞുനില്ക്കുന്നു
എന്റെ പ്രിയനെ നിങ്ങൾ കണ്ടുവോ

6 എന്റെ മേലവൻ പിടിച്ചിടുന്ന സ്നേഹത്തിൻകൊടി
എന്റെ പ്രിയനെന്നിൽനിന്നെടുക്കയില്ലൊരിക്കലും
അതാ കേൾക്കുന്നേ പ്രിയന്റെ സ്വരം

7 ചെറുമാനിനും കലയ്ക്കുമൊത്തപോലെയെൻ പ്രിയൻ
ചെറു കുന്നുമലകൾ ചാടിയോടി കുതിച്ചു വരുന്നിതാ
നോക്കിടുന്നിതാ കിളിവാതിൽവഴി -

# 123

എന്നിനിയും വന്നങ്ങു ചേർന്നിടും ഞാൻ നിന്നരികിൽ
ആശയാൽ നിറഞ്ഞിടുന്നെൻ മാനസം കൊതിച്ചിടുന്നേ

1 പാരിടത്തിൽ കൂടാരവാസിയായി പാർത്തിടുന്നു
പരനേ നീയൊരുക്കിടുന്നെൻ പിരിയാത്ത നിത്യഭവനം-എ

2 അൽപനാളീ കണ്ണീരിൻ താഴ്‌വരയിൽ ആയിടിലും
അത്യന്തം തേജസ്സിൻ ഘനം നിത്യതേ ചെന്നു കാണും ഞാൻ

3 നീ തരുന്ന ശോധന വേദനകൾ നന്മയെന്ന്
നാളുകൾ കഴിഞ്ഞിടുമ്പോൾ നാഥാ! ഞാനറിഞ്ഞിടുമേ-എ

4 പാർത്തലത്തിൽ കർത്താവിൻ വേലചെയ്തു തീർത്തെനിക്ക്
കർത്തനെ നിൻ സവിധത്തിൽ എത്തി വിശ്രമിച്ചിടുവാൻ

5 ഞാനിഹത്തിൽ മണ്ണോടു മണ്ണായാലും വാനത്തിൽ നീ
വന്നു വിളിക്കും നേരത്ത് അന്നു ഞാനെത്തും ചാരത്ത്-എ

# 124

1 എന്നിൽ കനിവേറും ശ്രീയേശു
മനുവേലൻ താ - നെന്നും മാധുര്യവാൻ
ഓ - എന്നു മാധുര്യവാൻ
അവന്നിരികിൽ വന്നതിനാലെന്താശ്വാസമായ്
എന്തൊരാശ്വാസമായ്
തന്റെ തിരുമുഖം കാണുന്നതാനന്ദമായ്
പരമാനന്ദമായ്

2 എന്തിന്നലയുന്നു ഞാൻ പാരിൽ
വലയുന്നു താൻ പാരം മതിയായവൻ
ഓ - എന്നും മതിയായവൻ
അവൻ കരുതിടുന്നെനിക്കായിട്ടെന്നാളുമേ
അവൻ എന്നാളുമേ
തന്റെ തണലിൽ ഞാനണയുമ്പോൾ വിശ്രാമമേ
എന്തു വിശ്രാമമേ!

3 മന്നിൽ പരദേശിയാ-ണെന്നാൽ
സ്ഥിരവാസമോ വിണ്ണിൽ ആയിടുമേ
ഓ-വിണ്ണിൽ ആയിടുമേ
അന്നാൾ വരെയും ഞാനവന്നായി പാർത്തിടുമേ-
ഭൂവിൽ പാർത്തിടുമേ
പിന്നെ വരും നാളിലവനോടു ചേർന്നിടുമേ
ഞാനും ചേർന്നിടുമേ

# 125

1 എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം
നിന്നല്ലലാകെ നീക്കി നിന്നെ സ്വന്തമായണച്ചതാൽ
ആനന്ദഗീതമേകിടാം
നന്ദിയായ് വണങ്ങിടാം - അവൻ പാദം

എന്നന്തരംഗമെ അവന്റെ നന്മകൾ മറപ്പതോ
എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം

2 പാപാർണ്ണവത്തിലാധിയോടലഞ്ഞഴുന്ന പാപിയെ
കോപാഗ്നിയിൽ പതിക്കുവാനടുക്കലായ ദോഷിയെ
തിരഞ്ഞണഞ്ഞ നാഥനെ
മനം തെളിഞ്ഞു മോദമായ് സ്തുതിച്ചിടാം - എന്ന

3 ശുദ്ധാത്മദാനമേകി സ്വർഗ്ഗഭാഗ്യമേയിഹത്തിലും
ചിത്തേ നിറഞ്ഞ നീതിയും സമാനമറ്റ ശാന്തിയും
സമ്മോദവും പകർന്നു താൻ പ്രത്യാശയും
വളർത്തിതാൻ സ്തുതിച്ചിടാം - എന്ന

4 കഷ്ടങ്ങളെത്രയേറിലും കലങ്ങിടാതെ നിത്യവും
ദുഷ്ടന്റെ ഘോരദൃഷ്ടിയിൽ പതിച്ചിടാതിന്നോളവും
കണ്ണിൻമണിക്കു തുല്യമായ് എണ്ണുന്നതിനു
തക്കതായ് - സ്തുതിച്ചിടാം - എന്ന

5 രോഗത്തിനേറ്റ വൈദ്യനാമവൻ നിനക്കനാരതം
വായ്ക്കുന്ന നന്മകൾക്കൊരന്തമില്ല തൻ ദയാപരം
കാക്കുന്നു വൻകൃപാകരം ചേർക്കില്ല
തെല്ലൊരാമയം സ്തുതിച്ചിടാം - എന്ന

# 126

1 എന്നുള്ളമേ സ്തുതിക്ക നീ പരനെ
തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടിപ്പുകഴ്ത്താം

2 സുരലോകസുഖം വെടിഞ്ഞു - നിന്നെ
തേടി വന്ന ഇടയൻ, തന്റെ -
ദേഹമെന്ന തിരശ്ശീല ചീന്തി തവ
മോക്ഷമാർഗ്ഗം തുറന്നു

3 പാപരോഗത്താൽ നീ വലഞ്ഞു
തെല്ലും ആശയില്ലാതലഞ്ഞു
പാരം കേണിടുമ്പോൾ തിരുമേനി -
യതിൽ നിന്റെ വ്യാധിയെല്ലാം വഹിച്ചു

4 പല ശോധനകൾ വരുമ്പോൾ -
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തുസൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു

5 ആത്മാവിനാലെ നിറച്ചു -
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും
തവ സ്നേഹമതിശയമേ

# 127

1 എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ്ഗ
മണ്ഡപം വിട്ടിറങ്ങി - വന്ന
ഉന്നതനാം തങ്കപ്രാവേ! നീ വന്നെന്നിൽ
എന്നുമധിവസിക്ക...

2 തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും
ശങ്കകൂടാതെ നിന്നെ - തള്ളി
സങ്കേതം ഞാൻ കൊടുത്ത -
ന്യർക്കെന്നോർത്തിതാ സങ്കടപ്പെട്ടീടുന്നു -

3 കർത്തനെ! എത്രയനുഗ്രഹങ്ങളയ്യോ
നഷ്ടമാക്കി ഈ വിധം ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തണമേ -

4 ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു ദേവാ!
വന്നു പാർത്തു ശുദ്ധി ചെയ്തു
നിൻ വീട്ടിന്റെ നിന്ദയകറ്റണമെ -

5 ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജിവിപ്പിക്കൂ കർത്തനേ! വന്നു
ജീവനും ശക്തിയും
സ്നേഹവും തന്നെന്നെ ജിവിപ്പിച്ചീടണമേ -

6 ശക്തിയിൻ സിംഹാസനേ ജയവീരനായ്
വാഴുന്നോരേശുരാജൻ എന്നിൽ
ശക്തിയോടെ വന്നു വാണിടും നേരത്തിൽ
ശക്തനായ് ജീവിക്കും ഞാൻ -

7 എന്നലങ്കാരവസ്ത്രം ധരിച്ചിടും ഞാൻ
ഇന്നുമുതൽ ദൈവമേ മേലാൽ

എന്നിൽ അശുദ്ധനും ചേലാവിഹീനനും
ചേർന്നു വരികയില്ല -

8 ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ വന്നെന്നിൽ - എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിക്ക

# 128

***രീതി: എല്ലാം യേശുവേ***

എന്നും നല്ലവൻ
യേശു എന്നും നല്ലവൻ
ഇന്നലെയുമിന്നുമെന്നുമന്യനല്ലവൻ

1 ഭാരമുള്ളിൽ നേരിടും
നേരമെല്ലാം താങ്ങിടും
സാരമില്ലെന്നോതിടും തൻ
മാറിലെന്നെ ചേർത്തിടും

2 സംഭവങ്ങൾ കേൾക്കവേ
കമ്പമുള്ളിൽ ചേർക്കവേ
തമ്പുരാന്റെ തിരുവചന
മോർക്കവേ പോമാകവേ

3 ഉലകവെയിൽ കൊണ്ടു ഞാൻ
വാടിവീഴാതോടുവാൻ
തണലെനിക്കു തന്നിടുവാൻ
വലഭാഗത്തായുണ്ടു താൻ

4 വിശ്വസിക്കുവാനുമെ
ന്നാശ വച്ചിടാനുമീ
വിശ്വമതിലാശ്വസിക്കാ -
നാശ്രയവുമേശുവാം

5 രാവിലും പകലിലും
ചേലൊടു തൻപാലനം
ഭൂവിലെനിക്കുള്ളതിനാൽ
മാലിനില്ല കാരണം

# 129

എന്നു മേഘേ വന്നിടും എന്റെ പ്രാണനായകാ
നിന്നെ കാണ്മാൻ ആശയേറുന്നേ
സ്വർലോക വാസം ഓർക്കുമ്പോൾ
പ്രിയൻ ചാരെ എത്തുമ്പോൾ
ആനന്ദം പരമാനന്ദം പ്രഭോ (2)

ഈ ലോകവെയിൽ ഏറ്റതാൽ
വാടിതളർന്നീടിലും
തന്റെ കാന്ത എത്ര സുന്ദരി
കേദാര്യ കൂടാരങ്ങളെ
സോളമൻ തിരശ്ശീലകളെ
വെല്ലുന്നതാം ശോഭയുള്ളവൾ (2) എന്നു മേഘേ

ശാരോനിലെ പനിനീർപ്പൂ
താഴ്വരയിലെ താമര
മുള്ളുകൾക്കിടയിൽ വസിക്കും കാന്തയോ
കൊടികളേന്തിയ സൈന്യം പോൽ
സൂര്യചന്ദ്ര ശോഭപോൽ
മോഹിനിയാം കാന്തയെ ചേർപ്പാൻ (2) എന്നു മേഘേ

കണ്ണീരില്ല നാടതിൽ
ശോകമില്ല വീടതിൽ
എന്നു വന്നു ചേർത്തിടും പ്രിയാ
നിന്നെ കാണ്മാൻ ആർത്തിയായ്
കാത്തിടുന്ന കാന്തയെ
ചേർത്തീടുവാനെന്തു താമസം (2) എന്നു മേഘേ

# 130

1 എന്നു വരും എപ്പോൾ വരും
പോയതുപോലെൻ മണവാളൻ
എത്രനാളായ് കാത്തിടുന്നെൻ
കൺകളിതാ മടങ്ങിടുന്നേ

2 എതിർ ക്രിസ്തുക്കൾ എഴുന്നേറ്റപ്പോൾ
തൻ വരവേ എന്നുണർന്നു ഞാൻ
അതുനേരത്തും കണ്ടില്ല ഞാൻ
അരുമയുള്ള എൻ മണവാളനെ

3 മഹായുദ്ധ സമയത്തെല്ലാം തൻ
വരവെന്നുണർന്നു ഞാൻ
ഹാ ഇനി ഞാനെന്നു കാണും
കുരിശിൽ ജീവൻ വെടിഞ്ഞവനെ

4 കഷ്ടത്തിൽ നിനച്ചു ഞാൻ
മണവാളൻ വരുന്നെന്ന്
കഷ്ടമേറ്റ കരുണേശനെൻ
കരച്ചിൽ തീർപ്പാൻ എന്നു വരും

5 ഇതുപോലെ വെണ്മയുള്ള
മണവാളനാരുമില്ല
പതിനായിരം പേർകളിൽ
അതിശ്രേഷ്ഠ മണവാളനെ

# 131

എന്നെ കരുതുവാൻ കാക്കുവാൻ പാലിപ്പാനേശു
എന്നും മതിയായവൻ

1 വരും ആപത്തിൽ നൽ തുണ താൻ
പെരും താപത്തിൽ നൽ തണൽ താൻ

ഇരുൾമൂടുമെൻ ജീവിതപാതയിലും
തരും വെളിച്ചവും അഭയവും താൻ -

2 മർത്യരാരിലും ഞാൻ സഹായം
തെല്ലും തേടുകില്ല നിശ്ചയം
ജീവനാഥനെന്നാവശ്യങ്ങളറിഞ്ഞു
ജീവനാളെല്ലാം നടത്തിടുമേ

3 എന്റെ ഭാരങ്ങൾ തൻ ചുമലിൽ
വച്ചു ഞാനിന്നു വിശ്രമിക്കും
ദുഃഖവേളയിലും പുതുഗീതങ്ങൾ ഞാൻ
പാടിയാനന്ദിച്ചാശ്വസിക്കും

4 ഒരു സൈന്യമെനിക്കെതിരെ
വരുമെന്നാലും ഞാൻ ഭ്രമിക്കാ
തിരുചിറകുകളാലവൻ മറയ്ക്കുമതാ -
ലൊരു ദോഷവും എനിക്കു വരാ -

5 വിണ്ണിൽ വാസസ്ഥലമൊരുക്കി
വരും പ്രാണപ്രിയൻ വിരവിൽ
അന്നു ഞാനവൻ മാറിൽ മറഞ്ഞിടുമേ
കണ്ണീർ പൂർണ്ണമായ് തോർന്നിടുമേ -

# 132

1 എന്നെ രക്ഷിച്ചുന്നതൻ തൻകൂടെന്നും പാർക്കുവാൻ
തന്റെ സഹജീവിതം ദാനം ചെയ്തിതാ
മന്നിടം ചമച്ചവൻ മന്നിടെ ചരിച്ചവൻ
എന്നെയെന്നും നടത്തുന്നതെന്തൊരത്ഭുതം -

2 തന്റെ ക്രൂശിൽ കാണുന്ന സ്നേഹത്തിന്റെ പൂർണ്ണത
എന്റെ രക്ഷയായതിൽ താൻ നിവർത്തിച്ചു
ബന്ധനസ്ഥം ചെയ്തു താൻ അന്ത്യമായ യാചന
സാന്ത്വന ജീവിതത്തെ ബന്ധമായ് നൽകി

3 ഏതും ഭീതിയെന്നിയെ താതനോടുകൂടെ നാം
മോദമായ് ജീവിക്കുന്നു തന്റെയാവിയാൽ
ഏതനർത്ഥം കഷ്ടങ്ങൾ സാധുവിനുണ്ടായെന്നാൽ
ആദിയുടൻ നീക്കിടുമെൻ രാജരാജൻ താൻ -

4 എന്റെ രക്ഷാദാനമെ എന്നുമുള്ളാശ്വാസമെ
ഒന്നും ചെയ്തിട്ടില്ല ഞാൻ തന്നുടെ കൃപ
മന്നിടത്തിൽ ക്രൂശതിൽ നിന്നുമുയർന്നുയർന്നു
ഉന്നതമാം സ്വർഗ്ഗത്തിൽ വാസവും നൽകി -

5 ഭൂവിൽ സ്വർഗ്ഗജീവിതം ആരംഭിച്ചിടുന്നിതാ
ആവിയുടെ വാസമോ ജീവസൗരഭ്യം
നീതിസമാധാനവും ആത്മസന്തോഷമതും
ദൈവരാജ്യം ഭൂവതിൽ പിന്നെ സ്വർഗ്ഗവും -

# 133

എന്നെ കരുതുന്ന വിധങ്ങളോർത്താൽ
നന്ദിയാലുള്ളം നിറഞ്ഞിടുന്നേ
എന്നെ നടത്തുന്ന വഴികളോർത്താൽ
ആനന്ദത്തിൻ അശ്രു പൊഴിഞ്ഞിടുമേ

യേശുവേ രക്ഷകാ നിന്നെ
ഞാൻ സ്നേഹിക്കും
ആയുസ്സിൻ നാളെല്ലാം
നന്ദിയാൽ പാടിടും

2 പാപക്കുഴിയിൽ ഞാൻ താണിടാതെൻ
പാദം ഉറപ്പുള്ള പാറമേൽ നിർത്തി
പാടാൻ പുതുഗീതം നാവിൽ തന്നു
പാടും സ്തുതികൾ എന്നേശുവിന്ന് - യേശുവേ

3 ഉള്ളം കലങ്ങിടും വേളയിലെൻ
ഉള്ളിൽ വന്നേശു ചൊല്ലിടുന്നു

തെല്ലും ഭയം വേണ്ട എൻ മകനേ
എല്ലാ നാളും ഞാൻ കൂടെയുണ്ട് - യേശുവേ

4 ഓരോ ദിവസവും വേണ്ടതെല്ലാം
വേണ്ടും പോൽ നാഥൻ നൽകിടുന്നു
തിന്നു തൃപ്തനായി തീർന്നശേഷം
നന്ദിയാൽ സ്തോത്രം പാടുമെന്നും - യേശുവേ

5 ക്ഷീണനായി ഞാൻ തീർന്നിടുമ്പോൾ
ക്ഷണം യേശു എന്നരികിൽ വരും
ക്ഷോണി തന്നിൽ ഞാൻ തളർന്നിടാതെ
ക്ഷേമമേകും എന്നേശു നാഥൻ - യേശുവേ

6 ദേഹം ക്ഷയിച്ചാലും യേശുവേ നിൻ
സ്നേഹം ഘോഷിക്കും ലോകമെങ്ങും
കാണ്മാൻ കൊതിക്കുന്നേ നിൻ മുഖം ഞാൻ
കാന്താ വേഗം നീ വന്നിടണേ - യേശുവേ

# 134

1 എന്നെ വീണ്ട രക്ഷകന്റെ സ്നേഹം ആർക്കുരയ്ക്കാം
രക്തം ഈശൻ ചൊരിഞ്ഞെന്റെ കടം വീട്ടി എല്ലാം

പാടുമേ ജയഗീതം ആയുസ്സിൻ... നാളെന്നും
യേശുവിൻ മഹാസ്നേഹം എന്നുടെ നിത്യാനന്ദം

2 നിത്യജീവൻ തന്നെന്നുള്ളിൽ ഈശൻ സ്വഭാവവും
സ്വന്തമാത്മാവെ പകർന്നെന്നിൽ നിറവാം സ്നേഹവും
പാടു

3 താതൻ പുഞ്ചിരി തൂകുന്നു തൻ മകനാം എന്മേൽ
അബ്ബാ പിതാവേ എന്നെങ്ങും എൻ വിളി ഇനിമേൽ -
പാടു

4 ലോകം കീഴ്മേൽ മറിഞ്ഞാലും എനിക്കില്ല ഭയം
തിരമറിഞ്ഞലച്ചാലും യേശു എൻ സങ്കേതം - പാടു

5 സീയോൻ ലാക്കായ് ഗമിക്കുന്നു ആശ്രയിച്ചേശുവിൽ
കർത്തൻ സുഗന്ധം തൂകുന്നു വൈഷമ്യവഴിയിൽ -
പാടു

6 യേശുവേ, നിൻ തിരുനാമം ഹാ എത്ര മധുരം,
ഭൂവിൽ ഇല്ലതിന്നു തുല്യം ചെവിക്കിമ്പസ്വരം - പാടു

7 ദൂതനാവാൽ പോലുമാകാ തൻ മാഹാത്മ്യം ചൊല്ലാൻ
ഇപ്പുഴുവോടുണ്ടോ ഇത്ര സ്നേഹം അത്ഭുതം താൻ -
പാടു

# 135

1 എന്നോടുള്ള നിൻ സർവ്വനന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ! - ഇപ്പോൾ

2 നന്ദികൊണ്ടെന്റെയുള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതിപാടിടുന്നേൻ - ദേവാ

3 പാപത്തിൽ നിന്നു എന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേറ്റ ദേവാത്മജാ - മഹാ

4 എന്നെയൻപോടു ദിനംതോറും നടത്തുന്ന
പൊന്നിടയന്നനന്തം വന്ദനമേ - എന്റെ

5 അന്ത്യംവരെയുമെന്നെ കാവൽ ചെയ്തിടുവാൻ
അന്തികേയുള്ള മഹൽശക്തി നീയേ - നാഥാ

6 താതൻ സന്നിധിയിലെൻ പേർക്കു സദാ - പക്ഷ -
വാദം ചെയ്യുന്ന മമജീവനാഥാ - പക്ഷ

7 കുറ്റം കൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുറ്റും നിറുത്താൻ കഴിവുള്ളവനേ - എന്നെ

8 മന്നിടത്തിലടിയൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരുനാമത്തിന്നു - ദേവാ

# 136

എന്നേശുവല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിൽ അല്ലാതില്ലെനിക്കു വിശ്രമം വേറെ
ഈ പാരിലും പരത്തിലും നിസ്തുല്യൻ എൻ പ്രിയൻ

എൻ രക്ഷകാ എൻ ദൈവമേ നീ അല്ലാതില്ലാരും
എന്നേശു മാത്രം മതിയെനിക്കേതു നേരത്തും -

2 വൻ ഭാരങ്ങൾ പ്രയാസങ്ങൾ നേരിടും നേരത്തും
എൻ ചാരവേ ഞാൻ കാണുന്നുണ്ടെൻ
സ്നേഹസഖിയായ്
ഈ ലോക സഖികളെല്ലാരും മാറിപ്പോയാലും -

3 എൻ ക്ഷീണിത രോഗത്തിലും
നീ മാത്രമെൻ വൈദ്യൻ
മറ്റാരെയും ഞാൻ കാണുന്നില്ലെൻ രോഗ ശാന്തിക്കായ്
നിൻ മാർവ്വിടം എന്നാശ്രയം എൻ യേശു കർത്താവേ

4 എൻ ആശ്രയം എൻ ആശ്രയം
നീ മാത്രമെൻ കർത്തൻ
മറ്റാരിലും ഞാൻ കാണുന്നില്ലെൻ പൂർണ്ണ ആശ്രയം
ഈ പാരിലും പരത്തിലും നീ മാത്രം എൻ കർത്തൻ

# 137

എന്നേശുവേ! നീയാശ്രയം
എന്നാളും മന്നിലീ സാധുവിന്നു
എല്ലാരും പാരിൽ കൈവിട്ടാലും
എന്നെ കരുതുന്ന കർത്താവു നീ

1 ആകുലനേരത്തെൻ ചാരത്തണഞ്ഞു
ഏകുന്നു സാന്ത്വനം നീയെനിക്കു
ആകയാലില്ല തെല്ലും ഭയം
പകലും രാവും നീയഭയം

2 ചിന്തി നീ ചെന്നിണം ക്രൂശിലതാലെൻ
ബന്ധനം നീക്കി നിൻ സ്വന്തമാക്കി
എന്തൊരു ഭാഗ്യ നിത്യബന്ധം
സന്തതം പാടും സന്തോഷമായ്

3 തുമ്പങ്ങളേറുമെൻ മാനസം തന്നിൽ
ഇമ്പം പകരുന്നു നിൻമൊഴികൾ
എൻമനം നിന്നിലാനന്ദിക്കും
നിൻമാറിൽ ചാരിയാശ്വസിക്കും

4 എന്നു നീ വന്നിടുമെന്നാത്മനാഥാ
വന്നല്ലാതെന്നാധി തീരുകില്ല
ഒന്നേയെന്നാശ നിന്നെ കാണ്മാൻ
ആമേൻ കർത്താവേ! വന്നിടണേ

# 138

എന്നേശു നാഥനെ എന്നാശ നീയേ
എന്നാളും മന്നിൽ നീ മതിയേ

1 ആരും സഹായമില്ലാതെ പാരിൽ
പാരം നിരാശയിൽ നീറും നേരം
കൈത്താങ്ങലേകുവാൻ കണ്ണുനീർ തുടപ്പാൻ
കർത്താവേ! നീയല്ലാതാരുമില്ല -

2 ഉറ്റവർ സ്നേഹം അറ്റുപോയാലും
ഏറ്റം പ്രിയർ വിട്ടുമാറിയാലും

മാറ്റമില്ലാത്ത മിത്രം നീ മാത്രം
മറ്റാരുമില്ല പ്രാണപ്രിയാ! –

3 നിൻമുഖം നേരിൽ എന്നു ഞാൻ കാണും
എന്മനമാശയാൽ കാത്തിടുന്നു
നീ വരാതെന്റെ കണ്ണുനീരെല്ലാം
തുവരുകയില്ല പ്രാണനാഥാ –

4 അല്ലലിൻ വഴിയാൽ ആഴിയിന്നലയിൽ
അലയാതെ ഹൃദയം പതറാതെ ഞാൻ
അന്ത്യം വരെയും നിനക്കായി നില്പാൻ
അനുദിനം നിൻകൃപ തന്നീടണേ

# 139

എന്നേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടീടും ഞാൻ
തന്റെ മാധുര്യമേറിടും നാമമതേ
സ്തുതിഗീതങ്ങൾ പാടീടും ഞാൻ

1 കണ്ണുനീരവൻ തുടച്ചീടുമേ
കരുണയിൻ കരം നീട്ടിടുമേ
എന്റെ കാൽവറി നായകനേശുമതി
നിന്റെ പാപങ്ങൾ അകറ്റീടുവാൻ (2)

2 പരനെൻ വിളികേട്ടീടുമ്പോൾ
പരമാനന്ദം ലഭിച്ചീടുമേ
നിന്റെ അകൃത്യങ്ങളൊക്കെയും
അവൻ കൃപയാൽ അതിവേഗം അകന്നീടുമേ (2)

3 പുത്തനെരുശലേം പൂകിടുവാൻ
പുത്രൻ വാനത്തിൽ വന്നിടുമ്പോൾ
ഞാനും നൊടി നേരത്തിനുള്ളിൽ
അവനനുരൂപമായ് വാനിടം പറന്നീടുമേ (2)

# 140

1 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻമുഖത്തിൻ പ്രകാശം ഹാ! എത്ര മധുരം
ഹാ! നല്ലോരവകാശം എന്റേതു നിശ്ചയം

2 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കൈയെഴുത്ത്
തൻക്രൂശിൻ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു

3 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദം ഒക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം

4 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ നിത്യസ്നേഹംകൊണ്ടു എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
തൻ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളും

5 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ വരവു സമീപം നേരം പുലരുന്നു
ദിവ്യമഹത്ത്വത്തോടു താൻ വെളിപ്പെട്ടിടും
ഈ ഞാനുമവനോടു കൂടെ പ്രകാശിക്കും

# 141

എന്നോടുള്ള നിന്റെ ദയ എത്ര വലിയത്
എന്നോടുള്ള നിന്റെ കൃപ എത്ര വലിയത് (2)

1 അത് മഞ്ഞുപോലെ എന്മേൽ പൊഴിഞ്ഞു വീഴും
അത് മാരിപോലെ എന്മേൽ പെയ്തിറങ്ങും

പർവ്വതം മാറിയാലും കുന്നുകൾ നീങ്ങിയാലും
നിൻ ദയ എന്നെ വിട്ടു മാറുകില്ല (2) എന്നോ

2 അമ്മ തൻ ഉദരത്തിൽ എന്നെ കണ്ടല്ലോ
നിത്യതയോടെ എന്നെ വീണ്ടെടുത്തല്ലോ (2)
നരയോളം ചുമക്കാമെന്നരുളിയോനേ
നിന്നോട് തുല്യനായ് ആരുമില്ല (2) എന്നോ

3 പാപിയായിരുന്നെന്നെ തേടി വന്നല്ലോ
പാവന നിണം ചിന്തി വീണ്ടെടുത്തല്ലോ (2)
നിത്യതയോളവും നടത്തിടുവാൻ
യേശുവേ നീ മാത്രം മതിയെനിക്ക് (2) എന്നോ

# 142

1 എൻ ആത്മാവ് സ്നേഹിക്കുന്നെൻ യേശുവേ
മറ്റെല്ലാം പൊയ്പോയാലും നീ മാത്രമേ
എൻ ഉള്ളത്തിൻ ഇമ്പം ഇന്നും എന്നുമേ
ഞാൻ സ്നേഹിച്ചെന്നാകിൽ ഇപ്പോൾ യേശുവേ

2 നിന്നോടുള്ള സ്നേഹം ഒരാശ്ചര്യമോ
മുൻ സ്നേഹിച്ചതേശുവേ നീയല്ലയോ?
എൻ പേർക്കു സ്വരക്തം ചൊരിഞ്ഞവനേ
ഞാൻ സ്നേഹിച്ചെന്നാകിൽ ഇപ്പോൾ യേശുവേ

3 നിൻ നെറ്റി മുൾമുടിക്കും കൈ ആണിയ്ക്കും
വിരോധിച്ചിട്ടില്ല നീ ഈ എനിക്കും
സമ്പാദിപ്പാൻ സൗജന്യമാം രക്ഷയെ
ഞാൻ സ്നേഹിച്ചെന്നാകിൽ ഇപ്പോൾ യേശുവേ

4 ഞാൻ സ്നേഹിക്കും നിന്നെ ഞാൻ ജീവിക്കും നാൾ
വേർപെടുത്താമോ നമ്മെ മൃത്യുവിൻ വാൾ
നിൻജയം അതെവിടെ ഹെ! മൃത്യുവെ
ഞാൻ സ്നേഹിച്ചെന്നാകിൽ ഇപ്പോൾ യേശുവേ

5 നിൻ ദാനമാം സ്വർഗ്ഗ മഹത്ത്വത്തിലും
നിൻ മുഖം ഞാൻ നോക്കിക്കൊണ്ടുല്ലസിക്കും
നീ ജീവകിരീടം നല്കും സമയേ
ഞാൻ സ്നേഹിച്ചെന്നാകിൽ ഇപ്പോൾ യേശുവേ

# 143

1 എൻ ക്രിസ്തൻ യോദ്ധാവാകുവാൻ -
ചേർന്നെൻ തൻ സൈന്യത്തിൽ
തൻ ദിവ്യ വിളി കേട്ടു ഞാൻ
ദൈവവാത്മ ശക്തിയാൽ

നല്ലപോർ പൊരുതും ഞാൻ
എൻക്രിസ്തൻ നാമത്തിൽ
വാടാക്കിരീടം പ്രാപിപ്പാൻ
തൻ നിത്യ രാജ്യത്തിൽ

2 തൻ ക്രൂശു ചുമന്നീടുവാൻ ഇല്ലൊരും ലജ്ജയും
എൻ പേർക്കു കഷ്ടപ്പെട്ടു താൻ എന്നെന്നും ഓർത്തിടും

3 പിശാചിനോടു ലോകവും ചേർന്നിടും വഞ്ചിപ്പാൻ
വേണ്ടാ നിൻ ചപ്പും കുപ്പയും എന്നുരച്ചിടും ഞാൻ

4 ഓർ മുൾക്കിരീടം അല്ലയോ എൻ നാഥൻ ലക്ഷണം
തൻ യോദ്ധാവാഗ്രഹിക്കുമോ ഈ ലോകാഡംബരം

5 ഞാൻ കണ്ടു വല്യ സൈന്യമാം വിശ്വാസ വീരരെ
പിഞ്ചെല്ലും ഞാനും നിശ്ചയം ഈ ദൈവധീരരെ

6 കുഞ്ഞാട്ടിൻ തിരുരക്തത്താൽ എനിക്കും ജയിക്കാം
തൻ സർവ്വായുധ വർഗ്ഗത്താൽ എല്ലാം സമാപിക്കാം

7 വല്ലൊരു മുറിവേൽക്കുകിൽ നശിക്കയില്ല ഞാൻ
തൻ ശത്രുവിന്റെ കൈകളിൽ ഏല്പിക്കയില്ല താൻ

8 എൻ ജീവനെയും വയ്ക്കുവാൻ എൻ നാഥൻ കല്പിക്കിൽ
സന്തോഷത്തോടൊരുങ്ങും ഞാൻ തൻ ക്രൂശിൻ
ശക്തിയാൽ

9 വിശ്വാസത്തിന്റെ നായകാ! ഈ നിന്റെ യോദ്ധാവെ
വിശ്വസ്തനായി കാക്കുക നൽ അന്ത്യത്തോളമേ

# 144

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതൻ എന്നെകടന്നുപോയി

1 കുഞ്ഞാട്ടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ട ക്ഷണത്തിൽ

2 ഫറവോന്നു ഞാനിനി അടിമയല്ല
പരമസീയോനിൽ ഞാനന്യനല്ല

3 മരുവിലെൻ ദൈവമെനിക്കധിപതിയേ
തരുമവൻ പുതുമന്ന അതുമതിയേ -

4 മാറയെ മധുരമാക്കിത്തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ

5 മനോഹരമായ കനാൻ ദേശമേ
അതേ എനിക്കഴിയാത്തൊരവകാശമേ

6 ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമേ -

7 എന്റെ ബലവും എന്റെ സംഗീതവും
എൻ രക്ഷയും യേശുവത്രേ ഹല്ലേലുയ്യാ

# 145

എൻ പ്രിയാ നിൻ വൻകരം
എന്നെ താങ്ങി നടത്തിടുന്നതാൽ

എൻ ജീവിത ഭാരങ്ങളാൽ
കേഴണമോ ഈ ഭൂവിൽ

1 എൻ വേദന മാറിടുമേ
എൻ രോഗങ്ങൾ നീങ്ങിടുമേ
അങ്ങേ മാർവ്വിൽ ചാരിടുമ്പോൾ
ഞാനെന്തു ഭാഗ്യവാനായ്

2 ഉറ്റവർ കൈവിടും സ്നേഹിതർ മാറിടും
പെറ്റമമയും തള്ളിടും
മാറ്റമില്ലാ വിശ്വസ്തനെ
നിന്റേതല്ലോ എന്നും ഞാൻ

3 ജീവിത സാഗരെ ഭാരങ്ങളാൽ
എൻ തോണി വലഞ്ഞീടുമ്പോൾ
അമരക്കാരനായ് നിൻ സാന്നിദ്ധ്യം
എന്നെന്നും മതിയെനിക്ക്

# 146

എൻ പ്രാണനാഥൻ എന്നു വരും?
എന്നു തീരും എൻ വേദനകൾ

1 ആകുലത്തിൽ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലാതാരും ഇല്ലെനിക്ക്
ആത്മാനാഥാ ഈ പാരിടത്തിൽ -

2 ഇന്നിഹത്തിൽ നിന്നിലല്ലാ -
തില്ല സന്തോഷം ജീവിതത്തിൽ
തിങ്ങിവിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും

3 പ്രിയരെല്ലാം കൈവിടുമ്പോൾ
പ്രതികൂലമായ് മാറിടുമ്പോൾ

പ്രാണപ്രിയാ ഈ ഏഴയാകും
പ്രാണിയെ നീയും കൈവിടുമോ!

4 നല്ലതല്ലാതൊന്നുമില്ല നീ -
നൽകുമെല്ലാം നന്മയല്ലോ
നിത്യത തന്നിലെത്തുവോളം നീ
നടത്തെന്നെ നിൻ ഹിതം പോൽ -

# 147

എൻ പ്രിയനെന്തു മനോഹരനാം!
തൻപാദമെന്നുമെന്നാശ്രയമാം
ആനന്ദമായവനനുദിനവും
ആമയമകറ്റി നടത്തുമെന്നെ

1 ശാരോൻ പനിനീർ കുസുമമവൻ
താഴ്വരകളിലെ താമരയും
മധുരഫലം തരും നാരകമാം
തൻനിഴലതിലെൻ താമസമാം

2 ഉലകക്കൊടുംവെയിൽ കൊണ്ടതിനാൽ
ഇരുൾ നിറമായെനിക്കെങ്കിലും താൻ
തള്ളുകയില്ലെന്നെത്തിരുകൃപയാൽ
തന്നരമനയിൽ ചേർക്കുകയായ് -

3 മാറ്റമില്ലാ കൃപനിറഞ്ഞവനായ്
മറ്റൊരുരക്ഷകനില്ലിതുപോൽ
മരുവിടമാമീ ഭൂമിയിൽ തൻ
മാറിൽ ചാരി ഞാനാശ്വസിക്കും

# 148

എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരെയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ
നിന്നെ പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരൻമാരെ വരിക്കുമോ വത്സലാ
മണ്ണേപ്രതി മാണിക്യം വെടിയുകയില്ല ഞാൻ

2 സർവ്വാംഗസുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വ സുഖ സൗകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ

3 യെരൂശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നിടുകിൽ -

4 ലോകസുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടുകൂടിയെന്നെ മാടിവിളിച്ചാൽ -

5 വെള്ളത്തിൻ കുമിളപോലെ മിന്നിവിളങ്ങീടുന്ന
ജഡിക സുഖങ്ങളെന്നെ എതിരേല്ക്കുകിൽ

6 പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചിടുന്നേ -

# 149

എൻ മനമെ ദിനം വാഴ്ത്തുക നീ
എന്റെ സർവ്വാന്തരംഗവുമേ - യാഹോവയെ
എൻ മനമെ ദിനം വാഴ്ത്തുക നീ

1 തന്നുപകാരങ്ങളോർത്തു നിരന്തരം
നന്ദിയാൽ പ്രിയനെ  വാഴ്ത്തി പുകഴ്ത്തിടാം
നിന്നകൃത്യങ്ങൾ മോചിച്ചിടുന്നു
നിന്നുടെ രോഗങ്ങൾ സൗഖ്യമാക്കുന്നു
നിൻ ജീവനവൻ വീണ്ടെടുത്തിടുന്നു

2 നിന്നുടെ യൗവ്വനം കഴുകൻ പോൽ പുതുക്കി
നന്മയാൽ വായ്ക്കവെൻ തൃപ്തിയെ തരുന്നു

പീഡിതർക്കായ് നീതി ന്യായം നടത്തി
തൻ ദയ നമ്മെ അണിയിക്കുന്നോൻ
കൃപയും കരുണയും നിറഞ്ഞവൻ താൻ

3 നമ്മുടെ പാപങ്ങൾക്കൊത്തവിധം പരൻ
പകരം നമ്മോടു പ്രവർത്തിക്കുന്നില്ല
വാനം ഭൂമിക്കുമേൽ ഉന്നതം പോലെ
തൻദയ ഭക്തർമേൽ ഉന്നതം തന്നെ
നാം വെറും പൊടിയവൻ ഓർത്തിടുന്നു

4 നരനുടെ ആയുസ്സു പുല്ലു പോലാകുന്നു
വയലിലെ പൂവുപോൽ ക്ഷണികമീഭൂമിയിൽ
എങ്കിലോ തൻ ദയ ഭക്തരിലും നീതി -
മക്കളുടെ മേലും സുസ്ഥിരം തന്നെ
തൻ നിയമങ്ങൾ പ്രമാണിപ്പോർക്കും

5 സ്വർഗ്ഗസിംഹാസനേ നിത്യമായ് വാഴുന്ന
സ്തുത്യനാം യാഹിനെ വാഴ്ത്തി വണങ്ങിടാം
തൻവചനത്തിന്റെ ശബ്ദം ശ്രവിച്ച്
തൻഹിതം ചെയ്യുന്ന ശുശ്രൂഷക്കാരായ്
വാഴ്ത്തുവിൻ യഹോവയിൻ വൻ നാമത്തെ

# 150

# 151

എൻ ഭവനം മനോഹരം എന്താനന്ദം
വർണ്ണ്യാതീതം സമ്മോദകം
ദൂരെ മേഘപ്പാളിയിൽ ദൂരെ താരാപഥ വീചിയിൽ
ദൂത വൃന്ദങ്ങൾ സമ്മോദരായ് പാടീടും സ്വർഗ്ഗവീഥിയിൽ

പൊൺമണിമേടകൾ മിന്നുന്ന ഗോപുരം
പത്തും രണ്ടു രത്നക്കല്ലുകളാൽ തീർത്തതാം മന്ദിരം
കണ്ടെൻ കണ്ണുകൾ തുളുമ്പീടും
ആനന്ദാശ്രു പൊഴിച്ചിടും

എൻ പ്രേമകാന്തനും മുൻപോയ ശുദ്ധരും
കരം വീശി വീശി മോദാൽ ചേർന്നു
സ്വാഗതം ചെയ്തീടും
മാലാഖ ജാലങ്ങൾ നമിച്ചെന്നെ ആനയിക്കും

എൻ സ്വർഗഭവനമേ
എന്തു പ്രകാശിതം എന്തു പ്രശോഭിതം
ഹല്ലേലൂയ്യ പാടും ശുദ്ധർ ഏവം ആലയം പൂരിതം

# 152

എൻ യേശുവേ എൻ യേശുവേ
നീ തന്നതെല്ലാം നന്മയ്ക്കായി (2)
ഇമ്പങ്ങൾ ഏറീടിലും വൻ കാറ്റു വീശിടിലും

മരുഭൂവിൽ ചാരുവാൻ നീ മതിയേ
മമകാന്ത നീയെൻ ജീവനേ (എൻ യേശുവേ...

നീയെൻ ആശ്രയം ആശ്വാസം എന്നും
നീറും നേരത്തിൽ അലിവുള്ള നാഥൻ
എൻ പേർക്കായി തൻ ജീവൻ നല്കിയ
നാഥാ നിൻപാദം എന്നാശ്രയമേ എൻ പ്രിയനേ...
(എൻ യേശുവേ...

ഭാരം കേഴുമ്പോൾ നീയെന്റെ ചാരേ
ജീവൻ നല്കിടും നീയെന്റെ തോഴൻ
അളവില്ല കൃപകൾ അകതാരിൽ
പകരാൻ അലിവോട് അണയണമേ എൻ പ്രിയനേ...
(എൻ യേശുവേ...

# 153

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതൻ എന്നെകടന്നുപോയി

1 കുഞ്ഞാട്ടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ട ക്ഷണത്തിൽ

2 ഫറവോന്നു ഞാനിനി അടിമയല്ല
പരമസീയോനിൽ ഞാനന്യനല്ല

3 മരുവിലെൻ ദൈവമെനിക്കധിപതിയേ
തരുമവൻ പുതുമന്ന അതുമതിയേ –

4 മാറയെ മധുരമാക്കിത്തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ

5 മനോഹരമായ കനാൻ ദേശമേ
അതേ എനിക്കഴിയാത്തൊരവകാശമേ

6 ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമേ –

7 എന്റെ ബലവും എന്റെ സംഗീതവും
എൻ രക്ഷയും യേശുവത്രേ ഹല്ലേലുയ്യാ

# 154

1 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻമുഖത്തിൻ പ്രകാശം ഹാ! എത്ര മധുരം
ഹാ! നല്ലോരവകാശം എന്റേതു നിശ്ചയം

2 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കൈയെഴുത്ത്
തൻക്രൂശിൻ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു

3 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദം ഒക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം

4 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ നിത്യസ്നേഹംകൊണ്ടു എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
തൻ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളും

5 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ വരവു സമീപം നേരം പുലരുന്നു
ദിവ്യമഹത്ത്വത്തോടു താൻ വെളിപ്പെട്ടിടും
ഈ ഞാനുമവനോടു കൂടെ പ്രകാശിക്കും

# 155

എൻ പേർക്കായ് ജീവൻ വയ്ക്കും പ്രഭോ! നിന്നെ-
എന്നുമീ ദാസനോർക്കും

1 നിൻ കൃപയേറിയ വാക്കിൻ പ്രകാരമി -
ങ്ങത്യന്ത താഴ്മയോടെ - എന്റെ
വൻകടം തീർപ്പാൻ മരിക്കും പ്രഭോ! നിന്നെ
എന്നുമീ ദാസനോർക്കും - എൻ

2 എന്നുടെ പേർക്കായ് നുറുങ്ങിയ നിന്നുടൽ
സ്വർഭോജ്യമത്രേ മമ - നിന്റെ
പൊന്നുനിയമത്തിൽ പാത്രമെടുത്തിപ്പോൾ
നിന്നെ ഞാനോർക്കുന്നിതാ - എൻ

3 ഗത്ശമനേയിടം ഞാൻ മറന്നിടുമോ
നിൻവ്യഥയൊക്കെയെയും - നിന്റെ
സങ്കടം രക്തവിയർപ്പെന്നിവയൊരു -
നാളും മറക്കുമോ ഞാൻ - എൻ

4 എന്നുടെ കണ്ണുകൾ കാൽവറിയിങ്കലെ
ക്രൂശിന്നു നേർ തിരിക്കേ - എന്റെ
പൊന്നു ബലിയായ ദൈവകുഞ്ഞാടിനെ -
യോർക്കാതിരിക്കുമോ ഞാൻ - എൻ

# 156

എൻ ജീവനാഥൻ കൃപയാലെന്നെ
നടത്തിടുവതെന്താനന്ദം!
തൻജീവനെന്നെ വിജയം നൽകി
പുലർത്തിടുവതെന്താനന്ദം!

1 ബഹുവിധ ഭീതികളേറും ധരയിൽ
തീരാത്ത കൃപയെന്മീതെ
പകരുവതമിതം സന്തോഷമനിശവും
തരും ഭയമെഴാതെ ഓ - ഓ - തരും - എൻ

2 പല പരിശോധനകൾ വരുമെന്നാൽ
ശ്രീയേശുവരികിൽ വന്നു

മമ കൃപമതിയെന്നെന്നോടു ദിവസവും
മോദാലരുളിടുന്നു ഓ - ഓ - മോദാൽ - എൻ

3 അതിബലമുള്ള കരങ്ങൾമൂലം
താങ്ങുന്നു കൃപയാലെന്നെ
മതിബലമകലും നേരത്തെഭയമവൻ
നൽകിടുന്നു നന്നേ ഓ - ഓ - നല്കി - എൻ

4 മനുജരനേകമരാജകമായി
മേവുന്നുലകിലീ കാലം
മനസ്സുഖമൊടു ഞാൻ വാസം തുടരുവതു
ദിവ്യകരുണമൂലം ഓ - ഓ - ദിവ്യ - എൻ

# 157

എൻ നാഥനേ! നീ മത്രമേ
എന്നാത്മാവിൻ സംഗീതമേ - എൻ നാഥനേ!

1 നീർത്തോടു തേടി ഓടുന്ന മാൻപോൽ
തേടുന്നു ഞാൻ നിൻ സന്നിധാനം
എൻ പ്രാണനാഥാ! നിന്നോടു ചേരുവാൻ
എൻ പ്രാണൻ വാഞ്ഛിച്ചു പാർത്തിടുന്നു - എൻ

2 നിൻ തിരുവാസം മോഹനം തന്നെ
നിൻ സ്നേഹമെത്രയോ മാധുര്യമാം!
നിൻയാഗവേദിയെൻ വിശ്രമസ്ഥാനമാം
നിൻ പാദസേവയെന്നാനന്ദമാം - എൻ

3 ഇന്നലേമിന്നുമെന്നും അനന്യനാം
നിന്നിലീ സാധു ഞാൻ ധന്യനല്ലോ
എന്നോടുകൂടെ നീ നിന്നോടുകൂടെ ഞാൻ
എന്നും പിരിയാത്ത ജീവിതമാം - എൻ

# 158

1 എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ
നടത്തിടുന്നു ദിനം തോറും
സന്തോഷവേളയിൽ സന്താപവേളയിൽ
എന്നെ കൈവിടാതെ അനന്യനായ്

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
പ്രലോഭനം അനവധി വന്നീടിലും
എൻ കാന്തൻ കാത്തിടും എൻ പ്രിയൻ പോറ്റിടും
എൻ നാഥൻ നടത്തിടും അന്ത്യം വരെ

2 മുമ്പിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
പിൻപിൽ വൻവൈരി പിൻഗമിച്ചാൽ
ചെങ്കടലിൽ കൂടി ചെങ്കൽ പാതയൊരുക്കി
അക്കരെ എത്തിക്കും ജയാളിയായ്

3 എരിയും തീച്ചൂള എതിരായ് എരിഞ്ഞാൽ
ശദ്രക്കിനെപ്പോൽ വീഴ്ത്തപ്പെട്ടാൽ
എന്നോടുകൂടെയും അഗ്നിയിലിറങ്ങി
വെന്തിടാതെ പ്രിയൻ വിടുവിക്കും

4 ഗർജ്ജിക്കും സിംഹങ്ങൾ വസിക്കും ഗുഹയിൽ
ദാനിയേലെപ്പോൽ വീഴ്ത്തപ്പെട്ടാൽ
സിംഹത്തെ സൃഷ്ടിച്ച എൻ സ്നേഹനായകൻ
കണ്മണിപോലെന്നെ കാത്തുകൊള്ളും

5 കെരീത്തുതോട്ടിലെ വെള്ളം വറ്റിയാലും
കാക്കയിൻ വരവു നിന്നീടിലും
സാരെഫാത്തൊരുക്കി ഏലിയാവേ പോറ്റിയ
എൻ പ്രിയൻ എന്നെയും പോറ്റിക്കൊള്ളും –

6 മണ്ണോടു മണ്ണായ് ഞാൻ അമർന്നുപോയാലും
എൻ കാന്തനേശു കൈവിടില്ല
എന്നെ ഉയിർപ്പിക്കും വിൺശരീരത്തോടെ
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ -

# 159

എൻ പ്രിയ രക്ഷകൻ വന്നിടാൻ കാലമായ്
കാഹളത്തിൻ ധ്വനി കേട്ടിടാറായ്
ഹാ - എന്റെ പ്രിയന്റെ പ്രേമത്തെ ഓർക്കുമ്പോൾ
ഹാ - എനിക്കാനന്ദം തിങ്ങിടുന്നേ

1 വാഗ്ദത്തം ചെയ്തവൻ വാക്കു മാറാത്തവൻ
വാനലോകാധിപൻ വീണ്ടുംവരും
എന്തെനിക്കിമ്പമാം രാജ്യത്തിൽ ചേർക്കുവാൻ
എന്നാശതീർക്കുവാൻ എന്നു വരും - എൻ

2 നിന്നെ ഞാൻ ധ്യാനിക്കും നേരമെൻ മാനസം
ആനന്ദത്താൽ നിറഞ്ഞാരാധിക്കും
വെണ്മയും ചുവപ്പും ചേർന്നുള്ള ലക്ഷണം
നിർമുഖപ്രഭയും സൂര്യനെപ്പോൽ - എൻ

3 മാറത്തുപൊൻ കച്ചനീലക്കൽപതിച്ച
സർവ്വാംഗസുന്ദരൻ ആണെൻ പ്രിയൻ
താമരപ്പൂവിലും ഹെർമ്മോനിൻ
മഞ്ഞിലും വെണ്മ കലർന്നവനാണെൻ പ്രിയൻ - എൻ

4 ആയിരം ആയിരം ദൂതന്മാരാർപ്പുമായ്
ആ - മഹാസുന്ദരൻ മേഘേവരും
നീ എന്റെ രക്ഷകൻ എന്നെ വീണ്ടെടുത്തോൻ
ഞാൻ നിനക്കുള്ളവൻ എന്നും എന്നും - എൻ

# 160

1 എൻ രക്ഷകാ! എൻ ദൈവമേ!
നിന്നിലായ നാൾ ഭാഗ്യമേ
എന്നുള്ളത്തിൽ സന്തോഷത്തെ -
എന്നും ഞാൻ കീർത്തിച്ചിടട്ടെ

ഭാഗ്യനാൾ ഭാഗ്യനാൾ യേശു
എൻ പാപം തീർത്തനാൾ
കാത്തുപ്രാർത്ഥിക്കാറാക്കി താൻ
ആർത്തുഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ ഭാഗ്യനാൾ യേശു
എൻ പാപം തീർത്തനാൾ

2 വൻക്രിയ എന്നിൽ നടന്നു
കർത്തനെന്റെ ഞാനവന്റെ
താൻ വിളിച്ചു ഞാൻ പിൻചെന്നു
സ്വീകരിച്ചു തൻ ശബ്ദത്തെ -

3 സ്വസ്ഥമില്ലാത്ത മനമേ -
കർത്തനിൽ നീ ആശ്വസിക്ക
ഉപേക്ഷിയാതെ അവനെ
തൻ നന്മകൾ സ്വീകരിക്ക

4 സ്വർപ്പുരം ഈ കരാറിനു
സാക്ഷി നില്ക്കുന്നെൻ മനമേ
എന്നും എന്നിൽ പുതുക്കുന്നു
നൽമുദ്ര നീ ശുദ്ധാത്മാവേ

5 സൗഭാഗ്യം നല്കും ബാന്ധവം -
വാഴ്ത്തും ജീവകാലമെല്ലാം
ക്രിസ്തേശുവിൽ എൻ ആനന്ദം -
പാടും ഞാൻ അന്ത്യകാലത്തും -

# 161

എൻ കാന്തനിവൻതന്നേ ശങ്കയില്ലഹോ! നിർണ്ണയം
ചെങ്കതിരവൻപോൽ കളങ്കമറ്റിതാ കാണുമെൻ

1 കൂരിരുളിലുദിച്ച കതിരൻ പാപക്കറകൾ
തീരുവാനൊഴിച്ച രുധിരൻ അനുതപിക്കും
നേരം പാപികൾക്കേറ്റം മധുരൻ പരീശയർക്കു
നേരുത്തരം കൊടുത്ത ചതുരൻ

കാണാതെ പോയുള്ളാടുകൾ
തേടി നടന്ന കാലുകൾ
തന്നിലേറ്റാണിപ്പാടുകൾ കണ്ടിതാ!
ഞാനിപ്പാടുകൾ കൈവിലാവിലും - എൻ

2 മുൾമുടിപൂണ്ടു കോലാലടികളേറ്റതാലിതാ
വെണ്മ നെറ്റിമേലുള്ള വടുക്കൾ അളവില്ലാത്ത
നന്മനിമിത്തം ലോകക്കുടികൾ രക്ഷപെടുവാൻ
തൻമേൽ കൊരടാവാലുള്ളടികൾ

കൊണ്ടുപാടുകളുണ്ടിതാ!
ചാവിൻവിഷമുൾക്കൊണ്ടു താൻ
ചത്തു ജീവിച്ചുകൊണ്ടതാൽ
ചാകാത്തമേനി കണ്ടിതാ! അല്ലയോ സഖീ! - എൻ

3 എൻ കാന്തനുടെ തിരുനാമം സുഗന്ധം തൂകു -
ന്നെങ്കലേശുന്നു തന്റെ ധാമം അതിനാൽ ഞാനും
തിങ്കൾപോലെ മേവുന്നു ക്ഷേമം എനിക്കവന്റെ
ചെങ്കോലിൻ കീഴിൽ പുതുനാമം

തന്നാനെനിക്കു മന്നവൻ
മണ്ണിൽ മനുവായ് വന്നവൻ
വാനലോകത്തെഴുന്നവൻ
എനിക്കു കാഴ്ച തന്നവൻ ഇതാ കാണുന്നു - എൻ

4 തങ്കലുള്ള നിറം ചുവപ്പും വെണ്മയും തല
തങ്കം കുന്തളമോ കറുപ്പും ലക്ഷേപേരിൽ ക -
ളങ്കമറ്റവന്റെ മതിപ്പും തനിക്കുണ്ടിതാ
തൻകണ്ണുകൾ പാലിൽ കുളിപ്പും

തണ്ണീർതോടിലിരിപ്പുമാ -
യുള്ള പ്രാക്കളോടൊപ്പമാം -
തന്റെ കവിൾ സൗരഭ്യമാം -
വർഗ്ഗത്തടത്തിനൊപ്പമായ്ക്കാണുന്നു സഖീ -എൻ

5 തന്നുടെ രൂപം ലബാനോനേ
ദേവദാരുക്കളെന്നപോലെ ശ്രേഷ്ഠമാണേ -
വായോ മധുരമെന്നുവേണ്ട
തങ്കലെല്ലാമേ ഓമനം തന്നെ തന്നുടെ വക്കെനിക്കു തേനേ!

അതിൽ മൊഴിഞ്ഞുപോലിതാ
കാണുന്നേനിവനെ മുദാ
എന്നുടെ പ്രിയസ്നേഹിതാ!
വന്നാലും വേഗം ഞാനിതാ സ്നേഹാർത്തയാ -
യെൻ - എൻ

# 162

***രീതി: എന്റെ ഭാവിയെല്ലാം***

1 എന്റെ കർത്താവാമേശുവേ! ആശ്രിതവത്സലാ പ്രഭോ!
നിൻ കരത്താൽ താങ്ങിയെന്നെ നിൻ പാതയിൽ നടത്തുക

2 ജീവിതമാം വൻ കടലിന്നക്കരെ ഞാനെത്തുവോളം
മാർഗ്ഗനിർദ്ദേശം നൽകിയെൻ യാത്ര സുഗമമാക്കുക

3 നിസ്സഹായനാകുമെന്റെ വിശ്വാസമാം നൗകയെ നിൻ
ശാശ്വതകരം നയിച്ചു സന്തതം പാലിക്കേണമേ

4 ശക്തിയായ കാറ്റും കോളും ദർശിച്ചു ഞാൻ പേടിക്കുമ്പോൾ
ഭീരുവായതെന്തിനു നീ എന്ന സ്വരം കേൾക്കട്ടെ ഞാൻ

5 അന്ധകാരത്താലെൻ മാർഗ്ഗം വ്യക്തമല്ലെന്നു തോന്നിയാൽ
ബന്ധുരമാം നിന്മുഖത്തിൻ കാന്തിയതിൽ ശോഭിക്കട്ടെ

6 മേഘത്തിൽ വന്നിടുമ്പോൾ തേജസ്സിൽ ഞാൻ നിന്നെ കാണും
നിന്നോടു സദൃശനാകാൻ പ്രാപിക്കും ഞാൻ രൂപാന്തരം

7 വീഴാതെന്നെ കാത്തു തവ തേജസ്സിൻ സന്നിധാനത്തിൽ
ചേർത്തിടുവാൻ പ്രാപ്തനാമെൻ
കർത്തനെന്നും സ്തോത്രം - ആമേൻ

# 163

എന്റെ ദൈവത്താലെല്ലാം സാദ്ധ്യം
എന്റെ ദൈവത്താലെല്ലാം സാദ്ധ്യം
ആഴിമേൽ നടന്നു അഗ്നിയിലിറങ്ങി
ആകാശം തുറന്ന സർവ്വശക്തൻ

എല്ലാമെല്ലാം സാദ്ധ്യം
രോഗമോ ദുഃഖമോ കഷ്ടമോ നഷ്ടമോ
വിടുതൽ നൽകിടും നാഥൻ

1 ഹന്നാ കരഞ്ഞതു കേട്ടു ശമുവേൽ ബാലനെ നൽകി
ദാനിയേലിന്റെ ദൈവം സിംഹക്കൂട്ടിലിറങ്ങി
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ ഒന്നുമസാദ്ധ്യമല്ല -

2 കുരുടൻ നിലവിളിച്ചപ്പോൾ യേശുനാഥൻ നിന്നു
ലാസറുയർത്ത നാട്ടിൽ ജയത്തിൻ ഘോഷം കേട്ടു
പ്രാർത്ഥിച്ചിടാം കണ്ണുനീരോടെ ഒന്നുമസാദ്ധ്യമല്ല -

3 ഉള്ളം നൊന്തുകരഞ്ഞാൽ മനസ്സലിഞ്ഞിടും നാഥൻ
കാൽവരിയിലെ രക്തം പാപമോചനമേകും
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ ഒന്നുമസാദ്ധ്യമല്ല -
എന്റെ ദൈവത്താലെല്ലാം

# 164

എന്റെ കർത്താവും ദൈവവുമേ
സാത്തന്റെ തലയെ തകർത്തവൻ നീ
മരണത്തിൽ നിന്നെന്നെ വിടുവിച്ചല്ലോ
ഹൃദയം കവിയുന്ന സ്തുതി നിനക്ക്

1 രാപ്പകൽ എനിക്കു നിൻ നാമം മതി
ആരാധിച്ചാനന്ദിച്ചാർത്തിടാൻ
ഹൃദയം കവിയുന്ന ആരാധന
ശക്തിയെ നല്കുന്ന കർത്താവിന് -

2 ആത്മാവിലാരാധിച്ചാനന്ദിച്ച്
രാപ്പകൽ ശക്തിയെ പുതുക്കീടുവാൻ
പരിശുദ്ധാത്മാവിൽ മഹാ ശക്തി
പിന്മഴയായ് ഇന്നു പകരണമേ -

3 യേശുവേ ഉയർപ്പിച്ച ആത്മാവേ
കാഹളം കേൾപ്പാൻ സമയമായി
പൂർണ്ണ വിശുദ്ധിയിൽ നടത്തേണമേ
രൂപാന്തരം നൽകാൻ നീ വേണം -

# 165

എന്റെ ദൈവം മതിയായവൻ
എന്റെ ദൈവം മതിയായവൻ
ഏതു നേരത്തും മതിയായവൻ
എനിക്കെന്നും... ദൈവമവൻ

1 തന്നിലാശ്രയിച്ചിടുകിൽ ഒന്നിലും... കുറഞ്ഞിടാതെ
മന്നിൽ തൻ ബലത്താലെ നടത്തും എന്റെ
ദൈവമെന്നും - എ

2 ക്ലേശം നേരിടും നേരം എന്നാശ ഉഴറിടുമ്പോൾ
യേശു താനരികിൽ വന്നാശ്വസിപ്പിക്കും
ശാശ്വതമായി - എ

3 ഏറിടുന്ന വേദനയിൽ... നിറിടും തീച്ചൂളയതിൽ
കൂടെ വന്നു താൻ നടക്കും സഖിയായി
കൈവിടുകില്ല - എ

4 കാണും ഞാൻ മുഖാമുഖമായി പ്രാണനാഥനെ വിരവിൽ
ആണിയേറ്റ പാണിയാലെ തുടയ്ക്കും
കണ്ണുനീരെല്ലാം - എ

# 166

*രീതി: ദേവേശാ യേശുപരാ*

1 എന്റെ നാഥൻ നിണം ചൊരിഞ്ഞോ?
എന്റെ രാജാ മരിച്ചുവെന്നോ?
പുഴുവിനൊത്തോരെനിക്കുവേണ്ടി
വിശുദ്ധമാം ശിരസ്സവൻ കുനിച്ചുവെന്നോ

യേശുനാഥൻ എനിക്കുമപ്പോൾ
നിനക്കും വേണ്ടി മരിച്ചു പാപീ!
സകലർക്കുമായവൻ മരിച്ചു
രക്ഷ വെറും ദാനമത്രേ തനിക്കു സ്തുതി

2 നാം നശിച്ച കാരണത്താൽ
ക്രൂശിലവൻ തൂങ്ങുന്നിതാ
ഭ്രമിച്ചുപോകും ദയവിതുതാൻ
അറിയാതുള്ളൊരു കൃപ പരമസ്നേഹം - യേശു

3 പാപത്തിനാൽ നശിച്ച നമ്മെ
കരുതിയല്ലോ പരൻ മരിച്ചു
അഭിഷിക്തന്റെ മരണംമൂലം
അരുണൻ തന്നുടെ കരം മറച്ചിരുണ്ടു - യേശു

4 സ്നേഹമുള്ള ക്രൂശു കണ്ടു
ഞാനും മുഖം താഴ്ത്തുന്നിതാ

നന്ദിചൊൽവാനെന്റെ മനം
ഉരുക്കണമെൻ കണ്ണുകളലിക്കണമേ - യേശു

5 എങ്കിലുമെൻ കണ്ണുനീരാൽ
സ്നേഹക്കടം വീട്ടിടാമോ?
ഒന്നുമാത്രമെനിക്കു സാദ്ധ്യം
തരുന്നു ഞാനെന്നെപ്പരാ നിനക്കെന്നേക്കും - യേശു

# 167

1 എന്റെ പ്രിയൻ യേശുരാജൻ
വീണ്ടും വരാറായി ഹല്ലേലുയ്യാ
വേഗം വരാറായി ആയിരം പതിനായിരങ്ങളിൽ
അതി സുകുമാരനവൻ - എനിക്കു - അതി

2 കുരിശിൽ രക്തം ചൊരിഞ്ഞു വീണ്ടെടു
ത്താവിയെ നല്കിയവൻ
എനിക്കു - ആവിവല്ലഭനെന്റെ അല്ലൽ തീർത്തവൻ
നല്ലവനെല്ലാമവൻ - എനിക്കു നല്ലവ -

3 നാളുകളിനിയേറെയില്ലെന്നെ
വേളി കഴിച്ചീടുവാൻ എൻ കാന്തൻ - വേളി
മണിയറയതിൽ ചേർത്തീടുവാൻ
മണവാളൻവന്നിടാറായ് - മേഘത്തിൽ - മണ

4 ആമയം തീർത്താമോദം പൂണ്ടോമന പുലരിയതിൽ
ചേർത്തീടും - ഓമന -
രാത്രികാലം കഴിഞ്ഞിടാറായ്
യാത്രയും തീരാറായ് - ഈലോക - യാത്രയും -

5 ആർപ്പുവിളി കേട്ടിടാറായ് കാഹളം മുഴക്കീടാറായ്
ദൂതന്മാർ - കാഹളം -
ഉണർന്നു ദീപം തെളിയിച്ചുകൊൾക
വാതിലടയ്ക്കാറായ് കൃപയുടെ വാതിലടയ്ക്കാറായ്

6 അന്തിക്രിസ്തൻ വെളിപ്പെടാറായ്
ഹന്ത ഭയങ്കരമേ തൻ വാഴ്ച ഹന്ത -
കാന്തയൊ അവൾ കാന്തനുമായി
പീഡയൊഴിഞ്ഞു വാഴും - ഹല്ലേലുയ്യാ - പീഡ

7 അത്തിവൃക്ഷം തളിർത്തതിന്റെ
കൊമ്പുകളിളതായി - അതിന്റെ കൊമ്പുകൾ
അടുത്ത വേനലെന്നറിഞ്ഞുകൊൾക
വാതിലടയ്ക്കാറായ് കൃപയുടെ വാതിലട -

8 എൻ വിനകൾ തീർന്നിടാറായ് എൻ പുരി കാണാറായ്
ഹല്ലേലുയ്യാ എൻ പുരി -
പ്രതിഫലങ്ങൾ ലഭിച്ചിടാറായ്
പൊന്മുടി ചൂടാറായ് ഹല്ലേലുയ്യാ പൊന്മുടി

# 168

എന്റെ ദൈവം സ്വർഗ്ഗ - സിംഹാസനം തന്നി -
ലെന്നിൽ കനിഞ്ഞെന്നെ ഓർത്തിടുന്നു

1 അപ്പനും അമ്മയും വീടും ധനങ്ങളും
വസ്തു സുഖങ്ങളും കർത്താവത്രെ
പൈതൽ പ്രായം മുതൽക്കിന്നേവരെയെന്നെ
പോറ്റി പുലർത്തിയ ദൈവം മതി

2 ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമെ

3 പിതാവില്ലാത്തോർക്കവൻ നല്ലൊരു താതനും
പെറ്റമ്മയെ കവിഞ്ഞാർദ്രവാനും
വിധവയ്ക്കു കാന്തനും സാധുവിന്നപ്പവും
എല്ലാർക്കുമെല്ലാമെൻ കർത്താവത്രേ

4 കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭാംഗിയും നൽകുന്നവൻ
കാട്ടിലെ മൃഗങ്ങളാറ്റിലെ മത്സ്യങ്ങ -
ളെല്ലാം സർവ്വേശനെ നോക്കിടുന്നു

5 കോടാകോടി ഗോളമെല്ലാം പടച്ചവ -
നെല്ലാറ്റിനും വേണ്ടതെല്ലാം നൽകി
സൃഷ്ടികൾക്കൊക്കെയുമാനന്ദ കാരണൻ
ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ

6 കല്യാണശാലയിലെന്നെ വിളിച്ചെന്റെ
സന്താപമൊക്കെയും തീർത്തിടും നാൾ
ശീഘ്രം വരുന്നെന്റെ കാന്തൻ വരുന്നെനിക്കു -
ല്ലാസമായ് ബഹുകാലം വാഴാൻ

7 ലോകം വെടിഞ്ഞെന്റെ സ്വർഗ്ഗീയനാടിനെ
കാണ്മാൻ കൊതിച്ചു ഞാൻ പാർത്തിടുന്നു
അന്യൻ പരദേശിയെന്നെന്റെ മേലേഴു -
ത്തെന്നാൽ സർവ്വസ്വവും എന്റേതതത്രേ

# 169

1 എന്റെ പ്രാണസഖിയേശുവേ -
എന്റെ ആത്മത്തിന്നാനന്ദമെ
എന്നെ നിൻ മാർവിങ്കൽ ചേർപ്പാനായ്
വന്നിതാ ഇപ്പോൾ നിൻ പാദത്തിൽ

അരുൾക, അരുൾക ഞാൻ
പ്രാർത്ഥിക്കുമ്പോൾ
കർത്താവേ ഈ നിന്റെ ദാസർക്കു -
ദിവ്യഹിതത്തെ നീ കാട്ടുക -

2 നിന്നെ സ്നേഹിക്കുന്ന മക്കൾക്ക് -
ഉള്ളതാം എല്ലാ പദവികളും

അടിയനും തിരിച്ചറിവാൻ -
അപ്പനെ ബുദ്ധിയെ തെളിക്ക

3 ഏലിയാ എലിശാ പ്രവരർ -
ബലമായ് ചെയ്ത ക്രിയകൾ കാണ്മാൻ
ഏലോഹിം എന്നെയും ഓർക്കുക -
വേല നിന്നുടെയെന്നോർക്കുക

4 പാപികൾക്കു നിന്റെ സ്നേഹത്തെ
എന്റെ ശീലത്താൽ ഞാൻ കാട്ടുവാൻ
കാൽവറി മലമേൽ കാണിച്ച
അൻപിൻശീലം പകർന്നിടുക

5 എന്റെ ആയുസ്സിന്റെ നാളെല്ലാം
നീ പോയ വഴിയെ പോകുവാൻ
ആശയോടേശുവേ എന്നെ ഞാൻ -
ജീവബലിയായി നൽകുന്നേ

# 170

1 എന്റെ പ്രിയൻ വാനിൽ വരാറായ്
കാഹളത്തിൽ ധ്വനി കേൾക്കാറായ്
മേഘേ ധ്വനി മുഴങ്ങും ദൂതർ ആർത്തു പാടിടും
നാമും ചേർന്നു പാടും ദൂതർ തുല്യരായ്

2 പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിക്കും
നിന്റെ അത്ഭുതങ്ങളെ ഞാൻ വർണ്ണിക്കും
ഞാൻ സന്തോഷിച്ചിടും എന്നും സ്തുതി പാടിടും
എന്നെ സൗഖ്യമാക്കി വീണ്ടെടുത്തതാൽ

3 പീഡിതനു ഒരഭയസ്ഥാനം
സങ്കടങ്ങളിൽ നൽത്തുണ നീ

ഞാൻ കുലുങ്ങുകില്ല ഒരു നാളും വീഴില്ല
എന്റെ യേശു എന്റെ കൂടെയുള്ളതാൽ

4 തകർക്കും നീ ദുഷ്ട ഭുജത്തെ
ഉടയ്ക്കും നീ നീചപാത്രത്തെ
സീയോൻ പുത്രി ആർക്കുക എന്നും സ്തുതി പാടുക
നിന്റെ രാജരാജൻ എഴുന്നള്ളാറായ്

# 171

***രീതി: "നാം വിമുക്തന്മാർ'***

എന്റെ പ്രിയനോ അവൻ എനിക്കുള്ളവൻ
അവൻ എന്നേക്കുമായെന്നെ വീണ്ടെടുത്തവൻ

1 ഇത്രമഹൽ സ്നേഹമാരിലും ഞാൻ
ഇദ്ധരയിലെങ്ങും കാണുന്നില്ല
എന്നെ സ്വന്തമാക്കിടുവാൻ
എൻപേർക്കായ് രക്തം ചൊരിഞ്ഞവൻ താൻ എന്റെ

2 ലോകത്തിൻ സ്ഥാപനം മുതലെനിക്കായ്
അറുക്കപ്പെട്ട ദൈവകുഞ്ഞാടവൻ
പാപശാപം നീക്കിടുവാൻ
പ്രിയൻ ശാപമായി ക്രൂശതിന്മേൽ എന്റെ

3 ആയിരത്തിൽ പതിനായിരത്തിൽ
സർവ്വാംഗ സുന്ദരനെൻപ്രിയൻ താൻ
പ്രാണതുല്യം സ്നേഹിച്ചതാൽ
തൻ ജീവൻ നല്കി മറുവിലയായ് എന്റെ

4 നന്ദിയാലെന്നുള്ളം നിറഞ്ഞിടുന്നേ
സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തിടുമേ
ജീവനുള്ള കാലമെല്ലാം
ഹാ! നന്ദിയോടെ സ്തുതിച്ചിടുമേ എന്റെ

# 172

1 എന്റെ ഭാവിയെല്ലാമെന്റെ ദൈവമറിയുന്നുവെന്നു
പൂർണ്ണസമാധാനമോടെ നാൾമുഴുവൻ പാടിടും ഞാൻ

2 മുന്നിലൊരു ചോടു വയ്പാൻ മാത്രമിട കാണുന്നു ഞാൻ
ആയതു മതിയെനിക്കുശേഷമെല്ലാം ദൈവഹിതം

3 ലോകയിരുൾ നീങ്ങിടുമ്പോൾ സ്വർഗ്ഗമെൻമേൽ ശോഭിച്ചിടും
എന്നെയനുഗമിക്കെന്നു നേർത്തസ്വരം കേട്ടിടും താൻ

4 അടുത്ത ചോടറിയാതെയിരിപ്പതെന്തനുഗ്രഹം
തനിച്ചെന്നെ നടത്താതെ വലത്തു കൈ പിടിക്കും താൻ

5 തളർന്നോരെൻ മനമെന്നെ കനിഞ്ഞിതാ കടാക്ഷിക്കും
പരമേശസുതൻ തന്നിൽ സമാശ്വസിച്ചിരുന്നിടും

6 കാഴ്ചയിൽ നടക്കുകിൽ എനിക്കെന്തു പ്രശംസിപ്പാൻ
വിശ്വാസത്താൽ നടകൊൾവാൻ കൃപ നൽകുമെൻ രക്ഷകൻ

7 തനിച്ചു ഞാൻ വെളിച്ചത്തിൽ നടപ്പതിലനുഗ്രഹം
ഇരുളിലെൻ മഹേശനോടൊരുമിച്ചു ചരിപ്പതാം -

8 ദിനംപ്രതി വരുന്നൊരു വിഷമത സഹിച്ചു ഞാൻ
വിരുതിനായ് ദൈവസീയോൻ നഗരിയോടണഞ്ഞിടും

# 173

എന്റെ ബലമായ കർത്തനെൻ
ശരണമതാകയാൽ പാടിടും ഞാനുലകിൽ
ഏറ്റമുറപ്പുള്ള മറവിടമാണെനിക്കെൻ
പ്രിയൻ ചാരിടും ഞാനവനിൽ

ഹാ - ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ
എന്റെ ജീവിതയാത്രയതിൽ
എന്റെ അല്ലലഖിലവും തീർത്തിടും നാൾ
നോക്കിപ്പാർത്തിടും ഞാനുലകിൽ

1 എല്ലാക്കാലത്തും ആശ്രയം വെച്ചിടുവാൻ
നല്ല സങ്കേതമേശുവത്രെ..
പെറ്റതള്ള തൻ കുഞ്ഞിനെ മറന്നിടിലും
കാന്തൻ മാറ്റം ഭവിക്കാത്തവൻ

2 തിരുക്കരത്തിൽ വൻ സാഗരജലമെല്ലാം അടക്കുന്ന
കരുത്തെഴും യാഹവൻ താൻ
ഒരു ഇടയനെപ്പോലെന്നെ അവനിയിൽ കരുതുന്ന
സ്നേഹമെന്താശ്ചര്യമേ

3 ഉള്ളം കലങ്ങുന്ന നേരത്ത് പ്രിയൻ തൻ വാഗ്ദത്തം
ഓർപ്പിച്ചുണർത്തുമെന്നെ
ഉള്ളം കരത്തിൽ വരച്ചവൻ ഉർവ്വിക്കധീശൻ താൻ
എന്നുടെ ആശ്വാസകൻ

4 മാറും മനുജരെല്ലാം മഹിതലമതു
തീജ്വാലക്കിരയായി മാറുകിലും
തിരു വാഗ്ദത്തങ്ങൾക്കേതും
മാറ്റം വരില്ലവൻ വരവിൻ നാളാസന്നമായ്

# 174

എന്റെ യേശു എനിക്കു സഹായി
എന്റെ യേശു എനിക്കെന്നും തുണയാം
എനിക്കോടിയണയാൻ എല്ലാം പറയാൻ
അവനൊരു നല്ല സങ്കേതം

2. ഞാനവന്റെ അരികിൽ ചെല്ലും
എൻ സങ്കടങ്ങൾ ഏങ്ങിപ്പറയും
അവനെന്റെ യാചനകൾക്ക്
ഉത്തരം നൽകിത്തന്നിടും (2)

3. അവനെന്റെ ഉപനിധിയാം
അന്ത്യത്തോളം കൂടെയുള്ളതാൽ

എന്റെ വിശ്വാസം കുറയുകില്ല
വാഗ്ദത്തം പ്രാപിച്ചിടും ഞാൻ (2)

# 175

എന്റെ യേശു എനിക്കു നല്ലവൻ
അവൻ എന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ

1 കാൽവറി മലമേൽക്കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നവനാം -

2 അവനാദ്യനും അന്ത്യനുമേ
ദിവ്യസ്നേഹത്തിൻ ഉറവിടമേ
പതിനായിരത്തിലതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ -

3 മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനുനിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിത്തൂണായ്
എന്നെ അനുദിനം വഴി നടത്തും -

4 എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചിടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും -

# 176

എന്റെ യേശു വാക്കുമാറാത്തോൻ
ഈ മൺമാറും വിൺ മാറും

മർത്യരെല്ലാം വാക്കു മാറും
എന്റെ യേശു വാക്കുമാറാത്തോൻ...

1 പെറ്റ തള്ള മാറിപ്പോയാലും
ഇറ്റു സ്നേഹം തന്നില്ലെങ്കിലും (2)
അറ്റു പോകയില്ല യേശുവിന്റെ സ്നേഹം
എന്റെ യേശു വാക്കുമാറാത്തോൻ...

2 ഉള്ളം കയ്യിലെന്നെ വരച്ചു
ഉള്ളിൽ നിത്യശാന്തി പകർന്നു
തന്റെ തൂവൽകൊണ്ടു എന്നെ മറയ്ക്കുന്ന
എന്റെ യേശു വാക്കുമാറാത്തോൻ...

3 ഒലിവു മല ഒരുങ്ങിക്കഴിഞ്ഞു
പ്രാണപ്രിയൻ പാദമേല്ക്കുവാൻ
കണ്ണുനീർ തോരും നാളടുത്തുസ്തോത്രം
എന്റെ യേശു വാക്കുമാറാത്തോൻ...

# 177

1 എണ്ണമില്ലാ നന്മകൾ എന്നിൽ
ചൊരിയും വൻ ദയയെ ഓർക്കുമ്പോൾ
നന്ദിയല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ്
സ്തോത്രമല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ്

നിത്യ സ്നേഹമോർക്കുമ്പോൾ
വൻ കൃപകളോർക്കുമ്പോൾ
എങ്ങനെ സ്തുതിക്കാതിരുന്നിടും
ആ കരുണ ഓർക്കുമ്പോൾ
വൻ ത്യാഗമോർക്കുമ്പോൾ
എങ്ങനെ വാഴ്ത്താതിരുന്നിടും യേശുവേ...

2 സാധുവാകും എന്നെ സ്നേഹിച്ചു
സ്വന്ത ജീവൻ തന്ന സ്നേഹമേ
നന്ദിയല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ്
സ്തോത്രമല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ് നിത്യ...

3 കാൽവറിയിൽ സ്നേഹമോർക്കുമ്പോൾ
കൺകൾ നിറയുന്നെന്റെ പ്രിയനെ
നന്ദിയല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ്
സ്തോത്രമല്ലാതൊന്നുമില്ലപ്പാ
എന്റെ നാവാൽ ചൊല്ലിടുവാനായ് നിത്യ...

# 178

എന്റെ സങ്കേതവും ബലവും
എനിക്കേറ്റവുമടുത്ത തുണയും
എന്തൊരാപത്തിലും ഏതു നേരത്തിലും
എനിക്കെന്നുമെൻ ദൈവമത്രേ

1 ഇരുൾ തിങ്ങിടും പാതകളിൽ
കരൾ വിങ്ങിടും വേളകളിൽ
അരികിൽ വരുവാൻ കൃപകൾ തരുവാൻ
ആരുമില്ലിതുപോലൊരുവൻ -

2 എല്ലാ ഭാരങ്ങളും ചുമക്കും എന്നും
താങ്ങിയെന്നെ നടത്തും
കർത്തൻ തൻ കരത്താൽ
കണ്ണുനീർ തുടയ്ക്കും
കാത്തുപാലിക്കുമെന്നെ നിത്യം -

3 ഇത്ര നല്ലവനാം പ്രിയനെ
ഇദ്ധരയിൽ രുചിച്ചറിവാൻ

ഇടയായതിനാലൊടുവിൽ വരെയും -
ഇനിയെനിക്കെന്നും താൻ മതിയാം

4 എന്നെ തന്നരികിൽ ചേർക്കുവാൻ
എത്രയും വേഗം വന്നിടും താൻ
പുത്തനാം ഭവനം എത്തി വിശ്രമിപ്പാൻ
ആർത്തിയോടെ ഞാൻ കാത്തിരിപ്പൂ -

# 179

എല്ലാം അങ്ങേ മഹത്ത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നിടേണമേ പ്രിയനേ തിരുനാമമുയർന്നിടട്ടെ
എല്ലാം അങ്ങേ മഹത്ത്വത്തിനായ്

1 സ്നേഹത്തിലൂടെയെല്ലാം കാണുവാൻ ദൈവ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരണമേ ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കണമേ

2 ആത്മാവിൽ ശക്തിയോടെ ജീവിപ്പാൻ ആത്മാ -
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മദായകാ! നിരന്തരമായെന്നി -
ലാത്മദാനങ്ങൾ പകരണമേ

3 നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ
അങ്ങേ വാഴ്വിന്നായ് മാത്രം തീരണമേ

4 വക്രത നിറഞ്ഞ പാപലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻ ജനം
നിന്റെ പൊന്നുനാമമഹത്ത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകേണമേ

# 180

എന്റെ  സമ്പത്തെന്നു ചൊല്ലുവാൻ
വേറെയില്ലൊന്നും
യേശുമാത്രം സമ്പത്താകുന്നു
ചാവിനെ വെന്നുയിർത്തവൻ
വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം
താതനോടു യാചിക്കുന്നു -

1 ക്രൂശിൽ മരിച്ചീശനെൻപേർക്കായ് വീണ്ടെടുത്തെന്നെ
സ്വർഗ്ഗ കനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി മൃത്യുവിൻമേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നല്കി

2 തന്റെ പേർക്കായ് സർവ്വസമ്പത്തും യാഗമായ് വച്ചി-
ട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ്
തന്റെ വേല ചെയ്തുകൊണ്ടും എന്റെ ക്രൂശുചുമന്നു
കൊണ്ടും
പ്രാണപ്രിയൻ സേവയിലെൻ ആയുസ്സെല്ലാം
കഴിച്ചിടും

3 നല്ല ദാസൻ എന്നു ചൊല്ലുന്നാൾ തന്റെ മുമ്പാകെ
ലജ്ജിതനായ് തീർന്നു പോകാതെ
നന്ദിയോടെൻ പ്രിയൻമുമ്പിൽ പ്രേമകണ്ണീർ
ചൊരിഞ്ഞിടാൻ
ഭാഗ്യമേറും  മഹോത്സവവാഴ്ചകാലം വരുന്നല്ലോ

4 കുഞ്ഞാടാകും എന്റെ പ്രിയന്റെ സീയോൻ പുരിയിൽ
ചെന്നുചേരാൻ ഭാഗ്യമുള്ളതാൽ
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും

5 എന്റെ ദേശം ഇദ്ധരയല്ല അന്യനായ് സാധു
ഹാമിൻദേശം വിട്ടുപോകുന്നുമേലിന്നെരൂശലേമെന്നെ
ചേർത്തുകൊൾവാനൊരുങ്ങിത്തൻ -
ശോഭയേറും വാതിലുകളെനിക്കായിട്ടുയർത്തുന്നു

6 എന്റെ രാജാവെഴുന്നള്ളുമ്പോൾ തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ
മാർവ്വിലെന്നെ ചേർത്തിടും തൻ
പൊന്നു മാർവ്വിൽ മുത്തിടും ഞാൻ
ഹാ! എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ!

# 181

1 എപ്പോഴും ഞാൻ സന്തോഷിക്കും -
എൻ യേശു എന്റെ ഗാനം
എല്ലാടവും ആഘോഷിക്കും
എൻ രക്ഷകന്റെ ദാനം

യേശുവേ നീ സ്വർഗ്ഗത്തിൽ-
എന്റെ നാമം എഴുതി
ആരും എടുക്കാത്ത ഈ
ഭാഗ്യം എൻസന്തോഷം

2 നിൻ രാജ്യത്തിന്നൊരന്യനായ് ഭൂവിയിവനുഴന്നു
നീ വന്നതാലെ ധന്യനായ് പ്രവേശനം നീ തന്നു

3 മഹത്വമുള്ള രക്ഷകാ! നീ തന്നെ സ്വർഗ്ഗവാതിൽ
സ്വർഗ്ഗീയ ഗീതങ്ങൾ ഇതാ - ധ്വനിക്കുന്നെന്റെ കാതിൽ

4 ഈ ലോകത്തിൽ ഒർമാനവും എനിക്കില്ലെങ്കിലെന്ത്?
സ്വർഗ്ഗീയപേരും സ്ഥാനവും തരും എൻ ദിവ്യ ബന്ധു

5 എൻ നാമം മായ്ച്ചുകളവാൻ പിശാചിനാൽ അസാദ്ധ്യം
എൻ യേശു ശക്തൻ കാക്കും താൻ- തൻ രക്തത്തിൻ
സമ്പാദ്യം

6 മൃത്യുവിൻനാൾ സമീപിച്ചാൽ ഇങ്ങില്ല ക്ലേശം താപം
എൻ ജീവൻ ക്രിസ്തൻ ആകയാൽ മരിക്കയാലും
ലാഭം

7 തൻ ന്യായതീർപ്പു കേൾക്കുമ്പോൾ അനേകർ
ഭ്രമിച്ചിടും
എനിക്കോ യേശുരാജൻ ചൊൽ നിത്യാനന്ദം നല്കിടും

8 സന്തോഷമേ സന്തോഷമേ എൻ ദൈവത്തിന്നു
സ്തോത്രം
എൻ ജീവനാം എൻ യേശുവേ! നീയും സ്തുതിക്കു
പാത്രം

# 182

1 ഏഴുനക്ഷത്രം വലങ്കയ്യിൽ പിടിച്ചു
ഏറെ രാജാമുടി ശിരസ്സതിൽ ധരിച്ചു
ഏഴുപൊൻ നിലവിളക്കുകളതിൻ നടുവിൽ
എഴുന്നള്ളി വന്നോനെ...

2 ദാവീദുഗോത്രത്തിൽ സിംഹമായോനെ
ദാവീദിൻ താക്കോൽ കൈയ്യിലുള്ളോനെ
നീതുറന്നാൽ അതു അടയ്ക്കുവതാര്
നീ അടച്ചാൽ അതു തുറക്കുവതാര്

3 ദൂതസഞ്ചയത്തിൻ ആരാധ്യൻ ക്രിസ്തു
പുസ്തകം തുറപ്പാൻ യോഗ്യനായോനെ
മടങ്ങീടുമേ സർവ്വ മുഴങ്കാലുകളും
എല്ലാനാവും പാടിടും നിന്നെ (2)

4 മുൾമുടി ചൂടിയ ശിരസ്സിൻമേൽ അന്നാൾ
പൊന്മുടി ചൂടി താനെഴുന്നള്ളി വരുമേ..
വാഴ്ചകൾക്കും അധികാരങ്ങൾക്കുമന്ന്
മാറ്റംഭവിച്ചിടും താതന്റെ വരവിൽ (2)

# 183

ഏറെയാമോ നാളിനിയും
യേശുവെ കാണുവാൻ! ഹാ!

1 ദുരിതമെഴുമീ ധരയിൽ വന്നോ!
കുരിശിലുയിരും എനിക്കായ് തന്നോ! ആ ആ ആ
പ്രേമനിധിയെ കാണുവതെന്നിനി? - ഏറെ

2 എന്നെയോർത്തു കരഞ്ഞ കണ്ണിൽ
മിന്നും സ്നേഹപ്രഭയെ വിണ്ണിൽ ആ ആ ആ
ചെന്നു നേരിൽ കാണുവതെന്നിനി? - ഏറെ

3 വിശ്വാസിപ്പോർ വീതമായി
വിശ്വമേകും വിനകൾ തീർക്കും ആ ആ ആ
വീട്ടിൽ ചെന്നു ചേരുവതെന്നിനി? - ഏറെ

4 പിരിഞ്ഞുപോയ പ്രിയരെ കണ്ടു
പരമനാട്ടിൽ കുതുകം കൊണ്ടു ആ ആ ആ
പുതിയ ഗീതം പാടുവതെന്നിനി? - ഏറെ

5 ഇന്നു ഞാനെൻ ഹൃദയക്കണ്ണാൽ
എന്നും കാണും തൻ മുഖമെന്നാൽ ആ ആ ആ
മുഖാമുഖമായ് കാണുവതെന്നിനി? - ഏറെ

# 184

1 ഏഴുവിളക്കിൻ നടുവിൽ ശോഭാപൂർണ്ണനായ്
മാറത്തു പൊൻകച്ച അണിഞ്ഞും കാണുന്നേശുവെ

ആദ്യനും അന്ത്യനും നീ മാത്രം യേശുവേ
സ്തുതികൾക്കും പുകഴ്ചയ്ക്കും
യോഗ്യൻ യേശുവേ ഹാലേലുയ്യാ

2 നിന്റെ രൂപവും ഭാവവും എന്നിൽ ആകട്ടെ
നിന്റെ ആത്മ ശക്തിയും എന്നിൽ കവിഞ്ഞിടട്ടെ
(ആദ്യനും)

3 എന്റെ ഇഷ്ടങ്ങൾ ഒന്നുമേ വേണ്ടെൻ യേശുവേ
നിന്റെ ഹിതത്തിൻ നിറവിൽ ഞാൻ പ്രശോഭിക്കട്ടെ
(ആദ്യനും)

# 185

എരിയുന്ന തീസമമാം ദിവ്യജീവൻ
തരിക നീ പരനെ നിരന്തരവും - എന്നിൽ
എരിയുന്ന മൊഴികൾ ഉരച്ചീടുവാൻ നാവിൽ
ചൊരിക നൻ വരങ്ങൾ നിറപടിയായ്

1 സ്നേഹത്തീയെന്നുള്ളിൽ ജ്വലിച്ചുയർന്നു
പൈദാഹമാത്മാക്കളോടേകണമേ
സ്നേഹനാവുരുക്കട്ടെ കഠിന ഹൃദയങ്ങളെ
വേഗം മരണപാത വിട്ടിടട്ടെ അവർ

2 ബലിപീഠമതിൽ നിന്നെടുത്ത കനലാൽ
മലിനമധരത്തിൽ നിന്നകറ്റി എന്റെ
പലവിധ വിസ്മയ വചനമുരച്ചിടുവാൻ
ചേലൊടരുളേണം നിൻകൃപയെ - ന്നിൽ

3 നിന്നിലീയടിയാൻ ജ്വലിച്ചീടുവാൻ എന്റെ
തന്നിഷ്ടമാകവെ വെടിയുന്നു ഞാൻ
മന്നവനെന്നിൽ വന്നവതരിച്ചു സ്വർഗ്ഗ
വാഹ്നിയാൽ നിർമ്മലമാക്കീടുക

4 ദേശമാകെ ജ്വലിച്ചാളീടുവാൻ നിന്റെ
ദാസരിൽ തീക്കനൽ വിതറേണമെ
നാശലോകെ തീക്കക്ഷണങ്ങളായ് - ഞങ്ങൾ
വീശണം പരമ സുവാർത്തകളെ ഞങ്ങൾ

5 തീയിടാൻ ഭൂമിയിൽ വന്ന പരാ അയ്യോ
തിന്മ പെരുകുന്നു കാണേണമെ

തീകൊണ്ടു നിൻ ഭൃത്യർ ജ്വലിച്ചീടുവാൻ - ആത്മ
തീയാൽ നീയഭിഷേകം ചെയ്യണമെ

# 186

1 ഒന്നുമില്ലായ്മയിൽ നിന്നെന്നേ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചിടുമെന്നും

2 ഈ ലോകത്തിൽ വന്നേശു എന്റെ
മാലൊഴിപ്പാൻ സഹിച്ച ബഹു
പീഢകൾ സങ്കടങ്ങൾ പങ്ക -
പ്പാടുകൾ നീച മരണവും

3 അന്നവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നേ
കൺമണിപോലെ കാത്തിടുന്നു -

4 നാശമില്ലാത്തവകാശവും
യേശുവിൻ ഭാഗ്യസന്നിധിയും
നീതിയിൻ വാടാമുടികളും
തൻമക്കൾക്കു സ്വർഗ്ഗേ ലഭിക്കും

# 187

1 ഒന്നേയുള്ളെനിക്കാനന്ദമുലകിൽ
യേശുവിൻ സന്നിധിയണയുവതേ
അന്നേരം മമ മാനസ ഖേദം
ഒന്നായകലും വെയിലിൽ ഹിമംപോൽ

2 മാനം ധനമീ മന്നിൽ മഹിമക -
ളൊന്നും ശാന്തിയെ നൽകാതെ
ദാഹം പെരുകും തണ്ണീരൊഴികെ
ലോകം വേറേ തരികില്ലറിക -

3 നീർത്തോടുകളിൽ മാനെപ്പോലെൻ
മാനസമീശനിൽ സുഖം തേടി
വറ്റാജീവജലത്തിൻ നദിയെൻ
വറുമയെയകറ്റി നിർവൃതിയരുളി

4 തൻബലിവേദിയിൽ കുരികിലും മീവലും
വീടും കൂടും കണ്ടതുപോൽ
എൻ ബലമാം സർവ്വേശ്വരനിൽ ഞാൻ
സാനന്ദമഭയം തേടും സതതം

5 കണ്ണീർ താഴ്വരയുണ്ടെനിക്കനവധി
മന്നിൽ ജീവിത പാതയതിൽ
എന്നാലും ഭയമെന്തിനെന്നരികിൽ
നന്നായവൻ കൃപ മഴപോൽ ചൊരികിൽ

# 188

1 ഒരുമനസ്സോടെ ഒരുങ്ങി നിൽക്ക നാം
മണവാളനേശുവിൻ വരവിനായി
വരുന്ന വിനാഴികയറിയുന്നില്ലാകയാൽ
ഒരുങ്ങിയുണർന്നിരിക്കാം - നാഥൻ

ദീപം തെളിയിച്ചു കാത്തിരിപ്പിൻ
ജീവനാഥനെ എതിരേല്പാൻ

2 മന്നവൻ ക്രിസ്തുവാം അടിസ്ഥാനത്തിൻമേൽ
പണിയണം പൊൻ വെള്ളിക്കല്ലുകളാൽ
മരം പുല്ലു വയ്ക്കോൽ ഇവകളാൽ ചെയ്ത
വേലകൾ വെന്തിടുമേ - അയ്യോ!

3 വന്ദ്യവല്ലഭനാം യേശുമഹേശൻ
വിശുദ്ധന്മാർക്കായ് വാനിൽ വന്നിടുമ്പോൾ
നിന്ദ്യരാകാതെ വെളിപ്പെടും വണ്ണം
സുസ്ഥിരരായിരിക്കാം - നമ്മൾ -

4 തൻതിരുനാമത്തിലാശ്രിതരായ്
തളർന്നുപോകാതെ കാത്തിരിക്കാം
അന്ത്യം വരെയും ആദിമസ്നേഹം
ഒട്ടും വിടാതിരിക്കാം - നമ്മൾ -

5 വെന്തഴിയും ഈ ഭൂമിയെന്നറിഞ്ഞും
കാന്തനെ കാണുവാൻ കാത്തിരുന്നും
എത്ര വിശുദ്ധ ജീവനും ഭക്തിയും
ഉള്ളവരാകണം നാം - പാർത്താൽ -

6 ജഡത്തിന്റെ പ്രവൃത്തികൾ സംഹരിച്ചു നാം
ജയിക്കണം സാത്താന്യ സേനകളെ
ജയിക്കുന്നവന്നു ജീവപറുദീസിൻ
ജീവകനി ലഭിക്കും - ആമേൻ -

# 189

ഒരുങ്ങിടാം പ്രിയരെ മോദമായ്
പ്രിയന്റെ ശബ്ദവും കേൾക്കാറായ്

1 പോയിടാം വേഗത്തിൽ വാണിടാം നാൾക്കുനാൾ
മോദമായ് പാർത്തിടാമേ - ഓ - ഓ
നാമൊന്നായ് കൂടിടാം മുമ്പോട്ടു പോയിടാം
ക്രിസ്തുവിനായ് ജയ് വിളിച്ചീടുവാൻ

2 ഭാരങ്ങൾ നേരിടും നേരത്തു താങ്ങിടും
സാരമില്ലെന്നോതിടും - ഓ - ഓ
കൈകളിൽ താങ്ങീടും ഭാരങ്ങൾ നീക്കിടും
ആശ്വാസം തന്നു നടത്തീടുമേ

3 പട്ടിണിയാകിലും ക്ലേശം സഹിക്കിലും
തള്ളാത്തൊരുറ്റ സഖി - ഓ - ഓ
മാർവ്വോടണച്ചിടും അനുഗ്രഹം തന്നിടും
ആശ്വാസം തന്നു നടത്തിടുമേ

# 190

കണ്ടാലും കാൽവറിയിൽ
കുരിശിൽ ശിരസ്സതും ചാഞ്ഞു പരൻ
കണ്ടിടുക പ്രിയനെ നിനക്കായ്
തൂങ്ങിടുന്നു മുന്നാണികളിൽ

1 ശിരസ്സിൽ മുൾമുടിയണിഞ്ഞവനായ്
ഹൃദയം നിന്ദയാൽ തകർന്നവനായ്
വേദനയാലേറ്റം വലഞ്ഞവനായ്
തൻ ജീവനെ വെടിയുന്നു സ്വയം നിനക്കായ്!

2 ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട
കളങ്കമില്ലാ ദൈവകുഞ്ഞാടിതാ
ലോകത്തിൻ പാപങ്ങൾ ചുമന്നുകൊണ്ട്
വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങിടുന്നു

3 സമൃദ്ധിയായ് ജീവജലം തരുവാൻ
പാനീയ യാഗമായ് തീർന്നവന് കൈപ്പു -
നീർ ദാഹത്തിനേകീടവേ
നിനക്കായവനായതും പാനം ചെയ്തു

4 പാതകർക്കായ് ക്ഷമ യാചിച്ചവൻ
പാതകലോകം വെടിഞ്ഞിടുമ്പോൾ
നിവൃത്തിയായ് സകലമെന്നോതിയഹോ
സ്വന്തപ്രാണൻ പിതാവിനെ ഏല്പിക്കുന്നു

5 തൻ തിരുമേനി തകർന്നതിനാൽ
തങ്കനിണം ചിന്തിയതിനാൽ

നിൻ വിലയല്ലോ നൽകിയവൻ
നിന്നെ സ്വർഗ്ഗീയ സമ്പൂർണ്ണനാക്കീടുവാൻ

# 191

1 കണ്ണുനീർ താഴ്വരയിൽ ഞാനേറ്റം വലഞ്ഞീടുമ്പോൾ
കണ്ണുനീർ കണ്ടവനെൻ കാര്യം നടത്തിത്തരും
നിൻ മനം ഇളകാതെ നിൻമനം പതറാതെ
നിന്നോടുകൂടെയെന്നും ഞാനുണ്ട് അന്ത്യംവരെ

2 കൂരിരുൾ പാതയതോ ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ ക്രൂശിൻ നിഴൽ നിനക്കായ് -

3 തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂ
ജയിലറ ഈർച്ചവാളോ മരണമോ വന്നിടട്ടെ -

4 കാലങ്ങൾ കാത്തിടണോ കാന്താ നിൻ ആഗമനം
കഷ്ടത തീർന്നിടുവാൻ കാലങ്ങൾ ഏറെയില്ല -

5 ദാഹിച്ചുവലഞ്ഞു ഞാൻ ഭാരത്താൽ വലഞ്ഞീടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ

6 ചെങ്കടൽ തീരമതിൽ തൻ ദാസൻ കേണതുപോൽ
ചങ്കിനുനേരെ വരും വൻഭാരം മാറിപ്പോകും -

# 192

കണ്ണുനീരെന്നു മാറുമോ
വേദനകൾ എന്നു തീരുമോ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിപ്പാനായ് നീ വരണേ (2)

1 ഇഹത്തിൽ ഒന്നും ഇല്ലായേ
നേടിയതെല്ലാം മിഥ്യയേ

പരദേശിയാണുലകിൽ
ഇവിടെന്നും അന്യനല്ലോ (2)

2 പരനേ വിശ്രാമ നാട്ടിൽ ഞാൻ
എത്തുവാൻ വെമ്പൽ കൊള്ളുന്നെ
ലേശം താമസം വയ്ക്കല്ലേ
നില്പാൻ ശക്തി തെല്ലും ഇല്ലായേ (2)

# 193

കരുതിടുമെന്റെ അരുമനാഥൻ
കരുണയോടെന്നും ചിറകടിയിൽ
വേണ്ട ഖേദം തെല്ലും മനമേ
ജീവിതഭാരങ്ങൾ പെരുകിടുമ്പോൾ
ക്ഷോണിയിലെ ഈ ക്ഷീണമെല്ലാം മാറും
അവൻ കരങ്ങളിൽ നിന്നെ സമർപ്പിക്കുമ്പോൾ - കരു

1 കഷ്ടങ്ങൾ, രോഗങ്ങൾ, പ്രതികൂലങ്ങൾ
ഒട്ടൊഴിയാതെ വന്നാഞ്ഞടിച്ചാൽ
ഇഷ്ടനാമേശു നിന്നരികിലുണ്ട്
സ്പഷ്ടമായ് നിന്നെ വഴി നടത്താൻ - വേണ്ട

2 ശത്രുവിൻ ഭീകരയൊളിയമ്പുകൾ
ശക്തിയായ് നിന്നിൽ പതിച്ചിടുമ്പോൾ
ശക്തിയില്ലെന്നു നീ ധരിച്ചിടുന്നോ?
ശാശ്വതഭുജങ്ങൾ നിൻകീഴെയുണ്ട് - വേണ്ട

3 മനം തകർന്നിടുന്ന വേളകളിൽ
കനിവില്ലാതെ പലർ പഴിച്ചിടുമ്പോൾ
കണ്ണീർ വാർക്കുന്നൊരേശുനാഥൻ
സ്നേഹത്തണ്ണീരാലുള്ളം തണുപ്പിക്കുന്നു - വേണ്ട

# 194

കരുതിടും കരുതിടും കരുതിടും നാഥൻ
കരതലത്തിൽ ചേർത്തണച്ചു കാത്തിടും നാഥൻ
കഷ്ടനാളിൽ കൈവിടാതെ തന്റെ പക്ഷങ്ങൾ
ക്കുള്ളിലഭയം തന്നു സാധു എന്നെ കരുതിടും

1 മനസ്സുരുകി നീറും നേരം തഴുകിടും
മനസ്സലിഞ്ഞി ഏഴയെന്നെ കരുതിടും
കണ്ണുനീരെല്ലാം കർത്തൻ തുടച്ചിടും
എന്റെയുള്ളം കുതൂഹലത്താൽ - കരു

2 മരണനിഴലിൻ വഴികളിൽ തുണവരും
അരിഗണത്തെ ജയിച്ചിടാൻ കൃപതരും
സർവ്വഭീതിയും അകലെ അകറ്റിടും
എന്നെയെന്നും പരിചരിച്ചു നാഥൻ നടത്തിടും - കരു

3 സുഗന്ധതൈലം എന്റെ തലയിൽ പകർന്നിടും
പുതിയ കൃപകൾ നാൾകൾ തോറും തുടർന്നിടും
സ്തോത്രഗീതമെൻ നാവിലുയർന്നിടും
എന്നും നാഥൻ പിരിഞ്ഞിടാതെന്നരികിൽ പാർത്തിടും -
കരു

4 പരമസീയോൻ പുരിയിൽ നാഥനൊരുക്കിടും
പുതിയവീട്ടിൽചെന്നു ഞാനും ചേർന്നിടും
ദുഃഖമില്ലിനി മരണമില്ലിനി
നിത്യമോദം അനുഭവിച്ചു നിത്യം വാഴും ഞാൻ - കരു

# 195

കരുണാരസാരശേ! കർത്താവേ!
കരളലിയേണം പ്രഭോ!

യേശുമഹേശാ! ശാശ്വത നാഥാ!
ആശിഷമാരി നൽകേണം ദേവാ!

1 തിരുമൊഴിയാലി ജഗമഖിലം നീ
രചിച്ച ദേവാ! പരമേശാ!
തിരുസവിധേ സ്തുതിഗാനം പാടും
അടിയങ്ങളെ നീ അനുഗ്രഹിക്കു -

3 തിരുവചനം ഇന്നാഴമായ് നല്കി
ഉള്ളങ്ങളെ നീ ഉണർത്തണമേ
ആയിരമായിരം പാപികൾ മനമിന്ന്
ഒരുക്കണമേ അങ്ങേ സ്വീകരിപ്പാൻ -

# 196

1 കരുതുന്നവൻ ഞാൻ അല്ലയോ
കലങ്ങുന്നതെന്തിനു നീ
കണ്ണുനീരിന്റെ താഴ്വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ

2 എന്റെ മഹത്വം കാണുക നീ
എന്റെ കയ്യിൽ തരിക നിന്നെ
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു
എന്നും നടത്തിടും കൃപയാൽ

3 എല്ലാവരും നിന്നെ മറന്നാൽ
ഞാൻ നിന്നെ മറന്നീടുമോ
എന്റെ കരത്തിൽ നിന്നെ വഹിച്ചു
എന്നും നടത്തിടും ധരയിൽ -

4 അബ്രഹാമിന്റെ ദൈവമല്ലയോ
അത്ഭുതം ഞാൻ ചെയ്കയില്ലയോ
ചെങ്കടലിലും വഴി തുറപ്പാൻ
ഞാനിന്നും ശക്തനല്ലയോ -

# 197

*രീതി: "ഹൃദയത്തുടൻ തുതിപ്പോം"*

കരുണയിൻ സാഗരമേ!
എന്നെന്നും പാടിപ്പുകഴ്ത്തും! ഞാൻ
കാൽവറിയിൻ സ്നേഹം!

1 നീചനാമെന്നെയും തേടി വൻ ക്രൂശു ചുമന്നോ നീ
എൻ പാപത്തിൻ ഫലമാം മരണം സഹി -
ച്ചെന്നെയും വീണ്ടെടുത്തോ? -

2 മുൾമുടി ചൂടി നീയെൻ ശാപം വഹിച്ചിതോ
ആ പാവന പാണികൾ ആണികളിൽ ക്രൂശിൽ
തറച്ചിതോ! -

3 പാപത്തിൻ ശിക്ഷകൾ നീക്കി എനിക്കാശ്രയം
നല്കിടാൻ
നിൻ പാവനഹൃദയം പിളർന്നുവെന്നോ! പാവന
സ്നേഹത്താൽ -

4 മരണത്തിൻ ശക്തിയെ തകർത്തു സാത്താനെ ജയിച്ചു നീ
ഈ അടിമയാമെന്നെ വിടുവിച്ചതാൽ
എന്നും നിൻ അടിമ ഞാൻ -

# 198

1 കരുണയിൻ സാഗരമേ ശോകകൊടും
വെയിലേറിടുമ്പോൾ
മേഘത്തിൻ തണലരുളി എന്നെ
സാന്ത്വനമായ് നടത്താൻ

കൃപയരുൾക കൃപയരുൾക
അളവെന്യേ പകർന്നീടുക
ഈ ഭൂവിലെൻ യാത്രയതിൽ
ദൈവകൃപയരുൾക

2 രോഗങ്ങൾ പീഡകളും നിന്ദ
പരിഹാസം ഏറിടുമ്പോൾ
അമിതബലം അരുളി എന്നെ
സാന്ത്വനമായ് നടത്താൻ

3 കൂരിരുൾ താഴ്വരയിൽ എന്റെ
പാദങ്ങൾ ഇടറിടാതെ
അഗ്നിത്തൂണിൻ പ്രഭയാൽ യാനം
ചെയ്യുവാനീ മരുവിൽ

4 ഉറ്റവർ ബന്ധുക്കളും എല്ലാ
സ്നേഹിതരും വെറുക്കുകിൽ
സ്നേഹത്തിൻ ആഴമതിൽ ഞാനും
നിമഞ്ജനായ് തീർന്നിടുവാൻ

# 199

കരുണാനിധിയെ കാൽവറി അൻപേ
ആ....ആ....ആ....ആ....
നീ മാത്രമാണെനിക്കാധാരം

1 കൃപയേകണം കൃപാനിധിയെ
കൃപാനിധിയെ കൃപാനിധിയെ
മുൻപേ പോയ നിൻ പിൻപേ ഗമിപ്പാൻ
ആ......ആ.....ആ.... നീ മാത്രമാണെനിക്കാധാരം

2 താതാനിന്നിഷ്ടം മന്നിൽ ഞാൻ ചെയ്‌വാൻ
തന്നിൽ വസിപ്പാൻ ഉന്നതം ചേരാൻ
ത്യാഗം ചെയ്യുന്നീ പാഴ്മണ്ണിനാശ
ആ...ആ...ആ... ഓടുന്നു നാടിനെ പ്രാപിപ്പാൻ

3 മാറാ എലീമിൽ പാറയിൻ വെള്ളം
മാറാത്തോനേകും മാധുര്യമന്ന

പാറയാം യാഹെൻ രാപ്പകൽ ധ്യാനം
ആ...ആ....ആ.... യോർദ്ദാന്റെ തീരമെൻ ആശ്വാസം

4 എന്നെൻ സീയോനെ ചെന്നങ്ങുകാണും
അന്നെൻ കണ്ണീരും മാറും കനാനിൽ
ഭക്തർ ശ്രവിക്കും കർത്യകാഹളം
ആ...ആ...ആ... വ്യക്തമായ് കാണും എൻ രക്ഷകനെ

# 200

1 കരുണയിൻ പരിപാലനം എന്നും
ചൊരിയണമീ ദാസനിൽ (2)
മരണംവരെയും ശരണം നിൻ ചരണം (2)
തരണം നിൻ പാദമഭയം
ഈ ഏഴയിൽ കനിയണമേ സദയം (2)

2 കാർമുകിലേറിടുമ്പോൾ ജീവിതം
കൂരിരുൾ നിറഞ്ഞിടുമ്പോൾ (2)
കാണുമേ ഞാൻ മേഘേ മാരിവില്ലിൻ ശോഭ (2)
ഏശിടുമേ ഹൃദയേ-മെല്ലെ
ഈശനെ നിൻ മൊഴികൾ (2)

3 എൻ പാദം തളർന്നിടുമ്പോൾ ചുമലിൽ
വൻ ഭാരം വന്നിടുമ്പോൾ (2)
നരച്ചിടുവോളം ചുമന്നിടാമെന്നുള്ള (2)
വാഗ്ദത്ത മോർത്തിടുന്നു-ദിനവും
യാത്ര ഞാൻ തുടർന്നിടുന്നു (2)

4 സ്തോത്രം സദാ പരനേ നിന്നെ
കീർത്തനം ചെയ്തിടുന്നേ (2)
യേശു മഹേശനെ ജീവനാധാരമേ (2)
ആശയാൽ നിറഞ്ഞിടുന്നേ
എൻ മാനസം താണു വണങ്ങിടുന്നേ (2)

# 201

കർത്താവിൽ എപ്പോഴും സന്തോഷിക്കും ഞാൻ
ക്രിസ്തീയ ജീവിത യാത്രയതിൽ
കണ്ണീരിൻവേളയോ കഷ്ടങ്ങളേറെയോ
വരികിലുമവനിൽ ഞാൻ സന്തോഷിക്കും

ആകുലചിന്തകളേറിയെന്നുള്ളം
വ്യാകുലമായ് മുറ്റും തീർന്നിടുമ്പോൾ
ഏകുന്നു തൻമൊഴി സാന്ത്വമെനിക്ക്
ആകയാലില്ലൊരു ചഞ്ചലവും - കർത്താ

1 കാലമെല്ലാം തൻ കൈകളാലെന്നെ
കാത്തിടുവാൻ വഴി നടത്തിടുവാൻ
കരുത്തനാമവനെന്നും കരുതിടുന്നവനാം
കർത്തനിൽ മാത്രമെന്നാശ്രയമാം - കർത്താ

2 അറിഞ്ഞിടുന്നെന്നെയഖിലവും ദൈവം
അവൻ ഹിതം പോലെ നടത്തിടുന്നു
അന്നന്നു താൻ തരും തുമ്പമോയിമ്പമോ
അതുമതിയെനിക്ക് അനുഗ്രഹമാം - കർത്താ

# 202

കർത്താവിനായ് പാരിലെന്റെ ജീവകാലമെല്ലാം
പാർത്തിടും ഞാൻ സ്തോത്രഗീതം പാടി
കർത്താവിനായ്....

1 എന്റെ പാപശാപമെല്ലാം നീക്കി - കർത്തൻ
എന്നെ ദൈവപൈതലാക്കി മാറ്റി
സന്താപങ്ങൾ തീർന്നിന്നാകയാൽ ഞാൻ പാടും
സന്തോഷത്തിൻ സംഗീതമുച്ചത്തിൽ

2 ആകുലങ്ങൾ തിങ്ങിടുന്ന നേരം - എന്നിൽ
ആശ്വാസം പകർന്നു നാഥൻ കാക്കും

ആപത്തിലും തെല്ലും മാറാതെ നിന്നെന്നെ
ആണിയേറ്റ പാണിയാൽ താൻ താങ്ങും

3 ലോകം നൽകും പേരെനിക്കു വേണ്ട! മാറി -
പ്പോകും ഭൂധനങ്ങളൊന്നും വേണ്ട!
എന്റെയാഗ്രഹം തൻ പാദസേവ ചെയ്തെൻ
നേരമെല്ലാം തീരണമെന്നുള്ളു

4 ശത്രു നേരേ വന്നെതിർത്തെന്നാലും - എന്റെ
യാത്രാമദ്ധ്യേ എന്തു നേരിട്ടാലും
കർത്താവിൻ ഞാൻ ചാരി തൻമുഖത്തെ നേക്കി
യാത്രചെയ്യും ക്രൂശെടുത്തിപ്പാരിൽ

5 വാട്ടം മാലിന്യമില്ലാത്ത നാട്ടിൽ - നിത്യ
വീട്ടിൽ ചെന്നു ചേരും നാൾവരെയും
വീഴാതെന്നെ കൈയിൽ വിശ്വസ്തനായ് കാത്തു
വിശ്വാസത്തിൻ നായകൻ നടത്തും

# 203

1 കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവയൊന്നേയെന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തു
വന്നിടിലും കർത്താവിൻ പാദം
ചേർന്നു ചെല്ലും ഞാൻ

ആർത്തു പാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവെ
ഇത്രനൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യാ പാടും ഞാൻ

2 തൻ സ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകയില്ലയേതു ദുഃഖനാളിലും

തൻ തിരുക്കൈകളാൽ താങ്ങിനടത്തിടും
തൻ സ്നേഹം ചൊൽവാൻ പോരാ വാക്കുകൾ -

3 വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിരപോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും -

4 എൻ സ്വന്തബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനാം?
കൈവിടില്ലെന്ന തൻ വാഗ്ദത്തമുള്ളതാൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ

# 204

കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി
എന്നെന്നേക്കുവനെ സ്തുതിച്ചിടുവിൻ

1 അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
സ്തോത്രഗീതം പാടി പുകഴ്ത്തിൻ കർത്താധി കർത്തനെ
ഏകനായ്  മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ

2 ചെങ്കടൽ പിളർന്നു നൽ തൂവർ നിലമായ്
ശങ്കയെന്യേ തൻജനത്തെ നടത്തിയോനെ
മിസ്രയീം സൈന്യത്തെ ന്യായം വിധിച്ചവനെ

3 തീക്കൽ പാറയതിൽ നിന്നും യിസ്രായേലിന്
വാഗ്ദത്തത്തിൻ ജീവജലം കൊടുത്തവന്
മല്ലന്മാരിൻ ഭോജനത്താൽ പോഷിപ്പിച്ചോനെ

4 മഹാ രാജാക്കന്മാരെ സംഹരിച്ചല്ലോ
ശ്രേഷ്ഠരാജാക്കന്മാരെയും നിഗ്രഹിച്ചല്ലോ
സീഹോനെയും മാത്രമല്ല ഓഗിനേയുമേ

5 താഴ്ചയിൽ നമ്മെയോർത്ത ജീവനാഥനെ
വാഴ്ചയേകി സ്വർഗ്ഗസ്ഥലത്തിരുത്തിയോനേ
വൈരിയിന്മേൽ ജയം തന്ന യേശുരാജനെ

6 അവൻ നല്ലവനെന്നാർത്തു പാടി പുകഴ്ത്തിടുവിൻ
തന്റെ സ്നേഹമധുരിമയെന്നും രുചിച്ചിടുവിൻ
ശുദ്ധകൈകളുയർത്തി പരനെ സ്തുതിപ്പിൻ

# 205

1 കർത്താവിൻ സ്നേഹത്തിൽ എന്നും വസിച്ചിടുവാൻ
വൻകൃപയേകിടണെ ഭിന്നത വിദ്വേഷം
ഇല്ലാതെ ജീവിപ്പാൻ നൽവരം നൽകിടന്നെ

ലോകം പാപം പിശാചെന്നെതൊടുകയില്ല
ദുഷ്ടഘോര ശത്രു എന്നെ കാണുകയില്ല
അങ്ങേ ചിറകിൽ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണെ

2 ഇന്നലെ മിന്നിയ ഉന്നത ശ്രേഷ്ഠന്മാർ
അന്യരായ് ഇന്നു മന്നിൽ
എന്നാലോ സാധു ഞാൻ സന്നിധി നിന്നതോ
പൊന്നേശുവേ കൃപയാൽ

3 നിർത്തിയതാണെന്നെ നിന്നതല്ലാ ഞാൻ
എത്ര സ്തുതിച്ചിടേണം
നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ
എത്രനാൾ കാത്തിടേണം

4 ഒന്നിക്കുമൊരുനാൾ സ്വർഗ്ഗ കൂടാരത്തിൽ
വന്ദിക്കും ഞാനന്നാളിൽ
എന്നിനി പ്രിയന്റെ പൊന്മുഖം കാണും ഞാൻ
എന്നാശ ഏറിടുന്നേ

# 206

1 കർത്തൻ നീ കർത്തൻ നീ
മരണത്തെ ജയിച്ചെഴുന്നേറ്റവൻ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

2 സ്തുതിയും സ്തോത്രവും എന്നും
സ്വീകരിപ്പാൻ യോഗ്യനായോനെ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

3 കുഞ്ഞാടെ വാഴ്ത്തുവിൻ അവൻ
ജീവൻ നൽകി വീണ്ടെടുത്തല്ലോ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശുമാത്രം കർത്താവെന്ന്

# 207

കർത്തൻ സ്നേഹം എന്നുമുള്ളത്
നിൻ കരുണ തീരാത്തത് പ്രഭാതത്തിൽ പുതിയത്
നിൻ വിശ്വസ്തത വലിയത് കർത്തൻ
സ്നേഹമെന്നുള്ളത്

1 യഹോവ എൻ ഓഹരിയല്ലോ
എൻ പ്രത്യാശയും നിങ്കലല്ലയോ
കാത്തിരിക്കുന്നവർക്കു ആത്മശക്തി നീയല്ലോ
യഹോവ എൻ ഓഹരിയല്ലോ - കർ

2 യഹോവ എൻ ആശ്രയമല്ലോ
എൻ ആത്മബലം നിങ്കലല്ലയോ
ബലഹീനതയിൽ തുണനല്കും ആത്മശക്തി നീയല്ലോ
യഹോവ എൻ ആശ്രയമല്ലോ - കർ

3 യഹോവ എൻ പക്ഷമല്ലയോ
എൻ വാഞ്ഛ എന്നും നിങ്കലല്ലയോ
കൂരിരുളിൻ പാതയിൽ ശത്രുവിൻ ശല്യത്തിലും
യഹോവ എൻ പക്ഷമല്ലയോ - കർ

# 208

കർത്താവു വാനിൽ വന്നിടാറായി
പ്രതിഫലം നമുക്കു തന്നിടാനായി

1 കഷ്ടതയൊന്നുമില്ല പട്ടിണി തെല്ലുമില്ല
ദുഷ്ടജനമാരും അവിടെ വരികില്ല -

2 ഇന്നിഹേ വന്നിടുന്ന ഖിന്നത ഭിന്നത
ഒന്നുമവിടില്ല ഒന്നല്ലോ നാമെല്ലാം -

3 വാഴും നാം മന്നിടത്തിൽ അന്നാളിൽ മന്നവർ നാം
താഴുമരിഗണം ആ നൽഭരണത്തിൽ -

4 പുതുവുടൽ ധരിച്ച് പ്രതിഫലം പ്രാപിച്ച്
പുതുശാലേം പുരിയതിൽ കാണും നാമെല്ലാരും -

5 കാലങ്ങളേറെയില്ല നാളുകൾ നീളുകില്ല
കാന്തനവൻ വരും ഒരുങ്ങിടാം പ്രിയരേ

# 209

കർത്താവിൽ സന്തോഷം അവനെൻ ബലം
പാരിതിൽ പാർക്കും - നാൾ അവനെൻ ബലം
അവനെന്റെ സങ്കേതം വിശ്രമം നാൾതോറും
അവനെന്റെ സർവവുമേ (2)

1 പലനാൾ കരുതി ഞാൻ ഏകനെന്ന്
അന്നാളിലവനെന്നോടു ചൊല്ലി
ലോകാന്ത്യത്തോളവും കൂടെയിരിക്കുന്നോൻ
നിന്നോടുകൂടെയുണ്ട്

2 ബലഹീനനെന്ന് ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
ശക്തനാക്കുന്നവൻ ബലം പകരുന്നവൻ
നിന്നോടുകൂടെയുണ്ട്

3 സ്നേഹിതരില്ലെന്ന് കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
നിത്യമാം സ്നേഹത്താൽ നിന്നെ സ്നേഹിച്ചവൻ
നിന്നോടുകൂടെയുണ്ട്

4 അസാദ്ധ്യമെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
മനുഷ്യരാൽ അസാദ്ധ്യം സാദ്ധ്യമാക്കുന്നവൻ
നിന്നോടുകൂടെയുണ്ട്

5 നിന്ദിതനെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നോടു ചൊല്ലി
ക്ഷീണിച്ചുപോകേണ്ട നിന്നെ മാനിക്കുന്നോൻ
നിന്നോടുകൂടെയുണ്ട്

# 210

1 കർത്താവു താൻ ഗംഭീരനാദത്തോടും
പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നീടുമ്പോൾ
എത്രയോ സന്തോഷം... മദ്ധ്യാകാശത്തിൽ

2 മണ്ണിലുറങ്ങീടുന്ന ശുദ്ധിമാന്മാർ
കാഹളനാദം കേൾക്കുന്ന മാത്രയിൽ
പെട്ടെന്നുയിർത്തു വാനിൽ ചേർന്നിടുമേ
തീരാത്ത സന്തോഷം... പ്രാപിക്കുമവർ

3 ജീവനോടി ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമന്നേരത്തിൽ

ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും... ദൂതതുല്യരായ്

4 കുഞ്ഞാട്ടിൻ കല്യാണ മഹൽദിനത്തിൽ
തന്റെ കാന്തയാകും വിശുദ്ധ സഭ
മണിയറയ്ക്കുള്ളിൽ കടക്കുമന്നാൾ
എന്തെന്തു സന്തോഷം... ഉണ്ടാമവർക്ക്

5 സിദ്ധന്മാരാം പൂർവ്വ പിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്യാണവിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും... ശാലേമിൻ ഗീതം

6 രാജത്വം പ്രാപിച്ചു തൻ ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നീടുമ്പോൾ
ശത്രുവാം സാത്താനെ ബന്ധിച്ചിട്ടന്നു
വാണിടും ഭൂമിയിൽ... രാജാധിരാജൻ

7 അത്യുന്നതനായവന്റെ ശുദ്ധർക്കു
രാജ്യം വിഭജിക്കുന്ന നാൾവരുന്നു
രാജാക്കളായിട്ടവർ വാണിടുമേ
ഹാ! എന്തു സന്തോഷം... സ്വർഗ്ഗയുഗത്തിൽ

8 മൃഗത്തിന്റെ വാളിന്നിരയായോരും
വെള്ള നിലയങ്കി ധരിച്ചുകൊണ്ടു
രാജാധി രാജനോടു കൂടെ വാഴും
അവർക്കു സന്തോഷം... ഉണ്ടെന്നുമെന്നും

9 വെള്ളസിംഹാസനം താൻ സ്ഥാപിച്ചിട്ടു
ദുഷ്ടന്മാരാം സർവ്വജനങ്ങളേയും
രാജൻ മുമ്പിൽ ഒന്നായി ചേർത്തുകൊണ്ടു
ന്യായം വിധിച്ചീടും... അന്ത്യദിനത്തിൽ

10 ആകാശം ചുരുൾപോലെ മാറിപ്പോകും
ഭൂമിയും അതിലുള്ള സമസ്തവും

അഗ്നിയാലശേഷം ചുട്ടഴിച്ചു താൻ
ശുദ്ധീകരിച്ചിടും... സർവ്വവല്ലഭൻ

11 ആദ്യം മുതൽക്കുള്ള സർവ്വശുദ്ധരും
തേജസ്സിൽ കർത്താവിനോടൊന്നിച്ചെന്നും
നീതി വസിക്കുന്ന പുത്തൻ ഭൂമിയിൽ
ആനന്ദത്തോടെന്നും... പാർത്തിടുമവൻ

12 ദേവാധി ദേവൻ സർവ്വത്തിന്നും മീതെ
തൻകൂടാരം വിശുദ്ധർ മദ്ധ്യത്തിലും
എന്നേക്കുമവർ തന്നെക്കണ്ടുമോദാൽ
ഹല്ലേലുയ്യാ പാടും... നിത്യയുഗത്തിൽ

# 211

കർത്താവിൽ സന്തോഷിക്കും
എപ്പോഴും സന്തോഷിക്കും
എന്തുമെൻ ജീവിത പാതയിൽ വന്നാലും
എപ്പോഴും സന്തോഷിക്കും

1 മാനസ ഖേദങ്ങൾ മാറിടും
മാനുവേൽ തന്മാറിൽ ചാരും നേരം
മാറാതെ നിത്യവും കൂടെ വരും
മിത്രമെന്നേശു മാത്രം - കർ

2 എന്നാളും ഞാനവൻ സ്വന്തമാം
എന്തൊരു സൗഭാഗ്യബന്ധമാം
മൃത്യുവോ ജീവനോ സാദ്ധ്യമല്ല
ഈ ബന്ധം വേർപിരിപ്പാൻ - കർ

3 സ്നേഹക്കൊടിയെന്റെ മീതെയും
ശാശ്വതഭുജങ്ങൾ കീഴെയും
സ്വർഗ്ഗീയ ഭൂതഗണങ്ങൾ ചുറ്റും
സന്തതം ഉണ്ടെനിക്ക് - കർ

4 കണ്ണീരിൻ നാളുകൾ തീർന്നിടും
കർത്താവിൻ വീട്ടിൽ ഞാൻ ചേർന്നിടും
കാലങ്ങളെണ്ണി ഞാനോരോ ദിനം
കാത്തിടുന്നെന്റെ മനം - കർ

# 212

***രീതി: "കാത്തുകാത്തേകനായ്"***

1 കർത്തനാണെൻതുണ പേടിക്കയില്ല ഞാൻ
മർത്യനിന്നെന്നോട് എന്തു ചെയ്യും
ധൈര്യമായീവിധം ഓതി ഞാൻ ജീവിതം
ചെയ്തിടും ഭൂവിതിൽ - ഹല്ലേലൂയ്യാ

2 വൈരിയിൽ ആളുകൾ പെരുകുമീ നാളുകൾ
ധൈര്യം തരുന്നതെന്നേശുനാഥൻ
എളിയവനാകിലും ധനികനല്ലായ്കിലും
കരുതുന്നെന്നെയവൻ - ഹല്ലേലൂയ്യാ

3 അലറുന്ന സിംഹമായ് ഒളിച്ചിന്നും ദൂതനായ്
അരി വന്നു നേരിടും നേരമെല്ലാം
അലയാതെ നിന്നിടാൻ ബലമെനിക്കേകുവാൻ
അരികിലുണ്ടേശു താൻ - ഹല്ലേലൂയ്യാ

4 ഇത്ര വലിയവൻ മിത്രമായുള്ളപ്പോൾ
ഇദ്ധരതന്നിൽ ഞാൻ ഭീതനാമോ
കർത്താധികർത്തനായ് രാജാധിരാജനായ്
ശക്തനുമാണവൻ - ഹല്ലേലൂയ്യാ

# 213

**"When the trumpet of the Lord"**

1 കർത്തൃകാഹളം യുഗാന്ത്യ-
കാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാതശോഭിതത്തിൽ നാൾ

പാർത്തലേ രക്ഷപെട്ടോരക്കരെക്കൂടി ആകാശേ
പേർ വിളിക്കും നേരം കാണുമെൻ പേരും

പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണുമെൻ പേരും

2 ക്രിസ്തനിൽ നിദ്രകൊണ്ടോരീ
ശോഭിത പ്രഭാതത്തിൽ
ക്രിസ്തൻ ശോഭ ധരിപ്പാ - നുയിർത്തു തൻ
ഭക്തർ ഭവനേ ആകാശമപ്പുറം കൂടിടുമ്പോൾ
പേർ വിളിക്കും നേരം കാണുമെൻ പേരും -

3 കർത്തൻ പേർക്കു രാപ്പകൽ
അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലിടട്ടെ തൻ സ്നേഹത്തിൻ
പാർത്തലത്തിൽ എന്റെ വേല തീർത്തു ജീവിതാ -
ന്ത്യത്തിൽ
പേർ വിളിക്കും നേരം കാണുമെൻ പേരും

# 214

1 കഷ്ടങ്ങൾ സാരമില്ല - കണ്ണുനീർ സാരമില്ല
നിത്യതേജസ്സിൻ ഘനമോർത്തിടുമ്പോൾ
നൊടി നേരത്തേക്കുള്ള കഷ്ടങ്ങൾ സാരമില്ല
കണ്ണുനീർ സാരമില്ല

2 പ്രിയന്റെ വരവിൻ ധ്വനി മുഴങ്ങും
പ്രാക്കളെ പോലെ നാം പറന്നുയരും
പ്രാണന്റെ പ്രിയനാം മണവാളനിൽ
പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ

3 യുദ്ധവും ക്ഷാമവും ഭൂകമ്പവും
യുദ്ധത്തിൻ ശ്രുതിയും കോൾക്കുന്നില്ലയോ
യിസ്രയേലിൻ ദൈവം എഴുന്നള്ളുന്നേ
യേശുവിൻ ജനമേ ഒരുങ്ങുക നാം

# 215

കാത്തിടും പരനെന്നെ
കരുണയോടവനെന്നും
കരളലിഞ്ഞു തൻ തിരുകരങ്ങളാൽ
ഭരിച്ചു കാക്കും താനെന്നേക്കും

1 ചരമനാൾവരെ മാറ്റമെന്നിയേ
പരമ നിശ്ചയം മൂലം
പരമൻ നീയെന്നെ പരിപാലിച്ചുകൊ -
ണ്ടിരുന്നിടുമെന്നും നിർണ്ണയം -

2 അഴിയാതുള്ളൊരു ജീവശക്തിയിൽ
പുതുജനനത്തിൻ മക്കളായ്
തിരുവചനത്താൽ ജനിപ്പിച്ചാത്മിക -
പുതുക്കം തന്നെന്നെ കാക്കുന്നു -

3 തിരുമുഖമെന്ന നോക്കിയിരിപ്പതി
ധൈര്യത്തിനു ഹേതുവാം
മരണനിഴലിൻ വഴിയിൽകൂടി ഞാൻ
നടന്നാലും തെല്ലും ഭയപ്പെടാ -

4 ആരെ വിശ്വസിക്കുന്നെ -
ന്നറിയുന്നുണ്ടു ഞാനിന്ന്
അവനെനിക്കുള്ളോരുപനിധി പര -
മവസാനം വരെ സൂക്ഷിക്കും -

# 216

1 കാത്തുകാത്തു നില്ക്കുന്നെ
ഞാൻ യേശുവേ! നിൻ നാളിന്നായ്
നിൻ വരവിനാൽ ഭാഗ്യമോർത്താൽ
ആനന്തമെന്താനന്ദം

ലക്ഷ്യമെല്ലാം കാണുന്നേ
മൽപ്രിയ മണവാളനെ
എന്നു മേഘേ വന്നിടുമൊ
പൊന്മുഖം ഞാൻ മുത്തിടാം

2 മാറിടാതെ നിന്മൊഴിയിൻ
പാതയിൽ ഞാനോടിയെൻ
ലാക്കിലെത്തി നൽവിരുതു
പ്രാപിക്കും ജീവിതാന്ത്യത്തിൽ

3 സ്വർഗ്ഗീയന്മാർക്കീപ്പുരിയിൽ
ആശിപ്പാനെന്തുള്ളപ്പാ
സ്വർഗ്ഗീയമാം സൗഭാഗ്യങ്ങൾ
അപ്പുറേ ഞാൻ കാണുന്നേ

4 രാപ്പകൽ നിൻ വേല ചെയ്തു
ജീവനെ വെടിഞ്ഞവർ
രാപ്പകലില്ലാത്ത രാജ്യേ
രാജനായ് വാണിടുമേ

5 എൻ പ്രിയാ! നിൻ പ്രേമമെന്നിൽ
ഏറിടുന്നെ നാൾക്കുനാൾ
നീ എൻ സ്വന്തം ഞാൻ നിൻ സ്വന്തം
മാറ്റമതിനില്ലൊട്ടും

6 കാഹളത്തിൻ നാദമെന്റെ
കാതിലെത്താൻ കാലമായ്

മിന്നൽ പോൽ ഞാൻ പറന്നു
വിണ്ണിലെത്തി മോദിക്കും -

# 217

1 കാത്തിരിക്കുന്ന തൻ ശുദ്ധിമാന്മാർ ഗണം
കാഹളം കേൾക്കുമ്പോൾ വാനിൽ പോകും
യേശു കർത്താവിന്റെ പൊൻമുഖം കാണുമ്പോൾ
എത്രയോ സന്തോഷം സോദരരേ

ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ ജയം
അല്ലലെല്ലാമന്നു തീർന്നുപോകും
വാനസേനാഗണം നോക്കി നോക്കി
നിന്നത്ഭുതപ്പെട്ടീടും ആ സദസ്സിൽ

2 ആരിവർ ആരിവർ രാജനോടൊപ്പമായ്
പന്തിയിരിപ്പത് സത്യസഭ
പൊന്നേശുതമ്പുരാൻ ചിന്തിയ രക്തത്തിൻ
ഫലമാം വിശുദ്ധ കൂട്ടമത്രേ

3 പ്രതിഫലങ്ങൾ വിഭാഗിച്ചുകൊടുക്കും
തൻപേർക്കായ് പാർത്തലെ വിശ്വസ്തരായ്
ജീവിതം ചെയ്ത തൻ ശുദ്ധിമാന്മാർ ഗണം
വാങ്ങീടും സമ്മാനമാസദസ്സിൽ

4 കണ്ണുനീരെല്ലാം തുടച്ചീടുമേയന്നു
എത്രയോ സന്തോഷമാസദസ്സിൽ
കുഞ്ഞാട്ടിൻ കല്യാണശാലയാം വാനത്തിൽ
കല്യാണവേളയാഘോഷമത്രേ

5 കാന്തയും കാന്തനും ആനന്ദിച്ചീടുമ്പോൾ
പാരിലെ കഷ്ടങ്ങൾ ഓർത്തീടുമോ
അന്തമില്ലാതുള്ള ആനന്ദരാജന്റെ
സ്വന്തമായ് തീർന്നഹോ സാധുക്കൾ നാം

6 പാടുവിൻ പാടുവിൻ ഹല്ലേലുയ്യാ ജയം
സാത്താനും  സൈന്യവും തോറ്റുപോയി
നീതിമാന്മാർ ഗണം ഉന്നതൻ കൂടെന്നും
സന്തതം പാടിടും ഹല്ലേലുയ്യാ

# 218

1 കാത്തുകാത്തേകനായ് നിൻ വരവോർത്തു ഞാൻ
നാളെത്ര നീക്കിയെൻ യേശുദേവാ
കാണും പ്രപഞ്ചമോ മാറുമെന്നാകിലും
മാറാത്ത വാക്കു നീ തന്നതല്ലോ

2 സംസാരസാഗരേ നീന്തി നീന്തി ഞാൻ
സന്താപത്താലുഴന്നീടുന്നയ്യോ
സന്തോഷമേകുവാൻ നിൻകൂടെ വാഴുവാൻ
സൗന്ദര്യ പൊൻ മുഖം കണ്ടീടുവാൻ -

3 സ്വന്തമായൊന്നുമേ കാണുവാനില്ലിനി
സ്വന്തമായ് നീ മതി യേശുദേവാ
ബന്ധുക്കൾ മിത്രങ്ങൾ അന്ത്യസമയമായ്
പിന്തിരിഞ്ഞീടുമാ ശോകരംഗേ -

4 ആശ്വാസമേകുക വിശ്വാസനായക
നശ്വരനാടകമാണീ ലോകം
ആശിഷമേകുക എൻ ശ്വാസം പോംവരെ
നിൻഗാനം പാടുവാൻ ശക്തി നൽക

# 219

കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായോരു ശാശ്വതപാറ -

1 സുസ്ഥിരമാനസനവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിൽ അനുദിനം നാഥൻ

കാത്തിടുമവനെ നൽ സ്വസ്ഥതയോടെ
പാർത്ഥിവനവൻ തിരുകരങ്ങളിലെന്നും -

2 കുന്നുകളകലും വൻ പർവ്വതനിരയും
തന്നിടം വിട്ടു പിന്മാറിയെന്നാലും
നീങ്ങുകില്ലവൻ ദയ എന്നിൽ നിന്നതുപോൽ
നിലനില്ക്കും സമാധാന നിയമവും നിത്യം -

3 ജ്വലിക്കിലുമവൻ കോപം ക്ഷണനേരം മാത്രം
നിലനില്ക്കും പ്രസാദമോ ജീവാന്ത്യത്തോളം
വസിക്കിലും നിലവിളി രാവിലെൻകൂടെ
ഉദിക്കുമേ ഉഷസ്സതിൽ ആനന്ദഘോഷം -

4 ചെയ്‌വതില്ലവൻ നമ്മൾ പാപത്തിനൊത്തപോൽ
പ്രതിഫലമരുളുന്നില്ല കൃത്യങ്ങൾ ഗണിച്ചും
വാനമീ ഭൂവിൽനിന്നുയർന്നിരിപ്പതുപോൽ
പരൻദയ ഭക്തൻമേൽ വലിയതു തന്നെ

5 ഒടിക്കുകില്ലവനേറ്റം ചതഞ്ഞതാം ഓട
കെടുത്തുകില്ലവൻ തിരിപുകവമിക്കുകിലും
നടത്തും തൻ വിധി ജയം ലഭിക്കും നാൾവരെയും
തളരാതെ അവൻ ഭൂവിൽ സ്ഥാപിക്കും ന്യായം -

6 വഴുതിടാതവനെന്നെ കരങ്ങളിൽ കാത്തു -
നിർത്തും തൻ മഹിമയിൽ സവിധത്തിൽ നാഥൻ
കളങ്കമറ്റാനന്ദ പൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമങ്ങവനെന്നും ആമേൻ -

# 220

1 കാണുക നീയീ കാരുണ്യവാനെ
കുരിശതിൽ കാൽവറിയിൽ
കേണു കണ്ണീർ തൂകുന്നു നോക്കു
കാൽവറി മേടുകളിൽ

എന്തൊരു സ്നേഹം എന്തൊരു സ്നേഹം
പാപികളാം നരരിൽ
നൊന്തു നൊന്തു ചങ്കുടഞ്ഞു
പ്രാണൻ വെടിയുകയായ്

2 പാപത്താൽ ഘോരമൃത്യു കവർന്ന
ലോകത്തെ വീണ്ടിടുവാൻ
ആണി മൂന്നിൽ പ്രാണനാഥൻ
കാണുക ദൈവസ്നേഹം

3 ജയിച്ചവനായി വിൺപുരിതന്നിൽ
ജീവിക്കുന്നേശുപരൻ
ജയിച്ചിടാം നാം പോരിതിങ്കൽ
അന്ത്യത്തോളം ധരയിൽ

4 എന്തിനു നീയീ പാപത്തിൻ ഭാര -
വൻചുമടേന്തിടുന്നു
ചിന്തിരക്തം സർവ്വപാപബന്ധനം
പോക്കിടുവാൻ

# 221

കാന്താ! താമസമെന്തഹോ- വരുവാനേശു
കാന്താ! താമസമെന്തഹോ
കാന്താ! നിൻ വരവിനായ് കാത്തിരുന്നെന്റെ മനം
മങ്ങുന്നെൻ മാനുവേലെ

1 വേഗത്തിൽ ഞാൻ വരുന്നെന്നു പറഞ്ഞിട്ടെത്ര
വർഷമതായിരിക്കുന്നു
മേഘങ്ങളിൽ വരുന്നെന്നു പറഞ്ഞതോർത്തു
ദാഹത്തോടെയിരിക്കുന്നു
ഏകവല്ലഭനാകും യേശുവേ നിന്റെ നല്ല
ആഗമനം ഞാൻ നോക്കി ആശയോടിരിക്കയാൽ

2 ജാതികൾ തികവതിന്നോ? ആയവർ നിന്റെ
പാദത്തെ ചേരുവതിന്നോ?
യൂദന്മാർ കൂടുവതിന്നോ? കനാനിലവർ
കുടികൊണ്ടു വാഴുവതിന്നോ?
ഏതു കാരണത്താൽ നീ ഇതുവരെ ഇഹത്തിൽ
വരാതിരിക്കുന്നു? നീതിസൂര്യനാകുന്ന യേശു

3 എത്രനാൾ ഭരിച്ചുകൊള്ളും?
പിശാചീലോകം എത്രനാൾ ചതിച്ചുകൊള്ളും?
എത്രനാൾ പറഞ്ഞുകൊള്ളും അപവാദങ്ങൾ
ശുദ്ധിമാന്മാരുടെ മേലും കർത്താവേ
നോക്കി കാണുക പാർത്തലത്തിൽ ദുരിതം
സാത്താന്റെ ധിക്കാരത്തെ നീക്കുവാനായി പ്രിയ

4 ദുഃഖം നീ നോക്കുന്നില്ലയോ എന്റെ വിലാപ -
ശബ്ദം നീ കേൾക്കുന്നില്ലയോ
തക്കം നീ നോക്കുന്നില്ലയോ
പിശാചെന്മനം വെക്കം ഹനിപ്പാനയ്യോ
തൃക്കണ്ണാലെന്നെ നോക്കി ദുരിതങ്ങൾ ആകെ പോക്കി
വെക്കം നിൻ മണവാട്ടി ആക്കിക്കൊള്ളുവാൻ പ്രിയ

# 222

കാണുന്നു ഞാൻ വിശ്വാസത്താൽ
എൻ മുമ്പിൽ ചെങ്കടൽ രണ്ടാകുന്നു (2)
കാണാത്ത കാര്യങ്ങൾ കൺമുമ്പിലെന്നപോൽ
വിശ്വസിച്ചീടുന്നു എൻ കർത്താവേ (2)

1 അഗ്നിതൻ നാളങ്ങൾ വെള്ളത്തിൻ ഓളങ്ങൾ
എന്നെ തകർക്കുവാൻ സാധ്യമല്ല (2)
അഗ്നിയിൽ ഇറങ്ങി വെള്ളത്തിൽ നടന്നു
കൂടെ വരുവാൻ കർത്തനുണ്ട് (2)

2 യെരിഹോ മതിലുകൾ ഉയർന്നു നിന്നാലും
അതിൻ വലിപ്പമോ സാരമില്ല (2)
ഒന്നിച്ചു നിന്നു നാം ആർപ്പിട്ടെന്നാൽ
വൻമതിൽ വീഴും കാൽച്ചുവട്ടിൽ (2)

3 നാലു നാളായാലും നാറ്റം വമിച്ചാലും
കല്ലറ മുമ്പിൽ കർത്തൻ വരും (2)
വിശ്വസിച്ചാൽ നീ മഹത്വം കാണും
സാത്താന്റെ പ്രവർത്തികൾ അഴിഞ്ഞിടും (2)

# 223

1 കാന്തനെ കാണുവാനാർത്തി വളരുന്നേ
ഇല്ല പ്രത്യാശ മറ്റൊന്നിലും
കണ്ടാലും വേഗം ഞാൻ വന്നീടാമെന്നുര
ചെയ്ത പ്രിയൻ വരും നിശ്ചയം

2 പാഴ്മരുഭൂമിയിൽ ക്ലേശം സഹിക്കുകിൽ
നിത്യതുറമുഖത്തെത്തും ഞാൻ
വിശ്രമിച്ചിടും ഞാൻ നിത്യകൊട്ടാരത്തിൽ
നിസ്തുല്യമായ പ്രതാപത്തിൽ

3 തമ്മിൽ തമ്മിൽ കാണും ശുദ്ധന്മാർ വാനത്തിൽ
കോടി കോടി ഗണം തേജസ്സിൽ
സർവ്വാംഗസുന്ദരൻ ആകുമെൻ പ്രിയനെ
കാണാമതിൻ മദ്ധ്യേ ഏഴയും

4 ഞാൻ നിനക്കുള്ളവൾ നീയെനിക്കുള്ളവൻ
ഇന്നലെയും ഇന്നും എന്നേക്കും
കണ്ടാൽ മതിവരാ സുന്ദരരൂപനെ
കൂടിക്കാണ്മാൻ വാഞ്ചയേറുന്നേ

# 224

കാരുണ്യപൂരക്കടലേ!
കരളലിയുക ദിനമനു -

1 കാരണനായ പരാപരനേയെൻ
മാരണകാരി മഹാസുരശീർഷം
തീരെയുടച്ചു തകർപ്പതിനായി
ദ്ധീരതയോടവനിയിലവതരിച്ചോരു -

2 പാപമതാം ചെളി പൂണ്ടുടലാകെ
ഭീകരമായ വിധം മലിനത്വം
ചേർന്നു വിരൂപതയാർന്നൊരിവന്നു
ചേരുവാൻ നിന്നരികതിൽ ഭാഗ്യമുണ്ടായി

3 നിൻ വലകൈ നിവർത്തെന്നെത്തലോടി
നിൻ മുഖത്താലെന്നെ ചുംബനം ചെയ്തു
നിന്നുടയെനിക്കേകി മോതിരം ചെരിപ്പു -
മന്നുമിന്നുമൊന്നുപോലെ കാത്തുപോറ്റുന്നെന്നെ -

4 പന്നികൾ തിന്നുന്ന തവിടു ഭുജിച്ച
നിന്ദ്യമാം കാലങ്ങൾ മറന്നുപോയ് സാധു
മന്നവനേ തിരുമേശയിൽ നിന്നു
സ്വർന്നഗരഭോജനം ഞാൻ തിന്നുവരുന്നിന്നും -

5 ആർക്കുമതീവ മനോഹരം നിൻ
സ്വർഗ്ഗ യെരൂശലേം മാളികയിൽ ഞാൻ
ദീർഘയുഗം വസിച്ചാനന്ദ ബാഷ്പം
വീഴ്ത്തിയാലും നിൻ കരുണയ്ക്കതു ബദലാമോ?

6 ജീവ പറുദീസിന്നാനന്ദക്കുയിലേ!
ജീവ വസന്തർത്തുവാരംഭിച്ചില്ലേ?
ജീവ വൃക്ഷക്കൊമ്പിൻ മീതിലുരുന്നു
ജീവ  മൊഴി മധുരമായ് പാടുക നീ ദിനവും -

# 225

1 കാൽവറി ക്രൂശിൽ കാണും സ്നേഹത്തിൻ പൂർണ്ണത
ശത്രുവാം എന്നെ ദൈവം മിത്രമാക്കിയേ
രക്തവും ചിന്തി യേശു എന്നെ രക്ഷിപ്പാനായ്
ഈ സ്നേഹസ്വരൂപനെൻ ആത്മസ്നേഹിതൻ

ദുഃഖത്തിൽ ആശ്വാസമായ്
രോഗത്തിൽ എൻ സൗഖ്യമായ്
ഘോരവിപത്തുകളിൽ എന്നെ താൻ
ശാശ്വതഭുജങ്ങളാൽ മാർവ്വോടണച്ചിടും
ഈ സ്നേഹസ്വരൂപനെൻ ആത്മസ്നേഹിതൻ

2 ക്രിസ്തുവിൻ സ്നേഹമെന്ന നിർബന്ധിക്കുന്നതാൽ
എന്നെത്തന്നെ വെറുത്തെൻ ക്രൂശെടുത്തു ഞാൻ
നിന്ദയും ചുമന്നുപോം പാളയത്തിൻ പുറം
ഈ സ്നേഹസ്വരൂപനെൻ ആത്മസ്നേഹിതൻ - ദുഃഖ

3 തൻ പുനരുത്ഥാനത്തിൻ ശക്തി ഞാൻ ധരിക്കുവാൻ
തന്റെ മരണത്തോടങ്ങേകീഭവിക്കുവാൻ
ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കാളിയാകുവാൻ
ഈ സ്നേഹസ്വരൂപനെൻ ആത്മസ്നേഹിതൻ - ദുഃഖ

4 ഒരിക്കലും ഒരിക്കലും ഞാൻ കൈവിടുകില്ല നിന്നെ
ഭയപ്പെടാതെ ഞാൻ നിൻ കൂടെയുള്ളതാൽ
തീയിൽകൂടി നടന്നാൽ നീ വെന്തുപോകുമോ
പെരുവെള്ളങ്ങൾക്കു നിന്നെ മുക്കാൻ കഴിയുമോ -ദുഃഖ

5 മുൻപടയായ് പിമ്പടയായ് അഗ്നിമേഘത്തൂണുകൾ
സൈന്യങ്ങളിൽ അധിപൻ കൂടെയുള്ളതാൽ
യുദ്ധം യഹോവയ്ക്കുള്ളതെന്നോർത്തുകൊള്ളുക
തൻസ്നേഹകൊടിക്കീഴിൽ ആർത്തുഘോഷിക്ക - ദുഃഖ

# 226

1 കാൽവറിയിൽ നിന്റെ പേർക്കായ്
തൻ ജീവനെ വെടിഞ്ഞ
യേശുവിങ്കൽ വന്നിടുക
പാപശാപം നീങ്ങുവാൻ

ജീവിക്കുന്നു യേശു ജീവിക്കുന്നു,
നിനക്കായ് ജീവിക്കുന്നു
ഇന്നലെയും ഇന്നും മാറാത്തവനവൻ
നിനക്കായ് ജീവിക്കുന്നു

2 നിന്നകൃത്യം നീക്കി ദിവ്യ ആശ്വാസം നൽകിടുമേ
നിന്റെ പേർ തൻ പുസ്തകത്തിൽ നിർണ്ണയം
ചേർത്തിടുമേ - ജീവി

3 കുരുടർക്കവൻ കാഴ്ച നല്കും ചെകിടനു
കേൾവി നല്കും
പക്ഷവാതം നീക്കുമവൻ ഭൂതത്തെ ശാസിക്കുമേ - ജീവി

4 ആത്മീയ ജീവനിൽ നിന്നെ നിത്യം നടത്തിടുമേ
തന്നോടനുരൂപനാക്കി നിന്നെ നിറുത്തിടുമേ - ജീവി

5 ഇന്നുതന്നെ വന്നിടുക ഈ ദിവ്യരക്ഷയ്ക്കായി
തൻ മൊഴികൾ നിൻ ജീവിതം ധന്യമായ് മാറ്റിടുമേ - ജീവി

# 227

കാൽവറിയിൽ കാണും സ്നേഹമത്ഭുതം
വർണ്ണ്യമല്ലഹോ അതെന്റെ നാവിനാൽ

1 പാപത്തിൽനിന്ന് എന്നെ വീണ്ടെടുത്ത സ്നേഹമേ
പാവനനിണം ചൊരിഞ്ഞ ക്രൂശിൻ സ്നേഹമേ
എൻ മനം കവർന്നു നീ അതുല്യസ്നേഹമേ
മാറ്റമില്ലാ ദിവ്യസ്നേഹം എത്ര അത്ഭുതം

2 നീങ്ങിപ്പോകും പർവ്വതങ്ങൾ കുന്നുകളിവ
കാണുമീ പ്രപഞ്ചവും ധനം മഹിമയും
മർത്യസ്നേഹം മാറിടും ക്ഷണത്തിനെങ്കിലും
മാറ്റമില്ലാ ദിവ്യസ്നേഹം എത്ര അത്ഭുതം

3 മൃത്യുവിന്റെ ബന്ധനം തകർത്ത സ്നേഹമേ
ശത്രുവിന്റെ  ശക്തിയെ ജയിച്ച സ്നേഹമേ
മർത്യരിൽ മരണഭീതി നിക്കും സ്നേഹമേ
മാറ്റമില്ലാ ദിവ്യസ്നേഹം എത്ര അത്ഭുതം

4 വാനമേഘേ സ്വർപ്പുരേ കരേറിപ്പോയവൻ
ഇന്നും എന്നും കൂടെയുള്ള നല്ല സ്നേഹിതൻ
എന്നെ വേഗം ആനയിക്കും സ്വർഗ്ഗഗേഹത്തിൽ
മാറ്റമില്ലാ ദിവ്യസ്നേഹം എത്ര അത്ഭുതം

# 228

1 കാൽവറിയിൽ എൻ പേർക്കഹോ
ജീവൻ കൊടുത്തെൻ രക്ഷകൻ
മഹത്വത്തിൽ ദൂതരുമായ്
ഇഹത്തിൽ വീണ്ടും വന്നിടും
യേശു വരും വീണ്ടും വരും
തൻ ശുദ്ധരെ ചേർത്തുകൊൾവാൻ
ആകാശമണ്ഡലങ്ങളിൽ
മേഘങ്ങളിൽ ആഘോഷമായ്
ആനന്ദമേ ഹാ എന്നു -
മാനുവേലിന്നല്ലേലുയ്യാ

2 ലോകത്തിൻ നാനാഭാഗത്തും
കേൾക്കുന്നിതാ അത്യുച്ചത്തിൽ
തൻ വരവാർന്നാർപ്പുവിളി
ഏവരും കേട്ടുണരുവിൻ

3 കത്തും വിളക്കോടു അര -
കെട്ടിയും തന്നെ കാക്കുവിൻ
അല്ലായ്കയിൽ നിങ്ങളേവരും
തള്ളപ്പെടും പുറത്തഹോ

4 വാതിലടച്ചശേഷം ഈ ഭൂതലേ -
യുമുണ്ടാമേവർക്കും
അത്യന്തകഷ്ടങ്ങൾ അവ
തെറ്റി ഒഴിവിൽ ഇപ്പോഴെ

# 229

കാൽവറി ക്രൂശിൽ കാണുന്ന രൂപമേ!
കന്മഷക്കൂരിരുൾ നീക്കും പൊൻ ദീപമേ!
എന്തു കനിവോ! സ്വന്തനിണവും
ചിന്തി മഹാമൃതിയേന്തിയതാമി

1 എന്നുടെ സഖിയായി മരുവിടാ -
നന്യരാൽ നിന്ദിതനായിത്തീരേണമോ?
ആരും തുണയില്ലാതെ വലയാ -
തഗതിയാമെന്നെ - കരുതുക തന്നെ - കാൽ

2 നന്മ ചെയ്തു നടന്ന പാദങ്ങളിൽ
വൻ മുറിവേകിടുന്നാണികൾ മുനയാൽ
എൻ നടപ്പു നന്നാകുവതിന്നാ-
യൊന്നുമില്ലേയന്യമാർഗ്ഗമതെന്യേ! - കാൽ

3 ആണികൾ നിജപാണി യുഗങ്ങളെ
ശോണിതപൂരിതമാക്കി കാണുന്നിതാ!
എൻ ക്രിയകളിൻ വൻ കലുഷത
നീക്കുകയാണിതു നോക്കിയ ഹേതു - കാൽ

4 മുൾമുടിയതുമൂലം മുറിഞ്ഞിതാ!
തൻമുഖത്തൂടൊഴുകുന്നു തങ്കനിണം

എൻ നിനവിലെ തിന്മയഖിലം
ശിരസ്സിലേറ്റിടുവാൻ മനസ്സലിഞ്ഞോനെ - കാൽ

5 മാ മരക്കുരിശ്ശായി ബലിപീഠം
വാനവനീശ്വസനായി യാഗമൃഗം
മരത്തിൽ തൂങ്ങുവോൻ ശപിക്കപ്പെട്ടവൻ
ലിഖിതമിതീവിധമായി നിർവ്വാദം - കാൽ

# 230

1 കാഹളം കാതുകളിൽ കേട്ടീടാറായ്
ദൈവദൂതർ പൊൻവീണകൾ മീട്ടിടാറായ്
യേശു താനരുളിയ വാഗ്ദത്തം നിറവേറാൻ
കാലങ്ങൾ നമ്മെ വിട്ടു പായുകയായ് -

2 സമാധാനമില്ലാ ഭൂവിൽ അനുദിനം നിലവിളി
പടർന്നുയരുകയായ് ധരണിതന്നിൽ
ദൈവത്തിൽ പൈതങ്ങൾക്കാനന്ദം ധരണിയിൽ
ക്ലേശിപ്പാൻ ലവലേശം സാധ്യമല്ല -

3 ജനിച്ചു പ്രവൃത്തി ചെയ്തു മരിച്ചു മൂന്നാം ദിനത്തിൽ
മരണത്തെ ജയിച്ചേശു ഉയരത്തിൽ പോയ്
പാപവും ശാപവും നീക്കി താൻ ജയം നൽകി
പാപികൾക്കവൻ നിത്യശാന്തി നൽകി

4 പാടുവിൻ നവഗാനം അറിയിപ്പിൻ സുവിശേഷം
ദൈവരാജ്യം ആസന്നമായ് മനം തിരിവിൻ
യെരിഹോവിൻ മതിലുകൾ തകർത്തിടാൻ ഉണരുവിൻ
കാഹളം മുഴക്കിടാം ദൈവജനമേ

# 231

1 കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ
വ്യാകുലകാലം തീരാറായ് ക്രൂശിൽ സാക്ഷികളെ

ആയാറിൽ ഞാൻ കണ്ടിടുമാ ദൂതസേനകളെ
അവരുടെ നടുവിലെൻ പ്രിയനെക്കാണാം വേഗത്തിൽ

2 ബന്ധനമോ പല ചങ്ങലയോ ഉണ്ടാകാം ഭൂവിൽ
അതിലൊരുനാളും തളരാതെ പാർത്താലതിഭാഗ്യം
വ്യാകുലയായവളെ പ്രാവേബാഖായാണിവിടെ
കുതുഹലമോടൊരുനാളിൽ നീ പാടീടും വേഗം

3 താമസമില്ലാ തിരുസഭയെ കാലം തീരാറായ്
ക്രൂശിൽ മരിച്ചവനെ വേഗം കാണാം തേജസ്സിൽ
അരികളെതിർത്തതിനാലേറ്റം ക്ഷീണിച്ചോ പ്രാവേ
വിരുതുലഭിച്ചവരന്നാളിൽ ചൂടും പൊന്മുടിയെ

4 പലവിധ മൂഢർക്കടിമകളായ് പാർക്കുന്നേ പ്രാവേ
വരുമേ നിന്നുടെ പ്രിയകാന്തൻ ഖേദം തീർപ്പാനായ്
ക്രൂരജനത്തിൻ നടുവിൽ നീ പാർക്കുന്നോ പ്രാവേ
ദൂതഗണങ്ങളൊരുനാളിൽ പൂജിക്കും നിന്നെ

5 ദുഷികളസംഖ്യം കേട്ടാലും ദു:ഖിച്ചീടരുതേ
പ്രതിഫലമെല്ലാം പ്രിയകാന്തൻ നൽകിടും വേഗം
ഏഴകൾപോലും നിൻപേരിൽ ദൂഷ്യം ചൊല്ലീടും
ഭൂപതിമാരന്നാളിൽ നിൻ ഭാഗ്യം മോഹിക്കും

6 കഷ്ടതയോ പല പട്ടിണിയോ ഉണ്ടായിടട്ടെ
പ്രതിഫലമേറ്റം പെരുകിടും ബാഖാ വാസികളെ
പ്രതികൂലത്തിൽ കാറ്റുകളാൽ ക്ഷീണിച്ചിടരുതെ
മിശിഹാ രാജൻ നിൻകൂടെ ബോട്ടിൽ ഉണ്ടല്ലോ

# 232

1 കാഹളശബ്ദം വാനിൽ മുഴങ്ങും
പൊൻ മണവാളൻ തൻ വരവിൽ

കാത്തിടും നിങ്ങൾ കാലങ്ങളെല്ലാം
നിദ്രയിലായ് പോയ് ശുദ്ധർ പലർ

സ്വർഗമണാള സ്വർഗമണാള
സ്വാഗതം ദേവാ രാജാ ജയ
ഹാ ഹാല്ലേലൂയ്യാ ഗാനങ്ങളോടെ
വാഴുന്നു ഞങ്ങൾ കാത്തു നിന്നെ

2 കള്ളൻപോൽ നീ നിൻ നിക്ഷേപത്തിന്നായ്
വാനിൽ വരുമ്പോൾ ശുദ്ധരെല്ലാം
ദിക്കുകളിൽനിന്നെത്തും ക്ഷണത്തിൽ
മദ്ധ്യവാനിൽ നിൻ സന്നിധിയിൽ - സ്വർ

3 ഉദ്ധിതരാകും നിദ്രയിലായോർ
മർത്യശരീരം വിട്ടവരായ്
എന്തുസന്തോഷം സമ്മേളനം ഹാ
മദ്ധ്യവാനിൽ നിൻ സന്നിധിയിൽ - സ്വർ

4 വാനിൽ വിശുദ്ധർ സിംഹാസനസ്ഥർ
ആകും ദിനത്തെ കാത്തു ദൂതർ
നിൽക്കുന്നിതാ തൻ കാന്തയും ശുഭ്ര
വസ്ത്രം ധരിപ്പാൻ കാലമായേ - സ്വർ

# 233

1 കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ
ഞാൻ ജയം പാടിടും മഹത്വം രക്ഷകാ
സ്തുതി നിനക്കെന്നും ചേറ്റിൽ നിന്നെന്നെ നീ
വീണ്ടെടുത്തതിനാൽ സ്തുതിക്കും നിന്നെ ഞാൻ
ആയുസ്സിൻ നാളെല്ലാം നന്ദിയോടടിവണങ്ങും

2 ആർപ്പോടെ നിന്നെ ഘോഷിക്കും ഈ സീയോൻ
യാത്രയിൽ
മുമ്പോട്ടു തന്നെ ഓടുന്നു എൻ വിരുതിനായി
ലഭിക്കും  നിശ്ചയം എൻ വിരുതെനിക്ക്
ശത്രുക്കൾ ആരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കൈയിൽ നിന്നു
ദൂതന്മാരുടെ മദ്ധ്യത്തിൽ

3 എൻ ഭാഗ്യകാലമോർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാൻ
ആ ഭാഗ്യം കണ്ടപ്പോൾ നിത്യമാം രാജ്യത്തിൽ
അന്നു ഞാൻ പാടിടും രാജൻ മുഖം കണ്ടു
എന്നും ഞാൻ ഘോഷിക്കും രക്തത്തിൻ ഫലമായ്
വാഴുമേ സ്വർഗ്ഗത്തിൽ കോടി കോടി യുഗങ്ങളായി

4 മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നിടും
എൻ ക്ലേശമാകെ നീങ്ങിപ്പോം അവിടെ എത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിന്നത് എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ശ്രീയേശു രാജൻ മുമ്പാകെ

# 234

1 കുരിശിൻ നിഴലതിലിരുന്നു
മമ നാഥനെ ധ്യാനിക്കവേ
ഹൃദയത്തിൻ വിനകളാകവേ
ക്ഷണനേരത്തിൽ നീങ്ങിടുമേ

പാടും ഞാൻ നിത്യജീവനെ
തന്നെന്നെ രക്ഷിച്ച
യേശുവിൻ സ്നേഹത്തെ
ഒരുനാളും മറന്നിടാതെ

2 മരുവിൽ മറവിടമൊരുക്കും
ഇരുൾ പാതയിലൊളിവിതറും
മരണത്തിൻ നിഴലിൽ ധൈര്യമായ്
നില്പാൻ എനിക്കവൻ കൃപയരുളും - പാടും

3 കഠിനവിഷമങ്ങൾ വരികിൽ
കൊടും ക്ഷാമവും നേരിടുകിൽ
തിരുപ്പദം തിരയും ദാസരെ എന്നും
ക്ഷേമമായ് പുലർത്തിടും താൻ - പാടും

4 മഹിയിൽ മഹിമകൾ വെറുത്തു
അനുവേലവും ക്രൂശെടുത്തു
അനുഗമിച്ചിടും ഞാനിമ്പമായ്
മനുവേലനെ മമ പ്രിയനെ - പാടും

5 നഭസ്സിൽ വരുമവൻ മഹസ്സിൽ
ജയകാഹള നാദമോടെ
തിരുജനം വിരവിൽ ചേരുമേ
നിത്യഭവനത്തിൽ തന്നരികിൽ - പാടും

# 235

കുരിശെടുത്തെൻ യേശുവിനെ
അനുഗമിക്കും ഞാനന്ത്യംവരെ

1 ഭാരങ്ങൾ നേരിടുമ്പോൾ
കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖിതാൻ -

2 അവനെന്നെയറിഞ്ഞിടുന്നു
അവനിയിൽ കരുതിടുന്നു
ആവശ്യഭാരങ്ങളണഞ്ഞീടുമ്പോൾ
അവലംബമായെനിക്കവൻ മാത്രമാം

3 മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവനെൻ മനുവേൽ
മഹിമയിൽ വാഴുന്നുയിന്നുമെനിക്കായ്

4 തീരണം പാരിലെൻനാൾ
തിരുപ്പാദസേവയതാൽ
ചേരും ഞാനൊടുവിലെൻ പ്രിയന്നരികിൽ
അരുമയോടവനെന്നെ മാറോടണയ്ക്കും -

# 236

**ഹാ! ചിന്തിക്കുകിൽ എന്ന രീതി**

കുരിശും നിജതോളിലെടുത്തൊരുവൻ ഗിരിമേൽ
കരേറിപ്പോകുന്ന കാഴ്ച കാണ്മിൻ

1 അവനീശസുതൻ മഹിമോന്നതനാം
അവനീശ്വരനിൽ ബഹുവന്ദിതനാം
അവനീവിധമേഴസമാനമുഴന്നതു കാണ്മിൻ
പാപികളാം നരർക്കായ് -

2 സഹതാപമൊരുത്തനുമല്ലവനിൽ
സഹകാരികളൊരുവരുമില്ലരികിൽ
സർവ്വേശ്വരനും കൈവിട്ടിതു ദാരുണമോർത്താൽ
പാപികളാം നരർക്കായ് -

3 നരികൾക്കു വസിപ്പതിനായ് കുഴിയും
പറവയ്ക്കു വസിപ്പതിന്നായ് കൂടും
ഭൂവിയുണ്ടിവനോ തലചായ്പതിന്നായ് കുരിശല്ലാ -
തിപ്പാരൽ സ്ഥാനമില്ല -

4 നരകാഗ്നിയതിൽ നരരാകുലരായ്
എരിയാനിടയാകരുതായതിനായ്

ചൊരിയുന്നവനിൽ ദുരിതങ്ങളശേഷവുമീശൻ
കാരുണ്യമോതുമെന്യേ

# 237

കൂടാരമാം ഭൗമിക ഭവനമൊന്നൊഴിഞ്ഞാൽ
സന്തോഷം നൽകും നിത്യഭവനമൊന്നുണ്ട്
ആ വാസമേ എത്ര മാധുര്യം
ആ രാജ്യമേ എത്ര ആനന്ദം

1 ക്രിസ്തുവിൻ സ്നേഹം നമ്മെ നിർബന്ധിക്കുന്നു
ക്രിസ്തുവിൻ വീരരായ് മുൻ ഗമിക്കുവാൻ
ജഡീക മോഹങ്ങളൊഴിഞ്ഞു നാമിനി
നിത്യ സൗഭാഗ്യമാം രാജ്യമെത്തിടാം

2 യേശുക്രിസ്തുവിൻ രക്തം മുലമായ്
ശുദ്ധരായ് നാം വാനിൽ ചേരുവാൻ
ജീവകിരീടം പ്രാപിച്ചാമോദാൽ
ജീവിച്ചിടുമേ വിശുദ്ധസംഘത്തിൽ

3 സ്വർഗ്ഗീയമാം തിരുവസ്ത്രം ധരിക്കുവാൻ
സ്വർഗ്ഗത്തിലെന്നുമേ ജീവിച്ചീടുവാൻ
ധൈര്യപ്പെട്ടു നീ അവനിൽ ചേരുക
ആ ദേശത്തിനായ് കാത്തിരിക്കുവിൻ

# 238

കൂടുണ്ടെൻ പ്രിയനെൻ ചാരവെ
ചാരീടും ഞാൻ ആ മാർവ്വതിൽ
കേൾക്കുന്നു നാഥൻ ഇമ്പസ്വരം
മുമ്പോട്ടു പോയിടാം (2)
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ (2)

കാക്കയാൽ ആഹാരം തന്നീടും
ശ്രേഷ്ടമായ് എന്നെ നടത്തിടും
വിശ്വസ്തനെന്നെ വിളിച്ചതാൻ
നടത്തും അന്ത്യംവരെ (2)

ഏകനായ് തീർന്നിടും നേരത്തിൽ
ശോധന ഏറിടും വേളയിൽ
ഇല്ല തെല്ലും നിരാശകൾ
എൻ പ്രിയൻ കൂടുള്ളതാൽ (2)

പാടും ഞാൻ ആയുസ്സിൽ നാളെല്ലാം
വീണ്ടെടുത്ത എൻ പ്രിയനെ
സ്തോത്രം ഞാൻ ചെയ്തിടും സാനന്ദം
ആ നൽ സന്തോഷത്തെ (2)

കാണുന്നു ഞാൻ വൻസൈന്യത്തെ
ശോഭനപ്പൂർണരാം സംഘത്തെ
വിശുദ്ധന്മാരുടെ കൂട്ടത്തെ
നിത്യസന്തോഷത്തിൽ (2)

ആകുല ചിന്തകൾ വേണ്ടിനി
ആശ്വാസകാലമതുണ്ടല്ലോ
ആത്മാവിനാലെ നടന്നീടാം
ക്രിസ്തുവിശ്വാസിയെ (2)

# 239

കൂടുവിട്ടോടുവിൽ ഞാനെൻ
നാട്ടിൽ വീടിന്റെ ഉള്ളിലെത്തും
പാടിടും ജയഗീതമേ ഞാൻ
പങ്കപ്പാടുകൾ ഏറ്റവനായ്

ഉറ്റവർ സ്നേഹിതർ പക്ഷം തിരിഞ്ഞുനിന്നു
മുറ്റും വിടക്കെന്നെണ്ണി തള്ളിടുമ്പോൾ

പറ്റിച്ചേർന്നവൻ നിൽക്കുമേ
ഒടുവിലെൻ പക്ഷത്തുചേർന്നിടുമേ

ലോകം എനിക്കുവേണ്ട ലോകത്തിനിമ്പം വേണ്ട
പോകണം യേശുവിൻ പാതേ നോക്കി
ഏകുന്നു സമസ്തവും ഞാൻ
എന്റെ ഏകനാഥനെ നിനക്കായ്

പ്രാപഞ്ചികമാകും പ്രകൃതമെല്ലാം മാറും
പ്രാണപ്രിയനോട് കൂടെയെന്നും ഞാൻ
പ്രാക്കൾ കണക്കെ പറക്കും നാമന്ന്
പ്രാപിക്കും രൂപാന്തരം

# 240

**'Abide with me'**

1 കൂടെപാർക്ക നേരം വൈകുന്നിതാ!
കൂരിരുളേറുന്നു പാർക്ക ദേവാ!
ആശ്രയം വേറില്ലനേരം തന്നിൽ
ആശ്രിത വത്സലാ കൂടെ പാർക്ക

2 ആയുസ്സാം ചെറുദിനമോടുന്നു -
ഭൂസന്തോഷമഹിമ മങ്ങുന്നു
ചുറ്റിലും കാണുന്നു മാറ്റം കേടും -
മാറ്റമില്ല ദേവാ കൂടെ പാർക്ക

3 രാജരാജൻ പോൽ ഭയങ്കരനായ് -
യാചകൻ സമീപേ വരാതെ നീ
നന്മ ദയ സഖ്യമാം നൽവരം -
നൽകി രക്ഷിച്ചു നീ കൂടെ പാർക്ക

4 സദാ നിൻ സാന്നിധ്യം വേണം താതാ
പാതകമ്മേൽ ജയം നിൻ കൃപയാൽ

തുണചെയ്യാൻ നീയല്ലാതാരുള്ളു
തോഷതാപങ്ങളിൽ കൂടെപാർക്കാ

5 ശത്രുഭയമില്ല നീയുണ്ടെങ്കിൽ
ലോകക്കണ്ണീരിന്നില്ല കയ്പ്പൊട്ടും
പാതാളമേ, ജയമെവിടെ നിൻ -
മൃത്യുമുൾപോയ് ജയം കൂടെ പാർക്ക

6 കണ്ണടഞ്ഞിടുമ്പോൾ നിൻക്രൂശിനെ
കാണിക്ക മേൽ ലോക മഹിമയും
ഭൂമിത്ഥ്യ നിഴൽ ഗമിക്കുന്നിതാ
ഭാഗ്യോദയമായ് നീ കൂടെ പാർക്ക

# 241

കൂരിരുൾ നിറഞ്ഞ ലോകത്തിൽ
തേജസ്സായി ദേവാ നീ വന്നു
സ്തുതി മഹിമ കർത്താവിന്നു

1 നിഷ്ക്കളങ്ക യാഗമായ് ക്രൂശിലെൻ പരൻ
അമൂല്യരക്തമേകി മുക്തിമാർഗ്ഗമായ്
എന്തു ഞാനിതിന്നു ബദലായേകിടും പ്രഭോ
സ്തുതി മഹിമ കർത്താവിന്നു - കൂരി

2 മൃത്യുവെ തകർത്തു ഹാ എന്തൊരത്ഭുതം
ഭീതിപോക്കി പ്രീതിയേകിയുള്ളത്തിൽ
താതൻ ചാരെ പക്ഷവാദം ചെയ്വതും നീയേ
സ്തുതി മഹിമ കർത്താവിന്നു - കൂരി

3 ഗാനം പാടി വാഴ്ത്തിടും മോദമോടെ ഞാൻ
വൻ കടങ്ങൾ നിൻ കരങ്ങൾ തീർത്തതാൽ
വാനിൽ വേഗം വന്നിടും നിന്നന്തികേ ചേർപ്പാൻ
സ്തുതിമഹിമ കർത്താവിന്നു - കൂരി

# 242

കൊടുങ്കാറ്റടിച്ച് അലയുയരും
വൻ സാഗരത്തിൻ അലകളിന്മേൽ
വരും ജീവിതത്തിൻ പടകിലവൻ
തരും ശാന്തിതന്ന വചനങ്ങളാൽ

ആഹാ ഇമ്പം ഇമ്പം ഇമ്പം
ഇനി എന്നും ഇമ്പമേ
എൻ ജീവിതത്തിൻ നൗകയിൽ
താൻവന്ന നാൾമുതൽ

1 പോക നിങ്ങൾ മറുകരയിൽ
എന്നും മോദമായ് അരുളിയവൻ
മറന്നീടുമോ തൻ ശിഷ്യഗണത്തെ
സ്വന്ത ജനനിയും മറന്നീടിലും

2 വെറും വാക്കുകൊണ്ടു സകലത്തെയും
നറും ശോഭയേകി മെനഞ്ഞവൻ താൻ
ചൂടുചോര ചൊരിഞ്ഞല്ലോ രക്ഷിച്ചു
തിരുദേഹമായി നമ്മെ സൃഷ്ടിച്ചു

3 വരും വേഗമെന്ന് അരുളിയവൻ
വരും മേഖമതിൽ അടുത്തൊരുനാൾ
തരും ശോഭയേറും കിരീടങ്ങളെ
തിരുസേവ നന്നായ് തികച്ചവർക്കായ്

# 243

കൊയ്ത്തുണ്ടധികം വേലയുണ്ടേറെ
പോവതിനായിനി ആരുണ്ട്?
ചുടു ചോര ചിന്തു വീരയോദ്ധാക്കൾ
ക്രിസ്തുവിനായിറങ്ങീടട്ടെ

1 ആയിരങ്ങളിതാ ആഴത്തിൽ
വീണു ആണ്ടു കിടന്നീടുന്നു
ശാന്തിയരുളും സ്നേഹത്തിൽ
കൊടിയാൽ നേടാം ഭൂതലത്തെ

2 നിര നിര നിരയായ് അണിനിരന്നു
പോകട്ടെ ക്രൂശിൽ വീരർ
സെയീറിൽ നിന്നു കേൾക്കുന്ന
ശബ്ദം രാത്രിയെന്തായഹോ

3 വിശ്രമമില്ല കണ്ണീർ മാത്രം
ആധാരം നമ്മൾക്കിവിടെ
കണ്ണീർ തുടയ്ക്കും കാലം
വരുന്നൂ നാഥനെ കാണുമ്പോൾ

4 തന്നല്ലോ എനിക്കായ് തൻ രക്തമാകെ
എന്നു ഞാനേകീടും തനിക്കായ്
ജീവന്ത്യം വരെയും തൻ സാക്ഷിയാവാൻ
നൽകീടുന്നെന്നെ ഞാൻ ഹാ

# 244

ക്രിസ്തു നമ്മുടെ നേതാവു വീണു കുമ്പിടാം
മൃത്യുവെന്ന ജേതാവു വീണ്ടും വന്നിടാം

1 ബേത്‌ലെഹേമിൽ ജാതനായ് നമ്മി -
ലാരെയും പോലെയായതിനാലെ
നാൾതോറും നമ്മുടെ ഭാരം ചുമക്കും
നല്ല സ്നേഹിതനാം എന്നുമേശു - ക്രിസ്തു

2 പാപം വഹിച്ചു പാടു സഹിച്ചു
ക്രൂശിൽ മരിച്ചു വിജയം വരിച്ചു
താനേ ഉയിർത്തു സാത്താനെ തകർത്തു
വാഴുന്നുന്നതത്തിൽ ഇന്നെന്നേശു - ക്രിസ്തു

3 മന്നവൻ വന്നാലന്നവനൊന്നായ്
കണ്ണുനീർ തോർന്നാനന്ദമായ് നന്നായ്
തൻമക്കൾ ചേർന്നാലസ്യങ്ങൾ തീർന്നാ -
മോദമായ് വാഴും നാം എന്നുമെന്നും - ക്രിസ്തു

4 എന്നും സ്തുതിക്കാം വീണുനമിക്കാം
ജേ ജേ ജയ കാഹളങ്ങൾ മുഴക്കാം
നമ്മുടെ നേതാവു നിത്യം ജയിക്ക
ആമേൻ ഹല്ലേലൂയ്യാ - ഹല്ലേലൂയ്യാ - ക്രിസ്തു

# 245

ക്രിസ്തുവിൻ നാമത്തെ സ്തുതിക്ക നാം ദിനവും
സ്തുതിക്ക നാം ദിനവും സ്തുതിക്ക നാം ദിനവും

1 ശത്രുവിൻ സകല ബലത്തെയും തകർത്തു
നിത്യമാം ജീവനിയിലുയിർത്തെഴുന്നവനാം - ക്രിസ്തു

2 കരുണയിൻ ഭുജത്തിൻ ബലത്താലിന്നവരെ
ദുരിതങ്ങൾ നീക്കി പരിപാലിച്ചിടുന്ന - ക്രിസ്തു

3 പാപത്തിൻ ഭാരത്താൽ വലയുന്ന ജനങ്ങൾ
ദൈവത്തോടണയുവാൻ വഴി തുറന്നവനാം - ക്രിസ്തു

4 നാഥനെ നാമിന്നു സ്തുതിപ്പതുകേട്ടു
മോദമോടവൻ തേജസ്സവരുമറിവാൻ - ക്രിസ്തു

5 പാവന സുവിശേഷ പദവികളെങ്ങും
കേവലമറിഞ്ഞീശ പദതളിർ വണങ്ങാൻ - ക്രിസ്തു

# 246

ക്രിസ്തുവിൻ പോർ വീരരേ
രക്ഷയിൻ കാഹളം മുഴക്കിടുക
യഹൂദയിൻ രാജരാജനവൻ
നമുക്കായ് മുന്നിലുണ്ട് പോകുക നാം

1 ചെന്നായ്ക്കൾ നടുവിൽ ആടിനെ പോൽ
നിങ്ങളെ ഞാനിന്ന് അയച്ചിടുന്നു
എന്നുരചെയ്തവൻ കൂടെയുണ്ട്
യിസ്രായേലിൻ പരിപാലകൻ താൻ - ക്രിസ്തു

2 സ്വന്തക്കാർ ബന്ധുക്കൾ മാറിടിലും
വാക്കുകൾ മാറാത്ത വല്ലഭനായ്
നമുക്കഭയമായ് ചാരെയുണ്ട്
ഭയപ്പെടാതെ പോകുക നാം - ക്രിസ്തു

3 മന്നിലെ യാത്ര നാം തുടർന്നിടുമ്പോൾ
മരുവിലെ ക്ലേശങ്ങളേറിടുമ്പോൾ
മറച്ചിടും അവൻ തന്റെ ചിറകടിയിൽ
മറഞ്ഞിടും തൻ തിരുമാർവ്വിടത്തിൽ - ക്രിസ്തു

4 സ്വർഗ്ഗസീയോനിൻ സഞ്ചാരികളേ
സന്തോഷഗീതങ്ങൾ പാടിടുവിൻ
വിളിച്ചവൻ നടത്തും ജയോത്സവമായ്
സ്വർഗ്ഗകനാനിൽ നാം ചേരും വരെ - ക്രിസ്തു

# 247

1 ക്രിസ്തുവിന്റെ ദാനം എത്ര മധുരം!
പൂർണ്ണസമാധാനം പൂർണ്ണ ആനന്ദം
എത്രയോ വിസ്താരം ഉള്ളോർ നദിപോൽ!
വർണ്ണിക്കുവാൻ ആഴം നാവിന്നില്ല ചൊൽ

എന്റെ അടിസ്ഥാനം അതു ക്രിസ്തുവിൽ
പൂർണ്ണസമാധാനം ഉണ്ടീപാറയിൽ

2 പണ്ട് എന്റെ പാപം മനസ്സാക്ഷിയെ
കുത്തി ഈ വിലാപം തീർന്നതെങ്ങനെ?
എൻ വിശ്വാസക്കണ്ണു നോക്കി ക്രൂശിന്മേൽ
എല്ലാം തീർത്തു തന്നു എൻ ഇമ്മാനുവേൽ -

3 കർത്തനുള്ളംകൈയിൽ മറഞ്ഞിരിക്കേ
പേയിൻ സൂത്രം എന്നിൽ മുറ്റും വെറുതേ
മല്ലൻ ആയുധങ്ങൾ എല്ലാം പൊട്ടിപ്പോം
ഇല്ല ചഞ്ചലങ്ങൾ ധൈര്യമെ തുലോം

4 ഭയം സംശയങ്ങൾ തീരെ നീങ്ങുവാൻ
എത്ര വാഗ്ദത്തങ്ങൾ തന്നിട്ടുണ്ടു താൻ!
അതിൽ ഒരു വള്ളി ഇല്ലാതാകുമോ?
പോകയില്ലോർ പുള്ളിസാത്താനേ നീ പോ -

5 ബുദ്ധിമുട്ടു കഷ്ടം പെരുകി വന്നാൽ
എനിക്കെന്തു നഷ്ടം ഞാൻ കർത്താവിൻ ആൾ
യേശുതാൻ എൻ സ്വന്തം തന്റെ രാജ്യവും
എനിക്കുള്ള അംശം അതാരെടുക്കും? -

# 248

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണെ

1 ലോകത്തിൽ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞിടുമ്പോൾ
സ്വന്തസഹോദരൻ തള്ളിക്കളയുമ്പോൾ
യോസേഫിൻ ദൈവമെൻ കൂട്ടാളിയണെ

2 അന്ധകാരം ഭൂവിൽ വ്യാപരിച്ചിടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയാണെ

3 ഇത്രനല്ലിടൻ ഉത്തമ സ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയാണെ

എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൻ കുഞ്ഞുങ്ങൾ പാട്ടുപാടും

4 കാഹളശബ്ദങ്ങൾ കേട്ടീടാൻ നേരമായ്
കഷ്ടങ്ങൾ ഏറ്റ എൻ പ്രിയനെ കാണാറായ്
എന്നു നീ വന്നിടും എപ്പോൾ നീ വന്നിടും
എത്രനാൾ നോക്കി ഞാൻ പാർക്കണം പ്രിയനെ

# 249

കിസ്തീയ ജീവിതം പോൽ
ഭാഗ്യം പാരിലെന്തുള്ളു?

1 ക്രിസ്തീയ ജീവിതം പോലെയുള്ളൊരു - മഹൽ
ഭാഗ്യമാം ജീവിതം പാരിലെന്തുള്ളു

2 കഷ്ടതയും പട്ടിണിയും ഏറീടുന്നേരം
മനഃക്ലേശം കൂടാതെ നില്പാൻ ശക്തി നൽകുന്ന

3 പരിഹാസം ചൊല്ലി ശത്രു നേർക്കുവരുമ്പോൾ
സ്തോത്രം പാടി ആശ്വസിപ്പാൻ ശക്തി നൽകുന്ന

4 കൂട്ടുകാരിൽ പരമായിട്ടെന്നെ പോറ്റുന്ന നല്ല
പെറ്റമ്മയിലൻപേറുന്ന യേശു പോരായോ?

5 മാറാത്ത വാഗ്ദത്തം തന്ന കർത്താവേ? അതിൽ
ആശ്രയിച്ചും പാരിടത്തിൽ വേലചെയ്യും ഞാൻ

# 250

**രീതി: "യേശുവിൻ സ്നേഹത്താൽ"**

ക്രിസ്തേശു നായകൻ വാനിൽ വന്നിടുമേ
ദൂതരോടൊത്തു തൻ ശുദ്ധരെ ചേർക്കുവാൻ
ഹാ! എത്രയാനന്ദം ഓർക്കിലെന്നുള്ളത്തിൽ
ഹാ! എന്തുമോദമേ സ്വർഗ്ഗീയ വാസമേ!

1 ലക്ഷ്യങ്ങളെങ്ങുമേ കാണുന്നു സോദരാ
നാൾകൾ സമീപമായ് കർത്തൻ വരവിന്നായ്
ഉണർന്നു ഘോഷിക്കാം വാഴ്ത്തിസ്തുതിച്ചിടാം
സ്വർലോക നാഥനാം യേശു മഹേശനെ -ക്രിസ്തേശു

2 ആശ്വാസമില്ലാതെ ലോകർ വലയുമ്പോൾ
ആശ്വാസം നൽകിടും തൻമക്കൾക്കെന്നുമേ
ആനന്ദഗാനങ്ങൾ പാടിടും ശുദ്ധരും
ആനന്ദമോടവർ ചേരും തൻ സന്നിധൗ - ക്രിസ്തേശു

3 ക്രിസ്തേശു നാഥന്നായ് കഷ്ടം സഹിച്ചവർ
തൻ തിരുനാമത്തിൽ തിന്മകളേറ്റവർ
വാങ്ങും പ്രതിഫലം ദൂതർ സദസ്സതിൽ
സന്തോഷപൂർണ്ണരായ് തീർന്നിടുമന്നവർ - ക്രിസ്തേശു

4 കാഹളശബ്ദവും കേട്ടിടാൻ കാലമായ്
മരിച്ചോരക്ഷണം ഉയിർക്കും തേജസ്സിൽ
ചേർന്നിടും ശുദ്ധരും സ്വർഗ്ഗ കനാനതിൽ
വാഴും യുഗായുഗം തേജസ്സിൽ പൂർണ്ണരായ് - ക്രിസ്തേശു

# 251

1 ക്രിസ്തുവിൻസേനാവീരരേ!
ഉയർത്തിടുവിൻ കൊടിയെ
ധീരമായ് പോരാടിടാം കർത്തൻ വേലചെയ്തിടാം
ജയഗീതം പാടിഘോഷിക്കാം

പോക നാം, പോക നാം
ക്രിസ്തുവിന്റെ പിമ്പേ പോക നാം

2 സത്യപാത കാട്ടിത്തന്നിടും,
നീതിമാർഗ്ഗമോതിത്തന്നിടും
ക്രൂശിന്റെ സാക്ഷിയായ് ധീരപടയാളിയായ്
ക്രിസ്തുവിന്നായ് യുദ്ധം ചേയ്തിടാം -

3 കണ്ണുനീർ തുടച്ചുനീക്കിടും
ആശ്രിതർക്കാലംബമേകിടും
ജീവനെ വേടിഞ്ഞു ലോക ഇമ്പം വെടിഞ്ഞു
ക്രിസ്തുവിന്നായ് പോർ ചെയ്തിടുക

4 പാപികൾക്കു രക്ഷയേകിടും
രോഗികൾക്കു സൗഖ്യം നല്കിടും
പാപത്തെ വെറുത്തും തൻഹിതം ചെയ്തു
രക്ഷകന്റെ പിൻപേ പോയിടാം -

# 252

1 ക്രിസ്തുവിൻ ഇമ്പഗാനമെന്നുമേ
എന്നുടെ ജീവവാക്യമെന്നുമേ
തന്നുടെ ജീവമൊഴിയെന്നുമേ
എന്നുടെ ജീവന്നാധാരമേ

ഞാൻ പിന്തുടർന്നിടും ഞാൻ പിൻഗമിച്ചിടും
എന്നുടെ ജീവിതയാത്രയിൽ
ഈ മരുവിൽ ചൂടതേല്ക്കുമ്പോൾ
തൻ ചിറകെനിക്കു വിശ്രമം

2 ക്രിസ്തുവിൻ ദിവ്യയിഷ്ടമെന്നുമേ
എന്നുടെ ജീവിതത്തിൻ ആശയേ
നാളെന്നും ക്രൂശെടുത്തു ഞാൻ
താതനിഷ്ടം നിറവേറ്റുമേ -

3 ക്രിസ്തുവിൻ നിന്ദ ഞാൻ വഹിക്കുമേ
എന്നുടെ ഭൂഷണം അതെന്നുമേ
നാളെന്നും അതെണ്ണം എൻനിക്ഷേപമായ്
തേജസ്സായെനിക്കു ലഭ്യമേ

4 ക്രിസ്തുവിൻ ശബ്ദം ഞാൻ ശ്രവിക്കുമേ
എന്നുടെ പാതയെതെന്നുമേ

നാളെന്നും അതിൽ നടന്നു ഞാൻ
തേജസ്സിൻ തീരത്തെത്തുമേ -

5 ക്രിസ്തുവിൻ മുഖം ഞാൻ ദർശിക്കുമേ
ഈ ഘോരമാം സമുദ്രത്തിൻ നടുവിലായ്
അനന്തത വിദൂരവേ ഞാൻ കാണുമ്പോൾ
ആ പൊൻമുഖം പ്രത്യാശയിൻ ഉറവിടം

# 253

1 ക്രൂശുമെടുത്തിനി ഞാനെൻ
യേശുവെ പിൻചെൽകയാം
പാരിൽ പരദേശിയായ് ഞാൻ
മോക്ഷവീട്ടിൽ പോകയാം

ജീവനെൻപേർക്കായ് വെടിഞ്ഞ
നാഥനെ ഞാൻ പിഞ്ചെല്ലും
എല്ലാരും കൈവിട്ടാലും
കൃപയാൽ ഞാൻ പിൻചെല്ലും

2 മാനം ധനം ലോകജ്ഞാനം
സ്ഥാനം സുഖമിതെല്ലാം
ലാഭമല്ലെനിക്കിനി വൻ -
ചേതമെന്നറിഞ്ഞു ഞാൻ

3 ദുഷ്ടരെന്നെപ്പകച്ചാലും
കഷ്ടമെന്തു വന്നാലും
നഷ്ടമെത്ര നേരിട്ടാലും
ഇഷ്ടമായ് ഞാൻ പിൻചെല്ലും

4 ക്ലേശം വരും നേരമെല്ലാം
ക്രൂശിലെൻ പ്രശംസയാം
യേശു കൂടെയുണ്ടെന്നാകിൽ
തുമ്പമെല്ലാം ഇമ്പമാം

5 നിത്യരക്ഷ ദാനം ചെയ്ത -
ദിവ്യ സ്നേഹമോർക്കുകിൽ
ഏതു കഷ്ടത്തെയും താണ്ടി
അന്ത്യത്തോളം പോയിടാം

6 ദൈവത്തിൻ പരിശുദ്ധാത്മാ-
വെന്നിൽ വാസം ചെയ്കയാൽ
ക്ലേശമെന്തിനവനെന്നെ
ഭദ്രമായിക്കാത്തിടും

# 254

ക്രൂശും വഹിച്ചാ കുന്നിൻ മീതെ പോകുവതാരോ!
ക്ലേശം സഹിച്ചോരഗതിയെപ്പോലെ ചാകുവതാരോ!

1 സർവ്വേശ്വരനേക സുതനോ?
സൽദൂതവന്ദിതനോ
സുരലോകേ നിന്നും നമ്മെത്തേടി വന്ന
സ്നേഹിതനോ?

2 നീ വാക്കാൽ ചെയ്തോരുലകിൽ
നിൻകൈ രചിച്ചോർക്കരികിൽ
നീ വന്ന നേരം ബഹുമതിയായവർ
തന്നതു കുരിശോ!

3 എന്നാധിയകറ്റാൻ തനിയേ
ക്രൂശെടുത്ത ദേവസുതാ!
പിന്നാലെ ഞാനെൻ ക്രൂശുമെടുത്തു
വരുന്നിതാ കൃപ താ

4 എൻ ജീവിതകാലം മുഴുവൻ
നിൻ സ്നേഹ മാധുര്യം
പാടിപ്പുകഴ്ത്താൻ നാഥാ തരിക
നാവിന്നു ചാതുര്യം

# 255

1 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായ് ചാകുന്നു

2 ആത്മാവേ പാപത്തിൻ താഴ്ച നീ കാണുക
ദൈവത്തിൻ പുത്രനീ ശാപത്തിലായല്ലോ

3 ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലേ

4 പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി

5 കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

6 പാപത്തിൻ ശോധന ഭീമമായ് വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

7 പാപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

8 ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

9 ആത്മാവേ ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രൻ ഈ സാധുവെ സ്നേഹിച്ചു

# 256

ക്രൂശിൽ കണ്ടു ഞാൻ നിൻസ്നേഹത്തെ
ആഴമാർന്ന നിൻ മഹാത്യാഗത്തെ
പകരം എന്തു നൽകും ഞാനിനി
ഹൃദയം പൂർണ്ണമായ് നൽകുന്നു നാഥനേ

അടിപ്പിണരിൽ കണ്ടു ഞാൻ സ്നേഹത്തെ
സൗഖ്യമാക്കും യേശുവിൻ ശക്തിയെ

പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായ്

മൊഴിയിൽ കേട്ടു രക്ഷയിൻ ശബ്ദത്തെ
വിടുതൽ നൽകും നിൻ ഇമ്പവചനത്തെ
പകരം എന്തു നൽകും ഞാനിനി
ദേശത്തെങ്ങും പോകും സുവിശേഷവുമായ്

സൃഷ്ടികളിൽ ഞാൻ കണ്ടു നിൻ  കരവിരുത്
അത്ഭുതമാം നിൻ ജ്ഞാനത്തിൻ പൂർണ്ണതയും
പകരം എന്തു നൽകും ഞാനിനി നന്ദി
യാലെന്നും വാഴ്ത്തിടും സ്രഷ്ടാവേ

# 257

1 ക്രൂശിൽനിന്നും പാഞ്ഞൊഴുകീടുന്ന
ദൈവസ്നേഹത്തിൻ വൻകൃപയെ
ഒഴുകിയൊഴുകി അടിയനിൽ
പെരുകേണമേ സ്നേഹസാഗരമായ്

സ്നേഹമാം ദൈവമെ നീയെന്നിൽ-
അനുദിനവും വളരേണമേ
ഞാനോ കുറയേണമേ! (2)

2 നിത്യസ്നേഹം എന്നെയും തേടിവന്നു
നിത്യമാം സൗഭാഗ്യം തന്നുവല്ലൊ
ഹീനനെന്നെ മെനഞ്ഞല്ലൊ
കർത്താവിനായ് മാനപാത്രവുമായ്

3 ലോകത്തിൽ ഞാൻ ദരിദ്രനായിടിലും
നിൻസ്നേഹം മതിയെനിക്കാശ്വാസമായ്
ദൈവസ്നേഹം എന്നെയും
ആത്മാവിനാൽ സമ്പന്നനാക്കിയല്ലോ

4 മയാലോകെ പ്രശംസിച്ചിടുവാൻ
യാതൊന്നുമില്ലല്ലോ പ്രാണനാഥാ
ദൈവസ്നേഹം തന്നെയെൻ പ്രശംസയേ
എന്റെ ആനന്ദമേ

# 258

കൃപയിൻ അത്യന്തധനം മൺ പാത്രങ്ങളിൽ പകർന്നു
നിത്യജീവന്റെ വചനം താഴ്ന്ന നിലത്തു പാകി
നല്ല ഫലങ്ങൾ നല്കുവാൻ വൻ കൃപ ചൊരിഞ്ഞു നല്കി
സത്യസഭയെ പോറ്റുവാൻ നൽവരങ്ങൽ പകർന്നു നീ

ജീവനുള്ള കാലത്തോളം
വിശുദ്ധ കൈകളുയർത്തി
സിംഹാസനത്തിൽ വസിക്കും
കുഞ്ഞാടിനെ സ്തുതിക്കും ഞാൻ

1 ഹൃദയത്തിനാഗ്രഹം നല്കി അധരത്തിൻ യാചന കേട്ടു -
കാര്യസ്ഥൻ സാന്നിദ്ധ്യം നല്കി നാൾതോറും ഭാരം ചുമന്നു
ഉത്സവം ആചരിക്കുന്ന പുരുഷാരത്തിന്റെ ധ്വനിയാൽ
വീണ്ടെടുക്കപ്പെട്ട സംഘം പ്രഭുവിനുസ്തുതി മുഴക്കും

2 തന്റെ ഏകജാതനാം പുത്രനിൽ വിശ്വസിക്കുന്നോർ
ഹൃദയം കൊണ്ടു വിശ്വസിച്ചു അധരം കൊണ്ടേറ്റു ചൊല്ലുവോർ
ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിപ്പാൻ
ലോകത്തെ സ്നേഹിച്ചീശനെ കൈകളുയർത്തി സ്തുതിക്കാം

3 തന്റെ ഗംഭീര നാദത്താൽ ദൂതന്റെ കാഹള ധ്വനിയാൽ
മേഘങ്ങൾ പിളർന്നുകൊണ്ടു മണവാളൻ വന്നണയുമ്പോൾ
പൊടികളിലുറങ്ങും ചിലർ നിത്യതയ്ക്കായിട്ടുണരും
നാഥാ കർത്താവേ വരണേ ആമേൻ നീ വേഗം വരണേ -

# 259

കൃപയുള്ള യഹോവേ! ദേവാ!
മമ നല്ലപിതാവേ! ദേവാ!
കൃപ കൃപയൊന്നിനാൽ
തവ സുതനായി ഞാൻ - കൃപയുള്ള

1 ദൂരവേ പോയ് അകന്നൊരെന്നെ നീ ഓർക്കവേ ഓർക്കവേ
സ്വീകരിച്ചിതേവിധം നീ കനിഞ്ഞത്ഭുതം അത്ഭുതം
അതു നിത്യമോർത്തു ഞാൻ ആയുസ്സെല്ലാം പാടിടും
പദം മുത്തി പണിഞ്ഞിടും ദേവാ! - കൃപ

2 ഇന്നു ഞാൻ നിന്നൊടൊത്തു പന്തിയിൽ മോദമായ് മോദമായ്
വന്നു തിന്നു തൃപ്തനായ് എത്രയോ ഭാഗ്യവാൻ! ഭാഗ്യവാൻ!
പന്നി തിന്ന ഭോജ്യവും അന്നു ഞാൻ കൊതിച്ചതും
എന്നേക്കുമായ് മറന്നുപോയ് ദേവ! - കൃപ

3 താഴ്ചയിൽ എന്നെയോർത്ത നിന്റെ മാസ്നേഹമേ, സ്നേഹമേ
ക്രൂശിലേക ജാതനെ കൊന്നതാം യാഗമേ യാഗമേ
ആകയാലിന്നേഴ ഞാൻ ആകുലമകന്നിതാ
ആയി നിന്റെ സന്നിധിയിൽ ദേവാ - കൃപ

4 ദൈവമേ നിൻ പദത്തിൽ നന്ദിയായ് വന്ദനം വന്ദനം
ചെയ്യുമെന്നതെന്നിയേ എന്തു ഞാൻ തന്നിടും തന്നിടും?
എന്നും എന്നും രാപ്പകൽ ആരാധിച്ചെന്നാകിലും
നിൻ കൃപയ്ക്കു പകരമായ് തീരാ - കൃപ

# 260

1 കൃപയേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെന്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീഭൂവാസം
കൃപയാൽ മനോഹരമായ്

കൃപ കൃപയൊന്നെന്നാശ്രയം - ഹാലേ
കൃപ കൃപയൊന്നെന്നാനന്ദമായ്
വൈരികൾ വന്നാലുമെതിരുയർന്നാലും
കൃപമതിയെന്നാളും

2 ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദത്തണലാകും
ഇരുൾപാതയിലനുദിനമൊളിനല്കും
കൃപയൊന്നെന്നാശ്രയമായ്

3 എന്റെ താഴ്ചയിലവനെന്നെയോർത്തല്ലോ
ഘോരവൈരിയിൻ ബലമവൻ തകർത്തല്ലോ
തന്റെ കൈകളിലവനെന്നെ ചേർത്തല്ലോ
സ്തോത്രഗീതം പാടിടും ഞാൻ

4 പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവനെന്നാളും
തിരുജിവനെത്തന്നവനിനിമേലും
കൃപയാൽ നടത്തുമെന്ന

# 261

1 കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
ദയ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
നന്മ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ

ആരാധനാ ആരാധനാ
യാഹ് എന്ന ദൈവത്തിനാരാധന
ആരാധനാ ആരാധനാ
ആത്മാവിലും സത്യത്തിലും ആരാധനാ

2 മമ്രേയുടെ തോപ്പിൽ ഇറങ്ങി വന്ന
അബ്രഹാമിൻ ദൈവത്തിനാരാധന

മോറിയാ മലയിൽ നിറഞ്ഞു നിന്ന
യിസഹാക്കിൻ ദൈവത്തിനാരാധന

3 യബ്ബോക് എന്ന കടവിൽ ഇറങ്ങി വന്ന
യാക്കോബിന്റെ ദൈവത്തിനാരാധന
കാരാഗ്രഹത്തിൽ വീര്യപ്രവൃത്തി ചെയ്ത
യോസേഫിന്റെ ദൈവത്തിനാരാധന

4 മരുഭൂമിയിൽ മന്ന ദാനം നല്കിയ
യിസ്രായേലിൻ ദൈവത്തിനാരാധന
കർമ്മേൽ എന്ന മലയിൽ അഗ്നി അയച്ച
ഏലിയാവിൻ ദൈവത്തിനാരാധന

5 മിസ്രയീം എന്ന ദേശത്ത് മുഴങ്ങി നിന്ന
മോശയുടെ ദൈവത്തിനാരാധന
സിംഹത്തിന്റെ കുഴിയിൽ ഇറങ്ങി വന്ന
ദാനിയേലിൻ ദൈവത്തിനാരാധന

# 262

കൃപവേണം നാഥാ യേശുവെ നിൻ ദിവ്യ
കൃപവേണം നാഥാ യോഗമദ്ധ്യത്തിങ്കൽ

1 നിൻകൃപതാൻ വേണം സ്വർഗ്ഗലോകരാജാ
നിൻകൃപയില്ലെങ്കിൽ എന്തു പാരിൽ സാദ്ധ്യം

2 മഗ്ദലമറിയയ്ക്കന്നു നീ രക്ഷകാ
ഏഴു ഭൂതം മാറ്റി വൻ കൃപകളേകി

3 രണ്ടു ശിഷ്യർ ഗ്രാമത്തങ്ങു പോകുന്നേരം
ചഞ്ചലങ്ങൾ നീക്കി കൃപയേകിയോനെ

4 കല്ലെറിയാൻ കൊണ്ടു വന്ന സ്ത്രീയോടങ്ങു
ഇനിമേൽ നീ പാപം ചെയ്യാതെന്നു ചൊന്ന

5 സ്വന്തദാസന്മാർക്കു പെന്തക്കോസ്തിൻ നാളിൽ
വൻകൃപകളേകി പ്രേരിപ്പിച്ച നാഥാ

6 അന്ത്യശ്വാസത്തിങ്കൽ സ്തേഫാൻ നിന്റെ രൂപം
കണ്ടതായ കൃപ എന്നിൽ വേണം നാഥാ

7 യേശുവേ നീ പോയപോൽ വരുമെന്നല്ലോ
ശിഷ്യരോടു ദൂതൻ ചെന്നതെന്റെ പ്രിയാ

8 നിൻ വരവു കാണ്മാൻ സാധുവാകുമെന്നെ
അന്ത്യത്തോളം കൃപതന്നു കാത്തിടേണം

# 263

ക്ലേശിക്ക വേണ്ട തെല്ലും
നാളെ നാളെ എന്നോർത്തുകൊണ്ട്
നമ്മെ വിളിച്ചവൻ നമ്മെ പുലർത്തുവാൻ
ശക്തൻ തന്നെ ഇന്നുമെന്നും

1 ധന്യനാം ഏകാധിപൻ രാജാധിരാജനവൻ
ഏകനായ് അത്ഭുതം ചെയ്യുന്നവൻ
നമ്മുടെ വീരനാം ദൈവമല്ലോ -

2 പക്ഷിമൃഗാധികളെ സർവ്വേശൻ പോറ്റുമെങ്കിൽ
വിശ്വാസസേവകർ നമ്മെ അവൻ
ക്ഷേമയായി പോറ്റിടും അന്ത്യം വരെ

3 യാചിപ്പിൻ ലഭ്യമല്ലോ മുട്ടുവിൻ തുറന്നീടുമേ
എന്നുര ചെയ്തവൻ വാഗ്ദത്തങ്ങൾ
വാനഭൂമാറിയാലും മാറുകില്ല -

4 കാതുകൾ കേൾക്കാതിരിപ്പാൻ മന്ദമായ് തീർന്നിട്ടില്ല
അത്ഭുതം ചെയ്യുവാൻ യേശുവിന്റെ
കരമിന്നും കുറുകിയില്ല തെല്ലും -

5 വൈഷമ്യമായതെല്ലാം സാദ്ധ്യമായ് മാറ്റിടുവാൻ
ശക്തനാം നാഥനിൽ അശ്രയിക്കാം
വിശ്രമമെന്യേ നാം ജാഗരിക്കാം -

# 264

1 ഗീതം ഗീതം ജയ ജയ ഗീതം
പാടുവിൻ സോദരരേ നമ്മൾ
യേശുരാജൻ ജീവിക്കുന്നതിനാൽ
ജയഗീതം പാടിടുവാൻ

2 പാപം ശാപം സകലവും തീർപ്പാൻ
അവതരിച്ചിഹ നമുക്കായ് ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞവനാം
രക്ഷകൻ ജീവിക്കുന്നു

3 ഉലക മഹാന്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ നമ്മൾ
ഉന്നതനേശു മഹേശ്വരൻ മാത്രം
ഉയരത്തിൽ വാണിടുന്നു

4 കലുഷതയകറ്റി കണ്ണുനീർ തുടപ്പിൻ
ഉത്സുകാരായിരിപ്പിൻ - നമ്മൾ
ആത്മനാഥൻ ജീവിക്കവേ ഇനി
അലസത ശരിയാമോ?

5 വാതിൽകളേ നിങ്ങൾ തലകളെ ഉയർത്തിൻ
വരുന്നിതാ ജയരാജൻ നിങ്ങൾ
ഉയർന്നിരിപ്പിൻ കതകുകളേ
ശ്രീ യേശുവെ സ്വീകരിപ്പാൻ

# 265

**"Wonderful, wonderful Lamb"**

1 ഗോൽഗോത്തായിലെ കുഞ്ഞാടേ,
അത്ഭുതമുള്ളോർകുഞ്ഞാടേ,
പാപശാന്തി നീയത്രേ
ഗോൽഗോത്തായിലെ കുഞ്ഞാടേ

2 ഗോൽഗോത്തായിലെ മൃത്യുവേ
അത്ഭുതമുള്ളോർ മൃത്യുവേ
ജീവവാതിൽ നീ അത്രേ
ഗോൽഗോത്തായിലെ മൃത്യുവേ

3 ഗോൽഗോത്തായിലെ രക്തമേ
അത്ഭുതമുള്ളോർ രക്തമേ
എൻ വിശുദ്ധി നീ അത്രേ
ഗോൽഗോത്തായിലെ രക്തമേ

4 ഗോൽഗോത്തായിലെ നീതിയേ
അത്ഭുതമുള്ളോർ നീതിയേ
എൻ പ്രശംസ നീ അത്രേ
ഗോൽഗോത്തായിലെ നീതിയേ

5 ഗോൽഗോത്തായിലെ താഴ്മയെ
അത്ഭുതമുള്ളോർ താഴ്മയെ
എൻ ഉയർച്ച നീ അത്രേ
ഗോൽഗോത്തായിലെ താഴ്മയെ

6 ഗോൽഗോത്തായിലെ സ്നേഹമേ
അത്ഭുതമുള്ളോർ സ്നേഹമേ
എൻ കിരീടം നീ അത്രേ
ഗോൽഗോത്തായിലെ സ്നേഹമേ

7 ഗോൽഗോത്തായിലെ ജയമേ
അത്ഭുതമുള്ളോർ ജയമേ
എന്റെ ശക്തി നീ അത്രേ
ഗോൽഗോത്തായിലെ ജയമേ

8 ഗോൽഗോത്തായിലെ കുഞ്ഞാടേ
അത്ഭുതമുള്ളോർ കുഞ്ഞാടേ
എൻ സംഗീതം നീ അത്രേ
ഗോൽഗോത്തായിലെ കുഞ്ഞാടേ

# 266

ചിത്തം കലങ്ങിടൊല്ലാ - പോയ് വരും ഞാൻ
പോയ് വരും ഞാൻ പോയ് വരും ഞാൻ -

1 സത്യമായെന്നിലും നിത്യപിതാവിലും
ശക്തിയായ് വിശ്വസിപ്പിൻ സന്തതവും നിങ്ങൾ

2 എൻ പിതാവിൻ ഗൃഹേ ഇൻപമെഴും പല
സംഭൃതഭവനങ്ങളുണ്ടതിനാലിനി

3 പോയിടുന്നേൻ മുദാ വാസമൊരുക്കുവാൻ
ആഗമിച്ചഹം വീണ്ടും ചേർക്കുവാൻ നിങ്ങളെ

4 സത്യവും ജീവനും മാർഗ്ഗവും ഞാനത്രേ
നിത്യപിതാവിങ്കലേ - ക്കെത്തിടുന്നെന്നിലൂടെ -

5 എൻ പിതാവെന്നിലും ഞാനവൻ തന്നിലും
ഇമ്പമോടിതു നിനച്ചൻപൊടു വിശ്വസിപ്പിൻ -

6 എന്നുടെ നാമത്തിലെന്തു യാചിക്കിലും
എൻപിതൃതേജസ്സിന്നായ് ഞാനതു ചെയ്തിടും -

7 നിങ്ങളെന്നെ സ്നേഹിക്കുന്നുവെന്നാലെന്റെ
മംഗളകരങ്ങളാമാജ്ഞകൾ പാലിക്കും -

8 നാഥനില്ലാത്തവരായി വിടാതെ ഞാൻ
കേവലമടുക്കലേക്കാഗമിപ്പേൻ മുദാ -

9 നിത്യമായ് നിങ്ങളോടൊത്തിരിപ്പാനൊരു
സത്യവിശുദ്ധാത്മാവെ തന്നിടുവേനതാൽ -

# 267

ചെറിയകൂട്ടമെ നിങ്ങൾ ഭയപ്പെടേണ്ടിനി
പരമരാജ്യം തരുവതിന്നു താതന്നിഷ്ടമാം

1 ഉറപ്പും ധൈര്യവും നല്ല സ്ഥിരവുമുള്ളോരായ് -
ഒരുങ്ങി നില്പിൻ തിരുവചനം അനുസരിക്കുവാൻ -

2 വരുമനവധി കഷ്ടം നമുക്കു ധരണിയിൻ
കുരിശെടുത്തു പരനെ നിത്യം അനുഗമിക്കണം

3 യേശു ക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ
ആശിച്ചിടുന്നവർക്കു പീഡയുണ്ടു - നിർണ്ണയം -

4 പ്രതിഫലത്തിൻമേൽ നോട്ടം വച്ചു സഹിക്ക നാം
വിധിദിനത്തിൽ നമുക്കു നല്ല ധൈര്യമുണ്ടാകും -

5 ദാനിയേലിന്നായ് സിംഹവായടച്ചവൻ
വാനിൽ ജീവിക്കുന്ന നമ്മെ കാവൽ ചെയ്യുവാൻ -

6 മരണത്തോളം തൻ ദിവ്യ ചരണമില്ലയോ
ശരണമായി, നമുക്കിനിമേൽ അരുതു ചഞ്ചലം -

# 268

ചുംബിച്ചീടുന്നു ഞാൻ
നിൻമുറിവുകളെ - ചുംബി

1 ഇമ്മാനുവേലേ! പരാ ഇമ്മോദിനീ നായകാ!
നിൻ മുറിവുകളഹം ഉൺമയായ് കണ്ടായതാൽ

2 പാണി രണ്ടിലും നല്ലിരുമ്പാണികൾ തറച്ചായതും
പ്രാണനാഥാ നീ സഹിച്ചീ പ്രാണിയെ പ്രതി ശാന്ത
മായ്-

3 മുള്ളുകൊണ്ടു ചമച്ചതാ-യുള്ളൊരു കിരീടം ധരി-
ച്ചുള്ള നിൻ ശിരസ്സിനെയും ഉള്ളപോൽ ദർശിച്ചേനഹം

4 മാറിടം തുളച്ചങ്ങു വൻ ദ്വാരമാക്കി നിൻ വൈരികൾ
ചോരയും ജലവുമൊരു നീരുറവ പോലൊഴുകി

5 വർണ്ണമല്ല ദേവാ തവ ദണ്ഡനങ്ങൾ ഭൂഭാഷയിൽ
പൂർണ്ണമായ് ഗ്രഹിപ്പാനുമീമന്നിലില്ലയാരും ദൃഢം

6 കേവലം പിശാചിൻ സുത നായ് വസിച്ച പാപിക്കു
നിൻ
ജീവനായ രക്തം ചൊരിഞ്ഞേവമേകി നിത്യജീവൻ

# 269

ജയ ജയ ക്രിസ്തുവിൻ തിരുനാമം
പാപികൾക്കാനന്ദ വിശ്രാമം
ജയ ജയ നിർമ്മല സുവിശേഷം
കുരിശിൻ നിസ്തുല സന്ദേശം

1 പാപം തരുവതു വൻമരണം ശാപം
നിറയുമെരിനരകം
കൃപയാൽ ദൈവം നല്കുവതോ
ക്രിസ്തുവിൻ പാപവിമോചനമേ

2 നരകാഗ്നിയിൽ നാമെരിയാതെ
ചിരകാലം നാം വലയാതെ
പരഗതി നമ്മൾക്കരുളാനായ്
പരമസുതൻ വന്നിഹ നരനായ്

3 ആത്മവിശപ്പിനു വിരുന്നും വൻ -
പാപവിഷത്തിനു മരുന്നും താൻ

തീരാവിനകൾ തീർക്കുമവൻ
ധാരാളം കൃപ നല്കുമവൻ

4 കുരിശിൽ ചീന്തിയ തൻചോര
ക്കൊരു നികരുണ്ടോയിനി വേറെ
തിരുനാമം പോലൊരു നാമം
തരുമോ ശാശ്വത വിശ്രാമം?

5 ഇതുപോലിനിയാർ സ്നേഹിപ്പാൻ
ഇതുപോലാരിനി സേവിപ്പാൻ
അനുദിനം നമ്മെ പാലിപ്പാൻ
ആരുണ്ടിതുപോൽ വല്ലഭനായ് -

6 ഗുരുവരനേശുവിനരികിൽ വരും -
മ്പൊഴുതാനന്ദം പരമാനന്ദം
തിരനിര തീർന്നിനിയക്കരെ നാട്ടിൽ
ചേരുമ്പോഴെന്താനന്തം! -

# 270

ജയ ജയ ജയ ഗീതം
ഉന്നതനാമേശുവിനായ് ഞാനെന്നാളും പാടിടും
രാജാധിരാജൻ നീ ദേവാധിദേവൻ നീ
ഭൂജാതികൾക്കെല്ലാം രക്ഷാകരൻ നീയേ

1 ഉന്നതി വിട്ടീ മന്നിതിൽ വന്നെൻ ഖിന്നത തീർപ്പാനായ്
തന്നുയിരേകി മന്നവനാം നീ നിന്ദ ചുമന്നതിനാൽ -
ജയ

2 വിലാപഗാനം മാറ്റിയെൻ നാവിൽ പുതിയൊരു പാട്ടേകി
വിണ്ണുലകത്തിന്നധിപതിയാകും നിൻ പ്രിയ മകനാക്കി -
ജയ

3 കരുമന തീരും കണ്ണീർ തോരും നിൻ തിരുസന്നിധിയിൽ
കരുണയെഴും നിൻ കരങ്ങളാലെ കരുതി നടത്തിടും-
ജയ

# 271

ജയം ജയം ഹല്ലേലുയ്യാ... യേശുവേ
ജയം ജയം ഹല്ലേലുയ്യാ...
എന്റെ ശത്രുവേ തകർത്തെന്നെ
മിത്രമായ് തീർത്തതാൽ
ജയം ജയം ഹല്ലേലുയ്യാ...

വിടുതൽ വിടുതൽ യേശുവിൻ നാമത്തിൽ
സൗഖ്യം.. സൗഖ്യം യേശുവിൻ നാമത്തിൽ (2)

എല്ലാ ബന്ധനം അഴിഞ്ഞീടട്ടെ
ശത്രു കോട്ടകൾ തകർന്നിടട്ടെ
ആരാധന ഉയർന്നിടട്ടെ
ദൈവനാമമഹത്വം വെളിപ്പെടട്ടെ (2) (വിടു...)

യേശുരാജൻ വന്നിടാറായ്
തന്റെ സഭയെ ചേർത്തിടാറായ്
വാട്ടം മാലിന്യം കറ ചുളുക്കം
വിട്ടുമാറി നാം ഒരുങ്ങി നിൽക്കാം (2) (വിടു...)

വിശ്വാസത്തോടെ വന്നാൽ
ആശ്വാസം പ്രാപിച്ചിടും
ആശ്വാസദായകനേശു
ആശയോടെ വിളിച്ചിടുന്നു (2) (വിടു...)

# 272

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവിനാൽ അവനെ നാം ഘോഷിക്കാം
അവനത്രേ എൻ പാപഹരൻ - തൻ ജീവനാൽ
എന്നെയും വീണ്ടെടുത്തു

1 താഴ്ചയിൽ എനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി

തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ -

2 കരകാണാതാഴിയിൽ വലയുവോരേ
കരുണയെ കാംക്ഷിക്കും മൃതപ്രായരേ
വരികവൻ ചാരത്തു ബന്ധിതരേ
തരുമവൻ കൃപ മന:ശാന്തിയതും -

3 നമുക്കു മുൻചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ

# 273

ജീവനെനിക്കായ് വെടിഞ്ഞ ദേവകുമാരാ,
ദേവകുമാരാ! സർവ്വപാപവിദൂരാ!

1 സ്വർഗ്ഗമഹിമാസനവും നിസ്തുലപ്രഭാനിറവും
അത്രയും വെടിഞ്ഞു ഭൂവിലവതരിച്ചോനേ!
അവതരിച്ചോനേ! താഴ്മ സ്വയം വരിച്ചോനേ! - ജീവ

2 അഞ്ചുയവയപ്പവും മീൻ രണ്ടുമങ്ങെടുത്തു വാഴ്ത്തി
അഞ്ചു സഹസ്രം ജനത്തെ പോഷിപ്പിച്ചോനേ!
പോഷിപ്പിച്ചോനേ ഹാ! സന്തോഷിപ്പിച്ചോനേ! - ജീവ

3 കൂരിരുൾ നിറഞ്ഞതാമിപ്പാരിന്നു പ്രകാശം നല്കി
ഭൂരിസുഖമരുളും മൊഴി അരുളിച്ചെയ്തോനേ!
അരുളിച്ചെയ്തോനേ! ജീവവഴി തെളിച്ചോനേ! - ജീവ

4 പാതകർ നടുവിൽ മഹാ - പാതകനെപ്പോൽ കുരിശിൽ
നീ തകർന്നു മൃതിയടഞ്ഞതോർക്കുന്നയ്യോ! ഞാൻ
ഓർക്കുന്നയ്യോ! ഞാൻ അതെൻ പേർക്കെന്നറിഞ്ഞേൻ -
ജീവ

# 274

1 ജീവിതനാൾകളെല്ലാം
ഞാനെന്റെ പ്രിയനെ വാഴ്ത്തിടുമേ
ഈ ലോക കഷ്ടങ്ങൾ സാരമില്ലെന്നെണ്ണുന്നേ
പ്രിയൻ തൻ സ്നേഹത്തെ എനിക്കായ് ചൊരിഞ്ഞ
ആ സ്നേഹം എനിക്കു മതിയേ -

ക്രൂശിലെ സ്നേഹം - നിസ്തുല സ്നേഹം
ഹാ! എത്ര മധുരം തേനിനെക്കാളുമേ
എൻ നാവാൽ വർണ്ണിക്കും ഞാൻ

2 ലാഭമായിരുന്നതെല്ലാം
ചേതമെന്നെണ്ണിടുന്നേയിഹത്തിൽ
ലോകത്തിൻ മോഹങ്ങൾ എന്നിൽ വന്നീടരുതേ
ലോകത്തെ ജയിച്ച പുത്രന്റെ സ്നേഹം
ആ സ്നേഹം എനിക്കു മതിയേ -

3 നിർജ്ജീവമാകുമല്ലോ
ഈ ലോകത്തിൻ ഇമ്പങ്ങൾ ക്ഷണത്തിൽ
എന്നിൽ നിൻ ജീവന്റെ സമൃദ്ധി നല്കിടണേ
മൃത്യുവെ ജയിച്ച പുത്രന്റെ സ്നേഹം
ആ സ്നേഹം എനിക്കു മതിയേ -

4 വിൺപുരത്തിൽ എനിക്കായ്
വച്ചല്ലോ നിന്നെയെൻ അടിസ്ഥാനമായ്
എത്രയോ വിശിഷ്ടം നിൻ വിശുദ്ധ നഗരം
നിൻ സ്നേഹമല്ലോ സീയോനിൽ ഉറവ്
ആ സ്നേഹം എനിക്കു മതിയേ -

5 നൂതന യേരൂശലേമേ
നിൻ കാന്തനാം പ്രിയനിന്നുമെന്നും

നിൻ സ്വന്തമാകയാൽ ആനന്ദം കൊള്ളുക നീ
ആഗാധമാം സ്നേഹം നിൻ പ്രിയന്റേത്
ആ സ്നേഹം എനിക്കു മതിയേ –

# 275

ജീവിതയാത്രക്കാരാ! കാലടികളെങ്ങോട്ട്?
നാശത്തിൻ പാതയോ, ജീവന്റെ മാർഗ്ഗമോ?
ലക്ഷ്യം നിൻ മുമ്പിലെന്ത്? –

1 അൻപിൻ രൂപി യേശുനാഥൻ നിന്നെ വിളിക്കുന്നില്ലേ?
പോകല്ലേ നീ അന്ധനായി ലോകസൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കു മീതേ
കർത്തൻ വിരിച്ചതു കാണുന്നില്ലേ?
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ എൻ പൊന്മകനേ –

2 വൈഷമ്യമാം മേടുകളെ എങ്ങനെ നീ കടക്കും?
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നുചേരും?
നിൻ തോണിയിൽ കർത്തനേശുവുണ്ടോ?
നിൻ നാവിൽ പ്രാർത്ഥനാ ഗാനമുണ്ടോ?
പുത്തൻ ഗാനാലാപം പാടുസ്തുതിക്കുവാൻ
ഹൃത്തടേ സ്വർഗ്ഗീയ ശാന്തിയുണ്ടോ?

3 വിശ്വാസത്തിൻ തോണിയതിൽപോകുന്ന യാത്രക്കാരാ
പാറക്കെട്ടിൽ തട്ടാതെ നീ അക്കരെ ചെന്നീടുമോ
ഓളങ്ങൾ ഏറുന്ന സാഗരത്തിൽ
ജീവിതതോണി ഉലഞ്ഞീടുമ്പോൾ
ആരുണ്ടു കൈയ്ത്താങ്ങായ് ആരു സഹായിക്കും
കപ്പിത്താൻ യേശുവല്ലാതെ നിന്നെ

4 സ്വർഗ്ഗ പുരേ നീ കേൾക്കുന്നില്ലേ സീയോനിൻ
ഗാനശബ്ദം?
വേണ്ടയോ നിൻ സ്വന്തമായി സ്വർഗ്ഗീയ
സന്തോഷങ്ങൾ?
വാനത്തേരിൽ മേഘാരൂഢനായി
വേഗം വരുന്നേശുരാജനവൻ
ചേർക്കുവാൻ നിന്നെയും ശുദ്ധരിൻ സംഘത്തിൽ
കണ്ണീരില്ലാ സ്വർഗ്ഗവാസം അതിൽ

# 276

ഞാനെന്റെ കർത്താവിൻ സ്വന്തം സ്വരക്തത്താൽ
താനെന്നെ വാങ്ങിയതാൽ ദയ തോന്നിയെന്നെത്തൻ
മകനാക്കിത്തീർത്തൊരു സ്നേഹം മറക്കാവതോ?

1 കൃപയാലെ ദൈവം ക്രിസ്തുവിലെന്നെ
കണ്ടു യുഗങ്ങൾക്കു മുന്നേ അന്നേ ബലിയാകാൻ
ദൈവകുഞ്ഞാടിനെ കരുതിയെനിക്കായവൻ - ഞാ

2 തൻമക്കളെത്തൻ കണ്മണിപോലെ-
ഉണ്മയിൽ കാക്കുന്നതാലെ കലങ്ങാതെയുലകിൽ ഞാൻ
കുലുങ്ങാതെ ധൈര്യമായ് അനുദിനം വാഴുന്നു ഹാ! - ഞാ

3 കർത്താവെന്നെത്തൻ കൂടാരമറവിൽ
കാത്തിടും കഷ്ടത വരികിൽ ചുറ്റുമെതിർക്കുന്ന ശത്രുക്കൾ
മുമ്പിൽ ഞാൻ മുറ്റും ജയം നേടിടും - ഞാ

# 277

ഞാനെന്റെ കണ്ണുകൾ ഉയർത്തിടുന്നു
എൻ സഹായം, എവിടെ നിന്നുവരും?
എൻ സഹായം, ആകാശവും ഭൂമിയും സൃഷ്ടിച്ച
യഹോവയിങ്കൽ നിന്നല്ലോ

1 നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകില്ല
നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല
അവൻ മയങ്ങുകില്ല അവനുറങ്ങുകില്ല
യിസ്രായേലിൻ പരിപാലകൻ –

2 യഹോവ നിന്റെ പരിപാലകൻ
യഹോവ വലഭാഗേ നിനക്കു തണൽ
പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും
നിന്നെ യാതൊന്നും ബാധിക്കയില്ല –

3 യഹോവ നിന്നെ പരിപാലിക്കും
നിന്റെ പ്രാണനെയും പരിപാലിക്കും
നിന്റെ ഗമനത്തെയും ആഗമനത്തേയും
എന്നേക്കും പരിപാലിക്കും

# 278

ഞാനെന്റെ നാഥനാമേശുവോടുകൂടെ
ആനന്ദമായെന്നും വാണീടുമേ
ഇഹലോകദുരിതങ്ങളഖിലം മറന്നു ഞാൻ
സകല സന്തോഷവും കൈവന്നിടും – ഞാനെന്റെ

1 എനിക്കായി കുരിശിൽ വച്ചുറക്കെ കരഞ്ഞൊരു
തിരുമുഖം ഞാനന്നു കണ്ടീടുമേ
ഇരുമ്പാണികളാലേറ്റ മുറിവോടു കൂടിയ
തിരുക്കൈകാൽ മോദാൽ മുത്തീടുമേ – ഞാനെന്റെ

3 യൂദന്മാർ നിന്ദിച്ചു ക്രൂശിച്ചനാഥനെ
ദൂതന്മാർ വന്ദിച്ചു നിന്നീടുമ്പോൾ
അഗതികളാമവന്നനുഗാമികൾ തന്റെ
അരികിൽ നിന്നതിമോദം പൂണ്ടീടുമേ – ഞാനെന്റെ

4 ഉടലിതു വെടിഞ്ഞെന്നാലുടനെ ക്രിസ്തേശുവിൻ
അടുത്തണഞ്ഞിടുമതു നിർണ്ണയമേ

അതിനായിട്ടതിയായി കൊതിയോടിക്ഷിതി തന്നിൽ
സ്ഥിതിചെയ്യും മൃതിയോളം അതിമോദമേ

# 279

ഞാനെന്റെ യേശുവേ വാഴ്ത്തി വണങ്ങിടും
ജീവിത നാൾകളെല്ലാം പാവനമായെന്നെ
പാലിച്ചതോർക്കുമ്പോൾ സ്നേഹമെന്നിൽ - ഏറുന്നേ

1 എന്റെ സങ്കേതം നീയല്ലയോ
എന്റെ ആശ്രയം നീയല്ലയോ (2)
എന്റെ ഉറവുകൾ അഖിലവും നിന്നിലേ എന്നും
ഏകുന്നെൻ പ്രാണപ്രിയ (2)

2 മൃത്യുവിൻ വായിൽ നിന്നും വീണ്ടെടുത്തോനെ
മഹത്വപ്പെടുത്തും നിന്നെ
ഞാൻ നിന്നെ സ്നേഹിച്ചു സേവിച്ചീ മരുവിൽ
നിൻ നാമത്തെ ഘോഷിക്കും - എന്റെ

3 സീയോനിൽ നാഥാ നിൻ സ്നേഹമെനിക്കിഹെ
എത്രയോ ആശ്ചര്യമേ
നിൻ വിളിയോർത്തു ഞാൻ
നിന്നെ പിൻഗമിപ്പാൻ മുറ്റും സമർപ്പിക്കുന്നേ - എന്റെ

# 280

*രീതി: 'മാനസമോദക'*

ഞാനെന്തിന്നാകുലനായിടുന്നുലകിൽ
കാവലിന്നുണ്ടുലകാധിപതി
താനെന്റെ താതനും ഞാനവൻ മകനും
ആകയാൽ ഭാഗ്യവാൻ ഞാൻ

1 കാൽവറിനാഥൻ തൻ വിലയേറും
ചെന്നിണമെൻ വിലയായ്

നല്കിയല്ലോ താൻ വീണ്ടെടുത്തെന്നെ
കൈവിടുമോ പിന്നെ? - ഞാനെ

2 സങ്കടം തിങ്ങിയുള്ളം കലങ്ങി -
യെൻ മനമുരുകിടവേ
തൻ കരംമൂലം താങ്ങിത്തലോടും
വൻ കനിവോടെയവൻ - ഞാനെ

3 താതനെൻ ചുറ്റും കാവലിന്നായ്
ദൂതരിൽ പാളയവും
പാതയിൽ ദീപമായ് തിരുമൊഴിയും
നല്കി നടത്തുമല്ലോ - ഞാനെ

4 ശാശ്വത ഭുജമെൻ കീഴിലുള്ളതിനാൽ
ആശ്വസിക്കാം ദിനവും
നാസ്തിത്വത്തിൻമേൽ ഭൂമിയെ
തൂക്കും ഈശനെന്നാശ്രയമാം - ഞാനെ

# 281

ഞാനൊരിക്കൽ ഞാനൊരിക്കൽ എത്തുമെന്റെ
നാട്ടിൽ
ഞാനൊരിയ്ക്കൽ എത്തുമെൻ കണ്ണീരില്ലാ വീട്ടിൽ
എൻ കർത്താവിന്റെ വീട്ടിൽ

1 തീരുമെന്റെ യാത്രയുടെ ക്ലേശമെല്ലാം തീരും
ചേരും ഞാനെൻ പ്രിയതമന്റെ വീട്ടിൽ ചെന്നുചേരും
ദൂരമധികമില്ലിനി... നേരമധികമില്ലിനി കുരിശെടുത്തു-
പോകുമെൻ
തീർത്ഥയാത്ര തീർന്നിടും നാട്ടിൽ ചെന്ന് ചേർന്നിടും

2 അല്ലിലും പകലിലും വൻ ശോധനകൾ ഉണ്ട്
അല്ലലെനിയ്ക്കാരുമറിയാത്തവയിന്നുണ്ട് അന്നതെല്ലാം
തീർന്നിടും...

കണ്ണുനീരു തോർന്നിടും അല്ലല്ലെല്ലാം ഓടിടും
ഹല്ലേലുയ്യാ പാടിടും വിരുതുകൾ ഞാൻ നേടിടും...

# 282

ഞാനെന്നും സ്തുതിക്കും
എൻ പരനെ തിരു മനുസുതന്നെ
ആനന്ദഗാനങ്ങൾ പാടിപ്പുകഴ്ത്തി -

1 പാപത്തിൻ ശാപത്തിൽനിന്നും - എന്റെ
പ്രാണനെ കാത്തവനെന്നും
പാരിൽ തൻ അൻപിന്നു തുല്യമില്ലൊന്നും

2 നല്കിയവൻ രക്ഷാദാനം - തന്നിൽ
കണ്ടു ഞാൻ ദൈവിക ജ്ഞാനം
തൻ പാദസേവയതെന്നഭിമാനം -

3 ആയിരം നാവുകളാലും -
പതിനായിരം വാക്കുകളാലും
ഹാ! ദിവ്യ സ്നേഹമവർണ്ണ്യമാരാലും -

4 നിത്യത തന്നിൽ ഞാനെത്തും - തന്റെ -
സ്തുത്യപാദങ്ങൾ ഞാൻ മുത്തും
ഭക്തിയിലാനന്ദക്കണ്ണുനീർ വീഴ്ത്തും

# 283

1 ഞാൻ വരുന്നു ക്രൂശിങ്കൽ സാധു ക്ഷീണൻ കുരുടൻ
സർവ്വവും എനിക്കെച്ചിൽ പൂർണ്ണരക്ഷ കാണും ഞാൻ

ശരണമെൻ കർത്താവേ വാഴ്ത്തപ്പെട്ട കുഞ്ഞാടേ
താഴ്മയായ് കുമ്പിടുന്നു രക്ഷിക്കയെന്നെയിപ്പോൾ

2 വാഞ്ഛിച്ചു നിന്നെയെത്ര ദോഷം വാണെന്നിൽ എത്ര?
ഇമ്പമായ് ചൊല്ലുന്നേശു ഞാൻ കഴുകിടും നിന്നെ

3 മുറ്റും  ഞാൻ തരുന്നിതാ ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹി സമസ്തം എന്നേക്കും നിന്റേതു ഞാൻ

4 യേശുവന്നെന്നാത്മത്തെ നിറയ്ക്കുന്നു പൂർത്തിയായ്
സുഖമെന്നും പൂർണ്ണമായ് - മഹത്വം കുഞ്ഞാട്ടിന്നു

5 എന്നാശ്രയം യേശുവിൻ വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ -
താഴ്മയായ് കുമ്പിടുന്നു രക്ഷിക്കുന്നിപ്പോളേശു

# 284

ഞാൻ യഹോവയെ എല്ലാ നാളിലും വാഴ്ത്തിടും
തൻ സ്തുതി എപ്പോഴും എൻ നാവിന്മേലുണ്ട്
എന്റെയുള്ളം യാഹിൽ പ്രശംസിച്ചിടുന്നു
എന്റെ  മാനസം പ്രിയനിൽ ആനന്ദിക്കുന്നു

1 തന്നിൽ മാത്രം നോക്കിടുന്നോർ ശോഭിതരായ്ത്തീരും
ആയവർ മുഖം തെല്ലും ലജ്ജിക്കയില്ല

2 യാഹ് നല്ലവൻ അതേ ആസ്വദിച്ചറിവിൻ
തന്നിലാശ്രയിച്ചീടുന്നോർ ഭാഗ്യമേറിയോർ -

3 നീതിമാന്മാരിൻ അപേക്ഷ കേട്ടിടുന്നീ ദൈവം
കഷ്ടതയിലുറ്റ സഖീ, ഉദ്ധരിക്കുന്നോൻ

4 മാനസം തകർന്നവർക്കു രക്ഷനൽകും ദൈവം
ദുഃഖിതർക്കാശ്വാസമേകാൻ കൂടെയുണ്ടെന്നും -

5 നീതിമാന്മാരിൻ അനർത്ഥം ഏറിവന്നെന്നാലും
നീക്കുപോക്കു നൽകീടുന്നീ നിത്യനാം ദൈവം -

6 ലോകത്തിൻ പ്രഭുക്കളിൽ ഞാനാശ്രയം വെയ്ക്കില്ല
എൻ ദൈവം എന്നാശ്രം, അതെത്രയുത്തമം -

# 285

ഞാൻ... സ്നേഹവാനേശുവിൻ
നാമത്തെ എന്നെന്നും വാഴ്ത്തിടുമേ

1 രക്ഷകനാം എന്റെ യേശുനാഥൻ
പാപിയാം എന്നെയും സ്നേഹിച്ചതാൽ

ഈ ദിവ്യസ്നേഹത്തിനായ്
ഞാനെന്തുചെയ്തിടണം
വാഴ്ത്തിടും തൻ നാമത്തെ - ഞാൻ...

2 രോഗങ്ങൾ വന്നിടും നേരത്തവൻ
ചാരേ അണഞ്ഞെന്നെ ഉദ്ധരിക്കും

3 സാത്താന്യ ശോധന വന്നിടുമ്പോൾ
സമ്പൂർണ്ണവിജയം തന്നിടുന്നു - ഈ ദിവ്യ

4 ആത്മാവിലെന്നെ നിറച്ചു കൊണ്ട്
സ്വർഗ്ഗീയ സന്തോഷം നല്കിടുന്നു - ഈ ദിവ്യ

5 ദൈവത്തിന്നിഷ്ടം ഞാൻ ചെയ്തിടുവാൻ
ദൈവവഴിയിൽ നടത്തുന്നെന്നെ - ഈ ദിവ്യ

6 മേഘത്തിലേശുതാൻ വന്നിടുമ്പോൾ
എന്നെയും ചേർത്തിടും നിശ്ചയമായ്

# 286

1 ഞാൻ യോഗ്യനല്ല യേശുവേ നിൻ സ്നേഹം
പ്രാപിപ്പാൻ
ഞാൻ യോഗ്യനല്ല യേശുവേ നിൻ നന്മ പ്രാപിപ്പാൻ (2)
എങ്കിലും നീ സ്നേഹിച്ചു

യേശുവേ എൻ പ്രാണ നാഥാ
നിന്നോടു ചേരുന്നതെനിക്കു ലാഭം

ഹാല്ലേലൂയ്യ പാടിടും ഞാൻ
ശോഭിത നഗരത്തെ കാണുന്നിതാ
യോർദ്ദാനെ ഭയപ്പെടുമോ ഇനി
കാണുന്നെൻ യേശുവേ മറുകരയിൽ

2 സൗഖ്യദായകനേശു നടത്തുന്നെന്നെ
അവനടിച്ചാലും ആയതെനിക്കു -
നന്മയ്ക്കായ് തീർന്നിടുമേ - യേശു

3 വരുവാനുള്ള മഹിമ ഓർക്കുന്നടിയൻ
അകറ്റുമെൻ ആമയം പൂർണ്ണമായ്
ആനന്ദമേ എനിക്ക് - യേശു

4 നിൻ വിശ്രാമത്തിലണയും വിശുദ്ധർ ഗണം
കാന്തയായ് വാഴുമേ സ്വർഗ്ഗത്തിൽ
ഇതിൽപരം ഭാഗ്യമുണ്ടോ - യേശു

# 287

1 തന്നിടുക നിൻ കൃപാവരങ്ങൾ
പോരാട്ടത്തിൽ ഞാൻ തളർന്നിടാതെ
ശത്രുതന്നുടെ തീയമ്പുകളെ
തൊടുത്തിടുന്നു തകർത്തിടുവാൻ

2 ഭാരം പ്രയാസം ഏറും നേരത്തും
ദു:ഖിതനായി ഞാൻ തീരും നേരത്തും
മനം അറിയും അരുമനാഥൻ
അരികിലുണ്ട് തളരുകില്ല

3 ഈശാനമൂലൻ അടിച്ചിടുമ്പോൾ
ആശാവിഹീനൻ ഞാനായിടുമ്പോൾ
ഞാനാകുന്നവൻ ഞാനാകുന്നെന്ന്
ഇമ്പമാം ശബ്ദം പിമ്പിൽ കേട്ടിടും

4 ജീവകിരീടം തൻ കയ്യിലുള്ളോൻ
ജീവപുസ്തകം തുറന്നിടുമേ
ജീവിതശുദ്ധി പാലിച്ചവൻ തൻ
ചാരത്തണഞ്ഞു മോദിച്ചിടുമേ...

5 തമ്മിൽ തമ്മിൽ കണ്ടാനന്ദിക്കാം - നാൾ
നമ്മൾ കണ്ണുനീർ തുടച്ചിടും നാൾ
എന്നു കാണുമോ എന്നു സാദ്ധ്യമോ
അന്നു തീരുമെൻ പാരിൽ ദുരിതം

# 288

താങ്ങും കരങ്ങൾ ഉണ്ട്
നിന്റെ ഹൃദയം തകരുമ്പോൾ
ശാശ്വതപാറ യേശു
പുതുജീവൻ പകർന്നീടും (2)

1 ഭാരം വലിയതോ - നുകം
താങ്ങുവാൻ കഠിനമോ (2)
സ്നേഹിതർ ദുഷിക്കുന്നോ...

2 കണ്ണുനീരിൻ താഴ്വരകൾ അതി...
ഘോരമാം മേടുകളും
മരണത്തിൻ കൂരിരുളിൽ

3 കാൽവറി മലമുകളിൽ കൊടും -
കാരികുമ്പാണികളിൽ (2)
തിരുരക്തം ചൊരിഞ്ഞവനിൽ...

# 289

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതംപോൽ നടത്തേണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയേണമേ

1 നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ
ദീപമതായ് നിൻ മൊഴികൾ -

2 ആഴിയതിൻ ഓളങ്ങളാൽ
വലഞ്ഞിടുമ്പോൾ എൻ പടകിൽ
എന്റെ പ്രിയൻ യോശുവുണ്ട്
ചേർന്നിടുമേ ഭവനമതിൽ -

3 അവൻ നമുക്കായ് ജീവൻ നൽകി
ഒരുക്കിയല്ലോ വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗകനാൻ ദേശമതിൽ -

# 290

നിൻ കൃപ തന്ന് നടത്തണമേ

# 291

തിരുചരണ സേവചെയ്യും നരരിലതി പ്രേമമാർന്ന
പരമഗുണ! യേശുനാഥാ! നമസ്കാരം

1 നിജ ജനക സന്നിധിയും വിബുധരുടെ വന്ദനവും
വെടിഞ്ഞുവന്ന ദിവ്യഗുരോ! നമസ്കാരം

2 പശുകുടിയിൽ ജീർണ്ണവസ്ത്രമതിൽ പൊതിഞ്ഞ
രൂപമതുശിശുമശിഹതന്നെയാവോ! നമസ്കാരം

3 ക്രൂശിൽ തിരുദേഹം സ്വയം യാഗമാക്കി ലോകരക്ഷ
സാധിച്ചൊരു ധർമ്മനിധേ! നമസ്കാരം

4 പിതൃസവിധമണഞ്ഞുമ്മ കുറവുകൾക്കു
ശാന്തിചെയ്‌വാൻ മരുവിടുന്ന മാന്യമതേ! നമസ്കാരം

5 നിയുത രവിപ്രഭയോടിഹ പുനർഗ്ഗമിച്ചു പാപികൾക്കു
നിരയ ശിക്ഷ നൽകും വിഭോ! നമസ്കാരം

6 ഉലകിനുള്ള മലിനതകളഖിലം പരിഹരിച്ചുഭൂവിൽ
ദശ ശതാബ്ദം വാഴുവോനെ! നമസ്കാരം

# 292

തിരുപ്പാദം തേടിയിതാ -
വരും സാധു ഞാൻ യേശുവേ
കൃപ തന്നനുദിനവും
എന്നെ നടത്തണമേ

1 ദു:ഖഭാരത്താലെൻ ഹൃദയം
തളരാതിരുന്നിടുവാൻ
കനിവോലും കരതലത്താൽ
കനിവോടെന്നെ താങ്ങണമേ

2 സമാധാനമില്ലാതുലകം
സദാ ഭീതി പൂണ്ടിടുന്നേ

തവ സാന്ത്വന നുകമേറ്റുവാങ്ങു
വോർക്കെന്തൊരാശ്വാസമേ

3 ജഡമോഹങ്ങൾ വെടിഞ്ഞടിയൻ
ജീവപാതയിൽ നടപ്പാൻ
ജഗത്നാഥാ! ബലം തരിക
ജയജീവിതം ചെയ്തിടുവാൻ -

4 ചുടുചോര ക്രൂശിൽ ചൊരിഞ്ഞെൻ
കൊടുംപാപം തീർത്ത പരാ!
നിനക്കായെൻ ജീവിതത്തെ നിഖിലം
സമർപ്പിക്കുന്നു ഞാൻ -

# 293

തുംഗപ്രതാപമാർന്ന ശ്രീയേശുനായകനേ!
ഞങ്ങൾക്കു നന്മ ചെയ്ത കാരുണ്യ വാരിധിയേ!
വണങ്ങിടുന്നടിയാർ തവ പദങ്ങളാശ്രയമേ

1 നിർമ്മലമായ രക്തം ശർമ്മദാ നീ ചൊരിഞ്ഞു
കന്മഷം പോക്കി ദുഷ്ടകർമ്മഫലത്തിൽ നിന്നു
വിടുതൽ ചെയ്തതിനാൽ ഞങ്ങളടിവണങ്ങിടുന്നേ

2 ഗത്തസമേനയെന്ന തോട്ടത്തിലെത്തി ഭവാൻ
രക്തം വിയർത്തധിക ദു:ഖമനുഭവിച്ച
ചരിത്രം മോർത്തിടുമ്പോൾ മനമുരുകിടുന്നു പരാ

3 ഹന്നാസു കയ്യാഫാവും ഹേരോദുമന്നു നിന്നെ
നിന്ദിച്ചു പീഡചെയ്തതെല്ലാം സഹിച്ചുവല്ലോ
മറുത്തതില്ല തെല്ലും - റോമഗവർണ്ണർ മുമ്പിലും നീ

4 പേശിപ്പുലമ്പി ദുഷ്ടർ ക്രൂശിച്ചിടും പൊഴുതും
വാശിക്കധീനമായിത്തീർന്നില്ല നിൻ ഹൃദയം
വിമലകാന്തി ചേർന്നു മുഖം വിളങ്ങി ശാന്തിയാർന്നു

5 നിൻ സൗമ്യമാം സ്വഭാവം നന്നായ് പഠിച്ചടിയാർ
വൻ പ്രാതികൂല്യമദ്ധ്യേ മുൻപോട്ടു യാത്രചെയ്വാൻ
തിരുമുഖപ്രകാശം ഞങ്ങൾക്കരുൾക നീ സതതം

6 ലോകൈക സദ്ഗുരുവേ! സ്വർജീവനക്കരുവേ!
ദാസർക്കഭീഷ്ടമേകും മന്ദാരമാം തരുവേ!
തിരുവടി നിയതം ഞങ്ങൾക്കരുളണമഭയം

7 തത്വവിത്താം മുനിയേ ദുഷ്ടലോകശനിയേ
സത്യവേദധ്വനിയേ ജീവാഗമക്കനിയേ
കരുണയിൻ ധുനിയേ ഞങ്ങൾ വരുന്നിതാ തനിയേ

# 294

തുണയെനിക്കേശുവേ കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൻ മറവിൽ വസിച്ചിടും ഞാൻ

1 അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻ മതിയാശ്രയിപ്പാൻ -
തുണ

2 പകയെന്റെ കെണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപ മഴപോൽ -
തുണ

3 ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ - തുണ

4 വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ - തുണ

5 ആകുലവേളകളിൽ ആപത്തുനാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചിടുവാൻ - തുണ

# 295

1 തെറ്റി ഞാൻ കാണാതെ പോയോരാടുപോലയ്യോ
ചുറ്റിപാരം കാടാകെ നാഥനില്ലാതെ
വിട്ടു നിൻ വഴികൾ കല്പനകൾ എന്നിവ
പട്ടു എൻ ഹൃദയം ഘോരകൃത്യത്താൽ

ശുദ്ധമാക്ക എന്നെയാകമാനം
ശുദ്ധനാം യേശുവേ നിന്റെ രക്തത്താൽ (2)

2 ദുഷ്ടരായ കള്ളർകൈയിൽ പെട്ടവനെപ്പോൽ
ദുഷ്ടരായ പേയ്ഗണത്താൽ ചുറ്റപ്പെട്ടഹോ
കഷ്ടതയിൽ വീണുഴലുമേഴയാമെന്നെ
തൃക്കരത്തിലേന്തി സ്വസ്ഥമാക്കുക -

3 നല്ലിടയനാകുമെന്റെ പൊന്നുകാന്താ നിൻ
വല്ലഭത്താലുള്ളലിഞ്ഞു തേടുകയെന്നെ
ശക്തനാക്കു ആകമാനം ക്ഷീണനാമെന്നെ
കെട്ടുക എൻ പാപമുറിവുകളെ -

4 എൻ ആത്മാവേ ഉള്ളിൽ ഖേദിക്കുന്നതെന്തിന്
തന്റെ ജീവൻ ഏകിയോൻ ഞാൻ നിന്നെ വിടുമോ
താൻ ചുമന്നുകൊണ്ടുപോകും സ്വർഗ്ഗസീയോനിൽ
താൻ വിളി കേട്ടു സന്നിധൗ ചെല്ലുകിൽ

# 296

തേജസ്സിലേശുവിൻ പൊന്മുഖം ഞാൻ കാണും
കാലം ഏറ്റം ആസന്നമേ
അതെന്നാശയേ... അതെന്നാശയേ...
അതെൻ പ്രത്യാശയിൻ പ്രഭാതമേ

1 ആനന്ദദായകനാം എൻ പ്രിയനെ കണ്ടിടുമ്പോൾ
കണ്ണുനീരെല്ലാം നീങ്ങിടുമേ

എന്റെ അല്ലലാകെയകന്നിടും
എനിക്കാനന്ദമേ യുഗായുഗം

2 വാഗ്ദത്തനാടതിലെ ശാശ്വതമാം വീട്ടിലെൻ
സേവകർ ദൈവദൂതരല്ലോ
ദൈവപൊൻമുഖം ദിനം കണ്ടിടും
ശുദ്ധരോടൊന്നായ് ഞാൻ സ്തുതിച്ചിടും

3 ഈ മണ്ണിലെന്റെ ക്ളേശമല്പകാലം മാത്രം
മാഞ്ഞുപോം അതു കിനാവുപോൽ
നിത്യതേജസ്സിൻ ഘനമാണതിൻ
ഫലമെൻ പ്രിയനന്നു നല്കിടും

4 ഹാ! ഇത്ര ഭാഗ്യമെൻ ജീവിതത്തിനേകിയ
പ്രാണ പ്രിയനെൻ പ്രമോദമേ
അവനെന്റെയുപനിധി കാത്തിടും
വാനമേഘത്തിലെന്നെ ചേർത്തിടും

# 297

1 തേടിവന്നോ ദോഷിയാം എന്നെയും എന്നെയും - നാഥാ
ഇത്രമാം സ്നേഹം ഉയിർകൊടുത്തെനിക്കായ്
മന്നവാ വർണ്ണിപ്പാനെളുതല്ല എനിക്ക്

2 ക്ഷോണിതലെ ക്ഷീണം ഭവിച്ചിടാതെന്നെയും നാഥാ
ആണിപ്പഴുതുള്ള പാണികളാലെ
പ്രീണിച്ചനുഗ്രഹിച്ചിടുക നിത്യം

3 പോഷിപ്പാക്കാ പഥ്യവചനമാം ക്ഷീരത്താലെന്നെ
നിർമ്മലതോയം നിത്യം കുടിപ്പിച്ച്
പച്ചപ്പുൽ ശയ്യയിൽ കിടത്തിടുന്നോനെ

4 നിർത്തിടുക കളങ്കമറ്റേശുവേ കറയില്ലാതെന്നെ
പളുങ്കുകടൽത്തീരത്തങ്ങു ഞാനെന്റെ
മധുരഗാനരഥമതിലേറി ഗമിപ്പാൻ

5 കുഞ്ഞാടിന്റെ കൂടെ ഗമിച്ചവർ പാടുമേ മോദാൽ
സീയോൻ മലയിൽ സീമയറ്റാനന്ദം
എന്നിനീം ലഭിക്കുമോ മൽപ്രാണനാഥാ

# 298

തേനിലും മധുരമേശുവിൻ നാമം
ദിവ്യമധുരമാമേ അതു
തേടുകിലുലകിലേവനും സുദൃഢം
നേടും നിത്യാനന്ദത്തെ

1 പാതയിലെന്നും നല്ലൊരു ദീപവു -
മാപത്തിലഭയവുമേ - എന്റെ
വ്യാധിയിലൗഷധമാധിയിലാനന്ദം
സകലവുമെനിക്കവനാം - തേനി

2 ലോകസുഖങ്ങൾ സ്വപ്നസമാന -
മാകെയകന്നൊഴിയും സർവ്വ -
ശോകവും തീർക്കുമേശുവിൻ നാമം
ശാശ്വതം ശാശ്വതമേ - തേനി

3 മാനവരൂപമണിഞ്ഞവനുലകിൽ
താണവനായെങ്കിലും സർവ്വ -
മാനവർ വാനരഖിലരുമൊരുപോൽ
തൻപദം കുമ്പിടുമേ - തേനി

4 ലാഭമെന്നുലകം കരുതുവതഖിലം
ചേതമെന്നെണ്ണുന്നു ഞാൻ - എന്റെ
ലാഭമിനിയുമെന്നേശുവിൻ തൃപ്പദം
ചേർന്നിടും ഞാനൊടുവിൽ - തേനി

# 299

തേനിലും മധുരം വേദമല്ലാതിന്നേതുണ്ടു ചൊൽ തോഴാ
നീ – സശ്രദ്ധമിതിലെ സത്യങ്ങൾ വായിച്ചു
ധ്യാനിക്കുകെൻ തോഴാ!

1 മഞ്ഞുപോൽ ലോകമഹിമകൾ മുഴുവൻ
മാഞ്ഞിടുമെൻ തോഴാ
ദിവ്യ – രഞ്ജിത വചനം ഭഞ്ജിതമാകാ
ഫലം പൊഴിക്കും തോഴാ –

2 പൊന്നും വസ്ത്രങ്ങളും മിന്നും രത്നങ്ങളു
മിതിന്നു സമമോ തോഴാ?
എന്നും – പുതുബലമരുളും അതിശോഭ കലരും
ഗതിതരുമന്യൂനം –

3 തേനൊടു തേൻ കൂടതിലെ
നൽതെളിതേനിതിനു സമമോ തോഴാ?
ദിവ്യ – തിരുവചനം നിൻ ദുരിതമകറ്റാൻ
വഴിപറയും തോഴാ

4 ജീവനുണ്ടാക്കും ജഗതിയിൽ ജനങ്ങൾ –
ക്കതിശുഭമരുളിടും
നിത്യ – ജീവാത്മസൗഖ്യം ദേവാത്മാവരുളും
വഴിയിതു താൻ നൂനം –

5 കാനനമതിൽവച്ചാനന്ദരൂപൻ
വീണവനോടെതിർക്കേ ഇതിൻ –
ജ്ഞാനത്തിൻ മൂർച്ച സ്ഥാനത്താലവനെ
ക്ഷീണിപ്പിച്ചെന്നതോർക്ക –

6 പാർത്തലമിതിലെ ഭാഗ്യങ്ങളഖിലം
പരിണമിച്ചൊഴിഞ്ഞിടിലും

നിത്യ - പരമേശവചനം പാപിക്കു ശരണം
പരിചയിച്ചാൽ നൂനം-

# 300

തൃക്കരങ്ങൾ എന്നെ നടത്തും
അക്കരെ ഞാൻ ചേരും വരെയും

1 ഏതു നേരത്തും കൂടെവരും
എന്റെ ഖേദങ്ങൾ തീർത്തുതരും
എത്ര നല്ല മിത്രം യേശു
എനിക്കെന്നും മതിയായവൻ (തൃക്കരങ്ങൾ)

2 എന്നെ സ്നേഹിക്കും തൻകരങ്ങൾ
എല്ലാം നന്മക്കായി നൽകിടുന്നു
എല്ലാറ്റിലും സ്തോത്രം ചെയ്യും
എനിക്കെന്നും മതിയായവൻ (തൃക്കരങ്ങൾ)

3 വീട്ടിലെത്തുന്ന നാൾവരെയും
വീഴാതൻപോടെ സൂക്ഷിക്കുമ്പോൾ
വല്ലഭൻ തൻ വലങ്കയ്യിൽ
വഹിച്ചെന്നെ നടത്തിടുന്നു (തൃക്കരങ്ങൾ)

4 ഏറെ നാളുകൾ ഇല്ലിഹത്തിൽ
എന്റെ സ്വർഗീയ പാർപ്പിടത്തിൽ
എത്തും വേഗം ദുഃഖം തീരും
ഏറിടുന്നു ആശയെന്നിൽ (തൃക്കരങ്ങൾ)

# 301

1 ദയലഭിച്ചോർ നാം സ്തുതിച്ചുടുവോം
അതിനു യോഗ്യൻ ക്രിസ്തുവത്രേ
മാധുര്യരാഗമാം ഗീതങ്ങളാലെ
അവനെ നാം പുകഴ്ത്തിടാം -

2 നിൻ തിരുമേനിയറുക്കപ്പെട്ടു നിൻ
രുധിരത്തിൻ വിലയായ് വാങ്ങിയതാം
ഗോത്രങ്ങൾ, ഭാഷകൾ, വംശങ്ങൾ,
ജാതികൾ സർവ്വവും ചേർത്തുകൊണ്ട്

3 പാപത്തിന്നധീനതയിൽ നിന്നീ –
യടിയാരെ നീ വിടുവിച്ചു
അത്ഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയതാൽ –

4 വീഴുന്നു പ്രിയനെ വാഴ്ത്തിടുവാൻ
സിംഹാസന വാസികളും താൻ
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കായ്
കിരീടങ്ങൾ താഴെയിട്ട് –

5 ദൈവകുഞ്ഞാടവൻ യോഗ്യനെന്ന്
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത്
സ്തുതിച്ചിടാം വെള്ളത്തിന്നിരച്ചിൽ പോൽ
ശബ്ദത്താൽ പരിശുദ്ധയാം സഭയേ! –

6 യേശുതാൻ വേഗം വരുന്നതിനാൽ
മുഴങ്കാൽ മടക്കി നമസ് ക്കരിക്കാം – നമ്മെ
സ്നേഹിച്ച യേശുവേ കണ്ടീടുവോം നാം
ആനന്ദനാളതിലേ

# 302

1 ദാന ദാനം വിശുദ്ധാത്മദാനം
പകരുക ദൈവസൂത അങ്ങേ
വാഗ്ദത്തം പ്രാപിപ്പാൻ അതി –
വാഞ്ഛയോടെ ഏഴകൾ യാചിക്കുന്നു

2 ആത്മഫലത്താൽ നിറഞ്ഞൊരു ജീവിതം
ജയകരമായ് നയിപ്പാൻ ഞങ്ങൾ

ആത്മാവും ദേഹിയും ദേഹവുമെല്ലാം
തിരുമുമ്പിൽ സമർപ്പിക്കുന്നു

3 കഴിഞ്ഞുപോയാണ്ടുകൾ ഫലമില്ലാതായ്
ജീവിച്ചതോർത്തിടുമ്പോൾ ഞങ്ങൾ
ദു:ഖിതരായ് സ്വയ നീതിയെല്ലാം
പൂർണ്ണമായ് വെടിഞ്ഞിടുന്നു

4 ജീവിതത്തിൽ വന്ന കന്മഷം നീക്കി
വിശുദ്ധിയെ പ്രാപിച്ചിടാൻ അങ്ങെ
പരിശുദ്ധ നിണത്താൽ നിർമ്മലമാക്കുക
ശ്രേഷ്ഠപുരോഹിതനെ

5 ഉയരത്തിൽ നിന്നുള്ള വൻ ശക്തിയാലെ
ഉണർത്തി അനുഗ്രഹിപ്പിൻ ഞങ്ങൾ
ഉള്ളം നുറുങ്ങി വല്ലഭൻ പാദത്തിൽ
മടുക്കാതെ യാചിക്കുന്നു

# 303

ദിനം, ദിനം, ദിനം നീ വാഴ്ത്തുക
യേശുവിൻപൈതലേ നീ
അനുദിനവും പാടി വാഴ്ത്തുക

1 കാൽവറി രക്തമേ - യേശുവിൻ രക്തമേ
കാൽവറിയിൽ യേശുതാൻ സ്വന്തരക്തം ചിന്തിനിൻ
പാപത്തെ ശാപത്തെ നീക്കി തന്റെ രക്തത്താൽ -

2 രോഗം ശീലിച്ചവൻ പാപം വഹിച്ചവൻ
കാൽവറിമലമുകൾ കൈകാൽകൾ വിരിച്ചവൻ
രക്ഷിക്കും യേശുവിൻ പാദത്തിൽ സമർപ്പിക്ക

3 എന്നേശു സന്നിധി എനിക്കെത്രയാശ്വാസം
ക്ലേശമെല്ലാം മാറ്റിടും രോഗമെല്ലാം നീക്കിടും
വിശ്വാസത്താൽ നിന്നെ യേശുവിൽ സമർപ്പിക്ക -

4 ഞാൻ നിത്യം ചാരിടും എന്നേശു മാർവ്വതിൽ
നല്ലവൻ വല്ലഭൻ എന്നേശു എത്ര നല്ലവൻ
എന്നേശു പൊന്നേശു എനിക്കെത്ര നല്ലവൻ -

5 ആത്മാവിൻ ജീവിതം ആനന്ദജീവിതം
ആത്മാവിൽ നിറയുക ആനന്ദനദിയിതു
പാനം ചെയ്തീടുക - യേശു വേഗം വന്നിടും -

# 304

ദിവ്യതേജസ്സിനായ് വിളിക്കപ്പെട്ടോരെ
ദൈവഹിതം എന്തെന്നിപ്പോൾ തിരിച്ചറിയുക

1 ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
സത്യക്രിസ്ത്യാനിത്വം നിന്നിൽ വെളിപ്പെടുത്തുവാൻ
വിശുദ്ധന്മാർക്കങ്ങൊരിക്കലായ് ഭരമേല്പിച്ചതാം
വിശ്വാസത്തിന്നായ് നീയും പോർ ചെയ്തീടേണം

2 ലോകം നിന്നെ ഏറ്റവും പകച്ചിടുമ്പോഴും
സ്നേഹിതരും നിന്നെ കൈവെടിയും നേരത്തും
അവൻ നിനക്കു മാതൃകാപുരുഷനാകയാൽ
താൻ പോയപാത ധ്യാനിച്ചെന്നും പിൻപറ്റീടുക -

3 നീതിമാൻ പ്രയാസമോടു രക്ഷ നേടുകിൽ
അധർമ്മികൾക്കും പാപികൾക്കും ഗതിയെന്തായിടും
ഇത്ര വലിയ രക്ഷയെ അഗണ്യമാക്കിയാൽ
ദൈവന്യായവിധിയിൽ നിന്നും തെറ്റിയൊഴിയുമോ -

4 നീതികെട്ടോർ നീതികേടിൽ വർത്തിച്ചിടുമ്പോൾ
ദോഷവഴിയിൽ ജനങ്ങളേറ്റം വിരഞ്ഞോടിടുമ്പോൾ
നീതിമാന്മാർ ഇനിയുമധികം നീതിചെയ്യട്ടെ
വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ

5 വിശ്വാസത്തിന്നന്തമായ രക്ഷപ്രാപിപ്പാൻ
ആത്മശക്തി തന്നിൽ നിന്നെ കാത്തുകൊള്ളുക
ലോകത്തെ ജയിച്ച ജയവീരൻ യേശുവിൻ
വൻകൃപയാൽ നീയും ലോകത്തെ ജയിക്കുക -

# 305

*രീതി: എന്റെ ഭാവിയെല്ലാമെന്റെ*

1 ദുഃഖത്തിന്റെ പാനപാത്രം
കർത്താവെന്റെ കൈയിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി
ഹല്ലേലുയ്യാ പാടിടും ഞാൻ

2 ദോഷമായിട്ടെന്നോടൊന്നും
എന്റെ താതൻ ചെയ്കയില്ല
എന്നെയവനടിച്ചാലും
അവനെന്നെ സ്നേഹിക്കുന്നു

3 കഷ്ടനഷ്ടമേറിവന്നാൽ
ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു
കൂട്ടാളിയായ്ത്തീരുന്നു ഞാൻ

4 ലോകസൗഖ്യമെന്തു തരും?
ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മജീവൻ
കഷ്ടതയിൽ വർദ്ധിക്കുന്നു

5 ജീവനത്തിൻ വമ്പുവേണ്ടാ
കാഴ്ചയുടെ ശോഭ വേണ്ടാ
കൂടാരത്തിൻ മൂടിപോലെ
ക്രൂശിൻ നിറം മാത്രം മതി

6 ഉള്ളിലെനിക്കെന്തു സുഖം
തേജസ്സേറും കെരൂബുകൾ
കൂടാരത്തിനകത്തുണ്ട്
ഷെക്കീനായുമുണ്ടവിടെ

7 ഭക്തന്മാരാം സഹോദരൻ
വിളക്കുപോൽ കൂടെയുണ്ട്
പ്രാർത്ഥനയിൻ ധൂപമുണ്ട്
മേശമേലെന്നപ്പമുണ്ട്

8 പ്രാകാരത്തിലെന്റെ മുമ്പിൽ
യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രേ
എന്നുമെന്റെ രക്ഷയവൻ

9 ദിനം തോറും പുതുക്കുന്ന
ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വച്ചിട്ടുള്ള
പിച്ചളത്തൊട്ടിയുമുണ്ട്

10 ലോകത്തെ ഞാനോർക്കുന്നില്ല
കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ
ഒന്നു കാണാമെന്നേയുള്ളു

# 306

1 ദേവാധിദേവൻ നീ - രാജാധിരാജൻ
ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ
മന്നിലും വിണ്ണിലും ആരാധ്യനാം നീ
ഉന്നതനന്ദനൻ - നീ യോഗ്യനാം

നീ എന്നും യോഗ്യൻ നീ എന്നും യോഗ്യൻ
ദൈവത്തിൻ കുഞ്ഞാടേ നീ യോഗ്യനാം

സ്തോത്രം സ്തുതി ബഹുമാനങ്ങളെല്ലാം
സ്വീകരിപ്പാനെന്നും - നീ യോഗ്യനാം

2 സ്വർഗ്ഗസുഖം വെടിഞ്ഞെൻ പാപം തീർപ്പാൻ
ദൈവത്തിൻ കുഞ്ഞാടായ് ഭൂവിൽ വന്നു
നീ അറുക്കപ്പെട്ടു നിൻ നിണം ചിന്തി
വീണ്ടെടുത്തെന്നെയും - നീ യോഗ്യനാം - നീ

3 ക്രൂശിലാ കൂരിരുളിലേകനായി
ദൈത്താൽ കൈവിടപ്പെട്ടവനായ്
നീ സഹിച്ചു ദൈവക്രോധമതെല്ലാം
എൻ പാപം മൂലമായ് - നീ യോഗ്യനാം - നീ

4 പാതകർ മദ്ധ്യത്തിൽ പാതകനെപ്പോൽ
പാപമായ് തീർന്നു നീ ക്രൂശതിന്മേൽ
നീ മരിച്ചു എന്റെ പാപങ്ങൾ പോക്കി
എന്തൊരു സ്നേഹമേ! നീ യോഗ്യനാം - നീ

# 307

ദേവനെ പുകഴ്ത്തി സ്തുതിച്ചിടുവിൻ
അവൻ നല്ലവനാകയാൽ - ദേവനെ...
തന്നുടെ കാരുണ്യം എന്നേക്കുമുള്ളത്
എന്നേക്കുമുള്ളതെന്ന്

1 എന്റെ വിഷമതകൾ തന്നെയറിയിച്ചു ഞാൻ
എന്റെ സമീപമവനെത്തി ഉതവി നൽകാൻ
എല്ലാമായെന്നും എനിക്കുണ്ടവനെങ്കിൽ
തെല്ലും ഭയം വേണ്ടിനി -

2 മർത്യനിലാശ്രയിക്കാത്തതാൽ വരുന്നേരത്തിൽ
കർത്താവിലാശ്രയിപ്പതെത്രയോ നല്ലതോർത്താൽ
ശത്രുക്കൾ മുമ്പിൽ തൻ ശക്തിയിൽ ഞാൻ
ജയകീർത്തനങ്ങൾ പാടിടും -

3 ഉല്ലാസ ജയഘോഷ - മുണ്ടു കൂടാരങ്ങളിൽ
ഉത്തമ ഭക്തരുടെ ശുദ്ധഹൃദയങ്ങളിൽ
എത്ര വിഷമതകൾ വന്നാലും പാടു -
മെന്നാളും സ്തുതിഗീതങ്ങൾ -

4 നിത്യതാതന്നു സ്തുതി സത്യാത്മാവിന്നു സ്തുതി
മർത്യർക്കു രക്ഷ തന്ന ക്രിസ്തുനാഥന്നു സ്തുതി
നിത്യതയിൽ നമ്മളെത്തുമന്നാളും
തുടരും പരമസ്തുതി -

# 308

ദേവ ദേവ നന്ദനൻ കുരിശെടുത്തു
പോവതു കാണ്മിൻ പ്രിയരേ,
കാവിലുണ്ടായ ശാപം പോവാനിഹത്തിൽ വന്നു
നോവേറ്റു തളർന്നയ്യോ! ചാവാനായ്
ഗോൽഗോത്തായിൽ

1 പരമപിതാവിനുടെ, തിരുമാർവിലിരുന്നവൻ
പരമഗീതങ്ങൾ സദാ പരിചിൽ കേട്ടിരുന്നവൻ
പരമദ്രോഹികളാകും നരരിൽ കരളലിഞ്ഞു
സർവ്വമഹിമയും വിട്ടുർവ്വിയിങ്കൽ വന്നയ്യോ! - ദേവ

2 കുറ്റമറ്റവൻ കനിവറ്റ പാതകനാലെ
ഒറ്റപ്പെട്ടു ദുഷ്ടരാൽ കെട്ടിവരിയപ്പെട്ടു
ദുഷ്ടകൈകളാലടിപ്പെട്ടുഴുത നിലം പോൽ
കഷ്ടം! തിരുമേനിയോ മുറ്റുമുഴന്നുവാടി - ദേവ

3 തിരുമുഖാംബുജമിതാ അടികളാൽ വാടിടുന്നു
തിരുമേനിയാകെ ചോര തുടുതുടയൊലിക്കുന്നു
അരികളിന്നരിശമോ കുറയുന്നില്ലല്പവുമേ
കുരിശിൽ തറയ്ക്കയെന്നു തെരുതെരെ വിളിക്കുന്നു - ദേവ

4 കരുണതെല്ലുമില്ലാതെ അരികൾ ചുഴന്നുകൊണ്ടു
ശിരസ്സിൽ മുൾമുടിവച്ചു തിരുമുഖം തുപ്പി ഭാര -
കുരിശങ്ങെടുപ്പിച്ചയ്യോ! കരകേറ്റിടുന്നിതാ കാൽ -
വരിമലയിങ്കൽ തന്നെ കുരിശിച്ചിടുവാനായി - ദേവ

5 കുറ്റമറ്റവൻ പാപപ്പെട്ടവൻ പോൽ പോകുന്നു
ദുഷ്ടർ കൂട്ടം ചുഴന്നു ഏറ്റം പങ്കം ചെയ്യുന്നു
പെറ്റമാതാവങ്ങയ്യോ! പൊട്ടിക്കരഞ്ഞിടുന്നു
ഉറ്റനാരിമാർ കൂട്ടമെത്രയുമലറുന്നു - ദേവ

6 എത്രയും കനിവുള്ള കർത്താവേ! ഭർത്താവേ! ഈ
ചത്തചെള്ളാം പാപിമേലെത്ര സ്നേഹം നിനക്കു!
കർത്താവേ, നീ നിന്റെ രാജ്യത്തിൽ വരുമ്പോളീ -
ഭൃത്യനെയും കൂടെയങ്ങോർത്തു കൊണ്ടിടണമേ - ദേവ

# 309

ദൈവാധി ദേവ സുതൻ
ദയയും കൃപയും നിറഞ്ഞവൻ

പാരിലിതുപോൽ വേറാരുമില്ല
കരുതുവാനായ് കൈവിടാതെന്നും

1 പറവകൾക്കാഹാരം നൽകുവോനാം
മറന്നിടാതെന്നെയും പോറ്റീടുമേ

2 പുകയുന്ന തിരികളെ കെടുത്താത്തവൻ
തകർന്ന എൻ ഹൃദയത്തെ ബലമാക്കുമേ

3 കുരുടരിൻ കൺകളെ തുറന്നവനാം
മുടന്തരെ നടത്തിയ വല്ലഭനാം

4 വരുമവൻ പ്രതിഫലം തന്നീടുവാൻ
ദുരിതങ്ങൾ തീർത്തെന്നെ ചേർത്തീടുവാൻ

# 310

ദേവേശാ! യേശുപരാ!
ജീനനെനിക്കായ് വെടിഞ്ഞോ
ജിവനറ്റ പാപികൾക്കു നിത്യ
ജീവൻ കൊടുപ്പാനായ് നീ മരിച്ചോ

1 ഗത്സമന പൂവനത്തിൽ
അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും
താതനിഷ്ടം നടപ്പതിന്നനുസരിച്ചു -

2 അന്നാസിൻ അരമനയിൽ മന്നവാ
നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾകൊണ്ടു
മന്നാ നിന്നെ അടിച്ചവർ പരിഹസിച്ചു -

3 പീലാത്തോസെന്നവനും വിലമതിച്ചു
കുരിശേൽപ്പിച്ചു
തലയിൽ മുള്ളാൽ മുടിയും വച്ചു
പലർ പല പാടുകൾ ചെയ്തു നിന്നെ

4 ബലഹീനനായ നിന്നെ വലിയ
കൊലമരം ചുമത്തി
തലയോടിടമലമുകളിൽ അലിവില്ലാതയ്യോ
യൂദർ നടത്തി നിന്നെ

5 തിരുക്കരങ്ങൾ ആണികൊണ്ടു
മരത്തോടു ചേർത്തടിച്ചു
ഇരുവശവും കുരിശുകളിൽ ഇരുകള്ളർ
നടുവിൽ നീ മരിച്ചോ പരാ

6 കഠിനദാഹം പിടിച്ചതിനാൽ
കാടിവാങ്ങാനിടയായോ

ഉടുപ്പുകൂടി ചിട്ടിയിട്ടു ഉടമ്പും കുത്തി -
ത്തുറന്നോരുധിരം ചിന്തി!

7 നിൻ മരണം കൊണ്ടെന്റെ
വൻനരകം നീയകറ്റി
നിൻ മഹത്വം തേടിയിനി എൻകാലം
കഴിപ്പാൻ കൃപ ചെയ്യണമേ

# 311

ദേവജന സമാജമേ! നിങ്ങളശേഷം
ജീവനാഥനെ സ്തുതിപ്പിൻ
ജീവനരുളും ദിവ്യജീവാമൃതമാം യേശു
ദേവൻ നമ്മുടെ നിത്യജീവൻ മേവുന്നതു നിമിത്തം -

1 ചാവിന്നവകാശത്തിൽ നി - ന്നതിദയയാൽ
ദേവൻ ദത്താക്കിനാൻ നമ്മെ
ശാപമകന്ന പുതു ഭൂവാനങ്ങളിൽ സദാ
മേവുന്നതിന്നായ് നിത്യജീവൻ നൽകിനാനവൻ -

2 കല്ലുകളിൽ വരച്ചതാം ചാവിൻ ശുശ്രൂഷ -
യ്ക്കുള്ളിലിരുന്നയീ നമ്മെ
അല്ലൽ കൂടാതെ തന്റെ തുല്യമില്ലാത്ത കൃപ -
യ്ക്കുള്ളിൽ കടത്തി പുതുവെള്ളം നൽകിനാനവൻ -

3 ഏകാത്മസ്നാനം മുലവും - അത്രയുമല്ല
ഏകാത്മപാനം വഴിയും
ഏക ശരീരമായി - ട്ടേകീഭവിച്ചതിനാൽ
ഏക പൂപാനുഭോഗ ഭാഗികളായിതു നാം -

4 താനേ കഴിച്ചോരേകമാം ബലിയാൽ തന്റെ
സൂനു സമുദയങ്ങളെ
ഊനമകറ്റി നിത്യ - വാനരാജ്യാവകാശ -
സ്ഥാനമതിങ്കലാക്കീട്ടാനന്ദാമൃതമേകി

5 കർത്തൃ നിർമ്മിതമായുള്ള - പൊരുളാം
ദിവ്യ സത്യകൂടാരമതിങ്കൽ
ശുദ്ധശുശ്രൂഷകനാം - നിത്യപുരോഹിതൻ താ -
നത്യാദരം നമുക്കായദ്യാപി ജീവിക്കുന്നു

6 ഭൂവാനങ്ങളിൻ യോജിപ്പാം ദൈവാലയത്തിൽ
ജീവാരാധന ചെയ്യുവാൻ
ലേവ്യപുരോഹിതത്വമാകവേ നീക്കി സർവ്വ -
സേവ്യമാനനാമവനാചാര്യരാക്കി നമ്മെ

# 312

1 ദേവസുത സന്തതികളെ! വിശുദ്ധരെ!
ദേവപുര വാസികളോടൊന്നു ചേർന്നിടും
ശോഭനപുരമതിൽ രാജനോടുകൂടെ നാം
മോദാൽ വസിപ്പാൻ പോകാം നമുക്ക്

2 അക്കരെ നാടെത്തിയ വിശുദ്ധ സംഘക്കാർ
കാത്തുപാർക്കുന്നുണ്ട് നാമും ചേർന്നിടുവാനായ്
ആനന്ദക്കരം  നീട്ടി ഏറ്റം പുഞ്ചിരിതൂകി
വിളിച്ചിടുന്നു പോകാം നമുക്ക്

3 ദൂതർസംഘം ഹല്ലേലുയ്യാ പാടി ആർക്കുന്നു
വിശ്രമം കൂടാതെ ഖെറുബി സ്രാഫികളിതാ
ഗീതമോദമോടൊന്നു വാഴ്ത്തിടുന്നു പരനെ
പോകാം നമുക്ക് സീയോൻപുരിയിൽ

4 തുല്യമില്ലാ തേജസ്സിൽ വിളങ്ങിടും സ്വർണ്ണ
പട്ടണക്കാരായവരെ എന്നു കണ്ടിടും
മുത്തുഗോപുരങ്ങളാൽ ശോഭനതെരുക്കളെ
കാണുന്നുണ്ടതിൽ പ്രഭാപൂരത്തെ

5 അന്ധതയകന്നനന്ത നിത്യരാജ്യമെ - ഇഹെ
അന്ധകാര സിന്ധുവിലുഴന്നിടുന്നെങ്ങൾ

എന്നെയയച്ചിടും തവ നീതിയിൻ കതിരോനെ
താമസിക്കല്ലെ സീയോൻ രാജാവെ

# 313

ദൈവത്തിൻ കുഞ്ഞാടേ സർവ്വ -
വന്ദനത്തിനും യോഗ്യൻ നീ
ജ്ഞാനവും ശക്തിയും ധനം ബലം
സ്തുതി ബഹുമാനമെല്ലാം നിനക്കേ

1 ഘോരപിശാചിൻ നുകം നീങ്ങാൻ
പോരാ സ്വയത്തിൻ ശ്രമങ്ങൾ
ചോരയിൻ ചൊരിച്ചിലാൽ യേശുവേ ഈ വൻ
പോരിനെ തീർത്തവൻ നീ - ദൈവ

2 ന്യായപ്രമാണത്തിന്റെ - ശാപം
ആയതെല്ലാം തീർക്കുവാൻ
പ്രായശ്ചിത്താർത്ഥമായ് പാപത്തിനായ്
നിൻ കായത്തെ എല്പിച്ചു നീ - ദൈവ

3 മൃത്യുവെ ജയിപ്പാൻ നീ -
ദൈവഭൃത്യനാം നിന്നെത്തന്നെ
നിത്യദൈവാവിയാലർപ്പിച്ചതാലീ -
മർത്യർക്കു ജീവനുണ്ടായ്- ദൈവ

4 ദൈവത്തിൻ കൂട്ടായ്മ ഞങ്ങൾ -
ചാവിലും ആസ്വദിപ്പാൻ
ദൈവത്താൽ വിടപ്പെട്ടു ക്രൂശിങ്കൽ നീ നിൻ
ജീവനെ ഏല്പിച്ചപ്പോൾ - ദൈവ

5 കുറ്റം ചുമത്തുന്നതാർ
നിന്റെ ശത്രുവർഗ്ഗമെവിടെ?
യുദ്ധമൊഴിഞ്ഞു സമാധാനമായി
വിശുദ്ധമാംരക്തത്തിനാൽ - ദൈവ

6 ഹല്ലേലുയ്യാ പാടിൻ ക്രിസ്തു
നല്ലവനെന്നാർക്കുവിൻ
വല്ലഭമാം തിരുനാമത്തിൽ
സൃഷ്ടിയെല്ലാം വണങ്ങീടട്ടെ - ദൈവ

# 314

ദൈവത്തിൻ കൃപയെ ചിന്തിക്കാം
ദിവ്യജീവൻ നൽകിയതോർക്കാം

1 ഏകസുതനിൽ വിശ്വസിച്ചിടുന്നോർ -
ക്കേവർക്കും ജീവൻ നൽകുവാനവനെ
ഏകി ലോകത്തെ സ്നേഹിച്ച കൃപയെ
പുകഴ്ത്തി നമുക്കു സ്തുതിക്കാം

2 ന്യായവിധിയിൻ വാളിന്നു കീഴിൽ
ന്യായമായകപ്പെട്ടാകുലരാകും
നമ്മുടെ ശിക്ഷയഖിലം പുത്രന്മേൽ
ചുമത്തിയ കൃപയോർക്കാം

3 ദൈവമേ! ദൈവമേ! ഈ വിധമെന്നെ -
കൈവിട്ടതെന്തെന്നലറിക്കരയുവാൻ
ജീവന്റെ നാഥന്നിടയായതെന്തെ -
ന്നറിഞ്ഞു നമുക്കു സ്തുതിക്കാം

4 കുരിശിൽ തൻ ജീവൻ വെടിഞ്ഞുവെന്നാലും
മരണത്തെ വെന്നുതാനുയിർത്തു മൂന്നാം നാൾ
പ്രാണനു പുതുക്കം പ്രാപിച്ചു നമുക്കും
പ്രണമിച്ചു മുന്നിൽ വീഴാം

5 നമുക്കായിട്ടും മൽക്കിസദേക്കിൻ
ക്രമത്തിൽ പ്രധാന പുരോഹിതനായി
സ്വർഗ്ഗവിശുദ്ധസ്ഥലത്തെത്തി വാഴു -
ന്നവനെ നമുക്കു സ്തുതിക്കാം

6 വീണ്ടും വരുന്നു രാജാധിരാജൻ
കണ്ടിടും മേഘം തന്നിൽ നാമവനെ
സ്വന്തജനത്തെ ചേർത്തിടുമുടനെ
ഹല്ലേലുയ്യാഗീതം തുടരാം

# 315

1 ദൈവത്തിന്റെ ഏകപുത്രൻ പാപികളെ രക്ഷിക്കാൻ
മനുഷ്യനായ് പാടുപെട്ടു കുരിശിൻമേൽ മരിച്ചു

ഇത്ര സ്നേഹം ഇത്ര സ്നേഹം ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിലെന്തു നന്മ കണ്ടു നീ രക്ഷാകരാ!

2 പാപികളും ദ്രോഹികളുമായ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം സഹിച്ചു നീ ശാന്തമായ്

3 നിർമ്മലന്മാർ ഭുജിക്കുന്ന പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നൽകി രക്ഷിക്കുന്നീ രക്ഷകൻ

4 കൃപയാലെ രക്ഷപ്പെട്ട പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം എരിവാൻ വാഞ്ഛിക്കുന്നു

5 പാപിയിൽ പ്രധാനിയായിരുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യുവേറ്റ നിന്നെ നിത്യകാലം വാഴ്ത്തും ഞാൻ

# 316

ദൈവത്തിൻ നാമത്തിൽ നാം
ചേർന്നീടും സമയങ്ങളിൽ
മോദമായ് ധ്യാനിച്ചിടാം തന്റെ
വൻകൃപകൾ ദിനവും

1 കുന്നുകളകന്നീടിലും മഹാ
പർവ്വതം മാറിടിലും
തന്റെ ദയയെന്നും ശാശ്വതമേ - തന്റെ
മക്കൾക്കാശ്രയമേ

2 സീയോനിലവൻ നമുക്കായ് - അതി
ശ്രേഷ്ഠമാം മൂലക്കല്ലായ്
തന്നോടു ചേർന്നു നാമും തന്റെ
ജീവക്കല്ലുകളായിടാം

3 കർത്തൻ തൻ വരവിൻ നാളിൽ -
തന്റെ കാന്തയാം നമ്മെ ചേർത്തിടും
എന്റെ കണ്ണുനീരെല്ലാം തുടയ്ക്കും -
തന്റെ മാർവ്വോടുചേർത്തീടുമേ

# 317

1 ദൈവത്തിൽ ഞാൻ കണ്ടൊരു നിർഭയമാം പാർപ്പിടം
ഇത്ര സൗഖ്യമെങ്ങുമേ കാണുന്നില്ല സാധു ഞാൻ

തന്റെ ചിറകിന്നു കീഴ് ദുർഘടങ്ങൾ നീങ്ങി ഞാൻ
വാഴുന്നെന്തുമോദമായ് പാടും ഞൻ അത്യുച്ചമായ്

2 തന്റെ നിഴലിനു കീഴ് ഛന്നനായ് ഞാൻ പാർക്കയാൽ
രാപ്പകൽ ഞാൻ നിർഭയൻ ഭീതി ദൂരെ പാഞ്ഞുപോയ്

3 ഘോരമഹാമാരിയോ കൂരിരുട്ടിൻ വേളയോ
ഇല്ലതെല്ലും ചഞ്ചലം നാഥനുണ്ടു കൂടവേ

4 ആയിരങ്ങളെന്നുടെ - നേർക്കുവന്നെതിർക്കിലും
വീതിയുള്ള പക്ഷങ്ങൾ സാധുവെ മറച്ചിടും

5 സ്നേഹശാലി രക്ഷകൻ ഖേടകം തൻ സത്യമാം
എന്റെ ചങ്കിലുണ്ടിതാ രക്ഷിതാവിൻ പേർ സദാ

# 318

1 ദൈവത്തിൻ പൈതലേ നിന്റെ
ജീവിതകാലം അതിൽ
ഓരോരോ ഭാരങ്ങളാകെ
പാരം വലഞ്ഞീടുമ്പോൾ

ചിന്താകുലങ്ങൾ ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻ -
പേർക്കായ് കരുതുന്നുണ്ടവൻ

2 ലോകത്തിൽ ചിന്തകളാലും രോഗപീഢകളാലും
മറ്റുപ്രയാസങ്ങളാലും മുറ്റും തളർന്നീടുമ്പോൾ

3 കർത്താവിനിഷ്ടമാംവണ്ണം നിത്യം ജീവിച്ചീടുവാൻ
നിന്റെ പ്രയത്നങ്ങളെപ്പോഴും നിഷ്ഫലമായ് വരുമ്പോൾ -

4 ദൈവം നിന്നെ നടത്തുന്ന നിൻവഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും അന്തരംഗത്തിലെ നിൻ -

5 നിന്നുടെ പേർക്കിഹലോകെ വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ വിശ്വസിച്ചു സന്തതം -

# 319

ദൈവത്തിൻ പുത്രനാം യേശു ഭൂജാതനായി
സ്നേഹിപ്പാൻ ക്ഷമിപ്പാൻ സൗഖ്യം നല്കിടുവാൻ
ജീവിച്ചു മരിച്ചവൻ എന്നെ രക്ഷിപ്പാനായ്
ഇന്നും ജീവിക്കുന്നവനെന്നെ കരുതാൻ

താൻ വാഴ്കയാൽ, ആകുലമില്ല
നാളെയെന്ന്, ഭീതിയില്ല
ഭാവിയെല്ലാം ആ അപ്പൻ കയ്യിലെന്നോർത്താൽ
ഹാ എത്ര ധന്യമീ ലോകജീവിതം

2 അനാഥനല്ല ഞാൻ, അശരണനല്ല ഞാൻ
അവകാശിയാണ് ഞാൻ പരദേശിയാണ് ഞാൻ
അത്യുന്നതൻ തൻ തിരുമാർവ്വിൽ
നിത്യമായ് ചാരിടും ഞാനെന്നും മോദമായ്

3 ആധിവേണ്ട, ആശ്രയമേകാൻ
തൻ കരങ്ങൾ പിമ്പിലുണ്ട്

തൻ വഴികൾ സമ്പൂർണ്ണമല്ലോ
ദോഷമായൊന്നും താതൻ ചെയ്കയില്ല

# 320

1 ദൈവത്തിന്റെ ഏകപുത്രൻ പാപികളെ രക്ഷിക്കാൻ
മനുഷ്യനായ് പാടുപെട്ടു കുരിശിൻമേൽ മരിച്ചു

ഇത്ര സ്നേഹം ഇത്ര സ്നേഹം ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിലെന്തു നന്മ കണ്ടു നീ രക്ഷാകരാ!

2 പാപികളും ദ്രോഹികളുമായ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം സഹിച്ചു നീ ശാന്തമായ്

3 നിർമ്മലന്മാർ ഭുജിക്കുന്ന പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നൽകി രക്ഷിക്കുന്നീ രക്ഷകൻ

4 കൃപയാലെ രക്ഷപ്പെട്ട പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം എരിവാൻ വാഞ്ഛിക്കുന്നു

5 പാപിയിൽ പ്രധാനിയായിരുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യുവേറ്റ നിന്നെ നിത്യകാലം വാഴ്ത്തും ഞാൻ

# 321

ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ
യേശുവിന്റെ നാമത്താൽ സൗഖ്യമുണ്ടല്ലോ
യേശുവിന്റെ രക്തത്താൽ ജയം ഉണ്ടല്ലോ

വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വംകാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി കാണാം
ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം
ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം

1 അബ്രഹാം യഹോവയിൽ വിശ്വസിച്ചപ്പോൾ
ദൈവം അതു നീതിയ്ക്കായ് കണക്കിട്ടല്ലോ
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്കു പിതാവാക്കിത്തീർത്തല്ലോ

2 യിസ്ഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായ്
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു

3 യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ
യാബോക്ക് എന്ന കടവിൽ അനുഗ്രഹമായ്
യിസ്രയേൽ എന്ന ബഹുമാനം ലഭിച്ചു

# 322

ദൈവം ചെയ്ത നന്മകൾക്കെല്ലാം
നന്ദി പറഞ്ഞിടുവാൻ
നാവിതുപോരാ നാളിതുപോരാ
ആയുസ്സും ഇതുപോരാ (2)

1 ജീവിതപാതയിൽ കാലുകൾ
ഏറെ കുഴഞ്ഞുവീഴാതെ (2)
താങ്ങിനടത്തിയതോർക്കുമ്പോൾ
എൻ കണ്ണുകൾ നിറയുന്നേ (2)

2 പാപിയാം എന്നെ നേടുവാൻ
യേശു കാൽവറിയിൽ തന്നെ (2)
ജീവൻ നൽകിയതോർക്കുമ്പോൾ
എൻ കണ്ണുകൾ നിറയുന്നേ (2)

3 കാരിരുമ്പാണികൾ തറയപ്പെട്ടതു
എൻ പേർക്കായല്ലോ (2)

ക്രൂശിലെ സ്നേഹം ഓർക്കുമ്പോൾ
എൻ കണ്ണുകൾ നിറയുന്നേ (2)

4 മുൾമുടി ചൂടി തൂങ്ങപ്പെട്ടത്
എൻ പേർക്കാണല്ലോ (2)
ഓരോ ദിനമത് ഓർക്കുമ്പോൾ
എൻ കണ്ണുകൾ നിറയുന്നേ (2)

# 323

ദൈവം നമ്മുടെ സങ്കേതം, ബലം
മാ കഷ്ടകാലത്തിൽ സമീപസഹായം

1 ഭൂമി മുഴുവൻ മാറിയെന്നാലും
വൻ പർവ്വതങ്ങൾ സമുദ്രത്തിൽ വീണാലും
അതിൽ ജലം ഇരച്ചു മുറ്റും കലങ്ങിയാലും
മല കുലുങ്ങിയാലും നാം ഭയപ്പെടില്ല

2 ഒരു നദിയുണ്ട് അതിൽ നീർത്തോടുകൾ
അത്യുന്നതന്റെ പരിശുദ്ധനഗരത്തെ
സന്തോഷിപ്പിക്കും ദൈവമുണ്ടതിൻ മദ്ധ്യേ
അതു കുലുങ്ങാതെ സഹായിക്കും പ്രഭാതം തോറും

3 ജാതികൾ ക്രുദ്ധിച്ചു രാജ്യങ്ങൾ കുലുങ്ങി
അവൻ തന്റെ തിരുശബ്ദം കേൾപ്പിച്ചു
ഭൂമിയുരുകി യഹോവയുണ്ട്
യാക്കോബിൻ ദൈവം നമുക്കേറ്റം ദുർഗ്ഗമാകുന്നു

4 വന്നു കാണുവിൻ യാഹിൻ പ്രവൃത്തികൾ
ലോകത്തിലെത്ര ശൂന്യത വരുത്തിയിരിപ്പൂ
ഭൂവിനറുതിവരെ യുദ്ധം നിർത്തൽ ചെയ്യുന്നു
വില്ലുകുന്തം മുറിച്ചു രഥങ്ങൾ ചുട്ടെരിക്കുന്നു

5 മിണ്ടാതിരുന്നു ദൈവം ഞാനെന്നറിവിൻ
ഭുവിൽ ജാതികളുടെയിടയിൽ ഉന്നതനാകും

സൈന്യങ്ങളുടെ യഹോവയുണ്ട്
യാക്കോബിൻ ദൈവം നമുക്കേറ്റം ദുർഗ്ഗമാകുന്നു

# 324

ദൈവകരുണയിൻ ധനമാഹാത്മ്യം
നാവാൽ - വർണ്ണ്യമോ?

1 ദൈവസുതൻ പശുശാലയിൽ നരനായ്
അവതരിച്ചതു വെറും കഥയോ?
ഭുവനമൊന്നാകെ ചമച്ചവനൊരു ചെറു
ഭവനവും ലഭിച്ചതില്ലെന്നോ?

2 പരമസമ്പന്നനീ ധരണയിലേറ്റം
ദരിദ്രനായ് തീർന്നു സ്വമനസ്സാ
നിരുപമപ്രഭയണിഞ്ഞിരുന്നവൻ പഴന്തുണി
ധരിച്ചതും ചെറിയ സംഗതിയോ?

3 അനുദിനമനവധിയനുഗ്രഹഭാരം
അനുഭവിച്ചൊരു ജനമവന്നു
കനിവൊരു കണികയുമെന്നിയേ നൽകിയ
കഴുമരം ചുമപ്പതും കാണ്മിൻ

4 കുരിശുചുമന്നവൻ ഗിരിമുകളേറി
വിരിച്ചു കൈകാൽകളെയതിന്മേൽ
ശരിക്കിരുമ്പാണികൾ തറപ്പതിന്നായതു
സ്മരിക്കുകിൽ വിസ്മയനീയം

# 325

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

1 ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക് -

2 മനോവേദന പല ശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ
മാറിൽ ചാരി ഞാനാശ്വസിക്കും

3 എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ

4 എന്റെ ആയുസ്സിൽ ദിനമാകെയും
തന്റെ നാമമഹത്ത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ

# 326

ദൈവമേ നീ കൈവെടിഞ്ഞോ
കാൽവറിയിൽ നിൻസുതനെ!
താനുറക്കെ കേണിടുന്നു
പ്രാണനെ വെടിഞ്ഞിടുന്നു

1 ഏകയാഗം മൂലമാർക്കും
ഏകുവാനായ് മോക്ഷമാർഗ്ഗം
ലോകപാപമാകവേ നീ ആക്കി
തന്മേൽ നിഷ്കാരുണ്യം

2 പാപമറിയാത്തവനെ
ഞാനവനിൽ ദൈവനീതി

ആകുവതിന്നായെനിക്കായ്
പാപമാക്കിത്തീർത്തോ ദേവാ!

3 മൃത്യുവിൽ നിന്നെന്റെ പ്രാണൻ
വീഴ്ചയിൽനിന്നെന്റെ കാല്കൾ
കണ്ണുനീരിൽ നിന്നു കൺകൾ
നിർണ്ണയം വിമോചിപ്പാനായ്

4 എൻവിലാപം നൃത്തമാകാൻ,
എന്റെ രട്ടഴിഞ്ഞുപോകാൻ
സന്തതം സന്തോഷമേകാൻ,
സ്വർഗ്ഗനാടെൻ സ്വന്തമാകാൻ

5 പാർത്തലത്തിലെത്രകാലം
പാർത്തിടും ഞാനെത്രനാളും
കീർത്തിച്ചിടും സ്തോത്രം ചെയ്യും
വാഴ്ത്തിപ്പാടും ഹല്ലേലൂയ്യാ!

# 327

ദൈവമെത്ര നല്ലവനാം
അവനിലത്രേ എന്നഭയം
അനുഗ്രഹമായ് അത്ഭുതമായ്
അനുദിനവും നടത്തുന്നെന്നെ

1 കരുണയെഴും തൻ കരത്തിൽ
കരുതിടുന്നീ മരുവിടത്തിൽ
കരുമനയിൽ അരികിലെത്തും തരും
കൃപയിൽ വഴി നടത്തും

2 കാരിരുളിൻ വഴികളിലും
കരുളുരുകി കരയുമ്പോഴും
കൂടെവരും കൂട്ടിനവൻ
കണ്ണീരെല്ലാം തുടയ്ക്കുമവൻ

3 ലോകം തരും ധനസുഖങ്ങൾ -
ക്കേകിടുവാൻ കഴിഞ്ഞിടാത്ത
ആനന്ദമീ ക്രിസ്തുവിൽ ഞാൻ
അനുഭവിക്കുന്നിന്നു മന്നിൽ

4 ഒരുക്കുന്നവൻ പുതുഭവനം
ഒരിക്കലെന്നെ ചേർത്തിടുവാൻ
വരും വിരവിൽ പ്രാണപ്രിയൻ
തരുമെനിക്ക് പ്രതിഫലങ്ങൾ

# 328

ദൈവത്തിൻ സ്നേഹം അഗോചരമല്ലയോ
നീളം അതിൽ വീതി ആരറിഞ്ഞിടും
ആശ്ചര്യമേ ഇത് അവർണ്ണനീയമേ
മാരിപോലെന്നിൽ നീ ചൊരിഞ്ഞത്

1 താതൻ തൻ സ്നേഹം അവർണ്ണനീയമല്ലോ
തേജസ്സവൻ നമുക്കേകിയേ
സ്വർഗ്ഗീയ മഹിമകൾ ജയിച്ചിഹേവന്നു
യാഗമായ് തീർന്നു ക്രൂശിങ്കൽ

2 ലോകസ്ഥാപനം മുൻപേ തിരഞ്ഞെടുത്തല്ലോ
എന്നെ ക്രിസ്തുവാകുന്ന രക്ഷകനിൽ
ഒരുക്കി എനിക്കായ് സ്വർഗ്ഗേ വാസസ്ഥലങ്ങളും
അനുവദിച്ചതേ നീയെൻ രക്ഷകനിൽ

# 329

1 ദൈവത്തിനു സ്തോത്രം ചെയ്തിടുവിൻ
അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനേ
ഏകമായ് വണങ്ങി പാടിടാമെന്നും

താൻ നല്ലവനല്ലോ ദയയെന്നുമുള്ളത്
താൻ നല്ലവനല്ലോ സ്തുതി എന്നുമവന്
താനുന്നതനല്ലോ കൃപ ചെയ്തിടുമല്ലോ
തൻ സന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ

2 ജ്ഞാനത്തോടാകാശത്തെ വാർത്തെടുത്തവൻ
ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവൻ
ജ്യോതി നല്കും സൂര്യചന്ദ്രതാര വൃന്ദത്തെ
മോടിയോടു വാനത്തിൽ തൂക്കിയവനാം

3 നീട്ടിയ ഭുജത്താലിസ്രായേലിനെ
വീണ്ടെടുത്തു രക്ഷിച്ചാനന്ദം നൽകി
ചെങ്കടൽ പിളർന്നു തൻ ജനങ്ങളെ
തങ്കനിലത്തൂടെ താൻ നടത്തിയേ

4 നീണ്ട മരുഭുവിൽ യാത്ര ചെയ്യുമ്പോൾ
വേണ്ടതെല്ലാം നൽകി ആദരിച്ചു താൻ
ഇമ്പദേശമെന്നെന്നേക്കുമവർക്കായ്
അൻപോടവകാശം താനരുളിയേ

5 താഴ്ചയിൽ നമ്മെ ഓർത്താദരിച്ചല്ലോ
വീഴ്ചയെന്നിയെ കാത്തോമനിച്ചല്ലോ
വൈരിയിൽ കൈയിൽനിന്നു വീണ്ടെടുത്തല്ലോ
ധൈര്യമായ് നമുക്കും പാടിടാമല്ലോ

6 മാനവരിൽ സ്നേഹം മാറിടുന്നേരം
മാറിടാത്ത നിത്യ സ്നേഹിതൻ തന്നേ
നേരിടുന്ന എല്ലാ വ്യാകുലങ്ങളും
തീരുമേ താനുന്നത സന്നിധാനത്തിൽ

# 330

1 ദൈവസ്നേഹം ചൊല്ലാൻ ആവില്ലെനിക്ക്
വർണ്ണിച്ചതു തീർക്കാൻ നാവില്ലെനിക്ക്

ആഴിയിലുമാഴം ദൈവത്തിന്റെ സ്നേഹം
കുന്നുകളിലേറുമതിന്നുയരം

2 അമ്മ മറന്നാലും മറന്നിടാത്ത
അനുപമ സ്നേഹം അതുല്യസ്നേഹം
അനുദിനമേകി അവനിയിലെന്നെ
അനുഗ്രഹിച്ചിടും അവർണ്യസ്നേഹം

# 331

1 ദൈവസന്നിധൗ ഞാൻ സ്തോത്രം പാടിടും
ദൈവം നല്കിയ നന്മകൾക്കായ്
ദൈവം ഏകി തൻ സൂനുവെ പാപിയെനിക്കായ്
ഹല്ലേലുയ്യ ഗീതം പാടും ഞാൻ

പാടിസ്തുതിക്കും ഞാൻ പാടിസ്തുതിക്കും
സ്തോത്രഗീതം പാടി സ്തുതിക്കും (2)

2 അന്ധകാരമെൻ അന്തരംഗത്തെ
ബന്ധനം ചെയ്തടിമയാക്കി
ബന്ധുരാഭനാം തൻ സ്വന്തപുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ -

3 ശത്രുവാമെന്നെ മിത്രമാക്കുവാൻ
പുത്രനെ കുരിശിലേല്പിച്ചു
പുത്രത്വം നല്കി ഹാ! എത്ര സൗഭാഗ്യം
സ്തോത്രഗീതം പാടി സ്തുതിക്കും -

4 വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവന്നായി ശോഭിപ്പാൻ
ഒളി വിതറും നൽതെളിവചനം
എളിയവനെങ്ങും ഘോഷിക്കും -

# 332

ദൈവസ്നേഹമേ ദൈവസ്നേഹമേ
അതിനുള്ളകലമുയരമാഴമപ്രമേയമേ

1 പാപക്കുഴിയിലാണ്ടുപോയ നരനുമോചനം
പ്രാപിപ്പതിനിതിന്റെയാഴമാണു കാരണം -

2 അനുസരിച്ചിടതെയാജ്ഞ - യവഗണിച്ചതാം
മനുജനോടും കരുണ കാണിച്ചതിനു കാരണം

3 കുരിശിലേക ജാതനെ തകർത്തുവൈരികൾ -
ക്കനിശവും വിമോചനം വരുത്തിവയ്ക്കയോ!

4 സ്വർഗ്ഗമതിലുള്ളനുഗ്രഹങ്ങളാഗ്രഹിക്കുവാൻ
യോഗ്യരല്ലയെങ്കിലും നരർക്കതേകിയ

5 അഴുകിനാറും ശവസമാനരായ പാപികൾ -
ക്കഴകു നൽകിയഴിവില്ലാത്ത സ്ഥിതിയിലാക്കിടും

6 അരിഗണത്തെയരികണച്ചുസുതജനങ്ങളായ്
പരിഗണിച്ചു പരിചരിക്കുമകമഴിഞ്ഞതാം -

# 333

ദൈവമക്കളേ! നമ്മൾ ഭാഗ്യശാലികൾ
ദിവ്യജീവനുള്ളിലേകി ക്രിസ്തുനായകൻ

1 വിശ്വസിച്ചു ദൈവപുത്രൻ തന്റെ നാമത്തിൽ
സംശയിച്ചിടേണ്ട നമ്മൾ ദൈവമക്കളായ്
നിശ്ചയിച്ചു നിത്യഭാഗ്യമേകുവാനവൻ
ആശ്വസിച്ചു പാർത്തിടാം നമുക്കു പാരിതിൽ - ദൈവ

2 ഭൂമിയിന്നു ദുഷ്ടനായവന്റെ കൈകളിൽ
നമ്മളിന്നു ഭ്രഷ്ടരായിടുന്നതാകയാൽ
സൗമ്യമായി കാത്തിരിക്ക ദൈവപുത്ര നീ
ഭൂമി വാണടക്കിടുന്ന നാളെടുത്തു ഹാ! - ദൈവ

3 മർത്ത്യ പാപമിദ്ധരിത്രി ശാപയോഗ്യമായ്
തീർത്തതാൽ വിമോചനം വരുത്തുമേശുതാൻ
ഈറ്റുനോവുമേറ്റുകൊണ്ടു ദൈവപുത്രരെ
കാത്തിടുന്നു സൃഷ്ടിജാലമിന്നു ഭൂമിയിൽ - ദൈവ

4 ഭാരമേറി മാനസം കലങ്ങിടാതെ നാം
ഭാവിയോർത്തു പുഞ്ചിരിച്ചു പാടി മോദമായ്
പാരിതിൽ നമുക്കു തന്ന കാലമൊക്കെയും
ഭാഗ്യദായകന്റെ സേവനത്തിലേർപ്പെടാം - ദൈവ

# 334

1 ദൈവമേ നിൻ അറിവാലെ ഹൃദയം നിറയ്ക്കുകേ
ജീവനാം നിൻ കൃപയാലേ ആത്മകൺ തുറക്കുകേ

ദൈവജ്ഞാനം ശ്രേഷ്ഠദാനം
ഭക്തൻ സത്യസമ്പത്തും
വാഞ്ഛിക്കേണം കെഞ്ചിടേണം
ക്രിസ്തുവിങ്കൽ കണ്ടെത്തും

2 ഒരു ബാലൻ തന്റെ പാത നിർമ്മലമാക്കിടുവാൻ
കരുതേണം നിൻ പ്രമാണം കേട്ടു കാത്തു സൂക്ഷിപ്പാൻ

3 തേടിയൊരു ശലോമോനും ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം കേട്ടു തൻ രഹസ്യത്തെ

4 ദൈവഭക്തിക്കടിസ്ഥാനം സത്യത്തിൻ പ്രകാശനം
ജിവശക്തി അതിൻ ദാനം ഫലം ദിവ്യ സ്വാതന്ത്ര്യം

5 നടക്കുമ്പോൾ ഇടറാതെ ജ്ഞാനം കാൽക്കൽ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ ചുറ്റും കാവൽ നിന്നിടും

6 മണ്ണും പൊന്നും നീങ്ങിപ്പോകും കണ്ണിൻ മോഹം വാടുമേ
വിണ്ണിൻ ദാനം ആത്മജ്ഞാനം നിലനില്ക്കും എന്നുമേ

7 ദൈവമേ നിൻ വെളിപ്പാടിൻ ആത്മാവിങ്ങും നൽകുകേ
നിൻ പ്രകാശം അവകാശം ആക്കുവാൻ തന്നദീപം

# 335

ദൈവം നല്ലവൻ എന്നെന്നും വല്ലഭൻ
ഞാൻ രുചിച്ചറിഞ്ഞു പാടും ദൈവം നല്ലവൻ
അവങ്കലേക്ക് നോക്കിയോർ പ്രകാശിതരായി
ആരും തന്നെ നിൽക്കയില്ലവർക്കെതിരായി (2)

ദൂതർ ഭക്തർ ചുറ്റും നിൽക്കും വൻമതിലായി (2)
ദുഷ്ടർ പോകും കാറ്റ് പാറ്റും വൻ പതിരായി
എന്തും എന്റെ ജീവിതത്തിൽ സംഭവിച്ചാലും
എന്തിനെന്നകം കലങ്ങി ചോദിക്കില്ല ഞാൻ
നൊന്തൊഴുകും കണ്ണുനീർ തൻ പൊന്നു പാദത്തിൽ
ചീന്തി ഞാൻ തുടർന്നു പാടും ദൈവം നല്ലവൻ

# 336

ദൈവമേ നിനക്കു സ്തോത്രം പാടിടും
ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും
സന്താപകാലത്തും സന്തോഷകാലത്തും
എപ്പോഴും എന്റെ നാവു നിന്നെ വാഴ്ത്തുമേ

1 നിന്നെയറിഞ്ഞിടാതെ പോയ പാതയിൽ
നീയെന്നെ തേടിവന്ന സ്നേഹമോർക്കുമ്പോൾ
എൻ നാവതെങ്ങനെ മിണ്ടാതിരുന്നിടും
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ഞാൻ

2 എന്നെയനുദിനം നയിച്ചിടേണമേ
വീഴാതെയന്നു നിന്നടുക്കലെത്തിടാൻ
ആലംബമായിടും ആത്മാവെ തന്നതാൽ
സ്തോത്രയോഗമെന്നുമർപ്പിച്ചിടും ഞാൻ

3 പാപച്ചെളിയിൽ നിന്നു വീണ്ടെടുത്തെന്നെ
പാറയാം ക്രിസ്തനിൽ സ്ഥിരപ്പെടുത്തിനീ
എൻ നാവിൽ തന്നു നീ - നവ്യസങ്കീർത്ത
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ധനം

4 എൻ കണ്ണുനീരെല്ലാം തുടച്ചിടുന്നു നീ
കൺമണിപോലെ നിത്യം കാത്തിടുന്നെന്നെ
വൻ കൃപയോർക്കുമ്പോൾ എന്നുള്ളം തുള്ളുന്നേ
സ്തോത്രയാഗമെന്നുമർപ്പിച്ചിടും -

# 337

നടത്തിടുന്നു ദൈവമെന്നെ
നടത്തിടുന്നു നാൾ തോറും
തൻ കൃപയാലെന്നെ നടത്തിടുന്നു

1 ഭൗമിക നാളുകൾ തീരും വരെ
ഭദ്രമായ് പാലിക്കും പരമനെന്നേ
ഭാരമില്ല തെല്ലും ഭീതിയില്ല
ഭാവിയെല്ലാമവൻ കരുതിക്കൊള്ളും

2 കൂരിരുൾ തിങ്ങിടും പാതകളിൽ
കൂട്ടുകാർവിട്ടുപോം വേളകളിൽ
കൂട്ടിനവനെന്റെ കൂടെവരും
കൂടാരമറവിലെന്നഭയം തരും

3 ആരിലുമെൻ മനോഭാരങ്ങളെ
അറിയുന്ന വല്ലഭനുണ്ടെനിക്ക്
ആകുലത്തിലെന്റെ വ്യാകുലത്തിൽ
ആശ്വാസമവനെനിക്കേകിടുന്നു

4 ശോധനയാലുള്ളം തകർന്നിടിലും
വേദനയാൽ കൺകൾ നിറഞ്ഞിടിലും

ആനന്ദമാം പരമാനന്ദമാം
അനന്തസന്തോഷത്തിൻ ജീവിതമാം

# 338

നടത്തിയ വിധങ്ങൾ ഓർത്താൽ
നന്ദിയേകിടാതിരുന്നിടുമോ - നാഥൻ

1 ജീവിതത്തിൻ മേടുകളിൽ
ഏകനെന്ന് തോന്നിയപ്പോൾ
ധൈര്യം നല്കി, വചനം നല്കി -

2 ഭാരംദുഃഖം ഏറിയപ്പോൾ
മനം നൊന്തു കലങ്ങിയപ്പോൾ
ചാരെയണച്ചു, ആശ്വാസം നൽകി -

3 കൂട്ടുകാരിൽ പരമായെന്നിൽ
ആനന്ദതൈലം പകർന്നു
ശത്രുമദ്ധ്യേ എൻ, തല ഉയർത്തി -

# 339

നമുക്കഭയം ദൈവമത്രേ
മനുഷ്യഭയം വേണ്ടിനിയും

1 എന്നും നൽസങ്കേതം ദൈവം
തന്നു നമ്മെ കാത്തിടുന്നു
മന്നും മലയും നിർമ്മിച്ചതിന്നും
മുന്നമേ താൻ വാഴുന്നു

2 രാവിലെ തഴച്ചുവളർന്നു
പൂവിടർന്ന പുല്ലുപോലെ
മേവിടുന്നു മനുഷ്യർ വാടി
വീണിടുന്നു വിവശരായ്

3 ചേരും മണ്ണിൻ പൊടിയിലൊരുനാൾ
തീരും മനുഷ്യമഹിമയെല്ലാം
വരുവിൻ തിരികെ മനുഷ്യരേ-
യെന്നരുളിച്ചെയ്യും വല്ലഭൻ

4 നന്മ ചെയ്തു നാട്ടിൽ പാർത്തും
നമുക്കു ദൈവസേവചെയ്യാം
ആശ്രയിക്കാം അവനിൽ മാത്രം
ആഗ്രഹങ്ങൾ തരുമവൻ

5 നിത്യനാടു നോക്കി നമ്മൾ യാത്ര
ചെയ്യുന്നിന്നു മന്നിൽ
എത്തും വേഗം നിശ്ചയം നാം
പുത്തൻ ശാലേം പുരമതിൽ

# 340

നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ
തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം ക്ഷമിക്കുന്നവൻ
പുതുജീവനെന്നിൽ പകരുന്നവൻ

യേശു യേശു അവനാരിലും വലിയവൻ
യേശു യേശു അവനാരിലും മതിയായവൻ

ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം
നന്മക്കായ് ഭവിച്ചിടുന്നു
തിരുസ്വരമനുസരിച്ചാൽ
നമുക്കൊരുക്കിടുമവനഖിലം
കൃപയരുളീടുമേ ബലമണിയിക്കുമേ
മാറാ മധുരമായ് മാറ്റിടുമേ

ഇരുൾ നമ്മെ മൂടിടുമ്പോൾ ലോക
വെളിച്ചമായവനണയും

രോഗികളായിടുമ്പോൾ
സൗഖ്യദായകനവൻ കരുതും
അവന്നാലയത്തിൽ സ്വർഗ്ഗനന്മകളാൽ
നമ്മെ നിറച്ചീടുമനുദിനവും

കണ്ണുനീർ താഴ്വരകൾ
ജീവജലനദിയാക്കുമവൻ
ലോകത്തിൻ ചങ്ങലകൾ
മണിവീണയായ് തീർക്കുമവൻ
സീയോൻ യാത്രയിൽ മോക്ഷ മാർഗമതിൽ
സ്നേഹക്കൊടിക്കീഴിൽ നയിക്കുമവൻ

# 341

നമ്മുടെ ദൈവത്തെപ്പോൽ
വലിയ ദൈവം ആരുള്ളു?

1 നാം പാടുക പുതുഗീതം - മഹാത്ഭുതമവൻ ചെയ്തു
തൻ വലങ്കരവും വിശുദ്ധ - ഭുജവും വിജയം നേടി -

2 ഭൂവതു മാറുകിലും വന്മല - ആഴിയിൽ പതിക്കുകിലും
ആഴങ്ങൾ കലങ്ങുകിലും - ഭയമില്ല നമുക്കൊട്ടും

3 യാഹിൻ തിരുനാമം - ബലമേറിയ ഗോപുരം താൻ
നീതിയുള്ളോനഭയം - അതിൽ ഓടിയണഞ്ഞീടും -

4 കർത്തനിൽ തിരുക്കൺകൾ - ഭൂവെങ്ങുമുലാവുന്നു
തൻ ഭക്തന്മാർക്കായി - ബലമഖിലവും വെളിപ്പെടുത്താൻ

5 ശാശ്വതമാം പാറ - യഹോവയിൽ നമുക്കുണ്ട്
ആശ്രയിപ്പിൻ അവനെ - ആശ്വാസത്തിൻ നായകനെ

# 342

നന്ദി നന്ദി എൻ ദൈവമേ
നന്ദി എൻ യേശുപരാ (2)

1 എണ്ണമില്ലാതുള്ള നന്മകൾക്കും
അത്ഭുതമാർന്ന നിൻ സ്നേഹത്തിനും (2) നന്ദി

2 പാപത്താൽ മുറിവേറ്റ എന്നേ നിന്റെ
പാണിയാൽ ചേർത്തണച്ചുവല്ലോ (2) നന്ദി

3 കൂരിരുൾ താഴ്വരയതിലുമെന്റെ
പാതയിൽ ദീപമായ് വന്നുവല്ലോ (2) നന്ദി

4 ജീവിത ശൂന്യതയിൻ നടുവിൽ
നിറവായ് അനുഗ്രഹം ചൊരിഞ്ഞുവല്ലോ (2) നന്ദി

# 343

നന്ദിയല്ലാതൊന്നമില്ല
എന്റെ നാവിൽ ചൊല്ലിടുവാൻ
സ്തുതിയല്ലാതൊന്നുമില്ല
എന്റെ ഹൃദയത്തിൽ ഉയർന്നിടുവാൻ
സ്തോത്രമല്ലാതൊന്നുമില്ല
നിനക്കായി ഞാൻ സമർപ്പിക്കുവാൻ
യേശുവേ നിൻ സ്നേഹമതോ
വർണ്ണിച്ചിടുവാൻ സാദ്ധ്യമല്ല

സ്തുതി സ്തുതി നിനക്കെന്നുമേ
സ്തുതികളിൽ വസിപ്പവനേ
സ്തുതി ധനം ബലം നിനക്കേ
സ്തുതികളിൽ ഉന്നതനേ (2)

കൃപയല്ലാതൊന്നുമല്ല
എന്റെ വീണ്ടെടുപ്പിൻ കാരണം
കൃപയാലാണെൻ ജീവിതം
അതെന്താനന്ദം അതിമധുരം
ബലഹീനതയിൽ തികയും

ദൈവശക്തിയെന്നാശ്രയമേ
ബലഹീനതയിൽ ദിനവും
യേശുവേ ഞാൻ പ്രശംസിച്ചിടും

കൃപ അതി മനോഹരം
കൃപ കൃപ അതിമധുരം
കൃപയിൽ ഞാൻ ആനന്ദിക്കും
കൃപയിൽ ഞാൻ ആശ്രയിക്കും (2)

സൈന്യബഹുത്വത്താൽ
രാജാവിന് ജയം പ്രാപിപ്പാൻ സാദ്ധ്യമല്ല
വ്യർത്ഥമാണീ കുതിരയെല്ലാം
വ്യർത്ഥമല്ലെൻ പ്രാർത്ഥനകൾ
നിന്നിൽ പ്രത്യാശ വയ്പ്പവർമേൽ
നിന്റെ ദയ എന്നും നിശ്ചയമേ
യേശുവേ നിൻ വരവതിനായ്
കാത്തു ഞാൻ പാർത്തിടുന്നു

ജയം ജയം യേശുവിന്
ജയം ജയം കർത്താവിന്
ജയം ജയം രക്ഷകന്
ഹല്ലേലുയ്യാ ജയമെന്നുമേ

# 344

നന്ദിയാലെന്നുള്ളം തുള്ളുന്നേ
വല്ലഭാ നിൻ കൃപയോർക്കുമ്പോൾ
വർണ്ണിച്ചിടാൻ സാദ്ധ്യമല്ലത്
എൻ ജീവിതത്തിൽ ചെയ്ത ക്രിയകൾ

1 കൊടും പാപിയായിരുന്നെന്നേ
വൻ ചേറ്റിൽ നിന്നും കയറ്റി

ക്രിസ്തുവാകും പാറമേൽ നിർത്തി
പുത്തൻ പാട്ടുമെന്റെ നാവിൽ തന്നതാൽ

2 വൻ ശോധനാ വേളയിൽ
തീച്ചൂളയിൻ നടുവിൽ
ചാരത്തണഞ്ഞു രക്ഷിച്ച
മമ കാന്തനെ നിൻ സ്നേഹമോർക്കുമ്പോൾ

3 ഈ ലോകം തരാത്ത ശാന്തിയെൻ
ഹൃത്തേ നിറച്ചു സ്നേഹമായ്
എന്നെന്നും കാത്തിടുന്നെന്നേ
നിത്യം കാന്തയായ് താൻ കൂടെ വാഴുവാൻ -

# 345

നന്ദിയാൽ പാടിടുവോം
നന്ദിയാൽ പാടിടുവോം
നല്ലവനേശു നൽകിയ എല്ലാ
ദാനങ്ങളോർത്തു നിത്യം

1 അതിക്രമത്താൽ മരിച്ചിരുന്നവരാം നമ്മെ
ജീവിപ്പിച്ചേശുവോടെ
പ്രവൃത്തിയാലല്ല വിശ്വാസത്താൽ
കൃപയെ മാകൃപയെ (2)

2 വരുംകാലത്തിൽ നമ്മെ കൃപയുടെ ധനത്തിൽ -
മഹിമയെ കാണിപ്പാനായ്
ഉയിർപ്പിച്ചു വ്യാപാരശക്തിയാൽ
ഇരുത്തി സ്വർഗ്ഗത്തിൽ (2)

3 ഉന്നത വിളികേട്ടു വന്നവരെ - അതിൽ
അറിവാനോടീടുവിൻ
തന്നിടും അളവില്ലാ നന്മകൾ
ഇന്നിലും തന്നിലെ (2)

4 ജീവനെ ത്യാഗം ചെയ്ത പലർ കർത്തൃ
സേവയിൽ മരിച്ചു
ചേർന്നു നാം അവരോടുകൂടെ
പോർക്കളെ നിന്നിടാം (2)

# 346

നന്ദിയോടെ ഞാൻ സ്തുതി പാടിടും
എന്റെ യേശു നാഥാ
എനിക്കായ് നീ ചെയ്തോരു നന്മയ്ക്കും
ഇന്നും നന്ദി ചൊല്ലുന്നു ഞാൻ

അർഹിക്കാത്ത നന്മകളെ
എനിക്കേകിടും ദയാനിധേ (2)
യാചിക്കാത്ത നന്മകൾ പോലുമീ
എനിക്കേകുവോനു സ്തുതി

നിത്യദൈവത്തിൻ സത്യപുത്രനായ്
നിന്നിൽ വിശ്വസിക്കുന്നു ഞാൻ (2)
വരും കാലമൊക്കെയും നിൻ കൃപാ
വരങ്ങൾ ചൊരികയെന്നിൽ

# 347

നൻമ മാത്രമേ നൻമ മാത്രമേ
നൻമയല്ലാതൊന്നുമേ നീ ചെയ്കയില്ല
എന്തു ഭവിച്ചെന്നാലും എന്തു സഹിച്ചെന്നാലും
എല്ലാം യേശുവേ നൻമയ്ക്കായിട്ടല്ലോ

നീ മാത്രമേ നീ മാത്രമേ
നീ മാത്രമേ എൻ ആത്മസഖി
എന്റെ യേശുവേ എന്റെ ജീവനെ
എന്റെ ആശയെ നീ ഒന്നു മാത്രമേ

1 നിന്നെ സ്നേഹിക്കും നിന്റെ ദാസന്
നൻമയല്ലാതൊന്നുമേ നീ ചെയ്തിടുമോ
എന്നെ പേർ ചൊല്ലി വിളിച്ചീടുവാൻ
കൃപ തോന്നിയെന്നതിനാൽ ഞാൻ ഭാഗ്യവാൻ

2 എന്റെ ശോധനകൾ എന്റെ വേദനകൾ
എന്റെ സങ്കടങ്ങളെല്ലാം തീർന്നിടുമേ
എന്റെ കാന്തനെ എന്റെ നാഥനെ
എൻമണാളനെ വേഗം വന്നീടണേ

# 348

1 നല്ല ദേവനേ! ഞങ്ങൾ എല്ലാവരെയും
നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലിടേണമേ

2 പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞിടുവാനായി
മെച്ചമായാഹാരത്തെ നീ നൽകിടേണമേ

3 അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടിടേണമേ

4 ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പേ നടന്നു സദാ കേൾപ്പിക്കേണമേ

5 വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
വേദനാഥനേ നിന്റെ ജ്ഞാനം നൽകുകേ

6 സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുകേ

7 താതനാത്മനും പ്രിയനിത്യ പുത്രനും
സാദരം സ്തുതി സ്തോത്രം എന്നും ചൊല്ലുന്നേൻ

# 349

1 നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം
വല്ലഭന്റെ നല്ല പാത പിൻതുടർന്നിടാം

ഭാരം പാപം തള്ളി ലക്ഷ്യം നോക്കി
നേരെ മുന്നോട്ടോടി ഓട്ടം തികയ്ക്കാം

2 ഓട്ടക്കളത്തിലോടുന്നോരനേകരെങ്കിലോ
വിരുതു പ്രാപിക്കുന്നോരേകൻ മാത്രമല്ലയോ

3 പിന്നിലുള്ളതൊക്കെയും മറന്നുപോയിടാം
മുന്നിലുള്ള ലാക്കിലേക്കു നേരെ ഓടിടാം

4 ആശ ഇച്ഛയൊക്കവേ അടക്കി ഓടുകിൽ
ആശവച്ച പന്തയപ്പൊരുൾ ലഭിച്ചീടും

5 ഏതുനേരത്തും പിശാചിടർച്ച ചെയ്തിടും
ഭീതി വേണ്ട ദൂതരുണ്ടു കാത്തുകൊള്ളുവാൻ

6 കാടുമേടു കണ്ടു സംശയിച്ചു നിൽക്കാതെ
ചാടി ഓടിപ്പോകുവാൻ ബലം ധരിച്ചിടാം

7 ഓട്ടം ഓടുവാനനേകർ മുൻ വന്നെങ്കിലോ
ലോത്തിൻ ഭാര്യപോലെ പിന്നിൽ നോക്കിനിന്നുപോയ്

8 അങ്ങുമിങ്ങും നോക്കിയാൽ നീ മുന്നിൽ പോയിടാ
ഭംഗമില്ലാതോടിയാൽ കിരീടം പ്രാപിക്കാം

9 ഓട്ടം തീരുനാൾ സമീപമായി കാഹളം
കേട്ടിടാൻ സമയമായി വേഗം ഓടിടാം

10 ആദിഭക്തരോട്ടം ഓടി വിശ്രമിച്ചിടും
നാട്ടിൽ ചേർന്നു പാട്ടുപാടി ആനന്ദിച്ചിടാം

# 350

1 നല്ലൊരു ദേശം എത്ര സുന്ദരദേശം
നമുക്കേശുവൊരുക്കും ഒരു ശാശ്വത ഭവനം

അവിടെ നാം പാർക്കും നിത്യമായ വാസം
അവിടെ നാം കേൾക്കും ഹല്ലേലുയ്യഗീതം

2 അന്നു നമ്മൾ പാടും സന്തോഷത്തിൻ ഗീതം
അന്നു നമ്മൾ കാണും സ്വർഗ്ഗീയ സൗഭാഗ്യം

3 2 ക്ഷാമമവിടില്ല ശാപമവിടില്ല
കരച്ചിലുമില്ല പല്ലുകടിയില്ല

4 ക്ലേശവുമില്ല കണ്ണുനീരതില്ല
രോഗമവിടില്ല ദുഃഖമവിടില്ല

5 സൂര്യനുമില്ല ചന്ദ്രനുമില്ല
ദൈവകുഞ്ഞാടിൻ വിളക്കാണവിടെ

# 351

നഷ്ടങ്ങളിലും പതറീടല്ലേ
കണ്ണുനീരിലും തളർന്നീടല്ലേ
ഞാൻ എന്നും നിന്റെ ദൈവം
നീ എന്നും എന്റേതാണേ... (2)

നിന്റെ വിശ്വാസമോ ഭംഗം വരികയില്ല
അതു പ്രാപിച്ചിടും നിശ്ചയം
അതു പ്രാപിക്കുമ്പോൾ നഷ്ടം ലാഭമാകും
ദുഃഖം സന്തോഷമായ് മാറും

നിന്നെ തകർക്കുവാനോ നിന്നെ മുടിക്കുവാനോ
അല്ലല്ല ഈ വേദന നിന്നെ പണിതെടുത്തു
നല്ല പൊന്നാക്കുവാൻ അല്ലയോ ഈ ശോധന

നിന്നെ കുറ്റം വിധിച്ചു തള്ളിപ്പറഞ്ഞെന്നാലും
പിൻമാറിപ്പോയിടല്ലേ
പിറുപിറുപ്പില്ലാതെ മുമ്പോട്ടു പോകുക
യേശു എന്നും നിന്റെ കൂടെ

# 352

1 നാഥൻ വരാറായ് ഓ... ഓ...
നാഥൻ വരാറായ് (3)
നാം വേഗം ഒരുങ്ങീടാം

2 ദീപം തെളിക്കാറായ് ഓ...
നാം വേഗം ഒരുങ്ങീടാം

3 എണ്ണ നിറക്കാറായ് ഓ... (3)
നാം വേഗം ഒരുങ്ങീടാം

4 ആർപ്പുവിളി കേൾക്കാറായ് ഓ...
നാം വേഗം ഒരുങ്ങീടാം

5 നിന്ദകൾ തീരാറായ് ഓ...
നാം വേഗം ഒരുങ്ങീടാം

6 കണ്ണുനീർ തോരാറായ് ഓ... (3)
നാം വേഗം ഒരുങ്ങീടാം

7 മരിച്ചവർ ഉയിർക്കാറായ് ഓ... (3)
നാം വേഗം ഒരുങ്ങീടാം

8 വേളി കഴിക്കാറായ ഓ... (3)
നാം വേഗം ഒരുങ്ങീടാം

# 353

1 നാഥാ നിൻ നാമമെത്രയോ ശ്രേഷ്ഠം മഹോന്നതം!
സൗരഭ്യം തൂകും തൈലം പോൽ രമ്യം മനോഹരം

2 താവകനാമം പാപിക്കു നൽകുന്നു സ്വാന്ത്വനം
സ്വൈരനിവാസം കണ്ടതിൽ മേവുന്നു നിൻജനം

3 നിന്നെയുൾത്താരിലോർക്ക - യെന്നുള്ളതു കൗതുകം
ദന്യമെൻ കൺകൾ കാണുകിൽ നിൻതൃമുഖാംബുജം

4 നിന്നാത്മ സാന്നിദ്ധ്യം തുലോം ആശ്വാസഹേതുകം
ദൃശ്യസംസർഗ്ഗം വിശ്രമം മാമക വാഞ്ഛിതം

5 ദുഃഖിതരൻ പ്രത്യാശ നീ പാപികൾക്കാശ്രയം
സാധുക്കളിൻ സന്തോഷവും നീ താൻ നിസ്സംശയം

6 വിസ്മയം നിയിസ്സാധുവെ സ്നേഹിച്ചതീദൃശ്യം
സ്നേഹിക്കും ആയുരന്തം ഞാൻ നിന്നെയന്യാദൃശ്യം

7 സ്നേഹപയോനിധേ! കൃപാസാഗരമേ! സ്തവം
യേശുമഹേശാ! തേ ബഹുമാനം സമസ്തവും

# 354

1 നായകാ! എൻ ക്രൂശെടുത്ത്
നിൻ പിന്നാലെ വരും ഞാൻ
നിന്ദ്യനായിത്തീർന്നെന്നാലും
നിൻ മഹത്വം ഘോഷിപ്പാൻ

എൻ കർത്താവെ ഞാൻ പിൻചെല്ലും
തൻ രക്തം താൻ ചൊരിഞ്ഞു
ലോകമെന്ന കൈവിട്ടാലും
കൃപയാൽ ഞാൻ പിൻചെല്ലും

2 ലൗകികാഭിലാഷമല്ല സ്വർഗ്ഗത്തിലെ ദൈവം താൻ
എന്റെ ദിവ്യ പങ്കെന്നേക്കും ഞാൻ മഹാ സൗഭാഗ്യവാൻ

3 നിൻ പ്രസാദം എൻ പ്രമോദം നിൻ പ്രകാശം ജീവനാം
നീ താൻ എന്റെ ഏകലാക്കും നീ എല്ലാറ്റിനും എല്ലാം

4 ശത്രു ഏറ്റം ക്രുദ്ധിച്ചാലും മിത്രം ഹസിച്ചിടിലും
നിന്റെ മുഖശോഭ മൂലം ക്ലേശമില്ലൊരിക്കലും

# 355

1 നാമെല്ലാരുമൊന്നായ് കൂടുവോം
നാഥനെക്കൊണ്ടാടിപ്പാടുവോം

ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത
നായകനു സ്തോത്രം ആദരവായി പാടുവോം

ഹാല്ലേലൂയ്യാ ഗീതം പാടിടാം
അല്ലലെല്ലാം മാറിപ്പോകുമേ
വല്ലഭൻ നമുക്ക് നല്ലവനായുണ്ട്
എല്ലാ ദാനങ്ങളും ചെയ്തരുളുമെന്നുണ്ട്

2 വാദ്യഘോഷത്തോടെ ഏകമായ്
വാനവർ സ്തുതിക്കും നാഥന്റെ
വന്ദ്യതിരുപാദം എല്ലാവരും തേടി
മന്ദതയകന്നു ഇന്നുമെന്നും പാടുവോം

3 ഏറ്റും ഖേദമെത്രയെന്നാലും
എല്ലാറ്റെയും വിലക്കിയല്ലോ
ഏഴകളിൻ ഭാരം ഏതും ചുമക്കുന്ന
ഏകകർത്താവിന് സാദരം നാം പാടുവോം

4 എല്ലാവിധ ആവശ്യങ്ങളും
നല്ലതുപോൽ ചെയ്തുവരുന്നു
എല്ലാമുട്ടും തീർത്ത നല്ല കർത്താവിനു
എല്ലാവരും ചേർന്ന് ഹല്ലേലൂയ്യാ പാടുവോം

5 ശത്രുവിന്നഗ്നിയസ്ത്രങ്ങളാൽ
ശക്തിയറ്റു ക്ഷീണിച്ചിടുമ്പോൾ
ശത്രുവെ ജയിച്ച കർത്തൻ നമുക്കുണ്ട്
ശുദ്ധർകൂട്ടം നാമും നിത്യം സ്തുതി പാടുവോം

6 സർവ്വബഹുമാനം സ്തുതിയും
ഉർവ്വിനായകനു മഹത്വം
സർവ്വരും സ്തുതിക്കും സർവ്വവല്ലഭനു
അല്ലും പകലും നാം ഹല്ലേലൂയ്യാ പാടുവോം

# 356

നാം വിമുക്തന്മാർ - ദൈവ
കൃപ ലഭിച്ചോർ - യാഹിൽ -
സന്തോഷിച്ചാനന്ദിച്ചാർക്കുക നാം

1 യാഹിലെ സന്തോഷം ബലം നമുക്ക്,
ഏവരും തൻ തിരുസന്നിധിയിൽ
ആത്മപൂർണ്ണരായ് ദിനവും - നാം
പാടി വാഴ്ത്തി സ്തുതിച്ചിടുക -

2 നാൾതോറും താൻ ചെയ്ത നന്മകൾക്കായ്,
നമ്മുടെ ഭാരങ്ങൾ വഹിച്ചതിനാൽ
വന്ദ്യനാം പിതാവിനെ - നാം
നന്ദിയോടെ സ്തുതിച്ചിടുക -

3 നാനാവിധ പരിശോധനകൾ
നാലുപാടും നമ്മെ മൂടിയപ്പോൾ
താങ്ങി തൻ കൃപാകരത്താൽ - നാം
നന്ദിയോടെ സ്തുതിച്ചിടുക -

4 തൻ കൃപയാൽ രക്ഷപ്രാപിച്ചു നാം,
വൻകൃപയിൽ നമ്മെ സൂക്ഷിക്കുന്നു
കൃപാകൃപായെന്നാർത്തുകൊണ്ട്
കൃപാസനത്തോടടുത്തിടുക -

5 ഇന്നയോളം പ്രിയൻ തൻ കൃപയിൽ
കണ്മണി പോൽ നമ്മെ കാത്തതിനാൽ
പൊന്നുനാമമുയർത്തി മോദാൽ - നാം
നന്ദിയോടെ സ്തുതിച്ചിടുക

# 357

1 നിരന്തരം ഞാൻ വാഴ്ത്തിടുമേ
നിത്യനാം എൻ യഹോവയെ

അനുദിനം തൻ നന്മകൾക്കായ്
ആയിരം സ്തോത്രങ്ങളർപ്പിച്ചിടാം
നാം സ്തോത്രം ചെയ്തിടാം ഗീതം പാടിടാം
യഹോവ നല്ലവനല്ലോ
ഹല്ലേലുയ്യാ പാടിടാം പിമ്പെ ഗമിച്ചീടാം
അല്ലെലെല്ലാം തീർക്കും കർത്തന്

2 ഈ ലോക ജീവിത കാലമെല്ലാം -
കണ്മണിപോലെ കാത്തല്ലോ
കാരുണ്യമാം നിൻ തിരുക്കരത്താൽ
മാറോടണച്ചെന്നെ പാലിച്ചല്ലോ

3 എൻ ഇമ്പതൂമ്പ കാലങ്ങളിൽ
നിൻ ഇമ്പസ്വരം കേട്ടല്ലോ
സ്നേഹ പ്രതീകമാം യേശുനാഥാ
സ്നേഹത്തിൻ പാതയിൽ നയിച്ചീടണേ

4 ഞാനോ ലോകാവസാനത്തോളം
കൂടെ ഉണ്ടെന്നുരച്ചോനെ
ഭാരങ്ങൾ തീർത്തെന്നെ ചേർത്തിടുവാൻ
കർത്താവെ നീ വേഗം വന്നിടണേ

# 358

നിത്യമാം സ്നേഹത്തിന്നാഴമുയരവും
നീളവും വീതിയുമാരാഞ്ഞിടാൻ
ഇഷ്ടരിൽ നിന്നെല്ലാം തിരഞ്ഞെടുത്തോ - എന്നെ
ശുദ്ധരോടൊത്തു വസിപ്പതിനായ് (2)

1 സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾ കടക്കുവാൻ കഴിയാത്ത
നിത്യനാം ദൈവത്തിനിഷ്ടപുത്രൻ
ദൂതരിൽ സ്തുതികളും താതനിൽ കൂടെയും
മോദമായ് ഇരുന്നിടാനിറങ്ങിയോ മർത്ത്യനായ്

2 കർത്താധികർത്താവായ് രാജാധി രാജാവായ്
ഇഹലോകരാജ്യങ്ങൾ നേടിടാതെ
കാൽവറി മേടതിൽ പാപിയെ നേടുവാൻ
യാഗമായ് തീർന്നതോ രക്തവും ചിന്തിയെ -

3 കൂട്ടുകാർ പിരിഞ്ഞിടും സോദരർ കൈവിടും
മാതാപിതാക്കളും മറന്നു പോകും
മരണത്തിൻ കൂരിരുൾ താഴ്വര കഴിവോളം
പിരിയാതെൻ കൂടവേ പാർത്തിടും താൻ

4 പിരിയാത്ത സ്നേഹിതാ തീരാത്ത പ്രേമമേ
നീയെന്റെ നിത്യാവകാശമല്ലോ
ഈ ഭൂവിൽ മാത്രമൊ നിത്യയുഗങ്ങളിലും
എൻ പ്രേമകാന്തനെ ഞാൻ കണ്ടിടുമേ

# 359

നിത്യസ്നേഹത്താലെന്നെ അവൻ സ്നേഹിച്ചു
അളവില്ലാത്ത തൻ കരുണയാൽ
നീക്കിയെൻ അശുദ്ധിയെല്ലാം

യേശുവേ പ്രാണനാഥാ നിന്നോടു
ചേരുന്നതെനിക്കു ലാഭം
ഹല്ലേലുയ്യാ പാടിടും ഞാൻ
ശോഭിത നഗരത്തെ കാണുന്നിതാ
യോർദ്ദാനെ ഭയപ്പെടുമോ ഇനി
കാണുന്നെൻ യേശുവേ മറുകരയിൽ

1 സൗഖ്യദായകനേശു നടത്തുന്നെന്നെ
അവനടിച്ചാലും ആയതെനിക്കു
നന്മയ്ക്കായ് തീർന്നിടുമേ -

2 വരുവാനുള്ള മഹിമ ഓർക്കുന്നടിയാൻ
അകറ്റുമെൻ ആമയം പൂർണ്ണമായ്
ആനന്ദമേ എനിക്ക് -

3 നിൻ വിശ്രാമത്തിലണയും വിശുദ്ധർ ഗണം
കാന്തയായ് വാഴുമേ സ്വർഗ്ഗത്തിൽ
ഇതിൽപരം ഭാഗ്യമുണ്ടോ -

# 360

നിനക്കായ് കരുതും
അവൻ നല്ല ഓഹരി
കഷ്ടങ്ങളിൽ നല്ല തുണ യേശു
കണ്ണുനീരവൻ തുടയ്ക്കും

1 വഴിയൊരുക്കുമവൻ ആഴികളിൽ
വലങ്കൈപിടിച്ചെന്നെ വഴിനടത്തും
വാതിലുകൾ പലതും അടഞ്ഞിടിലും
വല്ലഭൻ പുതുവഴി തുറന്നിടുമേ

2 വാഗ്ദത്തം നമ്മുടെ നിക്ഷേപമേ
വാക്കു പറഞ്ഞവൻ മാറുകില്ല
വാനവും ഭൂമിയും മാറിടുമേ
വചനങ്ങൾക്കോ ഒരു മാറ്റമില്ല

3 രോഗങ്ങളാൽ നീ വലയുകയോ
ഭാരങ്ങളാൽ നീ തളരുകയോ
അടിപ്പിണരാൽ അവൻ സൗഖ്യം തരും
വചനമയച്ചു നിന്നെ വിടുവിച്ചിടും

# 361

നിൻദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു
യേശുവേ എൻ ദൈവമേ നീ
എന്നും മതിയായവൻ

1 യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെൻമനം പാടിടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ

2 ദൈവമേ നിന്റെ സ്നേഹം
എത്ര നാൾ തള്ളി നീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ്

3 എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശു ഒരുക്കിയല്ലോ

4 നിത്യതയോർത്തിടുമ്പോൾ
എൻ ഹൃത്തടമാനന്ദിക്കും
സ്വർഗ്ഗീയ സന്തോഷജീവിതം
വിശ്വാസകണ്ണാൽ ഞാൻ കണ്ടിടുന്നു

# 362

1 നിൻ കൃപയിൽ ഞാൻ ആശ്രയിക്കുന്നേ - നിൻ
മനസ്സലിവിൽ ഞാൻ ചാരുന്നേ
എന്നാശ്വാസവും എന്റെ ആനന്ദവും - ഈ
അവനിയിൽ നീ മാത്രമേ

പരിശുദ്ധനേ! നിൻ പാദപീഠത്തിൽ
നിൻവിളികേട്ടു വരുന്നു ഞാൻ
സമ്പൂർണ്ണമായ് - എന്നെ സമ്പൂർണ്ണമായ്

നിൻഹിതം ചെയ്‌വാൻ
ഞാൻ സമർപ്പിക്കുന്നേ

2 പാപത്തിന്നാഴത്തിൽ ഞാൻ വലഞ്ഞപ്പോൾ -
ദൈവ - വഴികളെയറിയാതലഞ്ഞപ്പോൾ
നിൻസ്നേഹമെന്നെയും തേടിവന്നു
രക്ഷാദാനമെനിക്കേകിയതാൽ -

3 അറിയായ്മയുടെ കാലങ്ങളായ് മന്നി -
ലനവധി നാളുകൾ പാഴാക്കി ഞാൻ
നിൻ സേവചെയ്തു ഞാൻ
ജിവിക്കട്ടെ- എന്നിൽ നിന്നിഷ്ടം നിറവേറട്ടെ -

4 എന്നിലെ എവ്വിധ ഭാരങ്ങളും - എന്മേൽ
മുറുകെ ചേർന്നിടും ദോഷങ്ങളും
നീക്കുകെൻ പ്രിയനേ! നിന്നാത്മശക്തിയാ -
ലെന്നാളും ഞാനോടിടുവാൻ -

# 363

നിൻ മഹാസ്നേഹമേശുവേ!
എൻ മനസ്സിന്നഗാധമേ
എന്നിൽ നിൻ സ്നേഹകാരണം
എന്നറിവിന്നതീതമേ

1 താരകങ്ങൾക്കു മീതെയും
താവകസ്നേഹമുന്നതം
ആഴിയിലും നിൻസ്നേഹത്തി -
ന്നാഴമഗാധമെൻ പ്രിയ!

2 ദോഷിയാമെന്നെത്തേടിയോ
ക്രൂശുവരെയും താണു നീ!
പ്രാണനും നല്കി സ്നേഹിപ്പാൻ
പാപിയിൽ കണ്ടതെന്തു നീ!

3 മരണമോ ജീവനോ പിന്നെ
ഉയരമോ ആഴമോയെന്നെ

നിന്തിരു സ്നേഹത്തിൽ നിന്നും
പിന്തിരിക്കില്ല യാതൊന്നും

4 നിത്യതയിൽ നിൻ സന്നിധി -
യെത്തി ഞാൻ വിശ്രമിക്കവേ
നിൻ മുഖകാന്തിയിൽ സദാ
നിർവൃതി തേടും ഞാൻ പരാ

# 364

1 നിൻസന്നിധി മതി ഹാ! യേശുവേ!
നിൻ പ്രസാദം മതി ഈ എനിക്കു
വൻ ദു:ഖങ്ങളിലും നിൻ സന്നിധി മതി
നിൻ സന്നിധി മതി ഇന്നും എന്നും

2 ഭൂമിയിളകിലും - മാ സമുദ്രം
കോപിക്കിലും ഭയം ഇല്ലെനിക്കു
അന്നു നിൻ കൈ മതി നിൻ സന്നിധി മതി
നിൻ സന്നിധി മതി ഇന്നും എന്നും

3 ലോകത്തിലേകനായ് തീരുകയും
രോഗത്താൽ ബാധിത - നായിടിലും
തൃക്കണ്ണൻമേൽ മതി നിൻ സന്നിധി മതി
നിൻ സന്നിധി മതി ഇന്നും എന്നും

4 ആയിരമായിരം വൈരികളാൽ
ആവൃതനാകിലും ഞാൻ ഭ്രമിക്കാ
നീയെൻ പക്ഷം മതി നിൻ സന്നിധി മതി
നിൻ സന്നിധി മതി ഇന്നും എന്നും

# 365

നിൻ രക്തത്താൽ നിൻ
രക്തത്താലെന്നെ ശുദ്ധനാക്കി
നിൻ നീതിയാൽ യഹോവയേ

1 കാൽവറി മാമലമുകൾ
ഏറിയ ദൈവകുഞ്ഞാടേ
കൈകാൽ വിരിച്ചോ ക്രൂശിൻമേൽ
ക്രൂരമാം മുൾമുടി ചൂടിയോ? - നിൻ

2 പാപത്തിലാണ്ടു ജീവിച്ച
നിന്ദിതനാമെൻ പേർക്കായി
പാപമെന്തെന്നറിയാത്തോനേ!
നിൻ രുധിരം ക്രൂശിൽ ചിന്തിയോ? - നിൻ

3 ക്രൂരനാം സാത്താൻ തൻ തല
ക്രൂശിൽ ചതച്ച വീരനേ!
ശാപത്തിൻ കീഴിൽ നിന്നെന്നെയും
ശാശ്വതമാർഗ്ഗത്തിലാക്കി നീ - നിൻ

4 നിൻ തിരുനാമം വാഴ്ത്തുവാൻ
നിൻ പുതുഗാനം പാടുവാൻ
ശാപം നിറഞ്ഞ എൻ നാവിനെ
ശക്തിപ്പെടുത്തി നിൻ രക്തത്താൽ - നിൻ

# 366

1 നിന്നിഷ്ടം ദേവാ! ആയിടട്ടെ
ഞാനോ മൺപാത്രം നിൻ കരത്തിൽ
നിൻ പാദത്തിൽ ഞാൻ കാത്തിരിക്കും
നിന്നിഷ്ടംപോൽ നീ മാറ്റുകെന്നെ

2 നിന്നിഷ്ടം പോലെ ആകണമേ
നിൻ സന്നിധൗ ഞാൻ താണിരിക്കും
നിൻ വചനമാം തണ്ണീരിനാൽ
എന്നെ കഴുകി ശുദ്ധിചെയ്ക

3 നിന്നിഷ്ടം പോലെ ആകണമേ
എന്നുള്ളം നോവും വേളയിലും

നിൻകരം തൊട്ടു താലോലിക്കെൻ
കർത്താവേ! ഞാനും ശക്തനാവാൻ

4 നിന്നിഷ്ടം പോലെ ആകണമേ
എന്നിഷ്ടരെന്നെ തള്ളിയാലും
ഞാൻ കൈവിടില്ലയെന്നു ചൊന്ന -
നാഥാ നിൻ വാക്കെന്താശ്വാസമേ!

5 നിന്നിഷ്ടം പോലെ ആകണമേ
നിത്യവും ഞാൻ നിൻ ദാസൻ തന്നെ
എന്നുള്ളിൽ വാഴും ശുദ്ധാത്മാവാൽ
എന്നും നിറഞ്ഞു ശോഭിപ്പാൻ ഞാൻ

# 367

നിന്റെ ഹിതം പോലെയെന്നെ
നിത്യം നടത്തിടേണമേ!
എന്റെ ഹിതം പോലെയല്ലേ
എൻ പിതാവേ എൻ യഹോവേ!

1 ഇമ്പമുള്ള ജിവിതവും ഏറെ ധനമാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ

2 നേരുനിരപ്പാം വഴിയോ നീണ്ട നടയോ കുറുതോ
പാരം കരഞ്ഞോടുന്നതോ പാരിതിലും ഭാഗ്യങ്ങളൊ

3 അന്ധകാരം ഭീതികളോ അപ്പനേ! പ്രകാശങ്ങളോ
എന്തു നീ കല്പിച്ചിടുന്നോ - എല്ലാം എനിക്കാശീർവ്വാദം

4 ഏതു ഗുണമെന്നറിവാൻ ഇല്ല ജ്ഞാനമെന്നിൽ നാഥാ!
നിൻ തിരുനാമം നിമിത്തം നീതി മാർഗ്ഗത്തിൽ തിരിച്ചു

5 അഗ്നി മേഘത്തൂണുകളാൽ അടിയനെ എന്നും നടത്തി
അനുദിനം കൂടെ ഇരുന്നു - അപ്പനേ! കടാക്ഷിക്കുകേ

# 368

നിന്നിഷ്ടം പോലെയെൻ ദൈവമേ!
എന്നെ നടത്തണമെന്നുമേ
കഷ്ടത വന്നാലും നിൻ വഴി
വിട്ടുപോകാതെന്നെ കാത്തിടണേ

1 മന്നിടത്തിൽ സങ്കടങ്ങൾ
എന്നുള്ളത്തിൽ തിങ്ങിവിങ്ങിടുമ്പോൾ
വല്ലഭാ നീയല്ലാതാരുമേ
ഇല്ലെനിക്കാശ്വാസമായ്

2 ശത്രു തന്റെ കൂരമ്പുകൾ
എത്ര ശക്തിയായെയ്തിടിലും
കർത്താവെ നിൻ പൊന്നു കൈകളിൽ
ചേർത്തെന്നെ കാക്കുമല്ലോ -

3 മിത്രരെന്നെ കൈവിട്ടാലും
എത്ര പഴിച്ചു ദുഷിക്കുകിലും
ക്രിസ്തുവേ നീയെനിക്കുള്ളതാൽ
ഇല്ലൊരു ചഞ്ചലവും -

4 എൻ പ്രിയാ നീ എന്നു വരും?
എൻ കണ്ണുനീരെല്ലാമെന്നു തീരും?
നിൻ മുഖം നേരിൽ ഞാൻ കണ്ടല്ലാ -
തെൻ കണ്ണീർ തോരുകില്ല -

# 369

1 നിദ്രയിൽ ഞാനായ നേരം
ഭദ്രമായെന്നെ പാലിച്ച
സച്ചിദാത്മാവാം നിനക്കു
സ്തോത്രം ചെയ്യുന്നനന്തം

2 ചാവിൻ നിദ്രയിൽ നിന്നു ഞാൻ
ജീവിച്ചു കൺതുറക്കുമ്പോൾ
ദൈവമേ നിൻ നിത്യപ്രകാശത്തെ
കാണ്മാൻ തുണയ്ക്ക

3 എന്നുടെ പാപമഖിലം
സൂര്യനാൽ മഞ്ഞെന്നപോലെ
നന്നേ നശിപ്പിക്കയെൻ കർത്താവേ,
കാരുണ്യരാശേ!

4 എൻ നിനവുമിച്ഛകളും
നിൻ പുണ്യഹിതാനരൂപം
പൂർണ്ണമായ് പാലിക്ക
നിന്നാത്മാവാലെന്നെ നിറച്ച്

5 ഇന്നത്തെ എൻ ക്രിയകളും
വാഗ്മനോഭാവങ്ങളെല്ലാം
ഭംഗിയോടു നിൻഹിതത്തിൽ
തന്നെ ഭരിക്കേണമേ

6 പ്രാതഃപ്രസന്നാത്മാവിനെ
ജ്യോതിർമ്മയാ! തന്നു സത്യ -
വേദത്തിന്നൊത്തോരു മാർഗ്ഗേ
മോദാൽ നടത്തേണമേ

# 370

നിൻ അന്തികേ ഞാൻ നാഥാ! വരുന്നു
എന്നെത്തിരുക്കരത്തിൽ തരുന്നു
തവ മാറിൽ ഞാൻ ചാരുന്നു
മമ ഭാരമെല്ലാം തീരുന്നു

1 കാൽവറിക്കുരിശതിലെനിക്കായി
രക്തം നീ വാർത്തല്ലോ
താഴ്ചയിലെന്നെ ഓർത്തല്ലോ - നിൻ

2 വീണു ഞാൻ പാപച്ചെളിക്കുഴിയിൽ
കേണുവലഞ്ഞല്ലോ
താണു നീ വന്നു കരം തന്നു - നിൻ

3 നിൻ മഹത്സ്നേഹമധുരസ്വരം
എന്മനം കവർന്നല്ലോ
നിൻമകനായ് ഞാനും തീർന്നല്ലോ - നിൻ

# 371

1 നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ!
നിൻ ക്രൂശു ഞാൻ വഹിക്കെന്നാലുമേ
എൻ ഗീതം എന്നുമേ, നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ

2 ദാസൻ യാക്കോബെപ്പോൽ രാക്കാലത്തിൽ
വൻ കാട്ടിൽ കല്ലിന്മേൽ ഉറങ്ങുകിൽ
എൻ സ്വപ്നത്തിലൂമെ! നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ

3 നീ എന്നെ നടത്തും പാത എല്ലാം
വിൺ എത്തും ഏണിപോൽ പ്രകാശമാം
ദൂതർ വിളിക്കുന്നേ നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ

4 ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചിടും
കൽത്തലയിണയെ ബെഥേലാക്കും
എൻ തുമ്പത്താലുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ! ഞാൻ ചേർന്നിടും

5 ആകാശമാർഗ്ഗമായ് മഹോന്നതനെ
പറന്നുപോകിലും സന്തോഷമേ
എൻ ഗീതമെന്നുമെ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ! ഞാൻ ചേർന്നിടും

# 372

നിന്നേക്കാൾ സ്നേഹിപ്പാനെന്നുടെയായുസ്സിൽ
ഒന്നുമുണ്ടാകല്ലേ കർത്താവേ!
വന്ദിപ്പാൻ വാഴ്ത്തുവാൻ പാടുവാൻ ഘോഷിപ്പാൻ
എന്നും നിന്നെ മതി കർത്താവേ!

1 എന്നെയുമോർത്തു നീ ഖിന്നനായ് കാൽവറി -
ക്കുന്നിലെ ക്രൂശിലെൻ കർത്താവേ!
മന്നിലെ മോഹങ്ങളൊന്നുമെൻ കണ്ണിനു
മുന്നിലുയരല്ലേ കർത്താവേ! - നിന്നേ

2 എന്നഴൽ നീങ്ങുവാൻ നിൻകഴലാശ്രയം
നിൻനിഴൽ ശീതളം കർത്താവേ!
എന്നിരുൾ നീങ്ങിടും നിന്മുഖശോഭയാൽ
നിന്നരുൾ സാന്ത്വനം കർത്താവേ! - നിന്നേ

3 എന്നു നീ വന്നിടും നിന്നുടൽ കാണുവാൻ
എന്നിനി സാധിക്കും കർത്താവേ!
വന്നിടും ഞാൻ വേഗം എന്നുരചെയ്തപോൽ
വന്നിടണേ യേശു കർത്താവേ! - നിന്നേ

# 373

1 നിസ്സീമമാം നിൻ സ്നേഹത്തെ
പ്രകാശിപ്പിക്കും ക്രൂശിനെ
ദർശിച്ചനേരം നാഥനേ
നിനക്കു ഞാനധീനനായ്

2 ഈ ഭൂമിയിൽ നിക്ഷേപമായ്
ഞാനെണ്ണിവന്ന സർവ്വവും
ഗണിച്ചിടുന്ന നഷ്ടമായ്
ഈ ദർശനം മുഖാന്തരം

3 പ്രമോദമായെന്നായുസ്സിൽ
സ്നേഹിച്ച വ്യർത്ഥകാര്യങ്ങൾ
നികൃഷ്ടമെന്നറിഞ്ഞഹം
വെടിഞ്ഞിടുന്നശേഷവും

4 നിൻ ക്രൂശിൽ ഞാൻ നിരന്തരം
പ്രശംസിച്ചിടും രക്ഷകാ
മറ്റൊന്നിലുമെൻമാനസം
മഹത്ത്വമാഗ്രഹിക്കൊലാ

5 അഗാധമപ്രമേയമാം ഈ
സ്നേഹമർഹിക്കുന്നിദം
എൻ ദേഹം ദേഹി മാനസം
സമ്പൂർണ്ണമായ് സമസ്തവും

6 സാഷ്ടാംഗം വീണു പാദത്തിൽ
വണങ്ങിടുന്നു ഭക്തിയിൽ
നിനക്കും നിൻ പിതാവിന്നും മഹത്ത്വം
ദൈവാത്മാവിന്നും

# 374

1 നിലവിളിക്കാം നാം നിലവിളിക്കാം
എഴുന്നേറ്റു നിലവിളിക്കാം
രാക്കാലങ്ങളിൽ യാമാരംഭത്തിൽ
എഴുന്നേറ്റു നിലവിളിക്കാം

2 ഉണർന്നിടുക സോദരരെ
കണ്ണുനീരിൻ മറുപടിയ്ക്കായ്
ഹന്നായിൻ ദൈവം ഹഗാറിൻ ദൈവം
കണ്ണുനീരിൽ വെളിപ്പെടുമേ -

3 പകർന്നിടുക മനമുരുകി
വെള്ളം പോലെ കർത്തൻ സന്നിധേ

വഴിത്തലയ്ക്കൽ തളർന്നിരിക്കും
പൈതങ്ങൾക്കായ് നിലവിളിക്കാം -

4 ഗത്സമന ഭുവനത്തിൽ
യേശുനാഥൻ നിലവിളിയാൽ
ഉള്ളം തകർന്നു കണ്ണു നിറഞ്ഞു
ഭാരത്തോടെ നിലവിളിക്കാം -

5 കർമ്മേലിൻ മല മുകളിൽ
ഏലിയാവിൻ പ്രാർത്ഥന പോൽ
മുഴങ്കാലിൽ തല താഴ്ത്തി
വിശ്വാസത്താൽ നിലവിളിക്കാം -

# 375

നിസ്തുലനാം നിർമ്മലനാം
ക്രിസ്തുവിനെ സ്തുതിച്ചിടുവിൻ

1 അദൃശ്യനാം ദൈവത്തിൻ പ്രതിമയവൻ
ദൈവിക തേജസ്സിൻ മഹിമയവൻ
ആദിയവൻ അന്തമവൻ
അഖിലജഗത്തിനും ഹേതുമവൻ -

വചനമായിരുന്നവൻ ജഡമെടുത്തീ
പാർത്തലത്തിൽ വന്നു പാർത്തതിനാൽ
നമുക്കു തന്റെ നിറവിൽ നിന്നും
കൃപമേൽ കൃപ ലഭിപ്പാനിടയായ്

2 തൻകൃപയിൻ മഹിമാധനത്തെ
നിത്യയുഗങ്ങളിൽ കാട്ടിടുവാൻ
മർത്യൻ നമ്മെ അവനുയർത്തി
സ്വർഗ്ഗസ്ഥലങ്ങളിലങ്ങിരുത്തി

3 വിണ്ണിലും മണ്ണിലും ഉള്ളതെല്ലാം
പിന്നെയും ക്രിസ്തുവിലൊന്നാകും

പൂർണ്ണതയിൽ ദൈവികമാം
നിർണ്ണയങ്ങൾ നിറവേറിടുമേ

# 376

1 നിന്റെ യഹോവ നിനക്കു നിത്യപ്രകാശം
നിന്റെ ദൈവം നിനക്കു ദിവ്യതേജസ്സ്
ഈ ചന്ദ്രൻ ഇനി അസ്തമിക്കില്ല
ഈ സൂര്യൻ ഇനി അസ്തമിക്കില്ല (2)

എഴുന്നേറ്റു പ്രകാശിക്ക (2)
ദിവ്യപ്രകാശം നിന്നിൽ വന്നിരിക്കുന്നു
ദിവ്യതേജസ്സ് നിന്നിൽ വന്നിരിക്കുന്നു

2 അന്ധകാരം ഭൂമിയെ മൂടിടുന്നു
കൂരിരുട്ടു ജാതിയെ മൂടിടുന്നു
നിന്റെ മേലോ യഹോവ ഉദിച്ചിരിക്കുന്നു
ദിവ്യതേജസ്സ് നിന്നിൽ വ്യാപരിക്കുന്നു

3 പകൽവെളിച്ചം ഇനി സൂര്യനല്ല
നിലാവെളിച്ചം ഇനി ചന്ദ്രനല്ല
യഹോവ നിനക്കു വെളിച്ചമായ്
നീതിസൂര്യൻ നിന്നിൽ മഹത്വമായ്

# 377

നീതിമാന്റെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നു
പനപോലെ അവൻ തഴച്ചു വളർന്നു വന്നിടും

1 എന്റെ നാമത്തിങ്കൽ യാചിച്ചിടിൽ നിങ്ങൾ
ക്കുത്തരം അരുളും ഞാൻ അറിഞ്ഞിടാത്തതാം
അത്ഭുതകാര്യങ്ങൾ വെളിപ്പെടുത്തിടും ഞാൻ

2 ഇതുവരെ നിങ്ങൾ കർത്തൻ തൻ നാമത്തിൽ
ഒന്നുമേ യാചിച്ചില്ല - നിറഞ്ഞുകവിയും
സന്തോഷം യാചിക്കിൽ അനുഭവിച്ചുകൊൾവിൻ

3 കർത്താവിനുവേണ്ടി കാത്തിരിക്കുന്നവർ
പുതുശക്തിപ്രാപിക്കും കഴുകന്മാരെപ്പോൽ
ചിറകടിച്ചവർ പറന്നുപോയിടും

4 ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും
എത്രയോ അധികമായ് ഉള്ളത്തിൽ പ്രിയമായ്
ചെയ്യും രക്ഷകന് സ്തോത്രം നിത്യമായ്

5 കൈവിടുകയില്ല ഞാൻ മാറിപ്പോകില്ല ഞാൻ
നിന്നെ വിട്ടൊരുനാളും നിങ്ങളതിനാലെ
ധൈര്യത്തോടുകൂടെ കർത്തനിലാശ്രയിപ്പിൻ

# 378

നീങ്ങിപ്പോയി എന്റെ ഭാരങ്ങൾ
മാറിപ്പോയി എന്റെ ശാപങ്ങൾ
സൗഖ്യമായി എന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ

ഹല്ലേലൂയ്യാ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും
ഹല്ലേലൂയ്യാ ഞാൻ വാഴ്ത്തിടും
സർവ്വശക്തൻ ആയവനെ (2)

1 യേശുവിൻ നാമം വിടുതലായ്
യേശുവിൻ നാമം രക്ഷയ്ക്കായ്
യേശുവിൻ നാമം സൗഖ്യമായ്
യേശുവിൻ നാമത്തിൽ (2) ഹല്ലേലൂയ്യാ

2 യേശുവിൻ രക്തം ശുദ്ധിക്കായ്
യേശുവിൻ രക്തം കഴുകലായ്
യേശുവിൻ രക്തം വിടുതലായ്
യേശുവിൻ നാമത്തിൽ (2) ഹല്ലേലൂയ്യാ

# 379

1 പാടി പുകഴ്ത്തിടാം ദേവദേവനെ
പുതിയതാം കൃപകളോടെ
ഇന്നലെയുമിന്നുമെന്നും മാറാ യേശുവെ
നാം പാടി പുകഴ്ത്താം

യേശുവെന്ന നാമമേ
എൻ ആത്മാവിൻ ഗീതമേ
എൻ പ്രിയയേശുവെ ഞാൻ എന്നും
വാഴ്ത്തിപുകഴ്ത്തിടുമെ

2 ഘോരഭയങ്കരകാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തുമാർവ്വണച്ച
സ്നേഹം നിത്യം പാടും ഞാൻ

3 പെറ്റതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവപാതെ എന്നും ഓടും ഞാൻ

4 ഭൂമിയെങ്ങും പോയി സാക്ഷി
ചെല്ലുവിൻ എന്നുരച്ച കൽപനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ്
ചേർന്നു പ്രിയനായ് വേലചെയ്യും ഞാൻ

5 യോർദ്ദാൻ സമമന ശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടു കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം

# 380

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ

1 നീയല്ലോ ഞങ്ങൾക്കായി മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ പാപമെല്ലാമേറ്റതും -

2 കാൽവറി മലമുകളേറി നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നുതൂങ്ങി മരിച്ചുയിരേകിയ -

3 അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നുപോറ്റുന്നോൻ
ഇന്നുമെന്നും കൂടയുണ്ടെന്നുള്ള വാക്കു തന്നവൻ -

4 ശത്രുവിന്നഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയംതന്നു കാത്തുസൂക്ഷിച്ചിടുന്ന -

5 ജനകനുടെ വലമമർന്നു നീ ഞങ്ങൾക്കായ്
ദിനംപ്രതി പക്ഷവാദം ചെയ്തു ജീവിച്ചിടുന്ന -

6 ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ -

7 നിത്യജീവമൊഴികൾ നിന്നിലുണ്ടു പരനേ
നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങുപോയി വസിക്കും

# 381

നീയെന്റെ രക്ഷകൻ നീയെൻ പാലകൻ
നീയെന്റെ അഭയസ്ഥാനം
നീറിടും വേളയിൽ നീയെനിക്കേകിടും
നന്മയിൻ നീരുറവ

നീ ഞങ്ങൾക്കേകിലും നന്മകൾ ഓർത്തെന്നും
പാടിടും സ്തുതി ഗീതങ്ങൾ
ആനന്ദഗാനങ്ങൾ ആകുലനേരത്തിൽ
പാടി ഞാനാശ്വസിക്കും

കർത്താവിലെപ്പോഴും
സന്തോഷിച്ചാർക്കുവിൻ
സ്തോത്രഗാനങ്ങൾ കഴിപ്പിൻ
അവൻ സ്ഥിതിമാറ്റുമ്പോൾ
യാക്കോബുഘോഷിക്കും
യിസ്രായേൽ ആനന്ദിച്ചിടും

# 382

നീ എന്റെ സങ്കേതം നീ എനിക്കാശ്വാസം
നീ എന്റെ സ്നേഹിതനും നീ എനിക്കെല്ലാമല്ലോ
ഒന്നേ എന്നാശയതേ നിന്റെ പൊൻമുഖം കാണേണം
കണ്ണീരുതോരും നാൾ എനിക്കേറ്റം അടുത്തല്ലോ

1 ശത്രുക്കൾ വളഞ്ഞാലും മിത്രങ്ങൾ അകന്നാലും
ശുത്രുക്കൾ മുമ്പാകെ എന്നെ ഉയർത്തും നീ

2 ലോകം വെറുത്താലും ദേഹം ക്ഷയിച്ചാലും
ജയം തരുന്നവനേ നീയെനിക്കെല്ലാമേ

# 383

നീ മതി എന്നേശുവേ - ഈ ജീവിതയാത്രയിൽ
കൂടെ നടന്നിടുവാൻ കണ്ണീർ തുടച്ചിടുവാൻ

1 നീയല്ലാതാരുമില്ലീ നീറുന്ന ശോധനയിൽ
താങ്ങിടുവാൻ പ്രിയനേ തള്ളരുതേഴയെന്നെ -

2 ഉള്ളം കലങ്ങിടുമ്പോൾ ഉറ്റവർ മാറിടുമ്പോൾ
ഉന്നതനന്ദനനേ ഉണ്ടെനിക്കാശ്രയം നീ -

3 മാറയിൽ മാധുര്യമായ് പാറയിൽ വെള്ളവുമായ്
മാറ്റമില്ലാത്തവനായ് മറ്റാരുമില്ലിതുപോൽ

4 അന്നന്നു വേണ്ടുന്നതാം അന്നം തരുന്നവനായ്
അന്തികെയുള്ളതിനാൽ അന്ത്യം വരെ മതിയാം

# 384

നീറുന്ന വേളയിൽ ഞാൻ
നിനെച്ചിടും നിന്നെയെന്നും
പതറുന്ന പാതയിൽ ഞാൻ
നോക്കിടും നിന്നെയെന്നും

1 മാറിടും ഈ ലോകരെല്ലാം
മറന്നിടും ഈ ലോകസ്നേഹം
മാറ്റമില്ലാത്ത ശബ്ദം
കേട്ടുണരൂ നീയിന്ന് ഓ - ഓ - നീറുന്ന

2 ആഞ്ഞടിക്കും കാറ്റിലും
അല തല്ലും തിരകളിലും
പാറയാം ക്രിസ്തുവിൽ ഞാൻ
കുലുങ്ങുകില്ലൊരു നാളിലും ഓ - ഓ - നീറുന്ന

3 ക്ലേശമാം മരുയാത്രയിന്ന്
തളരാതെ തികച്ചിടുവാൻ
പ്രതിഫലം നൽകും ദിനം
ധൈര്യമായ് നിൽക്കുമോ ഓ - ഓ - നീറുന്ന

# 385

1 നീ വീണ്ടെടുത്തതാം എൻ പ്രാണനും
ഘോഷിച്ചുല്ലസിക്കും എന്നാത്മാവും
ആഴിയിൽ ആഴംപോൽ അഗാധമാം
നിൻസ്നേഹം ഞാനെന്നും ധ്യാനിക്കുമ്പോൾ
ക്രൂശിൽ ഞാൻ കാണും നിത്യസ്നേഹം
പാപിയെത്തേടും ദിവ്യസ്നേഹം

പാടിടും ഞാൻ ഇന്നുമെന്നും
പാരിലെന്നും പ്രഘോഷിക്കും
ആമോദമായ്, ആഘോഷമായ്
സ്നേഹമതാൽ, സ്നേഹമതാൽ,

2 സീമയ്ക്കതീതമാം ഈ പ്രപഞ്ചം
സർവ്വേശൻ തൻ നാമം ഘോഷിക്കുമ്പോൾ
തലചായ്പാനിടമില്ലാതീധരയിൽ
പാപിയെ നേടാൻ പാടുപെട്ടു -

3 വിൺദൂതർ വാഴ്ത്തും വിൺനാഥനാം
ഉർവിക്കധിപനാം ദൈവപുത്രൻ
മണ്ണിൽ മനുജനെപ്പോൽ ധരയിൽ
പാപിയെ നേടാൻ പാടുപെട്ടു -

4 വിണ്ണിനും മണ്ണിനുമായ് നടുവിൽ
ഇരുകള്ളർ നടുവിൽ ഗോൽഗോഥാമുകളിൽ
ചങ്കിലെ രക്തം ഊറ്റിക്കൊടുത്തു
പാപിയെ നേടാൻ പാടുപെട്ടു -

# 386

1 നീ കൂടെ പാർക്കുക എൻ യേശു രാജനേ!
നിൻ ദിവ്യപ്രതിമ എന്നിൽ തികയ്ക്കുകേ

നീ കൂടെ പാർത്തിടേണം നിത്യം കാത്തിടേണം
എപ്പോഴും നിറയ്ക്കേണം നിൻ ആത്മാവാൽ

2 നീ കൂടെ പാർക്കുക സാത്താൻ പരീക്ഷിക്കിൽ
ഒരാപത്തും ഇല്ലാ നിൻ സന്നിധാനത്തിൽ - നീ

3 നീ കൂടെ പാർക്കുക ഈ ലോകമദ്ധ്യത്തിൽ
നീ പ്രാപ്തൻ രക്ഷകാ കാപ്പാൻ നിൻ സത്യത്തിൽ - നീ

4 നീ കൂടെ പാർക്കുക എന്നാൽ കഷ്ടത്തിലും
ഞാൻ ക്ഷീണിത വിനാ നിൻ സ്നേഹം പുകഴ്ത്തും - നീ

5 നീ കൂടെ പാർക്കുക വിശ്വാസസാക്ഷിക്കായ്
എപ്പോഴും ധൈര്യം താ താ ജ്ഞാനത്തിന്റെ വായ് - നീ

6 നീ കൂടെ പാർക്കുക എന്നിൽ ഒരറിവും
ഇല്ല നിന്നിലല്ലാതില്ലൊരു കഴിവും - നീ

7 നീ കൂടെ പാർക്കുക - വിട്ടാലും ഏവരും
നീ എന്നെ കൈവിടാതെന്നേക്കും സ്നേഹിക്കും - നീ

8 നീ കൂടെ പാർക്കുക വന്നാലും മരണം
എൻ ജീവനായക! നീ അന്നും ശരണം - നീ

# 387

1 നീ എന്റെ രാജൻ വാഴ്ത്തുന്നു
മഹത്വം നിനക്കു കരേറ്റുന്നു
നിൻ മുൾക്കിരീടം ഓർമ്മിക്കാൻ
നടത്തെന്നെ ക്രൂശിങ്കൽ (2)

നിൻഗത്സമനാ ഭാരവും
നീ പോയതായ പാതയും
മഹൽസ്നേഹം മറക്കാതിരിക്കാൻ
നടത്തെന്നെ ക്രൂശിങ്കൽ

2 ചൊരിഞ്ഞു നിൻ രുധിരം ക്രൂശിന്മേൽ
അനന്തമാം പാപത്തെ പോക്കാനായി
മരണത്തിൻ പങ്കാളിയാകുവാൻ
നടത്തെന്നെ ക്രൂശിങ്കൽ - നിൻ

3 മരണത്തെ ജയിച്ചു ജയവീരൻ
തിരുവചനത്തിനു നിവൃത്തിവന്നു
തുറന്ന കല്ലറയെ ഓർമ്മിക്കാൻ
നടത്തെന്നെ ക്രൂശിങ്കൽ - നിൻ

4 സമർപ്പിക്കുന്നടിയാൻ തിരുമുമ്പിൽ
നാൾ തോറും ക്രൂശു ചുമക്കാനായി
ചൊരിക നിൻ അഗ്നി എൻ നാവിന്മേൽ
നിൻ ക്രൂശിനെ ഘോഷിക്കാൻ - നിൻ

# 388

പതറാതെൻ മനമേ നിന്റെ നാഥൻ ജീവിക്കുന്നു
ആശ്രയം താനല്ലയോ കരുതിടും അന്ത്യം വരെ

1 മനുജരെ നോക്കിടാതെ അവശരിൽ ചാരിടാതെ
മനുജനെ നോക്കിടുമ്പോൾ ക്ഷീണിതനായ് ഭവിക്കും

കാത്തിരിക്കു നിന്റെ നാഥനെ
കഴുകൻപോൽ പറന്നുയരൂ...

2 ഒരിക്കലും പിരിയില്ല ഒരുനാളുകൈവിടില്ല
പിരിയാതെ തന്റെ മേഘം നിൻകൂടെ യാത്രചെയ്യും
മന്നിലെ ചൂടൊന്നും നോക്കണ്ട തണലവൻ കൂടെയെപ്പോഴും

3 യേശുവെ ഉറ്റു നോക്കു ആശ നീ കൈവിടാതെ
ഈശനിൽ വൻകരങ്ങൾ പോറ്റുവാൻ ശക്തമല്ലോ
കണ്ണുനീരിൻ താഴ്വര മാറ്റും ജലാശയമായ്...

# 389

പരമ കരുണാരസരാശേ! ഓ! പരമകരുണാരസരാശേ!
1 പാരിതിൽ പാതകിയാമെനിക്കായി നീ
പരമ - ഭവന - മതിനെ - വെടിഞ്ഞ
കരുണയൊരുപൊഴുതറി -
വതിന്നിടരറുവതിന്നരുളിന
കരുണമതു തവ ചരണമാം മമ
ശരണമാം ഭവ തരണമാമയി!

2 നാഥാ നിന്നാവിയെൻ നാവിൽ
വന്നാകയാൽ നവമായുദിക്കും
സ്തുതികൾ ധ്വനിക്കും നലമൊടഹമുര ചെയ്തിടും
മമ ചെയ്തിടും നിൻ കൃപാ കലിതസുഖമിഹമരുവിടും
സ്തവമുരുവിടും ദയ പെരുകിടുന്നൊരു - പര

3 ശാപമീഭൂവിൽനിന്നാകവേ നീങ്ങുവാൻ
സകലാധിപ വാനൊളിയാൽ നിറവാൻ
സകല മനുജരിലമിതമാം സുഖമുയരുവാൻ സാദരം
പകരുകരുളതിസുലഭമായതിവിപുലമായ്
ബഹുസഫലമായി!

# 390

പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നല്കിയവൻ
പാപങ്ങളാകവേ ക്ഷമിച്ചിടുന്നു
രോഗങ്ങളഖിലവും നീക്കിടുന്നു

1 അമ്മയെപ്പോലെന്നെ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ
നിത്യമാം ജീവനെ നല്കിയവൻ -

2 ഇടയനെപ്പോൽ നമ്മെ തേടിവന്നു
പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവൻ
സ്വന്തരക്തം നമുക്കേകിയവൻ

3 കുടുകളെ കൂടെക്കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ,
നിലംപരിചായി നാം നശിച്ചിടാതെ -

4 സ്തോത്രം ചെയ്യാം ഹൃദയംഗമായി
കുമ്പിടാമവൻ മുമ്പിലാദരവായ്
ഹല്ലേലുയ്യാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷയിൻ പാറ -

# 391

1 പരമപിതാവിനെ പാടി സ്തുതിക്കാം
തിരുമകനെ തന്ന സ്നേഹത്തെയോർക്കാം
പരിപാവനപാദത്തിൽ വീണു നമിക്കാം
പരമാനന്ദത്തോടു പാടിപ്പുകഴ്ത്താം

2 അഖിലാണ്ഡമെല്ലാമുളവാക്കി വാക്കാ -
ലെങ്കിലും മാനവരക്ഷ സാധിക്കാൻ
തൻകുമാരൻ തിരുച്ചങ്കിലെ രക്തം
ചൊരിവതിന്നായ് താതനനുവദിച്ചല്ലോ

3 ഒരു കണ്ണിന്നും ദയ തോന്നാതെ നമ്മൾ
പരിതാപം പൂണ്ടു കിടന്നൊരു നേരം
അരികേ വന്നാശ്വാസം തന്നൊരു സ്നേഹം
അകമേ നിനച്ചു വണങ്ങി നമിക്കാം -

4 തിരുവചനം നമ്മൾക്കു വഴികാട്ടുവാനും
പരിശുദ്ധാത്മാവിനെ ഗുരുഭൂതനായും
പരിപാലിപ്പാനായി ദൂതഗണത്തെയും
തരുവാൻ പ്രസാദിച്ച താതന്നു സ്തോത്രം -

5 സ്വർഗ്ഗസ്ഥതാതന്നു സ്തോത്രം സ്തോത്രം
ക്രിസ്തേശുനാഥന്നു സ്തോത്രം! സ്തോത്രം
പരിശുദ്ധാത്മാവിന്നും സ്തോത്രം! സ്തോത്രം
ഇന്നുമെന്നെന്നേക്കും സ്തോത്രം! സ്തോത്രം

# 392

പരമദായകനേ സ്തുതി നിനക്ക്
സ്തോത്രമെന്ന യാഗത്താലേ സ്തുതി നിനക്ക്
അനുദിനം നിന്നെ സ്തുതിച്ചിടുന്നു ഞാൻ
അനുദിനമെന്നെ നടത്തുന്നതിനാൽ - പരമ

1 നീയെന്നുള്ളത്തിൽ വന്ന നാളിൽ
എന്തുമനോഹരമാം എൻ ജീവിതം
അത്ഭുതകരമായി പോറ്റുന്ന ദിനങ്ങൾക്കു
എന്തു ഞാൻ നൽകേണം നാഥാ
ഹൃദയമല്ലാതെ വേറെയെന്നിൽ
ഒന്നുമില്ലേ തരുവാൻ - പരമ

2 നീയെൻ കാൽകളെ നൽവഴിയാക്കി
നീയെൻ ഗമനത്തെ അറിയുന്നതിനാലും
നിന്നോടു ചേർന്നെന്നും നിത്യം വസിപ്പാനും
നിന്നവകാശം നീ തന്നു
നിൻ തിരു രാജ്യത്തിൽ ചേരുവാനായി
ഒരുങ്ങിടുന്നേ ഞാനും - പരമ

# 393

പരപരമേശാ വരമരുളീശ
നീയത്രേയെൻ രക്ഷാസ്ഥാനം

1 നിന്നെക്കാണും ജനങ്ങൾക്കു
പിന്നെ ദുഃഖമൊന്നുമില്ല -

2 നിന്റെ എല്ലാ നടത്തിപ്പും
എന്റെ ഭാഗ്യനിറവല്ലോ -

3 ആദിയിങ്കൽ കയ്പാകിലും
അന്ത്യമോ മധുരമത്രേ -

4 കാർമേഘത്തിനുള്ളിലും ഞാൻ
മിന്നും സൂര്യ - ശോഭകാണും -

5 സന്ധ്യയിങ്കൽ വിലാപവും
സന്തോഷമുഷസ്സിങ്കലും

6 നിന്നോടൊന്നിച്ചുള്ള വാസം
എന്റെ കണ്ണീർ തുടച്ചിടും -

7 നിന്റെ മുഖശോഭമൂലം
എന്റെ ദു:ഖം തീർന്നുപോകും -

# 394

പരിശുദ്ധൻ മഹോന്നതദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ
വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോകനാഥനാം മശിഹാ -
ആഹാ ഹാ ഹാല്ലേലുയ്യാ (8)

അവനത്ഭുത മന്ത്രിയാം ദൈവം
നിത്യതാതനും വീരനാം ദൈവം
ഉന്നതദേവൻ നീതിയിൻ സൂര്യൻ
രാജാധിരാജനാം മശിഹാ
ആഹാ ഹാ ഹാല്ലേലുയ്യാ (8)

കോടാ കോടിതൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻപ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ -
ആഹാ ഹാ ഹാല്ലേലുയ്യാ (8)

# 395

1 പരമരാജാ ഗുരുവരനെ സ്തുതിക്കുന്നു
ദിനം തോറും അതിരാവിലെ
തരിക നാഥാ പുതിയ വരം -
അരുളുക രാവിലെയിന്നേഴകൾക്കു
ജീവൻ കൊടുക്കുന്ന പുതിയ മന്നാ - (2)
ഏഴകളാം ഞങ്ങൾക്കേകിടുക

2 അതിരാവിലെ തിരുമുഖത്തെ
നോക്കീടുന്ന ജനം ശോഭിച്ചീടും - തിരു
വാഗ്ദത്തത്തിൽ ആശ്രയിച്ചു
പരമപിതാവിനെ സ്തുതിച്ചിടുന്നു

3 മഗ്ദൽ മേരി - അതിരാവിലെ
കൂട്ടരുമായങ്ങേ തേടിവന്നു
ഈ ദിനത്തിൽ ഏഴയിതാ -
രാവിലെ തിരുമുമ്പിൽ വണങ്ങിടുന്നേ

4 നേരിയസ്വരം പരമസുതാ
അതിരാവിലെ ഞങ്ങൾക്കരുളേണമെ
കുരിശെടുത്തു ഗുരുവരന്റെ അതിരറ്റ
വേലകൾ ചെയ്തിടുവാൻ

# 396

പാടും ഞാൻ യേശുവിന്നു
ജീവൻ പോവോളം നന്ദിയോടെ

1 പാടും ഞാനെന്നകതാരിലനുദിനം
വാഴും ശ്രീയേശുവിന്നു ഒരു
കേടും കൂടാതെന്നെ പാലിക്കും നാഥനെ
പാടി സ്തുതിക്കുമെന്നും

2 സ്വന്തജനമായ യൂദന്മാരെ തള്ളി -
യന്ധതയിൽ കിടന്നു - ബഹു
സന്താപത്തോടുഴന്നിടും പുറജാതി
സന്തതിയെ വീണ്ടോനേ -

3 കാട്ടൊലിവിൻ ശാഖയായിരുന്നയെന്നിൽ
നല്ല ഫലം നിറപ്പാൻ - അവൻ
വെട്ടിയിണച്ചെന്നെ നല്ലൊലിവിൽ തരു -
വോടതു ചിന്തിച്ചെന്നും -

4 കൺമണിപോലെന്നെ ഭദ്രമായ് നിത്യവും
കാവൽ ചെയ്തീടുമെന്നും - തന്റെ
കണ്ണുകൊണ്ടെന്നെ നടത്തീടുമെന്നതും
ഓർത്തതിമോദമോടെ -

5 കാന്തനിവനതി മോദമോടെ മേഘ -
വാഹനത്തിൽ കയറി - തന്റെ
കാന്തയോടുല്ലസിച്ചാനന്ദിപ്പാനെഴു -
ന്നള്ളുന്നതോർത്തുകൊണ്ടും -

# 397

1 പാടും ഞാനേശുവിൻ അതുല്യസ്നേഹത്തെ
പാരിൽ പരദേശിയായ് പാർക്കുന്ന വീട്ടിൽ
പാവനമാം ചട്ടമെന്റെ കീർത്തനങ്ങളത്രേ
നാൾതോറും അവനെ ഞാൻ ധ്യാനിക്കുന്നേൻ

യേശു എൻ പ്രിയൻ
ക്രിസ്തേശു എൻ പ്രിയൻ
യേശുവെപ്പോൽ വേറേ പ്രിയനില്ലയേ

2 പർവ്വതമാം സമം പ്രശ്നങ്ങളാലേ
നിർവ്വാഹമില്ലാതെ ഞാനലയുമ്പോൾ
നിർമ്മാണപദ്ധതി തന്നിലവനെന്നെ
കർമ്മയോഗിയാക്കുന്നെന്നെ നടത്തി അനുദിനം

3 കണ്ണുനീർ താഴ്വര ഞാൻ നടന്നാലും
എണ്ണപ്പെട്ടോരാരും കൂട്ടില്ലെന്നാലും
എന്തിനു എന്നുള്ളം വൃഥാ കലങ്ങുന്നു അണുവും
എന്നെ സ്നേഹിക്കുന്ന യേശു ബലഹീനനോ?

4 കഷ്ടതയാകുന്ന കഠിനശോധനയിൽ
നഷ്ടപ്പെടാതെയെൻ വിശ്വാസം കാപ്പാൻ

വിശ്വാസത്തിൻ നായകനും പൂർത്തിമാനുമായ
യേശുവെനോക്കി ഞാൻ പാർത്തിടുമേ

5 എന്നുള്ളം നന്ദിയാൽ തുളുമ്പുന്നുമോദാൽ
മന്നിലെൻ വേലയും തികച്ചിടുവാനായ്
നിന്ദ, അപമാനം പഴി ദുഷികളെന്നേവം
ഉന്നതാവകാശത്തിന്നു മുതൽക്കൂട്ടല്ലോ

6 മണ്ണാമെൻ കൂടാരം അഴിഞ്ഞുപോമെന്നോ?
എൻപ്രിയൻ വരവും സമീപമായെന്നോ?
ഏതിനും ഞാനൊരുങ്ങുന്നു കൃപയാൽ നാൾതോറും
എനിക്കെന്റെ ഇമ്പവീട്ടിൽ പോയാൽ മതി

# 398

പാടും ഞാൻ എന്നേശുവിന്റെ സ്നേഹത്തെ
കീർത്തിക്കും തൻ നാമത്തെ സന്തോഷമായ്

1 കുപ്പയിൽ കിടന്നയെന്നെ വീണ്ടെടുത്തല്ലോ
ശ്രേഷ്ഠരാം പ്രഭുക്കന്മാരോടൊപ്പമിരുത്തി
നന്ദിയാലെൻ മനം നിറയുന്നേൻ - പാടും

2 നിത്യമാം നരകത്തിനുയോഗ്യനാമെന്നെ
സ്വന്തപുത്രനാക്കിത്തീർത്തതെന്തൊരത്ഭുതം
നന്ദിയാലെൻ മനം നിറയുമ്പോൾ - പാടും

3 പാപത്തിന്റെ ശമ്പളം മരണമെന്നതാം
ദൈവനീതി പുത്രന്മേൽ ചൊരിഞ്ഞ സ്നേഹമേ
നന്ദിയാലെൻ മനം നിറയുന്നേൻ - പാടും

4 വീണ്ടും വന്നു ചേർത്തുകൊള്ളുമെന്ന വാഗ്ദത്തം
നൽകി നമ്മെ വീണ്ടെടുത്ത നല്ല രക്ഷകൻ
നന്ദിയാലെൻ മനം നിറയുന്നേൻ - പാടും

# 399

പാടും നിനക്കു നിത്യവും – പരമേശാ!
പാടും നിനക്കു നിത്യവും
കേടകറ്റുന്ന മമ നീടാർന്ന നായകാ...

1 പാടും ഞാൻ ജീവനുള്ള നാളെന്നും നാവിനാൽ
വാടാതെ നിന്നെ വാഴ്ത്തുമേ പരമേശാ!

2 പാടവമുള്ള സ്തുതി പാഠകനെന്നപോൽ
തേടും ഞാൻ നല്ല വാക്കുകൾ പരമേശാ!

3 പൂക്കുന്നു വാടിയൊരു പൂവല്ലിതൂമഴയാൽ
ഓർക്കുന്നു നിന്റെ പാലനം പരമേശാ!

4 ഗന്ധം പരത്തിടുന്ന പുഷ്പങ്ങളെന്നുടെ
അന്തികം രമ്യമാക്കുന്നു, പരമേശാ!

5 ശുദ്ധരിൽ വ്യാപരിക്കും സ്വർഗ്ഗീയ വായുവാൽ
ശുദ്ധമീ വ്യോമമണ്ഡലം പരമേശാ!

6 കഷ്ടത്തിലും കഠിന നഷ്ടത്തിലും തുടരെ
തൃഷ്ടിക്കപ്പെടുത്തിയെന്നെ നീ പരമേശാ!

7 സ്നേഹക്കൊടിയെനിക്കുമീതെ വിരിച്ചു പ്രീയൻ
ഞാനും സുഖേന വാഴുന്നു പരമേശാ!

8 ആയവൻ തന്ന ഫലം ആകെ ഭുജിച്ചു മമ
ജീവൻ സമൃദ്ധിയാകുന്നു പരമേശാ!

9 ദൈവപ്രഭാവമെന്റെ മുന്നിൽ തിളങ്ങീടുന്നു
ചൊല്ലാവതല്ല ഭാഗ്യമെൻ പരമേശാ!

10 എന്നുള്ളമാകും മഹാ ദൈവാലയത്തിൽ നിന്നു
പൊങ്ങും നിനക്കും വന്ദനം പരമേശാ!

# 400

പാടും ഞാൻ പരമേശനു സതതം എന്റെ
പാപമെല്ലാം പോക്കിയതാൽ

1 അത്രയുമല്ലാശീർവ്വാദം
ഒക്കെയും ലഭിച്ചിടുവാൻ
ആർത്തി പൂണ്ടു കാത്തിരുന്ന കാലമതിങ്കൽ
ആർത്തിയെ തീർത്തവനെ ഞാൻ
ആർത്തുഘോഷിച്ചിടുവാനെൻ
ആർത്തിയറിഞ്ഞവൻ തന്റെ
വാർത്തയെനിക്കേകിയതാൽ

2 പാനം ചെയ്‌വാൻ കഷ്ടതയിൽ
പാനപാത്രമവൻകൂടെ
സ്നാനമേല്പാൻ കൃപനല്കി
പ്രീതിയായവൻ മരിച്ചു ഞാൻ കല്ലറയിൽ
അടക്കപ്പെട്ടവൻ കൂടെ
മഹത്വമായ് ജീവിച്ചിടാൻ
മഹിമയിൻ ആവിയാലെ -

3 ആർക്കുമേവാൻ  സാദ്ധ്യമല്ലാത്താത്മ -
ശക്തി ലഭ്യമാകാൻ
പാർത്ഥിവൻ മുൻ ആർത്തിയോടെ
കാത്തിരുന്നു ഞാൻ
പാർത്തവനെൻ ദുരിതങ്ങൾ
ഓർത്തവനെൻ പ്രാർത്ഥനകൾ
തീർത്തവനെൻ ദുരിതങ്ങൾ
വാഗ്ദത്തത്തിൻ ആവിയാലെ -

4 ദൂതർക്കും കൂടവകാശം
ലഭ്യമാകാതുള്ള രക്ഷാ
ദൂതറിയിച്ചീടാൻ ഭാഗ്യം ലഭിച്ചെനിക്ക്
ദൂതഗണം കാവലായ്തന്നനുദിനം എനിക്കവൻ
നൂതനമാം ദൂതുകളും ഊനമെന്യേ നല്കീടുന്നു -

5 കഷ്ടതയോ പട്ടിണി - യുപദ്രവമോ നഗ്നതയോ
കഷ്ടമേറ്റെന്നേശുവേ പ്പോലാക്കിടുന്നെന്നെ
ഒട്ടനേകം സിദ്ധന്മാരോടൊത്തു
ചേർന്നുനിന്നു സ്തുതി -
ച്ചാർത്തിടുവാനവനെന്നെ യോഗ്യ
നാക്കിത്തീർത്തതോർത്തു -

6 കാത്തിരിക്കുന്നവനെ ഞാൻ കണ്ടിടുവാനെന്റെ
കൺകൾ കൊതിച്ചീടുന്നധികമായ് കുതുകമോടെ
കാലമേറെ ചെല്ലും മുമ്പേ
കാഹളനാദം കേൾക്കുവാൻ
കാതുകളും കൊതിക്കുന്നു
കാരുണ്യവാരിധേ ദേവാ -

7 വാട്ടവും മാലിന്യവുമേ
ഒട്ടുമേശിടാതെയുള്ളോ -
രുത്തമമാമവകാശം ലഭ്യമാകുവാൻ
തിട്ടമായിട്ടവനെന്നെ ചേർത്തീടും
മണിയറയിൽ പാട്ടു പാടി കൂട്ടുരുമായ്
കോടി കോടി യുഗം വാഴാൻ -

# 401

1 പാടി പുകഴ്ത്തിടാം ദേവദേവനെ
പുതിയതാം കൃപകളോടെ
ഇന്നലെയുമിന്നുമെന്നും മാറാ യേശുവെ
നാം പാടി പുകഴ്ത്താം

> യേശുവെന്ന നാമമേ
> എൻ ആത്മാവിൻ ഗീതമേ
> എൻ പ്രിയയേശുവെ ഞാൻ എന്നും
> വാഴ്ത്തിപുകഴ്ത്തിടുമെ

2 ഘോരഭയങ്കരകാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തുമാർവ്വണച്ച
സ്നേഹം നിത്യം പാടും ഞാൻ

3 പെറ്റതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവപാതെ എന്നും ഓടും ഞാൻ

4 ഭൂമിയെങ്ങും പോയി സാക്ഷി
ചെല്ലുവിൻ എന്നുരച്ച കൽപനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ്
ചേർന്നു പ്രിയനായ് വേലചെയ്യും ഞാൻ

5 യോർദ്ദാൻ സമമന ശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടു കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം

# 402

**‘Glory be to Jesues Name’**

1 പാപത്തിൻ മാ വിഷത്തെയൊഴിപ്പാൻ
സാത്താൻ തന്നുടെ ബലമഴിപ്പാൻ
രക്ഷകനിക്ഷിതിയിൽ വന്നാൽ

യേശുവിന്നു മഹത്ത്വം മഹത്ത്വം
യേശുവിന്നു മഹത്ത്വം
കുരിശിലവൻ മരിച്ചെൻപേർക്കായ്
യേശുവിന്നു മഹത്ത്വം

2 ആശയറ്റെൻ സ്ഥിതി താനറിഞ്ഞു
ഈശകോപാഗ്നിയിൽ വീണെരിഞ്ഞു

വിശുദ്ധനിണം വിയർപ്പായ് ചൊരിഞ്ഞു
യേശുവിന്നു മഹത്ത്വം -

3 തൻമുഖപങ്കജമതിലടിച്ചു
തലയിൽ മുൾമുടി വച്ചാഞ്ഞടിച്ചു
മുതുകിനെയുഴുതതുപോൽ പൊടിച്ചു
യേശുവിന്നു മഹത്ത്വം -

4 കുരിശിൽ കൈകാൽകളെ താൻ വിരിച്ചു
ക്രൂരന്മാർ ആണികൊണ്ടതിൽ തറച്ചു
കൊടിയവേദനയെനിക്കായ് സഹിച്ചു
യേശുവിന്നു മഹത്ത്വം -

5 ചൊരിഞ്ഞു തൻ രുധിരമെൻ
യാഗമായി നുറുങ്ങിയെൻ
പാപത്താലേശുവിൻ മെയ്യ്
തകർന്നു തൻ ഹൃദയം എൻ പേർക്കായ്
യേശുവിനു മഹത്ത്വം -

# 403

പാപിയിൽ കനിയും പാവന ദേവാ!
പാദം പണിഞ്ഞിടുന്നേൻ...
പാപിയാമെന്നെ സ്നേഹിച്ചോ നീ
പാരിലെന്നെ തേടിവന്നോ!

1 ദുഷ്ടനരനായ് ദൂഷണം ചെയ്തു
ദൂരമായിരുന്നേൻ...
തേടിയോ നീ എന്നെയും വൻ -
ചേറ്റിൽനിന്നുയർത്തിയോ നീ! -

2 എൻ പാപം തീർപ്പാൻ പരലോകം ചേർപ്പാൻ
ഹീന നരനായ് നീ...
എന്തു ഞാനിതിനീടു നൽകിടും?
എന്നും നിന്നടിമയാം ഞാൻ -

3 വിണ്ണിൻ മഹിമ വെടിഞ്ഞു നിയെന്നെ
വിണ്ണിൽ ചേർത്തിടുവാൻ...
നിർണ്ണയെ നിൻ സേവയെന്യേ
ഒന്നുമില്ലിനിയെൻ മോദം

4 പാപത്തിൻ ഫലമാം മരണത്തിൻ ഭയത്തെ
ജയിച്ചവൻ നീയൊരുവൻ...
ജീവനും സമാധാനവും - എൻ
സർവ്വവും നീയേ നിരന്തം -

5 മായയാം ഉലകിൻ വേഷവിശേഷം
വെറുത്തേൻ ഞാനഖിലം...
നിസ്തുലം നിൻ സ്നേഹമെൻ മനം
അത്രയും കവർന്നു നാഥാ -

# 404

പാതാളമെ! മരണമെ നിന്നുടെ ജയമെവിടെ
കുഞ്ഞാട്ടിൻ നിണം കോട്ടതൻ ഭക്തർക്ക്
സംഹാരകൻ കടന്നുപോയ്

ജയത്തിൻ ഘോഷം ഉല്ലാസ ഘോഷം
ഭക്തരിൻ കൂടാരത്തിൽ എന്നും പുതുഗീതം
മഹത്വരാജനായ് സേനയിൽ വീരനായ്
അഭയം താനവർക്കെന്നുമെ

1 ഭീകരമാം ചെങ്കടലും,
മിസ്രയീം സൈന്യനിരയും
ഭീഷണിയായ് മുമ്പും പിമ്പും
ഭീതിപ്പെടുത്തിടുമ്പോൾ

2 ശക്തരായ രാജാക്കളാം സീഹോനും
ഓഗും വന്നാൽ

ശങ്കവേണ്ട ഭീതി വേണ്ട
ശക്തൻ നിൻ നായകൻ താൻ –

3 അഗ്നി നിന്നെ ദഹിപ്പിക്കില്ല
നദി നിന്മേൽ കവിയുകയില്ല
അഗ്നിയതിൽ നാലാമൻ താൻ
ആഴിമേൽ നടകൊണ്ടോൻ താൻ –

4 കൂരിരുൾ പാതയിൽ നീ
നടന്നാൽ വെളിച്ചമായവൻ നിനക്കു
കൂട്ടിനുവരും തൻ കോലും വടിയും
കൂടെന്നും ആശ്വാസമായ് –

5 ഭൂമിയും പണിയും അഴിഞ്ഞുപോകും
നിലനിൽക്കും തൻവചനം
മരണം മാറും നാം വാഴും ജീവനിൽ
തൻകൂടെ യുഗായുഗമായ് –

# 405

പാഹിമാം ദേവ ദേവ! പാവന രൂപ!
പാഹിമാം ദേവ ദേവ

1 മോഹവാരിധി തന്നിൽ കേവലം വലയുന്ന
ദേഹികൾക്കൊരു രക്ഷ നൗകയാം പരമേശാ – പാഹി

2 ലോകവുമതിലുള്ള സർവ്വവും നിജവാക്കാൽ
ചാലവേ പടച്ചൊരു ദേവനായകാ വന്ദേ – പാഹി

3 ലോകവുമതിലുള്ള സർവ്വവും നിജവാക്കാൽ
ക്ഷേമജീവിതം നൽകും പ്രേമഹർമ്യമേ! ദേവ – പാഹി

4 പാപമാം വലയിൽ ഞാനാപതിച്ചുഴലായ്‌വാൻ
താപനാശനാ! നിൻ കൈയേകിടേണമേ നിത്യം – പാഹി

5 ധർമ്മരക്ഷണം ചെയ്‌വാൻ ഉർവ്വിയിലവതാര
കർമ്മമേന്തിയ സർവ്വ ശർമ്മദാ നമസ്ക്കാരം - പാഹി

6 നീതിയെൻ ഗളത്തിന്മേ - ലോങ്ങിയ കരവാളം
വീതമാക്കിയ ജഗത്രാതാവേ ശരണം നീ - പാഹി

7 ജീർണ്ണമാം വസനത്താൽ ഛാദിതനായൊരെന്നെ
പൂർണ്ണ ശുഭ്രമാമങ്കിതൂർണ്ണം ധരിപ്പിച്ചോനേ - പാഹി

8 നിത്യജീവനെന്നുള്ളിൽ സത്യമായുളവാക്കാൻ
സ്തുത്യമാം പുതുജന്മം ദത്തം ചെയ്തൊരു
നാഥാ - പാഹി

9 ദീനരിൽ കനിവേറും പ്രാണനായകാ പോറ്റി
താണു ഞാൻ തിരുമുന്നിൽ വീണിതാ
വണങ്ങുന്നേൻ - പാഹി

# 406

1 പാരിച്ച ദു:ഖത്താൽ പോരാട്ടം ആകിലും
നേരോടെ ജിവിച്ചു ആറുതൽപെടും ഞാൻ

തീരും എൻ ദൂ:ഖം വിലാപവും
ചേരും ഞാൻ സ്വർഗ്ഗേ വേഗം - ഹല്ലേലുയ്യാ!

2 കഷ്ടതയാകിലും നഷ്ടങ്ങൾ വന്നാലും
ഇഷ്ടന്മാർ വിട്ടാലും തുഷ്ടിയായി ജീവിക്കും

3 കൂട്ടുകുടുംബക്കാർ തിട്ടമായ് വിട്ടിടും
കൂട്ടുസഹോദരൻ ഭ്രഷ്ടനായ് തള്ളിടും

4 എന്തു മനോഹരം ഹന്ത ചിന്തിക്കുകിൽ
സന്തോഷ ദേശമേ നിന്നിൽ ഞാൻ ചേർന്നിടും

5 ദൂരത്തായ് കാണുന്നു സോദര കൂട്ടത്തെ
യോർദ്ദാനിനക്കരെ സ്വാഗത സംഘത്തെ

6 ബോട്ടിൽ ഞാൻ കയറിടും പാട്ടോടെ യാത്രയ്ക്കായ്
കോട്ടമില്ലാതുള്ള വീട്ടിൽ ഞാൻ എത്തിടും

7 രാജമുടി ചൂടി രാജാധി രാജനെ
ആലിംഗനം ചെയ്യും നാളിലെന്താനന്ദം

# 407

പുകഴ്ത്തീൻ യേശുവെ പുകഴ്ത്തീൻ
നാം രക്ഷകനെ എന്നും വാഴ്ത്തീൻ
പുകഴ്ത്തീൻ, പുകഴ്ത്തീൻ, പുകഴ്ത്തീൻ
വാഴ്ത്തി പുകഴ്ത്തീൻ

1 യേശുവിൻ രാജത്വം നിത്യമേ
ആധിപത്യവും സന്തതമാമേ
സേവിക്കുമേ ഒരു സന്തതി
വർണ്ണിക്കുമേ അവർ നിൻ നീതി
വർണ്ണിക്കും - ഹീനനും യേശുവിൻ
നന്മയിൽ ഓർമ്മയേ -

2 കൃപയും ദീർഘക്ഷമയും
മഹാദയയും കരുണയുമുള്ളോൻ
നല്ലവൻ അവൻ എല്ലാവർക്കും
തൻ പ്രവൃത്തികളോടും എല്ലാം
വന്നീടിൻ - വന്ദിപ്പിൻ - യേശുവിൻ
സ്നേഹമാം പാദേ നാം -

3 ശാരോനിൻ പനിനീർ പുഷ്പമേ
പതിനായിരത്തിലും ശ്രേഷ്ഠനെ
വെണ്മയും ചുവപ്പുമുള്ളവൻ
പ്രാണപ്രിയനെൻ സുന്ദര രക്ഷകൻ
ചുംബിപ്പീൻ, സേവിപ്പീൻ
സീയോനിൻരാജനേ എന്നുമെ -

4 ആദ്യനും അന്ത്യനും വന്ദ്യനും
ആദിജാതനും എന്നും അനന്യനും
സത്യവും ജീവനും മാർഗ്ഗവും
നിത്യപിതാവും എന്നുടെ ദുർഗ്ഗവും
വിളിച്ചോൻ വിശ്വസ്തൻ
വീണ്ടും വരുന്നവനെ -

5 പാപവും യാതൊരു ശാപവും
ഇല്ലിനി ആ യരുശലേമിൽ
ശുഭ്രമാം ജീവജലനദി
ജയിക്കുന്നോർ പങ്കാം ജീവവൃക്ഷം
ജയിപ്പിൻ - ഇരിപ്പിൻ
കുഞ്ഞാട്ടിൻ സ്വർഗ്ഗ സിംഹാസനേ -

# 408

പുകഴ്ത്തിടാം - പുകഴ്ത്തിടാം
കരുണേശനാം പോന്നേശുവിനെ
വാഴ്ത്തിടാം സതതം

1 ചേതം വരാതെന്നും താങ്ങി നമ്മെ
ജീവൻ സുഖം ബലം നൽകി നന്നായ്
കൺമണിപോൽ കാവൽ ചെയ്താർ ഹൃദി
നന്ദിയോടവനെ സ്തുതിക്കാം

2 വൈരിഗണം ബലമോടെതിർക്കും
നേരമെല്ലാം ചിറകിൻ നിഴലിൽ
നൽകി സങ്കേതം നാളെല്ലാം - അതി
മോദമായ് സ്തുതി ചെയ്യുകനാം

3 ആനന്ദരൂപനാം യേശുദേവാ
ദാസരിൽ നിൻ കൃപ പകരണമേ
ജ്ഞാനസമ്പൂർണ്ണരായ് ഈ ഭൂവിൽ
ദീപമായ് നിത്യവും ജ്വലിപ്പാൻ

4 മേലോക വാഞ്ഛയുള്ളിൽ വളരാൻ
പാരിതിൽ ജയമായ് നടന്നിടുവാൻ
ആവിയിൻ നിറവാലാനന്ദിപ്പാ -
നാശിഷം നമുക്കേകിയതാൽ -

5 ആർപ്പോടു നാം സ്തുതി ചെയ്തിടുവോം
ഗീതങ്ങൾ പാടിടാം മോദമോടെ
ചേരുക നാമെല്ലാരും തൻ ജയ
നാമമേറ്റുക ഭൂവിലെങ്ങും -

# 409

1 പുത്തനാമെരൂശലേമിലെത്തും കാലമോർക്കുമ്പോൾ
ഇദ്ധരയിൻ ഖേദമെല്ലാം മാഞ്ഞുപോകുന്നേ
കഷ്ടത പട്ടിണിയില്ലാത്ത നാട്ടിൽ നാം
കർത്താവൊരുക്കുന്ന സന്തോഷവീട്ടിൽ നാം
തേജസ്സേറും മോഹനകിരീടങ്ങൾ ധരിച്ചു നാം
രാജരാജനേശുവോടു കൂടെ വാഴുമേ

2 നീതിസൂര്യശോഭയാലെന്നല്ലലിരുൾ മാറിടും
ഭീതിയുമനീതിയുമന്നില്ല ലേശവും
സന്തോഷശോഭനം ആ നല്ല നാളുകൾ
ലോകം ഭരിച്ചിടും കർത്താവിന്നാളുകൾ
ശോകം രോഗം യുദ്ധം ക്രുദ്ധജാതികളിൻ വിപ്ലവം
പോകുമെല്ലാമേശുരാജൻ ഭൂവിൽ വാഴുമ്പോൾ -

3 സത്യശുദ്ധ പാതയിൽ നടന്നുവന്ന ശുദ്ധന്മാർ
വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവമക്കളും
ഉല്ലാസഘോഷമായ് സീയോനിൽ വന്നിടും
ദുഃഖം നെടുവീർപ്പും സർവ്വവും തീർന്നിടും
നിത്യനിത്യസന്തോഷം ശിരസ്സിൽ ഹാ! വഹിച്ചവർ
നിത്യതയ്ക്കുള്ളിൽ മറയും തീരും കാലവും -

# 410

1 പുത്തൻ യെരൂശലേമേ! ദിവ്യ -
ഭക്തർ തന്നാലയമേ - തവ നിഴലിൽ
പാർത്തിടുവാനടിയൻ അനുദിനവും
കാംക്ഷിച്ചു പാർത്തിടുന്നേ

നിർമ്മലമാം സുകൃതം തൻ
പൊന്നൊളിയാർന്നമരുമിടം
കാംക്ഷിച്ചു പാർത്തിടുന്നേ പുരമിതിനെ
കാംക്ഷിച്ചു പാർത്തിടുന്നേ

2 നിന്നടിസ്ഥാനങ്ങളോ - പ്രഭ
ചിന്തുന്ന രത്നങ്ങളാം - ശബളനിറം
വിണ്ണിന്നു നൽകിടുന്നു - നയനസുഖം
കാണ്മവർക്കേകിടുന്നു -

3 പന്ത്രണ്ടു ഗോപുരങ്ങൾ - മുത്തു
പന്ത്രണ്ടുകൊണ്ടു തന്നെ - മുദമരുളും
തങ്കമേ വീഥി പാർത്താൽ - സ്ഫടികസമം
തങ്കുവോർക്കാനന്ദമേ -

4 വേണ്ടാ വിളക്കവിടെ - സൂര്യ
ചന്ദ്രരോ വേണ്ടൊട്ടുമേ പരമസുതൻ
തന്നെയതിൻ വിളക്കും - പരവെളിയാൽ
ശോഭിച്ചിടുന്നിപ്പുരം

5 അന്ധതയില്ലാ നാടേ - ദൈവ -
തേജസ്സും തിങ്ങും വീടേ - തവ സവിധേ
വേഗത്തിൽ വന്നുചേരാൻ
മമ ഹൃദയം ആശിച്ചു കാത്തിടുന്നേ -

6 സൗഖ്യമാണെന്നും നിന്നിൽ - ബഹു -
ദുഃഖമാണല്ലോ മന്നിൽ - ഒരു പൊഴുതും -

മൃത്യുവില്ലങ്ങു വന്നാൽ - കരുണയെഴും
ക്രിസ്തുവിൻ നന്മ തന്നാൽ -

7 പൊന്നെരുശലേമമ്മേ! നിന്നെ -
സ്നേഹിക്കും മക്കൾ തമ്മെ തിരുമടിയിൽ
ചേർത്തുകൊണ്ടാലും ചെമ്മേ - നിജതനയർ -
ക്കാലംബമായൊരമ്മേ! -

# 411

പൂർവ്വികമായ പെന്തെക്കോസ്തു ദാനം
അരുളിടേണം

1 അശുദ്ധിയെ വിട്ടെന്നും
വിശുദ്ധമായ് ജീവിപ്പാൻ
അരുളേണം നാഥാ
ആദിമശക്തിയിപ്പോൾ നലമൊടു -

2 തിരുഹിതമേതെന്നും
കരുതിടാതുള്ളോരെ
കാരുണ്യത്താലീശൻ പാദത്തിൽ
ചേർത്തിടുവാൻ നലമൊടു -

3 അന്ധകാരാമൃതമാം
പന്ഥാവിൽ പോകുവോടെ
ബന്ധുവാകുമീശൻ അന്തികെ
ചേർത്തിടുവാൻ നലമൊടു -

4 ശക്തി കലർന്നെങ്ങും
സാക്ഷികളായിടുവാൻ
ശക്തരാക്ക ദേവദാസരെ
ഈ ദിനത്തിൽ നലമൊടു -

5 ആയിരമായിരങ്ങൾ
ആദായമായിടുവാൻ

ആദികാല ജീവൻ സദയം
ഇന്നരുളീടുവാൻ നലമൊടു –

# 412

**(Pass me not oh gentle saviour)**

1 പോകല്ലെ കടന്നെന്നെ നീ പ്രിയ യേശുവേ
മറ്റുള്ളോരെ ദർശിക്കുമ്പോൾ ദർശിക്കെന്നെയും

യേശു നാഥാ! എന്നപേക്ഷ കേൾ
മറ്റുള്ളോരെ ദർശിക്കുമ്പോൾ ദർശിക്കെന്നെയും

2 നിൻ കൃപാസനത്തിൻ മുമ്പിൽ വീണു കെഞ്ചുന്നേ
എൻ വിശ്വാസം ക്ഷീണിക്കുമ്പോൾ നീ സഹായിക്കേ –

3 നിന്റെ നിണം മാത്രം എന്റെ നിത്യശരണം
നിന്റെ കൃപയാലെ മാത്രം എന്നുദ്ധാരണം –

4 ജീവനെക്കാൾ ഏറെ നന്നു നീയെൻ കർത്താവേ!
ഭൂമി സ്വർഗ്ഗം തന്നിലും നീ മാത്രം ആശ്രയം

# 413

പോർക്കളത്തിൻ നാം പൊരുതുക ധീരമായ്
യേശുവിൻ നാമമതേന്തി പോയിടാം നാടെങ്ങും
ഓതിടാം സുവിശേഷം
അനന്ത സന്തോഷമുണ്ടൊടുവിൽ

1 ആയിരങ്ങൾ പതിനായിരങ്ങളിതാ
പാപത്തിന്നാഴത്തിൽ വീണു
കയറുവാൻ കരകാണാതുഴലുന്ന നേരം
നേടിടാം സ്നേഹക്കൊടിയാൽ

2 കണ്ണീരിൽ വിതച്ചീടിൽ ആർപ്പോടു കൊയ്യും
പോയിടാമവൻ തിരുമുമ്പിൽ

വാങ്ങാം പ്രതിഫലം ചൂടാം കിരീടങ്ങൾ
പാടീടാം സ്തോത്ര സംഗീതം

3 കഷ്ടങ്ങൾ വന്നാലും ക്ലേശം സഹിക്കിലും
ഓടും നിൻ പാത തേടി
ക്രൂശിലെ സ്നേഹം ഓർത്തിടും നേരം
വേണ്ടെനിക്കീ ലോകസൗഖ്യം

4 ഐക്യമായ് നിന്നു നാം വേല ചെയ്തീടുകിൽ
ഇടിച്ചിടാം പേയിൻ കോട്ട
ജയമെടുത്തിടാം ജയവീരൻ വരുവാൻ
താമസമില്ലിനിയേറെ

# 414

പോകുന്നു ഞാനിന്ന് യേശുവിന്നായ്
പോകുന്നു ക്രൂശിന്റെ പോരാളിയായ്

1 നിന്ദകൾ പീഡകൾ വേദനാവേളകൾ
വന്നാലും ക്ഷീണനായ് തീരാതെ പാരിൽ

2 വിളിച്ചാൽ വിശ്വസ്തൻ മറാത്ത വല്ലഭൻ
വിശ്വാസനായകൻ യേശുവെ നോക്കി ഞാൻ

3 ആകുലനേരത്തിൽ ആവശ്യഭാരത്തിൽ
ആശ്വാസദായകനാണെന്റെ നായകൻ

4 വേണ്ടെനിക്കീലോകമഹിമകളൊന്നുമേ
വേണ്ടതെല്ലാമുണ്ടീ ക്രിസ്തുവിലെന്നുമേ

5 ഒട്ടും പിൻമാറാതെ ഓട്ടം ഞാനോടിടും
ഒടുവിലെൻ വീട്ടിൽ ഞാൻ വിശ്രമം നേടിടും

# 415

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു

1 സ്വർഗ്ഗ സിംഹാസനം താതന്റെ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻപേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു പാപിയെ
ശാപം ശിരസ്സിതിലേറ്റിടുവാൻ!

2 തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കുതകരുന്നെൻ
കണ്ണു നിറയുന്നെൻ രക്ഷകനേ!

3 എന്തൊരു സ്നേഹമീ സാധുവേ ഓർത്തു നീ
സന്താപ സാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു നീ
നിന്നോമനപ്പൈതലായ് തീർക്കണമെ

4 പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ!
പാപിയിൽ പ്രാധാനിയായിരുന്ന ഞാനും
സ്നേഹത്തിൻ പുത്രന്റെ രാജ്യത്തിലായ്

5 പാപം ചെയ്യാതെന്നെ കാവൽ ചെയ്തിടുവാൻ
സർവ്വേശാ! തൃക്കൈയിലേല്പിക്കുന്നേൻ
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിൽ കൂടെയും കാക്കേണമേ!

6 കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായ് വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാർവ്വോടണച്ചെന്റെ
സങ്കടം തീർക്കണം രക്ഷകനേ!

# 416

1 പൊന്നേശു നരർ തിരുബലി മരണം നിനപ്പാൻ
തന്നാനൊരു നിയമം അതിശയമേ

2 പൊന്നായ തിരുജഡം നരർക്കുവേണ്ടിനുറുങ്ങി
ഒന്നോടെ തിരുരക്തം ചൊരിയുമെന്നും

3 അപ്പം ഒന്നെടുത്തവൻ വാഴ്ത്തി നുറുക്കി നൽകി
തൃപ്പാദം തൊഴുന്ന തന്നുടെ ശിഷ്യർക്ക്

4 കാസായിൽ ദ്രാക്ഷാരസം പകർന്നുയർത്തിയരുളി
ഈശോവിൻ രക്തം ശുദ്ധരോർത്തിരിപ്പാൻ

5 മാഹാത്മ്യം അതിന്ന - നവധിയുണ്ടു രഹസ്യമേ
ഏകൻ പോയല്ലാ ബലി കഴിവതിന്

# 417

പെന്തക്കൊസ്തുനാളിൽ മാളികമുറിയിൽ
കൊടുംകാറ്റടിക്കും പോലെ വന്ന...
ആത്മശക്തിയാൽ നിറയ്ക്ക
അഗ്നിജ്വാലയായി അവർ നാവുകളിൽ
ആത്മപകർച്ചയായി വീടുനിറച്ചപോലെ
(പെന്താക്കൊസ്തു)

1 ആത്മാവിന്റെ ഐക്യതയിൽ വേല ചെയ്താൽ
അത്ഭുതമായ് ദൈവത്തിന്റെ പ്രവൃത്തി കാണാം (2)
ആദ്യനൂറ്റാണ്ടുകളതിൽ വെളിപ്പെട്ടപോൽ
ആത്മാവിന്റെ ഐക്യത വെളിപ്പെടട്ടെ
(പെന്തക്കൊസ്തു)

2 ചെങ്കടൽ കടന്നുവന്ന തൻജനത്തിന്
യോർദ്ദാൻ നദിയൊരു തടസ്സമല്ല
ചെങ്കടൽ പിളർന്നു വഴി ഒരുക്കിയവൻ
വൻനദിയിലും വഴിനടത്തീടുമേ
(പെന്തക്കൊസ്തു)

3 പ്രവചനങ്ങൾ എല്ലാം നിറവേറുന്നേ
ലക്ഷണങ്ങൾ അങ്ങും  ഇങ്ങും കണ്ടുതുടങ്ങി (2)

മദ്ധ്യവാനിൽ മണവാളൻ വെളിപ്പെടാറായ്
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനിൽക്ക
(പെന്തക്കൊസ്തു)

# 418

പ്രതിഫലം തന്നിടുവാൻ
യേശുരാജൻ വന്നിടുവാൻ
അധികമില്ലിനിയും നാളുകൾ നമ്മുടെ
ആധികൾ തീർന്നിടുവാൻ

1 ദൈവിക ഭവനമതിൽ
പുതു വീടുകളൊരുക്കിയവൻ
വരും മേഘമതിൽ നമ്മെ
ചേർത്തിടുവാൻ നടു - വാനിൽ ദൂതരുമായ് -

2 തൻതിരുനാമത്തിനായ്
മന്നിൽ നിന്ദകൾ സഹിച്ചവരെ
തിരു സന്നിധൗ ചേർത്തു തൻ
കൈകളാലവരുടെ കണ്ണുനീർ തുടച്ചിടുവാൻ

3 സ്വന്തജനത്തിനെല്ലാം
പല പീഡകൾ ചെയ്തവരെ
വന്നു ബന്ധിതരാക്കിയ ധർമ്മികളാമവർ
ക്കന്തം വരുത്തിടുവാൻ

4 വിണ്ണിലുള്ളതുപോലെ
ഇനി മന്നിലും ദൈവഹിതം
പരിപൂർണ്ണമായ് ദൈവിക
രാജ്യമിപ്പാരിലും സ്ഥാപിതമാക്കിടുവാൻ

5 കാലമെല്ലാം കഴിയും
ഇന്നു കാണ്മതെല്ലാമഴിയും
പിന്നെപ്പുതുയുഗം വിരിയും
തിരികെ വരാതെ നാം നിത്യതയിൽ മറയും -

# 419

പ്രത്യാശയേറീടുന്നേ - എന്നിൽ
പ്രത്യാശയേറീടുന്നേ ഇനി
ഭാരം തെല്ലുമില്ലല്ലോ -
എനിക്കു ഭാരം തെല്ലുമില്ലല്ലോ (2)

1 ഈ മരുവതിൽ മക്കൾക്കു തുണയായവൻ
വിടുതലിൽ കരമുള്ളവൻ തന്റെ
നിഴലിൽ മറച്ചീടുമേ
ഈ ലോകയാത്രയതിൽ - പ്രത്യാശ...

2 അന്നു കാണാമെ - എനിക്കെന്റെ രക്ഷകനെ
പോകാമെയെന്റെ സ്വന്തവീട്ടിൽ
കഷ്ടതയില്ല - വേദനയില്ല
ആ നല്ല ദേശം എത്തിടുമേ - പ്രത്യാശ...

# 420

പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ
വന്നുദിക്കും പൊന്നുഷസ്സേ ഓർക്കും തോറും രമ്യം

1 ലക്ഷ്യമെങ്ങും കാണുന്നല്ലോ കർത്തൻ തൻ വരവിൽ
നിത്യമായ രക്ഷയെ തൻ പക്ഷമായ് നല്കിടും
ലക്ഷത്തിൽ സുന്ദരൻ അക്ഷയനാം രക്ഷകൻ
എത്രയും ക്ഷണത്തിൽ നമ്മെ അക്ഷയരാക്കിടും

2 രാജനേശു വന്നീടും നീ ഒരുങ്ങീട്ടുണ്ടോ
നാളുതോറും നീ അവന്റെ സാക്ഷിയാകുന്നുണ്ടോ
മൽപ്രിയ സോദരാ നിനക്കുവേണ്ടി താൻ സഹിച്ച
കഷ്ടതയിൽ പങ്ക് ഇന്നു നീ വഹിക്കുന്നുണ്ടോ

3 എണ്ണയുണ്ടോ നിൻ വിളക്കിൽ നീ ഒരുങ്ങീട്ടുണ്ടോ?
നിർമ്മലമാം നീതിവസ്ത്രം നീ ധരിച്ചിട്ടുണ്ടോ?

സ്നേഹത്തിനാഴവും നീളമതിൻ വീതിയും
ത്യാഗവും സമ്പൂർണ്ണതയും നീ ഗ്രഹിച്ചിട്ടുണ്ടോ?

4 പാരിലാരും പാടിടാത്ത പാട്ടു നമ്മൾ പാടും
പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും
ജീവന്റെ നാഥനായ് ത്യാഗം സഹിച്ചതാം
സ്നേഹമണവാളനോടെ സീയോൻപൂരേ വാഴും

# 421

പ്രാർത്ഥന കേൾക്കണമേ!
കർത്താവേയെൻ
യാചന നൽകേണമേ!

1 പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ
ക്കുത്തരം തന്നരുളാ - മെന്നുള്ളൊരു
വാഗ്ദത്തംപോൽ ദയവായ് -

2 താതനും മാതാവും നിയെനിക്കല്ലാതെ
ഭുതലം തന്നിലില്ലേ - വേറാരുമെൻ
ആതങ്കം നീക്കിടുവാൻ

3 നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ
ശത്രുതയെയകറ്റി - എനിക്കു നീ
പുത്രത്വം തന്നതിനാൽ -

4 സ്വന്തകുമാരനെ ആദരിയാതെന്മേൽ
സിന്ധുസമം കനിഞ്ഞ
സംപ്രീതിയോർത്തന്തികെ ചേർന്നിരുന്നേൻ

5 ഭൃത്യരനേകരിൻ പ്രാർത്ഥന കേട്ടു നീ
ഉത്തരം നല്കിയതോർ - ത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ -

6 കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ് നിൻ
തുല്യമില്ലാദയയോർ - ത്തിതാ
വന്നേൻ നല്ലവനേ സദയം -

7 യേശുവിൻ മൂലമെൻ യാചന നൽകുമെ
ന്നാശയിൽ കെഞ്ചിടുന്നേൻ
അല്ലാതെന്നിൽ ലേശവും നന്മയില്ലേ -

# 422

പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനെ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയനുഗ്രഹ ഭണ്ഡാരത്തിൽ
വാതിൽ തുറക്കേണമെ

കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന -

1 പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ

2 വചനമെന്നാത്മാവിൻ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരുശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ

3 പാപവും രോഗവും അകറ്റിടുമാ
രുധിരത്തിൽ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കണമെ

# 423

1 പ്രാർത്ഥനയിൽ നൽ നേരമേ
ലോകചിന്തകളകറ്റി എന്നാഗ്രഹാവശ്യങ്ങളെ
പിതാമുമ്പിൽ കേൾപ്പിക്കും നീ
ആപൽദുഃഖ കാലങ്ങളിൽ ആശ്വാസം കണ്ടതും
ആത്മാപേക്കണിയിൽ വീഴാഞ്ഞതും
ഇമ്പ സഖി! നിന്നാൽ തന്നെ

2 പ്രാർത്ഥനയിൻ നൽ നേരമേ
കാത്തിടുന്നാത്മാവെ വാഴ്ത്താൻ
നിത്യം കാത്തിരിപ്പാൻ മുമ്പിൽ
എത്തിക്കുമെന്നാഗ്രഹം നീ നമ്മുഖം തേടി വചനം
വിശ്വസിപ്പാൻ താൻ ചൊന്നതാൽ
തന്നിൽ മുറ്റുമാശ്രയിച്ചു നിന്നെ കാപ്പാൻ നൽനേരമെ,

3 പ്രാർത്ഥനയിൽ നൽ നേരമേ
പിസ്ഗാമേൽ നിന്നെൻ വീടിനെ
നോക്കി ഞാൻ പറക്കും വരെ
താ, നിന്നാശ്വാസപ്പങ്കിനെ
ഇജ്ജഢവസ്ത്രം വിട്ടു ഞാൻ
ലാക്കിന്നായ് പറന്നുയർന്നു
വാനം കടക്കുമ്പോൾ ചൊല്ലും സലാം ജപ സമയമേ

# 424

പ്രാക്കളെപോൽ നാം പറന്നീടുമേ
പ്രാണപ്രീയൻ വരവിൽ (2 )
പ്രത്യാശയേറുന്നേ പൊൻമുഖം കാണുവാൻ (2)
പ്രാണപ്രീയൻ വരുന്നു...(2) പ്രാക്കളെ...

1 കഷ്ടങ്ങളെല്ലാം തീർന്നിടുമേ
കാന്തനാം യേശുവരുമ്പോൾ (2 )

കാത്തിരുന്നീടാം ആത്മബലം ധരിക്കാം (2)
കാലങ്ങൾ ഏറെയില്ലാ (2) പ്രാക്കളെ...

2 യുദ്ധങ്ങൾ ക്ഷാമങ്ങളേറിടുമ്പോൾ
ഭാരപ്പെടേണ്ടതുണ്ടോ (2)
കാഹളം ധ്വനിക്കും വാനിൽ മണവാളൻ വരും (2)
വിശുദ്ധിയോടൊരുങ്ങി നിൽക്കാം പ്രാക്കളെ...

3 ഈ ലോകെ ക്ലേശങ്ങൾ ഏറിടുമ്പോൾ
സാരമില്ലെന്നെണ്ണീടുക (2)
നിത്യസന്തോഷം ഹാ എത്രയോ ശ്രേഷ്ടം (2)
നിത്യമായങ്ങുവാണിടും (2) പ്രാക്കളെ...

4 വീണ്ടെടുക്കപ്പെട്ട നാം പാടിടും
മൃത്യുവെ ജയമെവിടെ (2)
യുഗായുഗമായ് നാം പ്രീയൻ കൂടെന്നും
തേജസ്സിൽ വാസം ചെയ്തിടും (2) പ്രാക്കളെ...

# 425

പ്രാണ പ്രിയാ പ്രാണ പ്രിയാ ചങ്കിലെ ചോര-
തന്നെന്നെ വീണ്ടെടുത്തവനെ വീണ്ടെടുപ്പുകാരാ...
പ്രാണ പ്രിയൻ തന്റെ ചങ്കിലെ ചോരയാൽ
എന്നെയും വീണ്ടെടുത്തു (2)
കൃപയെ കൃപയെ വർണ്ണിപ്പാൻ അസാദ്ധ്യമേ അത് (2)

നന്ദി യേശുവേ നിനക്ക് നന്ദി യേശുവേ,
നീ ചെയ്ത നന്മകൾക്ക് ഒരായിരം നന്ദി (2)
എൻ ശക്തിയാൽ അല്ലാ, കയ്യുടെ ബലത്താൽ അല്ല
നിൻ ദയ അല്ലയോ എന്നെ നടത്തിയത് (2)
നിന്നത് കൃപയാൽ, കൃപയാൽ ദൈവ കൃപയാൽ
നിർത്തിടും ദയയാൽ നിത്യ ദയയാൽ

1 കോഴി തൻ കുഞ്ഞിനെ ചിറകിനടിയിൽ മറയ്ക്കുംപോലെ
കഴുകൻ തൻ കുഞ്ഞിനെ ചിറകിൻ മീതെ
വഹിക്കുംപോലെ (2)
എണ്ണിയാൽ എണ്ണിയാൽ തീരാത്ത നന്മകൾ...
ചൊല്ലിയാൽ ചൊല്ലിയാൽ തീരാത്ത വൻകൃപകൾ (2)
(നന്ദി യേശുവേ)

2 കൂരിരുൾ താഴ്വരയിൽ ഭയം കൂടാതെ എന്നെ നടത്തിയതാൽ
വൈഷമ്യ മേടുകളിൽ കരം പിടിച്ച് എന്നെ
നടത്തുന്നതാൽ (2)
എണ്ണിയാൽ എണ്ണിയാൽ തീരാത്ത നന്മകൾ...
ചൊല്ലിയാൽ ചൊല്ലിയാൽ തീരാത്ത വൻ കൃപകൾ (2)
(നന്ദി യേശുവേ)

# 426

പ്രാണപ്രിയ യേശുനാഥാ
ജീവൻ തന്ന സ്നേഹമേ
നഷ്ടമായി പോയ എന്നെ
ഇഷ്ടനാക്കി നിർത്ത നാഥാ

എന്റെ സ്നേഹം നിനക്കു മാത്രം
വേറെയാരും കവരുകില്ല
എന്റേതെല്ലാം നിനക്കു മാത്രം
എന്നെ മുറ്റും തരുന്നിതാ.

തള്ളപ്പെട്ട എന്നെ നിന്റെ
പൈതലാക്കി നിർത്തുവല്ലേ
എന്റെ പാപം എല്ലാം പോക്കി
എന്റെ മുറ്റും സൗഖ്യമാക്കി (2) - എന്റെ സ്നേഹം...

എന്റെ ധനവും മാനവുമെല്ലാം
നിന്റെ മഹിമക്കായി മാത്രം
ലോകസ്നേഹം തേടുകയില്ല
ജീവിക്കും ഞാൻ നിനക്കായി മാത്രം - എന്റെ സ്നേഹം...

# 427

പ്രിയൻ വരും നാളിനിയധികമില്ല
സീയോൻപുരം നമുക്കിനിയകലമല്ല

1 ഓട്ടം തികച്ചു നാമക്കരെ നാട്ടിൽ
ഒട്ടും കണ്ണുനീരില്ലാത്ത വീട്ടിൽ
ഒരു നാളിൽ നാമണഞ്ഞിടുമ്പോൾ
ഓടിപ്പോയിടും വിനകളെല്ലാം -

2 ഇരുളാണിന്നു പാരിതിലെങ്ങും
ഇവിടില്ലൊരു സമാധാനവും
പരനേശുവിൻ വരവെന്നിയേ
പാരിൽ നമുക്കു വേറാശയില്ല

3 അന്ത്യനാളുകളാണിതെന്നറിഞ്ഞ്
ആദ്യസ്നേഹത്തിൽ നമുക്കിനിയും
തിരുനാമത്തിൻ മഹിമകൾക്കായ്
പ്രിയൻ താൻ തരും വരും നാൾകളിൽ

4 അവന്നായിന്നു നിന്ദകൾ സഹിച്ചും
അപമാനങ്ങൾ അനുഭവിച്ചും
അവൻ വേല തുടർന്നിടുമ്പോൾ
അന്നു തരും താൻ പ്രതിഫലങ്ങൾ -

# 428

പ്രിയൻ വേഗം വരും നിത്യരാജാവായ്
തന്റെ കാന്തയെ ചേർപ്പതിനായ്
ഒരുങ്ങുകെൻ മനമെ നിൻപതിയെ സ്വീകരിപ്പാൻ
തിടുക്കമോടോരോ നാളും (2)

യേശുവെ നോക്കി നീ ജീവിച്ചിടുക
വിശ്വാസത്തിൻ നല്ല പോർ പൊരുതീടുക

പ്രതിഫലം താൻ തരും തൻ പ്രിയന്മാർക്ക്
പ്രത്യാശയോടോടുക പുരിയിലേക്ക് (2)

1 സ്വർഗ്ഗത്തിൽ നിൻ നിക്ഷേപമെന്നെണ്ണീടുക
സ്വർഗ്ഗരാജ്യമത്രേ നിന്റെ നിത്യഗേഹം
സ്വർഗ്ഗരാജ്യവും അതിൻ നീതിയും മുന്നമെ
അന്വേഷിക്കനുദിനവും (2)

2 കീർത്തനങ്ങളോടെ നീ ഓടിടുക
കർത്തൻ കരുതീടും നിനക്കായ് വേണ്ടതെല്ലാം
സ്വർഗ്ഗത്തിൽ മന്നയും പാറയിൽ വെള്ളവും
മരുഭൂപ്രയാണമതിൽ (2)

3 പോർ ജയിച്ചീടുവാൻ ബലം ധരിപ്പിക്കും താൻ
പരിചയായ് കാക്കും നിന്നെ മതിൽചാടി കടക്കും
നീ തൻ ഭുജബലത്താൽ
പാർത്തീടും ഉന്നതികളിൽ (2)

4 ആകയാൽ എന്മനമെ നീ ആനന്ദിക്ക
ആമോദമോടെ നീ പാടീടുക
അവൻ നിന്റെ കോട്ടയും രക്ഷയിൽ പാറയും
അർപ്പണം ചെയ്യുക നീ (2)

# 429

ബലഹീനനാകുമെന്നെ താങ്ങും നല്ല നാഥനേ!
പലകോടി സ്തോത്രം പാടി നിന്നെ വാഴ്ത്തിടുന്നു ഞാൻ
സ്തോത്രം സ്തോത്രമെന്നും സ്തോത്രമേ (2)

1 എന്നെത്തേടി നീ മന്നിൽ വന്നെന്നോ!
എന്നെ സ്നേഹിച്ചാകയാൽ തൻ ജീവൻ തന്നെന്നോ!

2 അറിവുകേടുകൾ അധികമുണ്ടെന്നിൽ
അറിഞ്ഞു നീ നിൻ അരികിലെന്നെ ചേർത്തണയ്ക്കണേ

3 തോൽവിയേയുള്ളു എന്നിലോർക്കുകിൽ
കാൽവറിയിലെ വിജയി നീയെൻ കൈ പിടിക്കണേ -

4 സേനയാലല്ല സ്നേഹത്താലല്ലോ
ജയകിരീടമണിഞ്ഞു വാഴും രാജൻ നീയല്ലോ -

5 ഒരിക്കൽ നിന്നെ ഞാൻ നേരിൽ കണ്ടിടും
ശരിക്കു തീരുമന്നു മാത്രമെൻ വിഷാദങ്ങൾ -

# 430

ഭക്തരിൽ വിശ്വാസ ജീവിതം പോൽ ഇത്ര
ഭദ്രമാം ജീവിതം വേറെയുണ്ടോ?
സ്വർഗ്ഗപിതാവിന്റെ ദിവ്യഭണ്ഡാരത്തെ
സ്വന്തമായ് കണ്ടു തൻ ജീവിതം ചെയ്യുന്ന -

1 അന്യദേശത്തു പരദേശിയായ്
മന്നിതിൽ കൂടാര വാസികളായ്
ഉന്നതനാം ദൈവം ശില്പിയായ് നിർമ്മിച്ച
വൻ നഗരത്തിന്നായ് കാത്തു വസിക്കുന്ന -

2 അഗ്നിമേഘസ്തംഭം തന്നിൽ ദൈവം
മാറാതെ കാവൽ നില്ക്കും മരുവിൽ
അന്നന്നവൻ നല്കും മന്നയിൽ തൃപ്തരായ്
അക്കരെ വാഗ്ദത്ത നാട്ടിന്നു പോകുന്ന

3 പിന്നിൽ മികബലമുള്ളരികൾ
മുന്നിലോ ചെങ്കടൽ വൻതിരകൾ
എങ്കിലും വിശ്വാസചെങ്കോലു നീട്ടി വൻ
ചെങ്കടലും പിളർന്നക്കരെയെത്തുന്ന -

4 പാപത്തിൻ തല്ക്കാലഭോഗം വേണ്ടാ
ദൈവജനത്തിന്റെ കഷ്ടം മതി
മിസ്രയിം നിക്ഷേപവസ്തുക്കളെക്കാളും
ക്രിസ്തുവിൻ നിന്ദയെ സമ്പത്തെന്നെണ്ണുന്ന -

5 ചങ്ങല ചമ്മട്ടി കല്ലേറുകൾ
എങ്ങും പരിഹാസം പീഡനങ്ങൾ
തിങ്ങുമുപദ്രവം കഷ്ടതയെങ്കിലും
ഭംഗമില്ലാതെ സമരം നടത്തുന്ന -

6 മൂന്നു യാമങ്ങളും വൻതിരയിൽ
മുങ്ങുമാറായ് വലയുകിലും
മുറ്റും കടലിൽ മീതെ നാലാം യാമത്തി -
ലുറ്റ സഖിയവൻ വന്നിടും തീർച്ചയായ്

7 കഷ്ടതയാകും കടും തടവിൽ
ദുഷ്ടലോകം ബന്ധനം ചെയ്യുകിൽ
ഒട്ടും ഭയമന്യേയർദ്ധരാത്രിയിൽ
സന്തുഷ്ടരായ് ദൈവത്തെ പാടി സ്തുതിക്കുന്ന -

8 ബുദ്ധിമുട്ടൊക്കെയും പൂർണ്ണമായി
ക്രിസ്തുവിൽ തന്റെ ധനത്തിനൊത്തു
തീർത്തു തരുന്നൊരു നമ്മുടെ ദേവന്നു
സ്തോത്രം പാടിടുവിൻ ഹല്ലേലുയ്യാ ആമേൻ

# 431

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട
ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട്
എണ്ണമില്ലാതുള്ള നന്മകളോർത്താൽ
വർണ്ണിപ്പാനായിരം നാവുകൾ പോരാ

സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും ഭയപ്പെടേണ്ടിനിയും
തീച്ചൂള നിന്നെ മൂടിയെന്നാലും ഭയപ്പെടേണ്ടിനിയും
കൺമണിപോൽ നിന്നെ കാക്കുന്ന ദൈവം
തന്നുള്ളം കയ്യിൽ വഹിച്ചിടുമെന്നും (2)

കൂട്ടിനായാരും കൂടില്ലെന്നാലും ഭയപ്പെടേണ്ടിനിയും
കൂടെ സഹിപ്പാൻ ആരുമില്ലെന്നാലും ഭയപ്പെടേണ്ടിനിയും

തന്നുള്ളം കയ്യിൽ വരച്ചവൻ നിന്റെ
കൂടെ നടക്കും കൂടെ വസിക്കും (2)

# 432

ഭയം ലേശം വേണ്ടിനിയും
മമ യേശു എൻ അഭയം
വൻ തുമ്പ നേരത്തിലും
യേശു താൻ എന്നോടിരിക്കും

1 കണ്മണിപോലെന്ന സൂക്ഷിച്ചു
ഉള്ളംകൈയിലെന്നെ വരച്ചു
പരനറിയാതെ ഒന്നും വന്നതില്ല
തിരുമാർവ്വിൽ ചാരിടും ഞാൻ

2 കർത്തനോടൊത്തു ഞാൻ നടന്നു
നിത്യശാന്തിയെന്നിൽ പകർന്നു
വെളിപ്പാടിനാൽ ദിനവും വിശുദ്ധമാം
വഴികളിൽ നയിച്ചിടുമേ

3 കഷ്ടങ്ങൾ നഷ്ടങ്ങൾ വന്നാലും
യോർദ്ദാൻ കര കവിഞ്ഞൊഴുകിയാലും
ഏലിയാവിൻ ദൈവത്താൽ
ശത്രുവിന്മേൽ ജയഭേരി മുഴക്കിടുമേ –

4 എത്രയോ അത്ഭുത നന്മകൾ
കർത്തൻ ചെയ്തതു നിനച്ചിടുകിൽ
ഇതുവരെ ശുഭമായി നടത്തിയോൻ
ഇനിമേലും നടത്തിടുമേ –

# 433

മതിയായവൻ യേശു മതിയായവൻ
ജീവിതയാത്രയിൽ മതിയായവൻ

1 പാപത്തിൻ ശമ്പളം മരണമെന്ന
ശാപത്തിൻ കഴിയുവോരെ
അവനാണു ജീവൻ ജീവന്റെ അപ്പം
ജീവൻ തരാനവൻ മതിയായവൻ

2 ഇരുളിൽ വഴിതെറ്റി വീഴുവോരെ
മരുഭൂമിയാത്രക്കാരെ
അവനാണു ദീപം നല്ലൊരു പാത
ജയമായ് നടത്തുവാൻ മതിയായവൻ

3 പലവാതിൽ തേടി വലഞ്ഞവരേ
ഫലമെന്യേ ഓടുവോരെ
അവനാണു വാതിൽ നല്ലോരിടയൻ
അരികിലണയ്ക്കുവാൻ മതിയായവൻ

4 രോഗത്തിൻ ഭാരത്താൽ തളർന്നവരേ
ആശ നശിച്ചവരേ
അവനാണു വൈദ്യൻ സുഗന്ധതൈലം
പകർന്നിടാനവൻ മതിയായവൻ

# 434

മധുരതരം തിരുവേദം
മാനസമോദവികാസം

1 തരുമിതു നിത്യം പരിചയിച്ചീടിൽ
നിരവധി നന്മകളുണ്ടാം
പരമധനമിതിൽ കണ്ടാൽ

2 വാനൊളി നീങ്ങിയിരുളുമന്നേരം
ഭാനുവിൻ ദീപ്തിപോൽ നിന്നു
ഭാസ്സുരുളീടുമിതെന്നും

3 ബഹുവിധകഷ്ടമാം കയ്പുകൾ മൂലം
മധുരശേഷവും പോകേ
മധുവിതു നൽകിടും ചാലെ

4 നിസ്വത നിന്നെ നികൃതനാക്കുമ്പോൾ
രത്നവ്യാപാരിത തന്നെ
പ്രത്നധനിയാക്കും നിന്നെ

5 അജ്ഞനുജ്ഞാനം അന്ധനു നയനം
നല്കിടുമീശ്വര വചനം
പുല്കിടുന്നു വിജ്ഞരിതിനെ

# 435

മനമേ നീ ശങ്കിക്കേണ്ട കർത്തനേശു നല്ലവൻ
സ്വന്ത ജീവൻ കാൽവറിയിൽ തന്ന നാഥൻ നല്ലവൻ

1 മരുഭൂവിൽ ചൂടിലേറ്റം മനം പതറും നേരത്തും
അരികേ താൻ വന്നുചേരും പകരും തൻ സാന്ത്വനം - മന

2 എരിയും തീച്ചൂള തന്നിൽ കുളിരേകാൻ വന്നിടും
തന്റെ മാറിൽ ചാരിടുമ്പോൾ തീരുമെല്ലാ ഖേദവും - മന

3 വരളുന്നോരുറവയ്ക്കരികേ ദാഹമേറി വലയുമ്പോൾ
ഏലിയാവിൻ ദൈവമരികേ തെളിനീരുമായ് വന്നിടും - മന

4 ഉലയുന്നോരെൻ പടകിൽ ഭയമേറി കേഴുമ്പോൾ
ഉലകിന്റെ നാഥനേശു ഭയം വേണ്ടയെന്നോതിടും - മന

# 436

മനമേ ഉണർന്നു സ്തുതിക്ക നിൻ ദൈവത്തെ നീ
മനമേ ഉണർന്നു സ്തുതിക്ക

1 രാത്രി കഴിഞ്ഞു ഇതാ മാ ത്രിയേകൻ ശക്തിയാൽ
വാ തൃനാമത്തെ നന്നായ് വാഴ്ത്തിയുയർത്തുവാനായ്

2 ജീവജന്തുക്കളെല്ലാം ദൈവമഹത്ത്വത്തിന്നായ്
ലാവണ്യ നാദത്തോടെ ആവോളം പുകഴ്ത്തുന്നു

3 അന്ധകാരത്തിൻ ഘോരബന്ധം പുത്രനാൽ നീക്കി
തന്റെ മുഖപ്രകാശം നിൻമേൽ ഉദിപ്പിച്ചോനെ -

4 സകലദോഷങ്ങളെയും അകലെ മാറ്റി നിനക്കു
പകൽ തോറും പുതുകൃപ മകനാൽ ചൊരിയുന്നോനെ -

5 അതികാലത്തു ജ്ഞാനത്തിൻ പടിവാതിൽക്കൽ ഉണർന്നും
മടിക്കാതെ ജീവമാർഗ്ഗം പഠിച്ചും കൊള്ളുന്നോൻ ധന്യൻ -

6 നിത്യതാതന്നു സ്തോത്രം മൃത്യുഹരന്നു സ്തോത്രം
സത്യാത്മാവിന്നും സ്തോത്രം ആദ്യം ഇന്നുമെന്നേക്കും

# 437

***രീതി: അതിരാവിലെ തിരു***

1 മനമേ പക്ഷിഗണങ്ങളുണർന്നിതാ പാട്ടു പാടിടുന്നു
മനമേ നീയുമുണർന്നിട്ടേശുപരനേ പാടി സ്തുതിക്ക

2 മനമേ നിന്നെ പരമോന്നതൻ പരിപാലിക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസ്സിൽ കിടന്നുറങ്ങാൻ കഴിഞ്ഞിടുമോ?

3 മൃഗജാലങ്ങളുണർന്നിടുന്ന സമയത്തു നീ കിടന്നു
മൃഗത്തെക്കാളും നിർവിചാരിയായുറങ്ങാതെന്റെ മനമേ

4 മരത്തിൻ കൊമ്പിലിരിക്കും പക്ഷിയുരയ്ക്കും ശബ്ദമതു-
കേട്ടുറക്കം തെളിഞ്ഞുടനെ നിന്റെ പരനെ പാടി സ്തുതിക്ക

5 പരനേശു താനതിരാവിലെ തനിയെയൊരു വനത്തിൽ
പരിചോടുണർന്നെഴുന്നു പ്രാർത്ഥിച്ചതു നീ ചിന്തിച്ചിടുക

6 ഒരുവാരമുഷസ്സായപ്പോൾ പീലാത്തോസിന്റെ അരികേ
പരനേശുവൊരജംപോൽ നിന്ന നില നീ ചിന്തിച്ചിടുക

7 പരനെ തള്ളിപ്പറഞ്ഞ പത്രോസതിരാവിലെ സമയേ
പെരുത്ത ദുഃഖം നിറഞ്ഞു പുറത്തിറങ്ങിപ്പൊട്ടിക്കരഞ്ഞു

8 മറിയമതിരാവിലേശുവെ കാണാഞ്ഞിട്ടുള്ളം തകർന്നു
കരയുന്നതെന്തതുല്യസ്നേഹം മനമേ നിനക്കതുണ്ടോ?

# 438

മനസ്സലിവിൻ മഹാ ദൈവമേ
കനിയേണമേ കരുണാനിധേ

1 എത്രനാളായ് ഞങ്ങളാർത്തിയോടെ
പ്രാർത്ഥിച്ചുണർന്നങ്ങു കാത്തിരിപ്പു
ഇത്രനാളും ഈ ലോകം കാണാ -
ത്താത്മശക്തി അയക്കേണമേ

2 എന്നുവരെക്കാണും ശൂന്യാവസ്ഥ
ഉയരത്തിൽ നിന്നാത്മ പകരുവോളം
അന്നുവനാന്തരമുദ്യാനമായിത്തീരും
ഉദ്യാനം വനമായിടും

3 അന്ധകാരം ഭൂമിയെ മൂടുന്നു
അന്ത്യലക്ഷ്യങ്ങളും - കണ്ടിടുന്നു
എന്തിനീ ആലസ്യം നാമൊന്നൊ -
രുങ്ങുക കാന്തനെ കാണ്മതിനായ്

# 439

1 മനസ്സോടെ ശാപമരത്തിൽ തൂങ്ങിയ
മനുവേലാ ദൈവജാതാ
നിനക്കീ വേദന വരുത്തി
വെച്ചതീ നീചൻ ഞാനല്ലോ

2 പരമനീതിയെൻ ദുരിതത്താലെന്നെ
അറിവാൻ നിന്നോരുനേരം

പരമൻ നീ അതാൽ അറിയപ്പെട്ടിടാൻ
ഇറങ്ങിവന്നല്ലോ

3 മലപോൽ ശാപം ജ്വലിച്ചിറങ്ങിയ
നിലത്തിൽ പാതകം മൂലം
അലിഞ്ഞു നീ ശാപം തലയിൽ
കൊണ്ടിടാൻ വലിമവിട്ടല്ലോ

4 നന്ദികെട്ട ഈ നരരെ നരകാ
അഗ്നിയിൽ നിന്നു നേടാൻ
മന്നവാ! തിരു - പൊൻകുരുതി
നീ ചിന്തിനിന്നല്ലോ?

5 ദൈവകോപത്തിൻ ദർശനം വിട്ടു പാടി
ഞാൻ ഒളിച്ചീടാൻ
സർവ്വലോകത്തിൽ നായകാ
നിൻ വിലാവും വിണ്ടല്ലോ

6 മരിച്ചവർക്കമൃതായ് നിൻ ദേഹത്തെ
നറുക്കിയോ ജീവനാഥ
മുറിഞ്ഞുടഞ്ഞ നിൻ തിരുമെയ്യിൽ
രക്തം ചൊരിഞ്ഞല്ലോ പാരിൽ

7 അരിഷ്ടപാപി നിൻ തിരുപുണ്യങ്ങളിൽ
ശരണം വച്ചു വന്നയ്യോ
തിരുപ്രതിമയാക്കടിമയേ കൃപ
നിറഞ്ഞകർത്താവേ!

# 440

മനമേ ചഞ്ചലമെന്തിനായ്?
കരുതാൻ വല്ലഭനില്ലയോ
ജയവീരനായ്? ആ ആ ആ

1 നാളയെ നിനച്ചു നടുങ്ങേണ്ട ദുഃഖ -
വേളകൾ വരുമെന്നു കലങ്ങേണ്ടാ

കാലമെല്ലാമുള്ള മനുവേലൻ
കരുതാതെ കൈവിടുമോ? ആ ആ ആ

2 വാനിലെ പറവകൾ പുലരുന്നു നന്നായ്
വയലിലെ താമര വളരുന്നു
വാനവനായകൻ നമുക്കേതും
നൽകാതെ മറന്നിടുമോ? ആ ആ ആ

3 കൈവിടുകില്ലിനിയൊരുനാളുമെന്നു
വാക്കു പറഞ്ഞവൻ മാറിടുമോ?
വാനവും ഭൂമിയും പോയാലും
വാഗ്ദത്തം സുസ്ഥിരമാം - ആ ആ ആ

4 മുന്നമേ ദൈവത്തിൻ രാജ്യവും നാം അതി -
നുന്നത നീതിയും തേടിടണം
തന്നിടും നായകൻ അതിനോടെ
അന്നന്നുവേണ്ടതെല്ലാം - ആ ആ ആ

5 നിൻവഴി ദേവനെ ഭരമേല്പിക്കുക
നിർണ്ണയമവനതു നിറവേറ്റും
ഭാരം യഹോവയിൽ വച്ചിടുകിൽ
നാൾ തോറും പുലർത്തുമവൻ - ആ ആ ആ

6 വരുവാൻ കാലമടുത്തല്ലോ - അവൻ
ഒരുക്കിയ വീട്ടിൽ നാം ചേർന്നിടുവാൻ
ഒരുനാളുമിനി പിരിയാതെ
മരുവും നാം ആനന്ദമായ് - ആ ആ ആ

# 441

***മനമേ പുകഴ്ത്തിടു നീ മഹോന്നതൻ തൻ മഹിമ***

1 മരക്കുരിശതിൽ മരിപ്പാനായ് നരജന്മമെടുത്തു
വന്ന തൻ നാമം മനോഹരം - ആഹാ!
തൻനാമം മനോഹരം മഹാത്ഭുതം തൻ പ്രേമം - മന

2 ബഹു വിപത്തുകളെഴും ഭൂവിൽ സ്നേഹക്കൈകൾ
നീട്ടിയെന്നെ താങ്ങും തൻനാമം മനോഹരം - ആഹാ!
തൻനാമം മനോഹരം മഹാത്ഭുതം തൻപ്രേമം - മന

3 പല കുറവുകൾ വന്നാലും എന്നെ തള്ളാതെ കൃപയാൽ
കാക്കും തൻനാമം മനോഹരം - ആഹാ!
തൻനാമം മനോഹരം മഹാത്ഭുതം തൻ പ്രേമം - മന

4 ഒരു നിമിഷവും തളരാതെ തിരുമാർവ്വിൽ വിശ്രാമം
തേടൂ, തൻനാമം മനോഹരം - ആഹാ!
തൻ നാമം മനോഹരം മഹാത്ഭുതം തൻ പ്രേമം - മന

# 442

മന്നാ ജയ ജയ, മന്നാ ജയ ജയ
മനുവേലനേ മഹേശാ
മഹാരാജനെ മഹേശാ മഹാരാജനെ

1 എന്നു നീ വന്നീടും എന്റെ മണവാളാ
നിന്നെക്കണ്ടു ഞാൻ എന്റെ ആശ തീർക്കുവാൻ
ഞാനെന്റെ ആശ തീർക്കുവാൻ

2 പൊന്നുമണവാളാ നന്ദനനാം രാജൻ
എന്നെയും ചേർത്തിടുമ്പോളെന്റെ ഭാഗ്യം
ആനന്ദമനൽപം എൻ ഭാഗ്യം ആനന്ദമനൽപം

3 ഝടു ഝടു ഉയർന്നീടും നൊടിനേരത്തിനുള്ളിൽ
തന്റെ വിശുദ്ധരെല്ലാം മദ്ധ്യാകാ -
ശത്തിൽ ചേർന്നിടും മദ്ധ്യാകാശത്തിൽ ചേർന്നിടും -

4 കാഹളനാദവും ദൂതഗണങ്ങളും
കോടിരഥങ്ങളുമായ് വന്നിടും
പ്രിയരക്ഷകൻ വന്നിടും പ്രിയരക്ഷകൻ

5 കണ്ണുനീരോടോടി കരഞ്ഞു വിലപിക്കും
കാന്തയെ ചേർത്തിടുമ്പോൾ എൻ ഭാഗ്യം
ആനന്ദമനൽപം എൻ ഭാഗ്യം ആനന്ദമനൽപം

6 ഹല്ലേലുയ്യാ പാടി ഹല്ലേലുയ്യാ പാടി
ആനന്ദിച്ചിടും പ്രിയന്റെ മാർവ്വിൽ ഞാനെന്നും
പ്രിയന്റെ മാർവ്വിൽ ഞാനെന്നും

# 443

1 മൺമയമാമീയുലകിൽ കാണ്മതു മായ
വൻ മഹിമ ധനം സുഖങ്ങൾ സകലവും മായ

2 മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ

3 ധാന്യം ധനലാഭം കീർത്തി ഹാ! നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനിപ്പോകും

4 ഏഴുപത്തോ ഏറെയായാൽ എൺപതു മാത്രം
നീളുമായുസ്സതും നിനച്ചാൽ കഷ്ടത മാത്രം

5 ലോകമരുഭൂവിൽ മർത്യനാശ്രയം തേടി
ശോകക്കൊടും വെയിലിലയ്യോ വീഴുന്നു വാടി

6 ദൈവമക്കൾ നമുക്കു സ്വർഗ്ഗം ഹാ സ്വന്തദേശം
കേവലമിപ്പാരിടമോ വെറും പരദേശം

# 444

1 മണവാളനേശു വരുന്നിതല്ലോ
മണവാട്ടി വേഗം ഉണർന്നിടട്ടെ

2 ലോകമെങ്ങും ലക്ഷ്യം കണ്ടുതുടങ്ങി
വേഗം വരും യേശു ലോകരക്ഷകൻ

3 അത്തിവൃക്ഷം പൂത്തു തളിർത്തു കാണ്മിൻ
വീണ്ടെടുപ്പിൻ കാലമടുത്തിതല്ലോ

4 യുദ്ധവും പകർച്ച വ്യാധികളെല്ലാം
ക്രിസ്തുവരവിന്റെ സത്യലക്ഷ്യങ്ങൾ

5 കള്ളനെന്നപോൽ ഞാൻ വേഗം വരുന്നു
വെള്ളവസ്ത്രമെല്ലാം കാത്തുകൊള്ളട്ടെ

6 കന്യകമാർ പത്തുമുറങ്ങിടുന്നു
പാതിരാത്രി തന്നിൽ പ്രിയൻ വരുമേ

7 ദാസരെല്ലാം നിത്യം ജാഗരിക്കട്ടെ
യേശുവരും സെക്കണ്ടറിഞ്ഞുകൂടാ

8 വരികയെന്നാവിയോതുന്നതുപോൽ
മണവാട്ടി കൂടെ പറഞ്ഞിടട്ടെ

9 ഗോപുരത്തിൽ കൂടിയകത്തുപോവാൻ
വസ്ത്രമലക്കുന്നോർ ഭാഗ്യമുള്ളവർ

10 പെരുമീനുദിച്ചു വാനവിരിവിൽ
ഉഷഃകാലം വന്നിങ്ങടുത്തുവല്ലോ

11 വേഗം വരുന്നെന്നു മൊഴിഞ്ഞ പരാ!
വരിക മേഘത്തിൽ ഞങ്ങളെ ചേർപ്പാൻ

# 445

മഹിമയേഴും പരമേശാ!
പാഹിമാം യേശുമഹേശാ

1 നിസ്തുല സ്നേഹ സാഗരമേ ഹാ
പ്രസ്താവ്യമേ തിരുനാമം
ക്രിസ്തോ നീ താനെൻ വിശ്രാമം

2 കാർമുകിൽ ഭീകരമായ് വരുന്നേരം
കാണ്മതോ നിയമത്തിൻ വില്ലാ -
ണായതിൽ തീരുമെൻ ഭാരം

3 സംഗതിയില്ലിളകിടുവാൻ സ്നേഹ
ച്ചങ്ങലയാൽ തിരുമാർവ്വോ -
ടെന്നെയിണച്ചതു മൂലം

4 താവക സന്നിധി ചേർന്നതികാലേ
ജീവനിൽ നിറഞ്ഞെഴുന്നേൽക്കും
പാവന ചിന്തകളാലേ

5 നിൻ മുഖകാന്തിയെൻ മ്ലാനത നീക്കും
നിൻ മധുരാമൃതവചനം
ഖിന്നതയാകവേ പോക്കും

6 ക്രൂശിലെ രക്തമെൻ ജീവന്നാധാരം
നാശലോകം വെടിഞ്ഞോടാൻ
ആശയോടേശുവേ നേടാൻ

# 446

1 മറവിടത്തിൽ എന്നെ മറയ്ക്കണേ നാഥാ
മരുവിൽ മറവിടം നീ മാത്രം
മനുകുലത്തിൽ എന്നെ മാനവരെല്ലാം
മറന്നപ്പോൾ നീ കരുതിയല്ലോ

2 എന്റെ കണ്ണുനീർ തുടച്ചവനേ
എന്നെ മാർവ്വോടു ചേർത്തവനെ
നന്ദിയോടെ ഞാൻ പാടിടുമേ
മന്നിൽ ഞാൻ ഉള്ള നാളുകൾ

3 ഞാൻ ഭാരത്താൽ വലഞ്ഞപ്പോൾ
എന്റെ ചാരത്തായ് അണഞ്ഞവനെ

രോഗത്തിൽ എന്നെ താങ്ങിയോനെ
വിടുതൽ പകർന്നവനെ

4 ആത്മശക്തി അയയ്ക്കേണമേ
കൃപദാനങ്ങൾ നൽകണമേ
പിന്മാരിയെ നീ ഊറ്റണമേ
സഭയെ ഉണർത്തണമേ

# 447

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടുമവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതിടുവാൻ
മാറാതെയവനെന്റെ അരികിലുണ്ട്

1 അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദ ജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു -

2 വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട
വരികയില്ലവനെന്നെ പിരികയില്ല
വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു

3 ഇതാ വേഗം ഞാൻ വാനവിരിവിൽ
ഇനിയും വരുമെന്നരുളിച്ചെയ്ത
ഈ നല്ല നാഥനെ കാണുവാനായ്
ഇരവും പകലുമെണ്ണി വസിച്ചിടുന്നു

4 പല വിധമാം എതിരുകളെൻ
പാതയിലടിക്കടി ഉയർന്നിടുമ്പോൾ

പാലിക്കും പരിചോടെ പരമനെന്നെ
പതറാതെ നില്ക്കുവാൻ ബലം തരുന്നു

# 448

മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ
മണവാട്ടി സഭയുടെ വേളി നടക്കും
മഹിമയിൽ വാഴുന്ന മണവാളനായ്
മാലിന്യം ഏൽക്കാതെ നാം ഒരുങ്ങി നിൽക്ക (2)

വാനത്തിൽ മേഘത്തിൽ മദ്ധ്യവാനത്തിൽ
വന്നിടും കാന്തനായ് ഒരുങ്ങി നിൽക്ക
വീണ്ടെടുക്കപ്പെട്ട ദൈവജനമേ
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക (2)
(മദ്ധ്യാ...)

1 ഇത്രയും സ്നേഹം കിട്ടിയ
ഒരു മണവാട്ടി വേറെ ഇല്ലല്ലോ
ഇത്രയും ഭാഗ്യമേറിയ
ഒരു മണവാട്ടി പാരിൽ ഇല്ലല്ലോ
ഇനിയും കുറഞ്ഞൊന്നു കഴിയുന്നേരം
വരുവാനുള്ളവൻ വേഗം വന്നിടും (മദ്ധ്യാ...)

2 കുഞ്ഞാടിൻ കല്യാണനാളിൽ
അന്നു ക്ഷണിക്കപ്പെട്ടോരെല്ലാവരും
കാന്തനോടു ചേർന്നിടുവാൻ
അവർക്കന്നാളിൽ ഭാഗ്യം ഉണ്ടാകും
ഇവിടെ കയറിവരിക എന്ന
കർത്താവിൻ ഗംഭീര നാദം കേട്ടിടും (മദ്ധ്യാ...)

3 ഇത്രയും സ്നേഹം നൽകിയ
ഒരു മണവാളൻ വേറെ ഇല്ലല്ലോ
ഇത്രമാം രക്ഷ നൽകിയ

ഒരു രക്ഷകൻ ഭൂവിൽ ഇല്ലല്ലോ
സ്വന്തമാം ജീവനെ തന്നവൻ താൻ
തിരുരക്തം ചൊരിഞ്ഞു രക്ഷയേകിയോൻ (മദ്ധ്യാ...)

# 449

മരണമേ വിഷമെങ്ങു? നിന്റെ
വിജയവുമെവിടെ? എന്നേശു
മരണത്തെ ജയിച്ചു തനിക്കു
സ്തുതി ഹല്ലേലുയ്യാ!

1 തൻക്രൂശിൽ ഞാനും ഹാ! മരിച്ചു - നിത്യമാം
ജീവൻ കൈവരിച്ചു - തന്നിൽ ഞാൻ
സർവ്വവും ലയിച്ചു ഹല്ലേലുയ്യാ -

2 എൻ ജീവൻ ക്രിസ്തുവാൽ ഭദ്രം - മനമേ
പാടുക സ്തോത്രം - എന്നഭയം
തൻകൃപമാത്രം ഹല്ലേലുയ്യാ -

3 വൃഥാവിലല്ല ഞാൻ ചെയ്യും പ്രയത്നം
ഒടുവിൽ ഞാൻ കൊയ്യും തടയുവാ -
നില്ലൊരു കൈയും ഹല്ലേലുയ്യാ -

4 പ്രത്യാശയറ്റവരെപ്പോൽ അല്ല നാം
ക്രിസ്തുവിൽ മരിപ്പോർ ഉയിർക്കും
താൻ വരുമപ്പോൾ ഹല്ലേലുയ്യാ -

5 സ്വർലോക കാഹളം ധ്വനിക്കും - മരിച്ചോ
രക്ഷണമുയിർക്കും തൻതേജ -
സ്സക്ഷയം ധരിക്കും - ഹല്ലേലുയ്യാ -

6 എൻ ദേഹം മൺമയമെന്നാൽ ഇനിയും
താൻ വരുമന്നാൾ - വിളങ്ങും
തേജസ്സിൽ നന്നായ് ഹല്ലേലുയ്യാ -

# 450

മൽപ്രാണനായകനേ മാകൃപാ സിന്ധോ...
സൽപ്രകാശമേ ദിവ്യ സുസ്നേഹമയാവന്ദേ - മൽ

1 തങ്കമേനിയിലെന്റെ ലംഘനങ്ങളെയെല്ലാം
ശങ്കയെന്യേ വഹിച്ചെൻ സങ്കടമകറ്റിയ - മൽ

2 രാവും പകലുമെന്നെ മാർവിൽ വഹിച്ചു തൻ
പിതാവിൻ മുമ്പിലെനിക്കായ് മേവുന്നാചാര്യനാകും - മൽ

3 പത്ഥ്യവചനം മൂലം - മിഥ്യബോധമകറ്റി
സത്യമാർഗത്തിലൂടെ നിത്യം നടത്തീടുന്ന - മൽ

4 വിണ്ണിൽ ചേർത്തീടുവോളം മന്നിലെന്നെ നിൻ സ്വന്ത
കണ്ണിൻ കൃഷ്മണിയെന്നെണ്ണി സൂക്ഷിച്ചീരുന്ന - മൽ

5 വേഗമെന്നെയീ നാശലോകെ നിന്നുദ്ധരിപ്പാൻ
മേഘവാഹനമേറി നാകെ നിന്നിറങ്ങീടും - മൽ

6 സങ്കടങ്ങളിലെല്ലാം പൊൻകരങ്ങളാൽ താങ്ങി
സങ്കേതം നെഞ്ചിലേകി കൺകൾ തുടച്ചീടുന്ന - മൽ

7 പാടും നിൻ കൃപയെക്കൊണ്ടാടുമായുരന്തം ഞാൻ
പാടും വീണയിൽ പ്രാണനാഥന്നുത്തമഗീത - മൽ

# 451

മൽപ്രിയനേ ഇദ്ധരയിൽ നിന്നു
നിൻ ശുദ്ധരെ ചേർത്തിടേണേ

1 നാളുകൾ ഏറെയായ് നാഥനെ
ആഗമമോർത്തു നിൻ ദാസരും
പാർത്തലത്തിൽ കഷ്ടമേറ്റു
ആർത്തിപൂണ്ടു നിന്നിടുന്നു
പാർത്ഥിവാ നീ വന്നിടണേ വേഗമായ്

2 വേഗം ഞാൻ വന്നീടാമെന്ന നിൻ
വാർത്തിയിൽ ആശ്രയം വച്ചതാൽ
ഭൂതലത്തിലുള്ള സ്വന്ത ഗേഹവും വെടിഞ്ഞു
സ്വന്ത ജീവനും പകച്ചു എത്ര ത്യാഗികൾ

3 പൊന്മുഖം കാണുവാൻ ആശയായ്
കാത്തുകൊണ്ടെത്രയോ സിദ്ധരും
സ്നേഹത്തിൽ വിശുദ്ധിയോടു
സൗമ്യതക്കിരിപ്പിടമായ്
ശാന്തരായ് ഒരുങ്ങിനില്ക്കുന്നേകമായ്

4 സർവ്വസൃഷ്ടികളും ഏകമായ്
തേങ്ങിടും രോദനം കേൾക്കണേ
രക്ഷകാ നീ വന്നിടാതെ
ഇക്ഷിതിയിലെന്തു ശാന്തി
ക്ഷിപ്രമായ് എഴുന്നള്ളണമേശുവേ

5 പൂത്തനെരുശലേം ശോഭയായ്
വിണ്ണൊളി വീശുന്ന ദർശനം
നിത്യവും ലഭിച്ചു സ്വന്തചിത്തവും
പരത്തിലാക്കി
സ്വർഗ്ഗലോകം നോക്കി ഞാനും ഓടുന്നേ

# 452

***രീതി :"എന്നിനിയും വന്നങ്ങു"***

മൽപ്രിയനെ! എന്നേശു നായകനേ എപ്പോൾ വരും?
എൻ കണ്ണീർ തുടച്ചിടുവാൻ അങ്ങയെ ആശ്ലേഷിപ്പാൻ
എന്നേശുവേ! വാനമേഘേ വേഗം വന്നിടണേ

1 മദ്ധ്യകാശേ സ്വർഗ്ഗീയ ദൂതരുമായ് വന്നിടുമ്പോൾ
എനിക്കായ് മുറിവേറ്റതാം ആ പൊന്മുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽപോൽ വാഞ്ഛി-
ക്കുന്നേ -

2 വെണ്മവസ്ത്രം ധരിച്ചുയിർത്ത വിശുദ്ധ സംഘമതിൽ
ചേർന്നു നിൻസവിധേ വന്നു ഹല്ലേലുയ്യാ പാടുവാൻ
ബുദ്ധിയുള്ള നിർമ്മല കന്യകപോൽ ഒരുങ്ങുന്നേ

3 സൂര്യചന്ദ്ര താരങ്ങളെ കടന്നു സ്വർഗ്ഗനാട്ടിൽ
ആ പളുങ്കു നദീതീരേ ജീവവൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗവീട്ടിൽ എത്തുവാൻ കൊതിച്ചിടുന്നേ
എൻ മണാളാ

# 453

1 മഹൽ സ്നേഹം മഹൽസ്നേഹം
പരലോക പിതാവു താൻ മകനെ മരിപ്പതിന്നായ്
കൂരിശിൽ കൈവെടിഞ്ഞോ - മകനെ -

2 സ്വർഗ്ഗസ്ഥലങ്ങളിലുള്ളനുഗ്രഹം നമുക്കായ്
സകലവും നൽകിടുവാൻ
പിതാവിന്നു ഹിതമായ് - സകലവും -

3 ഉലകസ്ഥാപനത്തിൻ മുമ്പുളവായൊരൻപാൽ
തിരഞ്ഞെടുത്തവൻ നമ്മെ
തിരുമുമ്പിൽ വസിപ്പാൻ - തിരു -

4 മലിനതമാറി നമ്മൾ മഹിമയിൽ വിളങ്ങാൻ
മനുവേലൻ നിണംചിന്തി
നരരെ വീണ്ടെടുപ്പാൻ - മനുവേ -

5 അതിക്രമ മോചനമാ - മനുഗ്രഹമവനിൽ
അനുഭവിക്കുന്നു നമ്മൾ
അവൻ തന്ന കൃപയാൽ - അനു -

6 മരണത്താൽ മറയാത്ത മഹത്സനേഹപ്രഭയാൽ
പിരിയാബന്ധമാണിതു
യുഗകാലം വരെയും - പിരി -

# 454

മഹാത്ഭുതമേ കാൽവറിയിൽ കാണുന്ന സ്നേഹം
മഹോന്നതൻ വഹിച്ചിടുന്നു ലോകത്തിൻ പാപം
സർവ്വലോകത്തിൻ ശാപം!

1 ആദിയുഗങ്ങൾ തുടസ്സമാ - യതിൽ മുൻപേ
ആദിപരാ! പാപികളെയോർത്ത നിന്നൻപേ!
ആത്രയമതാണെനിക്കുള്ളാ -
ശയിൻകൂമ്പേ! ദിവ്യ - കാരുണ്യക്കാമ്പേ! -

2 വേദനപ്പെടും മനുജനായവതാരം
മേദുരമനോഹരൻ നീ ചെയ്തതിൻ സാരം
ആരറിയുന്നതിശയമേ നിന്നുപകാരം!
തവ സ്നേഹമപാരം!

3 തിരുസഭയെ തൻനിണത്താൽ വാങ്ങുകയെന്നോ!
തിരുഹിതത്തിൻ നിർണ്ണയങ്ങളീവിധമെന്നോ!
തിരുഹൃദയമേഴകൾക്കായ് തകരുകയെന്നോ
ദൈവം-കൈവിടുകെന്നോ!

4 സ്വർഗ്ഗസുഖമണുവളവുമനുഭവമാക്കാൻ
യോഗ്യതയില്ലഗിതിയെനിക്കല്പവുമോർക്കിൽ
ഭാഗ്യവശാൽ പാപിയാം ഞാൻ രക്ഷിതനായി
പാപ ശിക്ഷകൾ പോയി

# 455

മഴവില്ലും സൂര്യചന്ദ്രനും
വിണ്ണിലെ പൊന്നിൻ താരകളും
യേശുവിൻ കൃപകളെ വർണ്ണിക്കുമ്പോൾ
പാടും... ഞാനും... അത്യുച്ചത്തിൽ

1 വൻ കൃപയേകും നായകൻ
കണ്ണുനീർ മായ്ക്കും നായകൻ

എന്നെ ശാന്തമാം മേച്ചിലിൽ
നിത്യം നടത്തും എൻ നായകൻ

2 കാരുണ്യമേകും നായകൻ
ആശ്വസിപ്പിച്ചീടും നായകൻ
എന്നെ ചേർത്തിടും ചേലോടെ
കാത്തുരക്ഷിക്കും എൻ നായകൻ

# 456

1 മാനവരെ രക്ഷിച്ചീടുവാനായ്
വാനത്തിൽ നിന്നിഹത്തിൽ വന്നു താൻ
ജീവനേകിയോരേശു ഭൂവിൽ തിരികെ വരും

വേഗമേശു രക്ഷകനാഗമിച്ചിടും
മേഘമതാം വാഹനെ

2 തൻ ശുദ്ധരെ ആകാശെ കൂട്ടുവാൻ
യേശു വരുന്നു താമസംവിനാ
പാർത്തലത്തിൽ നിന്നവൻ ചേർത്തിടും തൻ സന്നിധൗ -

3 നിങ്ങളുടെ അരകൾ കെട്ടിയും
ഭംഗിയോടെ ദീപം വിളങ്ങിയും
കർത്താവിൻ വരവിനായ് കാത്തീടുവിൻ സർവ്വദാ -

4 കുഞ്ഞാട്ടിന്റെ കല്യാണം വന്നിതാ
കാന്ത അലംകൃത മനോഹരി
ക്ഷണിക്കപ്പെട്ടോരെല്ലാം ധന്യരഹോ എന്നുമേ -

# 457

മാനുവൽ മനുജസുതാ! നിന്റെ
മാനമേറും തൃപ്പാദങ്ങൾ വണങ്ങി ഞങ്ങൾ
മംഗളമോതിടുന്നിതാ - നിത്യം
മഹിമയുണ്ടായിടട്ടെ നിനക്കു നാഥാ!

1 ഏദനിലാദിമനുജർ ചെയ്ത
പാതകം പരിഹരിപ്പാൻ ഭൂതലേ വന്നു
ക്രൂശതിൽ മരിച്ചുയിർത്ത - നിന്റെ
പേശലമാം ചരിതമെന്തതി വിപുലം -

2 വൻപരുമനുനിമിഷം - പാടി
കുമ്പിടുന്ന ഗുണമെഴുമധിപതിയേ
ചെമ്പകമലർ തൊഴുന്ന - പാദ -
മൻപിനോടെ നമിക്കുന്നു നമിക്കുന്നിതാ -

3 നീചരായ് ഗണിച്ചിരുന്ന - പേത്ര -
നാദിയായ ധീവരരെ ദിവ്യകൃപയാൽ
ശേഷി കൊണ്ടലങ്കരിച്ചു - പരം
പ്രേഷണം ചെയ്തവനിയിൽ ഗുരുക്കളായ് നീ

4 വന്ദനം പരമഗുരോ നിന്റെ
നന്ദനീയമാം ഗുണങ്ങളുരപ്പതാമോ?
ചന്ദനം പുഴുകിവയെക്കാളും
തോന്നിടുന്നു നിൻചരിതം സുരഭിയായി

5 അല്പമാമുപകരണം - കൊണ്ടു
നല്പെഴുന്ന മഹത്തായ വേലകൾ ചെയ്യും
ശില്പികൾക്കുടയവനെ! നീയേ
ചിൽപ്പുരുഷൻ ചിരന്തന! നമസ്ക്കാരം

6 കഷ്ടതയുടെ നടുവിൽ - ഞങ്ങൾ
പെട്ടുഴന്നു വലയുന്നുണ്ടാകയാൽ ദേവാ!
തൊട്ടു നിന്നോമനക്കൈയാൽ - പാരം
ചുട്ടുനീറും മനസ്സിനെ തണുപ്പിക്കണെ

7 സ്ഫീതമാം കരിമുകിലേ! സാധു
ചാതകങ്ങളാണു ഞങ്ങൾ നീ തരുന്നൊരു
ശീകരമനുഭവിച്ചു - സർവ്വ
ശോകവും ശമിപ്പിക്കുവാൻ കൃപ ചെയ്യണേ -

8 ആശയുമനുസ്മൃതിയും സ്നേഹ
പാശബന്ധം വിനയവും വിമലതയും
ദാസരിൽ വളർത്തണമെ നിത്യം
യേശുനാഥാ നമസ്ക്കാരം, നമസ്ക്കാരം

# 458

മാറാത്ത സ്നേഹിതൻ മാനുവേൽ തൻ തിരു
മാറിടം ചാരിടും ഞാൻ ദിനവും
പാരിടമാകവേ മാറിടും നേരവും
ചാരിടാൻ തൻ തിരുമാറിടമാം

1 ഖേദമെന്നാകിലും മോദമെന്നാകിലും
ഭേദമില്ലാത്തൊരു സ്നേഹിതനാണവൻ
മേദിനിയിൽ വേദനകൾ
ഏതിനമൊക്കെയെന്നറിഞ്ഞോൻ

2 നിത്യതയോളവും സത്യകൂട്ടാളിയായ്
ക്രിസ്തനല്ലാതെയില്ലാരുമി ഭൂമിയിൽ
മൃത്യുവിനാൽ മാറുമെത്ര
മിത്രമായാലും മർത്യരെല്ലാം

3 ഭാരങ്ങളേറുമീ പാരിൽ നാൾതോറുമെൻ
ഭാരം ചുമന്നിടും കർത്താനാണേശുതാൻ
ആത്മ പ്രിയൻ നല്ലിടയൻ
ആർദ്രതയെന്നെ പിന്തുടരും -

4 ആകെയിളകിടും ലോകമിതേകിടും
ആകുലവേളകൾ ഭീകരമാകുമോ?
ഹല്ലേലുയ്യാ! ഹല്ലേലുയ്യാ!
പാടുമെൻ ജീവകാലമെല്ലാം

# 459

1 മാറിടാത്ത യേശുനാഥൻ
മാറ്റും നിന്റെ വേദന
പാപത്താലും രോഗത്താലും
കലങ്ങിടേണ്ടാ കടന്നുവാ...

കടന്നു വാ! കടന്നു വാ! ...
യേശു നിന്നെ വിളിക്കുന്നു

2 ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നുവാ!
തളർന്ന നിന്റെ അന്തരാത്മ ക്ലേശം
നീക്കും കടന്നു വാ!

3 ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറംതള്ളും
പാവനൻ തൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നുവാ

# 460

1 മേലിലുള്ളെരൂശലേമേ!
കാലമെല്ലാം കഴിയുന്ന നാളിലെന്നെ ചേർക്കണേ
നിൻ കൈകളിൽ - നാഥാ! ലളിതകൃപയുടെ
വരിഷമനുദിനമനുഭവിപ്പതിനരുളണേ സഭ -
യാകുമീപുഷ്പമാം സാധുപൈതലിൽ - നിന്റെ
പാലനമല്ലാതെയെന്തിപ്പൈതലിൽ?

2 ഹാ! കലങ്ങൾക്കിടയിൽ നീ ആകുലയായ് കിടന്നാലും
നാകനാഥൻ കടാക്ഷിക്കും നിന്റെ മേൽ - കാന്തൻ
പ്രേമരസമതു ഭവതിയുടെ മനമാശു
തന്നിലൊഴിക്കവേ - പരമാത്മചൈതന്യം

ലഭിക്കുമാകയാൽ - നീയും
വാനലോകേ പറന്നേറും പ്രാവുപോൽ

3 ബാലസൂര്യകാന്തികോലും ചേലെഴും ചിറകിനാൽ നീ
മേലുലകം കടക്കുന്ന കാഴ്ചയെ - പോരാ
കനകമണിവൊരുഗണിക സുതരൊടു
സഹിതമാഴിയിലാണിടും തവ
ബാബിലോൺ ശിക്ഷയാം ഘോരവീഴ്ചയെ - കാണ്മാൻ
ബാലനിവന്നേകണം നിൻ വേഴ്ചയെ

4 ആയിരമായിരം കോടി വാനഗോളങ്ങളെ താണ്ടി -
പ്പോയിടും നിന്മാർഗ്ഗമൂഹിക്കാവതോ?
കാണും ഗഗനതലമതു മനുജഗണന
യുമതിശയിച്ചുയരും വിധൌ - തവഭാഗ്യമഹിമയെ
വാഴ്ത്താനാവതോ? സൗഖ്യം
ലേശമെങ്കിലുമുരപ്പാൻ നാവിതോ?

5 വെണ്മയും ചുമപ്പു പച്ച മഞ്ഞ നിലം ധൂമ്രമെന്നീ
വർണ്ണഭേദങ്ങളാൽ നിഴൽ നൽകിയേ ജ്യോതിർ
മണ്ഡലങ്ങളിലമരുമവരുടെ
വന്ദനം ജയഘോഷമെന്നിവ
മണ്ഡനമായ് തന്നു നിനക്കംബികേ! - വാനം
നിന്നെയുപചരിച്ചിടും ധാർമ്മികേ!

6 ഹാ! മണവറയ്ക്കടുത്തു നീയണയും സമയത്തു
ശ്രീമഹാരാജ്ഞിയേ! നിന്നെക്കാണുവാൻ - സ്വർഗ്ഗ
കാമിനീഗണമമിതകുതുക
മൊടാദരാലരികേ വരും തവ
കൈകളെ കാന്തൻപിടിക്കും മോദവാൻ - നിത്യ
സ്നേഹഭവനത്തിനുള്ളിൽ പൂകുവാൻ

7 നിന്മുഖത്തുനിന്നു തൂകും നന്മധുപൂരത്തിലംബേ!
മുങ്ങി ലയിക്കുന്നു ദിവ്യ ജ്ഞാനികൾ നിന്റെ

നൻമൊഴിക്കരികണയുവതിനൊരു
നവ്യമായ സയൻസുമില്ലതു
സമ്മതിക്കുന്നജ്ഞരല്ലാ പ്രാണികൾ തെല്ലും
മുണ്മയറിയുന്നതില്ലേ മാനികൾ -

8 നിൻ മഹിമയോതുവതിന്നിന്നരന്നു സാദ്ധ്യമല്ലേ
പൊന്നുപുതുവാനഭൂമി വന്നിടും - അതേ
മണ്ണിൽ വീണുമറഞ്ഞുപോയവർ
പിന്നെയും പുതുതാമുടൽ ധരി -
ച്ചുന്നത ജീവനെയാണ്ടു നിന്നിടും - നാളിൽ
നിന്നിലടിയൻ ലയിച്ചുചേർന്നിടും -

9 സത്യമാതാവായെനിക്കിങ്ങുത്തമേ നീ മാത്രമല്ലോ
നിത്യനേശുക്രിസ്തുരാജനെന്നുമേ - സർവ്വ
ദുഃഖവും നിജതൃക്കടാക്ഷമതൊന്നു
കൊണ്ടകലത്തകറ്റിടും
മുൾക്കനിവേറും പിതാവാണിന്നുമേ - മമ
സ്വർഗ്ഗപിതാവിന്റെ നാമം ധന്യമേ

# 461

***രീതി: "വന്ദനം യേശുപരാ"***

മൃത്യുവിനെ ജയിച്ച കർത്തനേശു -
ക്രിസ്തുവിനെ സ്തുതിപ്പിൻ
ആദ്യനുമന്ത്യനുമാം മഹാരാജ -
നേശുവിനെ സ്തുതിപ്പിൻ

1 വേദത്തിൻ കാതലിവൻ മനുകുല
മോക്ഷത്തിൻ പാതയും താൻ
ഖേദം സഹിച്ചുകൊണ്ടു നരകുല
വ്യാധിയകറ്റിയോനാം

2 പാപം ചുമന്നു ശാപമേറ്റു
കുരിശേറി മരിച്ചതിനാൽ
പാപികൾക്കായിരുന്ന ദൈവകോപ -
മാകെയൊഴിഞ്ഞൊഴിഞ്ഞു

3 ജീവനില്ലാതിരുന്ന ഉലകത്തിൽ
ജീവൻ പകർന്നിടുവാൻ
ചാവിൻ വിഷം രുചിച്ച
കുഞ്ഞാടിവനേതും മടികൂടാതെ

4 മല്ലൻ പിശാചിനുടെ ശിരസ്സിനെ
തല്ലിത്തകർത്തു ക്രൂശിൽ
ഉല്ലാസമോടു ജയം കൊണ്ടാടിയ
വല്ലഭനല്ലേലൂയ്യാ

5 ശത്രുത്വം ക്രൂശിൽ നീക്കി
ദൈവത്തോടു ശത്രുക്കളായവരെ
എത്രമേൽ യോജിപ്പിച്ചു താതനോടു
ക്രൂശിലെ രക്തം മൂലം

6 തൻതിരു താതനുടെ വലഭാഗേ
ഏറി വസിച്ചിടുന്നോൻ
വീണ്ടും വരുന്നവനാം മനുവേല -
നേശുവിനെ സ്തുതിപ്പിൻ

# 462

1 യഹോവ എത്ര നല്ലവൻ തൻ ആശ്രിതർക്കെല്ലാം
മാറാത്ത മഹാവിശ്വസ്തൻ താൻ നിത്യപറയാം

2 വിശുദ്ധി തൻ സിംഹാസനം നീതിയും തൻ ചെങ്കോൽ
തൻ നിത്യ പ്രീതിവാത്സല്യം മഹാസമുദ്രം പോൽ

3 ക്രിസ്തേശുവിൽ തൻ നിയമം നമ്മോടു സ്ഥാപിച്ചു
സമ്പൂർണ്ണപാപമോചനം നല്കാൻ പ്രസാദിച്ചു

4 താൻ ഉന്നതത്തിൽ വാഴുന്നു രാജാധിരാജാവായ്
പാതാളത്തോളം താഴുന്നു തൻ ഭക്തർ രക്ഷയ്ക്കായ്

5 നേരുള്ളവരിൽ രക്ഷകൻ അനാഥർക്കും പിതാ
വിശുദ്ധന്മാരിൽ സ്നേഹിതൻ ഇതത്രേ യഹോവാ

6 ദുഃഖങ്ങളിൽ ആശ്വാസങ്ങൾ ആരോഗ്യം രോഗത്തിൽ
ആത്മാവിൽ ദിവ്യോല്ലാസങ്ങൾ ഉണ്ടു യഹോവയിൽ

# 463

യഹോവ ദൈവമാം വിശുദ്ധ ജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ?

1 ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവം ഒരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല -

2 അവനീതലത്തിൽ അപമാനം നമു -
ക്കവകാശമെന്നോർത്തിടണം
അവനായ് കഷ്ടതയേൽക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം -

3 നിരനിരയായ് അണി നിരന്നിടുവിൻ
കുരിശിൻ പടയാളികളെ
ജയജയജയ കാഹളമൂതിടുവിൻ
ജയ വീരനാം യേശുവിന്നു -

# 464

1 യഹോവ യിരെ ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്

യഹോവ റാഫാ സൗഖ്യദായകൻ
നിൻ അടിപ്പിണരാൽ സൗഖ്യം
യഹോവ ശമ്മാ കൂടെയിരിക്കും
നൽകുമെൻ ആവശ്യങ്ങൾ

നീ മാത്രം മതി നീ മാത്രം മതി
നീ മാത്രം മതിയെനിക്ക് (2)

2 യഹോവ ഏലോഹീം സ്രഷ്ടാവാം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ ഏല്ല്യോൻ അത്യുന്നതൻ നീ
നിന്നെപ്പോലെ മറ്റാരുമില്ലാ
യഹോവ ശാലേം എൻ സമാധാനം
നൽകി നിൻ ശാന്തി എന്നിൽ (നീ മാത്രം)

# 465

1 യാക്കോബിൻ വല്ലഭൻ മാറാത്തവൻ
വാനവും ഭൂമിയും മാറിയാലും (2)
വിശ്വസ്തനവൻ ദയ എന്നുമുള്ളത്
ഇന്നോളമെൻ മരു യാത്രയതിൽ (2)

വർണ്ണിച്ചീടുമേ ഘോഷിച്ചാർക്കുമേ
നാഥനവൻ മമ പാതയതിൽ
വലങ്കരം തന്നെന്നെ നടത്തുന്നതാൽ (2)

2 പാറയാം യാഹവൻ വാഴ്ത്തപ്പെട്ടോൻ
യുദ്ധത്തിനായ് എന്റെ കൈകളെയും (2)
പോരിനായ് അവനെന്റെ വിരലിനെയും
അഭ്യസിപ്പിക്കുന്നു തൻ കൃപയാൽ (2) വർണ്ണി

3 കരയുവാൻ കണ്ണുള്ള കാലമെല്ലാം
കരുതിടും കനിഞ്ഞവൻ കണ്മണിപോൽ (2)

ആപത്തിലും എന്റെ രോഗത്തിലും
നാലാമനായവൻ വന്നു ചേരുമേ (2) വർണ്ണി

4 ദൈവമാം രാജാവേ അങ്ങെ പുകഴ്ത്തും
നാൾതോറും നിൻതിരുനാമത്തെ വാഴ്ത്തും (2)
ഉന്നതനെ യാഹെ നിത്യം സ്തുത്യനെ
ആർത്തിയോടെ ഞങ്ങൽ ആരാധിക്കുന്നേ (2)വർണ്ണി

# 466

യാക്കോബേ! നീ എന്തിനീ - വിധത്തിൽ ചിന്താ -
ഭാരങ്ങൾകൊണ്ടുള്ളിലന്ധനായ് തീരുന്നു
മിസ്രയീമിൽ വന്നു നിൻ ഭാരമൊഴിച്ചവൻ
ചെങ്കടൽ വറ്റിച്ചോൻ നിൻ മുമ്പിലുണ്ടിനി

1 പെരുവെള്ളം കണ്ടാൽ നീ ലേശം കലങ്ങേണ്ടാ
അഗ്നിയിൽ നീ വേകാതെയെന്നും ഞാൻ കാത്തിടും
നിൻമുഖം എന്തിനീക്ഷോണിയിൽ വിളറുന്നു
എന്തിനു നിൻമനം ചിന്തയാൽ വാടുന്നു

2 ആവർത്തനശക്തി എന്മക്കൾക്കേകും ഞാൻ
കാത്തിരുന്നീടുകിൽ ശക്തനായ്ത്തീരും നീ
കഴുകൻപോൽ നീ പറന്നത്യുന്നതത്തിലായ്
സ്വർഗ്ഗസ്ഥലങ്ങളിൽ ജീവിച്ചു വാഴും നീ

3 ആയിരമായിരം കോടാകോടി മർത്യർ
ക്കാശിഷമേകുന്ന വൻ നദിയാകും നീ
വേനൽക്കാലം വർഷം എന്നുള്ള ഭേദം നിൻ
വേലയിലോർത്തോവൻ നദിയാകും നീ

4 എപ്പോഴും സന്തോഷ - പൂർണ്ണനായ് നിന്നെ ഞാൻ
ഇപ്പാരിൽ പാലിച്ചെൻ കൈകളിൽ സൂക്ഷിക്കും
കണ്ണിൻമണിപോലെ നിന്നെ നിനച്ചു ഞാൻ
എൻ മാർവ്വിലെപ്പോഴും നിന്നെ വഹിച്ചീടും

# 467

1 യാചന കേട്ടെന്റെ ആകുലം മാറ്റുന്ന
കർത്താവിൻ കൈകളിൽ ഞാൻ
നാൾതോറും എന്നുടെ ഭാരങ്ങൾ ചുമക്കുന്ന
ദൈവത്തിൻ കൈകളിൽ ഞാൻ

2 കാലുകൾ ഇടറുമ്പോൾ മനസ്സ് തകരുമ്പോൾ
ആണിപ്പഴുതേറ്റ കരങ്ങളാൽ താങ്ങി
ജയമായ് നടത്തിടുന്നു - യാചന

3 ദൈവമെൻ പക്ഷമതാൽ തെല്ലും പതറില്ല ഞാൻ
പോർക്കള മേടുകൾ നേരിട്ടവൻ എന്നിൽ
തൻ ബലം പകർന്നിടുന്നു - യാചന

# 468

യാഹ് നല്ല ഇടയൻ എന്നും എന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ

1 പച്ചയായ പുൽപ്പുറങ്ങളിൽ,
സ്വഛമാം നദിക്കരികിലും
ക്ഷേമമായി പോറ്റുന്നെന്നെയും
സ്നേഹമോടെന്നേശുനായകൻ

2 ശത്രുവിന്റെ പാളയത്തിലും
ശ്രേഷ്ഠഭോജ്യമേകിടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിൻതുടർന്നീടും

3 കൂരിരുളിൻ താഴ്വരയതിൽ,
ഏകനായ് സഞ്ചരിക്കിലും
ആധിയെന്യേ പാർത്തിടുന്നതും,
ആത്മനാഥൻ കൂടെയുള്ളതാൽ

4 കഷ്ട നഷ്ട ശോധനകളിൽ
പൊൻ മുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിൻ മീതെ
നിർഭയനായ് ഞാൻ വസിച്ചിടും

# 469

1 യാഹെന്ന ദൈവം എന്നിടയനല്ലോ!
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചല ജലം എന്നെ കുടിപ്പിക്കുന്നു

2 സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻതിരുപ്പാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല

3 ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻ വടിയാൽ
എനിക്കൊരു വിരുന്നു നീ ഒരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൽ

4 ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യതൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു

5 നന്മയും കരുണയും എന്നായുസ്സിൽ
ഉണ്മയായ് തുടർന്നിടും ദിനവുമഹോ!
സ്വർഗ്ഗീയ ആലയം തന്നിലീ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ്

# 470

യാഹെ നീയെൻ ദൈവം വാഴ്ത്തും ഞാൻ നിന്നെ
സ്തുത്യർഹമേ തവ നാമം

1 ആഴിയെന്നോർത്തില്ല ആഴമാരാഞ്ഞില്ല
അലകൾക്കു ഞാൻ തെല്ലും ഭയപ്പെട്ടില്ല
ഇറങ്ങി ഞാൻ പ്രിയനെ! സമുദ്രത്തിൻ നടുവിൽ
നിൻ വിളികേട്ടു പിൻ വരുവാൻ -

2 അലറുന്നീയാഴിയിൽ അലയതിഘോരം
തോന്നുന്നു ഭീതിയെൻ ഹൃദിപാരം
പാദങ്ങൾ ആഴത്തിൽ താഴുന്നു
പ്രിയനെ ഏന്തുക തൃക്കരമതിനാൽ -

3 എന്നിലും ഭക്തർ എന്നിലും ശക്തർ
വീണു തകർന്നീപ്പോർക്കളത്തിൽ
കാണുന്നു ഞാൻ അസ്ഥികൂടങ്ങൾ ഭീകരം
വീരപുമാൻകളിൽ വീണവരിൽ -

4 ഈയിഹ ശക്തികളഖിലവും ഭക്തനു
വിപരീതം നീ അറിയുന്നേ
താങ്ങുക കരത്തിൽ കാക്കുക ബലത്തിൽ
സ്വർഗ്ഗസീയോൻ പുരിവരെയും -

5 പോർക്കളമുമ്പിൽ പിൻ മാറുകയോ പടി -
വാതിലിലിനി ഞാൻ തളരുകയോ
ഒന്നു ഞാൻ ചെയ്യുന്നു മുമ്പിലേക്കോടുന്നു
വിരുതൊന്നു താനെൻ ലക്ഷ്യം -

6 അർപ്പണം ചെയ്യുന്നാത്മനിയോഗാൽ
അല്പമെനിക്കിങ്ങുള്ളതെല്ലാം
ഉന്നതനേ തവ സേവയിൽ ജീവിതം
ഒന്നു മതിയെനിക്കുലകിൽ

# 471

1 യാക്കോബിൻ ദൈവം ഇന്നും നമുക്കുള്ളവൻ നമ്മെ
ജീവപര്യന്തം കാത്തിടുമേ
ഓരോ ദിവസവും കൃപ നൽകി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

ഹല്ലേലൂയ്യാ അവൻ ആത്മരക്ഷകൻ
ഹല്ലേലൂയ്യാ അവൻ സൗഖ്യദായകൻ
ഹല്ലേലൂയ്യാ ശുദ്ധാത്മദായകൻ നമ്മെ
നിത്യതയ്ക്കായ് ഒരുക്കീടുമേ

2 ആഴിയിൽ നാം കടന്നുപോയീടിലും അതു
നമ്മെ കവിഞ്ഞിടാതെ കാത്തിടുമേ
തീയിൽ നാം ആകിലും ജ്വാല നമ്മെ തെല്ലും
ഏശാതിമ്മാനുവേൽ താൻ നടത്തിടുമേ - ഹല്ലേ

3 സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ
എല്ലാ വേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാൽ അവൻ സൗഖ്യമാക്കി ഇന്നും
ഇമ്മാനുവേലവൻ താൻ നടത്തീടുമേ - ഹല്ലേ

4 സീയോൻ പ്രയാണികളെ ആനന്ദിപ്പീൻ നമ്മൾ
ദുഃഖവും നെടുവീർപ്പും ഓടീടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും
ഇമ്മാനുവേലവൻ താൻ നടത്തീടുമേ - ഹല്ലേ

5 ജയശാലിയായവൻ വന്നിടുമേ എല്ലാ
പ്രതിഫലവുമവൻ തന്നീടുമേ
ആത്മാവിനാലതിനായൊരുക്കി നമ്മെ
ഇന്നും ഇമ്മാനുവേലവൻ താൻ നടത്തീടുമേ - ഹല്ലേ

# 472

1 യേശു എൻ പക്ഷമായ് തീർന്നതിനാൽ
എന്തൊരാനന്ദമീ ഭൂവിൽ വാസം
ഹ! എത്രമോദം പാർത്തലത്തിൽ ജീവിക്കും നാൾ

2 ലോകം വെറുത്തവരേശുവോടു
ചേർന്നിരുന്നെപ്പോഴും ആശ്വസിക്കും
മാ ഭാഗ്യകനാൻ ചേരുംവരെ കാത്തിടേണം

3 ഈ ലോകരാക്ഷേപം ചൊല്ലിയാലും
ദുഷ്ടർ പരിഹാസം ഓതിയാലും
എൻ പ്രാണനാഥൻ പോയതായ പാതമതി

4 വേഗം വരാമെന്നുരച്ച നാഥാ
നോക്കി നോക്കി കൺകൾ മങ്ങിടുന്നേ
എപ്പോൾ വരുമോ പ്രാണ - പ്രിയാ കണ്ടിടുവാൻ

5 ലോകമെനിക്കൊരാശ്വാസമായ്
കാണുന്നില്ലേ എന്റെ പ്രാണനാഥ
നാൾതോറുമെനിക്കാശ്വാസമായ് തീർന്നിടേണേ

# 473

**“Blessed assurance”**

1 യേശു എൻ സ്വന്തം ഹല്ലേലുയ്യാ -
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ
പഴയതെല്ലാം കഴിഞ്ഞുപോയ്
കണ്ടാലും സർവ്വം പുതിയതായ്

എനിക്കു പാട്ടും പ്രശംസയും
ദൈവ കുഞ്ഞാടും തൻ കുരിശും

2 യേശു എൻ സ്വന്തം ഹല്ലേലുയ്യാ -
തീർന്നു എന്നാന്ധ്യം നീങ്ങി രാവും

ഇരുട്ടിൻ പാശം അറുത്തു താൻ
ജീവപ്രകാശം കാണുന്നു ഞാൻ -

3 യേശു എൻ സ്വന്തം ഹല്ലേലുയ്യാ -
തുറന്ന സ്വർഗ്ഗം കാണുന്നിതാ
പാപം താൻ നീക്കി രക്തത്തിനാൽ
ദൈവകുഞ്ഞാക്കി ആത്മാവിനാൽ -

4 യേശു എൻ സ്വന്തം ഹല്ലേലുയ്യാ
പാടാൻ എന്നിമ്പം പോരാ എൻവായ്
ജീവന്റെ വെള്ളം തണുപ്പിനായ്
ജീവന്റെ അപ്പം എൻ ശക്തിക്കായ് -

5 യേശു എൻ സ്വന്തം ഹല്ലേലുയ്യാ-
ഈ സ്നേഹബന്ധം നില്ക്കും സദാ
മരണത്തോളം സ്നേഹിച്ചു താൻ
നിത്യതയോളം സ്നേഹിക്കും താൻ -

6 യേശു എൻ സ്വന്തം ഹല്ലേലുയ്യാ -
ഞാൻ നിൻ സമ്പാദ്യം എൻ രക്ഷകാ
നീയെൻ കർത്താവും സ്നേഹിതനും
ആത്മഭർത്താവും സകലതും

# 474

യേശു മഹോന്നതനെ
മഹോന്നതനെ വേഗം കാണാം
മൽപ്രേമകാന്തനെ കാണാം

1 സുന്ദരരൂപനെ ഞാൻ ഈ
മേഘമതിൽ വേഗം കാണാം
മൽപ്രേമകാന്തനെ കാണാം
കഷ്ടതയേറെ സഹിച്ചവരും

കല്ലേറടി ഇടികൊണ്ടു മരിച്ചവരന്നു
മശിഹായോടു വാഴുമാനാട്ടിൽ -

2 പൊൻമണിമാലയവൻ
എനിക്കുതരും ശുഭ്രവസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന്
കണ്ണുനീരാകെ ഒഴിഞ്ഞീടുമേ
ആയിരമാണ്ടു വസിക്കുമവനുടെ നാട്ടിൽ
എനിക്കായൊരുക്കിയ വീട്ടിൽ -

3 രാപ്പകലില്ലവിടെ പ്രശോഭി -
തമായൊരു നാട് - നാലു
ജീവികൾ പാടുമവിടെ
ജീവജലനദി ഉണ്ടവിടെ
ജീവമരങ്ങളുമായ് നിലകൊണ്ടൊരുദേശം
നല്ലൊരു ഭൂവനദേശം -

# 475

1 യേശു മാത്രം മതിയെനിക്ക്
ഈ പാരിൻ ദുരിതങ്ങളിൽ
അലകൾ ഉയരുമ്പോൾ
പ്രതികൂലങ്ങൾ ഏറിടുമ്പോൾ

2 മിത്രങ്ങൾ ശത്രുക്കളാകുമ്പോൾ
ശത്രുത്വം ഏറിടുമ്പോൾ
ഭയപ്പെടേണ്ട എന്നരുളിയോൻ
കൂടെയുണ്ട് ജീവിതത്തിൽ

3 പെറ്റതള്ള മാറിയാലും
ഈ ലോകം കൈയ് വിട്ടാലും
കൈ വിടില്ലന്നരുളിയോൻ
കൂടെയുണ്ട് ജീവിതത്തിൽ

4 നിന്ദ പരിഹാസം ഏറ്റു ഞാൻ
തകർന്നുള്ളം വിങ്ങിടുമ്പോൾ
കാണുന്നു കാൽവറിയിൽ
യാഗമായ യേശുവിനെ

5 പ്രതിഫലം തന്നിടുമ്പോൾ
ജീവകിരീടം പ്രാപിക്കുമ്പോൾ
ശുഭ്ര വസ്ത്രം ധരിച്ചു ഞാൻ
ശുദ്ധർ കൂടെ വാണിടുമേ

# 476

1 യേശു എനിക്കെത്ര നല്ലവനാം
ക്ലേശമെശാതെന്നെ കാത്തവനാം
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും
താങ്ങി നടത്തുവാൻ വല്ലഭനാം

എക്കാലത്തും തൻഭക്തരെ
തൃക്കയ്യാൽ താങ്ങി നടത്തുമവൻ
കഷ്ടതയിൽ നൽ തുണ താൻ
ദുഃഖത്തിൽ ആശ്വാസ ദായകൻ താൻ

2 ഉള്ളം കലങ്ങും പ്രയാസം വന്നാൽ
ഉണ്ടെനിക്കഭയസ്ഥാനമൊന്ന്
ഉറ്റവർ സ്നേഹിതർ വിട്ടുപോയെന്നാലും
ഉന്നതൻ മാറില്ല കൈവിടില്ല -

3 വാനവിതാനത്തിൽ ദൂതരുമായ്
വന്നു വിളിക്കുമ്പോൾ ആ ക്ഷണത്തിൽ
മണ്ണിൽ മറഞ്ഞാലും മന്നിലിരുന്നാലും
വിണ്ണിൽ തൻ സന്നിധൗ ചേർന്നിടും ഞാൻ

4 ആഴിയിൽ പാതയൊരുക്കുമവൻ
ആശ്രിതർക്കാപത്തൊഴിക്കുമവൻ

ആ ദിവ്യപാദത്തിലാശ്രയിച്ചോരാരും
ആലംബഹീനരായ് തീർന്നതില്ല -

# 477

യേശു എന്നുള്ളത്തിൽ വന്ന നാളിൽ
എന്തുമാറ്റം വന്നു എന്നിൽ!
തന്നെ ഞാനുള്ളത്തിൽ ഏറ്റതാലെ
എന്തുമാറ്റം വന്നു എന്നിൽ! -

1 വൻ വിനകൾ തൻ നടുവിൽ സഹായമേകി
എന്റെ പാപ ശാപമെല്ലാം തൻമേലേറ്റി
ക്രൂശിൽ തൻ ചോരയെൻ പേർക്കായൂറ്റി
എന്തു മാറ്റം വന്നു എന്നിൽ!

2 ഈ ജഗത്തിൻ മാലിന്യങ്ങൾ നീക്കിമുറ്റും
സ്വന്തമാക്കി എന്റെ പാപബന്ധനം നീക്കി
തൻ പിതാവോടൊത്തു താൻ ബന്ധമേകി
എന്തു മാറ്റം വന്നു എന്നിൽ

3 പൊൻനിണം തന്നെൻ വിലയായ് വീണ്ടുകൊൾവാൻ
എന്നുമെന്നും ഞാനവന്റേതൊന്നുമാത്രം
ദേഹമെൻ ദേഹിയെന്നാത്മാവും
എന്തു മാറ്റം വന്നു എന്നിൽ!

4 എൻ വഴിയിൽ ദുർഘടങ്ങൾ എല്ലാം നീങ്ങി
എന്റെയാശ എന്റെ ലാക്കും ഒന്നുമാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ -
എന്തുമാറ്റം വന്നു എന്നിൽ! -

5 രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ കണ്ടിടാറായ്
എന്നുമെൻ ഗാനമിതൊന്നുമാത്രം
എന്തുമാറ്റം വന്നു എന്നിൽ!

# 478

യേശു എൻ അടിസ്ഥാനം ആശ അവനിലത്രെ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൻ കണ്ടേ ഞാനും

1 എത്രമധുരമവൻ - നാമ - മെനിക്കു പാർത്താൽ
ഓർത്തു വരുന്തോറുമെ - ന്നാർത്തി മാഞ്ഞുപോകുന്നു -

2 ദുഃഖം ദാരിദ്രമെന്നിവയ്ക്കുണ്ടോ ശക്തിയെൻമേൽ
കൈക്കു പിടിച്ചു നടത്തിക്കൊണ്ടുപോകുന്നവൻ -

3 രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കീടാൻ -

4 പാപത്താലെന്നിൽവന്ന ശാപക്കറകൾ മാറ്റി
ശോഭിത നീതിവസ്ത്രം ആഭരണമായ് നൽകും -

5 വമ്പിച്ച ലോകത്തിര - കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ അൻപോടെന്നെ നടത്തും

6 ലോകമെനിക്കു വൈരി - ലോകമെന്നെത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ - ഏതും ഭയപ്പെടാ ഞാൻ -

7 വെക്കം തൻ മണവാട്ടിയാ - ക്കീടുമെന്നെയെന്നു
വാക്കുണ്ടെനിക്കു തന്റെ നീക്കമില്ലതിനൊട്ടും -

# 479

യേശു എന്റെ ആശ്രയം
എനിക്കുള്ളേക സങ്കേതം

1 വിഷമം ഏറെയേറുമ്പോൾ
വിനകളാലെ നീറുമ്പോൾ
കരഞ്ഞു കണ്ണീർ തൂകുമ്പോൾ
അരികിൽ വരുന്നതേശുവാം -

2 പിരിഞ്ഞു പോകും പ്രിയരും
കുറഞ്ഞുപോകും സ്നേഹവും
നിറഞ്ഞ സ്നേഹനാഥനായ്
അറിഞ്ഞു ഞാനെൻ യേശുവെ -

3 എളിയയെന്നെ താങ്ങുവാൻ
എനിക്കായെല്ലാം കരുതുവാൻ
ഉലകനാഥനേശുവുണ്ട്
കലങ്ങവേണ്ട താൻ മതി -

4 ഒരുക്കുന്നെന്റെ വീടങ്ങ്
ഒരിക്കൽ ഞാനും പോകുമേ
മരിക്കുവോളം തന്റെ വേല
ശരിക്കു ചെയ്തു തീർന്നെങ്കിൽ! -

# 480

1 യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജിവിക്കുന്നു - ഇഹ -
ലോകത്തിൽ താനിനി വേഗം വരും
രാജാരാജനായ് വാണിടുവാൻ
ഹാ! ഹല്ലേലുയ്യാ! ജയം ഹല്ലേലുയ്യ!
യേശു കർത്താവു ജീവിക്കുന്നു

2 കൊല്ലുന്ന മരണത്തിൻ ഘോരതര -
വിഷപ്പല്ലു തകർത്തതിനാൽ - ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ
നമ്മൾ വെല്ലുവിളിക്കുകയാം -

3 എന്നേശു ജീവിക്കുന്നായതിനാൽ
ഞാനുമെന്നേക്കും ജീവിക്കയാം - ഇനി
തന്നെപ്പിരിഞ്ഞൊരു ജീവിതമില്ലെനി -
ക്കെല്ലാമെന്നേശുവത്രേ -

4 മന്നിലല്ലെൻ നിത്യവാസമേന്നേശുവിൻ
മുന്നിൽ മഹത്ത്വത്തിലാം - ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്ന
നാളുകളെണ്ണി ഞാൻ പാർത്തിടുന്നു

# 481

യേശുക്രിസ്തു ജീവിക്കുന്നു ഹല്ലേലുയ്യാ!
ഘോഷിപ്പിൻ ജയം! ജയം! ഹല്ലേലുയ്യാ

1 ജീവന്റെ നായകനായ് വാഴുവാനായ്
ചാവിനെ ജയിച്ചോനു ഹല്ലേലുയ്യാ
ദൈവത്തിൻ പുത്രനവനെന്നറിവാൻ
ഏവനും കഴിവിപ്പോൾ ഹല്ലേലുയ്യാ

2 താഴുവാൻ കുരിശോളം വന്നവൻ താൻ
വാഴുന്നു ഹൃദയത്തിൽ ഹല്ലേലുയ്യാ
പാഴാകും ഉള്ളത്തിൽ താൻ എഴുന്നള്ളുമ്പോൾ
മാറുന്നു ദു:ഖമെല്ലാം ഹല്ലേലുയ്യാ -

3 കേവലം പാപത്തിന്നു ചത്തവരായ്
മേവുക യേശുവിൽ നാം ഹല്ലേലുയ്യാ
ദൈവത്തിൻ ഇഷ്ടത്തിനു ജീവിക്ക നാം
ജീവന്റെ പുതുക്കത്തിൽ ഹല്ലേലുയ്യാ

4 യേശുവിൻ ഉയിർപ്പിനാൽ ജീവനുള്ളോർ
ആശയിൻ അംശികൾ നാം ഹല്ലേലുയ്യാ
നാശവും മാലിന്യവും തൻ രാജ്യത്തിൽ
ലേശവും കാൺകയില്ല ഹല്ലേലുയ്യാ

5 ഏദനിൽ ജീവവൃക്ഷം പോയതിനാൽ
ഖേദിക്ക വേണ്ട തെല്ലും ഹല്ലേലുയ്യാ
ചേതം എന്നെണ്ണുക എല്ലാറ്റെയും നാം
നേടുവാൻ യേശുവിനെ ഹല്ലേലുയ്യാ

6 ഇന്നും എന്നേക്കും യേശു മാറ്റം വിനാ
മിന്നും നീതിയിൻ സൂര്യൻ ഹല്ലേലുയ്യാ
വിണ്ണും ഈ മണ്ണും തൻ തൃപ്പാദത്തിങ്കൽ
വന്ദിക്കും ഭക്തിയോടെ ഹല്ലേലുയ്യാ!

# 482

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻ നാമം വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ

1 ചെങ്കടൽ പിളർന്നു നൽവഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ

2 മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കുമേൽ വിരിച്ചു സ്നേഹമായ്
നീണ്ട മരുഭൂവിലുള്ളക്കൈയിൽ താങ്ങിടും

3 കോട്ടകൾ തകർത്തിടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊൻമുഖത്തെ നോക്കിടാം

4 ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ

# 483

യേശു നല്ലവൻ എൻ യേശു നല്ലവൻ അതേ
സംശയമില്ലേതുമെന്റെ യേശു നല്ലവൻ

1 തൻ കരുണയോ എന്നേക്കുമുള്ളതാം - നിത്യം
തൻ കഴലെനിക്കഭയം യേശു നല്ലവൻ

2 നല്ല ഇടയൻ ഇല്ല ചഞ്ചലം – തന്റെ
ചൊല്ലെനിക്കു മാധുര്യമെൻ യേശു നല്ലവൻ

3 ഇല്ല തനിക്കു തുല്യനാരുമേ – ഭുവി
വല്ലഭൻ മഹേശനെന്റെ യേശു നല്ലവൻ

4 ഇന്നലേമിന്നും – എന്നേക്കുമവൻ താൻ – തന്നെ
ഒന്നുപോലിരിക്കുന്നവൻ യേശു നല്ലവൻ

5 കഷ്ടതകളിൽ ആശ്വസമേകുവാൻ എനി –
ക്കേറ്റം അടുത്ത തുണയാം യേശു നല്ലവൻ

6 യേശു നല്ലവൻ – എന്നാസ്വദിച്ചവർ തന്നിൽ
ആശ്രയിക്കും മേല്ക്കുമേലെൻ യേശു നല്ലവൻ

7 നന്ദിയോടു ഞാൻ – എന്നാളുമവനെ – അഭി
വന്ദനം ചെയ്യുമനന്തം യേശു നല്ലവൻ

# 484

1 യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവള്ളത്തിൻ ഇരച്ചിൽ പോലെ
സ്തുതിച്ചിടുക അവന്റെ നാമം

ഹാലേലുയ്യ, ഹാലേലുയ്യാ
മഹത്വവും ജ്ഞാനവും
സ്തോത്രവും ബഹുമാനം
ശക്തിയും ബലവും എൻ യേശുവിനു

2 എന്റെ കർത്താവേ! എന്റെ യഹോവേ!
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്കു ശ്രേഷ്ഠന്മാർ തന്നെ

3 ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവൻ എങ്കലേക്ക് ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി

4 എൻ കാലുകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു  പാട്ടെനിക്കു തന്നു
എൻ ദൈവത്തിനു സ്തുതിതന്നെ -

# 485

യേശുനായകാ പാപശാപനാശകാ
വീണ്ടെടുത്ത നിൻ ജനത്തിനാത്മനായകാ

1 കണ്ടു ഞാനീ ദൈവ - സ്നേഹമീശൻ ക്രൂശിന്മേൽ
പണ്ടു ഞാനറിഞ്ഞതില്ലെ - ന്നോർത്തു നീറുന്നേ
ഉണ്ടെനിക്കു നാടു മേലിലെന്നതോർക്കുമ്പോൾ
വേണ്ടെനിക്കീ മിസ്രയീമിൻ നിക്ഷേപങ്ങളെ

2 വെള്ളിപൊന്നുമല്ല എന്നെ വീണ്ടെടുത്തത്
നിസ്തൂല നിണം കരുണയാൽ കഴുകയായ്
വസ്തുതകൾ വർണ്ണ്യമല്ലതെന്റെ നാവിനാൽ
കർത്തൻ ക്രൂശിൽ നിർവ്വഹിച്ച ദൈവനിർണ്ണയം

3 കണ്ണു കണ്ടിട്ടില്ല വിണ്ണിൻ ഭാവിരൂപങ്ങൾ
കേൾപ്പതില്ല സ്വർഗ്ഗസീയോൻ ഇമ്പഗാനങ്ങൾ
ഒന്നു ഞാനറിയുന്നേതൻ വാസമോർക്കുമ്പോൾ
മന്നിടം മറന്നു ഗാനമെന്നു പാടുമേ

4 നിൻ വരവിൻ ലക്ഷ്യങ്ങളുമെങ്ങും കാണുന്നേ
ജാതി ജാതിയോടു പോരിന്നായുധങ്ങളാൽ

വ്യാധിമൂലം വേദിക്കുന്നീ മാനവരെല്ലാം
ക്ഷാമവും ഭൂകമ്പവുമവിടവിടെയായ്

5 അന്ത്യകാല സംഭവങ്ങളാലെ ഭുവനം
മാരകായുധങ്ങളാലെ ലോക രാഷ്ട്രങ്ങൾ
സായുധ സമരത്തിനായ് കളമൊരുക്കുന്നേ
കാന്തനെ നിൻ വരവിനെന്തു താമസിക്കുന്നു

# 486

യേശുനായകൻ സമാധാനദായകൻ നിനക്കെന്നും ധനമേ
എന്തിന്നാകുലം കലരുന്നെൻ മനമേ!
നിൻ സഹായകനവൻ ശക്ത -
നാകയാൽ നിനക്കു നിർഭയമേ
ലോകപോരിതിലനുദിനം ജയമേ

1 നിന്റെ നിക്ഷേപമവനെന്നു കരുതാ -
മെങ്കിൽ സക്ഷേമമവനിയിലമരാം
ഇത്ര ശ്രേഷ്ഠനാമൊരുവൻ നിൻ
കൂട്ടിനായരികിലുണ്ടതിനാൽ
എന്തിന്നാകുലം കലരുന്നെൻ മനമേ? -

2 നീയിന്നധികം ധനിയാകാൻ നിധിയാം
തീയിലൂതിക്കഴിച്ച പൊന്മതിയാം
ഭൂവിൽ ക്രിസ്തുവുള്ളവനെപ്പോ -
ലിത്ര മാ ധനികനില്ലറിക
എന്തിന്നാകുലം കലരുന്നെൻ മനമേ? -

3 ലോകധനം സൗഖ്യമാർഗ്ഗമായ് കരുതി
പോകും നരർക്കുള്ള വിനയ്ക്കില്ലൊരറുതി
എന്നാൽ ക്രിസ്തുവിൽ സമാധാനം
നിത്യമാം സുഖദാനമരുളും
എന്തിന്നാകുലം കലരുന്നെൻ മനമേ? -

# 487

യേശു മതി മനമേ ദിനവും - യേശു

1 യേശുമഹേശനെ തേടുകിൽ ക്ലേശം
ഏശുകയില്ലിനിയും ലവലേശം

2 ആശ്രയം വേറിനീ വേണ്ടാ നിനക്കു
ആകുലം തീർത്തിടും താനഗതിക്കു

3 ആകുലമേറിടും ഭീകരവിപത്തിൽ
ആശ്രയിച്ചീടുക നീ തവ പാദത്തിൽ

4 ലോകമത്യുൽഘട സങ്കടക്കടലിൽ
താഴുകിൽ താൻ മതി ജീവിതപ്പടകിൽ

5 ഭൂമിയിലോർക്കുകിൽ എന്തൊരു സാദ്ധ്യം
സങ്കടം മാത്രമീ ലോകസമ്പാദ്യം

6 നീതി ദിവാകരനീ ഉലകത്തിൽ
വാഴുകിലന്ധത പോമകലത്തിൽ

# 488

1 യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമേ!
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചിടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചിടുന്നേ

2 പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചിടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ!

3 ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ

കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ

4 എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ?
അന്നു മാറുമെന്റെ ദു:ഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം!

5 നല്ലവനേ വല്ലഭനേ പൊന്നു കാന്തനേ!
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ?
തുല്യമില്ലാമോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ ഗാനം പാടി വാണിടുവാനായ്

# 489

1 യേശുവാരിലുമുന്നതനാമെ - ന്നാത്മ സഖാവവനെ
തായ്മറക്കാമെങ്കിലുമെന്നെ മറക്കാ സ്നേഹിതനെ
ഏവരുമെന്നെ കൈവെടിഞ്ഞിടുകിൽ
യേശു താനെന്നരികിൽ കാണും
ഏതു ഖേദവും തീരും ഞാൻ
തിരുമാറിൽ ചാരിടുമ്പോൾ

2 എന്നെത്തേടി വിൺനഗരം വിട്ടു മന്നിൽ വന്നവനാം
എന്റെ പാപശാപമകറ്റാൻ ജീവനെ തന്നവനാം
എന്തിനും ഹാ! തൻ തിരു സ്നേഹ -
പാശബന്ധമഴിക്കുവാൻ കഴിയാ -
എന്നുമെന്നും ഞാനിനിയവനിലും
അവനിനിയെന്നിലുമാം

3 മാനസമേ! ചാരുക ദിനവും ഈ നല്ല സ്നേഹിതനിൽ
ധ്യാനം ചെയ്യുക തൻ തിരു സ്നേഹമധുരിമ സന്തതവും
ഏതുഖേദം വരികിലും പതറാ -
യേശുതാൻ നിന്നാശ്രയമതിനാൽ

അന്ത്യത്തോളം പൊരുതുക കുരിശി -
ന്നുത്തമനാം ഭടനായ്

# 490

1 യേശുരാജൻ വേഗം തന്റെ
വാനസമൂഹമതായ്
വന്നിടുന്നീ ലോകത്തിന്റെ
രാജാവായ് വാഴ്‌വാനായ്

യേശുരാജൻ വരുന്നുണ്ട്
ലോകത്തിൽ വാഴ്‌വാനായ്
ഏവരോടും കല്പിക്കുന്നുണ്ട്
ഒരുങ്ങിക്കൊൾവാനായ്

2 യേശുരാജൻ വീണ്ടും ലോകേ
മേഘത്തിൽ വന്നീടുമ്പോൾ
ചേർക്കും തൻ വിശുദ്ധന്മാരെ
മേഘത്തിൽ തന്നോടന്ന്

3 ഇന്നു ഞങ്ങൾ ദു:ഖിക്കുന്നുണ്ട്
ലോകത്തിൽ നിന്ദിതരായ്
അന്നു ഞങ്ങൾ ആനന്ദിച്ചീടും
ദൂതരാൽ വന്ദിതരായ്

4 ഇന്നു ഞങ്ങൾ വേദനയോടെ
ഘോഷിക്കും സുവിശേഷം
അന്നു ഞങ്ങൾ രക്ഷകൻകൂടെ
വാണീടും സ്വർഗ്ഗദേശേ

5 വന്നെങ്കിൽ നീ ഇന്നുതന്നെ
യേശുവിൻ ക്രൂശതിങ്കൽ
ചേർക്കും തന്റെകൂടെ നിന്നെ
നിത്യം തൻ വരവിങ്കൽ

# 491

1 യേശുവേ എൻ പ്രാണനായകാ!
ജീവനെനിക്കേകിയോനേ
എൻ സങ്കടങ്ങൾ അറിഞ്ഞെന്റെ
വൻ കടങ്ങൾ തീർത്തെന്റെ കണ്ണുനീർ തുടച്ചല്ലോ നീ

2 പാപിയായ് ഞാൻ ജീവിച്ചപ്പോൾ
പാതതെറ്റി ഓടിയപ്പോൾ
പാലകൻ നീ തേടി - ഈ
പാതകനടിയാനെ പാവനമാർഗ്ഗേ ചേർത്തല്ലോ!

3 എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും
ദിവ്യമാം സന്തോഷവും നിത്യമാം സമാധാനവും

4 ഭാരമെന്യേ ജീവിക്കുവാൻ
എൻ ഭാരമെല്ലാം ചുമന്നവനേ
ആശ്രയം നീ മാത്രമെൻ
ആശയിൻ പ്രകാശമേ ആശിഷം നിൻ കാരുണ്യമേ

5 വന്നിടും ഞാൻ അതിവേഗത്തിൽ
എന്നുരച്ചു പോയവനേ വന്നു നിൻ മഹിമയിൻ
രാജ്യമതിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ

# 492

1 യേശുവേ നിന്റെ രൂപമീയെന്റെ
കണ്ണുകൾക്കെത്ര സൗന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെ
പ്പോലെയാക്കണം മുഴുവൻ

2 സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ
സ്നേഹിക്കാതെ ജീവിക്കുമോ
ദഹിപ്പിക്കണം എന്നെ അശേഷം
സ്നേഹം നല്കണം എൻ പ്രഭോ

3 ദീനക്കാരെയും ഹീനന്മാരെയും
ആശ്വസിപ്പിക്കാൻ വന്നോനേ
ആനന്ദത്തോടു ഞാൻ നിന്നെപ്പോലെ
കാരുണ്യം ചെയ്‌വാൻ നൽകുകേ

4 ദാസനെപ്പോലെ സേവയെ ചെയ്ത
ദൈവത്തിൻ ഏകജാതനേ
വാസം ചെയ്യണം ഈ നിൻ വിനയം
എന്റെ ഉള്ളിലും നാഥനേ

5 പാപികളുടെ വിപരീതത്തെ
എല്ലാം സഹിച്ച കുഞ്ഞാടെ
കോപിപ്പാനല്ല ക്ഷമിപ്പാൻ നല്ല
ശക്തി എനിക്കും നല്കുകേ

6 തന്റെ പിതാവിൻ ഹിതമെപ്പോഴും
മോദമോടുടൻ ചെയ്തോനെ
എന്റെ ഇഷ്ടവും ദൈവഇഷ്ടത്തിന -
നുരൂപമാക്കേണമെ

7 തിരുവെഴുത്തു ശൈശവം തൊട്ടു
സ്നേഹിച്ചാരഞ്ഞ യേശുവേ
ഗുരു നീ തന്നെ വചനം നന്നേ
ഗ്രഹിപ്പിക്ക നിൻ ശിഷ്യനെ

8 രാത്രിമുഴുവൻ പ്രാർത്ഥിച്ചുണർന്ന
ഭക്തിയുള്ളൊരു യേശുവേ
പ്രാർത്ഥിപ്പാനായും ഉണരാനായും
ശക്തിതരേണം എന്നുമേ

9 ലോകസ്ഥാനങ്ങൾ സാത്താൻ മാനങ്ങൾ
വെറുക്കും ദൈവവീരനേ
ഏകമാം മനം തന്നിട്ടെൻ ധനം
ദൈവം താൻ എന്നോർപ്പിക്കുകേ

10 കൗശലങ്ങളും ഉപായങ്ങളും
പകയ്ക്കും സത്യരാജാവേ
ശിശുവിനുള്ള പരമാർത്ഥത
എന്നിലും നിത്യം കാക്കുമേ

11 ഇഹലോകത്തിൻ ചിന്തകൾ ഒട്ടും
ഇല്ലാത്താശ്രിതവൽസലാ!
മഹൽ ശക്തിയാം നിൻ ദൈവാശ്രയം
കൊണ്ടെന്നുള്ളം ഉറപ്പിക്ക

12 മനുഷ്യരിലും ദൂതന്മാരിലും
അതിസുന്ദരനായോനേ!
അനുദിനം നിൻ ദിവ്യസൗന്ദര്യം
എന്നാമോദമാക്കേണമേ

# 493

യേശുവേ മണാളനെ
പ്രത്യാശയിൻ പ്രദീപമേ
എൻ ആശ ഒന്നുമാത്രമേ
നിന്നെ കാണുവാൻ വിൺതേജസ്സിൽ

കണ്ടിടും കണ്ടിടും പ്രിയനെ ഞാൻ കണ്ടിടും
അന്യനല്ല സ്വന്തകണ്ണാൽ തന്റെ മുഖം കണ്ടിടും

1 കണ്ണുനീർ നിറഞ്ഞ ലോകമേ
നിന്നിൽനിന്നു ഞാൻ മറയട്ടെ
കണ്ണിമയ്ക്കും നൊടിനേരത്തിൽ
എത്തും ഞാൻ ബയൂലതീരത്തിൽ

2 മേഘം പൊങ്ങിക്കാണുന്നേ
നിത്യകൂടാരത്തിൽ ചേരാറായ്
ആശാപാശമാകും കുറ്റികൾ
മുറ്റുമായി അറുത്തുനീക്കണം -

3 മണ്മറഞ്ഞ സിദ്ധരും
ജീവനോടിരിക്കും ശുദ്ധരും
വിണ്ണിൽ കാഹളം ധ്വനിക്കുമ്പോൾ
മണ്ണിൽനിന്നും വാനിൽ പോകുമേ -

4 ഉയിർപ്പിൻ സുപ്രഭാതത്തിൽ
ദൂതർ വീണമീട്ടും സംഘത്തിൽ
ആ പൊൻകിരീടകൂട്ടത്തിൽ
എന്റെ പേർ വിളിക്കും നേരത്തിൽ -

5 എൻ ഓട്ടവും അദ്ധ്വാനവും
ഞാൻ കാത്തതാം വിശ്വാസവും
വ്യർത്ഥമല്ല അതു നിശ്ചയം
വേഗം കാണും എൻ മണാളനെ -

# 494

1 യേശുവെപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ

ഉറപ്പിക്കെന്നെ എൻ നാഥാ!
നിറയ്ക്കയെന്നെ ശുദ്ധാത്മാ!
ക്രിസ്തൻ മഹത്വത്താലെ ഞാൻ
മുറ്റും നിറഞ്ഞു ശോഭിപ്പാൻ

2 ശൈശവപ്രായ വീഴ്ചകൾ
മോശമായുള്ള താഴ്ചകൾ

നീക്കുക എല്ലാം നായകാ!
ഏകുക നിൻ സമ്പൂർണ്ണത

3 പ്രാർത്ഥനയിൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാപുരോഹിതാ!

4 വാഗ്ദത്തമാം നിക്ഷേപം ഞാൻ
ആകെയെൻ സ്വന്തമാക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ
പൂർണ്ണവിശ്വാസത്തെയും താ -

5 ഭീരുത്വത്താൽ അനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നല്കുകേശുവേ
വീരനാം സാക്ഷി ആക്കുകേ

6 വാങ്ങുകയല്ല ഉത്തമം
താങ്ങുകയേറെ ശുദ്ധമാം
എന്നും നിന്നോടുകൂടെ ഞാൻ
എണ്ണുവാൻ ജ്ഞാനം നൽകണം

7 തേടുവാൻ നഷ്ടമായതും -
നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർവാർക്കും സ്നേഹിതാ
വന്നു നിൻ അഗ്നി കത്തിക്ക

8 കഷ്ടതയിലും പാടുവാൻ
നഷ്ടമതിൽ കൊണ്ടാടുവാൻ
ശക്തിയരുൾകനാഥനേ!
ഭക്തിയിൽ പൂർണ്ണനാക്കുകേ -

9 യേശുവിൻ കൂടെ താഴുവാൻ -
യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ

# 495

യേശുവിൻ നാമം മധുരിമ നാമം
ഇണയില്ലാനാമം ഇമ്പനാമം

1 പാപത്തിൻ ഭാരം ശാപവും നീക്കി
പരമ സന്തോഷം ഏകിടും നാമം -

2 പരിമള തൈലം പോലേശുവിൻ നാമം
പാരെങ്ങും വാസന വീശിടും നാമം

3 വാനിലും ഭൂവിലും മേലായ നാമം
വാനാധിവാനവനേശുവിൻ നാമം

4 വാഗ്ദത്തമഖിലവും നൽകിടും നാമം
ആശ്രിതർക്കാലംബദായക നാമം

5 മുഴങ്കാലുകളെല്ലാം മടങ്ങിടും നാമം
ഏവരും ഒരുപോൽ വണങ്ങിടും നാമം

6 എത്ര മഹാത്ഭുതം യേശുവിൻ നാമം
പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധ നാമം

# 496

1 യേശുവിൻ നാമം വിജയിക്കട്ടെ
സാത്താന്യ കോട്ടകൾ തകർന്നിടട്ടെ
സുവിശേഷത്തിൻ കൊടി ഉയരട്ടെ
നാമധേയ സംഘങ്ങൾ ഉണർന്നീടട്ടെ

പോകുക നാം പോർവീരരായ്
രക്ഷകനേശുവിൻ പ്രിയജനമേ

രക്ഷാദൂതിൻ പടഹവുമായ്
ഉണർവ്വോടു മുന്നോട്ടു പോകുക നാം

2 വിധിയുടെ വിശാല താഴ്വരയിൽ
ബഹുസഹസ്രം പേർ സമൂഹമായ്
വിനാശഗർത്തം പൂകിടുവാനായ്
വഞ്ചിതരായ് പ്രയാണം ചെയ്തിടുമ്പോൾ...

3 അന്തിമ ദുർഘട സമയമിത്
അധർമ്മ മൂർത്തി വരും മുമ്പ്
ആത്മീകമാം ദൈവരാജ്യത്തിനായ്
ആത്മബലത്താലടരാടുക നാം

# 497

1 യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധവാക്യത്തിൽ നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം - ദിവ്യമാം ഉപദേശം
ജീവന്റെ വാക്യങ്ങൾ കേൾക്കുക നാം

2 ദൈവവചനം ജീവനും ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവന്നും ഉള്ളത്തിൽ കൈക്കൊണ്ടാൽ
ആത്മമരണം മാറും നീതിയിൽ അവൻ വാഴും -
കേൾക്കുക നാം

3 അജ്ഞനെ ജ്ഞാനിയാക്കുവാൻ വചനം ജ്ഞാനമാം
സത്യത്തിൽ അതു കാക്കുവാൻ സ്വർഗ്ഗത്തിൻ ദാനമാം
ഒഴിയാൻ നിത്യനാശം കാലിനൊരു പ്രകാശം -
കേൾക്കുക നാം

4 സത്യദൈവത്തിൻ ഭക്തൻമാർ വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തൻമാർ ആകുന്നു നാൾക്കുനാൾ
ദൈവമുഖപ്രസാദം നിത്യം അവർക്കാഹ്ലാദം -
കേൾക്കുക നാം

5 ലോകങ്ങൾ അവസാനിക്കും വാനവും ഇല്ലാതാം
ദൈവവാക്കു പ്രമാണിക്കും ഭക്തനോ നിത്യനാം
വാട്ടം മാലിന്യം നാശം ഇല്ലാത്തോരവകാശം -
കേൾക്കുക നാം

# 498

യേശുവിൻ നാമം എൻ യേശുവിൻ നാമം
എൻ ജീവിതത്തിലേകയാശ്രയമേ
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തും
യേശുവിൻനാമം എനിക്കെത്രയാനന്ദം

1 പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശു ക്രൂശിലേറി തന്റെ ജീവനർപ്പിച്ചു
യേശു എത്ര നല്ലവൻ യേശു എത്ര വല്ലഭൻ
പതിനായിരത്തിലതിശ്രേഷ്ഠനവൻ -

2 നല്ലിടയനായ യേശുനാഥൻ
നിരന്തരമായെന്ന വഴി നടത്തും
അവനെന്നെ ശാസിക്കും അവനെന്നെ രക്ഷിക്കും തൻ
കൊടിക്കീഴിലെന്നെ നിത്യം നടത്തുമവൻ

3 സമാധാനമില്ലാതെ ഞാൻ അലഞ്ഞു
യേശു സമാധാനമായെന്റെ അരികിൽ വന്നു
അവനെന്നെ അണച്ചു അവനെന്നെ താങ്ങി - തൻ
ഭുജബലത്താലെന്നെ നടത്തുമവൻ

# 499

യേശുവിന്റെ തിരുനാമത്തിന്നു
എന്നുമെന്നും സ്തുതിസ്തോത്രമേ

1 വാനിലും ഭൂവിലും മേലായ നാമം,
വന്ദിത വല്ലഭ നാമമതു - ദൂതർ
വാഴ്ത്തി പുകഴ്ത്തിടും നാമമതു -

2 പാപത്തിൽ ജീവിക്കും പാപിയെ രക്ഷിപ്പാൻ
പാരിതിൽ വന്നൊരു നാമമതു - പര
ലോകത്തിൽ ചേർക്കും നാമമതു -

3 ഉത്തമ ഭക്തന്മാർ വാഴ്ത്തിപ്പുകഴ്ത്തിടും
ഉന്നതമാം ദൈവനാമമതു - ഉല
കെങ്ങും ധ്വനിക്കുന്ന നാമമതു -

4 സങ്കടം ചഞ്ചലം ശോധനവേളയിൽ
താങ്ങി നടത്തിടും നാമമതു - ഭയം
മുറ്റുമകറ്റിടും നാമമതു -

# 500

1 യേശുവിൻ പിൻപേ പോകും ഞങ്ങൾ
ജയത്തിൻ ഗീതം പാടി മുദാ
മൃത്യുവെ വെന്ന കർത്തൻ നമ്മെ
നിത്യതയെത്തുവോളം നടത്തിടും

പാടിടാം ജയ് ജയ് - പാടിടാം ജയ് ജയ്
നമ്മുടെ നാഥൻ ജീവിക്കുന്നു

2 സത്യവും ജീവമാർഗ്ഗവുമാം
ക്രിസ്തുവിൽ നമ്മൾ ധന്യരല്ലോ
നിത്യസന്തോഷമത്യധികം
മർത്യരിൽ നമ്മൾക്കല്ലാതാർക്കുമില്ല

3 നിസ്തുലസ്നേഹ നിത്യബന്ധം
ക്രിസ്തുവിലുണ്ടു വാസ്തവമായ്
ആപത്തോ വാളോ മൃത്യുവിന്നോ
ഈ ബന്ധം നീക്കിടുവാൻ സാദ്ധ്യമല്ല -

4 മഹത്വരാജൻ യേശുനാഥൻ
മന്നിൽ വന്നിടും നാളടുത്തു

ഉണരാം നാം ബലം ധരിച്ചിടാം
അവന്റെ വേല മന്നിൽ തികച്ചിടാം -

# 501

യേശുവേ രക്ഷാദായക - നിന്റെ സന്നിധേവരുന്നു
എന്റെ പാപഭാരവുമായി വല്ലഭായേകു രക്ഷയേ

1 ഉന്നതി വെടിഞ്ഞവനേ - മന്നിൽ താണുവന്നവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽജീവനേ തന്നത്

2 പാപം ചെയ്തിടാത്തവനേ - പരിക്ഷീണനായവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചുകേണത്

3 ശാപരോഗമേറ്റവനേ - പാപമായി തീർന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ പാടുകൾ ഏറ്റത്

4 എന്റെ രോഗം നീ വഹിച്ചു - എന്റെ ശാപം നീക്കി മുറ്റും
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും നിശ്ചയം

5 സ്വീകരിക്ക എന്നെ ഇന്ന് - ആത്മദേഹി ദേഹത്തേയും
തരുന്നു നിൻ കൈകളിൽ തീർക്ക എന്നെ നിന്റെ
ഹിതം പോൽ

# 502

യേശുസന്നിധാനം
എന്തൊരു സമാധാനം
അഴലും മനസ്സിന് അരുളും സുഖദാനം!

1 ലോകത്തിന്നിമ്പത്തെ തേടുമോ നീ
ശോകത്താൽ വീണിടുമേ!
ക്രിസ്തുവിൻ സന്നിധി ചേർന്നിടുന്നോർ
ക്കെന്നുമത്യാനന്ദമേ

2 വേദനയേറുന്ന നേരവും
സോദരർ മാറുമ്പോഴും

മാറാത്ത സ്നേഹിതനാമേശുവിൻ
മാറിൽ ഞാൻ ചാരിടുമേ

3 വേറില്ലോരാശ്വാസ സ്ഥാനവും
വേറില്ലോരാശ്രയവും
മൃത്യുവിലും സമാധാനമെന്റെ
ക്രിസ്തുവിൻ സന്നിധാനം

4 കണ്ണുനീർ പൂർണ്ണമായ് തോർന്നിടും
കർത്താവു വന്നിടുമ്പോൾ
പിന്നീടൊരിക്കലും വേർപെടാതെ
തന്നിൽ മറഞ്ഞിടും ഞാൻ -

# 503

യേശുവിൻ സ്നേഹത്താലെന്നുള്ളം പൊങ്ങുന്നേ
തൻ സ്നേഹമാധുര്യം ചിന്താതീതമത്രെ
ഹായെത്രയാഴമേ യേശുവിൻ സ്നേഹമെ
ആയതിൻ ധ്യാനമെൻ ജീവിതഭാഗ്യമെ

1 ലോകസ്ഥാപനം മുമ്പെന്നെയും കണ്ടല്ലോ
ലോകത്തിൽ വന്നു തൻ ജീവനെ തന്നല്ലോ
എത്രയോ ശ്രേഷ്ഠമാം സ്വർഗ്ഗീയവിളിയാൽ
എന്നെയും യോഗ്യനായെണ്ണിയ സ്നേഹമേ

2 കർത്തവാം കുഞ്ഞാട്ടിൻ കല്യാണനാളതിൽ
കാന്തയായ് തൻമുമ്പിലെ - ന്നെയും നിർത്തുവാൻ
ഘോരമാം പാടുകൾ ക്രൂരരാം യൂദരാൽ
കാരണമില്ലാതെ സഹിച്ച സ്നേഹമെ

3 സീയോനിലെനിക്കായ് മൂലക്കല്ലാകുവാൻ
സീയോനിലെന്നെയും ചേർത്തു പണിയുവാൻ
സ്വർഗ്ഗീയ താത നിൻ വേലയും തികച്ചും
സ്വർഗ്ഗീയ ശില്പിയാം യേശുവിൻ സ്നേഹമേ

4 അത്ഭുതസ്നേഹമാം സ്വർഗ്ഗീയതാതനിൻ
സമ്പൂർണ്ണനാക്കിടും എന്നെയും തന്നേപ്പോൽ
ശത്രുവാമെന്നെയും തൻ സ്വന്തമാക്കിയ
സ്നേഹസ്വരൂപ നിന്നതുല്യസ്നേഹമെ

5 വീണ്ടെടുപ്പിൻ ഗാനം പാടും ഞാൻ സീയോനിൽ
വിൺദൂതർക്കും പാടാനസാദ്ധ്യമേയത്
കാൽവറി ഗിരിയിൽ കാൽകരം തുളച്ചു
മന്നാദിമന്നനിൻ മാറാത്ത സ്നേഹമെ

# 504

യേശുരാജാ നിൻതിരു പാദത്തിൽ
വന്ദനം വന്ദനം വന്ദനം!
പ്രാണനാഥാ നിൻ മുറിവിൽ സദാ
ചുംബനം ചുംബനം ചുംബനം!

1 എന്നെ തേടി വന്ന ദേവ ദേവനേ
എന്റെ ശാപം തീർത്ത നല്ല നാഥനേ
തിരുച്ചോരചിന്തി എന്നെ വീണ്ടതാൽ
വന്ദനം വന്ദനം വന്ദനം! - യേശു

2 പാപച്ചേറ്റിൽ നിന്നെൻ പാദം പാറമേൽ
നിർത്തി പാടാൻ പുതുഗീതം തന്നതാൽ
സ്തുതി സ്തോത്രം സ്വീകരിപ്പാൻ യോഗ്യൻ നീ
വന്ദനം വന്ദനം വന്ദം! - യേശു

3 എന്റെ പേർക്കായ് മരിച്ചെന്നാൽ മൂന്നാം നാൾ
ഉയിർത്തിന്നു താതൻ വലഭാഗത്തായ്
പക്ഷവാദം ചെയ്യും മഹാ സ്നേഹമേ!
വന്ദനം വന്ദനം വന്ദനം! - യേശു

4 തിരുതേജസ് എനിക്കും തന്നിടുവാൻ
വേഗം വാനിൽ വരും പ്രാണപ്രിയാ നിൻ

തിരുപാദം പണിഞ്ഞെന്നും പാടിടും
വന്ദനം വന്ദനം വന്ദനം! - യേശു

# 505

യേശുരാജൻ വരവേറ്റം
സമീപം ആനന്ദം പ്രിയരേ
പ്രിയ യേശുരാജൻ... (2)

1 പാപവും ശാപവും
ആകവേയും പോക്കുവാൻ
പാപികളാം നമുക്കായ് പാരിതിൽ വന്നവൻ
പരമസുതൻ - പരമസുതൻ -

2 കാൽവറി മലമുകൾ
കരഞ്ഞുജീവൻ വെടിഞ്ഞവൻ
പാതാളം പോയവൻ ദിനം മൂന്നിലുയിർത്തവൻ
സ്വർഗ്ഗേപോയവൻ - സ്വർഗ്ഗേപോയവൻ

3 വാനിലും ഭൂവിലും അധികാരം പ്രാപിച്ചവൻ
വാനിൽ പോയ് മഹിമയിൻ
വലഭാഗത്തിരുന്നവൻ
മഹിമയോടെ മഹിമയോടെ -

4 ആർപ്പോടും കാഹളം
ധ്വനിയോടും തൻ മേഘത്തിൽ
സ്വർഗ്ഗേനിന്നിറങ്ങും മദ്ധ്യാകാശം തന്നിൽ
മണവാളനായ് - മണവാളനായ് -

5 ആവലോടവന്നായ്
കാത്തിരിക്കും വൃതരെല്ലാം
നൊടുനേരം തന്നിൽ മറുരൂപമായി
പറന്നുപോകും - പറന്നുപോകും -

6 പൂർണ്ണനായ് പ്രിയനെപ്പോൽ
ഇഹത്തിൽ ജീവിച്ചിടുന്നവർ
പൂർണ്ണശോഭയോടെ സീയോനിൽ വാഴുമേ
പ്രിയനുമായി - പ്രിയനുമായി -

7 കഷ്ടങ്ങൾ സഹിച്ചവർ
കണ്ണീരിൽ യാനം ചെയ്തവർ
കാണുമ്പോൾ പ്രിയനെ മുത്തം ചെയ്തവരെല്ലാം
പറന്നുപോകും - പറന്നുപോകും -

# 506

1 യേശുരാജൻ വേഗം വരും
തന്റെ വാനസമൂഹമായ്
വന്നിടുന്നീ ലോകത്തിന്റെ
രാജാവായ് വാഴ്വാനായ്

യേശുരാജൻ വരുന്നുണ്ട്
ലോകത്തിൽ വാഴ്വാനായ്
ഏവരോടും കല്പിക്കുന്നുണ്ട്
ഒരുങ്ങിക്കൊൾവാനായ്

2 ഇന്നു ഞങ്ങൾ ദുഃഖിക്കുന്നുണ്ട്
ലോകത്തിൽ നിന്ദിരായ്
അന്നു ഞങ്ങൾ ആനന്ദിച്ചിടും
ദൂതരായ് വന്ദിതരായ്

3 വന്നെങ്കിൽ നീ ഇന്നു തന്നെ
യേശുവിൻ ക്രൂശതിങ്കൽ
ചേർക്കും തന്റെ കൂടെ നിന്നെ
നിത്യം തൻ വരവിങ്കൽ

# 507

1 യേശുരാജൻ വരുന്നു ദൂതരുമായ് വരുന്നു
ശുദ്ധരെ വാനത്തിൽ ചേർത്തീടാൻ
ശോഭയേറും മുഖം കണ്ടീടുവാൻ
വേഗം നമ്മെയങ്ങു ചേർത്തിടുവാൻ

2 രക്ഷപെട്ട കൂട്ടമെ വേഗമങ്ങുചേരുവാൻ
കർത്താധികർത്തൻ വിളിക്കുന്നു
സ്വന്തനീതി തന്നിൽ ചാരിടാതെ
ഹന്ത നിൻ രക്ഷയെ തേടിടുമോ

3 ന്യായവിധിനാളിൽ നീ വെന്തിടുവാൻ കാലമായ്
വേഗം നിന്നന്ത്യത്തെ ചിന്തിക്ക
ചൂളപോൽ കത്തുന്ന നാളുകളിൽ
രക്ഷയെ തേടുവാൻ ഓടിടുമോ

# 508

1 യേശു മണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരെ
ഒരുങ്ങാം വിശുദ്ധിയോടെ...

ചേരും നാം വേഗത്തിൽ ഇമ്പ വീടതിൽ
കാണും നാം അന്നാളിൽ പ്രിയൻ പൊന്മുഖം

2 യുദ്ധങ്ങളും ക്ഷാമങ്ങളും ഭൂകമ്പങ്ങളും
അടിക്കടി ഉയർന്നിടുമ്പോൾ
കാന്തൻ യേശു വരാൻ കാലമായ്
രൂപാന്തരം പ്രാപിക്കും

3 രോഗദു:ഖങ്ങളും മരണമതും
തെല്ലും നീ ഭയപ്പെടാതെ

ദേഹം മണ്ണോടു ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും

4 ഝടുതിഝടെ ഉയിർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാം അന്നാളിൽ
രൂപാന്തരം പ്രാപിക്കും

# 509

യേശുരാജൻ വാനിൽ വരാറായ്
കാലമേറെ ഇല്ലിനിയും
ഒരുങ്ങിടാം ദൈവജനമേ
യേശുരാജൻ വന്നീടാറായ്

1 അത്തിയും തളിർത്തിതാ വേനലുമണഞ്ഞിതാ
ഒരുങ്ങിടാം ദൈവജനമേ യേശുരാജൻ വന്നിടാറായ്

2 യുദ്ധവും ഭൂകമ്പവും ക്ഷാമവും കലഹവും
ഉലകെങ്ങും പെരുകിടുന്നേ യേശുരാജൻ വന്നീടാറായ്

3 കാഹളവും ധ്വനിച്ചിടും നാദവും മുഴങ്ങിടും
ശുദ്ധരോ പറന്നീടുമേ യേശുരാജൻ വന്നീടാറായ്

4 സോദരാ വന്നീടുകാ മാനസം തുറക്കുക
ഇന്നല്ലോ നല്ലദിവസം യേശുരാജൻ വന്നീടാറായ്

# 510

യേശു മഹേശനേ നിൻ
സ്നേഹമോർത്താൽ ആശ്ചര്യമേറിടുന്നേ...
സ്നേഹമോർത്താൽ ആശ്ചര്യമേറിടുന്നേ...

1 നിൻ സ്നേഹം വർണ്ണിച്ചിടാൻ
പാരിലില്ലാരു മിഹേ... (2)

വർണ്ണിക്കും തോറുമതിനാഴമേറേ
ഉണ്ടേ പ്രിയാ (2)

2 പാപിയിൽ പാപി ആയോ-
രെന്നേയും തേടിയോ നീ... (2)
പാലകാ നീ തുണ ചെയ്തേഴ എന്നെ
വീണ്ടുകൊൾവാൻ (2)

3 ആയിരമായിരങ്ങൾ
കോടാനുകോടി മർത്യർ (2)
പാപന്ധരായിടുമ്പോൾ
കാഴ്ച എനിക്കേകിയോനേ (2)

# 511

യേശു വരുന്നേ പൊന്നേശു വരുന്നേ
വരവിനായ് തൻ വചനം പോൽ
നീ ഒരുങ്ങീടുന്നുവോ

1 ഇവിടെ കയറി വരുവിനെന്ന
ദൈവശബ്ദം കേൾപ്പതിനുവേണ്ടി
ഉണർന്നു നീ ഒരുങ്ങീടുന്നുവോ

2 അമ്പരത്തിൻ ശക്തികൾ ഭ്രമിച്ചിടുന്നതാൽ
അമ്പരപ്പിനാലീലോകം നടുങ്ങീടുന്നിതാ

3 നീക്കും ലോകവാഴ്ചയേശുരാജരാജനായ്
സ്ഥാപിക്കും സ്വർഗ്ഗീയവാഴ്ച തൻ വിശുദ്ധർക്കായ്

4 മുൾമുടി അണിഞ്ഞു രക്തധാരിയായവൻ
പൊൻ കിരീടം ചൂടി തേജപൂർണ്ണനായിതാ

5 ദൈവം തൻ വിശുദ്ധന്മാരിൻ കണ്ണുനീരെല്ലാം
നീക്കിയേകും നിത്യജീവനെന്നെന്നേക്കുമായ്

6 ഹാ സ്വർഗ്ഗീയനാളതിൻ പ്രഭാതമായിതാ
ഹായെൻ പ്രിയൻ വാനിൽ ദൂതസേനയോടിതാ

# 512

1 യേശുവിൻ ജനമേ ഭയമെന്തിന്നകമേ
ലേശവും കലങ്ങേണ്ടാ -
നാമവൻ ദാസരായ് വസിച്ചിടാം
ലോകത്തിലെന്തെല്ലാം ഭവിച്ചാലും - അ - അ - അ
ആപത്തനർത്ഥങ്ങളണഞ്ഞാലും
താപം നമുക്കില്ലെന്നറിഞ്ഞാലും

2 സകലത്തിൻലാക്കും അധിപനുമവനാം
ഉലകത്തെ നിർമ്മിച്ചോനും
ആകാശവലയത്തെ രച്ചിച്ചോനും
താണുവന്നുലകത്തിൽ കുരിശേറി - അ - അ - അ
മാനവർക്കായ് മരിച്ചുയിർത്തേകി
ദാനമായ് രക്ഷ നരർക്കായി

3 മരണത്താൽ മാറുന്നധിപരിൻ പിമ്പേ -
പോയവർ ലജ്ജിക്കുമ്പോൾ -
നാമവൻ നാമത്തിൽ ജയ് വിളിക്കും
മരണത്തെ ജയിച്ചൊരു ജയവീരൻ - അ - അ - അ
ശരണമായ് തീർന്നതെന്തൊരു ഭാഗ്യം
അവനെയനുഗമിപ്പതു യോഗ്യം -

4 വേഗം ഞാനിനിയും വരുമെന്നുചൊന്ന്
ലോകം വെടിഞ്ഞ നേതാ -
യേശുതാനാരുമില്ലിതുപോലെ
നിത്യത മുഴുവൻ നിലനില്ക്കും - അ - അ - അ
പ്രതിഫലം താൻ തരും നിർണ്ണയമായ്
അതിന്നായ് താൻവരും - അതിവേഗം -

5 പോരുകൾ സഹിച്ചും വൈരിയെ ജയിച്ചും
പാരിതിൽ തിരുനാമം
ഘോഷിപ്പാൻ ചേരുവിനതിമോദം
ഭിന്നതവെടിയാ - മൊന്നാകാം - അ - അ - അ
ഉന്നത ചിന്തയൊടുണർന്നിടാം
മന്നവനെ നമുക്കെതിരേല്ക്കാം -

# 513

1 യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിന്നായ് ജീവിക്കു - ന്നതെത്ര ഭാഗ്യമേ!
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചിടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചിടുന്നേ

2 പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചിടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ!

3 ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ

4 എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ?
അന്നു മാറുമെന്റെ ദു:ഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം!

5 നല്ലവനേ വല്ലഭനേ പൊന്നു കാന്തനേ!
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ?
തുല്യമില്ലാമോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ ഗാനം പാടി വാണിടുവാനായ്

# 514

1 യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതാം
തന്റെ പ്രിയജനമെ ഉണർന്നീടുക
തന്റെ വേലയെ തികച്ചു നാം ഒരുങ്ങീടുക

കാലം ഏറെ ഇല്ലല്ലോ കാഹളം നാം കേട്ടിടാൻ
കാന്തൻ വരാറായ് നാമും പോകാറായ്

2 യേശുവിന്റെ നാമത്തിൽ വിടുതൽ നമുക്കുണ്ട്
സാത്താനോടെതിർത്തിടാം ദൈവജനമേ
ഇനി തോൽവിയില്ല ജയം നമുക്കാവകാശമേ

3 ആത്മ ബലത്താലെ നാം കോട്ടകൾ തകർത്തിടും
രോഗം ദുഃഖം മാറിടും യേശു നാമത്തിൽ
ഇനി ഭീതിയില്ല ജയം നമുക്കവകാശമേ-

4 ശാപങ്ങൾ തകർന്നിടും യേശുവിന്റെ നാമത്തിൽ
ഭൂതങ്ങൾ വിട്ടോടിടും യേശു നാമത്തിൽ
ഇനി ശോകമില്ല ജയം നമുക്കവകാശമേ

# 515

1 യേശു രക്ഷിതാവെൻ സ്വന്തമായതാൽ
ഞാനവൻ സന്താനം ആയിത്തീർന്നാൽ
എന്തു മോദമെന്റെ അന്തരംഗത്തിൽ
പാടും ഞാൻ സന്തോഷത്താൽ

രക്ഷാദാനമോ അതെത്ര മാധുര്യം
എന്നെ വീണ്ടതോ അതെത്ര ആശ്ചര്യം
കർത്തൻ സ്വന്തമായിട്ടെന്നെ തീർത്തതാൽ
കീർത്തിക്കും ഞാൻ നന്ദിയായ്

2 രക്ഷകാ നിന്നിഷ്ടം നിറവേറ്റുവാൻ
നീക്കുക എന്നിഷ്ടം മുറ്റുമെൻ ഭവാൻ

നടത്തെന്നെ നിൻ അത്ഭുത മാർഗ്ഗത്തിൽ
പാലിക്കെന്നെ കൃപയിൽ

3 പോരിൽ ഞാൻ തളർന്നു വീണുപോകായ്‌വാൻ
ശത്രു എന്റെ മേൽ ജയം കൊണ്ടീടായ്‌വാൻ
യേശുവേ നിൻ ശക്തി എന്നിൽ നല്കുകെ
ആത്മാവാൽ നിറയ്ക്കുകേ

4 സ്വർഗ്ഗേ വന്നു നിന്നെ ഞാൻ കണ്ടീടുമ്പോൾ
എന്റെ സർവ്വ ഖേദമങ്ങു തീരുമ്പോൾ
കർത്തനെ ഞാൻ മോദാൽ ചുംബിച്ചീടുമേ
ഹല്ലേലുയ്യാ പാടും ഞാൻ -

# 516

യെരുശലേമെൻ ഇമ്പ വീടേ!
എപ്പോൾ ഞാൻ വന്നുചേരും?
ധരണിയിലെ പാടും കേടും
എപ്പോൾ ഇങ്ങൊഴിയും?

1 ഭക്തരിൻ ഭാഗ്യതലമേ പരിമളസ്ഥലം നീയേ
ദുഃഖം വിചാരം പ്രയത്നം നിങ്കലങ്ങില്ലേ -

2 രാവും അന്ധകാരം വെയിൽ ശീതവും അങ്ങില്ലേ
ദീപതുല്യം ശുദ്ധരങ്ങു ശോഭിച്ചിടുന്നേ -

3 രത്നങ്ങളല്ലോ നിന്മതിൽ പൊന്നും മാണിക്യങ്ങൾ
പന്ത്രണ്ടു നിൻ വാതിൽകളും മിന്നും മുത്തല്ലോ -

4 യെരുശലേമെൻ ഇമ്പവീടെ! എന്നു ഞാൻ വന്നു ചേരും
പരമരാജാവിൻ മഹത്ത്വം അരികിൽ കണ്ടിടും -

5 ശ്രേഷ്ഠനടക്കാവുകളും തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത കൂട്ടമരങ്ങൾ -

6 ജീവനദി ഇമ്പശബ്ദം മേവി അതിലൂടെ
പോവതും ഈരാറുവൃക്ഷം നിൽപതും മോടി -

7 ദൂതരും അങ്ങാർത്തുസദാ സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടിടുന്നഗീതം മാമോടി -

8 യേരൂശലേമിൻ അധിപനീശോ!
തിരുമുൻ ഞാൻ സ്തുതിപാടാൻ
വരും വരെയും അരികിൽ ഭവാൻ ഇരിക്കണം നാഥാ! -

# 517

1 യേശുവിലെൻ തോഴനെ കണ്ടേൻ
എനിക്കെല്ലാമായവനെ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനെ
ശാരോനിൻ പനിനീർ പുഷ്പം
അവനെ  ഞാൻ കണ്ടെത്തിയേ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനേ

തുമ്പം ദുഃഖങ്ങളതിൽ
ആശ്വാസം നല്കുന്നോൻ
എൻ ഭാരമെല്ലാം ചുമക്കാ-
മെന്നേറ്റതാൽ ശാരോനിൽ...

2 ലോകരെല്ലാം കൈവെടിഞ്ഞാലും
ശോകഭാരം ഏറിയാലും
യേശു രക്ഷാകരൻ താങ്ങും തണലുമായ്
അവനെന്നെ മറക്കുകില്ല മൃത്യുവിലും കൈവിടില്ല
അവനിഷ്ടം ഞാൻ ചെയ്തെന്നും ജീവിക്കും

3 മഹിമയിൽ ഞാൻ കിരീടം ചൂടി
അവൻ മുഖം ഞാൻ ദർശിക്കും
അങ്ങു ജീവന്റെ  നദി കവിഞ്ഞൊഴുകുമേ
ശാരോനിൻ പനിനീർ പുഷ്പം

അവനെ ഞാൻ കണ്ടെത്തിയേ
പതിനായിരങ്ങളിൽ ഏറ്റം സുന്ദരനെ

# 518

യോർദ്ദാൻ നദീതീരം കവിയുമ്പോൾ - മനമേ
ഓളങ്ങൾ കണ്ടു നീ കലങ്ങണ്ടാ - തെല്ലുമേ

1 വെള്ളം പെരുകിയാലുള്ളം പതറേണ്ട
വല്ലഭനേശുനിൻ അരികിലുണ്ടല്ലോ

2 നല്ലോർ വിശ്വാസത്തിൽ സ്വർല്ലോകപാതയിൽ
കല്ലോലമേടുകളൊരുങ്ങി നിന്നീടും

3 അൻപുള്ള രക്ഷകൻ മുൻപിൽ നടക്കവേ
തുമ്പം വരികിലെന്നും തുണയവനല്ലോ

4 ഭീതിവേണ്ടൊട്ടുമേ മുൻപോട്ട് പോക നീ
ഏതു വിഷമവും യേശു തീർത്തിടും

5 പാൽ തേനൊഴുകിടും പാവന നാട്ടിൽ നാം
പാർത്തിടുമാനന്ദഗീതം പാടിടും - യോർദ്ദാൻ

# 519

1 യിസ്രയേലേ നീ ലജ്ജിച്ചു പോകയില്ല
നിന്റെ ശത്രു നിന്നെ ജയിക്കുകയില്ല (2)
പീഡനത്തോട് നീ അകന്നു നിന്നിടും
ഭീഷണികളും നിന്നോടടുക്കില്ല
ബദ്ധപ്പാടോടെ നീ ഓടിപ്പോകുകയില്ല
മുൻപട പിൻപടയായ് ദൈവമുണ്ട് (2) - യിസ്രാ

2 തൻ വചനങ്ങളെ നിന്റെ വായിലാക്കി
കരത്തിൽ നിഴലതിൽ മറച്ചിടും

മക്കൾ യഹോവയാൽ ഉപദേശിക്കപ്പെടും
അവരുടെ സമാധാനം വലിയതും (2) - യിസ്രാ

3 നീ ഉണർന്നിടുക ബലം ധരിക്കുക
അലങ്കാര വസ്ത്രവും ധരിക്കുക
ഉല്ലാസഘോഷമായ് സീയോനിലേക്ക് പോക
നിത്യാനന്ദം തലമേൽ പ്രാപിക്കുക (2) - യിസ്രാ

# 520

യിസ്രായേലിൻ ദൈവമേ നീ
മേഘത്തേരിൽ എന്നു വരും

1 കാത്തുകാത്തിരിക്കുന്നേ ഞാൻ
തേജസ്സേറും മുഖം കാണ്മാൻ
പ്രിയൻ കൂടെന്നും വാണിടുവാൻ
യുഗായുഗങ്ങളായ് വാണീടുവാൻ

2 ഈ ലോകം പകച്ചിടുമ്പോൾ
നാഥൻ മാർവ്വിൽ ഞാൻ ചാരിടുമേ
ആശ്വസിപ്പിക്കും പ്രാണനാഥൻ
തൃക്കരത്തിൽ താൻ എന്നെ താങ്ങും

3 കൂടാരമാം ഭവനം വിട്ടൊ -
ഴിഞ്ഞാൽ ഏതുമില്ല
സ്വർപ്പുരിയിലെ വാസം ഓർത്താൽ
പാരിൽ ദുഃഖങ്ങൾ സാരമില്ല

4 കാഹളങ്ങൾ ഊതീടുമേ
ദൂതർ വീണ മീട്ടിടുമേ
നാഥൻ മേഖത്തിൽ വന്നീടുമേ
വേഗം ഒരുങ്ങിടാം സോദരരേ

# 521

*രീതി: 'വന്ദനമേ യേശു രക്ഷകാ'*

രക്ഷകനേ! നിന്റെ പക്ഷമായ് ഞാനിക്ഷിതിയിൽ
നിശ്ചയമായ് നിശ്ചയമായ്
നില്ക്കുമെന്നായുസ്സിൻ നാളെല്ലാം

1 സത്യവും ജീവനും മാർഗ്ഗവുമായ നിൻ
പക്ഷമായ് നില്ക്കുമ്പോൾ ലജ്ജിതരാകുമോ? - രക്ഷ

2 ചത്തുമണ്ണായിടും മർത്ത്യനേതാക്കളോ -
ടൊത്തുവസിച്ചവർ ഓർത്തുനിരാശരാം - രക്ഷ

3 ഒഴിയുമാകാശവും ഭൂമിയുമെങ്കിലും
ഒഴിഞ്ഞുപോകാത്ത നിൻമൊഴികളാണെൻ ബലം - രക്ഷ

4 വൈരിയിൽ പോരുകളേറി വരുമ്പോഴും
ധൈര്യമെനിക്കു നീ തരുമതു നിശ്ചയം - രക്ഷ

5 പലവിധ ദുഃങ്ങൾ ഉലകിലുണ്ടായാലും
അലയാത്തതെന്നും നിന്നരികിൽ ഞാനാകയാൽ - രക്ഷ

6 നിത്യത തന്നിൽ ഞാനെത്തുന്ന നേരത്തും
നില്ക്കും നിൻ ചാരത്തു മുത്തും നിൻപാദത്തിൽ - രക്ഷ

# 522

1 രക്ഷിതാവിനെ കാൺക പാപി
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു

2 കാൽവറി മലമേൽ നോക്കു നീ
കാൽകരം ചേർന്നിതാ ആണിമേൽ തൂങ്ങുന്നു

3 ധ്യാനപീഠമതിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക

4 പാപത്തിൽ ജീവിക്കുന്നവനെ
നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ രക്ഷകൻ

5 തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനക്കേണ്ട നിന്നുള്ളിൽ നീ

6 ഉള്ളം നീ മുഴുവൻ തുറന്നു
തള്ളയാമേശുവിൻ കൈയ്യിലേൽപ്പിക്ക നീ

# 523

രാജാധിരാജൻ മഹിമയോടെ
വാനമേഘത്തിൽ എഴുന്നള്ളാറായ് (2)

1 ക്ലേശം തീർന്നു നാം നിത്യം വസിപ്പാൻ
വാസം ഒരുക്കാൻ പോയ പ്രിയൻ താൻ

2 നിന്ദ കഷ്ടത പരിഹാസങ്ങൾ
ദുഷികളെല്ലാം തീരാൻ കാലമായി

3 പ്രാണപ്രിയന്റെ പൊന്നുമുഖത്തെ
തേജസ്സോടെ നാം കാണ്മാൻ കാലമായ്

4 കാന്തനുമായി വാസം ചെയ്യുവാൻ
കാലം സമീപമായി പ്രിയരേ

5 ഒരുങ്ങി നിന്നോർ തന്നോടുകൂടെ
മണിയറയിൽ വാഴാൻ കാലമായ്

6 യുഗായുഗമായ് പ്രിയൻ കൂടെ നാം
വാഴും സുദിനം ആസന്നമായി

7 കാഹളധ്വനി കേൾക്കും മാത്രയിൽ
മറുരൂപമായ് പറന്നീടാറായി

# 524

രാജാധിരാജൻ വരുന്നിതാ
തന്റെ വിശുദ്ധന്മാരെ ചേർത്തീടുവാൻ

1 കർത്തൻ വരവിന്നായ് കാത്തിരിക്കുന്നേ ഞാൻ
കാരുണ്യനിധിയെ കാണുവാൻ വെമ്പുന്നേ
കാലങ്ങൾ ദീർഘമാക്കല്ലേ - ഇനി

2 വാനവും ഭൂമിയും ഒഴിഞ്ഞുപോകുമെ
നിത്യരാജ്യമെനിക്കായ് നാഥനൊരുക്കുന്നേ
എന്നതിൽ പൂകിടും ഞാൻ - പ്രിയ

3 പീഡകൾ വന്നാലും ഭയമെനിക്കില്ല
പാടുകൾ സഹിച്ച ക്രിസ്തു എൻ നായകൻ
വൻ കൃപ തന്നിടുമേ - തന്റെ

4 എൻ ദേഹം രോഗത്താൽ ക്ഷയിച്ചെന്നാകിലും
ദേഹസഹിതനായ് പ്രിയനെ കാണും ഞാൻ
അവനെന്റെ വൈദ്യനല്ലോ - ഇന്നും

5 സ്വർഗ്ഗീയ സീയോനിൽ പ്രിയനോടെന്നും ഞാൻ
വാണിടും നാളിനായ് കാത്തിടുന്നേ പ്രിയാ
ആമേൻ കർത്താവേ വരണേ - വേഗം

# 525

രാജാധിരാജാവു നീ കർത്താധി കർത്താവും നീ
ദേവാധി ദേവൻ നീ യേശുവെയെൻ സർവ്വവും
നീയെയെൻ സമ്പത്തു സംതൃപ്തി സങ്കേതം
നീയേയെൻ സൗഭാഗ്യം സന്തോഷം സംഗീതം

1 അത്യന്തം സ്തുത്യൻ നീയത്യുന്നതൻ
നിത്യവും നിന്നെ ഞാൻ വാഴ്ത്തും നാഥാ
കൃത്യങ്ങൾ നിന്നുടെയത്ഭുതങ്ങൾ
കൃത്യമായോർത്തു ഞാൻ സ്തോത്രം ചെയ്യും

2 ശോകം കലരാത്ത സന്തോഷവും
ലോകം തരാത്ത സമാധാനവും

ദാഹം വരാതുള്ള വെള്ളവും നീ
നൽകും നിന്നാശ്രിതർക്കാവശ്യം പോൽ

3 തീരാത്ത സ്നേഹം നിൻ സ്നേഹം മാത്രം
മാറാത്ത കർത്താവും നീ മാത്രമാം
തോരാത്ത കണ്ണീർ തുടയ്ക്കും നിൻ കൈയ്
ചാരത്തു നീ വന്നെൻ ഭീതി നീക്കും

4 കൂടാരവാസം കഴിഞ്ഞു - നിന്റെ
കൂടെ ഞാൻ പാർക്കുന്ന നാളോർക്കവേ
കൂടുന്നെന്നുള്ളിൽ പ്രത്യാശയതാൽ
പാടുന്നു ഞാൻ പുത്തൻ പല്ലവികൾ

# 526

രാജ്യം ഒരുക്കി താൻ വേഗം വരുന്നല്ലോ
പ്രിയൻ തൻ മണിനാദം
അങ്ങുദൂരെ കേൾക്കുന്നല്ലോ

1 പുതുമകൾ നിറയും പുലരിയിൽ നല്ലൊരു
ജയജയഗീതം പാടീടാം
ആനന്ദഗാനം പാടും വിശുദ്ധൻ
ഒന്നായ് ചേർന്നു വരുന്നല്ലോ - ആ - ആ

2 ഉണരുക ഉണരുക ദൈവജനമെ
ഇഹത്തിലെ ദുരിതങ്ങൾ തീരാരായ്
കാന്തൻ വന്നിടും കണ്ണീർ തുടയ്ക്കും
ദുഃഖങ്ങൾ എല്ലാം തീരാറായ് - ആ - ആ

3 ആയിരം ആയിരം ദൂതഗണങ്ങൾ
ചുറ്റും നിന്നു സ്തുതി ചെയ്തിടുമ്പോൾ
ആ നല്ല സുദിനം കാത്തുനില്ക്കുന്നെ ഞാൻ
വേഗം വരേണം എൻ കാന്താ - ആ - ആ

# 527

ജീവനെ എൻ ജീവനെ
നമോ നമോ എന്ന രീതി

ലക്ഷോപലക്ഷം ദൂതർ സേവിതനിതാ
യോഹന്നാൻ വെളിപ്പാടിൽ
കണ്ടപോൽ മേഘാരൂഢനായ്
വാനിൽ വാനിൽ വരുന്നു വാഴ്ത്തുവിൻ

1 തുറക്കപ്പെട്ട കിഴക്കേവാതിലിലൂടെ
സകല വിശുദ്ധ ദൂതസംഘ -
പരിവാരത്തോടെ
വാനിൽ വാനിൽ വരുന്നു വാഴ്ത്തുവിൻ

2 ഖെരൂബുകൾ സറാഫുകൾ ദൂതരിവർ
സ്വർണ്ണക്കാഹളം കരത്തിലേന്തിയ
വിശുദ്ധഗീതക്കാർ
വാനിൽ വാനിൽ വരുന്നു ശീഘ്രമായ്

3 ആർത്തു പാടുന്നോർത്തു കേൾക്കു വീനത്
വലിയ പെരുവെള്ളത്തി -
ന്നിരച്ചിൽക്കൊത്തതാം ഒലി
വാനിൽ - വാനിൽ - അതിഗംഭീരമായ്

4 നിത്യയൗവ്വനത്തിൽ കിരീടം ചൂടി
ജയ സന്തോഷത്താൽ കതിരൊളി
ചിന്നും നേത്രദ്വയങ്ങളാൽ
വാനിൽ വാനിൽ ദ്യുതിപരക്കുന്നു

5 വിജയശ്രീയാൽ പ്രസന്നത ഏറും ഏറും
മദ്ധ്യസ്ഥതയിൽ നിന്നു
മാറീട്ടരുമനാഥൻ താൻ
വാനിൽ വാനിൽ അതിപ്രസന്നനായ്

6 രഥങ്ങളുടെ ഗംഭീരാരവം അതാ
ദൂതസംഘത്തിൻ ചിറകടി -
ക്കൊത്തു മുഴങ്ങുന്നു സദാ -
വാനിൽ വാനിൽ ധ്വനി പ്രഘോഷമായ്

7 ദൈവത്തിന്റെ കാഹളധ്വനി ധ്വനി
രാജാധിരാജനാം സുതനിൽനിന്നു
താൻ പുറപ്പെടുന്നിതാ
വാനിൽ - വാനിൽ - അതിഗംഭീരമായ്

8 മണ്ണിലുറങ്ങുന്നതാം വൃതർ വൃതർ
ഇതിമുഹൂർത്തത്തിലൂയിർ -
ത്തെഴുന്നതി പ്രസന്നവദനരായ്
ശീഘ്രം - ശീഘ്രം അതിസമ്മോദരായ്

9 തന്നെ നോക്കി പാർത്തീടും ജനംജനം
കാഹളധ്വനി കേൾക്കും മാത്രയിൽ
വാനിൽ പൂകുമേ
മോദാൽ മോദാൽ വാനിൽ പൂകുമേ

10 ഇവിടെക്കയറിവരുവീനെന്നുള്ള വിളി -
കേട്ടിട്ടാശ്വാസം ലഭിക്കുവാൻ
ചെവികൊതിക്കുന്നുഗ്രമായ്
കേൾപ്പാൻ കേൾപ്പാൻ കൊതിക്കുന്നുഗ്രമായ്

# 528

1 ലോകമാം ഗംഭീരവാരിധിയിൽ
വിശ്വാസക്കപ്പലിലോടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി

കർത്തനോടുകൂടെ വിശ്രമിക്കും
യാത്രചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാനേശുവിന്നായ്

ജീവൻ വച്ചിടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

2 കാലം കഴിയുന്നു നാൾകൾ പോയി
കർത്താവിൻ വരവു സമീപമായ്
മഹത്ത്വനാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്ക നിൻ ആത്മാവിനാൽ

3 പൂർവ്വപിതാക്കളാം അപ്പോസ്തലർ
ദൂരവേ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണിയീ ലോകമതിൽ

4 ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹിദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും

5 ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെനാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധ പളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊൻ മുഖം മുത്തിടും ഞാൻ

6 ലോകത്തിൻ ബാലത കോമളത്വം
വസ്തുവകകൾ പൊൻ നാണയങ്ങൾ
സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം
മേലുള്ളെറുശേലേം നിത്യഗൃഹം

7 ലാഭമായ് തീരും സമസ്തവും ഞാൻ
കാഴ്ചയായ് വയ്ക്കുന്നു തൃപ്പാദത്തിൽ
അംഗപ്രത്യംഗമേ ഇന്ദ്രിയങ്ങൾ
ദൈവനാമത്തിൽ പുകഴ്ചയ്ക്കായി

8 ലോകം ത്യജിച്ചതാം സിദ്ധൻമാരും
നിർമ്മല ജ്യോതിസ്സാം ദൂതൻമാരും
രക്തസാക്ഷികളാം സ്നേഹിതരും
സ്വാഗതം ചെയ്യും മഹൽസദസ്സിൽ

9 വീണ്ടെടുപ്പിൻ ഗാനം പാടി വാഴ്ത്തി
രക്ഷകനേശുവെ കുമ്പിടും ഞാൻ
കഷ്ടത തുഷ്ടിയായ് ആസ്വദിക്കും
സാധുക്കൾ മക്കൾക്കി ഭാഗ്യം ലഭ്യം

# 529

1 ലോകംനിന്നിലുള്ള വെള്ളി പൊന്നിവ എടുത്തിടും
ലോഭമായ് ജീവിക്കണം നീ എങ്കിലും
പോഷിപ്പിക്കയില്ലയോ പറവജാതിയേയവൻ
വയ്ക്കുക നിൻഭാരമവൻ പാദത്തിൽ

വയ്ക്കുക വയ്ക്കുക വയ്ക്കുക
നിൻഭാരമവൻ പാദത്തിൽ
സംശയം കൂടാതെ വിശ്വസിക്കുമെങ്കിൽ രക്ഷകൻ
നിശ്ചയം സ്വതന്ത്ര്യനാക്കും നിന്നേയും

2 വേദനസഹിച്ചു നിൻ ശരീരശക്തി പോയതാൽ
നിരാശയിൽ മുഴുകി നീ കിടക്കുമ്പോൾ
യേശുശക്തൻ മാറ്റുവാൻ അറിയുന്നായവനതും
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ

3 ശത്രുവിന്നുപദ്രവം നിൻ ഹൃത്തിനെ കലക്കുമ്പോൾ
പരൻ പരത്തിൽ കേൾക്കുന്നു നിൻ പ്രാർത്ഥന
ആയവൻ വഴി തുറന്നു ക്ഷേമമായ് നടത്തും നിന്നെ
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ

4 യൗവ്വന ദശകഴിഞ്ഞു വാർദ്ധക്യം വന്നീടുമ്പോൾ
കുനിഞ്ഞിടും ശരീരം ജീവഭാരത്താൽ

അപ്പോഴും വിടില്ലവൻ നടത്തുമന്ത്യത്തോളവും
വയ്ക്കുക നിൻഭാരമവൻ പാദത്തിൽ

5 ബോംബുഭൂമിയെ പിളർക്കും നേരം നീയൊളിക്കുവാൻ
സ്ഥാനം തേടിയില്ല എന്നുകാണുമ്പോൾ
ഉണ്ട് സങ്കേതം നിനക്കവൻ ചിറകിൽ സൂക്ഷിപ്പാൻ
വയ്ക്കുക നിൻഭാരമവൻ പാദത്തിൽ

# 530

1 ലോകത്തിൽ മോഹങ്ങൾ കൊണ്ടു
വിരഞ്ഞോടി ഞാൻ സ്വർഗ്ഗഭാഗ്യങ്ങൾ വെടിഞ്ഞു
പാപിയായ് ജീവിച്ചപ്പോൾ
പാതയ്ക്കു ദീപമില്ല സ്വർഗ്ഗസന്തോഷമില്ല
നിത്യസ്നേഹിതരില്ല

2 അന്നേ മരിച്ചു പോയെങ്കിൽ
എൻ ദൈവമേ ഞാൻ ചെന്നേ നരകമതിൽ
തന്നു നിൻ കൃപാദാനം ഇന്നും ജീവിച്ചീടുവാൻ
നിന്നാത്മശക്തിയാലെ നിത്യം നടത്തേണമേ

3 ആർക്കും വർണ്ണിച്ചുകൂടാത്ത
സ്വർഗ്ഗസന്തോഷമാർഗ്ഗത്തിലാക്കിയല്ലോ നീ
മാറ്റം വരാതെയെന്നെ കാക്കണം പൊന്നുനാഥാ
ഈ ലോകം വിട്ടു നിന്റെ മേലോകം ചേരുവാനായ് -

4 എന്നു മേഘത്തിൽ വരുമോ
മദ്ധ്യാകാശത്തിൽ തന്റെ കാന്തയെ ചേർക്കുവാൻ
വന്നു വിളിച്ചിടുമ്പോൾ അങ്ങു വസിച്ചിടും ഞാൻ
ഇങ്ങുള്ള കഷ്ടം മറന്നങ്ങു ഞാൻ ഗാനം പാടും -

# 531

1 ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗഗേഹെ വിരുതിനായി

പറന്നീടും ഞാൻ മറുരുപമായ്
പരനേശുരാജൻ സന്നിധൗ

ദൂതസംഘമാകവെ എന്നെ
എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നിടുന്നേ
ശുഭ്രവസ്ത്രധാരിയായ്
എന്റെ പ്രിയന്റെ മുമ്പിൽ
ഹല്ലേലുയ്യാ പാടിടും ഞാൻ

2 ഏറെ നാളായ് കാണ്മാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞീടുമേ -

3 നീതിമാൻമാരായ സിദ്ധൻമാർ
ജീവനും വെറുത്ത വീരൻമാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടിടുമേ -

4 നാഥൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങിടും കിരീടങ്ങളായ് -

5 കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടുകൂടെ വാഴുമേ -

# 532

ലക്ഷ്യമതാണേ - എൻ ആശയതാണേ
എൻ ജീവനാഥനെ - ഞാനെന്നു കാണുമോ

1 ക്രൂശിൽ യാഗമായ് തൻ ചോരയൂറ്റിയ
എൻ ജീവനാഥനെ ഞാനെന്നു കാണുമോ
ദേവ ദേവനെ എൻ ത്യാഗവീരനെ
എൻ ജീവിതാസുഖം നീ മാത്രമാകുന്നേ

2 പ്രത്യാശനാടിനെ ഞാനോർത്തിടുന്നേരം
പ്രത്യാശയെന്നുള്ളിൽ പൊങ്ങിടുന്നിതാ
നിത്യസൗഭാഗ്യം ലഭ്യമാകുവാൻ
എത്രകാലം ഞാൻ കാത്തിടേണമോ

3 പൂർവ്വപിതാക്കൾ നോക്കി പാർത്തതാം
നിത്യസൗധത്തിൽ നാം എത്തിടുവാനായ്
യുവസോദരങ്ങളെ - യുവ കേസരികളെ
നാം ഒന്നുചേരുക - ജയക്കൊടി ഉയർത്തുക

4 ഈ പാഴ്മരുഭൂമി എനിക്കാനന്ദമല്ലേ
സീയോൻ പുരിയതോ അധിക കാമ്യമേ
എന്നു ചെന്നു ഞാൻ വീട്ടിൽ ചേരുമോ
അന്നു തീരുമേ ഈ പാരിൻ ദുരിതം

# 533

വന്ന വഴികൾ ഒന്നോർത്തിടുമ്പോൾ
ഇന്നെയോളം നടത്തിയ നാഥാ
നന്ദിയല്ലാതില്ലൊന്നുമില്ല
എന്നും കരുതലിൽ വഹിച്ചവനെ (2)

1 ബഹുദൂരം മുന്നോട്ടുപോകാൻ
ബലം നൽകി നീ നടത്തി (2)
നടന്നോരോ നേരത്തിലെല്ലാം
തവകരങ്ങൾ ആശ്വാസമായി (2) വന്ന...

2 ഓടി മറയും നാളുകളെല്ലാം
ഓർപ്പിക്കുന്നു നിൻ കാരുണ്യം (2)

ഓരോ ജീവിത നിമിഷങ്ങളെല്ലാം
ഓർത്തിടുന്നു തവസാന്നിധ്യം (2) വന്ന...

3 മനോവ്യഥകൾ ഏറിടും നേരം
മനസ്സലിഞ്ഞു ദയകാട്ടി നീ (2)
ഇരുളേറും പാതയിലെല്ലാം
ഇരുകരവും താങ്ങിയെന്നെ (2) വന്ന...

# 534

*(വന്നു പുകഴ്ത്തിടീൻ എന്ന രീതി)*

വന്നു പുകഴ്ത്തിടാം വിശുദ്ധവംശമേ
വന്നു വണങ്ങിടാം രാജാധിരാജനേ
വിശുദ്ധ കരമുയർത്തി ആരാധിക്കാം
വന്ദിതനേശുവേ വന്ദിതനേ

1 പാപമാം ചേറ്റിൽ ഞാൻ ആണ്ടു കിടന്നപ്പോൾ
നിൻ കരം നീട്ടി നീ എന്നെ കരേറ്റിയെ
പുതിയ പാട്ടുനീയെൻ നാവിൽ തന്നു
വന്ദിതനേശുവെ വല്ലഭനേ

2 മരണ ഭീതിയിൽ കിടന്ന എന്നെ നീ
മഹൽ സ്നേഹത്താലേ മാടി വിളിച്ചല്ലോ
മറക്കാനാവതോ നിൻ ക്രിയകൾ
വന്ദിതനേശുവേ വല്ലഭനേ

3 അതിക്രമങ്ങളാൽ മരിച്ച എന്നെ നീ
തിരുകൃപയാലെ ജീവനുമേകിയേ
സ്വർഗ്ഗീയ മഹിമയിൽ വാസം നൽകി
വന്ദിതനേശുവേ വല്ലഭനേ

# 535

വന്നിടുന്നു നിൻ പാദത്തിൽ ഞാൻ
വൻ കൃപ പ്രാപിപ്പാനാശയായി

ഇന്നു നിൻ വൻകൃപ എന്നിൽ നീ
വൻ നദി പോൽ പകർന്നീടണമേ (2)
വൻ കൃപ എന്റെ മേൽ
എന്റെ മേൽ ചൊരിഞ്ഞീടേണമേ (2)

1 പെന്തക്കോസ്തു നാളിൽ അപ്പോസ്തലർ
മാളിക മുറിയിൽ പ്രാപിച്ച
ദൈവത്തിൻ തേജസ്സും ശക്തിയും
എന്റെ മേൽ പകർന്നിടണമേ - വൻകൃപ

2 ആത്മ പൂർണ്ണനായ് ഞാൻ തീരട്ടെ
ആത്മ പൂർണ്ണനായ് ഞാൻ പാടട്ടെ
ആത്മാവിൽ ദിവ്യോല്ലാസങ്ങളാൽ
ആത്മ നദിയിൽ ഞാൻ നീന്തട്ടെ - വൻകൃപ

3 ആഞ്ഞടിക്കും കൊടുംകാറ്റിനാൽ
പാപികൾ യേശുവെ കാണട്ടെ
രോഗികൾ സൗഖ്യം പ്രാപിക്കട്ടെ
ഭൂതങ്ങൾ വിട്ടുടൻ പോകട്ടെ - വൻകൃപ

4 അന്ധകാരമെല്ലാം മാറട്ടെ
അത്ഭുതവെളിച്ചം കാണട്ടെ
ബന്ധനമെല്ലാം അഴിയട്ടെ
അത്ഭുതം നിൻ ജനം കണട്ടെ - വൻകൃപ

# 536

വന്ദനം വന്ദനം വന്ദനം നാഥാ -
വന്ദനം യേശു പരാ
വന്ദിതനാം വല്ലഭനാം യേശുപരാ

1 ആദിയുഗങ്ങൾക്കു മുന്നമേ നിന്നിൽ
തിരഞ്ഞെടുത്തെന്നോ നാഥായെന്നെ
നിരുപമ സ്നേഹം തവ തിരുസ്നേഹം

അനുദിനവും പുകഴ്ത്തിടും ഞാൻ
സ്തുതിച്ചിടും ഞാൻ - വന്ദനം

2 സ്വർഗ്ഗമഹിമകൾ വിട്ടു നീയന്നെ
നീചജഗത്തിൽ തേടിയോ? നാഥാ!
നികരില്ലാ സ്നേഹം തവതിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ
സ്തുതിച്ചിടും ഞാൻ - വന്ദനം

3 രക്തം ചൊരിഞ്ഞെന്നെ വീണ്ടെടുപ്പാനായ്
മൃത്യു വരിച്ചോ? കുരിശിലെൻ നാഥാ!
അളവില്ലാ സ്നേഹം തവതിരുസ്നേഹം
അനദിനവും പുകഴ്ത്തിടും ഞാൻ
സ്തുതിച്ചിടും ഞാൻ - വന്ദനം

4 ഇത്ര മഹാദയ തോന്നുവതിന്നായ്
എന്തുള്ളൂ നന്മയീ സാധുവിലോർത്താൽ
അതിരില്ലാ സ്നേഹം തവ തിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ
സ്തുതിച്ചിടും ഞാൻ - വന്ദനം

# 537

വന്ദനം പൊന്നേശു നാഥാ!
നിന്റെ കൃപയ്ക്കായ് - എന്നുമേ

1 ഇന്നുഷസ്സിൻ പ്രഭ കാണ്മതിന്നായ്
തന്ന കൃപയോർത്തിതാ - വന്ദനം

2 പോയ രാവിൽ എന്നെ കാവൽ ചെയ്ത
നായകനേ നന്ദിയായ് - വന്ദനം

3 ഇന്നലെക്കാൾ ഇന്നു നിന്നോടേറ്റം
ചേർന്നു ജീവിക്കേണം ഞാൻ - വന്ദനം

4 ഇന്നു നിന്റെ ആത്മ - ശക്തി മൂലം
എന്നെ മുറ്റും കാക്കുക - വന്ദനം

5 നിന്മുഖത്തിലുള്ള ദിവ്യകാന്തി
എൻമേൽ ശോഭിക്കേണമേ - വന്ദനം

6 അഴിയാത്ത ജീവശക്തിയെന്നിൽ
ഒഴിയാതെ പാർക്കേണം - വന്ദനം

# 538

വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു -
നാമത്തിനാദരവായ്

1 ഇന്നു നിൻ സന്നിധിയിൽ അടിയാർക്കു
വന്നുചേരുവതിനായ്
തന്ന നിന്നുന്നതമാം കൃപയക്കഭി -
വന്ദനം ചെയ്തിടുന്നു

2 നിൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച
ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാവിൻ സന്നിധൗ
വന്നിടാമേ സതതം

3 ഇത്ര മഹത്ത്വമുള്ള പദവിയെ
ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല നിന്റെ കൃപ
യെത്ര വിചിത്രമഹോ

4 വാനദൂതഗണങ്ങൾ മനോഹര
ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന
വാനവനെ നിനക്കു -

5 മന്നരിൽ മന്നവൻ നീ മനുകുലത്തിന്നു
രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ പിതാവിന്നു
സന്നിഭൻ നീയല്ലയോ

6 നീയൊഴികെ ഞങ്ങൾക്കു സുരലോകേ -
യാരുള്ളു ജീവനാഥാ
നിയൊഴികെയിഹത്തിൽ മറ്റാരുമി -
ല്ലാഗ്രഹിപ്പാൻ പരനേ! -

# 539

വന്ദനമേ യേശു രക്ഷകനെൻ നായകനെ
വന്ദനമേ... വന്ദനമേ
വന്ദനത്തിനെന്നും യോഗ്യനെ

1 നിന്നനുഗ്രഹങ്ങൾ എന്നിൽ നീ തന്നതാൽ
നിന്നുടെ വന്ദനം എന്നുമെൻ ഗാനമാം

2 കാൽവറി ദർശനം കാണുന്നെൻ മുമ്പിലായ്
അൻപിനാലുളളവും കണ്ണും നിറയുന്നെ

3 പൊന്നുമഹേശനെ നിന്നുടെ കാരുണ്യം
സന്തതമോർത്തു ഞാൻ നന്ദിയാൽ പാടുമേ -

4 പാപവും ശാപവും രോഗവും നീങ്ങി ഞാൻ
നീതിമാനാകുവാൻ ശാപമായ് - ത്തീർന്നോനെ -

5 ഇളകാത്ത രാജ്യമാം സീയോനെൻ സ്വന്തമാം
പരനോടുകൂടെ ഞാൻ നിത്യമായ് വാണീടും

6 പരമാനന്ദപ്രദം പരിശുദ്ധ ജീവിതം
പരലോകതുല്യമെൻ വിശ്വാസസേവനം

7 ഭാരങ്ങൾ തീർന്നു ഞാൻ ആനന്ദിച്ചിടുവാൻ
ഭാരങ്ങൾ തീർത്ത എൻ കാരുണ്യവാരിധേ

# 540

വന്ദനം ചെയ്തിടുവിൻ - ശ്രീയേശുവെ
വന്ദനം ചെയ്തിടുവിൻ - നിരന്തരം

1 സന്തതം സകലരും സന്തോഷധ്വനിയിൽ
സ്തോത്രസംഗീതം പാടി... ശ്രീയേശുവെ

2 രാജിത മഹസ്സെഴും മാ മനുസുതനെ
രാജസമ്മാനിതനെ... ശ്രീയേശുവെ

3 കല്ലറ തുറന്നുവൻ വൈരിയെ തകർത്തു
വല്ലഭനായവനെ... ശ്രീയേശുവെ -

4 നിത്യവും നമുക്കുള്ള ഭാരങ്ങളഖിലം
തീർത്തു തരുന്നവനെ... ശ്രീയേശുവെ

5 ഭീതിയാം കൂരിരുളഖിലവും നീക്കും
നീതിയിൻ സൂര്യനാകും... ശ്രീയേശുവെ

6 പാപമില്ലാത്ത തൻ പരിശുദ്ധ നാമം
പാടി സ്തുതിച്ചിടുവിൻ... ശ്രീയേശുവെ

# 541

വരുന്നിതാ നാഥൻ വാഴുവാൻ ഭൗമ
നിരന്ന തൻ പരിവാരപദവികളോടെ

1 നരന്നു വാഴ്വാൻ ഭൂമി - യൊരുക്കിനാനാദിയിൽ
നരനുടെ മരണത്താൽ നടന്നില്ലതെന്നാൽ -

2 നരസുതനായവൻ മരിച്ചുയിർത്താകയാൽ
ഭരണമീ ഭുമേൽ ചെയ്വാൻ ലഭിച്ചവകാശം -

3 പിതൃഭരണാസന - മവന്നുദേവൻ നൽകും
മധിപനാമിവനെന്നു പ്രവചനമുണ്ട്

4 ജരിച്ച ഭരണങ്ങൾ മറിച്ചു നീക്കിത്തന്റെ
വരിച്ച സതിയോടൊത്തു ഭരിച്ചിരുന്നിടാൻ -

5 കഠിനനിയമങ്ങൾ തടവുചെയ്തെങ്ങും താൻ
കുടിലത വിട്ടു ധർമ്മം നടത്തുവതിന്നായ്

6 തന്നുടെ പേർക്കായി മന്നിലലിഞ്ഞ തൻ
നിന്ദിതജനങ്ങടെ നിലവിളി നീക്കാൻ -

7 തിരുജനങ്ങൾക്കേറ്റം ദുരിതമിയറ്റിയോ
രരികുലങ്ങൾക്കു തക്കപ്രതികാരം ചെയ്‌വാൻ -

8 പരമപിതാവിന്റെ തിരുഹിതമൊത്തുഭൂ -
യെരൂശലേം പുരി-രാജനഗരമാക്കിടാൻ -

# 542

വരുന്നു പരമേശൻ ഇപ്പാരിൽ
ഭരണം ഭരമേല്ക്കാൻ
വരവിനായ് തൻ വചനം പോൽ നീ
ഒരുങ്ങീടുന്നുണ്ടോ?

1 മുഴങ്ങും കാഹളധ്വനിയും പരിചിൽ
പതിനായിരമാം ദൂതന്മാരും
ആയിരമായിരം വിശുദ്ധന്മാരും
ആയിട്ടായിരമാണ്ടു വാണീടാൻ

2 ഉലകിൻ സൃഷ്ടികൾ ദേവസുതരിൻ
തേജസ്സാകും സ്വാതന്ത്ര്യമോടെ
ദ്രവത്വത്തിൻ ദാസ്യത്തിൽ നിന്നുടെ
വിടുതൽ പ്രാപിച്ചാനന്ദമടവാൻ

3 മുടന്തൻ മാനിനെപ്പോലെ ചാടും
ഊമന്മാരും ഉല്ലസിച്ചാർക്കും
കുരുടന്മാരുടെ കണ്ണു തുറക്കും
ഒഴിയും മാനുഷശാപമശേഷം

4 സിംഹം കാളപോൽ പുല്ലു തിന്നിടും
പുള്ളിപ്പുലിയും ഗോക്കളുമതുപോൽ
സർപ്പത്തിൻ പോതിൽ കളിച്ചിടും
ചെറിയ ശിശുക്കൾ യേശുവിൻ രാജ്യേ

5 വഴിപോക്കർ വെറും ഭോഷന്മാർ പോലും
വഴി തെറ്റാതെ നടന്നീടുമന്ന്
ഇതു താൻ നിന്നുടെ വഴിയെന്നുള്ളൊരു
മൊഴിയും പിന്നിൽ കേൾക്കാമന്ന്

6 വരുമോരോവിധ പരിശോധനയിൽ
സ്ഥിരമായ് വിജയം പ്രാപിച്ചവരെ
പരനേശുവിൻ തിരുസിംഹാസനത്തിൽ
ഒരുമിച്ചങ്ങിരുത്തീടുവാനായി

7 സ്നേഹത്താൽ നിറഞ്ഞൊരു സാമ്രാജ്യം
സ്നേഹത്തിൻ സ്വരൂപനാമേശു
മോദത്താൽ നിറഞ്ഞൊരു വിശുദ്ധർ -
ക്കായിട്ടായിരമാണ്ടു നൽകീടാൻ

# 543

വരുവിൻ! യേശുവിന്നരികിൽ എത്ര
നല്ലവൻ താൻ രുചിച്ചറികിൽ!
വരുവിൻ! കൃപകൾ പൊഴിയും
കുരിശിന്നരികിൽ

1 കൃപമേൽകൃപയാർന്നിടുവാൻ
നിങ്ങൾ പരമപാദം ചേർന്നിടുവിൻ
ധരയിൽ നടന്ന തൻ ചരണം
നിങ്ങൾക്കരുളും ശാശ്വതശരണം
അല്ലും പകലും മുന്നിൽ
നില്പവൻ തുണയായ്

2 പരിശോധനകൾ വരികിൽ
മനം പതറാതാശ്രയിച്ചിടുകിൽ
ബലഹീനതയിൽ കവിയും
കൃപമതിയെന്നാശ്രയിച്ചിടുകിൽ
വിരവിൽ വിനകൾ തീരും
സകലവും ശുഭമായ്

3 സ്നേഹിതരേവരും വെടിഞ്ഞാൽ
അതു യേശുവിനോടു നീ പറഞ്ഞാൽ
സ്നേഹിതരില്ലാക്കുരിശിൽ
പെട്ടപാടുകളെഴും തൻ കരത്താൽ
നന്നായ് നടത്തും വീട്ടിൽ
ചേരും വരെയും

4 ഒരുനാൾ നശ്വരലോകം
വിട്ടുപിരിയും നാമതിവേഗം
അങ്ങേക്കരയിൽനിന്ന് - നമ്മൾ
നേടിയതെന്തെന്നറിയും
ലോകം വെറുത്തോർ
വിലനാമന്നാളറിയും -

# 544

വരുവിൻ ഈ നല്ല സമയം -
വ്യഥാവാക്കാതെ
നിന്നെ യേശു വിളിച്ചിടുന്നു

1 വാഴ്വിൻ നാളെല്ലാം വിൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ?
വന്നുടൻ പാദം തേടിടുകിൽ
വിണ്ണതിൽ നിന്നെ ചേർത്തിടുമേ -

2 കെട്ടിയ വീടും നിലം പൊരുളും
കണ്ടിടും ഉറ്റോർ ഉടയവരും

കൂടു വിട്ടു നിൻ ജീവൻ പോയാൽ
കൂടെ വരാതെ വേർപെടുമെ

3 ഉലകം മായ അഴകും സമം
അതു നമ്പാതെ മയക്കും നിന്നെ
മരണമൊരുനാൾ വന്നിടുമേ
മറക്കാതെ നിൻ രക്ഷകനെ -

4 വാനത്തിൻ കീഴെ ഭൂമി മീതെ
വാനവനേശുനാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകനേശു താൻ വഴിയേ -

5 തീരാത്ത പാപം വ്യാധിയെയും
മാറാത്ത എല്ലാ ബലഹീനവും
ഘോര കുരിശിൽ ചുമന്നു നിന്നെ
സൗഖ്യമാക്കി തൻ അടിപ്പിണരാൽ

6 സത്യവചനം കേട്ടു നീ വാ
നിത്യജീവൻ നിനക്കേകിടുമേ
നിൻ പേരും ജീവപുസ്തകത്തിൽ
ഉൺമയായ് ഇന്നു എഴുതിടുമേ

# 545

വരുവിൻ നാം യഹോവയ്ക്കു പാടുക
രക്ഷ തരുന്ന ജീവപാറയ്ക്കാർപ്പിടുക
തിരുമുമ്പിൽ സ്തുതിയോടാദരവായി
ചെന്നു നാമെല്ലാവരും
സങ്കീർത്തനങ്ങളൊടൊരുമിച്ചാർത്തു ഘോഷിക്ക

1 യഹോവയവൻ മഹാദൈവം - അവൻ
സകല ദേവകൾക്കും മേൽ രാജൻ
മഹിയിൻ താണിടങ്ങളവന്റെ കയ്യിൽ

മഹിധരോന്നതങ്ങളും തന്റെ
മഹോന്നധിയുമവന്റെ വകയാകുന്നു
താനതു പടച്ചിതു കരയേയും
മഹാൻ കൈകൾ മെനഞ്ഞിതു

2 വരുവിൻ നാം തൊഴുതു വന്ദിക്കുക – ദേവ
തിരുമുൻചെന്നു നാം മുട്ടുകുത്തുക
പരൻ നമ്മെ പടച്ചവനാകയാൽ തന്നെ
പരൻ നമ്മുടെ ദേവൻ ആകുന്നു
കരുത്തൻ മേച്ചിലിൻ ജനം കരത്തിനാടുകൾ നാം തൻ
സ്വരത്തെ നിങ്ങളിങ്ങന്നു
സ്വരത്തോടിന്നു കേൾക്കുവിൻ

3 എനിക്കു നാൽപതാണ്ടാവംശത്തോടുരസം
ജനിച്ചില്ലിയവരുള്ളിൽ തെറ്റുന്ന ജനമെൻ
വഴിയറിയാത്തോരുമെന്നു മൊഴിഞ്ഞെൻ
സ്വസ്ഥതയിലായവൻ അണഞ്ഞുപുകയില്ലെന്നു
ജനത്തോടാണയിട്ടു താൻ
ദിനമെന്നും ത്രീയേകനെ വണങ്ങി
വാഴ്ത്തിടാമാമേൻ

# 546

1 വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും
തൻകൃപയിലാശ്രയിക്കും എല്ലാനാളും ഞാൻ
പാടും ഞാൻ എന്നും എന്റെ പ്രിയനെ

2 എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന
മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിലെങ്ങുമേ
ക്ഷാമം ഭൂകമ്പം അതിനാരംഭം

3 ക്ഷാമത്താലീക്ഷോണി എങ്ങും ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപ – മുണ്ടെന്റെ പ്രിയനിൽ
എന്നെ പോറ്റിടും എന്റെ രക്ഷകൻ

4 ഇന്നലെക്കാളിന്നു ഞാനെൻ പ്രിയൻ നാടി -
നോടേറ്റം അടുത്തതായതെ - നിക്കെത്രയാനന്ദം
എന്റെ പ്രിയനെ ഒന്നു കാണുവാൻ

5 ഈ വാരിധിയിൻ വൻതിരയിൽ തള്ളലേറ്റു ഞാൻ
മുങ്ങിടാതെ പ്രിയനെന്റെ ബോട്ടിലുണ്ടല്ലോ
ഗാനം പാടിയെൻ നാട്ടിലെത്തുമേ

6 എൻ രക്ഷിതാവേ നിൻ വരവു കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം
നിന്നെക്കാണുമ്പോൾ എൻ ദുഃഖം തീർന്നുപോം

# 547

വാഞ്ഛിതമരുളിടും വാനവർക്കദിപാ
നീ വന്നിടുക വരം തന്നിടുക
തഞ്ചമടിയർക്കു നീയെന്നറിഞ്ഞടിയങ്ങൾ
അഞ്ചിടാതെ പരം കെഞ്ചിടുന്നേ

1 മുൾപ്പടർപ്പിന്നു മേൽ കെല്പോടമർന്നൊരു
ചിൽപ്പൊരുളേ, ദയാതൽപ്പരനേ
ദർപ്പമെല്ലാം നീക്കി ഉൾക്കലഹം പോക്കി
സൽപഥമടിയർക്കു കാട്ടുക നീ

2 ആത്മവിശപ്പുദാഹമേറ്റമരുൾക ദേവാ
തൃപ്തരായടിയങ്ങൾ തീർന്നിടുവാൻ
സൂക്ഷ്മമാം തിരുമൊഴി കേട്ടറിഞ്ഞതുവിധം
ശുദ്ധിയായ് ജീവിപ്പാനാകണമേ

3 പൊന്നിലുമഖിലമീ മന്നിലുമതുവിധം
വിണ്ണിലും വിലയേറും നിൻ വചനം
ഇന്നുധരിച്ചു ഞങ്ങൾ ധന്യരായ് തീർന്നിടും
മന്നവനേ, ദയ ചെയ്യണമേ

4 മന്ദമനസ്സുകളിലുന്നത ബലത്തോടു
ചെന്നിടണം പരാ നിൻവചനം
നന്ദിയോടടിയങ്ങൾ നിന്നെ വണങ്ങാനരുൾ
ചെയ്യണമേ കൃപ പെയ്യണമേ

5 പൂവിലും മണമേറും പൊന്നിലുമൊളിചിന്നും
തേനിലും മധുരമേ നിൻ വചനം
രാവിലും പകലിലും ജീവനായ് ഭവിച്ചുമേൽ
ഭാവിയനുഗ്രഹമാകണമേ

# 548

വാസം ഒരുക്കിടാൻ വിണ്ണിൽ ഗമിച്ചവൻ
പ്രിയരെ ചേർപ്പാനായ് വന്നീടും ഒരു നാളിൽ
പ്രത്യാശയോടെ നാം ഓട്ടം തികച്ചിടാം
കർത്തനോടൊത്തു നാം നിത്യതയിൽ വാഴും

1 വിശ്വാസ പാതയതിൽ വീഴാതെ മുന്നേറാം
പേർ വിളിച്ചീടുമ്പോൾ ലജ്ജയെന്യേ
തവസന്നിധേ അണഞ്ഞീടാം

2 കാലം തികയുമ്പോൾ കാഹളം കേൾക്കുമ്പോൾ
കർത്തൻ വരും കോടി ദൂതന്മാരാർപ്പുമായ്
പ്രീയരെ ചേർത്തീടാൻ

# 549

വാടി പോകാതെ മനമെ
വാടി പോകാതെ

1 കണ്ടു വന്നു വിളിച്ച ദേവൻ
കൈവിടുമോ നിന്നെ (2)

2 വാക്കുതന്ന ദേവനെ നീ
വാഴ്ത്തിപ്പാടേണം (2)

3 പാവനാത്മാവായ് വസിപ്പാൻ
പ്രാർത്ഥിച്ചിടേണം (2)

# 550

വാഗ്ദത്തനാട്ടിലെൻ വിശ്രമമാം
വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാം

1 എങ്ങു ഞാൻ പോകുന്നെന്നറിയാതെ
തൻ വിളികേട്ടു പോകുന്നു ഞാൻ
ഇങ്ങിനിയേതു ഖേദം വന്നാലും
പിന്തിരികില്ല പോകുന്നു ഞാൻ

2 വിട്ടു ഞാൻ പോന്നതൊന്നുമേയോർത്തി -
ന്നൊട്ടും മടങ്ങിപ്പോകയില്ല
ഉത്തമമായ നിത്യനിക്ഷേപ -
മുന്നത നാട്ടിലുണ്ടെനിക്കായ്

3 പാപത്തിന്നിമ്പഭോഗം വേണ്ടാ ഞാൻ
പാടുപെടാമെന്നേശുവിന്നായ്
മിസ്രയിം സമ്പത്തേതിലുമെന്റെ
ക്രിസ്തുവിൻ നിന്ദയെത്ര നന്നാം!

4 ഒന്നിലുമേ മനം തളരാതീ - മന്നിൽ
ഞാൻ യാത്ര ചെയ്തീടുന്നു
അന്നന്നു വേണ്ടും മന്നയുണ്ടെന്നും
അന്തികത്തിൽ എൻ നാഥനുണ്ട്

5 ചെങ്കടൽ യോർദ്ദാൻ വറ്റിപ്പോമെല്ലാം
വൻയെരിഹോ മതിൽ തകരും
വിശ്വാസയാത്രയെ വിലക്കാൻ ഈ
വിശ്വത്തിലൊന്നും ശക്തമല്ല

6 കണ്ണുനീർ തോരും നിന്ദകൾ തീരും
വിണ്ണിലെൻ വീട്ടിൽ ചെന്നുചേരും

എണ്ണിക്കൂടാത്ത ശുദ്ധരൊത്തേശു
സന്നിധിയിൽ ഞാൻ വാഴുമെന്നും

# 551

വാനിൽ വന്നിടുമേ വിണ്ണിൽ ദൂതരുമായ്
രാജരാജൻ നമ്മുടെ നാഥൻ
തേജസ്സിൽ വന്നിടുമേ

1 ഇല്ല നാളധികം പാരിൽ നമുക്കിനിയും
വേല തികച്ചിടാം ലോകം ത്യജിച്ചിടാം
വരവിന്നായെന്നും ഉത്സുകരായ് നാം
ഒരുങ്ങിയുണർന്നിരിക്കാം -

2 മണ്ണിൽ നിലനില്ക്കും ഒന്നും നമുക്കില്ല
വിണ്ണിലൊരുക്കുന്ന വീടു നമുക്കുണ്ട്
വീണ്ടെടുപ്പിൻ നാൾ വേഗം വരുന്നു
വീട്ടിൽ നാം ചേർന്നീടാറായ് -

3 ശാലേം നഗരമതിൽ തങ്കവീഥികളിൽ
ചേലെഴും പ്രിയന്റെ സ്നേഹകൈകളിൽ നാം
ചേർന്നു വിശ്രമം നേടിടുമന്നു
തീർന്നിടുമാകുലങ്ങൾ

# 552

1 വാനവനായകനേ!
വരികാശ്രിതർ മദ്ധ്യത്തിൽ
വന്നുനിൻ പൊൻകരത്താൽ
പൊഴിക്കാശിഷമാരിയിപ്പോൾ
വന്ദനീയനാം സൽഗുരോ!
തവപാദത്തിൽ കേണിടുന്നേ

2 ഭക്തരിൻ മറവിടമേ!
പരിശുദ്ധരിൻ ആശ്രയമേ
പാദത്തിലണയും പാപികൾക്കാനന്ദ
മോചനം നൽകുവോനെ
പാർത്തലത്തിൻ ശാപം പോക്കാൻ
ശാപമായ്ത്തീർന്നോനെ!

3 ദേഹിയിന്നാനന്ദമാം
ഗിലയാദിൻ നൽകുഴമ്പേ
ദേഹത്തിൻ മാലിന്യരോഗമകറ്റിടും
സൗഖ്യദായകനെ!
മേദിനിക്കുപകാരമായ്
മരക്രൂശിൽ മരിച്ചവനെ

4 അനുഗ്രഹം പകരണമേ
രാജ്യഭരണത്തെ നയിപ്പവർമേൽ
കാരുണ്യം നീതി വിജ്ഞാന സമ്പൂർണ്ണമാം
മാനസം നൽകിടേണം
സത്യഭക്തിയിൻ പാതയിൽ
ജനപാലനം ചെയ്തിടുവാൻ

5 ജാതികൾ കലഹിപ്പതും വംശങ്ങൾ
വ്യർത്ഥമായി നിരൂപിപ്പതും
ഭൂവിൻ രാജാക്കൾ നിന്നഭിഷിക്തനെ
തിരായ് കൂടിയാലോചിപ്പതും
വിട്ടു നിൻ വഴിയിൽ വരാൻ അവർ
കണ്ണുകൾ തുറക്കണമേ -

6 തകർക്കണം കോട്ടകളെ
വേദവിപരീത ശാസ്ത്രങ്ങളെ
നാസ്തികം നവമതം കൃത്രിപ്പു
തുടങ്ങിയ സാത്താന്യ മാർഗ്ഗങ്ങളെ

വാഞ്ഛയായ് ജനം സ്വീകരിപ്പാൻ
സുവിശേഷ ദൂതുകളെ

7 ഉണർത്തണം ഊഴിയരെ
ക്രിസ്ത്യസുവിശേഷ സംഘങ്ങളെ
മാത്സര്യം വെടിഞ്ഞെന്നും യേവരും
നൽശുദ്ധ സുവിശേഷം ഘോഷിക്കുവാൻ
അജ്ഞ്യനാവൃതഭാരതം
ശോഭസ്വർഗ്ഗമായ് തീർന്നിടുവാൻ

8 അയക്കണം ആവിയിപ്പോൾ
പകർന്നൂറ്റണം മാരിയെപ്പോൽ
ആനന്ദിപ്പാൻ ജനം ആശ്വസിപ്പാൻ
പവിത്രാവിയിൻ ബോധനത്താൽ
ശക്തമായ് സുവിശേഷത്തിൽ
സഭയെണ്ണത്തിൽ പെരുകിടുവാൻ

# 553

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു
വാഴ്ത്തിടുന്നു ഞാൻ
എൻ രക്ഷകനെ നന്ദിയോടെ
വാഴ്ത്തിടുന്നു ഞാൻ

1 മാട്ടിൻ തൊഴുത്തിൽ കിടന്ന മാന്യസുതനേ!
ഹീനവേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ

2 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടോനേ!
മനുഷ്യജന്മം എടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ

3 പാതകർക്കായ് നീതിവഴി ഓതിത്തന്നോനെ!
പാരിടത്തിൽ നിന്നെ ഓർത്തു വാഴ്ത്തിടുന്നു ഞാൻ

4 ഗതസമനേ ശിഷ്യരുമായ് പ്രാർത്ഥിച്ചവനേ!
അതികഠിനം വിയർത്തവനേ! വാഴ്ത്തിടുന്നു ഞാൻ

5 കുരിശെടുത്തു മലമുകളിൽ നടന്നുപോയോനേ!
തൃപ്പാ - ദങ്ങൾ ചുംബിച്ചിപ്പോൾ വാഴ്ത്തിടുന്നു ഞാൻ

6 കുരിശിലിരുമ്പാണികളാൽ തറയ്ക്കപ്പെട്ടോനെ
ഏഴുമൊഴിചൊന്നവനെ വാഴ്ത്തിടുന്നു ഞാൻ

7 കുരിശിലേറി മരിച്ചുയിർത്തു സ്വർഗ്ഗേ പോയോനേ!
നിത്യം ജീവിക്കുന്ന നിന്നെ വാഴ്ത്തിടുന്നു ഞാൻ

8 ദൂതരുമായ് മേഘവാഹനേ വരുന്നോനേ!
വേഗം നിന്നെ കാണ്മതിന്നായ് കാത്തിടുന്നു ഞാൻ

9 എന്നു മേഘ വന്നു കാണും രക്ഷകനെ ഞാൻ
നോക്കി നോക്കി കാത്തിടുന്നേ നിൻവരവിനായ്

10 നിൻവരവിൽ മുന്നണിയായ് നിന്നിടുമേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടുമെ നിൻ വരവിൽ ഞാൻ

# 554

വാഴ്ത്തുക നീ മനമേ എൻ പരനേ
വാഴ്ത്തുക നീ മനമേ

1 വാഴ്ത്തുക തൻ ശുദ്ധനാമത്തെ പേർത്തു
പാർത്ഥിവൻ തന്നുപകാരത്തെയോർത്തു

2 നിന്നകൃത്യം പരനൊക്കെയും പോക്കി
തിണ്ണമായ് രോഗങ്ങൾ നീക്കി നന്നാക്കി

3 നന്മയാൽ വായ്ക്കവൻ തൃപ്തിയെ തന്നു
നവ്യമാക്കുന്നു നിൻ യൗവ്വനമിന്നു

4 മക്കളിൽ കാരുണ്യം താതനെന്നോണം
ഭക്തരിൽ വാത്സല്യവാനവൻ നൂനം

5 പുല്ലിനു തുല്യമീ ജീവിതം വയലിൻ
പൂവെന്നപോലിതു പോകുന്നതുലകിൽ

6 തൻ നിയമങ്ങളെ കാത്തിടുന്നോർക്കും
തന്നുടെ ദാസർക്കും താൻ ദയ കാക്കും

7 നിത്യരാജാവിവനോർക്കുകിൽ സർവ്വ
സൃഷ്ടികളും സ്തുതിക്കുന്ന യഹോവ -

# 555

*രീതി: 'മനുജനിവൻ ഭാഗ്യവാൻ'*

1 വാഴ്ത്തും ഞാൻ യഹോവയെ സർവ്വകാലവും മുദാ
സ്തോത്രമെപ്പൊഴും മമ നാവിൽ നിന്നുയർന്നിടും

2 എന്നുള്ളം പ്രശംസിച്ചിടുന്നെന്നും യഹോവയിൽ
മന്നിലെളിയോരഭിനന്ദിച്ചിടുമായത്

3 എന്നോടൊത്തു ചേർന്നു മഹത്ത്വം നൽക ദേവന്നു
ഒന്നായ് ചേർന്നും നാം തിരുനാമത്തെ ഉയർത്തുക

4 ഞാൻ പ്രാർത്ഥിച്ചതിന്നവൻ നൽകിയുത്തരമുടൻ
എൻ ഭയങ്ങൾ സർവ്വവും പോക്കി വീണ്ടെടുത്തു മാം

5 തന്നെ നോക്കിയോർക്കു പ്രകാശം വന്നവർ മുഖം
ഒന്നിലെങ്കിലുമിട വന്നതില്ല ലജ്ജിപ്പാൻ

6 സാധു ഞാൻ കരഞ്ഞതു കേട്ടു ദേവനെന്നുടെ
ബാധയൊക്കെയിൽ നിന്നുമേകി രക്ഷ പൂർണ്ണമായ്

7 ദൈവദൂതനെപ്പൊഴും ഭക്തന്മാരുടെ ചുറ്റും
കാവൽ നിന്നു ഹാ! വിടുവിച്ചിടുന്നു ശക്തിയാൽ

8 ദൈവം നല്ലവനെന്ന തേവരും രുചിക്കുവിൻ
ഏവർ തന്നെ നമ്പുമോ നൂനം ഭാഗ്യവാനവൻ

# 556

1 വാഴ്ത്തിടും ഞാനെന്റെ രക്ഷകനെയെന്നും
സ്തോത്രം ചെയ്യും തന്റെ വൻ കൃപയ്ക്കായ്

2 ശത്രുവിൻ ശല്യങ്ങളേ - ശാതെയെന്നെയി
ആഴ്ച മുഴുവനും കാത്തതിനാൽ

3 വീഴ്ചകളേശാതെ സൂക്ഷിച്ചതോർത്തിന്നു
കാഴ്ചവയ്ക്കുന്നെന്നെ നിൻ പാദത്തിൽ

4 ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം നിന്നെ
ആദിപിതാക്കന്മാർ വാഴ്ത്തിയപോൽ

5 ഇമ്പമോടിന്നിതാ നിൻ മക്കളൊന്നിച്ച്
തുമ്പമന്യേ നിന്നെ കുമ്പിടുന്നു

6 ശുദ്ധരോടൊന്നിച്ചു സ്തോത്രം ചെയ്വാനെന്നെ
പാത്രമാക്കിയോനെ വാഴ്ത്തുന്നിപ്പോൾ

7 താഴ്ചയിൽ നിന്നും പുകഴ്ച വരുത്തിയ
വാഴ്ത്തപ്പെട്ടവനെ വാഴ്ത്തുന്നിപ്പോൾ

8 നാറ്റം പിടിച്ചു ഞാൻ ചേറ്റിൽ കിടന്നപ്പോളേറ്റിയ
കർത്തനെ വാഴ്ത്തുന്നിപ്പോൾ

# 557

വാഴ്ത്തുവിൻ ക്രിസ്തു -
യേശുവിൻ പാദം വന്ദിപ്പിൻ
രക്തം ചിന്തി വീണ്ടെടുത്ത ജീവനാഥനേ
വാഴ്ത്തുവിൻ വീണു വന്ദിപ്പിൻ

1 ഇല്ലില്ലിതുപോൽ നല്ലൊരു നാഥൻ
എല്ലാർക്കുമായ് തൻ ജീവൻ വെടിഞ്ഞവൻ
എല്ലാനാവുമേറ്റു ചൊല്ലണം
എല്ലാ മർത്യരും തൻമുൻ
വണങ്ങണം മുഴങ്കാൽ മടക്കണം

2 വീടുവിട്ടോടി പാപക്കുഴിയിൽ വീണുവലഞ്ഞു
കാണാതെ പോയി നാം

വേറില്ലാരും കണ്ടെടുക്കുവാൻ
വീട്ടിലെത്തുംവരെ തോളിലേന്തുവാൻ
സ്നേഹക്കൈയിൽ താങ്ങുവാൻ

3 സ്വർഗ്ഗത്തിലുമീഭൂമിയിലും താൻ
സർവ്വാധികാരം പ്രാപിച്ച നായകൻ
ആകയാൽ തൻസേവചെയ്യുവിൻ
പാദസേവ ചെയ്യുവിൻ ലോകാവസാനം വരെ
കൂടെയുണ്ടവൻ മാറാതെന്നുമുണ്ടവൻ

4 കൈവേലയല്ലാ വീടൊന്നുവിണ്ണിൽ
കൈവശമാകും നമ്മൾക്കു ഭാവിയിൽ
കാന്തനോടൊത്താനന്ദിച്ചിടാം
അവിടാശ്വസിച്ചിടാം കാലാകാലങ്ങളായ്
വിശ്വസിച്ചവരെല്ലാമൊന്നു ചേർന്നിടും

# 558

വാഴ്ത്തി സ്തുതിക്കുമെന്നും ഞാൻ എന്റെ
താഴ്ചയിൽ ഓർത്ത ഈശനെ

1 വർണ്ണിച്ചിടാനെനിക്കെന്റെ നാവുപോരായെ
എണ്ണിത്തീർത്തിടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചിടുന്നേ
ആനന്ദഹസ്തങ്ങളെ ഉയർത്തി

2 പാപശാപരോഗമായതെന്റെ ഭീതിയാൽ
നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹഹസ്തം നീട്ടിയെന്നെ
നിൻ തിരുരാജ്യത്തിലാക്കിയല്ലോ -

3 അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ
വസിച്ചപ്പോൾ
വല്ലഭാ നിൻ സ്നേഹമെന്നിൽ ഊറ്റിയല്ലോ

ജയഗീതം പാടിടുവാൻ നിൻ ജയം
നീ എനിക്കേകിയല്ലോ -

4 പാപികളെത്തേടിവന്ന യേശുരക്ഷകൻ
പാപമില്ലാ ശുദ്ധക്കാർക്കായിതാ വരുന്നു
വരവിൻ ദിനം അതിസമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ

5 ചേറ്റിലല്ലയോ കിടന്നതോർത്തുനോക്കിയാൽ
നാറ്റമല്ലയോ വമിച്ചതെൻ ജീവിതം
മാറ്റിയല്ലോ എൻ ജീവിതത്തെ
മാറ്റമില്ലാത്ത നിന്റെ കൃപയാൽ -

# 559

1 വാഴ്ത്തിടും സതതം പ്രിയാ തവ
നിത്യം പാടും കീർത്തനം ഞാൻ
ചേർത്തതിനാലെന്നെ തിരുമാർവ്വിൽ
കാത്തതിനാലെന്നെ വഴുതാതെ
എടുത്തോ നീ എന്നെ നിനക്കായി
കൊടുത്തോ നീ നിന്നെ എനിക്കായി

2 വല്ലഭാ കൃപാസാഗരാ തവ
നിത്യം പാടും കീർത്തനം ഞാൻ
എല്ലാക്കുറവും തീർത്തല്ലോ -
തൊല്ലയോഴിച്ചെന്നെ ചേർത്തല്ലൊ
അല്ലലഖിലവും അകറ്റിയല്ലോ -
അലയും എന്നെ വീണ്ടെടുത്തല്ലോ -

3 ആശ്രിതർക്കഭയം വിഭോ - തവ
നിത്യം പാടും കീർത്തനം ഞാൻ
മന്നവാ തിരുവായ് മൊഴിപോൽ -
അടിയാരിൽ കൃപ ചെയ്തല്ലോ

മന്നാ നീ തുണ ഈ എനിക്ക് - ഇന്നും
എന്നും അവസാനം വരെ

4 ചെയ്തു നീ പരിപാലനം തവ -
നിത്യം പാടും കീർത്തനം ഞാൻ
വൈരിയിൽ ശരഗണമതിൽ നിന്നും-
തിരുചിറകിൻ നിഴൽ അതിൻ കീഴിൽ
അനുദിനവും മമ ഭയമെന്യേ
മനുവേലാ സ്തുതി ഇന്നുമെന്നും -

5 ഹല്ലേലുയ്യാ സ്തോത്രമേ - തവ
നിത്യം പാടും കീർത്തനം ഞാൻ
അഖില സൃഷ്ടികളും പാടീടവേ - ഈ
അൽപൻ സ്തുതി നിനക്കേകുന്നേൻ
രാവും പകലും ഭേദമെന്യേ ഹല്ലേലുയ്യാ
സ്തുതി പാടീടും ഞാൻ -

# 560

വാഴ്ത്തുമെന്നും പരമേശനെ അവന്റെ സ്തുതി
പാർക്കുമെന്നും എന്റെ നാവിന്മേൽ
പാർത്തലത്തിൽ വസിക്കും നാളാർത്തി
പാരമണഞ്ഞാലും
കീർത്തനം ചെയ്യുമെന്നും തൻ
ശ്രേഷ്ഠനാമത്തെ മുദാ ഞാൻ -

1 ചിന്തനകളാകെ വെടിഞ്ഞും പരവിധിപോൽ
സന്തതം ഞാൻ സ്വൈരമടഞ്ഞും
കാന്തനാമവന്റെ ചൊല്ലിൽ ശാന്തമാം മൊഴി തിരഞ്ഞും
സ്വാന്തമാവിയാൽ നിറഞ്ഞും തൻ തിരുനാമ - മറിഞ്ഞും -

2 പർവ്വതങ്ങൾ കുന്നുകളിവയെനിക്കു രക്ഷ
നൽകുകില്ലായതിലില്ല ഞാൻ

വിശ്രമിപ്പാൻ തക്കതൊന്നും വിശ്വസിപ്പാൻ തക്കവണ്ണം
നിശ്വസിക്കപ്പെട്ട സത്യം ആശ്വസിപ്പിക്കുന്നു നിത്യം -

3 തങ്കലേക്കു നോക്കിയോർകളെ വിടാതവന്റെ
തങ്കമുഖം ശോഭയേകുന്നു
ശങ്കലേശം ഭവിക്കാതാ - തങ്കമാകെയകന്നെന്നും
തൻ കുരിശിൻ ജയത്താലാ ധന്യരെന്നും വസിക്കുന്നു -

4 ബാലസിംഹങ്ങൾ കരയുന്നു
വിശക്കവേ തൻ ബാലകരോ പാട്ടുപാടുന്നു
പാലനമവർക്കു ശാലേം നാഥനെന്നറിഞ്ഞിരിക്കേ
മേലിനിയവർക്കു ലവലേശവുമാകുലമില്ല -

5 തന്നിലൻപുള്ള തൻ മക്കൾക്കു
വരുവതെല്ലാം നൻമയായവർ കരുതുന്നു
ഒന്നിലുമവർ മനം തളർന്നവശരായിടാതെ
മന്നവനെ നോക്കിയവരെന്നുമാനന്ദിച്ചിടുന്നു -

# 561

വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക
അവന്റെ നാമം ഉയർത്തിടുക

1 പച്ചപ്പുൽമേടുകളിൽ ദിനവും
പാലിപ്പതോർത്താൽ എങ്ങനെ നാം
പാലകനേശുവെ മറന്നിരിക്കും
തൻ ദയയൊന്നായ് ഘോഷിച്ചീടാം

2 ഈശാനമൂലൻ അടിച്ചുയർന്നു
പടകു തകർന്നെന്നു തോന്നിയപ്പോൾ
നൊടിയിൽ ജയം തന്ന രക്ഷകന്റെ
പാലനം ഓർത്തു നാം സ്തുതിച്ചിടുക

3 ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോൾ
ഒന്നും ഭയപ്പെടേണ്ടെന്നുരചെയ്തില്ലേ

കാക്കയാൽ ഭക്തനെ പോറ്റിയ നാഥന്റെ
സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചിടുക

4 കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ
അപ്പുറം കടന്നിടാൻ പഴുതില്ലാതെ
അകത്തും പുറത്തും പീഡനം വന്നപ്പോൾ
രക്ഷിച്ച നാഥനെ സ്തുതിച്ചീടുക

# 562

വാഴ്ത്തുന്നേ എന്നേശുരാജനെ സർവ്വകാലവും
കീർത്തിക്കുന്നു വൻകൃപകളോർത്തു നന്ദിയാൽ
വാഴ്ത്തുന്നേ എന്നേശുരാജനെ

1 എൻ പാപം പേറി വൻ ക്രൂശിലേറി
എൻ പാപം തീർത്തു നീ നിൻ ശാപമൃത്യുവാൽ
എന്നെ വീണ്ടെടുത്ത സ്നേഹദീപമേ - ദൈവ
സ്വന്തമാക്കിയ നിൻ സ്നേഹമോർത്തു ഞാൻ
പാടും ജീവനാളെല്ലാം -

2 സ്വർഗ്ഗീയനോട് എന്നെയിണയ്ക്കയും
നിൻ ജീവൻ മൂലമായ് തൻപുത്രനാക്കിയും
നീയെൻ ജ്ഞാനം നീതി, ശുദ്ധിയും -
ദിവ്യസമാധാനവും
വീണ്ടെടുപ്പുമായതോർത്തു നന്ദിയാൽ
സ്തുതി പാടും നന്ദിയാൽ -

3 മരുവാസമാകവെ ആശ്വാസമേതുമേ
കാണാതുഴന്നു ഞാൻ പാരം തളർന്നിതാ
കൂട്ടുകാരുമില്ലാശ്വാസമായ്
എനിക്കില്ലാശ്വാസമായ്
കർത്തനേശുവിൻ സഖിത്വമുള്ള
ഞാനെന്തു പാരിൽ ക്ഷീണിപ്പാൻ -

4 എന്നുള്ളമാകവെ പ്രിയനോടു ചേരുവാൻ
കൊതിച്ചീടുന്നധികമായ് പൊൻമുഖം കാണുവാൻ
എന്നെൻ കണ്ണുനീരകന്നു വാഴും ഞാൻ
വിണ്ണിലങ്ങു വാഴും ഞാൻ ആ സ്വർഗ്ഗീയദിനം
എന്നു കാണും ഞാൻ – നാഥാ –

5 പരിശോധനകളെ തരണം ചെയ്തക്കരെ
പരിശുദ്ധനന്തികെ പരിചോടു ചേരുവാൻ
ശുദ്ധമാക്ക രക്തത്താലെന്നെ ശുദ്ധ രക്തത്താലെന്നെ
സിദ്ധനാക്കിടുകാത്മാവിനാലെന്നെ – ദിവ്യാ –

6 നിൻ സന്നിധാനത്തിൽ സന്തോഷമെൻബലം
നിൻ മുഖകാന്തിയാലെന്നും നിത്യാനന്ദം
ഹാ!എൻ പ്രിയൻകൂടെ ചേർന്നുവാഴും ഞാൻ – അങ്ങു
ആ ദൈവമഹത്വ നാളടുത്തിതാ ദൈവ

# 563

വാഴ്ത്തീടുമെ വാഴ്ത്തിടുമെ ഇമ്മാനുവേലെ
എൻ ജീവകാലേ ഈ ക്ഷോണിതലെ

1 ദൂതർ സ്തുതിക്കും നാകവല്ലഭൻ
പിറന്നു ഗോശാലയിൽ
ബന്ധമഴിച്ചു അന്ധനെന്നെയും
ബന്ധുവാക്കിയതാൽ
ഇന്നുമെന്നും നന്നായ് സ്തുതിക്കും
നാഥൻ യേശുവെ ഞാൻ ഈ ധരയിൽ

2 പാപക്കടലിൽ ശാപക്കുഴിയിൽ
പിടഞ്ഞു നീന്തീടവെ
പാപമകറ്റി ശാപം നീക്കി മാർവ്വിലണച്ചവനെ!
കഷ്ടം നഷ്ടം സർവ്വം ഏറ്റു നിൻ
പിൻപേ നിൻ ദാസർ നടന്നീടാമേ –

3 ശത്രു തന്നുടെ അഗ്നിശരങ്ങൾ
തൊടുത്തുവിട്ടീടുകിൽ
നിന്നായുധങ്ങൾ കാത്തിടുമെന്നെ
പൊന്നുനായകനെ!
രക്ഷ സത്യം നീതി ചാർത്തി നീ
ശക്തനാക്കീടും സേനാനായകാ!

4 വാനമുകളിൽ ദൂതസംഘമായ്
നാഥൻ വരുമളവിൽ
ലോകം വിറയ്ക്കും ലോകർ
ഭ്രമിക്കും ഞാനനന്ദാർത്തീടുമെ
നോക്കി നോക്കി കൺകൾ മങ്ങുന്നെ
എപ്പോൾ വന്നീടും എൻ പ്രാണപ്രിയാ

# 564

***രീതി: "കർത്താവിനായ് പാരിലെന്റെ"***

വാഴ്ത്തിടുമേ വാഴ്ത്തുമെന്റെ നാഥനെ ഞാനെന്നും
കീർത്തിച്ചിടും തന്റെ ദിവ്യനാമം

1 എന്നെത്തേടി മന്നിൽ വന്ന നാഥാ! ഇന്നു
നിന്നെ വിട്ടു ഞാനെവിടെ പോകും?
നിന്നെമാത്രം നോക്കി ക്രൂശെടുത്തു ഞാനും
വന്നിടുമേ നിൻ പിന്നാലെയെന്നും - വാഴ്ത്തി

2 ക്ഷീണിക്കാത്ത സാക്ഷിയായിത്തീരാൻ - എന്നെ
വീണിടാതെ നിൻ ഭുജത്തിലേന്തി
താണിടാതെ നിത്യം മാറിടാതെ എന്നെ
താങ്ങിടേണേ രക്ഷകാ! നീ എന്നും - വാഴ്ത്തി

3 വൻവിനകൾ വന്നിടുന്ന നേരം കർത്തൻ
തൻ ചിറകിൽ വിശ്രമം നൽകിടും

തേന്മൊഴികൾ നൽകി ആശ്വസിപ്പിച്ചിടും
കന്മഷങ്ങളാകെയങ്ങു തീരും - വാഴ്ത്തി

4 മുന്നമേ നിൻ കണ്ണിലെന്നെ കണ്ടോ ഞാനും
ഒന്നുമേയറിഞ്ഞതില്ല നാഥാ!
വന്നു നിൻ സവിധേയെല്ലാം അർപ്പിട്ടും
വല്ലഭാ! നിൻ സേവയ്ക്കായ് പോകും - വാഴ്ത്തി

5 കർത്തൻതൻ ജനത്തെയങ്ങു ചേർക്കും അന്ന്
തുൻപമില്ലാ വീട്ടിൽ ഞാനും ചേരും
എൻ വിലാപം മാറും കണ്ണുനീരും തോരും
ഹല്ലേലൂയ്യാ ഗീതം ചേർന്നു പാടും - വാഴ്ത്തി

# 565

1 വിതച്ചിടുക നാം സ്വർഗ്ഗത്തിന്റെ വിത്താം
ക്രിസ്തൻ സുവിശേഷം ഹൃദയങ്ങളിൽ
ആത്മമാരി പെയ്യും ദൈവം കൃപ ചെയ്യും
തരും കൊയ്ത്തിനെയും തക്കകാലത്തിൽ

കൊയ്ത്തുകാലത്തിൽ നാം സന്തോഷിച്ചും
കറ്റകൾ ചുമന്നും കൊണ്ടുവന്നിടും

2 വിതച്ചിടുക നാം സ്നേഹത്തിൻ അദ്ധ്വാനം
ഒരു നാളും വ്യർത്ഥം അല്ല ആകയാൽ
എന്നും പ്രാർത്ഥിച്ചിടിൻ വേലയിൽ നിന്നിടിൻ
വിത്തു നനച്ചിടിൻ കണ്ണുനീരിനാൽ

3 വിതച്ചിടുക നാം, വർദ്ധനയെ ദൈവം
നല്കും സർവ്വനേരം തൻ വൻ ശക്തിയാൽ
വേനൽക്കാലം, വർഷം, കാറ്റു, ശീതം, ഉഷ്ണം
ചെയ്യും ദൈവം ഇഷ്ടം ഭൂമി നില്ക്കും നാൾ -

4 വിതച്ചിടുക നാം തടസ്സം അനേകം
സാത്താൻ കൊണ്ടെന്നാലും തൻ വൈരാഗ്യത്തിൽ

തളർന്നുപോകാതെ സ്നേഹവും വിടാതെ
നില്ക്ക ക്ഷീണിക്കാതെ ക്രിസ്തൻ ശക്തിയിൽ -

5 വിതച്ചിടുക നാം, വിതയ്ക്കുന്ന കാലം
അവസാനിച്ചിടും എത്ര വേഗത്തിൽ
ഇപ്പോൾ വിതയ്ക്കാതെ ഇരുന്നാൽ കൊയ്യാതെ
രക്ഷകൻ മുമ്പാകെ നില്ക്കും ലജ്ജയിൽ-

6 വിതച്ചിടുക നാം, ദിവ്യ സമാധാനം
മുളച്ചിടുവോളം ശൂന്യദേശത്തിൽ
മരുഭൂമി കാടും ഉത്സവം കൊണ്ടാടും
പർവ്വതങ്ങൾ പാടും ദൈവതേജസ്സിൽ -

# 566

വിശുദ്ധനാം കർത്താവേ!
വിശ്വസ്തനാം കർത്താവേ!
വീണ്ടെടുത്തല്ലോ ഏഴയാമെന്നെ
വീണുവണങ്ങി സ്തുതിച്ചിടുന്നേ

1 പാപമാം ചേറ്റിൽനിന്നുയർത്തിയെന്നെ
പാറയാം ക്രിസ്തുവിൽ നിറുത്തിയല്ലോ
പാടുവാനായ് പുതുപാട്ടു തന്നു
പാടിസ്തുതിക്കുമെന്നായുസ്സെല്ലാം - വിശു

2 ആദരിക്കേണ്ടവരവഗണിച്ചാൽ
അനുഗ്രഹിച്ചിടുന്നനുദിനവും
ആനന്ദിപ്പിക്കുന്നു ആശ്വസിപ്പിക്കുന്നു
ആയിരം മനുഷ്യരിൽ നല്ലവനായ് - വിശു

3 പർവ്വതങ്ങളും കുന്നുകളും
പാരിതിൽനിന്നും മാറിയാലും
പരിശുദ്ധനുടെ വൻ ദയയാൽ
പാരിലനുദിനം പാർത്തിടുന്നു - വിശു

4 വാനവും ഭൂമിയും സർവ്വസ്വവും
ഊനമില്ലാതെ ചമച്ചവനേ!
മാനവരക്ഷകാ! മാന്യമഹോന്നതാ!
മാനവും മഹത്ത്വവും നിനക്കാമേൻ - വിശു

# 567

വിശ്വാസ ജീവിതപ്പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസ നായകനേശുവെ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ

1 അലകൾ പടകിൽ അടിച്ചെന്നാൽ
അല്ലലൊരല്പവുമില്ലെനിക്ക്
ആഴിയുമൂഴിയും നിർമ്മിച്ച നാഥൻ
അഭയമായെന്നരികിലുണ്ട് -

2 നാനാ പരീക്ഷകൾ വേദനകൾ
നന്നായെനിക്കിന്നുണ്ടായിടിലും
നാഥനെയുള്ളത്തിൽ ധ്യാനിച്ചു എന്റെ
ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ

3 മരണനിഴലിൽ താഴ്വരയിൽ
ശരണമായെനിക്കേശുവുണ്ട്
കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
കരുതി നടത്തുമെന്നന്ത്യം വരെ

4 വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നുചേരും
കണ്ണുനീരൊക്കെയുമന്നു തീരും
എണ്ണിയാൽ തീരാത്ത വൻ കൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ

# 568

1 വിശ്വാസത്താൽ ഞാൻ ക്രൂശിൻ പാതയിൽ
യേശുവിന്റെ കൂടെ യാത്ര ചെയ്കയാം
ശാശ്വതനാട്ടിലെൻ വാഗ്ദത്ത വീട്ടിൽ ഞാൻ
ആശ്വാസഗീതം പാടി പോകയാം

സ്തോത്ര ഗീതങ്ങൾ പാടിമോദമായി
മോക്ഷയാത്ര പോകുന്നു ക്രൂശിൻ പാതയിൽ
ആകുലമേറിലും ഭീരുവായ് തീരാതെ
സ്വന്തവീട്ടിൽ പോകയാം

2 കൂരിരുൾ മൂടും ഘോരവേളയിൽ
കാത്തുകൊള്ളുമെന്നെ കർത്തൻ ഭദ്രമായ്
ക്ഷീണിതനായി ഞാൻ തീരിലും മാറാതെ
പാണിയാൽ താങ്ങും നല്ല നായകൻ

3 ഭൗതിക ചിന്താഭാരമാകവേ -
വിട്ടു നിത്യജീവപാതേ പോകും ഞാൻ
ഇൻപമാണെങ്കിലും തുൻപമാണെങ്കിലും
യേശുവിൽ ചാരി യാത്രചെയ്യും ഞാൻ

4 ഈ ലോകസൗഖ്യം വേണ്ട തെല്ലുമേ
വിട്ടുപോന്നതൊന്നും തേടുകില്ലമേൽ
ക്രിസ്തുവിൻ നിന്ദയെൻ ദിവ്യനിക്ഷേപമായ്
എണ്ണി ഞാൻ സീയോൻ യാത്ര ചെയ്തിടും -

5 സ്വർലോകനാട്ടിലെത്തി ഞാനെന്റെ
പ്രിയനൊത്തുവാഴും കാലമോർക്കുമ്പോൾ
ഇന്നെഴും ദുഃഖങ്ങളൽപനാൾ മാത്രമാ -
ണെന്നാളും പിന്നെ ഇമ്പഭാഗ്യനാൾ -

# 569

1 വിശ്വാസത്തോണിയിൽ അക്കരെക്ക് പോകും നാം
ഹല്ലേലൂയ്യാ എന്നും പാടാം

ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ (4)
ഹല്ലേലൂയ്യാ ഏറ്റുപാടാം

2 അല്ലൽ പരന്നാലും അലമാല വന്നാലും
ഉല്ലാസത്തോടെന്നും പാടാം - ഹല്ലേ

3 കാറ്റങ്ങടിക്കുമ്പോൾ ഊറ്റമായലറുമ്പോൾ
കൂട്ടിനായുണ്ടേശുനാഥൻ - ഹല്ലേ

4 തീരത്തണയുവാൻ തീരാമോദം
പൂകുവാൻ തീരെയില്ല നാളുകളിനി - ഹല്ലേ

5 അന്ത്യം വരെയെന്നും ചുക്കാൻ പിടിക്കുവാൻ
അമരത്തെന്നേശുവുണ്ട് - ഹല്ലേ

# 570

1 വിശ്വാസികളെ, വിശ്വാസികളെ
ഉയർത്തീടുവിൻ ജയത്തിൻ കൊടികൾ
എക്കാളും, എക്കാളും - ധ്വനിപ്പാൻ കാലമായ്
മൽപ്രിയൻ വരുന്നു - മൽപ്രിയൻ വരുന്നു

2 നിരന്നീടുവിൻ, നിരന്നീടുവിൻ
പോർവീരരായ് നാം സുധീരരായ് നാം
ധരിപ്പിൻ, ധരിപ്പിൻ - സർവ്വായുധവർഗ്ഗം
ആത്മാവിൽ ധരിപ്പിൻ - ആത്മാവിൽ ധരിപ്പിൻ

3 സത്യം കെട്ടുവിൻ, സത്യം കെട്ടുവിൻ
അരയ്ക്കുകെട്ടുവിൻ കവചം ധരിപ്പിൻ
രക്ഷയാം, രക്ഷയാം ശിരസ്ത്രം ധരിപ്പിൻ
ആത്മാവിൽ ധരിപ്പിൻ - ആത്മാവിൽ ധരിപ്പിൻ

4 സമാധാനമാം, സമാധാനമാം
സുവിശേഷം ധരിപ്പിൻ കാലിനു ധരിപ്പിൻ
എല്ലാറ്റിനുമീതെ തീ അമ്പെ കെടുപ്പിൻ
തീ അമ്പെ കെടുപ്പിൻ തീ അമ്പെ കെടുപ്പിൻ

5 പോരാട്ടമുള്ളത്, പോരാട്ടമുള്ളത്
ഈ ലോകരോടല്ല ജഡീകരോടല്ല
സ്വർലോക, സ്വർലോക - ദുഷ്ടാത്മസേനയിൽ -
ദുഷ്ടാത്മസേനയിൽ ദുഷ്ടാത്മസേനയിൽ

6 ക്ഷീണം തീർന്നുപോം ക്ഷീണം തീർന്നുപോം
ക്ഷീണങ്ങൾ തീർന്നുപോം മൽപ്രിയൻ വരുമ്പോൾ
ആനന്ദം, ആനന്ദം - നിത്യാനന്ദമുണ്ട്
ജയം നമുക്കുണ്ട് - ജയം നമുക്കുണ്ട്

# 571

വിശുദ്ധിയിൽ ദൈവത്തെ
ആരാധിപ്പാൻ വിളിക്കപ്പെട്ടവരെ
വിശുദ്ധനല്ലോ ദൈവം വെളിച്ചമല്ലോ
തന്റെ വിശ്വസ്തത - യ്ക്കൊരുനാളും മാറ്റമില്ല

അത്ഭുതസ്നേഹത്താൽ നമ്മെ വീണ്ടെടുത്തു
സ്വർഗ്ഗസൗഭാഗ്യവും തന്നതിനാൽ
നന്ദിയാൽ നിറയാം നിരന്തരമായ്
സ്തോത്രം ചെയ്യാം നിരവധിയായ്

സ്തുതിക്കാം സ്തുതിക്കാം
ആത്മസമ്പൂർണ്ണരായ് സ്തുതിക്കാം
കഷ്ടതയുണ്ടു ക്ലേശമതെങ്കിലും
നിത്യസന്തോഷം നമുക്കല്ലയോ
സൗഖ്യവും ശാന്തിയും അനുഗ്രഹവും
ആർദ്രവാനാം പ്രിയൻ തരുന്നതിനാൽ

# 572

1 വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനില്ക്ക പ്രിയൻ
വരുവതിൻ താമസമേറെയില്ല - തന്റെ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ - ഒരുങ്ങിടാം

2 യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം പല വ്യാധികളാൽ ജനം
നശിച്ചിടുന്നു - രാജ്യം രാജ്യങ്ങളോടെതിർത്തു -
തുടങ്ങിയല്ലോ - ഒരുങ്ങിടാം

3 കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്വരയിലല്ലയോ - ഒരു
സ്വസ്ഥതയുമില്ല മനുഷ്യർ - ക്കിഹെ - ഒരുങ്ങിടാം

4 ആകാശത്തിൻ ശക്തി ഇളകുന്നതാൽ ഭൂവിൽ
എന്തു ഭവിക്കുമെന്നോർ - ത്തുകൊണ്ട് - ജനം
പേടിച്ചു നിർജ്ജീവരായിടുന്നേ - ഒരുങ്ങിടാം

5 ബുദ്ധിമാന്മാർ പലർ വീണിടുന്നേ - ദൈവ
ശക്തി ത്യജിച്ചവരോടിടുന്നേ ലോക
മോഹങ്ങൾക്കധീനരായ് തീരുന്നതാൽ - ഒരുങ്ങിടാം

6 മേഘാരൂഢനായി വന്നിടുമെ - പതി -
നായിരം പേർകളിൽ സുന്ദരൻ താൻ
തന്റെ കോമളരൂപം കണ്ടാനന്ദിപ്പാൻ ഒരുങ്ങിടാം

7 മാലിന്യപ്പെട്ടിടാതോടിടുക
മണവാളൻ വരവേറ്റം അടുത്തുപോയി
മണിയറയിൽ പോയി നാം ആശ്വസിപ്പാൻ - ഒരുങ്ങിടാം

# 573

1 വീണ്ടെടുക്കപ്പെട്ട കൂട്ടമേ വേഗമുണർന്നു
രക്ഷകന്റെ വേല ചെയ്യുവിൻ

അന്ത്യകാലം വന്നടുത്തേ പെന്തക്കോസ്തിൻ ജ്വാലയാണേ
ചന്തമോടെ സേവ ചെയ്താൽ സ്വന്തനാട്ടിൽ പോയിടാമേ

2 അബ്രഹാം ഇസഹാക്ക് യാക്കോബ് എന്ന
വിശുദ്ധർ എത്ര നാളായ് പാർത്തലം വിട്ടു
കാത്തു കാത്തു നിന്നീടുന്ന സോദരാ നീ ഓർത്തീടുക
പൂർത്തിയായ് നിൻ വേല തീർത്തു
പാർത്തലം വെടിഞ്ഞു പോകാം

3 ഉന്നത വിളക്കു യോഗ്യരെ വിളിച്ചവന്റെ
സന്നിധിയിൽ നിന്നു മാറല്ലെ
മന്നിടത്തിൽ നിന്നെ ഓർത്തു ഉന്നതം വെടിഞ്ഞുവന്ന
നന്ദനന്റെ വന്ദ്യപാദം എന്നും ഒന്നായി വന്ദിച്ചീടാം

4 ഈ ലോകരാജ്യം അസ്തമിക്കാറായ്
ആ ലോകരാജ്യം വേഗമിതാ ആഗമിക്കാറായ്
പാപമില്ലാ പരിശുദ്ധൻ പാരിടത്തിൽ വന്നു തന്റെ
പാവനമായ് ജീവിക്കുന്ന പാവനരെ ചേർത്തിടുമേ

5 അല്പകാലം മാത്രമേയുള്ളൂ നാം
എത്രവേഗം കൃത്യമായി വേല തീർത്തിടാം
എത്രനാൾ ലഭിച്ചീടുമോ അത്രനാളും രക്ഷകന്റെ
പുത്രത്വത്തിൻ ആത്മാവാലെ
ശക്തിയായ് തൻവേല തീർക്കും

# 574

*രീതി: സങ്കടത്താൽ ഞാൻ*

1 വെളിച്ചത്തിൻ കതിരുകൾ വിളങ്ങുമീ സമയത്തു
വെളിച്ചമാം യഹോവയെ സ്തുതിക്കണമവൻ ജനം

2 ഇരുട്ടൊഴിഞ്ഞവനിയിൽ തിളക്കമിങ്ങുദിക്കുന്നു
വെളിച്ചമാം മശീഹയീ - വിധം നമ്മിലുദിക്കണം

3 തിരുമുഖമതിൻ പ്രഭ തെളിവോടു വിലസുമ്പോൾ
ഇരുളിന്റെ പ്രവൃത്തികൾ മറവിടം തിരക്കിടും

4 തിരുമൊഴി ദിവസവും പുതിയതായ് പഠിക്കുകിൽ
ശരിവരെ വഴിതെറ്റാതിരു - ന്നിടാമസംശയം

5 ദിനമതിൽ തുടസ്സത്തിൽ മനുവേലിൻ മുഖാംബുജം
ദരിശിച്ച നരനൊരു ദുരിതവും വരികില്ല

6 മനമതി തെളിവിനോ - ടിരുന്നിടും സമാധാനം
ദിവസത്തിന്നൊടുവോളം ഭരിച്ചിടും മനസ്സിനെ

7 സമസ്തമാം പരീക്ഷയും ജയിച്ചിടാം കൃപമൂലം
ഒരിക്കലുമിളകാത്ത പുരമതിൽ കടന്നിടാം

8 ഗതിയില്ലാ ജനങ്ങളിൽ കനിയുന്ന മഹേശനേ!
കരം പിടിച്ചെന്നെ തിരു - വഴികളിൽ നടത്തുക

# 575

1 വേണ്ടാ വേണ്ടാ ലോകഇമ്പം
ആയുഷ്കാലമൊക്കവെ
തന്റെ വരവൊന്നു മാത്രം എന്റെ ആശയെ

എന്നു നീ മേഘേ വന്നിടുമേ
വിശ്രമനാട്ടിലെത്തിടുവാൻ
ഉണ്ടോ ഇനി കാലദൈർഘ്യം
എത്രനാൾ ഞാൻ നോക്കണം
ചൊല്ലീടുക ആത്മാവേ
എൻ ആശ്വാസത്തിനായ്

2 നക്ഷത്രങ്ങൾ പോലീലോകെ ശോഭിച്ചോരിൽ ചിലരെ
കാണുന്നില്ലേ ഞാനീ ലോകെ ശുദ്ധർ കൂട്ടത്തിൽ

3 പ്രത്യാശയോടിവിടം വിട്ടക്കരെ നാടെത്തിയ
എത്രയോ പരിശുദ്ധന്മാർ കാത്തുനില്ക്കുന്നു

4 മായാലോകെ പോരാടുന്ന ദുഷ്ടശക്തിയാകവെ
നിത്യം ജയിച്ചവൻ പാദേ ചേർത്തിടേണമെ

5 കഷ്ടതകളേറിടുന്നേ അപ്പനെ കൈതാങ്ങുക
എപ്പോഴുമെന്നാശ നിന്നോടൊത്തു വാഴുവാൻ

6 ലക്ഷോപലക്ഷം ദൂതന്മാ - രോടൊത്തെൻ പ്രിയൻ
വാനത്തിൽ
വന്നിടും സുദിനംകാണ്മാൻ കാത്തിടുന്നു ഞാൻ

# 576

1 ശാലേം രാജൻ വരുന്നൊരുധ്വനികൾ
ദേശമെങ്ങും മുഴങ്ങിടുന്നു
സോദരാ! നീ ഒരുങ്ങിടുക ലോകം വെറുത്തിടുക
വേഗം ഗമിച്ചിടുവാൻ വാനിൽ പറന്നുപോകാൻ

2 വീശുക ഈ തോട്ടത്തിനുള്ളിൽ
ജീവയാവി പകർന്നിടുവാൻ
ജീവനുള്ള പാട്ടുപാടുവാൻ സാക്ഷിചൊല്ലുവാൻ
ദൂതറിയിപ്പാൻ സഭയുണരുവാൻ...

3 ക്രിസ്തുവീരർ ഉണർന്നു ശോഭിപ്പാൻ
ശക്തിയായൊരു വേലചെയ്വാൻ
കക്ഷിത്വം ഇടിച്ചുകളക സ്നേഹത്താലൊന്നിക്ക
വിശ്വാസം കൂടട്ടെ മേലും ധൈര്യം നൽകട്ടെ

4 അത്ഭുതങ്ങൾ അടയാളങ്ങളാൽ
സത്യസഭ വെളിപ്പെടുന്നു
ഭൂതങ്ങൾ അലറി ഓടുന്നു പുതുഭാഷ കേൾക്കുന്നു
കുഷ്ഠരോഗം മാറുന്നു ജനം ഒന്നുചേരുന്നു

5 തീവെട്ടികൾ തെളിയിച്ചുകൊൾക
എണ്ണപ്പാത്രം കവിഞ്ഞിടട്ടെ

ശോഭയുള്ള കൂട്ടരോടൊത്തു പേർ വിളിക്കുമ്പോൾ
വാനിൽ പോകുവാൻ ഒരുങ്ങിനില്ക്കും ഞാൻ

# 577

ശാലേം പുരെചെന്ന് ചേരുന്നനാൾ
ഹാ! എത്ര മോദമേ
താതൻ ഒരുക്കുന്ന വിശ്രമവീട്ടിൽ
ഞാൻ എന്നു ചേരുമോ

കണ്ണുനീരില്ലവിടെ ദുഃഖ വിലാപങ്ങളുമില്ലെന്ന്
നിത്യയുഗമുള്ള സന്തോഷനാളിനായ്
ഉള്ളമോ വാഞ്ഛിക്കുന്നേ
ഞാനും യാഹെ സ്തുതിച്ചീടുമേ

വേല തികച്ചു ശുദ്ധർ പൊൻകിരീടധാരികളായ്
സാക്ഷികളായ് എന്റെ ചുറ്റും
പൊൻചിറക് വീശി പറന്നുപാടി
ഞാനും യാഹെ സ്തുതിച്ചീടുമേ

# 578

ശാശ്വതമായ വീടെനിക്കുണ്ട്
സ്വർഗ്ഗനാടതിലുണ്ട്
കർത്താവൊരുക്കുന്നുണ്ട്

1 പാപമന്നാട്ടിലില്ല
ഒരു ശാപവുമവിടെയില്ല
നിത്യസന്തോഷം ശിരസ്സിൽ വഹിക്കും
ഭക്തജനങ്ങളുണ്ട് - ഹല്ലലുയ്യാ! -

2 ഇരവുപകലെന്നില്ല
അവിടിരുളൊരു ലേശവുമില്ല
വിതറിടും വെളിച്ചം നീതിയിൻ സൂര്യൻ
അതുമതിയാനന്ദമായ് - ഹല്ലേലുയ്യാ -

3 ഭിന്നതയവിടെയില്ല
കക്ഷിഭേദങ്ങളൊന്നുമില്ല
ഒരു പിതൃസുതരായ് ഒരുമിച്ചും വാഴു -
ന്നനുഗ്രഹഭവനമതാം - ഹല്ലേലുയ്യാ!

4 വഴക്കുകളൊന്നുമില്ല
പണിമുടക്കുകൾ വരികില്ല
മനുഷ്യരിൽ ദരിദ്രൻ ധനികരെന്നില്ല
ഏകശരീരമവർ - ഹല്ലേലുയ്യാ! -

5 കണ്ണീരവിടെയില്ല
ഇനി മരണമുണ്ടാകില്ല
അരുമയോടേശുവിന്നരികിൽ നാം നിത്യം
ഒരുമിച്ചു വാഴുകയാം - ഹല്ലേലുയ്യാ

# 579

1 ശുദ്ധിക്കായ് നീ യേശു സമീപേ പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ
തന്നിൽ വെച്ചോ ശുദ്ധിയായോ നീ?

കുളിച്ചോ കുഞ്ഞാട്ടിൻ
ആത്മശുദ്ധി നല്കും രക്തത്തിൽ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?

2 അനുദിനം രക്ഷകൻ പക്ഷത്തോ നീ
ശുദ്ധിയായ് നടന്നീടുന്നത്?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ
വിശ്രമം നാഴിക തോറുമേ?

3 കർത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ?
ഏറ്റവും വെണ്മയായ് കാണുമോ?

സ്വർപ്പുരത്തിൽ വാസം ചെയ്തിടാൻ യോഗ്യ
പാത്രമായ്തീരുമോ അന്നാളിൽ?

4 പാപക്കറ ഏറ്റ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക -
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധിയായയീടുക

# 580

1 ശുദ്ധർ സ്തുതിക്കും വീടേ
ദൈവമക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നീടുമോ
വാനവരിൽ സ്തുതിനാദം സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നീടുമോ - പരസുതന്നെ
എന്നു ഞാൻ ചേർന്നീടുമോ

2 മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗോപുരമെ
തവമഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചിടുന്നേ

3 അന്ധത ഇല്ല നാടേ ദൈവതേജസ്സാൽ മിന്നും വീടെ
തവ വിളക്കാം ദൈവത്തിൻ
കുഞ്ഞാടിനെ അളവെന്യേ പാടി സ്തുതിച്ചിടും ഞാൻ

4 കഷ്ടതയില്ലാ നാടേ ദൈവഭക്തരിൻ വിശ്രമമേ
പുകൾ പെരുകും പൂത്തനെരുശലേമേ
തിരുമാർവ്വിൽ എന്നു ഞാൻ ചാരീടുമോ

5 ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൽ
ഇരുകരയും ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ -

6 കർത്ത്യസിംഹാസനത്തിൻ ചുറ്റും വീണകൾ മീട്ടിടുന്ന
സുരവരരെ ചേർന്നങ്ങു പാടീടുവാൻ
ഉരുമോദം പാരം വളരുന്നഹോ –

# 581

1 ശോഭയുള്ളോരു നാടുണ്ടതു
കാണാമേ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി
നില്ക്കുന്നുണ്ടക്കരെ കാത്തതാൽ

വേഗം നാം... ചേർന്നിടും
ഭംഗിയേറിയ ആ തീരത്തു

2 നാം ആ ശോഭനനാട്ടിൽ പാടും
വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനമങ്ങില്ലല്ലോ
നിത്യം സൗഭാഗ്യമാത്മാക്കൾക്ക് – വേഗം

3 സ്നേഹമാം സ്വർഗ്ഗതാതനുടെ
സ്നേഹദാനത്തിനും നാൾക്കു നാൾ
വീഴ്ചയെന്യേ തരും നന്മയ്ക്കും
കാഴ്ചയായി നാം സ്തോത്രം പാടും – വേഗം

# 582

ശ്രീനരപതിയേ! സീയോൻ മണവാളനേ!
നാശപാത്രമായ ലോകമാകെയുദ്ധരിപ്പതിന്നു
കന്യകയിൽ ജാതനായ് വന്ന ശ്രീനരപതിയേ

1 ആട്ടിടയർ കൂട്ടമായി വന്നനേരം
കീറ്റുശീലയിൽ കിടന്ന യേശുദേവാ,
പട്ടിനുള്ള മൂലവസ്തു സൃഷ്ടിചെയ്ത ദൈവമേയി –
ക്കിഷ്ടമാം കിടപ്പു കണ്ടു ഞാൻ നമിക്കുന്നേൻ – ശ്രീ

2 വന്നു മാഗർ നിന്നടുക്കൽ ഭക്തിയോടെ
പൊന്നു മൂരു കുന്തുരുക്കം കാഴ്ചവെച്ചു
ഉന്നതാധികാരമുള്ള മന്നവൻ നീയെന്നതന്യർ
സന്നമിച്ചു ഘോഷിക്കുന്നിതാ നിശ്ശങ്കമായ് - ശ്രീ

3 പന്തിരണ്ടാം വയസ്സിങ്കലേശുവേ! നീ
തന്തതള്ളയോടൊരുമിച്ചീശഗേഹം
സമ്പ്രതിപതിച്ചവിടെക്കണ്ട ശാസ്ത്രിവര്യരോടു
ധർമ്മഭാഷണം നടത്തിയേ - മോദിച്ചു നീ

4 മുപ്പതാം വയസ്സിൽ സ്നാനമേൽപതിന്നു
ത്വൽപുരം വെടിഞ്ഞു യുദ്യതന്നിൽ വന്നു
സ്വല്പവും മടിച്ചിടാതെ യൂർദ്ദിനാന്നൊഴുക്കിനുള്ളി -
ലല്പരാകും മർത്യരെന്നപോൽ മജ്ജിച്ചൊരു - ശ്രീ

5 നാല്പതുനാളുപവസിച്ചിടവേ നീ
താല്പരിയത്തോടടുത്തു വൈരിയായോൻ
ദുഷ്ടമാം പ്രലോഭനത്തിനൊട്ടുമേ വഴിപ്പെടാതെ
നിഷ്ഠയാലാഘോരവൈരിയെ തോല്പിച്ചൊരു - ശ്രീ

6 കുഷ്ഠരോഗികൾക്കു നല്ല സൗഖ്യമേകി
ദൃഷ്ടിപോയവർക്കു ഭവാൻ കാഴ്ച നൽകി
നഷ്ടജീവനായ ലാസർ നാലുനാൾ കഴിഞ്ഞുയിർത്തു
പുഷ്ടരായയ്യായിരം ജനം - അഞ്ചപ്പത്താൽ

7 ദുഷ്കൃതമാം വിഷബാധ നീക്കുവാനായ്
തക്കയാഗമായ് മരിച്ചു കുരിശിൽ നീ
ഇക്കഠിന പാപിയുടെ യക്രമത്തിനുള്ള ശിക്ഷ
നിഷ്കളങ്കാ നീ വഹിച്ചതാൽ - നമിക്കുന്നേൻ - ശ്രീ

8 എത്രകാലം ഞാനിവിടം ജീവിച്ചിടും
അത്രനാളും നിൻ കൃപയെ ഞാൻ സ്തുതിക്കും
അത്രിദിവ വാസികൾക്കും ചിത്രമായ നിന്റെ നാമം
ഉത്തരോത്തരം നിനയ്ക്കുവാൻ അരുൾക നീ

9 കാശുപോലും വിലയില്ലാ വിഷയത്തി
ലാശയെനിക്കിയലാതെ യേശുവേ നിൻ
നാശമേശിടാത്ത ദേശമാശയോടു
നോക്കി വിശുദ്ധാശയത്തൊടീശനേ
നിന്നിൽ - വേശിക്കണം - ശ്രീ

# 583

ശുലമിയാൾ മമ മാതാവേ
ശാലേം നായകൻ നമ്മൾ പിതാവേ
നാമെല്ലാവരും തൻ മഹിമാവേ
തന്നെ വാഴ്ത്തുവാൻ ചായ്ക്കുക നാവേ

1 ലോകമതിൻ തുടസ്സത്തിനു മുമ്പേ
നാഥാ! ഞങ്ങളെയോർത്ത നിന്നൻപേ
അന്ത്യയുഗം വരെയുമായതിൻ പിൻപേ
ഞങ്ങളറിയുന്നതുള്ളാശയിൻ കൂമ്പേ!

2 ജീവനെഴുന്നൊരു നിൻ വചനത്താൽ
നീ ജനിപ്പിച്ചടിയാരെ സുഗുണത്താൽ
പാപഭയമകന്നു നിൻ മരണത്താൽ
ജീവനിൽ കടന്നിവർ നിൻ സുകൃതത്താൽ -

3 ഞങ്ങളീഭൂമിയിൽ വാഴുമെന്നാളും
നിന്നുടെ മഹത്ത്വത്തിനായ് ശ്രമമാളും
ഭൗതികസുഖം നേടിടുന്നതെക്കാളും
നിന്നെയോർത്താനന്ദിക്കു - മുയിർപോകുമ്പോഴും -

4 അപകട ദിവസങ്ങൾ അണവൊരു തരുണം
ആകുലമകന്നു നിന്നത്ഭുത ചരണം
സേവ ചെയ്‌വതിന്നരുൾ താവക ഭരണം
കുറവെന്നിൽ നിന്നു നീക്കാൻ മാർഗ്ഗമായ് വരണം

# 584

*രീതി: 'ആനന്ദം ആനന്ദം ആനന്ദമേ'*

1 ശ്രീയേശു നാഥന്റെ മാഹാത്മ്യമേ! ഹാ! എത്രയോ രമ്യമേ!
ആരാലും വർണ്ണ്യമല്ലാത്തവണ്ണമാണവൻ മാഹാത്മ്യം

2 മാലിന്യമേശാത്ത ജീവിതവും മാറാത്ത മാസ്നേഹവും
മാനവപാപ മോചനവും ശ്രീമാനുവേലിൽ മാത്രം

3 ആയിരമായിരമാളുകളിൽ ആരിലും സൗന്ദര്യവാൻ
പാരിലുണ്ടാകും മാലുകളാകും മാറയിൽ മാധുര്യവാൻ

4 ഏതൊരു നേതാവുമീഭൂതലേ ചാവിന്നുമുൻ വീഴുമേ
നേതാവും മൃത്യുജേതാവും ക്രിസ്തുനാഥനൊരാൾമാത്രം

5 ലോകാധിപത്യം ഭരമേല്ക്കുവാൻ ആകെ തൻകീഴാക്കുവാൻ
ഏകാധികാരിയായ് വാഴുവാനും യോഗ്യനവൻ മാത്രം

# 585

ശ്രീയേശു നാഥാ നിൻ സ്നേഹം
സ്വർഗ്ഗമോടി വെടിഞ്ഞു എന്നെ
തേടി ധരയിൽ വന്ന

1 ബേതലേംപുരി മുതൽ കാൽവറി കുരിശോളം
വേദനപ്പെട്ടു മമ വേദനയകറ്റി നീ

2 അടിയനെപ്പോലുള്ളൊരഗതികളെ പ്രതി
അടിമുടിമുഴുവനുമടികൾ നീയേൽക്കയോ! -

3 പാപക്കുഴിയിൽ നിന്നെൻ പാദങ്ങളുയർത്തി നീ
പാടുവാൻ പുതിയൊരു പാട്ടുമെൻ നാവിൽ തന്നു

4 അനുപമസ്നേഹത്തിനാഴവുമുയരവും
അകലവും നീളവുമറിയുവാൻ കഴിയുമോ! -

5 ഒടുവിലൊരിക്കൽ നിന്നരികിലണയും
ഞാനവിടെയും പാടും നിന്നതിശയ സ്നേഹത്തെ

# 586

ശ്രീ യേശു നാഥാ! - സ്വർഗ്ഗീയ രാജാ!
നിൻ കൃപ ഞങ്ങൾക്കു മതിയാം

ലോകവാരിധിയിൽ ഉയരുമ്പോൾ അലകൾ
നിൻ കൃപ ഞങ്ങൾക്ക് മതിയാം
ജീവന്റെ തോണി കുടുങ്ങുമ്പോളലയിൽ
നിൻ കൃപ ഞങ്ങൾക്കു മതിയാം

1 ചെറുവഞ്ചിക്കാരേ - വരൂ ക്രിസ്തൻ ചാരത്ത്
തകരുന്ന ജീവനിൽ തരുമവൻ വിടുതൽ
യേശുതാൻ രാജൻ അവനുള്ള ജീവനിൽ
അനന്തമാം സന്തോഷം അതു തുല്യമില്ല -

2 അലറുന്ന ആഴിയിൽ ഉലയുന്ന തോണിയിൽ
ചുക്കാൻ പിടിക്കുന്നോൻ അഖിലാണ്ഡ നാഥൻ
കടലിനെ സൃഷ്ടിച്ചോൻ തോണിയെ നയിക്കുമ്പോൾ
അലറുന്ന കടലിൽ അലയൽപമില്ല

# 587

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം

1 പാപപരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിതന്ന
പാവനമാം പുണ്യനാമം

2 എണ്ണമില്ലാ പാപം എന്നിൽ നിന്നു നീക്കാൻ
എന്നിൽ കനിഞ്ഞ നാമം അന്യനെന്ന മേലെഴുത്ത്
എന്നേക്കുമായ് മായ്ച്ചുതന്ന ഉന്നതന്റെ വന്ദ്യനാമം

3 എല്ലാ നാമത്തിലും മേലായ നാമം
ഭക്തർ ജനം വാഴ്ത്തും നാമം
എല്ലാമുഴങ്കാലും മടങ്ങിടും
തിരുമുമ്പിൽ വല്ലഭത്വം ഉള്ള നാമം -

4 ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ടരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം

5 നീതിയോടെ രാജ്യഭാരമേൽപാൻ ഭൂവിൽ
വേഗം വരുന്ന നാമം നാടുവാഴികളാം തന്റെ
സിദ്ധരുമായ് ദാവീദിൻ
സിംഹാസനത്തിൽ വാഴും നാമം

# 588

സകലവുമുണ്ടെനിക്കേശുവിങ്കൽ
അവൻ തന്നെയെനിക്കുള്ള ബലം മുഴുവൻ
ധനത്തിലുമവനൊടു തുല്യനായി -
ട്ടൊരുത്തനെയിഹത്തിൽ ഞാൻ കാണുന്നില്ല

2 എത്തിപ്പോകാതുള്ള നിക്ഷേപം ഞാൻ
കർത്തന്റെ കൈകളിൽ കാണുന്നുണ്ട്
ധനത്തിന്റെ നഷ്ടത്തിൽ ലവലേശവും
ഭയത്തിനൊരവകാശം കാണുന്നില്ല

3 ശത്രുക്കളെ ജയിക്കുന്നതിനായ്
നിത്യവും ബലമവൻ നൽകിടുന്നു
എതിരിയിൽ ശക്തിയെയമർച്ചചെയ്‌വാൻ
കരുത്തനാം ദാവീദായ് കാക്കുന്നെന്നെ

4 ശോഭിക്കും സൂര്യനാം ശിംശോൻ തന്റെ
ദേഹബലം കുറഞ്ഞിടുന്നെങ്കിൽ

ദയയുള്ള നാഥനാം യേശുവെന്നെ
ദലീലയെത്തകർക്കുവാൻ ബലപ്പെടത്തും

5 ഒറ്റദിനം കൊണ്ടു ഫെലിസ്ത്യരെല്ലാം
നശിക്കുന്ന ഭയങ്കര കാഴ്ച കാണാം
അതിനുടെ മദ്ധ്യേനാം വീണുപോകും
തിരിപ്പതിനനുദിനം പ്രാർത്ഥിക്ക നാം

# 589

***രീതി: "ശൂലമിയാൾ മമ മാതാവേ"***

സങ്കടത്തിൽ നീയെൻ സങ്കേതം
സന്തതമെൻ സ്വർഗ്ഗ സംഗീതം
സർവ്വ സഹായി നീ സൽഗുരുനാഥൻ നീ
സർവ്വാംഗസുന്ദരനെൻ പ്രിയനും നീ

1 അടിമ നുകങ്ങളെയരിഞ്ഞു തകർത്തു
അഗതികൾ തന്നുടെയരികിൽ നീ പാർത്തു
അടിയനെ നിന്തിരു കരുണയിലോർത്തു
അരുമയിൽ പിളർന്നൊരു മാറിൽ നീ ചേർത്തു - സങ്കട

2 മരുവിടമാമിവിടെന്തൊരു ക്ഷാമം
വരികിലും നിൻപദമെന്തഭിരാമം
മരണദിനംവരെ നിന്തിരുനാമം
ധരണിയിലടിയനതൊന്നു വിശ്രാമം - സങ്കട

3 ഇരുപുറം പേ നിര നിരന്നു വന്നാലും
നിരവധി ഭീതികൾ നിറഞ്ഞുവന്നാലും
നിരുപമ സ്നേഹനിധേ! കനിവോലും
തിരുവടി പണിഞ്ഞിടും ഞാനിനി മേലും - സങ്കട

4 വിവിധ സുഖങ്ങളെ വിട്ടു ഞാനോടും
വിമലമനോഹരം നിൻ പദം തേടും

വിഷമത വരികിലും പാട്ടുകൾ പാടും
വിജയത്തിൻ വിരുതുകളൊടുവിൽ ഞാൻ നേടും - സങ്കട

# 590

സങ്കേതമേ നിന്റെ അടിമ ഞാനേ
ഘോഷിക്കുന്നു മനം സന്തോഷത്താൽ
കർത്താവേ നീ ചെയ്ത നന്മകളെ
നിത്യം നിത്യം ഞാൻ ധ്യാനിക്കുമേ

1 അളവില്ലാ സ്നേഹത്താൽ ചേർപ്പവനെ
എണ്ണമില്ലാ നന്മകൾ നല്കുന്നവനെ
ശോഭിതമാണാളാ മഹിമപ്രതാപ
സ്നേഹത്താൽ നിൻപാദം ചേർന്നിടുമേ

2 കർത്താവേ നിൻ ക്രിയകൾ വലിയവയെ
ശുദ്ധനെ നിൻ പ്രവൃത്തികൾ മഹത്വമുള്ളത്
നിത്യനെ നിൻ പ്രമാണങ്ങൾ എന്നുമുള്ളത്
ഭക്തരുടെ സന്തോഷം ഭാഗ്യമിത്

3 എന്നെ എന്നും ഉപദേശിച്ചു നടത്തുന്നോനെ
ദൃഷ്ടിവച്ച് ആലോചന നല്കുന്നവനെ
പോകേണ്ട വഴി എന്നെ കാണിക്കുന്നവനെ
ആശ്രയിക്കുന്നോനെ കൃപ ചുറ്റിക്കൊള്ളുമേ

4 കരം പിടിച്ചു നടത്തും കർത്തൻ നീയല്ലൊ
യാചിച്ച എന്നെ സൗഖ്യമാക്കിയല്ലൊ
കുഴിയിൽ വീഴാതെന്നെ സൂക്ഷിച്ചവനെ
കണ്ണുനീരെ സന്തോഷമായ് മാറ്റിയല്ലോ

5 പാപങ്ങളെ ഓർക്കാതെ ചേർത്തുവല്ലോ
ശാപങ്ങളെ നീക്കി ശുദ്ധമാക്കിയല്ലോ
രക്ഷയുടെ സന്തോഷം തിരികെ തന്നല്ലോ
ഉണർവിന്നാവിയാലെന്നെ താങ്ങിയല്ലോ

# 591

സന്തോഷിപ്പിൻ വീണ്ടും സന്തോഷിപ്പിൻ
സ്വർഗ്ഗസന്തോഷത്താൽ നിറവിൻ
സർവ്വ സമ്പൂർണ്ണനാം നാഥൻ ചെയ്തതാം
നന്മകൾ ധ്യാനിച്ചു സന്തോഷിക്കാം

1 രക്ഷകനാം പ്രിയന്റെ പാലകൻ യേശുവിന്റെ
നാമമുയർത്തുക നാം നാൾതോറും ആമോദമായ് - എന്നും

2 പാപത്തിൽ നിന്നു നമ്മെ കോരിയെടുത്തു പരൻ
ശാശ്വതമാം പാറയിൽ പാദം നിറുത്തിയതാൽ - എന്നും

3 ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കുള്ളോരാകും തോറും
സന്തോഷിക്കാം പ്രിയരേ ആത്മീയഗീതങ്ങളാൽ - എന്നും

4 രോഗങ്ങൾ വന്നീടിലും ഭാരങ്ങളേറീടിലും
സൗഖ്യം പകർന്നുപരൻ സന്തോഷം തന്നതിനാൽ - എന്നും

# 592

1 സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു ബദ്ധപ്പെട്ടോടിടുന്നു

ആകെയല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം വേഗം നിന്നെ കാണും ഞാൻ

2 രാവിലെ ഞാൻ ഉണരുമ്പോൾ ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം ഇന്നലേക്കാൾ അടുപ്പം -

3 രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിലുറങ്ങുന്നു
അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു -

4 തേടുവാൻ ജഡത്തിൻ സുഖം ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം കാൺകയത്രേ വാഞ്ഛിതം -

5 ഭാരങ്ങൾ കൂടുന്നതിന്നു ഒന്നും വേണ്ട യാത്രയിൽ
അല്പം അപ്പം വിശപ്പിനും സ്വല്പം വെള്ളം ദാഹിക്കിൽ -

6 സ്ഥലം ഹാ! മഹാവിശേഷം ഫലം എത്ര മധുരം!
വേണ്ട വേണ്ടാ ഭൂപ്രദേശം അല്ല എന്റെ പാർപ്പിടം -

7 നിത്യമായോർ വാസസ്ഥലം എനിക്കുണ്ട് സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം ദൈവപറുദീസയിൽ -

8 എന്നെ എതിരേല്പാനായി ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു -

9 ശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിൽ
പങ്കുതന്ന ദൈവത്തിന്നു സ്തോത്രം സ്തോത്രം പാടും
ഞാൻ -

# 593

1 സഹോദരരേ, പുകഴ്ത്തിടാം സദാ
പരനേശുവിൻ കൃപയെ
മഹോന്നതനാമവൻ നമുക്കായ്
മരിച്ചുയിരെ ധരിക്കുകയായ്
മഹാത്ഭുതമീ മഹാദയയെ
മറക്കാനാവതോ പ്രിയരേ - മറ

2 ഭയങ്കരമായവൻ നരകാവ കാശികളായിടും നമ്മിൽ
പ്രിയം കലരാൻ മുഖാന്തരമായ തൻ ദയയെന്തു നിസ്തുല്യം
ജയം തരുവാൻ ബലം തരുവാൻ ഉപാധിയുമീ
മഹാദയയാം - ഉപാ

3 നിജാജ്ഞകളെയനാദരിച്ച ജനാവലിയാകുമീ നമ്മെ
നിരാകരിക്കാതെ വൻദയയാൽ പുലർത്തുകയായവൻ നമ്മെ
നിരാമയരായ് വിമോചിതരായ് വിശുദ്ധ വംശമായ്
നമ്മൾ - വിശു

4 സഹായകനായ് ദിനംതോറും സമീപമവൻ നമുക്കുണ്ട്
മനം കലങ്ങാതിരുന്നിടാം ധനം കുറഞ്ഞാലുമീ ഭൂവിൽ
സമാധാനം സദാ മോദം നമുക്കുണ്ടായതും
കൃപയാൽ - നമു

# 594

സർവ്വവും യേശുനാഥനായ്
സമർപ്പണം ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

എന്റെ ബുദ്ധിയും എന്റെ ശക്തിയും
നീയെനിക്കു തന്നതൊക്കെയും (2)

എന്റെ രോഗവും എന്റെ സൗഖ്യവും
നീയെനിക്കു തന്നതൊക്കെയും (2)

എന്റെ കീർത്തിയും എൻ പുകഴ്ചയും
നീയെനിക്കു തന്നതൊക്കെയും (2)

എന്റെ ശബ്ദവും എൻ ധ്വനികളും
നീയെനിക്കു തന്നതൊക്കെയും (2)

എന്റെ സമ്പത്തും എന്റെ ധനവും
നീയെനിക്കു തന്നതൊക്കെയും (2)

എന്റെ ആയുസ്സും എന്റെ ഭാവിയും
നീയെനിക്കു തന്നതൊക്കെയും (2)

# 595

സർവ്വ നന്മകൾക്കും സർവ്വദാനങ്ങൾക്കും
ഉറവിടമാം എൻ യേശുവേ
നിന്നെ ഞാൻ സ്തുതിച്ചിടുന്നു
ദിനവും പരനെ നന്ദിയായ് -

1 ആഴി ആഴത്തിൽ ഞാൻ കിടന്നു
കൂരിരുൾ എന്നെ മറ പിടിച്ചു

താതൻ തിരുക്കരം തേടിയെത്തി
എന്നെ മാർവ്വോടു ചേർത്തണച്ചു

2 പരിശുദ്ധാത്മാവാൽ നിറയ്ക്ക
അനുദിനവും എന്നെ പരനെ
നിന്റെ വേലയെ തികച്ചിടുവാൻ
നൽവരങ്ങളെ നൽകിടുക

# 596

1 സർവ്വലോക സൃഷ്ടിതാവേ സർവ്വത്തിനും നാഥാ
സർവ്വസൃഷ്ടികളും വാഴ്ത്തി വന്ദിക്കും മഹേശാ

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു
നന്ദിയോടടിയാർ
കീർത്തിക്കുന്നു ഘോഷിക്കുന്നു
ആർത്തുമോദമോടെ

2 എണ്ണമില്ലാ ദൂതർസംഘം വാഴ്ത്തീടുന്ന ദേവാ
ഖെറുബികളും സ്രാഫികളും പുകഴ്ത്തും മഹേശാ

3 വാനഭൂമി സൂര്യചന്ദ്രനക്ഷത്രാദികളെ
മാനമായ്ചമച്ച ദേവാനാഥനെ മഹേശാ

4 ജീവനുള്ള സർവ്വത്തിനും ഭക്ഷണം നൽകുന്ന
ജീവനാഥാ ദേവാ ദേവാപാഹിമാം മഹേശാ -

5 വൃക്ഷസസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന
അക്ഷയനാം ദേവാ ദേവാ പാഹിമാം മഹേശാ -

6 ഗംഭീരമായ് മുഴങ്ങീടും വമ്പിച്ച സമുദ്രം
തമ്പുരാന്റെ വാക്കിനങ്ങുകീഴ്പ്പെടും മഹേശാ -

7 ഊറ്റമായടിക്കും കൊടുങ്കാറ്റിനെയും തന്റെ
ശ്രേഷ്ഠകരം തന്നിൽ വഹിച്ചീടുന്ന മഹേശാ -

8 ദുഷ്ടരാകും ജനങ്ങൾക്കും നീതിയുള്ളവർക്കും
വന്മഴയും നൽവെയിലും നൽകുന്ന മഹേശാ -

9 സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വലോകത്തിലും
സ്തോത്രത്തിനു യോഗ്യനായ കീർത്തിതൻ മഹേശാ -

10 മൂവുലകും നിന്റെ പാദം തന്നിൽ വണങ്ങീടും
നിൻ മഹത്വം വെളിപ്പെടുമാദിനം മഹേശാ -

# 597

1 സർവ്വസൃഷ്ടികളുമൊന്നായ് പുകഴ്ത്തിടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഇക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നുനാഥനെ

യേശു മാറാത്തവൻ യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ

2 തന്റെ കരുണയെത്രയോ അതിവിശിഷ്ടം!
തൻ സ്നേഹമാശ്ചര്യമേ
എൻ ലംഘനങ്ങളും എന്നകൃത്യങ്ങളുമെല്ലാം
അകറ്റിയേ തന്റെ സ്നേഹത്താൽ -

3 രോഗശയ്യയിലെനിക്കു സഹായകനും
രാക്കാല ഗീതവുമവൻ
നല്ല വൈദ്യനും ദിവ്യഔഷധവുമെൻ
ആത്മസഖിയും അവൻ തന്നെ -

4 തേജസ്സിൽ വാസം ചെയ്യുന്ന വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യ ആത്മാവാൽ ശുദ്ധീകരിച്ചെന്നെയും
തൻ സന്നിധിയിൽ നിറുത്തീടുന്നു

5 സീയോനിൽ വാണിടുവാനായ്
വിളിച്ചു തന്റെ ശ്രേഷ്ഠോപദേശവും തന്നു
ഹാ! എന്തൊരത്ഭുതം ഈ വൻകൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തുള്ളുന്നേ -

# 598

സർവ്വശക്തനാണല്ലോ എന്റെ ദൈവം
ഇല്ലില്ല അസാദ്ധ്യമായൊന്നുമില്ല
അഖിലാണ്ഡത്തെ നിർമ്മിച്ചവൻ
എൻ പിതാവല്ലോ എന്താനന്ദം -

1 റാഫാ യഹോവ എന്നെ സൗഖ്യമാക്കും
ശമ്മാ യഹോവ എങ്ങും അവനുണ്ട്
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എന്താനന്ദം -

2 ശലേം യഹോവ എന്റെ സമാധാനം
നിസ്സി യഹോവ എന്റെ ജയക്കൊടിയാം
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എൻ ആനന്ദം -

# 599

സന്താപം തീർന്നല്ലോ സന്തോഷം വന്നല്ലോ
സന്തോഷമെന്നിൽ വന്നല്ലോ - ഹല്ലേലുയ്യാ
യേശുപാപം മോചിച്ചു എന്നെ മുറ്റും രക്ഷിച്ചു
സന്തോഷമെന്നിൽ തന്നല്ലോ

1 പാപത്തിൽ ഞാൻ പിറന്നു
ശാപത്തിൽ ഞാൻ വളർന്നു
പരമ രക്ഷകൻ തൻ തിരുനിണം ചൊരിഞ്ഞു
പാപിയാമെന്നെയും വീണ്ടെടുത്തു -

2 വഴിവിട്ടു ഞാൻ വലഞ്ഞു
ഗതിമുട്ടി ഞാനലഞ്ഞു
വഴി സത്യം ജീവനാം യേശു എന്നിടയൻ
വന്നു കണ്ടെടുത്തെന്നെ മാറിലണച്ചു

3 ശോധന നേരിടുമ്പോൾ
സ്നേഹിതർ മാറിടുമ്പോൾ
ഭയമെന്തിന്നരികിൽ ഞാനുണ്ടെന്നരുളി
തിരുക്കരത്താലവൻ താങ്ങി നടത്തും

4 ആരും തരാത്തവിധം
ആനന്ദം തൻസവിധം
അനുദിനമധികമനുഭവിക്കുന്നു ഞാൻ
അപഹരിക്കാവതല്ലീയനുഗ്രഹങ്ങൾ

5 പാപത്തിൻ ശാപത്തിനാൽ
പാടുപെടുന്നവരേ
സൗജന്യമാണീ സൗഭാഗ്യമാകയാൽ
സൗകര്യമാണിപ്പോൾ മനന്തിരിവിൻ -

# 600

സത്യസഭാപതി യേശുവേ,
നിത്യം ജയിക്ക കൃപാനിധേ
സ്തുത്യർഹമായ നിൻ
നാമത്തെ മർത്യരെല്ലാം ഭജിച്ചീടട്ടെ

1 സീമയറ്റുള്ള നിൻ പ്രേമവും
ആമയം നീക്കും പ്രസാദവും
ഭൂമയർ കണ്ടു തൃപ്പാദത്തിൽ
താമസമെന്യേ വീണിടട്ടെ - സത്യ

2 ക്ഷീണിച്ച നിന്നവകാശമീ
ക്ഷോമിയിലെങ്ങുമുണർന്നീടാൻ

ആണിപ്പഴുതുള്ള പാണിയാൽ
പ്രീണിച്ചനുഗ്രഹിക്കേണമേ - സത്യ

3 മന്ദമായ് നല്ലിളം പുല്ലിൽ
വീഴുന്ന ഹിമകണസന്നിഭം
സുന്ദരമാം മൊഴി ജീവാനന്ദം
വളർത്തട്ടെ ഞങ്ങളിൽ - സത്യ

4 ലബാനോനിന്റെ മഹത്വവും
കർമ്മേലിൻ സൽഫലപൂർത്തിയും
ശാരോൻ ഗിരിയുടെ ശോഭയും
നിൻ ജനത്തിനു നൽകേണമേ - സത്യ

5 ഭംഗമില്ലാത്ത പ്രത്യാശയിൽ
തുംഗമോദേനയിജ്ജീവിത
രംഗം സുമംഗളമാക്കുവാൻ
സംഗതിയാക്കുക നായക - സത്യ

# 601

1 സത്യവേദമൊന്നു മാത്രമെത്ര ശ്രേഷ്ഠമേ!
ക്രിസ്തനെ വെളിപ്പെടുത്തിടുന്ന സാക്ഷ്യമേ
നിത്യജീവമന്നയാമതെന്റെ ഭക്ഷ്യമേ
യുക്തിവാദമൊക്കെയുമെനിക്കലക്ഷ്യമേ

2 വാനിലും ധരിത്രിതന്നിലും പ്രധാനമേ
തേനിലും സുമാധുര്യം തരുന്ന പാനമേ,
പൊന്നിലും വിലപ്പെടുന്ന ദൈവദാനമേ
മന്നിലന്യഗ്രന്ഥമില്ലിതിൽ സമാനമേ

3 ആഴമായ് നിനപ്പവർക്കിതത്യഗാധമേ
ഏഴകൾക്കുമേകിടുന്നു ദിവ്യബോധമേ
പാതയിൽ പ്രകാശമേകിടുന്ന ദീപമേ
സാദമേറിടുന്നവർക്കു ജീവപൂപമേ

4 സങ്കടത്തിലാശ്വസിക്കത്തക്ക വാക്യമേ
സന്തതം സമാദരിക്കിലെത്ര സൗഖ്യമേ
സംശയിച്ചിടേണ്ടതെല്ലുമത്രയോഗ്യമേ
സമ്മതിച്ചനുസരിപ്പവർക്കു ഭാഗ്യമേ

5 ശത്രുവെ ജയിച്ചടക്കുവാൻ കൃപാണമേ
സത്യമാദരിക്കുവോർക്കു സത്പ്രമാണമേ
നിത്യവും നമസ്തരും പഠിച്ചിടേണമേ
സത്യപാത ക്രിസ്തുനാഥനെന്നുകാണുമേ

# 602

1 സർവ്വപാപക്കറകൾ തീർത്തു
നരരെ രക്ഷിച്ചീടുവാൻ
ഉർവ്വിനാഥൻ യേശുദേവൻ
ചൊരിഞ്ഞ തിരുരക്തമേ

2 യേശുവോടീ ലോകർ ചെയ്ത
തോർക്ക നിയെന്നുള്ളമേ
വേദനയോടേശുദേവൻ ചൊരിഞ്ഞ
തിരുരക്തമേ

3 കാട്ടുചെന്നായ് കൂട്ടാമായൊരാടിനെ
പിടിച്ചപോൽ
കൂട്ടമായ് ദുഷ്ടരടിച്ചപ്പോൾ
ചൊരിഞ്ഞ തിരുരക്തമേ

4 മുള്ളുകൊണ്ടുള്ളോർ മുടിയാൽ
മന്നവൻ തിരുത്തല
യ്ക്കുള്ളിലും പുറത്തുമായി
പാഞ്ഞ തിരുരക്തമേ

5 നീണ്ട ഇരുമ്പാണി കൊണ്ടു
ദുഷ്ടരാ കൈകാൽകളെ

തോണ്ടിയനേരം ചൊരിഞ്ഞ
രക്ഷിതാവിൻ രക്തമേ

6 വഞ്ചകസാത്താനെ ബന്ധിച്ച -
ന്ധകാരം നീക്കുവാൻ
അഞ്ചുകായങ്ങൾ വഴിയായ്
പാഞ്ഞ തിരുരക്തമേ

# 603

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു

1 അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം

2 കണ്ണുനീരിൻ താഴ്‌വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്താനെന്റെ
കണ്ണുനീരെല്ലാം തുടയ്ക്കും -

3 കൊടുങ്കാറ്റും തിരമാലയും
പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരേയുണ്ട്
നാഥനെന്നും വല്ലഭനായ്

4 വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നിടും പ്രിയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ -

# 604

സുന്ദര രക്ഷകനേ
എനിക്കാനന്ദകാരണനേ
ഇന്നലെയുമിന്നുമെന്നുമന്യനേ
വന്ദനം വന്ദനമേ

1 രാജാധി രാജാവു നീ എന്നും കർത്താധികർത്താവും നീ
ഉന്നതദേവാ നീയെന്നെയും സ്നേഹിച്ചതത്ഭുതമത്ഭുതമേ

3 ശാരോനിലെ റോസാ നീ എനിക്കാരോമൽ സ്നേഹി - തൻ നീ
എന്മേൽ വിരിച്ച നിൻ സ്നേഹക്കൊടിക്കീഴി - ലെന്നുമെൻ - വിശ്രാമമേ

4 ആദിയുമന്തവും നീ പാപ വ്യാധിക്കു വൈദ്യനും നീ
നീതിയിൻ സൂര്യനും യൂദയിൻ സിംഹവും സർവ്വവും നീ പരനേ

5 മുന്നേയിരുന്നവൻ നീ മാറാതിന്നുമിരിപ്പവൻ നീ
വന്നവൻ നീയേ വരാനുള്ളവൻ നീയേ വന്ദിത വല്ലഭനേ

# 605

1 സേനയിലധിപൻ ദേവനിലതിനായ്
ആശ്രയമെവനുണ്ടോ - ആയവൻ ഏവരിലുമതി ധന്യൻ
യാഹിൻ വാസമെന്തതികാമ്യം
വാഞ്ഛിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും

2 കുരികിൽ തനിക്കൊരു വീടും - മീവൽ
പറവതൻ കുഞ്ഞുങ്ങൾക്കായ് - നല്ലൊരു
കൂടും കണ്ടെത്തിയല്ലോ നിൻ തിരുബലിപീഠം തന്നെ ആ...ആ
ധന്യർ നിന്നാലയത്തിൽ വസിപ്പോർ
നിത്യം സ്തുതിക്കുമവർ നിന്നെ

3 ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമണ്ണെന്നും - താഴ്ച ഭവിക്കുകയില്ലെന്നും
ഇവ്വിതമുള്ളോർ മനസ്സുകളിൽ ആ...ആ
നിർണ്ണയമുണ്ടു നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ

4 കണ്ണുനീർ താഴ്‌വരയതുവഴിയായവർ
യാനം ചെയ്യുമ്പോൾ - ആയതു മാറും ജലാശയമായ്
മുന്മഴയനുഗ്രഹപൂർണ്ണമാകും
പ്രാപിക്കും ബലവർ ബലത്തിനുമേൽ
ചെന്നെത്തുമേവരും സിയോനിൽ

# 606

സീയോൻ യാത്രയതിൽ മനമേ
ഭയമൊന്നും വേണ്ടിനിയും

അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവ - മെന്നും കൂടെയുള്ളതാൽ

1 ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായ് തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് മാറിടുന്നു -

2 ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്നാ തന്നവൻ
എന്നെ ക്ഷേമമമായ് പാലിക്കുന്നു -

3 മനുഷ്യനിലാശ്രയമോ
ഇനി വേണ്ട നിശ്ചയമായ്
ദൈവത്തിലാശ്രയമോ
അതൊന്നാണെനിക്കഭയം -

# 607

സീയോൻ സഞ്ചാരി ഞാൻ
യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ

1 മോക്ഷയാത്രയാണിത് ഞാൻ നടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും

2 ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ്?

3 സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാനോടുമ -
ന്നേരവും യേശുവേ നോക്കിടും -

4 എന്നെ നേടുന്ന സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ

5 ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞു പോയിടാ
നന്മയെ തൻകരം നൽകുമെന്നീശനിൽ
എന്മനം വിശ്രമം നേടിടും -

# 608

1 സീയോൻ സഞ്ചാരികളെ ആനന്ദിപ്പിൻ
കാഹളധ്വനി വിണ്ണിൽ കേട്ടീടാറായ്
മേഘത്തിൽ നമ്മെയും ചേർത്തിടാറായ്

2 ആയിരമായിരം  വിശുദ്ധരുമായ്
കാന്തനാം കർത്താവു വന്നിടുമേ
ആർത്തിയോടവനായ് കാത്തിടാമെ

3 നാസ്തികരായ് പലരും നീങ്ങിടുമ്പോൾ
ക്രൂശിന്റെ വൈരികളായിടുമ്പോൾ
ക്രൂശതിൻ സാക്ഷ്യങ്ങളോതിടാമെ

4 വാനഗോളങ്ങളെല്ലാം കീഴ്പെടുത്താൻ
മാനവരാകവെ വെമ്പിടുമ്പോൾ
വാനാധിവാനവൻ അധിവാസമെ

5 ജാതികൾ രാജ്യങ്ങളുണർന്നീടുന്നേ
യൂദർ തൻ രാഷ്ട്രവും  പുതുക്കീടുന്നേ
ആകയാൽ സഭയെ നീ ഉണർന്നീടുക

6 തേജസ്സിൻ പുത്രരെ കണ്ടിടുവാൻ
സൃഷ്ടികളേകമായ് ഞരങ്ങിടാമെ
ആത്മാവിലൊന്നായ് നാം ഞരങ്ങീടാമെ

7 വാഗ്ദത്തം അഖിലവും നിറവേറുന്നേ
സീയോനിൻ പണി വേഗം തീർന്നിടുമേ
തേജസ്സിൽ കാന്തനും വെളിപ്പെടുമെ

# 609

സേനയിൻ യഹോവേ എത്ര മനോഹരം
നിൻ തിരുവാസസ്ഥലം
ഉള്ളം വാഞ്ഛിക്കുന്നു ഘോഷിക്കുന്നു ഹൃദയം
ജീവനാഥനേ നമോ, നമോ

നിത്യസങ്കേതം എന്നാത്മ സന്തോഷം
നിൻ നിഴലിൽ പാർക്കും
ഏഴയാമഗതിക്ക് നിത്യവിശ്രമം നിൻ
സ്നേഹക്കോട്ടയിൽ

1 കുരികിൽ വീടും മീവൽപക്ഷിതൻ കൂടും
കണ്ടെത്തിയിരിക്കുന്നു
ഏകാശ്രയമീ ഭൂവിൽ ഈ ചെറുപക്ഷിക്ക്
യാഹേ നിൻ യാഗപീഠം തന്നെ - നിത്യ

2 ഭാഗ്യവാന്മാരവർ വസിപ്പോർ ആലയത്തിൽ
നിത്യം നിന്നെ സ്തുതിക്കും
കണ്ണീർ താഴ്‌വരയോ ജലാശയമവർക്ക്
മേല്ക്കുമേൽബലം പ്രാപിക്കുന്നു - നിത്യ

3 ഏക ദിവസം നിൻ പ്രാകാരത്തിൽ വാസം
ആയിരം ദിനങ്ങളെക്കാൾ അത്യുത്തമമല്ലോ
അതിമഹത്തല്ലോ സൂര്യനും
പരിചയും നീയേ - നിത്യ

# 610

1 സീയോൻ സൈന്യമേ ഉണർന്നീടുവിൻ
പൊരുതു നീ ജയമെടുത്തു വിരുതു പ്രാപിക്ക
കേൾക്കാറായ് തൻ കാഹളധ്വനി
നാം പോകാറായ് ഈ പാർത്തലം വിട്ടു തേജസ്സേറും
പുരേ

2 സർവ്വായുധങ്ങൾ ധരിച്ചീടുക
ദുഷ്ടനോടെതിർത്തു നിന്നു വിജയം നേടുവാൻ

3 ക്രിസ്തേശുവിന്നായ് കഷ്ടം സഹിച്ചോർ
നിത്യനിത്യയുഗങ്ങൾ വാഴും സ്വർഗ്ഗ സീയോനിൽ

4 പ്രത്യാശ എന്നിൽ വർദ്ധിച്ചീടുന്നേ
അങ്ങുചെന്നു കാണുവാനെൻ പ്രിയൻ പൊൻമുഖം

5 ആനന്ദമേ, നിത്യാനന്ദമേ കാന്തനോടു
വാഴും കാലം എത്ര ആനന്ദം

# 611

സീയോൻ മണാളനെ ശാലേമിൻ പ്രിയനെ
നിന്നെക്കാണുവാൻ നിന്നെക്കാണുവാൻ
എന്നെത്തന്നെ ഒരുക്കുന്നു
നിൻ രാജ്യത്തിൽ വന്നുവാഴുവാൻ

1 പരനേ നിൻ വരവേതു നേരത്തെന്നു
അറിയുന്നില്ല ഞാൻ അറിയുന്നില്ല ഞാൻ
അനുനിമിഷവും അതികുതുകമായ്
നോക്കിപ്പാർക്കുന്നേ

2 കണ്ണുനീർ നിറഞ്ഞ ലോകത്തു നിന്നു ഞാൻ
പോയ് മറയുമേ (2)
കണ്ണിമയ്ക്കു ഞൊടിനേരത്ത് ചേരുമേ
വിൺ പുരിയതിൽ

3 സഭയാം കാന്തയെ ചേർക്കുന്നനേരത്ത്
എന്താനന്ദമേ... എന്താനന്ദമേ
പ്രിയന്റെ മാർവ്വിൽ ഞാൻ ചാരും സമയത്ത്
പരമാനന്ദമേ

4 കുഞ്ഞാട്ടിൻ രക്തത്താൽ കഴുകപ്പെട്ടവർ
എടുക്കപ്പെടുമല്ലോ (2)
ആ മഹൽ സന്തോഷശോഭന
നാളിൽ ഞാനും കാണുമല്ലോ

# 612

സീയോനേ നീ ഉണർന്നെഴുന്നേല്ക്കുക
ശാലേം രാജനിതാ വരുവാറായ്
ശീലഗുണമുള്ള സ്നേഹസ്വരൂപൻ
ആകാശമേഘത്തിൽ എഴുന്നള്ളി വരുമേ

1 പകലുള്ള കാലങ്ങളണഞ്ഞണഞ്ഞുപോയ്
കൂരിരുൾ നാളുകളടുത്തടുത്തേ
ഝടുതിയായ് ജീവിതം പുതുക്കി നിന്നിടുകിൽ
ഉടലോടെ ജീവനെ എതിരേല്പാൻ പോകാം

2 കഷ്ടതയില്ലാത്ത നാളുവന്നടുത്തേ
തുഷ്ടിയായ് ജീവിതം ചെയ്തിടാമെ
ദുഷ്ടലോകത്തെ വെറുത്തു വീട്ടിടുകിൽ
ഇഷ്ടമോടേശുവിൻ കൂടെ വസിക്കാം

3 അന്ധത ഇല്ലാത്ത നാളു വന്നടുത്തേ
സാന്ത്വനജീവിതം ചെയ്തിടാമേ
അന്ധകാരപ്രഭു വെളിപ്പെടും മുമ്പേ
സന്തോഷമാർഗ്ഗത്തിൽ ഗമിച്ചിടുമേ നാം

4 അന്ത്യസമയങ്ങൾ അടുത്തുപോയ് പ്രിയരേ!
സ്വന്തമെന്നേശുവെ സാക്ഷിക്കുവിൻ
അന്ധകാരപ്രഭു വെളിപ്പെടും മുമ്പേ
സന്തോഷരാജ്യത്തിൽ ചേർന്നിടുമേ നാം

5 തിരുസഭയെ! നിൻ ദീപങ്ങളെന്നുമേ
സൂര്യപ്രഭപോൽ വിളങ്ങിടട്ടെ
മഹിതൻ തൻ തേജസ്സിൽ എഴുന്നള്ളി വരുമ്പോൾ
ഉടലോടെ പ്രിയനെ എതിരേല്പാൻ പോകാം –

# 613

സീ

## 614

സ്വർഗ്ഗപിതാവെ അങ്ങയെ ഞാൻ
ആരാധിക്കുന്നു - സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ -
മുന്നിലണച്ചു കുമ്പിടുന്നു

1 യേശുവേ നാഥാ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ -
മുന്നിലണച്ചു കുമ്പിടുന്നു

2 പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനും എന്റെ സർവ്വസ്വവും നിൻ -
മുന്നിലണച്ചു കുമ്പിടുന്നു

## 615

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്തവീട്ടിൽ ചേർന്നിടുവാൻ
മമ കാന്തനേ ഒന്നു കാണുവാൻ
ദിനം കാത്തു പാർത്തിടുന്നു

1 ഇന്നു മന്നിതിൽ സീയോൻ യാത്രയിൽ
എന്നും ഖിന്നത മാത്രം
എന്നു വന്നു നീയെന്നെ ചേർക്കുമോ
അന്നേ തീരു വേദനകൾ -

2 മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരു നാളും നീ പിരിയാതെന്നെ
കരുതുന്നു കണ്മണിപോൽ

3 നല്ല നാഥനേ! നിനക്കായി ഞാൻ
വേല ചെയ്യുമന്ത്യം വരെ
അല്ലൽ നീർന്നു നിൻ സവിധേ വരാ -
തില്ല പാരിൽ വിശ്രമവും -

4 കർത്തൃകാഹളം വാനിൽ കേൾക്കുവാൻ
കാംക്ഷിച്ചിടുന്നേ പ്രിയനേ?
ആശയേറുന്നേ നിന്നെ കാണുവാൻ
ആമേൻ യേശുവേ വരണേ! -

# 616

സ്വർഗ്ഗീയപിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണെ
നിൻ ഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നെ നിൻ ഹിതം ചെയ്വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നിടുന്നെ ഞാനിന്നുമോദമായ്
എന്റെ ഇഷ്ടമൊന്നും വേണ്ടാ പ്രിയനെ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണെ

1 നന്മയും പൂർണ്ണപ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ

എൻ മനം പുതുക്കി മാറിടുന്നു നിത്യം
നിന്ദ്യമാണെനിക്കീ ലോകലാവണ്യം

3 ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാനറിയുന്നു

4 എൻ തലയിലെ മുടികളുമെല്ലാം
നിർണ്ണയമവനെണ്ണിയറിയുന്നു
ഒന്നതിൽ നിലത്തു വീടിടേണമെങ്കിൽ
ഉന്നതനറിഞ്ഞേ സാദ്ധ്യമായിടൂ

5 യേശുക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ളയിഷ്ടത്തിൽ ഞാൻ ശുദ്ധനായ്ത്തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണത ഏകണെ പ്രിയാ

6 ആരുമറിയാത്ത ശ്രേഷ്ഠഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചിടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേല തികയ്ക്കുന്നതെന്റെ ആഹാരം

7 എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാം
എന്റെ പ്രാണനെ ഞാൻ യാഗമാക്കുന്നു
എന്നെ തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻ ഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ

# 617

*രീതി: "എന്നുള്ളമെ സ്തുതിക്ക നീ"*

സ്വർലോക പൗരജനമേ തരുമോ
ഈ ലോകം സ്ഥിരധനമോ സുഖമോ?

നമ്മൾക്കെന്തിന്നീയുലകിൽ മഹിമ?
ക്രിസ്തുവിന്റെ നിന്ദ ചുമക്കാം

1 വിലയേറും നിണം ചൊരിഞ്ഞു -
നമ്മെ വീണ്ടെടുത്തതവനാം
തന്റെ കാൽച്ചുവടുകളിൽ
നോക്കി പിന്തുടരും നമ്മളന്യരുലകിൽ - സ്വർ

2 പരിപാവനനായ് നടന്ന -
പരനേശുവോടീയുലകം
പെരുമാറിയെതിരായിട്ടെങ്കിൽ നമുക്കെതി -
രാകുവതത്ഭുതമോ? - സ്വർ

3 അവൻ മൂലം ഭൂവിയുളവാം
അപമാനം നിത്യധനമാം അവൻ മാനിച്ചിടും
നിത്യതേജസ്സ് ധരിപ്പിക്കും
ദൈവദൂതസദസ്സിൽ - സ്വർ

4 ഇഹലോകചിന്ത വെടിഞ്ഞ്
സ്വന്തനാട്ടിലേക്ക് തിരിഞ്ഞ്
നമുക്കായി വീടൊരുക്കും
നാഥൻ വരവിനായ് കാത്തിരിക്കാം പ്രിയരേ! - സ്വർ

# 618

1 സ്വർഗ്ഗത്തിൽ നിക്ഷേപം ശേഖരിക്കും
സാധുവോടീ വിധമായിരിക്കും
സർവ്വേശൻ ചൊല്ലുവതെല്ലായ് പോഴും
എൻ കണ്ണിനാൽ നിന്നെ ഞാൻ നടത്തും

2 നാനാ പരീക്ഷകൾ വന്നിടുമ്പോൾ
പാലകന്മാർ പറന്നോടിടുമ്പോൾ
നാദമിതു ചെവി പൂകിടട്ടെ
എൻ കണ്ണിനാൽ നിന്നെ ഞാൻ നടത്തും

3 ഭൗമികമായ നിന്നാശയെല്ലാം
കാലമാം കല്ലറ പൂകിടുമ്പോൾ
പിന്നെയുമീ വാക്കു ധൈര്യമേകും
എൻ കണ്ണിനാൽ നിന്നെ ഞാൻ നടത്തും

4 കള്ളൻ തുരുമ്പും പുഴുവിവയാൽ
കൊള്ളയാകാതുള്ള നിൻമുതൽ നീ
സ്വർഗ്ഗമഹത്ത്വത്തിൽ കണ്ടിടുമ്പോ -
ളെൻ നടത്തിപ്പുകൾ ബോദ്ധ്യമാകും

# 619

സ്നേഹച്ചരടുകളാലെന്നെ യേശു
ചേർത്തുബന്ധിച്ചു
തൻ കുരിശോടെന്നെയൊന്നിച്ചു
ഞാനെല്ലാം തന്നിലർപ്പിച്ചു

1 തിന്മയേറും വഴികളിൽ ഞാൻ നടന്നകന്നല്ലോ
എൻ കാൽകൾ ഇടറിവീണല്ലോ
തേടിവന്നു ജീവൻ തന്നു കണ്ടെടുത്തല്ലോ
എന്നെത്താൻ വീണ്ടെടുത്തല്ലോ -

2 പന്നി തിന്നും തവിടുപോലും ഉലകം തന്നില്ല
തുണയ്ക്കായാരും വന്നില്ല
ദൈവമല്ലാതിത്രനല്ലോരാരുമേയില്ല
സഹായം നൽകുവോരില്ല -

3 തന്റെ ദിവ്യസന്നിധാനം തരും സമാധാനം
മറ്റെല്ലാം ഭീതിയിൻ സ്ഥാനം
അളവുമില്ല അതിരുമില്ല അന്തവുമില്ലാ
സന്തോഷം ക്രിസ്തുവിലുണ്ട്

4 ഉലകമേ നീയുയർച്ച നൽകിയുപചരിക്കേണ്ട
എന്നെ നീ ആകർഷിക്കേണ്ട

കുരിശെടുത്തെൻ ഗുരുവിൻ പിൻപേ
പോകണമല്ലാ - തെനിക്കിന്നാശ വേറില്ല

5 അവന്നടിമയനുഭവിക്കും സ്വാതന്ത്ര്യം പോലെ
വേറില്ല സ്വാതന്ത്ര്യമേതും
അന്ത്യശ്വാസം പോംവരെ ഞാൻ
വേലചെയ്യും ഞാൻ തൃപ്പാദസേവ ചെയ്യും ഞാൻ

# 620

സ്നേഹമിതാസ്ചര്യമേ
ഓ - അതിശയമേ (2)
ക്ഷോണിതലേ ഞാനെന്നും പാടുമേ
ഈ ദിവ്യ സ്നേഹത്തെ

1 ആഴമാരായ്വതിനാരറിവോ
ആയിരം നാവുണ്ടെന്നാലും
ഞാനിതു ചൊൽവതിനാമോ
ഏതുമൊരംശമുരച്ചീടുവാൻ
പാരിതിലാർക്കെളുതോ - ഓ - സ്നേഹ

2 പാപികൾക്കായ് മനുവായുരുവായ്
പാപിയിൽ വേഷമെന്നാലും
പാപവിഷം കലാരാതെ ശാപമൊഴി
പ്പതിനായ് കുരിശിൽ
യാഗമായ്ത്തീരുകയോ - ഓ - സ്നേഹ

3 താതനിന്നോമന സൂനുവല്ലോ
പാതകനാമെനിക്കായോ
താതനും കൈവെടിഞ്ഞോനായ്
പാതകൻപോൽ പരിതാപമയ്യോ
യാതനയേല്ക്കുകയോ - ഓ - സ്നേഹ

4 പൊന്നിണമെൻ വിലയായ്തരുവാൻ
നന്മയെന്തെന്നിൽ നീ കാണ്മാൻ
വിണ്ണെനിക്കായ് തുറന്നേകാൻ
ഇമ്മാനുവേലാ നിന്നമ്പു താനോ
ഇമ്മഹാപാപിയിന്മേൽ - ഓ - സ്നേഹ

5 ദൈവകുഞ്ഞാടേ നിൻ സ്നേഹരസം
എന്നകമേ വഴിഞ്ഞോടാൻ
ഉന്നതനേ സ്തുതിച്ചീടാൻ മന്നിലെന്നും
തവസേവ ചെയ്‌വാൻ
എന്നെ നിറയ്ക്കണമേ - ഓ - സ്നേഹ

# 621

1 സ്നേഹത്തിൻ ഇടയനാം യേശുവേ!
വഴിയും സത്യവും നീ മാത്രമേ
നിത്യമാം ജീവനും ദൈവപുത്രാ
നീയല്ലാതാരുമില്ല

യേശുനാഥാ! ഞങ്ങൾക്കു
നീയല്ലാതാരുമില്ല
യേശുനാഥാ! നീയല്ലാതാരുമില്ല

2 സാധുക്കൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾ പെട്ടതു ആർ നായകാ?
നീയല്ലാതാരുമില്ല -

3 നീക്കിടുവാൻ എല്ലാ പാപത്തെയും
പോക്കിടുവാൻ സർവ്വ ശാപത്തെയും
കോപാഗ്നിയും കെടുത്തിടാൻ കർത്താ!
നീയല്ലാതാരുമില്ല -

4 അറിവാൻ സ്വർഗ്ഗപിതാവിനെ
പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ല നാഥാ
നീയല്ലാതാരുമില്ല -

5 സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ മഹാ ക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ
നീയല്ലാതാരുമില്ല -

6 സത്യവിശ്വാസത്തെ കാത്തിടുവാൻ
നിത്യം നിൻ കീർത്തിയെ പാടിടുവാൻ
ഭൃത്യന്മാരിൽ കൃപ തന്നിടുവാൻ
നീയല്ലാതാരുമില്ല -

7 ദൈവമഹത്ത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾ പാടിടും നാഥാ
നീയല്ലാതാരുമില്ല -

# 622

സ്തുതിച്ചിടാം സ്തോത്രഗീതം പാടിടാം
രക്ഷയാം ദൈവത്തിലുല്ലസിക്കാം
കൃപകളോർത്തിടാം നന്ദിയായ് വാഴ്ത്തിടാം
തൻ നാമത്തെയെങ്ങും ഘോഷിച്ചിടാം (2) - സ്തുതി

1 ശോധനയാലുള്ളം തകരുമ്പോൾ
എന്നാത്മാവെന്നിൽ വിഷാദിക്കുമ്പോൾ (2)
ഭീതി വേണ്ടെന്നുള്ള മന്ദസ്വരമെന്റെ
കാതിലവൻ എന്നും കേൾപ്പിക്കുന്നു (2) - സ്തുതി

2 സഹായ ഹസ്തങ്ങളകന്നീടുമ്പോൾ
എൻ സഹായത്തിനായ് മേഘാരൂഢനായ് (2)

വന്നീടുമേയവൻ ഉന്നതികളിലെന്നെ
നടത്തുവാനെന്നും മാനിക്കുമ്പോൾ (2) - സ്തുതി

3 എണ്ണിയാൽ തീരാത്ത നന്മകളാൽ
ഇന്നയോളം എന്നെ നടത്തിയവൻ (2)
കൈവിടുകയില്ല ഉപേക്ഷിക്കയില്ല
അന്ത്യത്തോളം എന്നെ പുലർത്തീടും (2) - സ്തുതി

4 പൊൻ മുഖം നേരിൽ കണ്ടീടും നാം
ജീവകിരീടം പ്രാപിച്ചീടും (2)
ഹല്ലേലൂയ്യാ പാടി പ്രിയരോടു കൂടെ
നിത്യയുഗങ്ങൾ നാം ആനന്ദിക്കും (2) - സ്തുതി

# 623

1 സ്തുതികളിന്മേൽ വസിക്കുന്നവനേ
സർവ്വമഹത്വത്തിൻ യഹോവയെ
പാടുമേ നിൻദയയേ ദിനവും
പാരിടത്തിൽ എൻ യാത്രയതിൽ -

പരദേശിയായ് ഞാൻ പാർക്കുന്ന വീട്ടിൽ
നിന്റെ മൊഴികൾ എനിക്കെന്നും കീർത്തനം
എന്റെ ആശ്രയം നിന്നിലെന്നുമുള്ളതാൽ
ക്ലേശങ്ങൾ മറന്നു ഞാൻ ഓടിടുന്നു

2 കണ്ണുനീർ കാണുമ്പോൾ മനസ്സലിയുന്ന
കരുണയിൻ കണ്ണുള്ള കാരുണ്യവാരിധേ
എന്റെ ദൈവവും ശാശ്വതപാറയുമേ
നിന്നിൽ ഞാൻ മറയുന്നു ശാശ്വത രക്ഷക്കായ് -

3 പ്രലോഭനങ്ങളും പ്രതികൂലകാറ്റുകളും
വിശ്വാസജീവിതത്തിൽ ആഞ്ഞടിച്ചിടുമ്പോൾ
വിശ്വാസ നായകാ നിന്നിൻ മാത്രം നോക്കി ഞാൻ
വിശ്രമമില്ലാതെ വിരുതിനായ് ഓടുന്നേ

# 624

***രീതി: "ഇതുവരെയെന്നെ കരു"***

സ്തുതി ധനം മഹിമ സകലവും നിനക്കേ
സ്തുതികളിൽ വസിക്കും പരിശുദ്ധപരനേ

1 സുരപുരിയിൽ നിൻ ജനകൻ തന്നരികിൽ
പരിചൊടുല്ലസിച്ചു വസിച്ചിരുന്നവൻ നീ
നരകുല വിനകൾ പരിഹരിച്ചിടുവാൻ
ധരണിയിൽ നരനായ് അവതരിച്ചവൻ നീ – സ്തുതി

2 ഉലകിതിലിതുപോൽ മലിനത ലേശം
കലരാതൊരുവനെ കാണ്മതില്ലനിശം
അതിഗുണമിയലും രമണീയനാം നിൻ
പദതളിരിണകൾ വണങ്ങി ഞാൻ സ്തുതിക്കും –സ്തുതി

3 അടിമുടി മുറിവുകളേറ്റു
കഠിനമാം വ്യഥയാൽ തകർന്നു നിൻ ഹൃദയം
നിണമെല്ലാം ചൊരിഞ്ഞെൻ കലുഷതകയറ്റി
നിതമിതു മനസ്സിൽ നിനച്ചു ഞാൻ സ്തുതിക്കും – സ്തുതി

4 ഗിരിമുകളിൽ വൻ കുരിശിൽ വച്ചുറക്കെ
കരഞ്ഞു നിന്നുയിർ നീ വെടിഞ്ഞുവെന്നാലും
മരണത്തെ ജയിച്ചു, ഉയിർത്തെഴുന്നേറ്റു
പരമതിൽ വാഴും പരമരക്ഷകൻ നീ – സ്തുതി

5 പരമതിലുമീധരയിതിലും നിൻ
പരിശുദ്ധനാമം പരമപ്രധാനം
അഖിലരും വണങ്ങും തവ തിരുമുമ്പിൽ
അടിപണിയുന്നു വിനയമോടടിയൻ – സ്തുതി

# 625

സ്തുതിഗീതം പാടി പുകഴ്ത്തിടുന്നേൻ മനുവേലനെ
ദൂതർ സ്തുതിച്ചു വാഴ്ത്തും സുന്ദരനാം മണവാളനെ

1 അവനെന്റെ രക്ഷകൻ അവനെനിക്കുള്ളോൻ
ബലമുള്ള ഗോപുരം ആപത്തിൽ സങ്കേതം
അവന്റെ ചാരെ ഓടിയണഞ്ഞവർ -
ക്കാശ്വാസമനുദിനവും -

2 അകൃത്യങ്ങളകറ്റിയെന്നശുദ്ധിയെ നീക്കി
അനന്തസന്തോഷമെന്നകമേ തന്നരുളി
ഹാ ദിവ്യതേജസ്സിനഭിഷേകത്താലെന്നെ
ജയത്തോടെ നടത്തിടുന്നു

3 അനുദിനം ഭാരങ്ങളവൻ ചുമന്നിടുന്നു
അനവധി നന്മകൾ അളവെന്യെ തരുന്നു
അവനെൻ ഉപനിധി അവസാനത്തോളവും
കാക്കുവാൻ ശക്തനല്ലോ -

4 എതിരുകൾ വളരെ സഖികളില്ലധികം
വഴിയതിദൂരം ബഹുവിധ തടസ്സം
പരിഭ്രമിക്കുന്നില്ല മന്നവനേശു എന്നഭയം

5 മരണത്തെ ജയിച്ചവനുയരത്തിലുണ്ട്
അവിടെനിക്കൊരുക്കുന്ന ഭവനമൊന്നുണ്ട്
ആ വീട്ടിലെന്നെ ചേർത്തീടുവാൻ
മണവാളൻ വന്നിടുമേ വേഗം

# 626

സ്തുതി ഗീതം പാടുക നാം
ഉയർത്തുക ജയനാമം

1 സ്തുതിക്കു യോഗ്യനവൻ
സർവ്വശക്തൻ യഹോവയവൻ
നമ്മെ സ്നേഹിച്ചു നമ്മെ വീണ്ടെടുത്തു
സ്വന്തജനമായ് തീർത്തതിനാൽ -

2 രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവയവൻ

സൗഖ്യം നൽകി താൻ ശക്തിയേകിടും
എന്നും ആശ്വാസം പകരുമവൻ

3 സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവയവൻ
അവൻ മുൻപിലും അവൻ പൻപിലും
നമ്മെ ജയത്തോടെ നടത്തിടുമേ -

4 രാജാധിരാജവനൻ
സർവ്വശക്തൻ യഹോവയവൻ
സ്തുതിസ്തോത്രവും എല്ലാ പുകഴ്ചയും
അവനെന്നെന്നും ആമേൻ

# 627

1 സ്തുതിച്ചിടുവിൻ കീർത്തനങ്ങൾ ദേവനു പാടിടുവിൻ
സ്തുതിയുചിതം മനോഹരവും നല്ലതുമെന്നറിവിൻ

ദേവാധിദേവനീ പാരിൽ വന്നു
പാപിയെത്തേടി വന്നു
വല്ലഭനായ് മരിച്ചുയിർത്തു
ജീവിക്കുന്നു നമുക്കായ്

2 തിരുക്കരങ്ങൾ നിരത്തിവച്ചു താരകങ്ങൾ ഗഗനേ
ഒരുക്കിയവൻ നമുക്കു രക്ഷാമാർഗ്ഗമതിന്നു മുന്നേ

3 കണ്ടില്ല കണ്ണുകളീ കരുണയിൻ കരചലനം
കേട്ടില്ല മാനവരിൽ കാതുകൾ തൻ വചനം

4 തലമുറയായവൻ നമുക്കു നല്ലൊരു സങ്കേതമാം
പലമുറ നാം പാടിടുക പരമനു സങ്കീർത്തനം

5 ധ്യാനിക്കുവിൻ തൻ കൃപകൾ പുകഴ്ത്തുവിൻ തൻ ക്രിയകൾ
മാനിതനാം തൻനാമ മഹിമകൾ വർണ്ണിക്കുവിൻ

6 മനം തകർന്നോർക്കരുളുമവൻ കൃപയുടെ പരിചരണം
ധനം സുഖം സന്തോഷമെല്ലാം നമുക്കു തൻ തിരു -
ചരണം

# 628

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതന്നെ നാഥൻ
നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീ എന്നും മനമേ

1 അമ്മയെപ്പോലെ താതൻ താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ തന്റെ
മാർവ്വിൽ ദിനം ദിനമായി

2 കഷ്ടങ്ങളേറിടിലും എനിക്കേറ്റമടുത്ത തുണയായി
ഘോരവൈരിയിൻ നടുവിലവൻ മേശ
നമുക്കൊരുക്കുമല്ലോ -

3 ഭാരത്താൽ വലഞ്ഞിടിലും തീരാരോഗത്താൽ അലഞ്ഞടിലും
പിളർന്നീടുമൊരടിപ്പിണരാൽ
തന്നിടുന്നീ രോഗസൗഖ്യം -

4 സിംഹങ്ങളലറിടിലും ബാലസിംഹങ്ങൾ
പെരുമ്പാമ്പുകൾ ചവിട്ടി തല മെതിച്ചിടുമേ
അവയിലും ജയം തരുമേ -

# 629

സ്തുതിചെയ് മനമേ നിത്യവും നിൻ
ജീവനാഥനേശുവെ
ഇതുപോൽ സ്വജീവൻ തന്നൊരാത്മ
സ്നേഹിതൻ വേറാരിനി?

1 മരണാധികാരിയായിരുന്ന
ഘോരനാം പിശാചിനെ

മരണത്തിനാലെ നീക്കി മൃത്യു
ഭീതി തീർത്ത നാഥനെ -

2 ബഹുമാന്യ നാമാചാര്യനായി
വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ
ചേർത്തുകൊള്ളുമാകയാൽ -

3 ദിനവും മനമേ തത്സമയം
വൻ കൃപകൾ പ്രാപിപ്പാൻ
അതിധൈര്യമായ് കൃപാസനത്തി
ന്നന്തികത്തിൽ ചെന്നു നീ -

4 ബഹുദൂതരുച്ചനാദമോടെ
വാഴ്ത്തിടുന്ന നാഥനെ
ബലവും ധനവും ജ്ഞാനമെല്ലാം
സ്വീകരിപ്പാൻ യോഗ്യനെ -

# 630

1 സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും സ്തുതിച്ചിടുവിൻ
യേശു രാജാധിരാജാവിനെ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

ആ - ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

2 അവൻ വരുന്ന നാളിൽ എന്റെ കരം പിടിച്ച്
തന്റെ മാറോണടച്ചീടുമേ
ആ സമൂഹമതിൽ അന്ന് കർത്തനുമായ്
ആർത്തുഘോഷിക്കും സന്തോഷത്താൽ

3 എൻ പാപങ്ങളെ മുറ്റും കഴുകീടുവാൻ
തൻ ജീവനെ നൽകിയവൻ
വീണ്ടും വന്നീടുമേ മേഘവാഹനത്തിൽ
കോടാകോടി തൻ ദൂതരുമായി

4 കൺകൾ കൊതിച്ചിടുന്നേ ഉള്ളം തുടിച്ചിടുന്നേ
നാഥാ നിന്നുടെ വരവിനായി
പാരിൽ കഷ്ടതകൾ ഏറും ദിനം തോറുമേ
കാന്താ വേഗം നീ വന്നീടണേ

# 631

സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ-
ഹല്ലേലൂയ്യാ പാടി
സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ!
സ്തുതിപ്പിൻ ലോകത്തിൻ പാപത്തെ നീക്കുവാ -
നധിപനായ് വന്ന ദൈവകുഞ്ഞാടിനെ -

1 കരുണ നിറഞ്ഞ കണ്ണുള്ളോനവൻ -
തൻജനത്തിൻ കരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ -
ലോകപാപച്ചുമടിനെ ശിരസ്സുകൊണ്ടു
ചുമന്നൊഴിപ്പതിന്നു
കുരിശെടുത്തു ഗോൽഗോത്താവിൽ പോയോനെ -

2 വഴിയും സത്യവും ജീവനുമവനേ -
അവന്നരികിൽ വരുവിൻ
വഴിയുമാശ്വാസമേകുമേയവൻ -
പാപച്ചുമടൊഴിച്ചവൻ
മഴയും മഞ്ഞും പെയ്യുമ്പോ -
ലുള്ളിൽ കൃപ പൊഴിയുമേ
മേഘത്തൂണിൽ നിന്നു പാടി

3 മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ -
ഭൂമിരാജാക്കന്മാരെ

ഭരിച്ചുവാഴുമേകനായകൻ -
നമ്മെ സ്നേഹിച്ചവൻ തിരു -
ച്ചോരയിൽ കഴുകി നമ്മെയെല്ലാം ശുദ്ധീ
കരിച്ചു വിശ്വസ്തസാക്ഷിയെ നിനച്ചു

4 ഏഴു പൊൻ നിലവിളക്കുകളുള്ളിൽ
നിലയങ്കി ധരിച്ചും
ഏഴു നക്ഷത്രം വലങ്കയ്യിലും മാർവ്വിൽ
പൊൻകച്ച പൂണ്ടും
വായിലിരുമുനവാളുമഗ്നിജ്വാല
പോലെ കണ്ണുമുള്ള മാനവമകനേ -

5 കാലുകളുലയിൽ കാച്ചിപ്പഴുപ്പിച്ച
നല്ല പിച്ചളക്കൊത്തതും
ചേലൊടു മുഖഭാവമാദിത്യൻ
ശക്തിയോടു പ്രകാശിക്കും പോലെയും
തലമുടി ധവളപഞ്ഞിപോലെയുമിരി -
ക്കുന്ന ദൈവകുഞ്ഞാടിനെ

6 വളരെ വെള്ളത്തിനിരച്ചിൽക്കൊത്തതും
ശവക്കല്ലറയിൽ നിന്നു
വെളിയേ മരിച്ചോരുയർത്തുവരുവാനായ്
തക്കവല്ലഭമുള്ളതും
എളിയജനം ചെവിക്കൊൾവതുമായ
വലിയ ഗംഭീര ശബ്ദമുള്ളോനെ -

7 വലിയ ദൈവദൂതന്റെ ശബ്ദവും
ദേവകാഹളവും തന്റെ
വിളിയോടിടകലർന്നു മുഴങ്ങവേ
വാനലോകത്തിൽ നിന്നേശു
ജ്വലിക്കുമഗ്നിമേഘത്തിൽ വെളിപ്പെടും
കലങ്ങും ദുഷ്ടർ തന്മക്കളാനന്ദിക്കും -

8 മന്നവമന്നനാകുന്ന മശിഹായെ,
മഹാസേനയിൽ കർത്തനെ,
മണ്ണും വിണ്ണും പടച്ചവനെ മനുവേലെ,
മനു നന്ദനനെ, പര
നന്ദനനെ മേരിനന്ദനനെ, രാജ
നന്ദനനെ നിങ്ങൾ നന്ദിയോടു പാടി -

9 ഹല്ലേലുയ്യാപാടി സ്തുതിപ്പിനേശുവെ -
യേശുനാമത്തിനു ജയം
അല്ലലെല്ലാമവനകലെ കളയുമെ -
യേശുരാജാവിന്നോശന്ന
നല്ലവനാം യേശുരാജൻ  വരും സർവ്വ -
വല്ലഭാ യേശുവേ വേഗം വരേണമേ -

# 632

1 സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ!
സ്തുതികളിന്മേൽ വസിക്കും പ്രിയനെ
അനുദിനമവൻ ചെയ്ത നന്മകൾ
അനല്പമേ! മനം മറക്കുമോ?

2 ഉണർന്നുഘോഷിപ്പിൻ സ്വന്തജനമേ
ഹൃദയം നന്ദിയാൽ നിറഞ്ഞു കവിയട്ടെ
പാപകൂപത്തിൽ കിടന്ന നാമിന്നു
പരന്റെ  വാഗ്ദത്തസുതരല്ലോ

3 വിളിച്ചവനുടെ ഗുണങ്ങൾ ഘോഷിപ്പാൻ
തിരഞ്ഞെടുത്തതാം വിശുദ്ധവംശമേ
ജയപ്രഭുവിന്റെ കൃപലഭിച്ചതാൽ
ജയത്തിൻ ഘോഷങ്ങൾ മുഴക്കിടാം

4 പരന്റെ സ്നേഹത്താൽ പരം പ്രകാശിക്കും
പരിശുദ്ധനുടെ പരമസംഘമേ
കരങ്ങളിൽ നമ്മെ വഹിക്കുന്നോൻ ദിനം -
തോറും ഭാരങ്ങൾ ചുമക്കുന്നു

5 കൃപയിന്നാത്മാവിൽ നിറയാം നമ്മുടെ
ദുരിതങ്ങൾ ഹിമം പോലെ അലിയട്ടെ
പരമവിളിയുടെ വിരുതിനായ് നമ്മെ
വിളിച്ചവനെന്നും നടത്തിടും

6 വൃതഗണങ്ങളെ ചേർക്കുവാനായ് നീ
വരുന്ന കാലമിങ്ങടുത്തു പോയതാൽ
അതിനായ് ഞങ്ങളെ ഒരുക്ക വേഗമായ്
ആമേൻ കർത്താവേ നീ വരണമേ

# 633

സ്തോത്ര ഗീതം പാടുക നീ മനമേ
കർത്തൻ ജയം നൽകീടും നിശ്ചയമേ

1 താഴ്ചയിലെന്നെ ഓർത്തവനെ
വീഴ്ചയെന്യേ കാത്തവനെ
കാഴ്ചയാലല്ല വിശ്വാസത്താലെ
വാഴ്ചയേകി നിത്യം ചേർത്തവനെ -

2 ശത്രുവിൻ തല തകർത്തവനെ
മാത്രയിൽ ജയം തന്നവനെ
ശത്രു മുമ്പാകെ മേശയൊരുക്കും
മിത്രനാമേശുവേ സ്തുതി മനമേ -

3 കഷ്ടവും മഹാ ശാസനയും
നിന്ദയുമുള്ള ദിനവുമിതേ
ഉള്ളം കലക്കും കള്ളസഹോദരർ
ഭള്ളുര ചെയ്യുകിലെന്തു ഭയം -

4 ഒന്നിലും പതറീടരുതേ
കണ്ണീരിൻ വഴി പോയീടിലും
മന്നരിൽ മന്നവൻ നിന്നോടുകൂടെ
എന്നുമവൻ നിന്നെ വഴി നടത്തും -

5 പാറയിൽ നിന്നു തേൻ പൊഴിയും
ജീവനീരിൽ നിന്നു നീ കുടിക്കും
മരുഭൂപ്രയാണം കഴിയും വരെയും
മറയ്ക്കുമവൻ നിന്നെ ചിറകടിയിൽ

6 ആശിച്ച ദേശം കാണുകയായ്
ക്ലേശമഖിലവും നീങ്ങുകയായ്
യേശുമണാളൻ ചേർത്തീടും വേഗം
ശോഭിത മണവാട്ടിയായ നിന്നെ -

# 634

സ്തോത്രം ശ്രീ മനുവേലനേ
മമ ജീവനേ - മഹേശനേ!

1 പാർത്തലത്തിൻ പരിശ്രയമായ്
പാരിൽ വന്ന നാഥനേ മമ ജീവനേ മഹേശനേ! -

2 ആദിപിതാ - വോതിയതാം
ആദിവേദനാദമേ! മമ ജീവനേ - മഹേശനേ! -

3 മാനവസ - മ്മാനിതനേ -
മാനനീയരൂപനേ മമ ജീവനേ മഹേശനേ! -

4 സാദരമാ - ദൂതഗണം
ഗീതം പാടിവാഴ്ത്തിടും മമ ജീവനേ മഹേശനേ! -

5 ജീവകൃപാ - ജലം ചൊരിയും
ജീവവർഷമേഘമേ മമ ജീവനേ മഹേശനേ! -

6 സ്വന്ത രക്തം ചിന്തിയെന്നെ
ഹന്ത! വീണ്ടെടുത്തതാൽ മമ ജീവനേ മഹേശനേ! -

7 മർത്യജനാം ഭൃത്ത്യനു നിൻ
നിത്യജീവനേകിയ മമ ജീവനേ മഹേശനേ! -

8 രാജസുതാ! പൂജിതനേ
രാജരാജനേശുവേ മമ ജീവനേ മഹേശനേ! -

9 താവകമാം - നാമമഹോ
ഭാവനീയമാം സദാ മമ ജീവനേ മഹേശനേ! -

# 635

സ്തോത്രമേശുവേ സ്തോത്രമേശുവേ -
നിന്നെ മാത്രം നന്ദിയോടെയെന്നും
വാഴ്ത്തിപ്പാടും ഞാൻ

1 ദാസനാമെന്റെ നാശമകറ്റാൻ - നര -
വേഷമായവതരിച്ച ദൈവജാതനേ -

2 പാപത്തിന്നുടെ ശാപശിക്ഷയാം - ദൈവ -
കോപത്തീയിൽ വെന്തെരിഞ്ഞ ജീവനാഥനേ -

3 ശത്രുവാമെന്നെ നിൻ പുത്രനാക്കുവാൻ -
എന്നിൽ ചേർത്ത നിൻ കൃപയ്ക്കനന്ത സ്തോത്രമേശുവേ -

4 ആർത്തികൾ തീർത്ത കരുണാസമുദ്രമേ!
നിന്നെ സ്തോത്രം ചെയ്വാനെന്നെയെന്നും
പാത്രമാക്കുക -

5 ജീവനാഥനേ! ദേവനന്ദനാ! നിന്റെ
ജീവനെന്നിൽ തന്നതിന്നായ് സ്തോത്രമേശുവേ -

6 നാശലോകത്തിൽ ദാസനാമെന്നെ -
സത്പ്രകാശമായ് നടത്തിടേണമേശുനാഥനേ -

# 636

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തിടുമേ
ദേവാധിദേവനെ രാജാധിരാജാവെ
വാഴ്ത്തി വണങ്ങിടുമേ

1 അത്ഭുത നിത്യസ്നേഹം എന്നിൽ
സന്തതം തന്നിടും ദൈവസ്നേഹം
എന്നും മാറാത്ത ദിവ്യസ്നേഹം
എന്നിൽ വസിക്കും സ്നേഹം

2 മായാലോകത്തിൻ മോഹം തേടി
ശാപമേറ്റ എന്നെ വീണ്ട സ്നേഹം
എന്നെനേടിയ ദിവ്യസ്നേഹം
എന്നിൽ പെരുകും സ്നേഹം

3 ജീവനേകിയസ്നേഹം സർവ്വലോകത്തിൻ
ശാപത്തെ നീക്കും  സ്നേഹം
ഉന്നതമാം ക്രൂശിൻ സ്നേഹം
ഉള്ളംകവരും സ്നേഹം

4 വാക്കുമാറാത്ത സ്നേഹം തിരുവാഗ്ദത്തം
തന്നെന്നെ നിർത്തും സ്നേഹം
സർവ്വ വല്ലഭനാമേശുവേ
സ്തോത്രം സ്തുതി നിനക്കേ

# 637

1 സൗന്ദര്യത്തിൽ പൂർണ്ണതയാകുന്ന സീയോനിൽ
നിന്നും പ്രകാശിക്കുന്നോനെ പ്രഭാതത്തിൽ സ്തുതിക്കുന്നേ

2 തേൻമൊഴി തൂകുന്ന നിന്റെ പൊന്മുഖം കാണ്മാൻ
അതിരാവിലെ ഉണർന്നെഴുന്നു തിരുനാമത്തെ സ്തുതിക്കുന്നേ

3 അന്ധകാരം കൊണ്ടു മൂടപ്പെട്ട ലോകത്തിൽ – എന്നെ
വീണ്ടെടുത്ത രക്ഷിതാവേ ദിനം മുഴുവൻ സൂക്ഷിക്ക

4 രാമുഴുവൻ മാർവ്വിലെന്നെ കാത്ത കൃപയ്ക്കായ്
ആനന്ദഗീതങ്ങളാലെ തൃപ്പാദങ്ങൾ നമിക്കുന്നേ

5 ഈ പകലെൻ ജീവിതത്തിൽ തെറ്റുപറ്റാതെ
രക്തത്താലെ സൂക്ഷിച്ചെന്നെ തൃക്കരത്താൽ താങ്ങണം

6 ജയകരമാം ജീവിതം ഞാൻ ചെയ്തിടുവാനായ്
അധികാരമുള്ളേശുവിന്റെ തിരുമാർവ്വിൽ ഞാൻ ചാരുന്നേ

7 യാഗം കഴിച്ചു നിയമം ചെയ്ത ശുദ്ധന്മാർ
നാലാം യാമത്തിലുണർന്നവർ മോദമോടെ വാഴ്ത്തുന്നു

# 638

**“ Blessed assurance”**

1 ഹാ! എത്ര ഭാഗ്യം ഉണ്ടെനിക്കു
ഓർക്കിലെന്നുള്ളം തുള്ളിടുന്നു
ഞാനിന്നു പാടി ആനന്ദിക്കും
ഞാനെന്നുമേശുവെ സ്തുതിക്കും

ഹാ എന്റെ ഭാഗ്യം അനന്തമേ!
ഇതു സൗഭാഗ്യ ജീവിതമേ

2 ലോകത്തിലീ ഞാൻ ഹീനനത്രേ
ശോകമെപ്പോഴും ഉണ്ടെനിക്കു
മേഘത്തിലേശു വന്നീടുമ്പോൾ
എന്നെയൻപോടു ചേർത്തിടുമ്പോൾ

3 ദൈവത്തിൻ രാജ്യം ഉണ്ടെനിക്കായ്
ദൈവകുഞ്ഞാടും ശിഷ്യരുമായ്
വിശുദ്ധർകൂട്ടം ചേർന്നിരിക്കും
പന്തിയിൽ ചേർന്നു ഞാൻ ഭുജിക്കും

4 കണ്ണുനീരെല്ലാം താൻ തുടയ്ത്തും
വർണ്ണം വിശേഷമായുദിക്കും
ജീവകിരീടമെൻ ശിരസ്സിൽ
കർത്തൻ വച്ചിടുമാസദസ്സിൽ

5 വെൺനിലയങ്കികൾ ധരിച്ചു
പൊൻകുരുത്തോലകൾ പിടിച്ചു
ദൈവകുഞ്ഞാടിനെ സ്തുതിച്ചു
പാടും ഞാനെന്നുമാനന്ദിച്ചു

6 ഹാ! എത്രഭാഗ്യം ഉണ്ടെനിക്കു!
വർണ്ണിപ്പാൻ ത്രാണിയില്ലെനിക്കു

മഹത്ത്വഭാഗ്യം തന്നെയിതിൽ
സമത്തിലൊന്നും ഇല്ലിഹത്തിൽ

# 639

1 ഹാ! എത്ര മോദം എൻ സ്വർഗ്ഗതാതൻ
ചൊല്ലുന്നു തൻ സ്നേഹം തൻ വേദത്തിൽ
കാണുന്നതിൽ ഞാൻ വിസ്മയകാര്യം
യേശുവിൻ സ്നേഹമതി വിശേഷം

എത്രമോദം താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നു സ്നേഹിക്കുന്നു
എത്രമോദം താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നെന്നെയും

2 ഓടിയാലും തന്നെ ഞാൻ മറന്നു
എന്നെ താനത്യന്തം സ്നേഹിക്കുന്നു
തൻ സ്നേഹകൈകളിലേക്കോടുന്നു
യേശുതൻ സ്നേഹത്തെ ഓർക്കിലിന്നു

3 യേശു സ്നേഹിക്കുന്നെന്നെ എത്രയും
സ്നേഹിച്ചിടുന്നു ഞനവനേയും
സ്വർഗ്ഗം താൻ വിട്ടിറങ്ങി സ്നേഹത്താൽ
ക്രൂശിൽ മരിച്ചതും തൻ സ്നേഹത്താൽ

4 വിശ്രമമേറെയുണ്ടീയുറപ്പിൽ
ആശ്രയത്താലാണ്ടു വാഴും തന്നിൽ
ചൊല്ലുകയിലേശു സ്നേഹിക്കുന്നെന്നു
സാത്താൻ ഭയന്നുടൻ മണ്ടിടുന്നു

5 മരാജസൗന്ദര്യം കാണുന്നേരം
പാടാനെനിക്കുള്ള പാട്ടീവണ്ണം
നിത്യതയിൽ മുഴങ്ങുന്ന ഗാനം
യേശു സ്നേഹിക്കുന്നിതെന്താശ്ചര്യം!

# 640

1 ഹാ മനോഹരം യാഹെ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നു -
ഹല്ലേലുയ്യാ പാടും ഞാൻ

ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ
തന്മക്കൾക്കെന്നും പരിചയാം
നന്മയൊന്നും മുടക്കുകയില്ല -
നേരായ് നടപ്പവർക്ക്

2 ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽപക്ഷിക്കും ചെറു കുരികിലിനും
രാവിലെ നിൻ നന്മകളെ ഓർത്തു -
പാടിസ്തുതിച്ചിടുന്നു

3 ഞങ്ങൾ പാർത്തിടും നിത്യം നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കഴുമരമെല്ലാം
മാറ്റും അനുഗ്രഹമായ്

# 641

ഹീനമനുജനനം എടുത്ത
യേശുരാജൻനിൻ സമീപേ നിൽപൂ
ഏറ്റുകൊള്ളവനെ തള്ളാതെ (2)

1 കൈകളിൽ കാൽകളിൽ ആണികൾ തറച്ച
മുൾമുടി ചൂടിനാൻ പൊൻശിരസ്സതിന്മേൽ
നിന്ദയും, ദുഷിയും, പീഡയും സഹിച്ച
ദിവ്യമാം, രുധിരം ചൊരിഞ്ഞു നിനക്കായ്
കരുണയായ് നിന്നെ വിളിച്ചിടുന്നു

2 തലചായിക്കുവാൻ സ്ഥലവുമില്ലാതെ
ദാഹം തീർത്തീടുവാൻ ജലവുമില്ലാതെ
ആശ്വാസം പറവാൻ ആരും തന്നില്ലാതെ
അരുമരക്ഷകൻ ഏകനായ് മരിച്ചു
ആ പാടുകൾ നിൻ രക്ഷയ്ക്കേ -

3 അവൻ മരണത്താൽ സാത്താന്റെ തല തകർത്തു
തന്റെ രക്തത്താൽ പാപക്കറകൾ നീക്കി
നിന്റെ വ്യാധിയും വേദനയും നീക്കുവാൻ
നിന്റെ ശാപത്തിൽ നിന്നു വിടുതൽ നൽകാൻ
കുരിശിൽ ജയിച്ചെല്ലാറ്റെയും

4 മായാലോകത്തെ നീ തെല്ലുമേ നമ്പാതെ
മാനവമാനസം ആകവെ മാറുമേ
മാറാത്ത ദേവനെ സ്നേഹിച്ചീടുന്നെങ്കിൽ
ദിവ്യമാം സന്തോഷം പ്രാപിച്ചാനന്ദിക്കാം
ആശയോടും നീ വന്നീടുക

5 ഇനിയും താമസമാകുമോ മകനെ
അൻപിൻ യേശുവിങ്കൽ കടന്നുവരുവാൻ
ഈ ഉലകം തരാതുള്ള സമാധാനത്തെ
ഇന്നു നിനക്കു തരുവാനായ് കാത്തിടുന്ന
അൻപിലേശു വിളിച്ചിടുന്നു -

# 642

1 ഹായെൻ സൗഭാഗ്യത്തെ ഓർത്തിടു -
ബോഴെനിക്കാനന്ദമേ പരമാനന്ദമേ
ഒരു മഹൽ സുപ്രഭാതമണ - യുന്നുണ്ടതിവേഗം
വരുമന്നൻ പ്രിയൻ മേഘ - ചുരുളുകളായ് - അകം
നിറയുന്നുമധുരമാം നിനവുകളാൽ - മന
മുരുകുന്നു സുദിനത്തിൻ പ്രതീക്ഷയിൻ നാൾ -

2 മരുവിലീ എരിവെയിലതിലേറ്റം
തളർന്നു ഞാ - നുരുമോദമണയും സ്വർ നഗരമതിൽ
അനുദിനമവിടെ ഞാന - നുഭവിച്ചാനന്ദിക്കും
സ്വർഗ്ഗത്തിൽ കുളിർമ്മയും മധുരിമയും
പറന്നകലുമെൻ ഹൃദയത്തിൽ വ്യഥയഖിലം
മറന്നിടുമന്നിയിഹത്തിലെ ദുരിതമെല്ലാം -

3 നൊടിനേരത്തേയ്ക്കുള്ള കഷ്ടങ്ങളോ എന്റെ
അനവധി ഭാഗ്യത്തിൻ പദവിയല്ലോ
ഝടുതിയിൽ വരു പ്രിയ - നരനൊടിയിൽ തന്റെ
അരികിൽ ഞാനിരുന്നിടും മണിയറയിൽ
എന്റെ കരച്ചിലിൻ കണ്ണീരെല്ലാം തുടച്ചീടുമേ
തന്റെ കരങ്ങളിലണച്ചെന്നെ ചുംബിച്ചീടുമേ -

4 കോടാകോടി ദൂതസേവിതനാം എന്റെ
കാന്തനോടൊത്തു തൻ കാന്തയായി
കോടാകോടിയുഗം വാണിടുമേ നിത്യ
ഭാഗ്യമതോർക്കുമ്പോഴാനന്ദമേ
നാശലോകമേ നിന്നിമ്പമെല്ലാം വെറുത്തീടുന്നേ
പൊന്നുനാഥനേ നിൻ സ്നേഹമെന്നും സ്മരിച്ചീടുന്നേൻ -

5 കുരിശു ചുമന്നു ഞാൻ പോയിടുമേ എന്നും
കുരിശിൻ സംഗീതങ്ങൾ പാടീടുമേ
കുരിശതിൽ പാടുകൾ പെരുകിടുമ്പോഴെന്റെ
ശിരസ്സു ഞാൻ കുരിശതിൽ ചായിക്കുമേ -
തങ്കക്കുരിശതിന്നൊളിയിൽ ഞാൻ നടന്നിടുമേ
പങ്കമകന്നെന്നുമവനിയിലിതു ഭാഗ്യമേ

# English Songs

## 1

**On a hill far away**

On a hill far away stood an old rugged cross,
The emblem of suff' ring and shame;
And I love that old cross where the Dearest and Best
For a world of lost sinners was slain.

***Refrain:***

So I'll cherish the old rugged cross,
Till my trophies at last I lay down;
I will cling to the old rugged cross,
And exchange it someday for a crown.

Oh, that old rugged cross, so despised by the world,
Has a wondrous attraction for me;
For the dear Lamb of God left His glory above
To bear it to dark Calvary.

In that old rugged cross, stained with blood so divine,
A wondrous beauty I see,
For 'twas on that old cross Jesus suffered and died,
To pardon and sanctify me.

To the old rugged cross I will ever be true;
Its shame and reproach gladly bear;
Then He'll call me someday to my home far away,
Where His glory forever I'll share.

## 2

**Tis so sweet to trust in Jesus**

Tis so sweet to trust in Jesus,
Just to take Him at His Word;
Just to rest upon His promise,
And to know, "Thus saith the Lord!"

***Refrain:***

Jesus, Jesus, how I trust Him!
How I've proved Him o'er and o'er;
Jesus, Jesus, precious Jesus!
Oh, for grace to trust Him more!

Oh, how sweet to trust in Jesus,
Just to trust His cleansing blood;
And in simple faith to plunge me
Neath the healing, cleansing flood!

Yes, tis sweet to trust in Jesus,
Just from sin and self to cease;
Just from Jesus simply taking
Life and rest, and joy and peace.

I'm so glad I learned to trust Thee,
Precious Jesus, Savior, Friend;
And I know that Thou art with me,
Wilt be with me to the end.

## 3

**O what a wonderful, wonderful day, day I will never forget**;

O what a wonderful, wonderful day, day I will never forget;
After I'd wandered in darkness away, Jesus my Savior I met

O what a tender, compassionate friend, He met the need of my heart;
Shadows dispelling, with joy I am telling, He made all the darkness depart.

***Chorus***

Heaven came down and glory filled my soul, (*filled my soul*)
When at the cross the Savior made me whole; (*made me whole*)
My sins were washed away and my night was turned to day,
Heaven came down and glory filled my soul! (*filled my soul*)

Born of the Spirit with life from above into God's family divine,
Justified fully thru Calvary's love, O what a standing is mine!
And the transaction so quickly was made, when as a sinner I came,
Took of the offer, of grace He did proffer, He saved me, O praise His dear name!

Now I've a hope that will surely endure after the passing of time;
I have a future in heaven for sure there in those mansions sublime.
And it's because of that wonderful day, when at the cross I believed;
Riches eternal and blessings supernal, from His precious hand I received.

# 4

**10000 Reasons**

CH: Bless the Lord O my soul O my soul
Worship His Holy name
Sing like never before O my soul
I'll worship Your Holy name

The sun comes up
It's a new day dawning
It's time to sing Your song again
Whatever may pass
And whetever lies before me
Let me be singing
When the evening comes

You're rich in love
And You're slow to anger
Your name is great
And Your goodness
I will keep on singing
Ten thousand reasons
For my heart to find

And on that day
When my strength is failing
The end draws near
And my time has come
Still my soul will
Sing Your praise unending
Ten thousand years
And then forevermore

## 5

**Cornerstone**

My hope is built on nothing less
Than Jesus' blood and righteousness
I dare not trust the sweetest frame
But wholly trust in Jesus' name

CH: Christ alone; cornerstone
Weak made strong; in the Savior's love
Through the storm, He is Lord
Lord of all

When Darkness seems to hide His face
I rest on His unchanging grace
In every high and stormy gale
My anchor holds within the veil
My anchor holds within the veil

When He shall come with trumpet sound
Oh, may I then in Him be found
Dressed in His righteousness alone
Faultless stand before the throne

## 6

**When I survey the wondrous cross**

When I survey the wondrous cross
On which the Prince of glory died,
My richest gain I count but loss,
And pour contempt on all my pride.

Forbid it, Lord, that I should boast,
Save in the death of Christ my God!
All the vain things that charm me most,
I sacrifice them to His blood.

See from His head, His hands, His feet,
Sorrow and love flow mingled down!
Did e’er such love and sorrow meet,
Or thorns compose so rich a crown?

Were the whole realm of nature mine,
That were a present far too small;
Love so amazing, so divine,
Demands my soul, my life, my all.

# 7

**Change my heart oh God**

Change my heart oh God
Make it ever true
Change my heart oh God
May I be like You

You are the potter
I am the clay
Mold me and make me
This is what I pray

# 8

**In moments like these I sing out a song**

In moments like these I sing out a song
I sing out a love song to Jesus
In moments like these I lift up my hands
I lift up my hands to the Lord

Singing, I love You, Lord
Singing, I love You, Lord
Singing, I love You, Lord
I love You

# 9

**Soon and very soon, we are going to see the King**

Soon and very soon, we are going to see the King; (x3)
Halleluia! Halleluia! We are going to see the King;

No more dying there, we are going to see King; (x3)
Halleluia! Halleluia! We are going to see the King;

No more crying there, we are going to see the King; (x3)
Halleluia! Halleluia! We are going to see the King;

# 10

**This is the day**

This is the day, (2)
That the Lord has made (2)
We will rejoice (2)
And be glad in it (2)
For this the day
That the Lord has made.
We will rejoice and be glad in it
This is the day, this is the day
That the Lord has made.

# 11

**To God be the glory, great things He has done**

To God be the glory, great things He has done;
So loved He the world that He gave us His Son,
Who yielded His life an atonement for sin,
And opened the life gate that all may go in.

***Refrain***

Praise the Lord, praise the Lord,
Let the earth hear His voice!

Praise the Lord, praise the Lord,
Let the people rejoice!
O come to the Father, through Jesus the Son,
And give Him the glory, great things He has done.

O perfect redemption, the purchase of blood,
To every believer the promise of God;
The vilest offender who truly believes,
That moment from Jesus a pardon receives.

***Refrain***

Great things He has taught us, great things He has done,
And great our rejoicing through Jesus the Son;
But purer, and higher, and greater will be
Our wonder, our transport, when Jesus we see.

# 12

**Turn your eyes upon Jesus**

Turn your eyes upon Jesus
Look full in His wonderful face
And the things of earth will grow strangely dim,
In the light of His Glory and Grace.

# 13

**How deep the Father's love for us**

How deep the Father's love for us,
How vast beyond all measure,
That He should give His only Son
To make a wretch His treasure.
How great the pain of searing los
The Father turns His face away,
As wounds which mar the Chosen One
Bring many sons to glory.

Behold the man upon a cross,
My sin upon His shoulders;
Ashamed, I hear my mocking voice
Call out among the scoffers.
It was my sin that held Him there
Until it was accomplished;
His dying breath has brought me life
I know that it is finished.

I will not boast in anything,
No gifts, no power, no wisdom;
But I will boast in Jesus Christ,
His death and resurrection.
Why should I gain from His reward?
I cannot give an answer;
But this I know with all my heart
His wounds have paid my ransom.

## 14

### When peace, like a river

When peace, like a river, attendeth my way,
When sorrows like sea billows roll;
Whatever my lot, thou hast taught me to say,
It is well, it is well with my soul.

***Refrain:***

It is well with my soul,
it is well, it is well with my soul.

Though Satan should buffet, though trials should come,
let this blest assurance control,
that Christ has regarded my helpless estate,
and hath shed his own blood for my soul.

***Refrain***

My sin, oh, the bliss of this glorious thought!
My sin, not in part but the whole,
is nailed to the cross, and I bear it no more,
praise the Lord, praise the Lord, O my soul!

***Refrain***

And, Lord, haste the day when my faith shall be sight,
the clouds be rolled back as a scroll;
the trump shall resound, and the Lord shall descend,
even so, it is well with my soul.

***Refrain***

# 15

**I’ll fly away**

Some glad morning when this life is o’er,
I’ll fly away;
To a home on God’s celestial shore,
I’ll fly away (I’ll fly away).

***Chorus***

I’ll fly away, Oh Glory
I’ll fly away; (in the morning)
When I die, Hallelujah, by and by,
I’ll fly away (I’ll fly away).

When the shadows of this life have gone,
I’ll fly away;
Like a bird from prison bars has flown,
I’ll fly away (I’ll fly away)

Just a few more weary days and then,
I’ll fly away;
To a land where joy shall never end,
I’ll fly away (I’ll fly away)

## 16

**Mighty to save**

Everyone needs compassion
A love that’s never failing
Let mercy fall on me
Everyone needs forgiveness
The kindness of a Saviour
The hope of nations

***(Chorus:)***
Saviour, he can move the mountains
My God is mighty to save
He is mighty to save
Forever Author of Salvation
He rose and conquered the grave
Jesus conquered the grave

So take me as you find me
All my fears and failures
Fill my life again
I give my life to follow
Everything that I believe in
Now I surrender

Shine your light and let the whole world see
We’re singing for the glory of the risen king Jesus (2)

## 17

**Jesus Paid it All**

I hear the Saviour say,
"Thy strength indeed is small;

Child of weakness, watch and pray,
Find in Me thine all in all."

***Refrain:***

Jesus paid it all,
All to Him I owe;
Sin had left a crimson stain,
He washed it white as snow.

For nothing good have I
Whereby Thy grace to claim;
I'll wash my garments white
In the blood of Calv'ry's Lamb.

And now complete in Him,
My robe, His righteousness,
Close shelteres' neath His side,
I am divinely blest.

Lord, now indeed I find
Thy power, and Thine alone,
Can change the *leper's spots (*leopard's)
And melt the heart of stone.

When from my dying bed
My ransomed soul shall rise,
"Jesus died my soul to save,"
Shall rend the vaulted skies.

And when before the throne
I stand in Him complete,
I'll lay my trophies down,
All down at Jesus' feet.

## 18

**He is my Everything**

He is my Everything
He is my Everything
He is my All
He is my Everything
Both Great and Small
He gave His Life for me
Made Everything New
He is my Everything
Now How about you
Like Honey in the Rock
Sweet Honey in the Rock
For He tastes like Honey in the Rock
O Taste and see that the LORD is Good
For He Tastes like Honey in the Rock

## 19

**Rock of Ages**

Rock of Ages, cleft for me,
Let me hide myself in Thee;
Let the water and the blood;
From Thy wounded side which flowed,
Be of sin the double cure;
Save from wrath and make me pure.

Not the labour of my hands
Can fulfill Thy law's demands;
Could my zeal no respite know
Could my tears forever flow,

All for sin could not atone;
Thou must save, and Thou alone.

Nothing in my hand I bring,
Simply to the cross I cling;
Naked, come to Thee for dress;
Helpless look to Thee for grace;
Foul, I to the fountain fly;
Wash me, Saviour, or I die.

While I draw this fleeting breath,
When mine eyes shall close in death,
When I soar to worlds unknown,
See Thee on Thy judgment throne,
Rock of Ages, cleft for me,
Let me hide myself in Thee